ഡോ. തോമസ് മാർ മക്കാറിയോസ്

പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ

വാല്യം 3

(Malayalam)

Dr. Thomas Mar Makarios
Pradhisandhikalil Prasobhicha Aadarsa Deeran Vol. 3
(Biography)

By Gregorios Messanger Editorial Board

Publisher	:	K. V. Mammen Kottackal, P. B. 10, Manganam Kottayam 686018 Phone: 0481 - 2578936
First Published	:	Feb. 23, 2012
Cover	:	Equations, Kottayam Mob: 9446984669

Copy Right Reserved

Typesetting & Printing : Sophia Print House, Kottayam

Rs. 250/-

ഡോ. തോമസ് മാർ മക്കാറിയോസ്

പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശധീരൻ

വാല്യം 3

തയ്യാറാക്കിയത്

ഗ്രീഗോറിയോസ് മെസഞ്ചർ
എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

റമ്പാൻ ലാസറസ്സ് കോർ എപ്പിസ്കോപ്പാ ഒ.ഐ.സി., കാനഡ

പ്രസാധകൻ

കെ. വി. മാമ്മൻ
കോട്ടയ്ക്കൽ
പി. ബി. 10, മാങ്ങാനം, കോട്ടയം 686 018
ഫോൺ: 0481 2578936

മൂന്നാം വാല്യത്തിന്റെ മുഖവുര

ഞാൻ ഈയിടെ ഒരു എഴുത്തുകാരനോടു ചോദിച്ചു, പൊയ്മുഖം അണിയാതെ സത്യമെന്നറിഞ്ഞ കാര്യങ്ങളെപ്പറ്റി, സഭയിലേയും സമൂഹത്തിലേയും പുഴുക്കുത്തുകൾ പുറത്തുകാട്ടി എഴുതാമോ? അദ്ദേഹം പറഞ്ഞു, "എഴുതാം, പക്ഷേ വിമർശനബുദ്ധ്യാ എഴുതുന്ന ആൾ ഒറ്റപ്പെടുകയും പുറത്തു പോവുകയും ചെയ്യും."

"പ്രതിസന്ധികളിൽ പ്രശോഭിച്ച ആദർശ ധീരൻ" എന്ന മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെക്കുറിച്ചുള്ള പുസ്തകത്തിന്റെ മൂന്നാം വാല്യം എഴുതിയപ്പോഴാണ് ഞാൻ ഈ ചോദ്യം എഴുത്തുകാരനോടു ചോദിച്ചത്. മലങ്കരസഭയുടെ പാശ്ചാത്യ മണ്ഡലങ്ങളിലെ നവോത്ഥാനത്തിന്റെ വാക്കും വെളിച്ചവുമായ തിരുമേനിയുടെ പ്രഭാഷണങ്ങൾ ആധുനിക മാനവ പുരോഗതിയുടെ ഈടുവെയ്പുകളായ അതിവിപുല ഭണ്ഡാഗാരം സാധാരണ മലങ്കരസഭാമക്കൾക്കു പരിചയപ്പെടുത്തിക്കൊടുക്കാൻ സഹായിച്ചു. ഉണരുന്ന കാലത്തിന്റെയും പുതിയ മനുഷ്യനീതിയുടേയും വിളംബരമായിരുന്നു അദ്ദേഹത്തിന്റെ ഓരോ സന്ദർശനവും. ജാതിമത ഭേദമില്ലാത്ത സമൂഹം, അടിമത്തമില്ലാത്ത സഭ, ചൂഷണരഹിതമായ മനുഷ്യവർഗ്ഗം ഇങ്ങനെയുള്ള പുത്തൻ ലോകത്തിലേക്കുള്ള ഒരു വാഹനമായി പാശ്ചാത്യ ലോകത്തിൽ തിരുമേനി അറിയപ്പെട്ടു.

എന്തേ, അദ്ദേഹത്തിന്റെ വൻ കഴിവുകളെ നമ്മുടെ സഭ വേണ്ടവിധം ഉപയോഗിക്കാഞ്ഞതെന്ന് ഉറക്കെ ചോദിക്കുന്ന ഒട്ടധികം പേർ സഭയിലുണ്ടെന്ന് ഞങ്ങൾക്കറിയാം. സഭാനേതൃത്വത്തിന്റെ ഇടുങ്ങിയ ചിന്താഗതിയോടു ചേർത്ത് അസൂയ എന്ന രോഗവും പിടിപെട്ടാൽ ഏതൊരു നേതാവും അടിപതറിപ്പോകും. "ഇതു തുറന്നെഴുതിയാൽ എഴുതുന്നവന്റെ ഗതിയും അതു തന്നെ" എന്നാണ് മുകളിൽ പറഞ്ഞ എഴുത്തുകാരൻ വ്യക്തമാക്കിയത്.

മക്കാറിയോസ് തിരുമേനി താറടിക്കപ്പെട്ടപ്പോൾ സഭാനേതൃത്വത്തിൽ ആത്മരോഷം കൊണ്ട ആരേയും ഞങ്ങൾ കണ്ടില്ല. അന്ന് നമ്മുടെ എഴുത്തുകാരും സഭാചരിത്രകാരന്മാരും കിംവദന്തികളെ മാത്രം പുണരാൻ എന്തേ വ്യഗ്രത കാട്ടിയത് എന്നു ചോദിക്കുന്നവരുമുണ്ട്. അന്നൊന്നും മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കും അദ്ദേഹം പാശ്ചാത്യ ഭൂഖണ്ഡത്തിൽ സഭയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾക്കും വേണ്ടി പേന ചലിപ്പിക്കാഞ്ഞതെന്തേ? എം. വി. ദേവന്റെ വാക്കുകൾ ഒന്നു കടമെടുത്തുകൊള്ളട്ടെ. "തൊഴിലില്ലാത്ത നേതാക്കന്മാർ നാടിനു ശാപമാണ്. തൊഴിൽ ചെയ്യാനില്ലാത്തതുകൊണ്ട്, തൊഴിൽ ചെയ്യാനറിയാത്തതുകൊണ്ട് നേതാ

ക്കന്മാരിൽ ഒരു പറ്റം നാവിനു മാത്രം വ്യായാമം ചെയ്തു ജീവിക്കുന്നു. ചെയ്യാൻ പണിയില്ലാത്തപ്പോൾ ചെയ്യുന്നതാണ് വിമർശനത്തൊഴിൽ. ചെലവു കുറവാണതിന്."

അമേരിക്കൻ ഡോളറിന്റെ മണമില്ലാത്ത കൈകൾ വല്ലതും ഈ വിമർശനത്തൊഴിലാളികളായ നേതൃമാന്യന്മാർക്കുണ്ടോ എന്ന് ആരായുന്നതും കൊള്ളാം.

ഒരു അമേരിക്കനായ വില്യം ഫോയിഡർ മക്കാറിയോസ് മെത്രാപ്പോലീത്തായെപ്പറ്റി എഴുതി, "ഇന്ത്യയിലെ കൊച്ചു കേരളം എന്ന കൊച്ചു രാജ്യത്തു നിന്ന് ഒരു മഹാപണ്ഡിതനും വിജ്ഞാനിയും അദ്ധ്യാപകശ്രേഷ്ഠനും സാത്വികനുമായ ഒരു വന്ദ്യ വൈദികനെ ദൈവം അമേരിക്കരായ ഞങ്ങൾക്കു നൽകി. അദ്ദേഹമാണ് മാർ മക്കാറിയോസ്."

ഈ സായ്പിനു തോന്നിയതെന്തേ നമ്മുടെ സഭയ്ക്കു തോന്നാഞ്ഞത്? ഡോ. തോമസ് മാർ അത്താനാസ്യോസ് എഴുതിയ, മനസ്സിൽ തട്ടുന്ന വാചകങ്ങൾ ഒന്നാവർത്തിക്കട്ടെ. "ഒരു വക്കീലിന്റെ ധാർമ്മികബോധം പോലും ആത്മീയം മൊത്തമായും ചില്ലറയായും കൈകാര്യം ചെയ്യുന്ന ആചാര്യശ്രേഷ്ഠന്മാർക്കില്ലാതെ പോകുന്നതിലും ആർക്കും ദുഃഖമില്ല, അതിനെതിരെ വികാര വിസ്ഫോടനവുമില്ല."

മാർ മക്കാറിയോസ് പിതാവിനോടു സ്വന്തം സഭ കാട്ടിയ നന്ദികേടിന്റേയും കുതികാൽ വെട്ടിന്റേയും കഥകളുടെ ചുരുളുകൾ അഴിക്കുമ്പോൾ പേനാത്തുമ്പിൽ ഒഴുകിവരുന്ന ഭാഷ രൂക്ഷമായേക്കാം. അതേസമയം അതിനു കാരണക്കാരായ കഥാപാത്രങ്ങളിൽ മഹാചാര്യന്മാരോ, ആചാര്യന്മാരോ, അത്മായ പ്രമുഖരോ ഒക്കെ വന്നു പെടുന്നുവെങ്കിൽ അവരോടു ഞങ്ങൾക്കു വ്യക്തിപരമായ വിദ്വേഷം ഒന്നുംതന്നെയില്ല. അവരുടെ ദുശീലങ്ങളും വ്യക്തിപരമായ കുറവുകളും ചൂണ്ടിക്കാട്ടി പരിഹസിക്കാനും ഞങ്ങൾ ഒരുമ്പെടുന്നില്ല. തിരിച്ചറിഞ്ഞ സത്യത്തിന്റെ മുഖം മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നേ ഞങ്ങൾക്കു ഉദ്ദേശ്യമുള്ളു. സദുദ്ദേശ്യമേ ഈ രചനയുടെ പിന്നിലുള്ളു. ഭാഷാ പ്രയോഗങ്ങളിൽ ആർക്കെങ്കിലും മുറിവേറ്റിട്ടുണ്ടെങ്കിൽ ക്ഷമ യാചിക്കുന്നു.

ഈ പുസ്തകം എഡിറ്റു ചെയ്തു സഹായിച്ച സഭാചരിത്രകാരന്മാരായ അഡ്വ. ഡോ. പി. സി. മാത്യൂ പുലിക്കോട്ടിൽ, കെ. വി. മാമ്മൻ കോട്ടയ്ക്കൽ എന്നിവർക്ക് നന്ദി, ഹൃദയം നിറഞ്ഞ നന്ദി.

കഴിഞ്ഞ രണ്ടു വാല്യങ്ങൾ ഇറക്കിയ പ്രസ്സുകാരോടും കടപ്പാടുണ്ട്, മറക്കില്ല.

മക്കാറിയോസ് തിരുമേനിയുടെ ജീവചരിത്രത്തിന്റെ 4-ാം വാല്യം പണിപ്പുരയിലാണ്.

തിരുമേനിയെ സ്നേഹിക്കുന്ന സമൂഹം ഞങ്ങളെ അനുഗ്രഹിച്ചാലും.

റമ്പാൻ ലാസ്സറസ്സ് കോർഎപ്പിസ്ക്കോപ്പാ

ടൊറന്റോ
3-7-2012



ഉള്ളടക്കം

1 അമരത്തു തന്നെ 10

2 അമേരിക്കയിൽ ബർന്നബാസ് യുഗം 25

3 എൽമണ്ട് കത്തുന്നു (1993) 54

4 ക്യൂൻസിലെ തീ കത്തിപ്പടരുന്നു 73

5 'അമേരിക്കയുടെ സീനിയർ മെത്രാപ്പോലീത്താ' 89

6 പ. സുന്നഹദോസ് തീരുമാനം അട്ടിമറിക്കാൻ സമ്മർദ്ദതന്ത്രം 114

7 മാർ മക്കാറിയോസിന്റെ സപ്തതി ആഘോഷം 158

8 കുടുംബനാഥൻ ക്ഷീണിതനാകുന്നു 180

9 കുറ്റിക്കണ്ടം കുലപതിക്ക് വിട 183

10 മറിയമ്മയുടെ അന്ത്യദിനങ്ങൾ 203

11 ആ കിളിയും കൂടു വിട്ടു 209

12 മാർ മക്കാറിയോസും പരുമല അസ്സോസിയേഷനും 222

13 മാർ മക്കാറിയോസിനെ ബാവാ വീണ്ടും വിളിക്കുന്നു 241

14 ഫാദർ വെണ്ടറപ്പള്ളിയുടെ വിയോഗവും സംഘർഷവും 244

15 ജാർഖണ്ട് മോഡലിൽ ഒരു ഭദ്രാസന പൊതുയോഗം 251

16 നിണമണിഞ്ഞ സഭ 262

17 ഫാ. ലാസ്സറസ്സ്, റമ്പാൻ കോർഎപ്പിസ്കോപ്പാ പദവികളിലേക്ക് 266

18 ചോരയിൽ ഒരു പരിശുദ്ധൻ കൂടി ജനിക്കുന്നു 276

19 മലങ്കരയ്ക്ക് രണ്ടാമത്തെ പരിശുദ്ധൻ 287

20 സഭയും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നു 294

21 നേർവഴിവിട്ട ഓർത്തഡോക്സ്സഭാ മെത്രാൻ തെരഞ്ഞെടുപ്പ് 305

22 അന്ത്യോക്യാ പാത്രിയർക്കീസ് സഭയെ വെട്ടിപ്പിളർക്കുന്നു 311

23 അന്ത്യോക്യാ പാത്രിയർക്കീസ് സഭയെ വെട്ടിപ്പിളർക്കുന്നു 321

24 മാർ ഗ്രീഗോറിയോസ് ഭവനദാനപദ്ധതി 331

25 സഭ രാഷ്ട്രീയത്തിൽ നട്ടം തിരിയുന്നു 343

26 സഭാതർക്കത്തിന്റെ ....രാഷ്ട്രീയക്കാർ മീൻ പിടിക്കുന്നു 353

27 കേഫാ എന്ന ചാവേർപ്പടയും വിഷംതുപ്പുന്ന സഭാതലവനും 364

28 2005-ന്റെ അന്ത്യപാദം 371

29 മാർ മക്കാറിയോസ് സഭാചക്രം തിരിക്കുന്നു 386

30 ചില നുറുങ്ങുകൾ 393

31 പ. ബാവായുടെ വാർദ്ധക്യകാലം ഭരണം താറുമാറിൽ 405

32 ആളിക്കത്തിയ കാട്ടുതീയിൽ ആലുവാ കത്തുന്നു 419

33 സംഘർഷഭരിതമായ ഒരു മാനേജിംഗ് കമ്മറ്റി 428

34 ആലുവായിലെ കളികൾ 444

35 മാർത്തോമ്മാശ്ലീഹായുടെ 90-ാം പിൻഗാമി 457

36 മാർത്തോമ്മാശ്ലീഹായും ഭാരതത്തിലെ പള്ളികളും 467

37 ഒരു മഹാപ്രഭ പൊലിഞ്ഞു 493

38 പിന്നെയും വഞ്ചി തിരുനക്കര തന്നെ 506

39 വ്യതിയാനങ്ങൾക്കു തേരു തെളിക്കുന്ന തേരാളി 521

40 നിയുക്ത കാതോലിക്കാ തെരഞ്ഞെടുപ്പ് 536

41 അസൂയ ഗർഭം ധരിച്ചു വഞ്ചനയെ പ്രസവിക്കുന്നു 552

42 സ്തേഫാനോസിനെ കല്ലെറിയുന്നു 569

43 ടൊറന്റോ സെന്റ് ഗ്രീഗോറിയോസ് ഇടവക.... 574

1

അമരത്തു തന്നെ

സഭാസരസിൽ മലങ്കര ജനതയുടെ കൊച്ചു നൗകയെ കാറ്റിലും കോളിലും പെടാതെ കാത്തുപരിപാലിക്കുവാൻ സ്നേഹവാത്സല്യങ്ങളുടെ ഇടയത്തണലൊരുക്കി മാർ മക്കാറിയോസ് എന്ന പിതാവ് അമരത്തുതന്നെ നിന്നു. ലോകമെങ്ങുമുള്ള മലങ്കരമക്കളെ ഒന്നിച്ചുനിർത്താൻ, ഒരു ചരടിൽ കോർക്കാൻ, ചുറുചുറുക്കും കാര്യക്ഷമതയും ഈ ഇടയന് അയത്നലളിതമായി സാധ്യമാകുന്നു.

നവയുഗത്തിന്റെ പ്രതിസന്ധികളെ നേരിടാനുള്ള കർമ്മധീരത പിതാവെന്ന നിലയിലുള്ള നീണ്ട വർഷങ്ങളിലെ ഭരണപരിചയം അദ്ദേഹത്തെ വഴിനടത്തുന്നു.

അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തിൽ ആകൃഷ്ടരായി മലങ്കരസഭയുടെ മടിത്തട്ടിലേക്ക് വന്നുചേരുവാൻ ആഗ്രഹിച്ച പാശ്ചാത്യരെക്കുറിച്ച് അദ്ദേഹം ഒരു വാർത്താ മാധ്യമത്തിൽ പറഞ്ഞു, "Though some westnerners are showing interest in our church, we don't encourage them, to join us at this time, principally because of the Church's oriental shading which might prove difficult and confusing for a non - oriental." ("ചില പാശ്ചാത്യർ ഞങ്ങളുടെ സഭയോടു ചേരാൻ ആഗ്രഹം പ്രകടിപ്പിക്കുന്നെങ്കിലും ഇപ്പോൾ ഞങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. അതിന്റെ പ്രധാന കാരണം സഭയുടെ പൗരസ്ത്യസ്വഭാവവും പശ്ചാത്തലവും പാശ്ചാത്യർക്ക് പ്രയാസമുളവാക്കും എന്നതു തന്നെ.")

ഇത് അദ്ദേഹത്തിന്റെ ആദ്യകാല അഭിപ്രായം ആയിരുന്നെങ്കിലും പിൽക്കാലത്ത് അദ്ദേഹം അനേകം പാശ്ചാത്യരെ സഭയിലേക്കു സ്വീകരിക്കയും അവരിൽ പ്രഗത്ഭന്മാരായ ഏതാനും പേരെ പൗരോഹിത്യ പദവിയിലേക്ക് പ്രവേശിപ്പിക്കയും ചെയ്തുവെന്നുള്ളത് നേരത്തെ സൂചിപ്പിച്ചുവല്ലോ.

ഒരു അമേരിക്കൻ പത്രം അദ്ദേഹത്തെക്കുറിച്ച് എഴുതിയ അഭിപ്രായം ഇപ്രകാരമായിരുന്നു: "Under Bishop Makarios' able leadership the Malankara Orthodox Church in US is growing rapidly. He has the ability, courage, knack, wisdome and vision to lead his people through righteous way. He has laid a strong foundation to the American diocese" ("ബിഷപ്പ് മക്കാറിയോസിന്റെ കഴിവുറ്റ നേതൃത്വത്തിൽ അമേരിക്കയിലെ ഓർത്ത ഡോക്സ് സഭ വളരെ വേഗത്തിൽ ശക്തിയായി വളർച്ച പ്രാപിച്ചു. അദ്ദേ

മലങ്കര ഓർത്തഡോക്സ് സഭയിൽ ചേർന്ന് പുരോഹിതരായ റവ. ഫാ. മൈക്കിൾ ഹാച്ചൻ, ഫാ. പൈക്ക്, ഡീക്കൻ ഗബ്രിയേൽ പൈക് തുടങ്ങിയവരോടൊപ്പം തിരുമേനി.

മക്കാറിയോസ് തിരുമേനിയുടെ മിഷനിലേക്ക് ചേർന്ന അമേരിക്കക്കാരായ ചിലരെ തിരുമേനിതന്നെ പട്ടം നൽകി സഭയുടെ അന്തർധാരയിലേക്കു പ്രവേശിപ്പിച്ചു. വെള്ളക്കാരുടെ മദ്ധ്യേ തിരുമേനിയുടെ മിഷൻ പടർന്നു പന്തലിച്ചു.

ഹത്തിന് കഴിവുകളുണ്ട്, ധൈര്യമുണ്ട്, വശ്യതയുണ്ട്, ബുദ്ധിയുണ്ട്, ദർശനമുണ്ട്. തന്റെ ജനത്തെ നന്മയുടെ പാതയിലൂടെ നയിക്കാനുള്ള എല്ലാ കഴിവുകളുമുണ്ട്. അദ്ദേഹം അമേരിക്കൻ ഭദ്രാസനത്തിന് കെട്ടുറപ്പുള്ള ഒരു അടിത്തറ പാകിക്കഴിഞ്ഞിട്ടുണ്ട്.").

ഒരു ജനതയുടെ ഉൾത്തുടിപ്പുകൾ ഏറ്റുവാങ്ങുവാനും സഭാമക്കളിൽ ഭാവിയെക്കുറിച്ച് ശുഭചിന്തകളും വർത്തമാനകാലത്തെക്കുറിച്ച് ആത്മവിശ്വാസവും പകർന്നു നല്കുവാനും ആ വന്ദ്യ ഇടയന് പ്രാർത്ഥനയും നോമ്പുമാണ് ആശ്രയം.

സൗഹൃദതൽപരനായി, ഉന്മേഷഭാവങ്ങളോടെ ,തന്നെ കാണാനെത്തുന്നവരെ സ്വീകരിക്കുന്ന പിതാവ് നൂറ്റാണ്ടുകളുടെ പൈതൃകം പേറുന്ന ജനതയുടെമേൽ സ്വാധീനശക്തിയായി അമരപഥങ്ങളിൽ വിജയക്കൊടി ഉയർത്തിക്കൊണ്ട് വിരാജിക്കുന്നു.

തോമസ് മാർ മക്കാറിയോസിന്റെ സപ്തതി പ്രമാണിച്ച് 'മലയാള മനോരമ' 1995 ഏപ്രിൽ 29-ന് പ്രസിദ്ധപ്പെടുത്തിയ പത്രാധിപ ലേഖനത്തിൽ ഇപ്രകാരം അനുസ്മരിച്ചു. "മലങ്കരസഭയ്ക്കു പുരോഹിതന്മാരെയും അർക്കദയാക്കോന്മാരെയും നാലാം നൂറ്റാണ്ടു മുതൽ പതിനേഴാം നൂറ്റാണ്ടുവരെ കാഴ്ചവച്ച പകലോമറ്റം തറവാട്ടിൽ പിറന്ന തോമസ് മാർ മക്കാ

ജയിംസ് പൈക് എന്ന സായ്പിനു മക്കാറിയോസ് തിരുമേനി ഗ്രീഗോറിയോസ് മിഷനുവേണ്ടി പട്ടം നൽകുന്നു.

റിയോസിന്, ആ പൗരോഹിത്യ പാരമ്പര്യത്തെ ഇരുപതാം നൂറ്റാണ്ടിലും കാത്തുസൂക്ഷിക്കാൻ കഴിഞ്ഞത് ദൈവനിയോഗമായി കരുതുന്നു. കുറ്റിക്കണ്ടത്തിൽ കൊല്ലകുഴിയിൽ എ. ടി. ചാക്കോയുടെയും പ്രക്കാനത്ത് കൊല്ലന്റേത്ത് മറിയമ്മയുടെയും സീമന്തപുത്രനായി 1926 മേയ് 26-നു ജനിച്ച 'തങ്കച്ചൻ' എന്ന കെ. സി. തോമസിനെ ദൈവശുശ്രൂഷയ്ക്കു സമർപ്പിച്ചത് ദൈവനിയോഗത്തിന്റെ സാക്ഷാത്കാരമായിരുന്നു. തങ്കച്ചനു പിന്നാലെ രണ്ടു സഹോദരന്മാരും ഒരു സഹോദരിയും പൗരോഹിത്യ പാരമ്പര്യത്തിന്റെ കണ്ണികളായി. ബഥനി ആശ്രമാംഗമായ ഫാദർ ലാസ്സറസ്സും, അമേരിക്കൻ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന റവ. ഡോ. കെ. സി. മാത്യുവും ബഥനി മഠാംഗമായ റവ. സിസ്റ്റർ മറിയാമും പകലോമറ്റത്തിന്റെ പ്രൗഢി വിളിച്ചോതുന്നവരാണ്. മറ്റൊരു സഹോദരിയായ അന്നമ്മ സ്റ്റീഫൻ കോയമ്പത്തൂരിൽ അദ്ധ്യാപികയായും പ്രവർത്തിക്കുന്നു.

കുമ്പളന്താനം സെന്റ് മേരീസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തുമ്പോൾ തന്നെ തോമസിനെ മാതാപിതാക്കൾ ദൈവവേലയ്ക്കു സമർപ്പിച്ചിരുന്നു. തോമസിനു വേണ്ടി ഉപവാസവും പ്രാർത്ഥനയും നടത്തിവന്ന മാതാപിതാക്കളോട് അയിരൂർ ചെറിയപള്ളിയിൽ പ്രസംഗത്തിനു വന്ന ചക്കാലക്കുന്നേൽ ഫിലിപ്പോസ് ഉപദേശിയാണ് (സഭാകവി സി. പി. ചാണ്ടിയുടെ പിതാവ്) തോമസിന്റെ സന്യാസജീവിത പാതയെപ്പറ്റി ആദ്യം പറഞ്ഞത്. തുടർന്ന് തടിയൂർ എൻ.എസ്.എസ്. ഹൈസ്കൂളിലെ പഠനം കഴിഞ്ഞ തോമസ് ഓതറ ദയറായിൽ അംഗമായി ചേരുകയും സന്യാസജീവിതത്തിന്റെയും വ്രതാനുഷ്ഠാനങ്ങളുടെയും കഠിനശിക്ഷണങ്ങൾക്ക് സ്വയം സമർപ്പിക്കയും ചെയ്തു.

പഠിച്ച സ്കൂളിൽ തന്നെ പഠിപ്പിക്കുവാനുള്ള ഭാഗ്യവും തോമസിന് സിദ്ധിച്ചു. കുമ്പളന്താനം സ്കൂളിൽ ചരിത്രവും ഭൂമിശാസ്ത്രവുമാണ് പഠിപ്പിച്ചത്. തുടർന്ന് പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്നു ചരിത്രത്തിൽ ബി. എ. ബിരുദം നേടാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും സഭാചരിത്രത്തിൽ വിലപ്പെട്ട അന്വേഷണങ്ങൾ നടത്താൻ അവസരമൊരുക്കിയതും ചരിത്രാധ്യാപകനെന്ന നിലയിൽ നടത്തിയ സേവനമായിരുന്നു.

വൈദികവിദ്യാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ കോട്ടയത്തെ വൈദിക സെമിനാരിയിൽ നിന്നായിരുന്നു. കാലം ചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായിൽ നിന്നും 1951-ൽ ശെമ്മാശുപട്ടവും 1952-ൽ ബാവായിൽ നിന്നു തന്നെ കശ്ശീശാപട്ടവും സ്വീകരിച്ചു.

ബാഹ്യകേരളത്തിൽ സഭയുടെ മിഷൻപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ആഗ്രഹിച്ചിരുന്ന ബാഹ്യകേരള ഭദ്രാസനാധിപൻ അലക്സി

യോസ് മാർ തേവോദോസ്യോസ് ഫാ. കെ. സി. തോമസിനെ ഡൽഹിയിലേക്കയച്ചു. അവിടെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയുടെ വികാരിയായി 1952 മുതൽ 1963 വരെ പ്രവർത്തിച്ചു. ഡൽഹിയിൽ മാത്രമല്ല, പഞ്ചാബിലും ഹരിയാനായിലും, ഉത്തരപ്രദേശിലും സഭയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ആരാധനാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഈ കാലയളവിൽ അദ്ദേഹം ശ്രമിച്ചു. ഇന്നത്തെ ഡൽഹി ഭദ്രാസനത്തിന്റെ സ്ഥാപനത്തിനു പിന്നിൽ ഫാ. കെ. സി. തോമസിന്റെ നിസ്തന്ദ്രമായ സേവന ചരിത്രമുണ്ട്.

ബാഹ്യകേരള ഭദ്രാസനത്തിൽ ആദ്യമായി തുടങ്ങിയ "ഇന്ത്യൻ ഓർത്തഡോക്സ് മിഷ"ന്റെ ആദ്യത്തെ മൂന്നു പ്രവർത്തകരിൽ ഒരാളായ ഫാ. തോമസിന് ഭാരതത്തിൽ മാത്രമല്ല, വിദേശത്തും സഭയുടെ അതിരുകൾ വിശാലമാക്കുന്നതിന് നിയോഗം സിദ്ധിച്ചു. അദ്ദേഹം 1962-ൽ വേദശാസ്ത്രത്തിൽ ഉപരിപഠനത്തിനായി വിദേശത്തേക്കു പോയി. പത്തുവർഷത്തിനിടെ വേദശാസ്ത്ര പണ്ഡിതനെന്ന പ്രാഗത്ഭ്യം നേടുകയും എക്യുമെനിസത്തിന്റെ വക്താവായി ഉയരുകയും ചെയ്തു. പഠനകാലത്ത് അമേരിക്കൻ ഐക്യനാടുകളിൽ മികച്ച പ്രഭാഷകനെന്ന ഖ്യാതിയും അദ്ദേഹം സമ്പാദിച്ചു.

മലങ്കരസഭയുടെ വേദശാസ്ത്രവും വീക്ഷണവും പാരമ്പര്യവും പാശ്ചാത്യസഭകളിൽ എത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പാശ്ചാത്യ സഭകളുമായി എക്യുമെനിക്കൽ ചർച്ചകളിൽ ഏർപ്പെടാനും അമേരിക്കയിലെത്തിയ മലങ്കര സഭാംഗങ്ങൾക്ക് ആത്മീയനേതൃത്വം നല്കാനും ഈ കാലത്ത് അദ്ദേഹത്തിനു സാധിച്ചു.

ഇംഗ്ലണ്ടിലെ ലിങ്കൺ തിയോളജിക്കൽ സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിലും, ജനീവാ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും എക്യുമെനിസത്തിലും ബിരുദവും അമേരിക്കയിലെ 'നഷോട്ടാ ഹൌസിൽ' നിന്ന് ക്രിസ്ത്യൻ മിഷനിലും വെർജീനിയാ തിയോളജിക്കൽ സെമിനാരിയിൽ നിന്നും സഭാചരിത്രത്തിലും ബിരുദാനന്തരബിരുദങ്ങൾ ഫാ. തോമസ് നേടി. ഹാവാർഡ് യൂണിവേഴ്സിറ്റിയിലെ റിച്ച്മോണ്ട് യൂണിയൻ സെമിനാരിയിൽ നിന്ന് 1971-ൽ 'മതങ്ങൾ, എക്യുമെനിസം' എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് സമ്പാദിച്ചത്. വിദേശപഠനത്തിനു ശേഷം കോട്ടയത്ത് ഓർത്തഡോക്സ് സെമിനാരിയിൽ പ്രൊഫസറായി. അമേരിക്കയിലെ 'അൽമാ' കോളജിലും റിച്ച്മോണ്ട് യൂണിയൻ തിയോളജിക്കൽ സെമിനാരിയിലും അദ്ധ്യാപകനായി പ്രവർത്തിച്ചു.

മികച്ച വാഗ്മിയും സംഘാടകനുമായ മാർ മക്കാറിയോസിന് സഭാചരിത്രത്തിൽ അഗാധമായ പാണ്ഡിത്യമുണ്ട്. 1958-ലെ സഭാകേസ് വാദ

വേളയിൽ ഈ രംഗത്തെ തന്റെ മികവ് പ്രകടിപ്പിക്കാനും പങ്കിടാനും അദ്ദേഹത്തിനു കഴിഞ്ഞു. 'മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം നവീന സൃഷ്ടിയോ?' എന്ന ഗ്രന്ഥത്തിന്റെ കർത്താവാണദ്ദേഹം. മല ങ്കരസഭാ സംരക്ഷണ സമിതിയുടെ പ്രസിഡന്റായും പ്രവർത്തിച്ചിരുന്നു.

1974 ഒക്ടോബർ 2 ചൊവ്വാഴ്ച നിരണം അസോസിയേഷനിൽ മേല്പ ട്ടസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുകയും 1975 ഫെബ്രുവരി 15-നു പുത്തൻകാവ് സെന്റ് മേരീസ് പള്ളിയിൽ വച്ച് തുമ്പമണ്ണിന്റെ ദാനിയേൽ മാർ പീലക്സീനോസ്, തോമസ് മാർ തീമോത്തിയോസിന്റെ സഹകര ണത്തിൽ റമ്പാനാക്കി ഉയർത്തുകയും ചെയ്തു.

മെത്രാപ്പോലീത്തായായി 1975 ഫെബ്രുവരി 16-നാണ് അഭിഷേകം ചെയ്യപ്പെട്ടത്. നിരണം പള്ളിയിൽ വച്ച് അന്ന് പ. ഔഗേൻ പ്രഥമൻ കാതോ ലിക്കാബാവായിൽ നിന്ന് തോമസ് മാർ മക്കാറിയോസിനോടൊപ്പം മാർ ഒസ്താത്തിയോസ്, മാർ ഗ്രീഗോറിയോസ്, മാർ തേവോദോസ്യോസ്, മാർ പക്കോമിയോസ് എന്നിവർക്കും മേല്പട്ടസ്ഥാനം നല്കിയിരുന്നു. 1979-ൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ആദ്യത്തെ ഇടയനായി സ്ഥാനം ഏല്ക്കും മുമ്പെ ബോംബെ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ സ്ഥാനവും വഹിച്ചിട്ടുണ്ട്. പിന്നീട് കാതോലിക്കാബാവായുടെ അസിസ്റ്റന്റായും പ്രവർത്തിച്ചു.

ഡൽഹിയിൽ നിന്നു സാജൻ വറുഗീസ് മാർ മക്കാറിയോസിന് ആശം സയുടെ മലർച്ചെണ്ടുകൾ സമർപ്പിച്ചുകൊണ്ട് ഇങ്ങനെ എഴുതി: "ഇന്ത്യ യുടെ അപ്പോസ്തലനായ മാർത്തോമ്മാശ്ലീഹായാൽ എ.ഡി. 52-ൽ പാല യൂർ വച്ച് സ്നാനവും, പൌരോഹിത്യ നൽവരവും നല്കപ്പെട്ട പകലോ മറ്റം ഇല്ലത്തെ പുരോഹിതശ്രേഷ്ഠന്മാർ നൂറ്റാണ്ടുകളായി കേരള ക്രൈസ്തവജനതയ്ക്കു നല്കിയ അനിഷേധ്യമായ നേതൃത്വം ഇരുപതാം നൂറ്റാണ്ടിൽ അതേ കുടുംബത്തിൽപെട്ട മാർ മക്കാറിയോസ് തിരുമേനി യുടെ കരങ്ങളിൽ ഇന്ന് അർപ്പിതമായിരിക്കുകയാണ്. പാലയൂരിൽ ഒന്നാം നൂറ്റാണ്ടിന്റെ ഉത്തരപാദത്തിൽ ആരംഭിച്ച ആ നേതൃത്വം 16-ാം നൂറ്റാ ണ്ടിൽ കുറവിലങ്ങാട്ടു പകലോമറ്റം ചാണ്ടി മെത്രാനിലൂടെയും ഒന്നാം മാർത്തോമ്മാ മുതൽ 10-ാം മാർത്തോമ്മാ വരെയും നൂറ്റാണ്ടുകൾ താണ്ടി കടന്നുവന്ന ആ മലങ്കരയിലെ മഹാപൗരോഹിത്യത്തിന്റെ ഉറവ, 20-ാം നൂറ്റാണ്ടിൽ അതേ പകലോമറ്റം തറവാടിന്റെ ശാഖയായ അയിരൂർ പക ലോമറ്റം താഴമൺ കുടുംബത്തിൽ വീണ്ടും പൊട്ടിവിടർന്ന് യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായിലൂടെ ഒഴുകി ഇപ്പോൾ മാർ മക്കാറി യോസ് മെത്രാപ്പോലീത്തായിൽ വന്നുചേർന്നിരിക്കയാണ്. വർത്തമാന കാലത്ത് ആയിരത്തിൽപരം കുടുംബങ്ങളും അയ്യായിരത്തിലധികം അംഗ ങ്ങളും 48 വൈദികരുമായി അയിരൂരും പരിസരങ്ങളിലും പൈതൃകമായി

ലഭിച്ച ശ്രേഷ്ഠ കുടുംബപാരമ്പര്യങ്ങളും സാംസ്കാരിക സമ്പത്തും ആകുന്ന തളിരും പൂങ്കുലകളും ചാർത്തി സത്ഫലങ്ങൾ പുറപ്പെടുവിച്ച് നില്ക്കുന്ന ആ വലിയ കുടുംബത്തിന്റെ മുൻപന്തിയിൽ തല എടുപ്പോടെ മക്കാറിയോസ് തിരുമേനി നില്ക്കുന്നു."

എല്ലാ മക്കളേയും ദൈവശുശ്രൂഷയ്ക്കു സമർപ്പിക്കുക മലങ്കര സഭയ്ക്കു പുത്തരിയാണ്. ആ അതുല്യപദവിക്ക് നൂറ്റാണ്ടുകളിൽ ആദ്യമായി ഭാഗ്യം സിദ്ധിച്ചത് തിരുമേനിയുടെ മാതാപിതാക്കൾക്കാണ്. 1926 മേയ് 26-ന് ഭൂജാതം ചെയ്ത തിരുമേനി സഭാമണ്ഡലത്തിൽ അത്യുജ്വല താരമായി ഉദിച്ചുയർന്നപ്പോഴേക്കും അദ്ദേഹത്തിന്റെ സഹോദരങ്ങളായ ഫാ. ലാസറസ്സ് ബഥനി ആശ്രമത്തിലും റവ. ഡോ. കെ. സി. മാത്യു അമേരിക്കയിലും, റവ. സിസ്റ്റർ മറിയം ബഥനി മഠത്തിലും അവരുടെ വ്യക്തിമുദ്ര പതിച്ചുകഴിഞ്ഞിരുന്നു. വിവാഹിതയായ സഹോദരി അന്നമ്മ സ്റ്റീഫൻ കോയമ്പത്തൂരിലെ എണ്ണപ്പെട്ട അദ്ധ്യാപകനിരയുടെ മുൻപന്തിയിൽ എത്തി.

ഒരു ഉത്തമഗുരുനാഥനായി ജീവിതം ആരംഭിച്ച മക്കാറിയോസ് ഒരു ഉത്തമനായ വിദ്യാർത്ഥി കൂടി ആയിരുന്നുവെന്ന് അദ്ദേഹം കയറിയിറങ്ങിയ ആഗോളവ്യാപകമായി കിടക്കുന്ന സരസ്വതീമന്ദിരങ്ങൾ സാക്ഷിക്കുന്നു. മെത്രാപ്പോലീത്തായ്ക്കു പ്രൈമറി വിദ്യാഭ്യാസം കൊടുത്ത കുമ്പളന്താനം സ്കൂളും ഹൈസ്കൂൾ വിദ്യാഭ്യാസം നല്കിയ തടിയൂർ എൻ. എസ്.എസ്. സ്കൂളും ബി.എ. ബിരുദം നല്കിയ പഞ്ചാബ് യൂണിവേഴ്സിറ്റിയും വൈദിക വിദ്യാഭ്യാസത്തിന്റെ ആദ്യപാഠങ്ങൾ നല്കിയ കോട്ടയം സെമിനാരിയും ബി.ഡി. ബിരുദം നല്കിയ ലിങ്കൺ തിയോളജിക്കൽ സെമിനാരിയും എക്യുമെനിസം ഡിഗ്രി നല്കിയ ജനീവാ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും, ക്രിസ്ത്യൻ മിഷനിൽ മാസ്റ്റേഴ്സ് ബിരുദം നൽകിയ നഷോട്ടാ ഹൗസും സഭാചരിത്രത്തിൽ ബിരുദാനന്തര ബിരുദം നല്കിയ വെർജിനിയാ സെമിനാരിയും 'മതങ്ങൾ, എക്യുമെനിസം' എന്നി വയിൽ ഡോക്ടറേറ്റു നല്കിയ ഹാവാർഡു യൂണിവേഴ്സിറ്റിയും അദ്ദേഹത്തിന്റെ നാമം അഭിമാനപുരസ്സരം സ്മരിക്കുന്ന വിദ്യാനികേതനങ്ങളാണ്.

അദ്ദേഹത്തിന്റെ പാദപീഠത്തിങ്കലിരുന്നു പഠിച്ച വിദ്യാർത്ഥികൾ അത് കുമ്പളന്താനത്തായാലും, വൈദികസെമിനാരിയിലായാലും അമേരിക്കയിലെ അൽമാ കോളജിലായാലും അവരുടെ പ്രിയങ്കരനായ ഗുരുഭൂതനെ ഒരു കാലത്തും മറക്കുകയില്ല.

ഭാരതതലസ്ഥാന നഗരിയിൽ ഒരു യുവവൈദികനായി സേവനം ആരംഭിച്ച തിരുമേനി, അന്ന് ഡൽഹിയിലും പഞ്ചാബിലും യു.പി. യിലും വിതച്ച വിത്താണ് ഇന്ന് ഡൽഹി ഭദ്രാസനമായി വളർന്നത്.

ബോംബെ, അമേരിക്കാ, കാനഡാ, യു. കെ. ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി വിവിധ രംഗങ്ങളിൽ അദ്ദേഹം ഇതിനോടകം വ്യക്തിമുദ്ര പതിച്ചുകഴിഞ്ഞു.

പശ്ചിമ ഗോളാർദ്ധത്തിൽ മലങ്കരസഭയുടെ ഒരു ഭദ്രാസനം രൂപവൽക്കരിക്കുന്നതിൽ 20 നൂറ്റാണ്ടുകൾ കഴിഞ്ഞ്, ദൈവം മക്കാറിയോസിനെയാണ് ഉപയോഗിച്ചത്. അമേരിക്കയിൽ ബീജാവാപം ചെയ്ത ആ സഭാശിശുവിന് ഊടും പാവും നല്കി ബാലാരിഷ്ടതകളിൽ നിന്ന് ഇന്നത്തെ നിലയിൽ എത്തിക്കുവാൻ തിരുമേനി സഹിച്ച കഷ്ടപ്പാടുകൾ നിരവധിയാണ്. ആ പ്രയത്നത്തിൽ ഒരു വലിയ ഭൂഖണ്ഡം മുഴുവൻ രാവും പകലും തലങ്ങും വിലങ്ങും ആകാശത്തിലൂടെ സഞ്ചരിച്ചും, കാറിൽ ഓടിയും, മലങ്കരമക്കളെ ഉത്ബുദ്ധരാക്കിയും ഉറപ്പിച്ചും നടത്തിയ യാത്രകൾ മൂലം അമേരിക്കൻ ഭദ്രാസനത്തിനു "ആകാശത്തിലെ ഭദ്രാസനം" എന്ന ഒരു പേരു തന്നെ ഉണ്ടായിട്ടുണ്ട്.

തിരുമേനിയുടെ അമേരിക്കയിലെ ഏറ്റം മികച്ച സേവനമായി ലോകം കാണുന്നത്, ഇന്ത്യൻ സംസ്ക്കാരത്തിൽ നിന്ന് ആദ്യമായി അവിടെ ജനിച്ചു വളർന്ന രണ്ടാം തലമുറയെ നമ്മുടെ സംസ്ക്കാരത്തിലേക്കും വിശ്വാസപാരമ്പര്യങ്ങളിലേക്കും സഭാസ്നേഹത്തിലേക്കും ആകർഷിച്ചുവെന്നുള്ളതാണ്. പ്രശ്നങ്ങളുടെ നടുവിൽ വലയുന്ന യുവാവിനും, സംശയങ്ങളുടെ നീർച്ചുഴലിയിൽ ഉഴലുന്ന യുവതിക്കും എല്ലാം തിരുമേനിയാണ് ഉത്തരം. ഇത്രയധികം യുവജനങ്ങൾ സ്നേഹിച്ചാരാധിക്കുന്ന ഒരു മെത്രാപ്പോലീത്താ ഇതുവരെ സഭയ്ക്കുണ്ടായിട്ടില്ല.

മാർ മക്കാറിയോസ് പലർക്കും മനസ്സിലാക്കാൻ വയ്യാത്ത അത്ഭുതമാണ്. അദ്ദേഹം തെറ്റു ചെയ്തുവെന്ന് നാം ചിന്തിക്കുമ്പോൾ അദ്ദേഹമായിരിക്കും ശരി. തകർന്നുവെന്ന് അന്യർ ധരിക്കുമ്പോൾ എല്ലാറ്റിനും മുകളിൽ അദ്ദേഹം എത്തും. നിശ്ശബ്ദനെന്ന് അന്യർ കരുതുമ്പോൾ അദ്ദേഹം വാചാലനാവും. "ആ വാചാലമായ മൗനത്തിന്റെ പ്രതിദ്ധ്വനി നിലയ്ക്കാതെ ഉയർന്നു കേൾക്കട്ടെ."

പ്രാർത്ഥനാജീവിതമാണ് അന്തിമമായി വിജയം നേടുന്നതെന്ന് കാട്ടിത്തന്ന പ. പരുമലത്തിരുമേനിയും, ഭക്തിമാർഗ്ഗം കളങ്കമില്ലാതെ കാത്തുസൂക്ഷിക്കാൻ പഠിപ്പിച്ച ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായും, വിശ്വാസസംരക്ഷണത്തിനായി ധീരമായി പോരാടിയ പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസും കടന്നുപോയ പാതകളിലൂടെ വാർദ്ധക്യത്തിലും യുവത്വം നിലനിർത്തിക്കൊണ്ട് ഡോ. തോമസ് മാർ മക്കാറിയോസ് നീങ്ങി.

വൈതരണികളെ തട്ടിമാറ്റി, ഉൾക്കരുത്തിന്റെയും വൈജ്ഞാനികത

യുടെയും ശക്തിയിൽ നീങ്ങുന്ന മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് സഭയുടെയും സമൂഹത്തിന്റെയും വർത്തമാനകാലങ്ങളെക്കുറിച്ച് വ്യക്തമായ അഭിപ്രായങ്ങളുണ്ടെന്ന് ദീപിക വാർത്താലേഖകൻ ബിജു കുര്യൻ നടത്തിയ ഒരു അഭിമുഖത്തിൽ നിന്നു മനസ്സിലാക്കാം. "ആത്മീയ മണ്ഡലത്തിലേക്ക് പ്രവേശിക്കുവാനിടയായ സാഹചര്യവും സ്വാധീനം ചെലുത്തിയ വ്യക്തിയും ഏതെന്ന് വിശദീകരിക്കാമോ" എന്ന് ലേഖകൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; "കുടുംബപശ്ചാത്തലമാണ് ആത്മീയജീവിതത്തിലേക്ക് നയിച്ചത്. മാതാപിതാക്കളാണ് ഏറെ സ്വാധീനം ചെലുത്തിയത്. പുലർച്ചെ എഴുന്നേറ്റ് പ്രാർത്ഥിക്കുന്ന മാതാവ് എന്നെ എറെ ശക്തിപ്പെടുത്തി. ആ പ്രാർത്ഥനയുടെ ശക്തിയാവണം ഈ കുടുംബത്തെ സഹായിച്ചത്. അഞ്ചുമക്കളിൽ നാലു പേരും ദൈവവേലയ്ക്കായി തിരിഞ്ഞതും ആ സ്വാധീനം കൊണ്ടുതന്നെയാണ്."

"പട്ടം ഏറ്റ കാലം മുതൽക്കെ തിരുമേനി കേരളത്തിനു വെളിയിൽ ചെലവഴിക്കാൻ താല്പര്യം കാട്ടുന്നതായി മനസ്സിലാക്കുന്നു. എന്തുകൊണ്ടാണിത്?" എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞു, "ഞാൻ പട്ടമേറ്റതു തന്നെ ബാഹ്യകേരള ഭദ്രാസനത്തിനുവേണ്ടിയായിരുന്നു. 1952-ൽ പട്ടമേറ്റതിനു ശേഷം ഡൽഹിയിൽ പ്രവർത്തിച്ചു. പിന്നീട് അമേരിക്കയിൽ പോയെങ്കിലും തിരികെ എത്തി 1975-ൽ ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ആയി. 1979-ൽ അമേരിക്കയിൽ ഭദ്രാസനം രൂപവൽകരിച്ചതു മുതൽ അവിടെയാണ്. ഇപ്പോഴും സഭ പറയുന്നതെന്തും അനുസരിക്കുന്നു. സഭയുടെ കല്പന ആയതുകൊണ്ടാണ് പ്രവർത്തനമേഖല കേരളത്തിനു വെളിയിൽ നിലനിർത്തുന്നത്."

"ആദ്യപ്രവർത്തന മേഖലയായിരുന്ന ഡൽഹിയിലെ നേട്ടങ്ങളെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളതെന്ന്" ചോദിച്ചപ്പോൾ അദ്ദേഹം തന്റെ ഭൂതകാലം അല്പം അയവിറക്കി. അദ്ദേഹം പറഞ്ഞു, "ഭാരത തലസ്ഥാനത്ത് മലങ്കരസഭയുടെ വളർച്ചയ്ക്ക് എന്നാലാവതു പ്രവർത്തിച്ചു. ശൂന്യാവസ്ഥയിൽ നിന്ന് ഒരു ഭദ്രാസന തലത്തിലേക്ക് ഡൽഹിയെ കൊണ്ടുവരുവാൻ കഴിഞ്ഞു. ഇപ്പോഴത്തെ ഡൽഹി ആസ്ഥാനത്തിനു വിത്തുപാകാൻ ആ പ്രവർത്തനം സഹായിച്ചു. 1957-ൽ സുപ്രീം കോടതിയിൽ സഭാകേസ് നടന്നുകൊണ്ടിരുന്നപ്പോൾ ഡൽഹിയിലിരുന്ന് അതു നിയന്ത്രിപ്പാൻ കഴിഞ്ഞിരുന്നു."

"തുടർന്ന് ഏറ്റെടുത്ത ഉത്തരവാദിത്വങ്ങളിൽ ഉദ്ദേശിച്ച ഫലം കണ്ടെത്തിയോ?" എന്ന ലേഖകന്റെ ചോദ്യത്തിന് അദ്ദേഹം ഉത്തരം നല്കിയതിപ്രകാരമാണ്; "ഡൽഹിക്കു ശേഷം ബോംബെയിൽ എത്തിയ എനിക്ക് അവിടെയും ഒരു ഭദ്രാസനത്തിന് രൂപംകൊടുക്കാൻ കഴിഞ്ഞു. അവിടത്തെ പ്രഥമ മെത്രാപ്പോലീത്താ എന്ന നിലയിൽ പ്രവർത്തിച്ചുവരവെ,

1979-ൽ അമേരിക്കൻ ഭദ്രാസനം രൂപവൽകരിച്ചപ്പോൾ അതിന്റെ നേതൃത്വം ഏറ്റെടുത്തു. ഭാരതത്തിനു വെളിയിലെ പ്രഥമ മെത്രാസനമായിരുന്നല്ലോ അത്. അമേരിക്കയിലെ നേട്ടങ്ങളിൽ, ആറോ ഏഴോ സ്ഥലത്ത് മാത്രം ആരാധന നടത്തിവന്ന സ്ഥാനത്ത് അറുപതിൽപരം പള്ളികളുണ്ടാക്കാൻ കഴിഞ്ഞതും അമേരിക്കയിൽ മറ്റൊരു ഭദ്രാസനത്തിന് രൂപംകൊടുക്കാൻ സാധിച്ചതും വലിയ നേട്ടമാണ്."

"അമേരിക്കൻ ഭദ്രാസനം ഉണ്ടായപ്പോൾ തിരുമേനി നേതൃത്വമേറ്റെടുക്കാൻ കാരണം പ്രത്യേകമായുണ്ടോ? അവിടെ ആത്മീയ നിലവാരം എങ്ങനെ?" എന്ന കുസൃതിചോദ്യത്തിന് അദ്ദേഹം ഇങ്ങനെ ഉത്തരം നല്കി. "ശിഥിലമാകുന്ന കുടുംബബന്ധങ്ങൾക്കും പഴിചാരലുകൾ നിറഞ്ഞ രക്ഷാകർതൃ - സന്താന ബന്ധങ്ങൾക്കും പേരുകേട്ട സ്ഥലമാണല്ലോ അമേരിക്കാ. കേരളത്തിൽ നിന്ന് എത്തിയ ആളുകളുടെ ഇടയിലും ആ പാരമ്പര്യം ഒട്ടൊക്കെ വളർന്നു വന്നിരുന്നു. എന്നാൽ ഓരോ ഇടവകതലത്തിലും യുവജന - കുടുംബ സമ്മേളനങ്ങൾ കേന്ദ്രീകരിച്ചതും ഭദ്രാസനതലത്തിൽ വാർഷിക കോൺഫ്രൻസുകളും ഫാമിലി മീറ്റിംഗുകളും നടത്തിയതും ഒട്ടേറെ ഗുണംചെയ്തു. വാർഷികകോൺഫ്രൻസുകളിൽ ധാരാളം യുവജനങ്ങൾ പങ്കെടുക്കുന്നത് സഭാ ഭാവിയെ ശോഭനമാക്കുന്നു. ഇന്ന് യുവജനങ്ങൾ നേതൃരംഗത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നു. ആത്മീയമായി അവർ മുൻപന്തിയിലാണെന്ന് പറയാൻ എനിക്കു മടിയില്ല. ദൈർഘ്യമേറിയ ശുശ്രൂഷകളിൽ അലോസരമില്ലാതെ പങ്കെടുക്കുന്ന യുവജനങ്ങളെ അമേരിക്കയിൽ കാണാം. യുവജനപ്രശ്നങ്ങൾക്കു പരിഹാരം തേടി എപ്പോഴും എന്നെ സമീപിക്കാവുന്നതാണ്. ദിവസവും അനേകം ഫോൺകോളുകൾ ഇപ്രകാരം എനിക്ക് എത്തുന്നു, അവർക്ക് ഒരു കൗൺസലിംഗ് കൊടുക്കുകയാണ് അതുവഴി ചെയ്യുന്നത്."

"അടുത്തകാലത്ത് നടത്തിയ ഭദ്രാസന വിഭജനത്തെക്കുറിച്ച് തിരുമേനിയുടെ അഭിപ്രായം എന്താണ്?"

"യു. കെ - കാനഡാ ഭദ്രാസന രൂപവൽകരണം ഭരണകാര്യങ്ങളെ സഹായിച്ചു. എന്നാൽ ഇടവകകൾ നന്നേ കുറവും, ഉള്ളവ വിദൂരത്തിലും സ്ഥിതി ചെയ്യുന്നതിനാൽ വിഭജനം ഉദ്ദേശിച്ച ഫലം ഉണ്ടാക്കുകയില്ല."

"ഓർത്തഡോക്സ് സഭയിൽ തിരുമേനി ഒരു വിദേശ മലയാളിയെപ്പോലെയാണ്. ഈ നില മാറ്റി കേരളവുമായി കൂടുതൽ ബന്ധപ്പെട്ടുകൂടെ?" എന്ന് ലേഖകൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതിപ്രകാരമാണ്. "സഭയെ പൂർണ്ണമായി അനുസരിക്കുന്ന വ്യക്തി എന്ന നിലയിൽ ഞാനൊരു വിദേശ മലയാളിയായി. ഏറ്റെടുത്തിരിക്കുന്ന ഉത്തരവാദിത്വ

ങ്ങൾ അതതു സ്ഥലത്തിരുന്ന് ചെയ്യുന്നതിനാൽ ഓടിനടന്നു പ്രശസ്തി നേടണമെന്നാഗ്രഹമില്ല."

"ഓർത്തഡോക്സ് സഭയിൽ മെത്രാപ്പോലീത്തന്മാർക്കു സ്ഥലംമാറ്റം ഏർപ്പെടുത്തിക്കൂടെ?" എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "സഭാ സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും എടുക്കേണ്ട തീരുമാനമാണത്. വ്യക്തിപരമായ തീരുമാനം ഇപ്പോൾ പറയുന്നതു ശരിയല്ല. ഏതായാലും ഏറ്റവും കൂടുതൽ സ്ഥലംമാറ്റവും ഭദ്രാസനമാറ്റവും ഉണ്ടായത് എനിക്കാണ്. ആദ്യം ബോംബെ, പിന്നീട് അമേരിക്കാ, അവിടെ നിന്നു കോട്ടയത്ത് കാതോലിക്കാബാവായുടെ അസിസ്റ്റന്റ്, അതിനിടെ യു. കെ. കാനഡാ ഭദ്രാസനച്ചുമതല, പിന്നെയും തിരികെ അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്താ എന്നിങ്ങനെ ഓടിനടന്നു."

"മറ്റു വിഭാഗങ്ങളിൽ നിന്നുള്ളവരെ സഭയിൽ ചേർക്കുന്നത്, അമേരിക്കൻ പശ്ചാത്തലത്തിൽ വിജയമാണോ?" എന്ന് ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞു; "അമേരിക്കയിൽ ഇപ്പോൾ അമ്പതിൽപരം വീട്ടുകാർ, അമേരിക്കൻ സഭകളിൽ നിന്നും ഓർത്തഡോക്സ് സഭയിൽ ചേർന്നിട്ടുണ്ട്. അവരിൽ 4 പേർ വൈദികരുമായി."

"സഭകൾ തമ്മിലുള്ള യോജിപ്പിനെക്കുറിച്ച് എന്താണഭിപ്രായം?" എന്നു ചോദിച്ചതിന്, "സഭകൾ യോജിച്ചുതന്നെ നീങ്ങണമെന്നുള്ള അദ്ദേഹത്തിന്റെ സുദൃഢമായ അഭിപ്രായം തുറന്നുപറഞ്ഞു. "അപ്പോസ്തോലിക സഭകൾക്കു പെട്ടെന്ന് യോജിക്കാവുന്നതാണ്. ഓർത്തഡോക്സ് - യാക്കോബായ സഭകൾ തമ്മിൽ കേസ് നിലനില്ക്കുന്നതിനാൽ കൂടുതൽ ഒന്നും പറയുന്നില്ല." "എക്യുമെനിക്കൽ പ്രവർത്തനങ്ങൾ ഇന്ന് വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. വേൾഡ് കൗൺസിൽ ഓഫ് ചർച്ചസിലും മറ്റും ഉന്നതസ്ഥാനം വഹിച്ച ഓർത്തഡോക്സ് സഭയ്ക്ക് എക്യുമെനിക്കൽ രംഗത്ത് പലതും ചെയ്യാനാകുമായിരുന്നു. എന്നാൽ ഇവിടെ എക്യുമെനിസം ചിലരെ മാത്രം ഉൾപ്പെടുത്തി, ചിലർക്കു നടത്താവുന്ന പ്രവർത്തനമായി നിലനില്ക്കുന്നു. എക്യുമെനിക്കൽ പരിപാടികളിൽ അതു നടക്കുന്ന അതതു സ്ഥലങ്ങളിൽ അധികാരമുള്ള ബിഷപ്പന്മാരെ പോലും പങ്കെടുപ്പിക്കാതിരിക്കുന്നതു ന്യായീകരിക്കാവുന്നതല്ല."

''ഒരു വിദ്യാഭ്യാസ ചിന്തകനും അദ്ധ്യാപകനും ഒക്കെയായ അങ്ങേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ കൂടുതൽ പ്രവർത്തിച്ചുകൂടെ?"

"വിദ്യാഭ്യാസ നിലവാരമുയർത്താൻ കൂട്ടായ യത്നമാണ് വേണ്ടത്. ഞാൻ അദ്ധ്യാപനം നടത്തുന്ന അമേരിക്കയിലെ അൽമാ കോളജിൽ നിന്ന് രണ്ട് അദ്ധ്യാപകരെ അടുത്തവർഷം കേരളത്തിലേക്ക് അയയ്ക്കു

കയാണ്. ഇവിടെ തീയാടിക്കൽ പബ്ലിക് സ്ക്കൂളിൽ അവർ പഠിപ്പിക്കും. പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്നവരെ സ്കോളർഷിപ്പോടെ അമേരിക്കയിൽ അയയ്ക്കാനും പരിപാടിയുണ്ട്."

"സാമൂഹ്യസേവനരംഗത്ത് സഭയ്ക്ക് അമേരിക്കൻ പണം എത്രമാത്രം സഹായിച്ചു?" എന്ന് തുടർന്നുള്ള ചേദ്യത്തിന് അദ്ദേഹം മറുപടിയായി പറഞ്ഞു, "സാമൂഹ്യരംഗത്ത് എല്ലാവരും അമേരിക്കൻ ഡോളർ ഉപയോഗിച്ചുവെന്നത് ശരിയാണ്. പ്രവർത്തനം എവിടെവരെ എത്തിയെന്നറിയില്ല. ഏതായാലും അമേരിക്കയിലെ സഭാമക്കൾ പിരിവിനെത്തിയവരെ വെറും കൈയോടെ അയച്ചിട്ടില്ല. മക്കാറിയോസ് ഫൗണ്ടേഷനും ചാരിറ്റിഫണ്ടും ഈ രംഗത്ത് ഒരു പുതിയ കാൽവയ്പാകുമെന്ന് പ്രതീക്ഷയുണ്ട്."

"സഭാപ്രവർത്തനങ്ങളുടെ നേതൃത്വമില്ലാതെ ഒരു റിട്ടയർമെന്റ് ജീവിതം ആഗ്രഹിക്കുന്നുണ്ടോ?"

"ഇല്ല. എന്നിലേല്പിക്കുന്ന ഉത്തരവാദിത്വങ്ങൾ ആവതും ചെയ്തു തീർക്കും. ഇനിയും സഭ ഔദ്യോഗികമായി ആവശ്യപ്പെട്ടാൽ എന്തു ചെയ്യുന്നതിനും തയ്യാറാണ്. ദൈവത്തിനു വേണ്ടിയുള്ള ജോലികൾക്ക് റിട്ടയർമെന്റില്ലല്ലോ."

പലർക്കും മനസ്സിലാക്കാനാവാത്ത ഒരു വലിയ വ്യക്തിത്വം മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിലുണ്ട്. സമൂഹത്തെ സ്നേഹിക്കുന്ന, സഭയെ അളവറ്റു സ്നേഹിക്കുന്ന, സ്വന്തം ഭദ്രാസനത്തെ സ്നേഹിക്കുന്ന ഒരു വലിയ മനുഷ്യനാണദ്ദേഹം എന്ന് അടുത്തറിയുന്നവർക്കു മാത്രം അറിയാം.

ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ 87-ാം വാർഷിക കോൺഫ്രൻസിൽ, സ്റ്റേജിൽ നിറഞ്ഞിരുന്ന തിരുമേനിമാരെ നോക്കി മാർ മക്കാറിയോസ് പറഞ്ഞു; "തിരുമേനിമാർ ഈ ആഡംബരം വെടിയണം." വൻ കൊട്ടാരങ്ങളും, പട്ടുകുപ്പായങ്ങളും പൊന്നിൻകുരിശു മാലകളും വിലപിടിപ്പുള്ള വാഹനങ്ങളും ഉപയോഗിക്കുന്ന പൊന്നുതിരുമേനിമാരുടെ മുഖം ചുളിച്ചു. തുടർന്ന് വഞ്ചിത്ര നിന്നും വിജു വി. ജി. എഴുതി, 'മക്കാറിയോസ് തിരുമേനിയുടെ ആഹ്വാനം സഭാവിശ്വാസികളായ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. സഭാവിശ്വാസികൾ ഇതരസഭകളിലേക്കു തെറ്റിപ്പോകുവാനുള്ള പ്രധാന കാരണം സഭാപിതാക്കന്മാരും വിശ്വാസികളും തമ്മിലുള്ള അകൽച്ചയാണ്. സഭാപിതാക്കന്മാർ സാധാരണജനങ്ങളിലേക്ക് ഇറങ്ങി അവരുടെ ദുഃഖങ്ങളും ക്ലേശങ്ങളും കണ്ടു മനസ്സിലാക്കുകയും അവരുടെ ദുഃഖത്തിൽ അവരോടുകൂടി ദുഃഖിക്കുവാനും, അവരുടെ സന്തോഷത്തിൽ അവരോടൊപ്പം സന്തോഷിപ്പാനും സാധിക്കണം. ഇങ്ങനെ ഒരു ആഹ്വാനം മുന്നോട്ടുവച്ച മക്കാറിയോസ് തിരുമേനിക്ക് ഒരായിരം അഭിനന്ദനങ്ങൾ.'

മിഷൻ സെന്റർ കൂദാശ

അമേരിക്കയിലെ ന്യൂയോർക്കിൽ മാർ മക്കാറിയോസ് തിരുമേനി സ്ഥാപിച്ച സെന്റ് ഗ്രീഗോറിയോസ് മിഷൻ സെന്ററിന്റെ കൂദാശ ഒക്ടോബർ മാസം നിർവഹിച്ചു.

പരിശുദ്ധനായ പരുമലതിരുമേനിയുടെ തിരുശേഷിപ്പുകൾ മിഷൻ സെന്ററിന്റെ ഒരു ഭാഗത്ത് പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന ചാപ്പലിൽ സ്ഥാപിച്ചു. രാവിലെ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ആരംഭിച്ച വി. കുർബ്ബാനയിൽ ഗ്രീക്ക്, റഷ്യൻ, യുക്രേനിയൻ, എത്യോപ്യൻ എന്നീ ഓർത്തഡോക്സ് സഭകളിലെ മെത്രാപ്പോലീത്തന്മാർ സംബന്ധിച്ചു.

വി. കുർബ്ബാനയെ തുടർന്ന് സെന്റ് ഗ്രീഗോറിയോസ് മിഷന് വേണ്ടി വാങ്ങിയ വലിയ കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിച്ചു.

അതെതുടർന്ന് പ. പരുമലതിരുമേനിയുടെ തിരുശേഷിപ്പുകളും, സംഭാവന ചെയ്യപ്പെട്ട പരുമലത്തിരുമേനിയുടെ ചിത്രവും നിലവിളക്കും ചാപ്പലിൽ സ്ഥാപിക്കയുണ്ടായി.

അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ മക്കാറിയോസ് തിരുമേനി നടത്തുന്ന മിഷനുകളെ ഏകോപിപ്പിച്ചും വ്യക്തമായ മാർഗ്ഗനിർദ്ദേശം നല്കി മിഷനുകളുടെ പരിപാടികളും പദ്ധതികളും ആവിഷ്ക്കരിച്ച് ക്രമീകൃതമായി മിഷൻ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും ഓർത്തഡോക്സ് സഭയുടെ അഴകും, അന്തസ്സും, വിശ്വാസാചാരങ്ങളും അന്യരെ ധരിപ്പിച്ച് സഭയിലേക്ക് ആകർഷിക്കുന്നതിനും ഈ സെന്റർ നേതൃത്വം നൽകുന്നു.

മൂന്നു വിവാഹങ്ങൾ

മാർ മക്കാറിയോസ് തിരുമേനിയുടെ കുറ്റിക്കണ്ടത്തിൽ കൊല്ലകുഴിയിൽ വീട്ടിൽ രണ്ടുമൂന്നു വിവാഹ കൂദാശകൾ തുടർച്ചയായി നടത്തപ്പെട്ടു. പ്രായാധിക്യത്തിൽ എത്തിയിരുന്ന മാതാപിതാക്കൾക്ക് കൊച്ചു മക്കളുടെ വിവാഹം കൂടി കണ്ടിട്ട് ഈ ലോകവാസം വെടിയണമെന്നുള്ള അഭിലാഷമാണ് മൂന്നു വിവാഹങ്ങൾക്കും തുടർച്ചയായി വേദി ഒരുക്കിയത്.

തിരുമേനിയുടെ വിവാഹിതയായ ഏക സഹോദരി അന്നമ്മ സ്റ്റീഫന്റെ ഏകപുത്രി ജാൻസിയും അയിരൂർ പകലോമറ്റം കുടുംബത്തിന്റെ വേറൊരു ശാഖയായ കിടങ്ങിനേത്ത് കുടുംബത്തിൽ നിന്നും മുണ്ടക്കയത്തു താമസം ഉറപ്പിച്ച ബേബിയുടെ മൂത്ത മകനും കുവൈറ്റിൽ ഉന്നത ഉദ്യോഗസ്ഥനുമായിരുന്ന ജോമോനും തമ്മിലുള്ള വിവാഹമായിരുന്നു ആദ്യം നടന്നത്.

തിരുമേനിയുടെ വിവാഹിതനായ ഏക സഹോദരൻ ഫാദർ ഡോക്ടർ കെ. സി. മാത്യുവിന്റെ മകൾ മെറീനായും കൈപ്പട്ടൂർ ചക്കാലയിൽ റിട്ട. ഹെഡ്മാസ്റ്ററും പ്രഗത്ഭ വാഗ്മിയും സഭാ മാനേജിംഗ് കമ്മിറ്റി മെമ്പറുമായ സി. ജോർജ്ജിന്റെ മൂത്തപുത്രൻ മോനച്ചനും (മോഹൻ ജോർജ്ജും) തമ്മിലുള്ള വിവാഹം കൈപ്പട്ടൂർ വച്ചു നടത്തപ്പെട്ടു.

മൂന്നാമത്തേതും അത്യാഡംബരപൂർവ്വം നടത്തിയതുമായ വിവാഹം ബ. കെ. സി മാത്യു അച്ചന്റെ മകൻ മനോജും കുന്നംകുളത്ത് ചീരൻ സി. വി. ഉക്രുവിന്റെ മകൾ മേരിയും തമ്മിലുള്ളതായിരുന്നു. ജൂൺ ഒന്നിനു അയിരൂർ ചെറിയപള്ളിയിൽ വച്ച് പ. മാത്യൂസ് രണ്ടാമൻ കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിലും, ശ്രേഷ്ഠ നിയുക്ത ബാവാ തോമസ് മാർ തീമോത്തിയോസ്, തോമസ് മാർ മക്കാറിയോസ്, തോമസ് മാർ അത്താനാസ്യോസ്, എബ്രഹാം മാർ സേവേറിയോസ്, പൗലോസ് മാർ മിലിത്തിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ ബിഷപ്പ് ഹാനോക്ക് എന്നിവരുടെ സഹകരണത്തിലും ആണ് ആ വിവാഹം നടത്തപ്പെട്ടത്. ഇത്രയധികം തിരുമേനിമാരുടെ സാന്നിദ്ധ്യവും ആഡംബരപൂർവ്വമുള്ള ചടങ്ങുകളും കുറെ വിമർശനങ്ങൾ ക്ഷണിച്ചുവരുത്തി എന്നത് സത്യമെങ്കിലും ആ വിവാഹങ്ങൾക്ക് മറ്റുള്ളവർ കാണാത്ത ചില വശങ്ങൾ കൂടി ഉണ്ടായിരുന്നു.

ഈ ഓരോ വിവാഹത്തിനും ഇറങ്ങുന്നതിന് മുമ്പ് നിർദ്ധനരായ ഓരോ പെൺകുട്ടിക്ക്, വിവാഹത്തിനുള്ള പണം കൊടുത്ത ശേഷമേ ബ. മാത്യൂ സച്ചൻ തന്റെ വീട്ടിലെ വിരുന്നുകൾക്ക് പണം ചെലവഴിച്ചിരുന്നുള്ളു എന്നുള്ളത് മലങ്കരസഭയിലെ ധനാഢ്യർ മാതൃകയായി സ്വീകരിക്കേണ്ടതാണ്.

തന്റെ വിവാഹത്തിന് ആദ്യ സ്ത്രീധനമായി വി. വേദപുസ്തകം നല്കിയ മറിയമ്മ എന്ന കുലീന അമ്മയുടെ ഇളയ മകൻ ബ. കെ. സി. മാത്യു അച്ചൻ സമൂഹത്തിലെ താഴെക്കിടയിലേക്ക് ഇറങ്ങി നിർദ്ധനർക്കു വേണ്ടി ചെലവിടുന്ന പണത്തിന് കൈയും കണക്കുമില്ല. എവിടെ കണ്ണുനീർ കണ്ടാലും അവിടെ ഓടിയെത്തുന്ന അച്ചൻ കേരളത്തിൽ മാത്രമല്ല, ഒരു സമൂഹപ്രവർത്തകനായി അറിയപ്പെട്ടിട്ടുള്ളത്.

കുവൈറ്റിലെ യുദ്ധഭൂമിയിലും, ബോംബെയിലെ ചേരികളിലും അച്ചന്റെ പാദങ്ങൾ ഓടിനടന്നു പ്രവർത്തിച്ചിരുന്നു. കേരളത്തിൽ നൂറോളം ഭവനങ്ങൾ അദ്ദേഹം മക്കാറിയോസ് ഫൗണ്ടേഷനു വേണ്ടി പണികഴിപ്പിച്ചു നല്കിയിട്ടുണ്ട്. എൺപതിൽപരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവും അദ്ദേഹം ഏറ്റെടുത്തു നടത്തി. സഹായത്തിനുവേണ്ടി നിത്യേന അച്ചന്റെ നേരെ നീട്ടപ്പെടുന്ന കരങ്ങൾ ഒരിക്കലും ശൂന്യമായി മടങ്ങിയിട്ടില്ല.

കുടുംബപരമായും, സാമൂഹ്യമായും മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ഭവനത്തിനുള്ള ഉന്നതനിലയാണ് ബ. മാത്യൂസച്ചന്റെ മകന്റെ വിവാഹത്തിന് എറെ മെത്രാപ്പോലീത്തന്മാരെയും വൈദികരെയും ജനസമൂഹത്തേയും കൂട്ടിവരുത്തിയത്. അത് ആഡംബരമായിരുന്നില്ല. ആഢ്യത്വത്തിന്റെ അന്തസ്സു മാത്രമായിരുന്നു എന്ന് മനസ്സിലാക്കിയാൽ മതി.

2

അമേരിക്കയിൽ ബർന്നബാസ് യുഗം

അല്പം യുദ്ധകഥകൾ ചുരുളഴിക്കുന്നു
കാറ്റു വിതച്ചു കൊടുങ്കാറ്റു കൊയ്യുന്നു

അമേരിക്കൻ ഭദ്രാസനത്തിന്റെ സിംഹാസനത്തിൽ വലിയ അധികാര ചെങ്കോലോടും പ. സുന്നഹദോസിന്റെയും മാനേജിംഗ് കമ്മിറ്റിയുടെയും അധികാരപത്രത്തോടും കൂടി കയറിപ്പറ്റിയ മാർ ബർന്നബാസ് തിരുമേനിക്ക് ഉറക്കം നഷ്ടപ്പെടുവാൻ അധികകാലം വേണ്ടിവന്നില്ല.

അദ്ദേഹം, ഭദ്രാസന സെക്രട്ടറി ഫാദർ സി. ജെ. ജോൺസൺ പ്രവർത്തന റിപ്പോർട്ടു സമർപ്പിക്കാതെ ഇന്ത്യയ്ക്കു സ്ഥലംവിട്ടതിനാൽ സ്വയം സമർപ്പിച്ച 1992-ലെ പ്രവർത്തന റിപ്പോർട്ടിന്റെ മുഖവുരയിൽ തന്നെ തോമസ് മാർ മക്കാറിയോസ് രാജി സമർപ്പിച്ചതിനെ തുടർന്ന് ഭരണഘടനയുടെ 95-ാം വകുപ്പിലെ അധികാരമുപയോഗിച്ചു പ. കാതോലിക്കാ തന്നെ ഭദ്രാസനഭരണം ഏറ്റെടുത്ത് അതിന്റെ ഭരണത്തിൽ വേറൊരു സ്ഥിരം മെത്രാപ്പോലീത്തായെ നിയമിക്കുന്നതുവരെ ബാവായെ സഹായിക്കാൻ ബലഹീനനായ തന്നെ അമേരിക്കയിലേക്ക് അയച്ചുവെന്നും 1992 മാർച്ച് 20-നു താൻ ആ ചുമതല ഏറ്റെടുത്തെന്നും വ്യക്തമാക്കിയിട്ടുണ്ട്.

1992 നവംബർ വരെ അദ്ദേഹത്തിനു താമസം മാറ്റി മാറ്റി പല സ്ഥലങ്ങളിൽ താമസിക്കേണ്ടി വന്നുവെന്നും അതിനു സഹായിച്ചവരെ പ്രത്യേകം അഭിനന്ദിച്ചുംകൊണ്ടുമാണ് പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത്.

അദ്ദേഹം ഏറ്റെടുക്കുമ്പോൾ 61 പള്ളികളും 56 പട്ടക്കാരും 12 ശെമ്മാശ്ശന്മാരും ഉണ്ടായിരുന്നതായി സമ്മതിക്കുന്നുണ്ട്. ഫാമിലി യൂത്തുകോൺഫ്രൻസ്, മർത്തമറിയം സമാജം, സണ്ടേസ്ക്കൂൾ, ഒ.വി.ബി.എസ്., ഭദ്രാസനദിനം മുതലായവ അന്ന് സജീവമായി നിലവിലിരുന്നുവെന്നും അദ്ദേഹം സമ്മതിക്കുന്നുണ്ട്. പിന്നീട് അദ്ദേഹം വാടകയ്ക്ക് എടുത്ത ഒരു വീടിന്, 'Indian Orthodox Church Centre' എന്നു പേരു കൊടുത്ത് ബൽറോസിൻ 84-34 കോമൺവെൽത്ത് ബുളവാർഡിലേക്ക് താമസം മാറ്റിയതായും ആ റിപ്പോർട്ട് പറയുന്നു.

Preface

Since the Diocesan Secretary, Rev. Fr. C. J. Johnson has left for India

without submitting a report of the activities of the Diocese from the last diocesan assembly held on September 30, 1989, I am presenting this report.



മാത്യൂസ് മാർ ബർണബാസ്

After H. G. Thomas Mar Makarios, Metropolitan resigned from the Diocese of America, H. H. The Catholicos took charge of the Diocese as the Malankara Metropolitan, in accordance with clause 95 of the constitution of our Church. As per the decision of the Holy Episcopal Synod, I, H. G. Mathews Mar Barnabas, Metropolitan was appointed by Bava Thirumeni to assist him in the administration of the Diocese, until a permanent Metropolitan is designated. Consequently, I arrived in the United States on March 20, 1992, and took charge.

Until November 1992, I had to shift my residence to various locations. I am deeply grateful to those who have extented their generous hospitality during my stay. I am especially grateful to the families of Mr. K. M. Jacob and Mr. Joseph Antony.

The following pages contain an accurate summary of the activities in the DIOCESE OF AMERICA, from March 20, 1992, to December 31, 1992.

Yours In Christ,

- SD -

H. G. Mathews Mar Barnabas, Metropolitan.

VII. EPISCOPAL RESIDENCE AND OFFICE: A building was rented and consecrated as the Episcopal Residence by H. G. Mathews Mar Barnabas and H. G. Thomas Mar Athanasios on Oct. 3, 1992. The Episcopal Residence known as the "INDIAN ORTHODOX CHURCH CENTRE" is inhabited by H. G. Mathews Mar Barnabas, Fr. M. Johnson, and Mr. Joyan Kumarakom.

Address: INDIAN ORTHODOX CHURCH CENTRE
80-34 Commonwealth Blvd.
Bellrose, NY 11426

Tel: (718) 470-9844
Fax: (718) 470-9219

XX. STATISTICS: The Diocese of America has 61 churches and 56 priests including my secretary. Three priests are assistants and 4 priests do not have any parishes. Seven priests have more that one parish. There are 12 deacons in the Diocese.

CONCLUSION: May this report be concluded thanking God Almighty, who has blessed me and the Diocese at every step. Our aim is to bring about a clear understanding, cooperation and union amongst the parishes following the direction of the Holy Episcopal Synod and the managing Committee of the Malankara Orthodox Church. We have to work hard for the spiritual revival of our people, especially the children. We should have a large Diocesan Centre at the earliest. For this, and all other diocesan activities the cooperation and whole-hearted support of everyone is requested.

MAY GOD BLESS YOU ALL.

പ. ബാവാതിരുമേനി അമേരിക്കയിലെത്തി മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണച്ചടങ്ങുകൾക്ക് നേതൃത്വം നൽകി. 1993 മാർച്ച് 27-നു ന്യൂയോർക്കിലെ സെയ്വിൽ സെന്റ് മേരീസ് പള്ളിയിൽ വച്ചാണ് അദ്ദേഹത്തിന്റെ സുന്ത്രോണിസോ നടത്തപ്പെട്ടത്.

കോടതിയിൽ പോകുന്നതു പാപമാണ്: ബർന്നബാസ് മെത്രാപ്പോലീത്താ

1992-ൽ പ. ബാവായെ തുണയ്ക്കാൻ എത്തിയ സമയം അദ്ദേഹം 42/92 നമ്പരായി 1992 ജൂൺ 10-ാം തീയതി ചിക്കാഗോ സെന്റ് ഗ്രീഗോറിയോസ് പള്ളിക്കയച്ച ഒരു കല്പന സമാധാനപ്രിയനും ശാന്തനും സൽപ്പേരുള്ളവനുമായ ഒരു മെത്രാപ്പോലീത്താ ആണെന്ന് ജനത്തെ ബോദ്ധ്യപ്പെടുത്താൻ പര്യാപ്തമായ ഒന്നായിരുന്നു.

ചിക്കാഗോ സെന്റ് ഗ്രീഗോറിയോസ് പള്ളി എന്നും ഇന്നും മാർ മക്കാറിയോസിനോടൊപ്പം നില്ക്കുന്ന ഒരു പള്ളിയാണ്. മാർ ബർന്നബാസിന്റെ വരവോടുകൂടി അവിടെയും ഇരുഭാഗക്കാർ ഉടലെടുത്തു. പരസ്പരം കടിച്ചും കീറിയും കഴിഞ്ഞവർ അവസാനം കോടതി കയറുകയും ബഹുഭൂരിപക്ഷമുള്ള മാർ മക്കാറിയോസ് പക്ഷക്കാർക്ക് പള്ളിയുടെ അധികാരവും ഭരണവും കോടതി അനുവദിച്ചു കൊടുക്കുകയും ചെയ്തു. കോടതിവിധിയെ തുടർന്ന് മറുവിഭാഗത്തിനു പള്ളി വിട്ടുമാറേണ്ടി വന്നു. ഇതു കേട്ട് ദുഃഖിതനായ മാർ മക്കാറിയോസ് ഭരണപക്ഷത്തെ ഉപദേശിച്ചു. ഇരു ഗ്രൂപ്പുകളും ഒന്നിക്കണമെന്നും മാറിനില്ക്കുന്നവരെ പള്ളിയിൽ

കയറാൻ സമ്മതിക്കണമെന്നും പറഞ്ഞതനുസരിച്ച് മറുവിഭാഗത്തോടു രമ്യപ്പെടാൻ ഭരണകക്ഷി തയ്യാറെടുത്തെന്നാണ് ഞങ്ങളുടെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. ഏതായാലും ഒന്നിച്ചുചേരാൻ സമ്മതിച്ച ആ പള്ളിക്ക് മാർ ബർന്നബാസ് അയച്ച കല്പനയിൽ 1 കോരി. 6:1-8 വരെ ഉദ്ധരിച്ചുകൊണ്ട് കോടതിയിൽ പോകുന്നതു പാപമാണെന്നും കാണിച്ചു എഴുതിയ കല്പനയുടെ കോപ്പി ഇതിൽ വയ്ക്കുന്നു. വിഷം തുപ്പുന്ന നാവുകൾ അടക്കാനും തിരുമേനി അവരോട് ഈ കല്പനയിൽ ആവശ്യപ്പെട്ടു.

MALANKARA ORTHODOX SYRIAN CHURCH

No. 42/92

209-2 Whitehall Terrra
Queens Village
New York 11422

June 10, 1992

Blessings to the Vicar, trustee and members of the St. Gregorios Orthodox Church, Chicago.

Dearly beloved,

Following our two visits to our church there, we have come to understand that our people who were debarred from entering the church by the court, till a decision is made by the Bishop sent by the Catholicos and the opposite party, have now agreed to accept each other and have come to an understanding and reconciliation. As a mark of reconciliation, the litigation pending in the court is withdrwan. We praise the Lord for this peace and congratulate both parties on your readiness to forgive and to have peace and concord in the future. May I admonish you all to control your tongue and respect one another in all church matters, so that you may receive the abundant mercies and blessings of our Lord, the Prince of Peace. No one is the victor and no one is the vanguished. Based on the assurance of both parties, we are sending our decisions in this matter.

1. The people kept outside by the court are hereby allowed to enter the church and become part of the church. Both parties are exhorted to conduct themselves peacefully in the liturgical services and respect one another in all things concerned with the church.

2. As a big amount is to be raised to clear the debt, everyone of you, irrespective of parties, should pay the dues promptly, along with the free will offerings. “God loves a cheerful giver” (2 Cor. 9:7).

3. As this is a closed chapter, no party is allowed to go to litigation on this issue. “Members of the congregation should not resort to the civil court for obtaining justice” as St. Paul says in his letter to the Corinthians (1 Cori. 6: 1-8).

4. All of you should cooperate with the Vicar and respect him, in accordance with the church constitution, as the Vicar is our representative in all matters.

5. This order becomes effective from today onwards. May the mercies and blessings of God Almighty be showered upon you all.

(sd)

Mathews Mar Barnabas, Metropolitan.

Our Father who art in heaven.

ഈ നല്ല കല്പന അയച്ച ബർന്നബാസ് തിരുമേനിക്ക് അന്നുമുതൽ ഇന്നുവരെ അനേകം കേസുകളുടെ വാദിയോ പ്രതിയോ ഒക്കെ ആവാനുള്ള വിധി വൈപരീത്യമാണുണ്ടായത്. കേസുകൾ കൊടുക്കുകയും കൊടുപ്പിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ ഹോബിയായിത്തീർന്നു പില്ക്കാലത്ത്. വക്കീലന്മാരുമായി സംവദിക്കാനും വാദമുഖങ്ങൾ പഠിക്കാനും തുടങ്ങിയ തിരുമേനിക്ക് പഠനത്തിലും പ്രാർത്ഥനയിലുമുള്ള ശുഷ്ക്കാന്തി പോലും പില്ക്കാലത്തു കുറഞ്ഞുപോയി എന്ന് പറയപ്പെടുന്നു. സ്റ്റാറ്റൻ ഐലൻഡിലെ മെ: കെ. എ. ചെറിയാൻ, ബോസ്വെൽ ദാനിയേൽ, ബാബുജി ജോർജ്ജ്, ദാനിയേൽ ജോർജ്ജ്, എം. സി. ജോൺ, ജേക്കബ് മാത്യു, വറുഗീസ് മാത്യു, ഫിലിപ്പ് ഫിലിപ്പ്, കെ. എ. സൈമൺ, സി. റ്റി. വറുഗീസ് എന്നിവരുമായുള്ള കേസിൽ ആരംഭിച്ച്, ഹൂസ്റ്റണിലും, ഡാലസിലും, ക്യൂൻസിലും ഒക്കെ ആയി അദ്ദേഹം നടത്തിയിട്ടുള്ള അനേകമനേകം കേസുകളുടെ റെക്കോർഡുകൾ ഞങ്ങളുടെ കൈവശം ഇരിക്കുന്നു. ഇവയെല്ലാം വിസ്തരഭയത്താൽ ഞങ്ങൾ ഒഴിവാക്കുകയാണ്. അത്യാവശ്യമുള്ളവ മാത്രം രേഖപ്പെടുത്തിക്കൊള്ളാം.

കേസുകൾ പാപമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നോ എന്ന് സന്ദേഹിക്കത്തക്കവണ്ണമായിരുന്നു അദ്ദേഹത്തിന്റെ പോക്ക്. കടശ്ശി, തന്റെ സഹോദരനും സീനിയറുമായ മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കുതന്നെ എതിരായി ആ സാധുവായ മെത്രാപ്പോലീത്തായ്ക്കു കോടതി കയറേണ്ടിവന്നു എന്നോർക്കുമ്പോൾ അദ്ദേഹത്തിലെ നീതിസാരത്തെ ജനം സംശയിച്ചു പോകുന്നു. ‘നാവുകളടയ്ക്കൂ’ എന്ന് ജനത്തോടു കല്പിച്ച ആ പൊന്നു തിരുമേനിയുടെ നാവിൽ നിന്നു ഉതിർന്നു വീഴുന്ന ശാപങ്ങളും വിഷംതുപ്പുന്ന വാക്കുകളും ശ്രവിക്കാത്ത ഒറ്റ

അമേരിക്കൻ ക്രിസ്ത്യാനി എങ്കിലും കാണുമോ എന്നു സംശയിക്കുന്നു. അദ്ദേഹത്തിലെ ഭക്തി ഒരു കപടഭക്തി ആണെന്നും, അദ്ദേഹത്തിലെ സന്യാസി ഒരു പൂച്ചസന്യാസിയാണെന്നും അമേരിക്കർ ഉറക്കെ പറഞ്ഞു തുടങ്ങിയിരിക്കുന്നത് ഞങ്ങളെ ദുഃഖിപ്പിക്കുന്നു.

ആദിമ ക്രൈസ്തവസഭ റോമൻ ചക്രവർത്തിമാരാൽ പീഡിപ്പിക്കപ്പെട്ടു കൊണ്ടിരുന്ന നാളിൽ റോമാ സാമ്രാജ്യത്തിനുള്ളിൽ ഉണ്ടാവുന്ന പേമാരിക്കും, വെള്ളപ്പൊക്കത്തിനും, ഭൂകമ്പത്തിനും, കൊടുങ്കാറ്റിനും ഒക്കെ കാരണഭൂതർ ക്രിസ്ത്യാനികളാണെന്ന് പ്രചരണം നടത്തിയതുപോലെ മാർ ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കൻ ഭരണം ഏറ്റെടുത്ത ശേഷം ഭദ്രാസനത്തിന്റെ ഏതെങ്കിലും ഭാഗത്തുണ്ടാകുന്ന ഉരുൾപൊട്ടലിനും ഭൂകമ്പത്തിനും കൊടുങ്കാറ്റിനുമെല്ലാം കാരണക്കാരൻ മാർ മക്കാറിയോസ് തിരുമേനി ആണെന്ന് പ്രചരിപ്പിക്കുന്നതിന് മെത്രാപ്പോലീത്തായും വിമതഗ്രൂപ്പും എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. മാർ മക്കാറിയോസിനോടു കാട്ടിയ വഞ്ചനാനയത്തിൽ അമർഷം പൂണ്ട ഒരു ജനസമൂഹത്തെ ശാന്തമാക്കാനോ, അവരുടെ മുറിവുകളിൽ തൈലസേചനം നടത്തി മുറിവുണക്കാനോ ബർന്നബാസ് മെത്രാപ്പോലീത്തായ്ക്കോ അദ്ദേഹത്തെ അയച്ച സഭാനേതൃത്വത്തിനോ കഴിഞ്ഞില്ലെന്നുള്ള സത്യം നിലവിലിരിക്കെ മിക്കവാറും എല്ലാ പള്ളികളിലും ചേരി തിരിഞ്ഞ സംഘർഷങ്ങളും വാഗ്വാദങ്ങളും നിത്യസംഭവങ്ങളായി മാറി. ഓർത്തഡോക്സ് സഭയിലെ തന്നെ ജനങ്ങൾ ഒരിക്കലും കണ്ടിട്ടില്ലാത്തവർ എന്ന മട്ടിൽ പെരുമാറി. ശത്രുമനോഭാവത്തോടെ പെരുമാറുന്ന ഇരുവിഭാഗങ്ങളും ഞായറാഴ്ച ആരാധനയെ ശബ്ദകോലാഹലം കൊണ്ട് മലീമസമാക്കി. അവർക്കു നേതൃത്വം നല്കുന്ന പട്ടക്കാരുടെ കാര്യവും ഭിന്നമല്ല. അവരും ഇരുചേരികളായി നിന്ന് ബലാബലം പരിശോധിക്കയും വെല്ലുവിളിക്കുകയും ചെയ്തു.

യഥാർത്ഥത്തിൽ ഭൂതം കുടത്തിനു പുറത്തുകടന്ന് സംഹാരതാണ്ഡവം ആടി ഓർത്തഡോക്സ് വിശ്വാസികളിൽ ആവേശിച്ച് എരിതീയിൽ എണ്ണ ഒഴിച്ചുകൊണ്ടുമിരുന്നു.

ഇത്തരുണത്തിൽ രണ്ടാം തലമുറയിലെ അഞ്ഞൂറിൽപരം യുവജനങ്ങൾ ഒപ്പിട്ട് തങ്ങളുടെ പ്രിയങ്കരനായ മക്കാറിയോസ് മെത്രാപ്പോലീത്തായെ തങ്ങൾക്കു വിട്ടുതരണമെന്ന് ഒരു ഭീമഹർജി ബാവാ തിരുമേനിക്കയച്ചു.

കേരളത്തിൽ വിവിധ ഭദ്രാസനത്തിലെ പ്രതിനിധികൾ തിരുവല്ലായിൽ വിളിച്ചുകൂട്ടിയ മഹാസമ്മേളനവും ഒരു മെമ്മോറാണ്ടം ബാവായ്ക്കു സമർപ്പിച്ചു.

അഭിവന്ദ്യ പിതാക്കന്മാരേ!

മലങ്കരസഭയിലെ എല്ലാ ഭദ്രാസനങ്ങളേയും പ്രതിനിധീകരിക്കുന്നവരായ പട്ടക്കാരും അത്മായക്കാരുമായ ഞങ്ങൾ പ. സുന്നഹദോസിന്റെ മുൻപിൽ പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്നത് കേവലം ഒരേ ഒരു ആവശ്യം മാത്രമാണ്.

വി. സഭയുടെ കീഴ്വഴക്കങ്ങളും പാരമ്പര്യങ്ങളും പാലിക്കുവാൻ കടപ്പെട്ടിരിക്കുന്ന നിങ്ങൾ മാർ മക്കാറിയോസ് തിരുമേനിക്കും മാർ ബർന്ന ബാസ് തിരുമേനിക്കും അവരവരുടെ പൂർവ്വ ഭദ്രാസനങ്ങൾ തിരികെ നൽകി വി. സഭയുടെ 20 നൂറ്റാണ്ടുകളിലെ തകരാത്ത കീഴ്വഴക്കം പാലിക്കുക എന്നതു മാത്രമാണ് കരണീയം.

ചെയ്തുപോയ ഈ തെറ്റ് തിരുത്തുവാൻ നിങ്ങൾക്ക് പ്രയാസമുണ്ടെങ്കിൽ താഴെപറയുന്ന 6 നിർദ്ദേശങ്ങൾ എങ്കിലും പരിഗണിക്കുക.

1. എല്ലാ മെത്രാപ്പോലീത്തന്മാർക്കും ട്രാൻസ്ഫർ ബാധകമാക്കുക.

2. അമേരിക്കൻ ഭദ്രാസനം അവിടെ പോകാൻ ഭാഗ്യം സിദ്ധിച്ച ഏതാനും പട്ടക്കാർക്കായി സംവരണം ചെയ്യാതെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള പട്ടക്കാർക്ക് പൊതു ട്രാൻസ്ഫർ നൽകി, ഇപ്പോൾ അമേരിക്കയിൽ താമസിക്കുന്ന പട്ടക്കാരെ മുഴുവൻ തിരികെ വിളിക്കുക.

3. അമേരിക്കൻ മെത്രാപ്പോലീത്തായെ മറികടന്ന് അന്നത്തെ ഒരു വിമത പട്ടക്കാരൻ സ്ഥാപിച്ച 20 അനധികൃത സ്വതന്ത്ര ഇടവകകളെ, അതു തെറ്റാണെന്ന് അറിയാമായിരുന്ന സഭാകേന്ദ്രം അംഗീകരിച്ചതു പോലെ ഏതു ഭദ്രാസനത്തിലും കടന്ന് അതാതു മെത്രാപ്പോലീത്തന്മാരെ അകറ്റിനിർത്തി സ്വതന്ത്ര കാതോലിക്കേറ്റ് പള്ളികൾ ഉണ്ടാക്കാൻ ഞങ്ങളേയും അനുവദിക്കുക.

4. ഏതാനും വിഘടിത പട്ടക്കാരുടെ ആവശ്യാനുസരണം അമേരിക്കൻ മെത്രാപ്പോലീത്തായെ ഗളഹസ്തം ചെയ്ത സുന്നഹദോസ്, പരാതികൾ നിറഞ്ഞുനിൽക്കുന്ന ഞങ്ങളുടെ മെത്രാപ്പോലീത്താമാരേയും മാറ്റുന്നതിന് ഞങ്ങളെ സഹായിക്കുക.

5. മാർ മക്കാറിയോസ് തിരുമേനിയോടുകൂടെ നിൽക്കാൻ ആഗ്രഹിക്കുന്ന കേരളത്തിലേയും ബാഹ്യകേരളത്തിലേയും, പള്ളികളേയും പട്ടക്കാരേയും ജനങ്ങളേയും സ്വീകരിക്കുന്നതിന് അദ്ദേഹത്തേയും അവരവർക്ക് ഇഷ്ടമുള്ള തിരുമേനിമാരെ സ്വീകരിക്കുന്നതിന് ഞങ്ങളേയും അനുവദിക്കുക.

6. മാർ മക്കാറിയോസ് തിരുമേനിയെ സന്ദർശിക്കുന്നതോ സ്വീകരി

ക്കുന്നതോ, കൂടെ സഞ്ചരിക്കുന്നതോ വരെ വിലക്കുകയും അങ്ങനെ ചെയ്യുന്ന പട്ടക്കാരെ ഭീഷണിപ്പെടുത്തുകയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന മെത്രാപ്പോലീത്തന്മാരെ അവരവരുടെ അധികാരപരിധികളിൽ ഒതുങ്ങി പ്രവർത്തിക്കുവാൻ നിർദ്ദേശിക്കുക.

ഈ നിർദ്ദേശങ്ങളും സ്വീകരിക്കുവാൻ പ്രയാസമുണ്ടെങ്കിൽ പിന്നെ..... പൊതുശത്രു നമ്മുടെ വാതില്ക്കൽ നില്ക്കുകയും സഭ ഒരു വലിയ ഭീഷണിയെ നേരിടുകയും ചെയ്യുന്ന ഈ സമയത്തും അതേപ്പറ്റി ബോധവാന്മാരാകാതെ സഹോദരവധത്തിൽ രസംകൊണ്ട് രക്തക്കൊതി പൂണ്ട ഒരു സംഘമായി നിങ്ങളെ ലോകം വിധിക്കുമ്പോൾ ഞങ്ങളും ദുഃഖിക്കും.

ഇപ്പോൾ വിതയ്ക്കുന്ന ഈ ചെറുകാറ്റ് കൊടുങ്കാറ്റായി കൊയ്യുവാനും അടുത്തുവരുന്ന തീക്കളിയെ നേരിടുവാനും, മലങ്കരയിലെ പള്ളികളിൽ ഭാവിയിൽ നടക്കാൻ പോകുന്ന പുതിയ കേസുകളുടെ നൂലാമാലകളെ നേരിടുവാനും ഈ സുന്നഹദോസ് തയ്യാറാവുമെന്ന് ഞങ്ങൾ കരുതുന്നു.

കാലത്തിന്റെ ഈ ചുവരെഴുത്ത് വായിക്കുക.
സാധാരണജനത്തിന്റെ നാഡീസ്പന്ദനം മനസ്സിലാക്കുക.
പ. റൂഹായുടെ നിർദ്ദേശത്തിന്റെ മുൻപിൽ വഴങ്ങുക.
ഇതൊരു യാചനയാണ്.
ഇതൊരു രോദനമാണ്.
ഇതൊരു പ്രാർത്ഥനയാണ്.

നിങ്ങളേയും സഭയേയും ഒരുപോലെ സ്നേഹിക്കുന്ന ലക്ഷങ്ങളുടെ പ്രതിനിധികൾ.

ഇവയൊന്നും കിട്ടിയതായി സഭാകേന്ദ്രം ഭാവിച്ചതേ ഇല്ല. ആ നിവേദനങ്ങൾ സെക്രട്ടറി ശെമ്മാശന്മാരുടെ ലവലിൽ നിന്നും മുകളിലേക്ക് ആരും കണ്ടോ എന്നു സംശയിക്കുന്നു. അവ നിത്യമായി ചവറ്റുകൊട്ടകളിൽ നിദ്രയടഞ്ഞു.

മാതാപിതാക്കന്മാർ പള്ളികളിൽ ആക്രോശിക്കുന്നതും ബഞ്ചിന്മേൽ കയറി മുഷ്ടി ചുരുട്ടുന്നതും അച്ചന്മാരെ ഭീഷണിപ്പെടുത്തുന്നതും നിത്യസംഭവമായി മാറിയതോടെ അതിൽ മനംമടുത്ത കുട്ടികളെല്ലാം ക്രമേണ ക്രമേണ പള്ളികളിൽ നിന്നു വിട്ടുനില്ക്കാനും, സൗകര്യപ്രദമായ വൈദേശിക പള്ളികളിൽ ചേക്കേറാനും തുടങ്ങി.

അതോടെ പ്രൊട്ടസ്റ്റന്റു വിഭാഗങ്ങളുടെ കൊയ്ത്തുകാലം ആരംഭിച്ചു. അവർ വീടുവീടാന്തരം സന്ദർശിച്ച്, പൈശാചിക പ്രവർത്തനങ്ങൾക്കെതിരായി 'വചനം' ഘോഷിച്ചു തുടങ്ങി. സഭാവിശ്വാസത്തിൽ ഉറപ്പില്ലാതിരുന്ന പലരും ആ കെണിയിലും ചെന്നുപെട്ടു.

ചുരുക്കത്തിൽ ഭദ്രാസനവും സഭാപ്രവർത്തനവും ശിഥിലമായിക്കൊണ്ടിരിക്കുന്നതു കണ്ടിട്ടും വാശിയും ദുർവാശിയും ഒട്ടും ശമിപ്പിക്കാനോ, വരും തലമുറ നശിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനോ ശ്രമിക്കാതെ പള്ളികളിൽ യുദ്ധമുറകൾ അരങ്ങേറിക്കൊണ്ടിരുന്നു.

തങ്ങളുടെ മതവൈരാഗ്യം ആളിക്കത്തിക്കാൻ നടത്തുന്ന യുദ്ധത്തിനു 'ജിഹാദ്' എന്നോ, 'കുരിശുയുദ്ധമെന്നോ', ഉള്ള ഓമനപ്പേരു നല്കിയ തുപോലെ അമേരിക്കൻ ഓർത്തഡോക്സുകാർ അവരുടെ പള്ളികളിൽ നടത്തുന്ന യുദ്ധത്തിന് കൊടുത്ത ഓമനപ്പേർ 'ഹോളിവാർ' എന്നായിരുന്നു (വിശുദ്ധ യുദ്ധം). മാർ മക്കാറിയോസ് സ്വയം സ്പോൺസർ ചെയ്ത് അമേരിക്കയിലെത്തിച്ച് പള്ളികൾ നല്കി ഉയർത്തിയ ബ: പൗലോസ് ആദായി അച്ചൻ ഒരു നിമിഷത്തെ മലക്കംമറിച്ചിലിൽ മാർ ബർന്നബാസ് പക്ഷത്തേക്കു കാലുമാറിയതിന് കിട്ടിയ പാരിതോഷികം ഭദ്രാസന സെക്രട്ടറി പദവി ആയിരുന്നു. ആ പദവിയിൽ ഇരുന്നുകൊണ്ട് ഭദ്രാസന പൊതുയോഗത്തിൽ അദ്ദേഹം, മാർ മക്കാറിയോസിന്റെ നശിച്ച ദുർസാമ്രാജ്യത്തെ തൂത്തെറിയാനായി വിശുദ്ധ യുദ്ധം നടത്താൻ ആഹ്വാനം മുഴക്കി. പ്രസംഗം പ്രവൃത്തിയിൽ കാണാഞ്ഞതിൽ അമർഷം പൂണ്ട ടെക്സാസിലെ ജോർജ്ജ് വറുഗീസ് ബ. ആദായി അച്ചനയച്ച ഒരു കത്ത് ഇതു സഹിതം ചേർക്കുന്നു. വിശുദ്ധ യുദ്ധത്തിന് ആഹ്വാനം ഒരിക്കൽ മുഴക്കിയ ആദായി അച്ചനിൽ ആ വീറ് പിന്നീട് കാണാതെ വന്നതിൽ ജോർജ്ജ് വറുഗീസ് ദുഃഖിക്കുന്നു:

"I still remember, your courageous speech delivered before the diocesan general body meeting requesting everybody to fight the evil empire of Bishop Makarios. But your present position certainly deminishes the credibility of that speech."

വിശുദ്ധ യുദ്ധത്തിനു ചാടിപ്പുറപ്പെട്ട ജോർജ്ജ് വറുഗീസിന്റെ കത്തിൽ നിരാശയുടെ നിഴൽ ഉടനീളം കാണാം. "ഒരു ളോഹ ധരിക്കാനിടയായി എന്നതു കൊണ്ടുമാത്രം അതിന്റെ നിറം എന്തായിരുന്നാലും, അത് ജ്ഞാനം സ്വയം വന്നുചേരുന്നതിനുള്ള ഒരുപാധിയല്ല" എന്നദ്ദേഹം തുറന്നു പറയുന്നു.

യുദ്ധത്തിലൂടെ മക്കാറിയോസിനെ തൂത്തെറിഞ്ഞ് ഭക്തനായ മാർ ബർന്നബാസ് വന്നിട്ടും ജോർജ്ജ് വറുഗീസിലെ മനുഷ്യൻ അസംതൃപ്തനും നിരാശനുമാണെന്ന് കത്ത് വ്യക്തമാക്കുന്നു. അദ്ദേഹം പറയുന്നു: "If you recollect the last diocesan council meeting you may see how Rev. T. A. Thomas and Bishop Barnabas treated me. ..... It may be noticed that I am withholding my donations because of our Bishops continued negative approach towards me. I donated some money at one time while our Bishop was

in Dallas. He threw that back to my face because I didn't criticize some of the clergies. .... also his continued reluctance to accept me as a ligitimate council member....”

കുരിശുയുദ്ധം നയിച്ച ഭദ്രാസന കൗൺസിലിൽ കയറിപ്പറ്റിയ ജോർജ്ജ് വറുഗീസ് തനിക്കു പറ്റിയ അമളി സ്വയം മനസ്സിലാക്കി. താൻ കൊടുത്ത പണം തന്റെ മുഖത്തേക്ക് തിരിച്ചു വലിച്ചെറിഞ്ഞ മാർ ബർന്ന ബാസിന്റെ പെരുമാറ്റത്തെക്കുറിച്ചും ഭദ്രാസന കൗൺസിലിൽ തനിക്കുള്ള സ്ഥാനത്തിനു വില കല്പിക്കാതെ തിരുമേനി പെരുമാറിയതിലുള്ള അമർഷവും വേദനയും ഭദ്രാസനത്തിനു കൊടുത്തുകൊണ്ടിരുന്ന സകല സംഭാവനകളും നിർത്തലാക്കുന്നതിലും താനും മക്കളും വി. കുർബ്ബാന സംസർഗ്ഗത്തിൽ നിന്നും വിട്ടുനില്ക്കുവാൻ തീരുമാനിച്ചതിലും നിഴലിക്കുന്നു. ‘ഇനി വേറൊരു വിശുദ്ധ യുദ്ധം തുടങ്ങിയാൽ മതിയല്ലോ’ എന്ന് ഇതു കേട്ടവർ പറഞ്ഞു. അത് മാർ ബർന്നബാസിനെ തുരത്താനാവട്ടെ.

GEORGE VARUGHESE
216 DEWEY CT.
IRVING., TEXAS 75060

December 26, 1993

Rev. Fr. Paulose Adai
2533 Ocean pkwy, # 3
Brooklyn, New York 11235-7703

Respected Achen,

I conceive, it is imperative to consider our credibility as Diocesan Council members based on the telephone conversation between us regarding my latest letter to Synod member titled as “The Operation Holy War.” Your call did not surprise me at all considering your position in one of the last council meetings in which you have voted to support continued corruptions of our Bishops. Whereas, I was deeply disappointed and saddened by your continued reluctance in facing the truth.

It is Christmas time and we ought to avail the opportunity to rejoice in His birth and His offerings for our salvation. Meanwhile, we should praise the God Almighty for liberating all of our Orthodox Church members in United States for bringing us here to be free and enjoy the freedom of speech.You have every right to stand up for truth and you have all avenues to spread that precepts more than I do since you elected a profession to remain as a preacher. As you know that I am an outspoken person and all out against

corruption of preachers and clergies, your approach should have been inclined to help enable me to achieve that goal. Instead, you have shown your weakness in facing the evil and advised me to join the perversion by keeping my mouth shout.

We, by the wisdom of God Almighty and enjoying the life more than millions of other people, should avail every chance to face the challenges against our Christian beliefs by perverted priests and infidel public. It is true that, those of us who join the force to fight the evil will have to face serious consequences in the beginning but in a long run we will enjoy the God's grace when the truth prevails at the end. I still remember, your courageous speech delivered before the Diocesan General Body meeting requesting everybody to fight the evil empire of Bishop Makariose. But your present position certainly diminishes the credibility of that speech. You became a priest by your own choice and the priesthood has much more meaning comparing the other professions. By virtue of wearing a white, pink or red Loha, one doesn't become automatically wise. One need to be humble and must have an open mind to take better advices and intentions to learn more to preach the general public. I did not become a priest because I did know my weakness and inability to stand up to protect the divine Importance of this very sacred profession. Therefore, I am all out to dig out the corrupted clergies by whom I and my children otherwise may end up receiving spiritual rituals and communion. Look at the priests and Bishops around you and take a moment to think about their activities and ask yourself whether you can serve the God Almighty selflessly by ignoring their involvements. It is true that God is using some of us as a media to point out the evilness of people who are supposed to be working to eradicate them.

Dear Achen, this letter is just the way it came out of my mind. If you recollect the last Diocesan Council meeting, you may see how Rev. T. A. Thomas and Bishop Barnabas treated me. I only asked for justice and truth. If you think you want to be one among them, you will sure be criticized by someone else. Achen, I need your help to fight the clergies who use the Loha for corruption. Please pray for courage and I am sure you will have no difficulty to receive that wisdom from the Lord. Let us join hand and try to establish a true and stronger Diocese in America by cleansing our corrupted minds and brains which we inherited by birth. We will sure emerge as winners if enough enthusiasm is exercised.

It may be noticed that I am withholding my donations to our Diocese because of our Bishop's continued negative approach towards me. I donated some money at one time while the Bishop was in Dallas. He threw that

back at my face because I did criticize some of the clergies and their corrupted behaviors. Also his continued reluctance to accept me as legitimate council member. I shall be more than happy and start collecting donations from the Southern Region, if the Bishop show his willingness to accept and obey our church constitution for the purpose of governing the Diocese of America.

We have decided in principle and I have repeatedly requested the Bishop to send me at least some documents to finish up the IRS recognition Status. Even though you knew about this matter, what happened? I feel like I made a fool out of me by agreeing to do that job for our Diocese. Everybody cannot be like Adai Achen or Mr. Idiculla. I am George Varughese and I am what I am. That is the reason why we have certain rules to follow so that not a single individual can influence an organisation or a community using his or her personal belief.

Let us refer to the recent KALPANA promulgated by our Diocesan Bishop regarding the disciplinary measures against Rev. C. M. Alexander. It is my understanding along with thousands of others that this action is just a brain washing formula thrown to before the public in order to protect the Bishop Makarios. We all know that Rev. C. M. Alexander was just a puppet of Bishop Makarios and therefore, the Bishop should have been expelled to pave way to restore discipline in our Churches. This sorts of carefully orchestrated maneuvers are called the real corruption.

Let me cut short this letter here now. I did not intend to prolong this long. Please forgive me if I hurt your feelings. Wish you and your loving family, a happy and prosperous new year.

Respectfully yours

(sd)

George Varghese

ജോർജ് വറുഗീസ് ആദ്യകാലത്ത് മാർ ബർണബാസിന്റെ മുന്നണിപ്പടയാളിയായി വിശുദ്ധയുദ്ധത്തിന്റെ കമ്മാൻഡർ സ്ഥാനം വഹിച്ചു പള്ളികൾ പിടിച്ചടക്കുന്നതിനും മാർ മക്കാറിയോസിനെ ഒരിക്കലും ഭൂമുഖത്ത് കാണാതാവത്തക്കവിധത്തിൽ എറിയുവാനും മുൻപന്തിയിൽ നടന്നിരുന്ന ആളായിരുന്നു എന്ന് സഭാമക്കൾക്കറിയാം. അന്നൊരിക്കൽ ന്യൂയോർക്കിലെ എൽമണ്ട് ഗ്രീഗോറിയോസ് പള്ളി പിടിച്ചടക്കുന്ന ശ്രമത്തിൽ പരാജയപ്പെട്ടപ്പോൾ "Crisis in the Diocese of America and the operation Holy war" എന്ന പേരിൽ പ്രസിദ്ധീകരിച്ച വാറോലയ്ക്ക് സാറാ ഡേവിഡ്സൺ

എന്ന മഹിള നല്കിയ സമുചിതമായ മറുപടി ഇതോടുകൂടി ഞങ്ങൾ പ്രസിദ്ധം ചെയ്യുന്നു.

അതിൽ അവർ പറയുന്നു: 'ഞങ്ങൾ ഇറാനിലെ ഖൊമേനിയുടെയും ലിബിയായിലെ ഗദ്ദാഫിയുടെയും ഇറാക്കിലെ ഹുസൈനിന്റെയും ജിഹാദിനെക്കുറിച്ച് കേട്ടിട്ടുണ്ട്. ഈ വിശുദ്ധയുദ്ധം നയിക്കുന്നത് പരിശുദ്ധ കാതോലിക്കായോ അഭിവന്ദ്യ ബർണബാസ് തിരുമേനിയോ? ഏതായാലും അഭിവന്ദ്യ മക്കാറിയോസ് മെത്രാപ്പോലീത്തായോ അദ്ദേഹത്തെ പിന്തുണക്കുന്ന ജനവിഭാഗമോ ഇങ്ങനെ ഒരു വിശുദ്ധ യുദ്ധത്തെക്കുറിച്ച് അറിഞ്ഞിട്ടേ ഇല്ല. മാർ മക്കാറിയോസ് തിരുമേനിയെ ഏതെങ്കിലും യുദ്ധരംഗത്ത് നിങ്ങൾ കണ്ടിട്ടുണ്ടോ? ഈ വിശുദ്ധയുദ്ധം മാർ ബർണബാസിന്റെയും റവ. പി. എസ്. ശാമുവേൽ അച്ചന്റെയും മറ്റും ഭാവനയുടെ സൃഷ്ടിയാണ്. വളരെ അഭിമാനത്തോടുകൂടി ഞാൻ നിങ്ങളെ അറിയിക്കട്ടെ, ഒരു യുദ്ധക്കളത്തിൽ പ്രത്യക്ഷപ്പെടുകയോ ന്യൂയോർക്കിലെ ക്രിമിനൽകോടതികളിൽ മെറ്റൽ ഡിറ്റെക്ടറുകളിലൂടെ കടന്നുചെന്ന് നില്ക്കാൻ മക്കാറിയോസ് തിരുമേനിയുടെ അന്തസ്സും, സ്വഭാവശ്രേഷ്ഠതയും ഒരിക്കലും അദ്ദേഹത്തെ അനുവദിക്കുകയില്ല. .... ഒരു കോടതിവിധിയിലൂടെ മാർ മക്കാറിയോസിനെ നിരോധിക്കുവാൻ ശ്രമിച്ചത് മാർ ബർണബാസല്ലേ? അദ്ദേഹത്തിന്റെ 6-10-92 -ലെ 42/92 കല്പന നിങ്ങൾ വായിക്കുകയും വി. മത്തായി 23:2-5 വരെയും കോരിന്ത്യർ 6:1-8 വരെയും വായിക്കുവാൻ അഭിവന്ദ്യ ബർണബാസിനോടു നിങ്ങൾ ആവശ്യപ്പെടുകയും ചെയ്യണം."

സാറാ ഡേവിഡ്സന്റെ കത്തിന്റെ പൂർണ്ണരൂപം വായിക്കുക.

Mrs. Sara Davidson
91 - 22 215th Street
Queens Village
New York 11428

New York
January 6th, 1994

Dear Mr. George Varghese:

After reading your view of the "Crisis in the Diocese of America and Operation Holy War", I had a renewed appreciation for Fr. Andrew M. Greeley's church related fictions. Though it is purely fiction, it is very interesting and very believable. The materials in your letter can't be classified as fiction. It is not a report. What is it then? Partial truth is stretched and padded here to create in imaginary situation.

There is a crisis in the Diocese of America. That is the only fact. I could see in that letter. Let me start by saying that if anybody thinks the crisis is "The Elmont Church," I feel sorry for those poor misguided souls. Elmont Church does experience some internal problems at this time. But it is just that. "Internal;" and it's the problem of the parisheners of the said church.

The subheading of the letter interested me. "The Operation Holy War." Bishop Makarios and all the people who remain faithful to him were totally unaware of any war, holy or otherwise. We thought Jihads were in the Middle East, lead by Iran's Khomeini, Libiya's Ghadafi and Iraq's Hussein. So, Who is the Khomeini, Ghadafi or Hussein on this one sided Holy War? Is it His Holiness The Catholicose or His Grace Barnabas? Is this the mother of all wars? Did we break Hussein's record?

Now, let's discuss the part in your letter about "the anarchy and chaos" due to insubordination of clergies and Bishops that took place on the compound of St. Gregorious Church. Was chaos that took place there due to anarchy or anathema, an act towards His Grace Makarios by His Grace Barnabas? Was subordination an issue? The only Bishop present to do anything was His Grace Barnabas. According to our tradition, a senior Metropolitan is in authority regardless of his physical presense or absense. Taking our most valued traditions of the Malankara Orthodox Church in to consideration, Who is in authority here? Who is not submissive to authority? Let us think about it.

In your letter, You accuse Elmont Church members as violent natured people, dressed up in battle orders. You claim you sought protection from Gun shots. Since when did a suit and a fall coat become battle garments? I challenge you to provide evidence for the violent nature of all the members of Elmont Church.

Yes, as Mr. Varghese started, there were security and police. You guessed right about the police and security carrying pistols. But that's the law in New York. Any one who has an ounce of proper functioing brain cells know that Bishop Makarios and the Elmont Church members had nothing to do with it. Then again it is Bishop Barnabas who went to the court to throw Bishop Makarios out, who was not even in New York. I would like you to read a Holy order by Bishop Barnabas No: 42 / 92, Please ask Barnabas to read Mathew Ch. 23 Vs 2 - 5 and Cor: Ch. 6 Vs 1 - 8.

You mentioned about a battle between two rival Bishops and you also mentioned about a barricade of Bishop Makarios. You obviously are unaware of Bishop Makarios's attempt to reach Bishop Barnabas way before

any unrest happened. Every attempt was flatly refused by Bishop Barnabas. So the rivalary, just as the Holy war, is also one sided. The barricade was created against Bishop Makarios and Rev. Fr. Alaxander by Bishop Barnabas through a court order. I suggest you get the facts right next time.

This was an internal problem of St. Gregorios Church. We, the members would like to know who appointed you, Fr. P. S. Samual and Mr. Paulose as our Guardian Angels? Would you let others interfere, priests or council members, in your church's internal affairs? You complained about not being allowed in the church, may be you should look for an invitation and get your facts right before you take a 3 1/2 hrs flight and pledge support to people who are interfering in other people's business. You could spare a lot of embarassments.

As per your letter you came all prepared in a motorcade and realized that Bishop Makarios and Fr. Alexander were absent at the battle site. Did you ever wonder why? Well, because, this Holy War and battle were a product of the combined imagination of H. G. Barnabas, Rev. P. S. Samuel and some of their cronies. Simply put, Bishop Makarios was not at war, hence his absence.

With great pleasure and pride let me inform you, it is beneath H. G. Dr. Thomas Mar Makarios's dignity and nature to appear in such situations or to stand in the long lines of New York's Criminal Courts clad in Holy garments and go through humiliating personal exams and metal detectors. Most of all we, the children of H. G. Makarios will not subject him to such humiliating situations and experiences.

In page 2 of your letter, Paragraph 2 states that you sought the protection of New York Police from the warriors and Fr. Alexander. Is this the same Fr. Alexander who was absent at the battle site? As per your letter Page 2, paragraph 1, Fr. Alexander was absent at the battle site. Well, Hats Off to Rev. Fr. Alexander, who can sent a Bishop, Priests, Council Members and the faithful believers scurrying for protection to the police even in his absence. Imagine, what would happen in his presence! Congratulations are in order! Don't you think? Bravo! Members of Elmont Church for inviting this "Super Man Priest" to our Church.

Page 2, paragraph 3 is purely a sour grape. But one sentence there made me realize the helpless situation of H. G. Barnabas. "Mr. Paulose and myself let the Bishop and Rev. Idiculla to go and conduct, evening service." Let the Bishop conduct service? Was that a puppet show? Some one controlling the strings, lets the puppet dance. This could be the root of all the problems,

Isn't Bishop Barnabas capable of administering this church or should some one else hold his strings?

The letter states on page 2, paragraph 3, that "it was bitter cold outside." Yes, it was cold no doubt. The letter claims that this tiny little Bishop, clad only in a thin robe was shivering because of fear of Elmont Church members and not due to the bitter cold. I think, the author of this letter should give some credit to the intelligence of the readers, especially the Holy Synod and the Catholicose.

The second part of the letter tries to address the problems of the church in general. One has to look at it objectively to see the problem. Personal vendetta and anger can cloud one's vision.

Is His Grace Bishop Makarios trying to scare Bava as the author seem to wonder? A good plot for a sensational story "Black Mail in the Orthodox Church," sounds exciting! Fr. Andrew M. Greely should perhaps look in to this.

If this is how reports of events go to Kottayam, our church is in greater trouble than I ever thought possible. Where does imagination end and reality begin?

Yes, Bishop Themothiose and Bishop Ivaniose gave a report. They also were influenced by wealthy priests and public. As a result, they almost destroyed Bishop Makarios and totally destroyed and disgraced Bishop Barnabas.

With such reporters, council members, priests and Bishops, our Malankara Church is doomed. This is the time to think about the future of the American Orthodox people of Indian origin.

Yours truly

(sd)

Sara Davidson

CC: H. G. Makarios
H. G. Barnabas
Fr. Alexander
Holy Synod

ബർന്നബാസ് തിരുമേനിയുടെ ഭരണത്തിന്റെ ഒരു സാമ്പിളിനുവേണ്ടി കൃൂൻസിലെ എൽമണ്ട് പള്ളി എന്ന ഒറ്റ ഇടവകയുടെ ചിത്രം മാത്രം അടുത്ത അദ്ധ്യായത്തിൽ സുദീർഘമായി പ്രതിപാദിക്കട്ടെ. മറ്റുള്ള ഇടവകകളുടെ ചരിത്രവും അധികം വിഭിന്നമല്ല.

മാനസികരോഗങ്ങളിൽ 'ഹലൂസിനേഷൻ' എന്ന ഒരു വിഭാഗത്തെപ്പറ്റി കേട്ടിട്ടുണ്ട്. അവർക്ക്, മുമ്പിൽ കിടക്കുന്ന കയർ പാമ്പാണെന്ന് ധരിച്ച് അലറിക്കരയാൻ തോന്നും. ഇരുട്ടത്ത് മുറ്റത്തു നില്ക്കുന്ന വാഴക്കൈകൾ കാറ്റിൽ വീശിയാലും ആരോ ഇരുട്ടിൽ വന്നുനിന്ന് തന്നെ വിളിക്കുകയാണെന്നേ തോന്നൂ. ഈവിധ രോഗികൾക്ക് ചികിത്സ ആത്യാവശ്യമാണ്.

ആ വിധത്തിലുള്ള 'ഹലൂസിനേഷ'നാണ് ആ കാലത്ത് അമേരിക്കയിലെ പുതിയ ഭരണകൂടത്തെ മുഴുവനായി ഗ്രസിച്ചത്. ഏതു പള്ളിയിൽ എന്തു വിസ്ഫോടനം ഉണ്ടായാലും മാർ മക്കാറിയോസാണ് അതിനു പിന്നിലുള്ളതെന്ന് ധരിച്ചുവശായാൽ അവർക്കു അടിയന്തിര ചികിത്സയാണാവശ്യം.

കാള പെറ്റു എന്ന് അമേരിക്കയിൽ നിന്നു റിപ്പോർട്ടു ലഭിച്ചാലുടൻ കയറെടുത്ത് ഓടാൻ തുനിയുന്ന കേന്ദ്രഭരണത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ തോന്നുന്നില്ല.

വെറും ഭാവനയിലും, ഭയത്തിലും പിറന്ന ബാവാ തിരുമേനിയുടെ രണ്ടു കല്പനകൾ ഞങ്ങൾ താഴെ ചേർക്കുന്നു. അവയിൽ ആദ്യത്തേത് ക്യൂൻസ് എൽമണ്ടു പള്ളിയിലെ പ്രശ്നങ്ങളിൽ മാർ മക്കാറിയോസിന്റെ കൈ ഉണ്ടെന്നുള്ള ഭാവനയിൽ നിന്നും, താമസംവിനാ അദ്ദേഹം തന്നെ ക്യൂൻസ് പള്ളിയിൽ പ്രവേശിക്കുമെന്നുള്ള ഭയത്തിൽ നിന്നും എഴുതിയ കല്പനയാണ്. ബാവായുടെ വാചകങ്ങൾ ശ്രദ്ധിക്കൂ: "It is reported to us, that you are supposed to conduct H. Qurbana in the said church and it is feared by some that you may interfere in the administration of the parish;....."

"തിരുമേനി ആ പള്ളിയിൽ കയറി വി. കുർബ്ബാന ചൊല്ലാൻ ഇടയുണ്ടെന്നും, ആ പള്ളിയുടെ ഭരണകാര്യങ്ങളിൽ ഇടപെടുമെന്ന് ചിലർ ഭയപ്പെട്ടതുകൊണ്ടും" – ആ പള്ളിയിൽ കയറിപ്പോകരുതെന്ന് ഒരു മെത്രാപ്പോലീത്തായോട് കല്പിക്കുന്നതിനു പകരം, ആശങ്കയും ഭയവുമുള്ളവർ ഉടനടി ഡോക്ടറെ കാണണമെന്നായിരുന്നു പ. ബാവാ ഉപദേശിക്കേണ്ടിയിരുന്നത്. തിരുമേനിയുടെ കല്പന കാണുക.

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS II
CATHOLICOSE OF THE APOSTOLIC THRONE OF ST. THOMAS AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686038
KERALA, INDIA

No. 188 / 93 3 - 11 - 1993

H. G. Thomas Mar Makarios Metropolitan,
Episcopal Diocesan House,
1114 Delware Avenue, Buffalo,
New York - 14 209, U. S. A.

My dear Aboon,

We have been much pained by the developments reported to us as have taken place in St. Gregoios Church, Queens. We understand that the Diocesan Metropolitan himself and the Vicar appointed by him to the parish have been obstructed from entering the parish church and its premises.

It is reported to us that you are supposed to conduct Holy Qurbana in the said church and it is feared by some that you may interfere in the administration of the parish, siding with those who act against the Diocesan Metropolitan.

We have already informed you to desist from doing any such act. We again direct you in continuation of our early requests not to interfere in any manner in the affairs of the said parish or conduct services or administer sacraments in any church in opposition to the Diocesan Metropolitan His Grace Mathews Mar Barnabas or cause obstruction to the lawful constitutional administration of the Diocese.

Yours in the love of Christ,

BASELIOS MARTHOMA MATHEWS II.

പ. ബാവാ 23-11-93 -ൽ 204/93 ആയി അയച്ച കല്പനയിലും മുൻ കല്പനയിലെ ആശയങ്ങൾ ആവർത്തിച്ചിട്ടുണ്ട്. എൽമണ്ട് ഇടവകക്കാർ അവരുടെ ബൈലോ മാറ്റി എഴുതിയതിനും അവിടെ ഫാ. സി. എം. അലക്സാണ്ടർ ആരാധനകൾക്കു നേതൃത്വം നല്കുന്നതിനും മാർ മക്കാറിയോസിനെ താക്കീതു ചെയ്ത് കല്പന അയച്ച ബാവാതിരുമേനിയെ ആരാണ് ഇതിനെല്ലാം പ്രേരിപ്പിക്കുന്നത്? ഇതും ഒരു മാനസികഭീതിയിൽ നിന്നാണെന്ന് കരുതി തള്ളിക്കളയാമോ? അതോ മക്കാറിയോസ് തിരുമേനിയെ പ്രലോഭിപ്പിക്കുന്നതിന് കരുതിക്കൂട്ടി അയച്ചതോ എന്ന് നിശ്ചയമില്ല. കല്പനയുടെ പൂർണ്ണരൂപം കാണുക.

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS II
CATHOLICOSE OF THE APOSTOLIC THRONE OF ST. THOMAS AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686038
KERALA, INDIA

No. 204 / 93 23 - 11 - 1993

Peace to H. G. Thomas Mar Makarios Metropolitan, Episcopal Diocesan House, 1114 Delware Avenue, Buffalo, New York - 14209, U. S. A.

My dear Aboon,

We are addressing this letter to your Grace, to make certain matters clear.

1. The incorporation of the St. Gregorios Orthodox Church of India, I n c. Queens, was alleged to be amended by some office - bearers of that Church in February, 1993. This amendment is illegel and unconstitutional (see the copy of our Order No. 190/93 dated 3-11-1993 sent to that Church, herewith enclosed). That church cannot be under the administration, spiritual or otherwise, of any Bishop other than the one appointed by the Catholicos which at this time happens to be Mathews Mar Barnabas Metropolitan.

2. The Holy Episcopal Synod acting on your resignation relieved you of your duties as the Metropolitan of the America Diocese and we in implementation did so as per Order No. 91/ 91 dated 12-7-1991. As the Malankara Metropolitan, all administration of the Diocese was assumed by us. But since we were away in India, We authorized Your Grace to look after the spiritual affairs of the America Diocese by the Order No. 92 / 91 dated 12-7-1991 till a diocesan metropolitan could be duly appointed.

3. Meanwhile to assist us in the administration of the America Diocese, H. G. Mathews Mar Barnabas Metropolitan was appointed by Order No. 33 / 92 dated 22 - 2 - 1992. Then through constitutional processes such as, consultation with the Managing Committee of the Church and the recommendation of the Holy Episcopal Synod, H. G. Mathwes Mar Barnabas was appointed as the Metropolitan of the America Diocese, by order No. As. 39 / 93 dated 27 - 2 - 1993 given from headquarters by H. G. Thomas Mar Themothios Metropolitan, who was acting on our authorisation in our place as we came to U. S. A. for a bypass surgery, Thus H. G. Mathews Mar Barnabas became the Metropolitan of the America Diocese with effect from March 1, 1993. In the same order it was clearly stated that the Order No. 92 / 91 giving Your Grace the duty of looking after the spiritual affairs, was revoked. H. G. Mathews Mar Barnabas was enthroned by us as the Metropolitan of the America Diocese on March 27, 1993 in the St. Marry's Orthodox Church, Sayville, Long Island, New York. Thus Mathwes Mar Barnabas Metropolitan is now the Metropolitan of the America Diocese.

4. Your Grace is ordered by us not to interfere in the affairs of the St. Gregorios Orthodox Church of India, Inc. Queens, by our Order No. 188 / 93 dated 3 - 11 -1993. A copy of the order is again enclosed herewith.

5. As per reports received from H. G. Mathews Mar Barnabas Metropolitan, it is learned that Your Grace celebrated Holy Communion service in Queens Church on November 13 and 14, quite against our Order No. 188 / 93. This was in violation of the decisions of the Episcopal Synod, as sent to Your Grace in my Order No. 188 / 93.

6. According to clause 40 of the constitution of the Malankara Orthodox Syrian Church, the Vicar is to be appointed only by the diocesan metropolitan and not by anyone else. But another priest Fr. C. M. Alexander celebrated Holy Communion service in the St. Gregorios Orthodox Church of India, Inc. Queens, on October 24, and October 31, without the permission of Mathews Mar Barnabas, the Metropolitan of the America Diocese. This was in violation of the constitution of the Malankara Orthodox Syrian church. The Diocesan Metropolitan may take disciplinary action against Fr. C. M. Alexander as is appropriate.

In conclusion, we wish to state once again categorically that H. G. Mathews Mar Barnabas is the Diocesan Metropolitan and Very Rev. Dr. M. E. Idiculla Cor - Episcopa is his Vicar appointed to the St. Gregorios Orthodox Church of India, Inc. Queens and no other clergy should perform any religious services or sacraments, without the permission of the Diocesan Metropolitan.

Yours in the love of Christ

Baselios Marthoma Mahews II
Catholicos of the East and
Malankara Metropolitan

Copy to:

1. H. G. Mathews Mar Barnabas Metropolitan
2. V. Rev. Dr. M. E. Idiculla Cor - Episcopa, Vicar, St. Gregorios Orthodox Church of India, Inc. Queens.
3. Rev. Fr. C. M. Alexander.
4. Mr. Eapen Kalayil, Secretary, St. Gregorios Orthodox Church of India, Inc. Queens.
5. Mr. Mathew Varghese, Treasurer, St. Gregorios Orthodox Church of India, Inc. Queens.

ബർന്നബാസ് മെത്രാപ്പോലീത്താ തന്റെ ഭദ്രാസനത്തിലെ ഒരു ചെറിയ ശെമ്മാശനെപ്പോലും ഭയപ്പെടുന്നതായി തോന്നുന്നു. ഡീക്കൺ ജോർജ്ജ് മാത്യു മാർ മക്കാറിയോസ് തിരുമേനിയിൽ നിന്നു പട്ടം എല്ക്കുകയും അദ്ദേഹത്തോട് കൂറുപുലർത്തുകയും ചെയ്യുന്നു എന്നതിന്റെ പേരിൽ ഒരു ചെറിയ ഷോക്ട്രീറ്റ്മെന്റ് എന്ന നിലയിൽ "ശെമ്മാശന്റെ പേരിൽ

ചെറിയ ശിക്ഷണ നടപടിപോലും എടുക്കുന്നത് എനിക്ക് ഏറ്റം വിഷമ മുള്ള സംഗതിയാണ്. അതിനു ശെമ്മാശൻ ഇടയാക്കരുത്" എന്ന ഭീഷ ണിക്കല്പന അയച്ചു. കാണുക:

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF AMERICA, INC.
80 - 34 COMMONWEALTH BLVD.
BELLEROSE, N. Y. 11426
PHONE : (718) 470 - 9844
FAX : (718) 470 - 9219

PRESIDENT — SECRETARY
HIS GRACE MATHEWS MAR BARNABAS — REV. FR. PAULOSE ADAI
DIOCESAN METROPOLITAN

188 / 93 — OCT 27, 1993

To,

Rev. Dn. George Mathew

Blessings to My dear Chemmachan,

ശെമ്മാച്ചൻ കീൻസ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി യിലെ അംഗമാണല്ലോ. അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയോടു ശെമ്മാ ച്ചനുള്ള സ്നേഹവും ബഹുമാനവും എനിക്കറിയാം. എന്നാൽ ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ എന്നോടു കാണിക്കേണ്ട അനുസ രണം ശെമ്മാച്ചന് ഇല്ലാതെ കാണുന്നതിൽ ഖേദിക്കുന്നു. ആ പള്ളിയിൽ തുബ്ദേനിൽ എന്റെ പേര് ശെമ്മാച്ചൻ പറയുന്നില്ല എന്നും, എന്റെ പേര് പറയരുതെന്ന് നിർബന്ധിക്കുന്നെന്നും ഞാൻ അറിയുന്നു. എന്റെ ഭരണ ത്തിനെതിരായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മേല്പട്ടക്കാരെക്കുറിച്ച് അവഹേളനപരമായി പ്രസംഗിക്കുന്നതായും അറി യുന്നു.

ഭാവിയിൽ ശെമ്മാച്ചൻ ഒരു ഉത്തമ പട്ടക്കാരനായി ജനത്തിന് ആത്മീയ നേതൃത്വം നൽകേണ്ട ആളാണല്ലോ. അങ്ങനെ കാണുവാൻ ഞാനും ആഗ്രഹിക്കുന്നു. ആയതിനാൽ ശെമ്മാച്ചൻ പ്രാർത്ഥനാപൂർവ്വം പരിചി ന്തനം ചെയ്ത്, ഈദൃശ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറി, അനുസര ണത്തിലും കീഴ്വഴക്കത്തിലും പോകണമെന്ന് കർത്തൃനാമത്തിൽ ഗുണ ദോഷിക്കുന്നു. ശെമ്മാച്ചൻ ശെമ്മാച്ചനാകുന്നതിന് മുമ്പ്, 1985-ൽ ഞാൻ അമേരിക്കയിൽ വന്നപ്പോഴും തുടർന്നും പ്രദർശിപ്പിച്ച സ്നേഹബഹുമാ നങ്ങളെ, ഞാൻ പ്രത്യേകം സ്മരിക്കുന്നു. ശെമ്മാച്ചന്റെ പേരിൽ ചെറിയ

ശിക്ഷണനടപടി പോലും എടുക്കുന്നത് എനിക്ക് ഏറ്റവും വിഷമമുള്ള സംഗതിയാണ്. അതിന് ശെമ്മാച്ചൻ ഇടയാക്കരുത്. ശെമ്മാച്ചന്റെ അനുസരണത്തിന്റെയും കീഴ്വഴക്കത്തിന്റെയും ഒരു മറുപടി നൽകണമെന്ന് അറിയിക്കുന്നു. ഇത് കർത്താവ് എന്നിൽകൂടി നൽകുന്ന ആഹ്വാനമായി പരിഗണിക്കുമെന്നാശിക്കുന്നു.

ദൈവംതമ്പുരാൻ ശെമ്മാച്ചനെയും കുടുംബത്തെയും അനുഗ്രഹിക്കട്ടെ.

with prayers
Yours in Our Lord
(sd)

ചിന്തിക്കടയിലെ മൂരിക്കുട്ടൻ കൊമ്പുതട്ടി ഉടഞ്ഞുവീഴുന്ന ശബ്ദത്തിൽ വീണ്ടും വീണ്ടും കുത്തിമറിച്ചിടുന്നു. ഭീഷണികളും മുടക്കുകളും കാരണം കാണിക്കൽ നോട്ടീസുകളും കൊണ്ട് ബർന്നബാസ് തിരുമേനിയുടെ ജീവിതം നീങ്ങിക്കൊണ്ടിരുന്നു. പ്രാർത്ഥിക്കാനും വായിച്ചു ധ്യാനിക്കാനും ഈ യുദ്ധത്തിനു മദ്ധ്യേ എവിടെ നേരം? ഇതാ അവസാനം ബ. സി. എം. അലക്സാണ്ടർ അച്ചനയച്ച കാരണംകാണിക്കൽ നോട്ടീസും കടശ്ശി അയച്ച സസ്പെൻഷൻ കല്പനയും കാണുക:

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF AMERICA, INC.
80 - 34 COMMONWEALTH BLVD.
BELLEROSE, N. Y. 11426
PHONE : (718) 470 - 9844
FAX : (718) 470 - 9219

PRESIDENT
HIS GRACE MATHEWS MAR BARNABAS
DIOCESAN METROPOLITAN

SECRETARY
REV. FR. PAULOSE ADAI

No 202 / 93

Nove. 17, 1993

To,

Rev. Fr. C. M. Alexander,
6923, 17th Ave. Hyaltsville, M D 20783 - 2952

Blessings to my dear Rev. Achan,

Hope that you are in receipt of my order No. 182/93 expressing my regret that you had celebrated Holy Qurbana at the St. Gregorios Orthodox church, Queens, on October 24, 1993. That day, I was to celebrate Holy Qurbana in that church, as previously announced through my order No. 166/ 93.

I had also pointed out that by doing so, you had violated the clauses 65 and 66 of the constitution of the Malankara Orthodox Syrian Church. I had orderd you not to conduct any sacraments in that church without my written permission, and I warned you that any violation of that order would lead to further disciplinary actions.

I had also asked you to give me a written explanation, for your disobedience, before November 13, 1993. But sofar no reply is received here. On the contrary, you celebrated Holy Qurbana at that church on Sunday, October 31, 1993, in violation of my order No. 182/ 93 (a copy of this order is attached herewith).

Therefore, I am asking you to give me a written reply, that I should get before December 4, 1993, giving the causes why I should not take disciplinary action against you.

With prayers

Yours in our Lord
MATHEWS MAR BARNABAS
Metropolitan

CC: H.H. The Catholicos of the East
H. G. Thomas Mar Thimothios, Assistant and successor to the Catholicos
H. G. Paulos Mar Gregorios, Secretary of the Holy Episcopal Synod.

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF AMERICA, INC.
80 - 34 COMMONWEALTH BLVD.
BELLEROSE, N. Y. 11426
PHONE : (718) 470 - 9844
FAX : (718) 470 - 9219

PRESIDENT
HIS GRACE MATHEWS MAR BARNABAS
DIOCESAN METROPOLITAN

SECRETARY
REV. FR. PAULOSE ADAI

NO. 210/ 93 DECEMBER 6, 1993

To,

Rev. Fr. C. M. Alexander
6923 17th Ave, Hyattsvilla, M D 20783.

Blessings to my dear Rev. Achan,

As your spiritual father, I am writing this with paternal love and great pain. I learnt that you had celebrated Holy Qurbana on Sunday, October 24, 1993, in the St. Gregorios Orthodox church of India, Queens, 987 Elmont Rd., North Valley stream, New York, when I was to celebrate Holy Qurbana in that church as previously announced. I also understand that you were one of those who instigated a few members of that church to cordon off the church and prevented me and others with me, from entering into the church.

Because of this I asked you through my order No. 182/ 93 dated october 24, 1993 to give me a written explanation before November 13, 1993 for your misconduct. In that order I had also asked you, not to conduct any services or sacraments in that church or get involved in any manner in the affairs of that church, without my wittern permission. I had also warned you that any violation of that order would lead to further disciplinary action. But, instead of giving a reply, you defied that order and celebrated Holy Qurbana in that church, on October 31, 1993. Moreover, you conducted a general body meeting illegally, which led to rioting and assault.

Again, I had sent you another order No. 202/ 93 dated November 17, 1993, asking you to give me a reply in writing before December 4, 1993, explaining why I should not take disciplinary action against you. But you continued to defy my orders and celebrated Holy Qurbana in that church on November 21 and November 21 and November 28, 1993 also. Sofar I have not recieved any reply for this order as well.

Thus you were violating the Constitution and the Principles of the Hudaya Canon followed by the Malankara Orthodox Syrian Church.

Considering all these facts, I suspend you as per clause No. 116 of the constitution of our church, subject to investigation, from conducting any services or sacraments in the St. Gregorios Orthodox Church, Queens, 987 Elmont Rd., North Vally Stream, New York or any other church within the jurisdiction of the American Diocese of the Malankara Orthodox Syrian Church. This is done with reference to the Order No. 204/ 93, dated November 23, 1993 of His Holiness the Catholicos also.

This order will come into effect from December 10, 1993 onwards.

I pray God Almighty for your repentance and your coming back.

Yours in our Lord

Mathews Mar Barnabas Metropolitan

എൽമണ്ടു പള്ളിക്കാർ കൂടുതൽ പ്രകോപിതരാവുന്നു

എൽമണ്ടു പള്ളിപ്രശ്നങ്ങൾ ഭീഷണികളാൽ കൂടുതൽ വഷളാക്കാതെ, മുറിവേറ്റ ആ ഇടവകയെ സാന്ത്വനപ്പെടുത്താനോ തന്റെ ഭാഗത്തേക്ക് ആകർഷിച്ചെടുക്കാനോ ബർന്നബാസ് മെത്രാച്ചനു കഴിഞ്ഞില്ല. അദ്ദേഹത്തിലെ അധികാരശബ്ദവും നയചാതുരിയില്ലാത്ത പെരുമാറ്റവും മുടക്കുഭീഷണികളും കേട്ടും കണ്ടും അനുഭവിച്ചും ഭദ്രാസനതലത്തിൽ കൂടുതൽ അമർഷവും പ്രതിഷേധവും ഉയർന്നുവന്നു (ഒരു കാലത്ത് ബർന്നബാസ് തിരുമേനിയുടെ മുന്നണിപ്പോരാളിയായി അറിയപ്പെട്ടിരുന്ന ജോയി പൈങ്ങോലിൽ അച്ചൻ പോലും മെത്രാപ്പോലീത്തായുടെ മുന്നിൽ പള്ളി പൂട്ടി പോലീസിനെ കാവൽ നിർത്തിയ വാർത്ത ഞങ്ങൾ നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ).

എൽമണ്ടിലെ രോഷം പ്രകോപനമായി വീണ്ടും ആളിക്കത്തി. ബർന്നബാസ് മെത്രാപ്പോലീത്താ കോടതിയെ സമീപിച്ച് എൽമണ്ടിൽ ഒരു താല്ക്കാലിക സ്റ്റേ സമ്പാദിച്ചു. ആ ഇൻജൻക്ഷൻ ഓഡറിൻ പ്രകാരം ബ. ഇടുക്കുള കോർഎപ്പിസ്ക്കോപ്പാ വി. കുർബ്ബാന അർപ്പിച്ചു തുടങ്ങി. ആ കാലഘട്ടത്തിൽ ബ. അച്ചൻ ജോർജ്ജ് മാത്യു ശെമ്മാശനെ മദ്ബഹായിൽ വച്ച് പ്രഹരിച്ചതായി വാർത്ത വന്നു. തുടർന്ന് ഇടവകക്കാർ ഒരു സത്യവാങ്മൂലം നല്കി സ്റ്റേ അഴിക്കയും ഭരണം പിടിച്ചെടുക്കുകയും ചെയ്തു.

NORTH VALLEY STREAM, 12/ 18/ 93

THE UNDERSIGNED MEMBERS OF ST. GREGORIOS ORTHODOX CHURCH OF INDIA. INC. 987 ELMONT ROAD, NORTH VALLEY STREAM, N. Y. 11580 DECLARE AND SAY:

THAT WE REPRESENT THE MAJORITY OF THE MEMBERS OF THE CHURCH.

THAT WE DO NOT WANT BISHOP MATHEWS MAR BARNABAS AND HIS PRIEST REV. FR. IDICULLA TO DO ANY RELIGIOUS AND ADMINISTRATIVE DUTIES IN OUR CHURCH.

THAT WE WANT BISHOP THOMAS MAR MAKARIOS AND REV. C. M. ALEXANDER TO DO ALL OUR RELIGIOS SERVICE IN OUR CHURCH.

THAT WE ARE UNDER THE DIRECT JURISDICTION OF BISHOP THOMAS MAR MAKARIOS.

VERY TRULY YOURS :

1. THOMAS GEEVARGHEES

2. DAVID M . DAVIDSON
3. GEORGE C. PARAMBIL
4. MATHEW KOKURA
5. MATHEW VARGHESE
6. K. K. EAPEN
7. PUTHOOKARAN A. DAVY
8. BABY MATHEW
9. THOMAS M. PALATHINKAL
10. MATHEW V. VARUGHESE
11. RAJAN GEORGE
12. PATHIYAKAL THOMAS JOHN
13. K. V. VARUGHESE
14. JOHN VARGHESE
15. MATHEW CHERIAN
16. VEGIMON THOMAS
17. M . G . JOHN
18. MATHEW ZACHARIA
19. KOSHY PHILIPS
20. KORAH ANTHRAYOSE
21. MATHEW VARGHESE
22. VARGHESE MATHEW
23. KOSHY CHERIAN
24. JOSE MATHEW
25. DN. GEORGE MATHEW
26. KURUVILLA THOMAS
27. KODUVAYALIL RAJANKUNJU
28. PALATHINKAL VARGHESE
29. DHARMISHTAN VARGHESE
30. MATHEW VARGHESE
31. A. O. DANIEL
32. KURIAN JOSEPH
33. MATHEW MUTHALATHU
34. M KORUTH K. JOYKUTTY
35. SACHARIAH
36. THOMAS SIMON

ST. GREGORIOS PALLI PERUNAL

Elmont, N Y.

The Saint Gregorios Orthodox Church of Elmont celebrated the Patron's Day on 13th of November, 1993 in a grand scale. His Grace Dr. Thomas Mar

Makarios officiated the ceremony along with many priests and decons. The church was established in 1982 in the name of St. Gregorios of Parumala, the only saint of Malankara. Usually the church celebrates the patron's day on the first Sunday of November.

This year the Vicar Rev. Fr. Jacob Philip resigned from the St. Gregorios Church of Elmont. Immediately, Rev. Fr. C. M. Alexander was appointed as the vicar of the St. Gregorios Church. By acquiring a court order, H. G. Mathews Mar Barnabas, the Metropolitan along with Very Rev. Fr. Idiculla entered the church, against the will of the parishoners, on 6th and 7th of November, conducted the services. It is reported that the said Metropolitan filed a case against H. G. Dr. Thomas Mar Makarios, the Metropolitan of the Diocese, the Vicar Rev. Fr. C. M. Alexander and some office - bearers of the church. However, on 9th Tuesday the injection was vacated and the status quo was retained. Many respected leaders of the community and the church, mentioned that it is really a disgrace and disrespect to the Metropolitan to file a case against his senior brotherly Metropolitan of the Malankara Orthodox Church. We hope they will try to make an honourable solution and be Christian leaders.

എത്രയധികം അമേരിക്കൻ ഭദ്രാസനകാര്യങ്ങളിൽ നിന്ന് അകന്നു നില്ക്കാമോ അത്രയധികം മാർ മക്കാറിയോസ് അകന്നുനിന്നു. എത്രയധികം അകന്നു നിന്നുവോ അതിലധികം തന്റെ തലയിലേക്ക് സകല പരാതികളും ഇടുകയും പ. ബാവാ കൂടെക്കൂടെ തന്നെ ഭീഷണിപ്പെടുത്തുകയും ചെയ്തുതുടങ്ങി. സഹനത്തിനും ഒരു പരിധി ഇല്ലേ? 1993 നവംബറിൽ അദ്ദേഹം എൽമണ്ടു പള്ളിക്കാരുടെ ക്ഷണം സ്വീകരിച്ച് പരുമലപ്പെരുനാളിനു അവിടെ നേതൃത്വം നല്കിയതിന്റെ റിപ്പോർട്ടാണ് മുകളിൽ കാണുന്നത്. ആ റിപ്പോർട്ടിൽ ഒരു ജൂനിയർ മെത്രാൻ സീനിയർ സഹോദര ബിഷപ്പിനെതിരെ കേസു കൊടുത്തതിനെ പല സാമൂഹ്യ നായകന്മാരും അപലപിച്ചു സംസാരിച്ച കാര്യവും മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു.

The Malankara Orthodox Syrian Church

CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS II
CATHOLICOSE OF THE APOSTOLIC THRONE OF ST. THOMAS AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686038
KERALA, INDIA

No. 145 / 94

16 - 07 - 1994

In the name of the Father, Son and the Holy Ghost, Blessings to our

beloved Revd. Fr. C. M. Alexander, 6923 17th Avenue, Hyattsville, M. D 20783 - 2952., U. S. A.

Dearly beloved Achen,

We have been deeply pained by the reports that have come to us from your Diocesan Metropolitan, His Grace Mathews Mar Barnabas, Metropolitan of the Diocese of America, about your unpriestly and unconstitutional conduct in the following matters.

1. It is reported that while serving as officiating priest of St. Mary's Orthodox Church, Brooklyn, New York, in the Diocese of America, you cancelled at a few day's notice, the Sunday service of your parish on October 24, 1993, on the plea that His Grace Thomas Mar Makarios had called you to go and see him.

2. It is reported that on October 24, 1993 when the Diocesan Metropolitan came to celebrate Holy Qurbana in the St. Gregorios Orthodox Church in Queens, you did not let him do so, but celebrated the liturgy yourself, which is in violation of the canons of the church, according to which a priest can function only as the Bishop's vicar or designate and only with his permission.

3. It is reported that you defied and violated Kalpana No. 182/ 93 dated October 24, 1993 from the Metropolitan of the Diocese of America forbidding you to exercise any priestly functions in the parish without the written consent of the diocesan bishop, by celebrating Holy Qurbana the next Sunday, 31st October 1993.

4. It is reported that you did not obey the other item in the above Kalpana No. 182/93 asking you to give your response to the charges against you before 13th November 1993. A second request in Kalpana No. 202/ 93 dated November 17, 1993, to file your answer before the 4th of December 1993 was also disobeyed by you.

5. It is reported that you in defiance and violation of the Diocesan Metropolitan's orders, celebrated Holy Qurbna in the above parish on November 21st and 28th, 1993.

6. It is reported that you have violated again the Kalpana No. 210/93 dated December 6th suspending you, pending full enquiry, from exercising any priestly ministry in that parish or in any other parishes of the Diocese of America, by continuing to exercise your priestly ministry and celebrating Holy Qurbana in that church.

7. It is reported that on March 6th, 1994, in violation of all canonical authority, you have held a general body meeting of the parish.

Your insubordination to the Bishop and to the canonical authority in your diocese is evident. You are hereby requested to give your answer to the above charges to us before August 30th, 1994. Pending your reply and further investigation if necessary, you are hereby suspended from all your priestly functions, and debarred from celebrating the liturgy or otherwise exercising any priestly ministry in any of the parishes of the Malankara Orthodox Syrian Church in India or abroad and specifically and particularly in either the Diocese of America or in the Diocese of Canada - U. K. - Europe. Any bishop, priest or lay persons associating with you in your violation of the canonical structure of the church also will be appropriately dealt with.

May God grant you repentance and humility to come back to the way of the Lord.

Yours in Christ,

(sd)

BASELIOS MARTHOMA MATHEWS II
Catholicos of the East and Malankara Metropolitan

3

എൽമണ്ട് കത്തുന്നു (1993)

മാർ മക്കാറിയോസ് തിരുമേനിക്ക് എന്നും ഇന്നും പ്രിയങ്കരമായ ഒരു ഇടവകയാണ് ക്യൂൻസ് കൗണ്ടിയിലുള്ള എൽമണ്ട് സെന്റ് ഗ്രീഗോറിയോസ് ഇടവക. മക്കാറിയോസിനോടൊപ്പം വളർന്ന ഒരു ഇടവക. അദ്ദേഹത്തിന്റെ ഉയർച്ച - താഴ്ചകളോടൊപ്പം ഉയരാനും താഴാനും അവർ സന്നദ്ധരാണ്. ന്യൂയോർക്കിലെ എല്ലാ പള്ളികളും അദ്ദേഹത്തെ അളവറ്റു സ്നേഹിക്കുന്ന ഇടവകകളാണെങ്കിലും എൽമണ്ട് പള്ളിയിൽ എത്തുമ്പോൾ അദ്ദേഹത്തിനു ലഭിക്കുന്ന സ്നേഹവും കരുതലും സമാധാനവും മറ്റു പള്ളികളേക്കാൾ ഉയർന്നു നിന്നിരുന്നു. യേശുക്രിസ്തുവിന് ബഥാന്യ ഭവനം പോലെ വിശ്രമത്തിനും ആശ്വാസത്തിനും അദ്ദേഹം പ. പരുമലത്തിരുമേനിയുടെ ഈ ഇടവകയിലേക്കാണ് ആദ്യം ഓടി എത്താറുള്ളത്.

ഈ പരസ്പര സ്നേഹവും കരുതലുമാണ്, മാർ മക്കാറിയോസിന്റെ കാര്യത്തിൽ പ. ബാവായും സുന്നഹദോസും സഭാനേതൃത്വവും അവലംബിച്ച വഞ്ചനാനയത്തിൽ ആ ഇടവകയെ പൊട്ടിത്തെറിപ്പിച്ചത്. അമേരിക്കൻ ഭദ്രാസനത്തിൽ നിന്നുള്ള തിരുമേനിയുടെ വിടവാങ്ങലും പുതിയ മെത്രാപ്പോലീത്തായുടെ വരവും ആ ഇടവകയെ എന്തെന്നില്ലാതെ അലോസരപ്പെടുത്തി. അവരുടെ ഹൃദയത്തിൽ പുകഞ്ഞു നീറിയ അഗ്നിപർവ്വതത്തിന്റെ പൊട്ടലും ചീറ്റലും പള്ളിയിലും പ്രതിധ്വനിച്ചു തുടങ്ങി. പള്ളി ട്രസ്റ്റി മാത്യു വർഗ്ഗീസ്, സെക്രട്ടറി ഈപ്പൻ കാലായിൽ തുടങ്ങി പള്ളി ക്കമ്മിറ്റി മുഴുവനും ഒരേ ഹൃദയത്തോടും ആത്മാവോടും പ്രതിഷേധ ധ്വനിയിൽ പങ്കെടുത്തു. എൽമണ്ട് പള്ളി പുകയുന്നു എന്ന് അറിഞ്ഞ ക്ഷണത്തിൽ വികാരി ബ. ശമുവേലച്ചൻ തന്റെ സ്വാധീനം ചെലുത്തി പതിനൊന്ന് ഇടവകാംഗങ്ങളെ അവരിൽ നിന്ന് അടർത്തിമാറ്റി അദ്ദേഹത്തിന്റെ ചാക്കിൽ കയറ്റിയതോടെ പള്ളിയിൽ പ്രതിഷേധം അണപൊട്ടി. അവർ പൊതുയോഗത്തിൽ പാസ്സാക്കിയ പ്രമേയം കാണുക:

ST. GREGORIOS ORTHODOX CHURCH OF INDIA, INC.
QUEENS
987 Elmont Road, N. Valley Stream, New York 11580
(516) 285-4147

February 28, 1993

His Holiness Moran Mar Baselios Marthoma Mathews II
Malankara Metropolitan, Catholicate Place
Devalokam, Kottayam
Kerala, India, 686004

Your Holiness:

We have been directed by the General Body of St. Gregorios Orthodox Church of India, Queens to inform Your Holiness of the following decisions taken at the General Body meeting held on Feb. 28, 1993.

1. The St. Gregorios Orthodox Church of India, Inc, 987 Elmont Road N. Valley Stream, N. Y. 11580 will remain under the Direct Spiritual Jurisdiction of His Holiness Moran Mar Baselios Marthoma Mathews II as the Catholicos of the East of the Malankara Orthodox Church.

2. The St. Gregorios Orthodox Church of India, Inc, 987 Elmont Road N. Valley Stream, N. Y. 11580 will remain under the Direct Spiritual Leadership of H.G. Dr. Thomas Mar Makarios Metropolitan.

3. A Pre - approval of either the Managing Committee or the General Body of the St. Gregorios Orthodox Church of India, Inc., 987 Elmont Road N. Valley Stream, N. Y. 11580 must be obtained prior to the visitation of any Bishops mentioned in Para 1 & 2.

4. As per the previous decision taken in the General Body and the Managing Committee of St. Gregorios Orthodox Church of India, Inc, 987 Elmont Road, N. Vally Stream, N. Y. 11580, the Church Facilities will be made available for H. G. Dr. Thomas Mar Makarios Metropolitan as and when required by His Grace Dr. Thomas Mar Makarios Metropolitan.

5. All Administrative matters of St. Gregorios Orthodox Church of India, Inc. 987 Elmont Road, N. Valley Stream, N. Y. 11580 will remain only under the Direct Jurisdiction, Authority and Decisions of the General Body, Managing Committee and the Governing Body of the above said Church.

All our parishioners continue to pray for your speedy recovery and good health.

Yours in Christ,

Kalayil K. Eapen
Secretary

Mathew Varughese
Treasurer

cc: H. G. Dr. Thomas Mar Makarios
H. G. Mathews Mar Barnabas
Secretary, Holy Episcopal Synod.

എൽമണ്ടു പള്ളിയിലെ അഗ്നിപർവ്വതം പൊട്ടിത്തെറിച്ചത് 1993 ഫെബ്രുവരി 28-നു വികാരി ജേക്കബ് ഫിലിപ്പ് അച്ചന്റെ അദ്ധ്യക്ഷത യിൽ കൂടിയ പൊതുയോഗത്തിലായിരുന്നു. ആ യോഗത്തിലാണ് മുക ളിൽ ചേർത്തിരിക്കുന്ന പ്രമേയം ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കിയത്. ബ. പി. എസ്. ശമുവേൽ അച്ചൻ ചാക്കിൽ കയറ്റിയ പതിനൊന്നു പേർ പൊതുയോഗത്തിൽ മുരളുകയും ഞരങ്ങുകയും ചെയ്തെങ്കിലും ബഹു ഭൂരിപക്ഷത്തിന്റെ മുമ്പിൽ അവർ നിഷ്പ്രഭരായി. അവർ മഹാഭൂരിപ ക്ഷത്തോടെ മുകളിൽ ചേർത്തിരിക്കുന്ന പ്രമേയം പാസ്സാക്കി എടുക്കു കയും ആ പ്രമേയത്തിനനുസൃതമായി സർട്ടിഫിക്കേറ്റ് ഓഫ് ഇൻകോർപ്പ റേഷൻ തിരുത്തുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു. ബ. വികാ രിയുടെ മനസ്സിലെ ആഗ്രഹം എന്തായിരുന്നാലും മെത്രാപ്പോലീത്തായുടെ നിർദ്ദേശങ്ങൾ പാലിക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനായിരുന്നതുകൊണ്ട് അദ്ദേഹം ഭൂരിപക്ഷത്തിന്റെ മുന്നേറ്റത്തിനു മുമ്പിൽ നിന്നു നിഷ്ക്രമിക്ക യുണ്ടായി.

അവർ പ. ബാവാ തിരുമേനിക്ക് പ്രമേയത്തിന്റെ കോപ്പി ഉടൻതന്നെ അയച്ചുകൊടുത്തു. പൊതുയോഗനിശ്ചയപ്രകാരം മാത്യു വറുഗീസ് (ട്രസ്റ്റി), കാലായിൽ ഈപ്പൻ (സെക്രട്ടറി), ബേബി മാത്യു, മൂന്നുതുണ്ടിൽ ജി. ജോൺ, ഡേവിഡ് എം. ഡേവിഡ്സൺ, ആനംകോട്ട് ഒ. ദാനിയേൽ എന്നിവർ ചേർന്ന് ഇൻകോർപ്പറേഷൻ സർട്ടിഫിക്കേറ്റ് മാർച്ച് 10-നു സമ്പാ ദിക്കയും ചെയ്തു. ഇതനുസരിച്ച് പ. ബാവാതിരുമേനി, തങ്ങൾ ആത്മീയ നേതാവായി സ്വീകരിക്കുന്ന മാർ മക്കാറിയോസ് തിരുമേനി എന്നിവരെ ക്കൂടാതെ പൊതുയോഗത്തിന്റെയോ, ഇടവകക്കമ്മറ്റിയുടെയോ മുൻ അനു വാദം കൂടാതെ ഒരു മെത്രാപ്പോലീത്തായേയും ആ ഇടവകയിൽ പ്രവേ ശിപ്പിക്കയില്ലെന്ന് വ്യക്തമാക്കി. ഈ തീരുമാനത്തെ ഞങ്ങൾ സാധൂകരി ക്കുന്നില്ലെങ്കിലും അവരുടെ വികാരത്തെ ഞങ്ങൾ മാനിക്കുന്നു. ആ പൊട്ടി ത്തെറിച്ച വികാരത്തെ മാന്യമായി കൈകാര്യം ചെയ്യുന്നതിനു പകരം എരിതീയിൽ എണ്ണ ഒഴിച്ച് ആളിക്കത്തിക്കാനാണ് മാർ ബർണബാസ് തിരുമേനി ശ്രമിച്ചത്. തുടർന്ന് വികാരി രാജി വച്ചു. ആ ഒഴിവിൽ ബ. എം. ഇ. ഇടുക്കുള കോർഎപ്പിസ്ക്കോപ്പായെ നിയമിക്കുകയും ചെയ്തു.

CERTIFICATE OF AMENDMENT
OF
CERTIFICATE OF INCORPORATION
OF
ST. GREGORIOS ORTHODOX CHURCH OF INDIA, I N C.

under Article 10 of the Religiols Corporation Law.

We, the undersigned, all being 18 years of age or older for the purpose of

amending the Certificate of Incorporation of St. Gregorios Orthodox Church of India, Inc. persuant to Article 10 of the Religious Corporation Law, hereby certify as follows:

1. The name of the Corporation is ST. GREGORIOS ORTHODOX CHURCH OF INDIA, INC, 987 Elmont Road N. Valley Stream, N. Y. 11580.

2. The Certificate of Incorporation was filed by the County clerk of the County of Queens on July 27, 1977 under index number Inc. 3535/ 77.

3. The Certificate of Incorporation was amended by the Certificates of Amendments dated April 24, 1979 and July 20, 1984.

4. The Certificate of Incorporation is amended as follows:

Article EIGHTH - Delete frome paragraph (b) "Subject to the provision of the constitution and By - Law of the Malankara Orthodox Syrian Church, The By - Law of this Corporation and the By - Law of the American Diocese of the Malankara Orthodox Syrian Church, this parish has the power to wit:"

And amend paragraph (b) to read as follows:

Subject to the provision of the By - Laws of this Corporation, this parish has the power to wit:

Add the following Article to be enumerated as Article 13.

Article 13:- Notwithstanding any other provisions of this Incorporation, the following decisions prevail and supersede:

(a) St. Gregorios Orthodox Church of India, Inc., 987 Elmont Road North Valley Stream, N. Y. 11580 will remain under the Direct Spiritual Jurisdiction of His Holiness Moran Mar Baselios Marthoma Mathews II as the Catholicos of the Malankara Orthodox Church.

(b). St. Gregorios Orthodox Church of India, Inc., 987 Elmont Road North Vally Stream, N. Y. 11580 will remain under the Direct Spiritual Leadership of His Grace Dr. Thomas Mar Makarios Metropolitan in U. S. A.

(c). All Administrative matters of St. Gregorios Orthodox Church of India, Inc., 987 Elmont Road, North Valley Stream, N. Y. 11580 will remain only under the Direct Jurisdiction, Authority and Decisions of the General Body Managing Committee and The Governing Body of the above said Church.

5. The above amendments to the Certificate of Incorporation were Authorised by the unanimous votes and consent of the Trustees of the Corporation.

IN WITNESS WHEREOF, We have signed this Certificate this 10 th day of March 1993.

(1) MATHEW VARUGHESE

(2) BABY MATHEW

(3) MOONNUTHUNDIL G. JOHN

(4) KALAYIL EAPEN

(5) DAVID M. DAVIDSON

(6) ANAMKOTTU O. DANIEL

STATE OF NEW YORK)

COUNTY OF QUEENS) SS.

On the 10th day of March, 1993, before me personally came MATHEW VARUGHESE, BABY MATHEW, MOONUTHUNDIL G. JOHN, KALAYIL EAPEN, DAVID M. DAVIDSON and ANAMKOTTU O. DANIEL, to me known to be the individuals described in and who executed the foregoing instrument, and acknowledged that they executed the same.

(sd)

Notary Public

HERBERT L. KHAN
Notary Public, State of New York
No. 41 - 7137650
Qualified in Queens County
Commission Expires June 30, 1994

MALANKARA ORTHODOX SYRIAN CHURCH
DIOCESE OF AMERICA, I N C.
80 - 34 COMMONWEALTH B L V D.
BELLEROSE. N. Y. 11426
PHONE: (718) 470 - 9844 FAX: (718) 470 - 9219

PRESIDENT — SECRETARY
HIS GRACE MATHEWS MAR BARNABAS — REV. F R. PAULOSE ADAI
DIOCESAN METROPOLITAN

166/ 93 — Oct 14, 1993

Blessings to the Vicar, office - bearers and members of the St. Gregorios Orthodox Church of India, Queens Inc. 987 Elmont Rd, North Valley Stream,

New York 11580.

Dearly beloved,

As per the continued request from Rev. Fr. Jacob Philip, the Vicar of that church, we relieve him from the responsibilities of vicarship and appoint Very. Rev. Dr. M. E. Idiculla Corepiscopa, 41 West View Crescent, Geneseo, NY 14454 - 1011, as the vicar of that church until further orders. This order will come into effect from 18th October 1993 onwards. He is to be given the same remuneration, and all cooperation and respect.

We appreciate the sincere services of Rev. Fr. Jacob Philip rendered to that parish for so many years. The vicar is asked to hand over all the keys, records and documents to the new vicar.

I will be celebrating Holy Qurbana in that church on Sunday October 24th, 1993.

May the mercies and blessings of God Almighty be showered upon us all.

(sd)

Our Father who art in heaven.....

വളരെ പ്രതിഷേധവും വികാരവും തുടിച്ചുനിന്ന ഒരന്തരീക്ഷത്തിൽ എൽമണ്ട് ഇടവകക്കാർ, ഇടവകപ്പൊതുയോഗത്തിൽ എടുത്ത തീരുമാനം അറിഞ്ഞപാടെ ജനങ്ങളേക്കാൾ കൂടുതൽ പൊട്ടിത്തെറിച്ചത് ഇടവക മെത്രാപ്പോലീത്താ ആയിരുന്നു. സ്വതേ സൗമ്യനും ശാന്തശീലനും വഴക്കിലും വക്കാണത്തിലും ചെന്നുപെടാൻ ആഗ്രഹമില്ലാത്ത സമാധാന പ്രിയൻ എന്നറിയപ്പെട്ടിരുന്ന തിരുമേനി, ഈ സമയം അവരുടെ വികാരത്തെ മാനിച്ചുകൊണ്ട് അവരെ വിളിച്ച് അവരുടെ തീരുമാനത്തിൽ വന്ന തെറ്റുകളെ സ്നേഹബുദ്ധ്യാ ചൂണ്ടിക്കാട്ടി തിരുത്തിയിരുന്നെങ്കിൽ അതായിരുന്നു കാമ്യം എന്ന് തോന്നുന്നു. സർവ്വസ്വതന്ത്രരായി, അമേരിക്കയിൽ ജീവിക്കുന്ന ഒരു സമൂഹത്തെ മലങ്കരസഭാ ഭരണഘടനയിലൂടെ തനിക്കു ലഭിച്ച അധികാരം എടുത്തു പ്രയോഗിക്കയും ഹൃദായക്കാനോൻ ഉദ്ധരിച്ച് ആ ഉമ്മാക്കി കാട്ടി ഭയപ്പെടുത്തുകയും ചെയ്തതാണ് സംഗതികൾ വീണ്ടും വഷളാക്കിയത്. "ആ ഇടവകയുടെ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയ്തതെല്ലാം തിരുത്തി പതിനഞ്ചു ദിവസത്തിനകം സമാധാനം ബോധിപ്പിക്കുന്നില്ലെങ്കിൽ മലങ്കരസഭാ ഭരണഘടനാ വകുപ്പുകൾ അനുസരിച്ചും ഇൻകോർപ്പറേഷൻ നിയമങ്ങൾ അനുസരിച്ചും അവരുടെ പേരിൽ നാം നടപടികൾ എടുക്കുവാൻ നിർബന്ധിതനായിത്തീരുന്നതാണ്" എന്ന് ഭീഷണിപ്പെടുത്തുകയാണ് ചെയ്തത്.

രണ്ടുപേരൊഴികെ, കമ്മിറ്റിയുടെയോ പൊതുയോഗത്തിന്റെയോ അനുവാദം കൂടാതെ ഇനി ഒരു വൈദികസ്ഥാനിയേയും അവിടെ പ്രവേശിപ്പിക്കയില്ല എന്നുള്ള വിവരം അവർ ഇടവകമെത്രാപ്പോലീത്തായെയും അറിയിച്ചിരുന്നെങ്കിലും, അതിനെ മറികടന്ന് തന്റെ അധികാരത്തോടെയാണ് ബ. എം. ഇ. ഇടുക്കള അച്ചനെ അവിടേക്ക് ഉടൻ നിശ്ചയിച്ചത്. അച്ചന് മുൻ വികാരിക്കു കൊടുത്ത ശമ്പളവും, സഹകരണവും സ്നേഹവും കൊടുത്തുകൊള്ളണമെന്ന് തിരുമേനി കല്പന അയച്ചപ്പോൾ അവ കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്നോ എന്തോ? ഈ കല്പനകളും താക്കീതുകളും തിരുമേനി സ്വയം എഴുതി എന്ന് ആരും വിശ്വസിക്കുന്നില്ല. ബ. പി. എസ്. ശമുവേലച്ചൻ എഴുതിയ കല്പനകളുടെ അടിയിൽ തിരുമേനി തുല്യം ചാർത്തി എന്നു പറയപ്പെടുന്നു. ആർക്കറിയാം?

ബർണബാസ് തിരുമേനി ഇടവകയ്ക്ക് ഇങ്ങനെ എഴുതി:

നിങ്ങളുടെ അറിവിലേക്കു നാം ഇതെഴുതുന്നു. ബലഹീനനായ നമ്മെ ഇവിടെ നിയമിച്ചാക്കിയത് നിങ്ങളല്ല. അമേരിക്കാ മെത്രാസനത്തിന്റെയും അതിലെ ഇടവകകളുടെയും മെത്രാപ്പോലീത്തായായി അവരോധിച്ചത് നിങ്ങളുടെ ബോർഡല്ല. നേരെമറിച്ച് നിങ്ങളുടെ ഭരണസമിതിയെ അവിടെ നിയമിച്ചത് മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ആണ് എന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം. നിങ്ങൾക്കു നമ്മുടെമേൽ അധികാരം ഇല്ല. നാം നിങ്ങളുടെയെല്ലാം ആത്മീയ പിതാവാണ്.

പ്രിയരെ! ആ ഇടവകയുടെ Board of Trustees അംഗങ്ങളായ മാത്യു വർഗീസ്, ബേബി മാത്യു, മൂന്നുതുണ്ടിൽ ജി. ജോൺ, കാലായിൽ ഈപ്പൻ, ഡേവിഡ് എം. ഡേവിഡ്സൻ, അനാംകോട്ടു ഡാനിയേൽ എന്നിവർ സഭാഭരണഘടനയേയും ഇടവകയുടെ നിയമങ്ങളേയും മറികടന്നു പ്രവർത്തിച്ചിരിക്കുന്നു. നിയമവിരുദ്ധമായി ഇവർ ചെയ്തതെല്ലാം തിരുത്തി 15 (പതിനഞ്ച്) ദിവസങ്ങൾക്കകം അവർ സമാധാനം ബോധിപ്പിക്കുന്നില്ല എങ്കിൽ മലങ്കരസഭാ ഭരണഘടനാവകുപ്പുകൾ അനുസരിച്ചും Incorporation നിയമങ്ങൾ അനുസരിച്ചും അവരുടെ പേരിൽ നാം നടപടികൾ എടുക്കുവാൻ നിർബന്ധിതനായി തീരുന്നതാണ്. ആയതിനാൽ അനധികൃതമായി നിങ്ങൾ ചെയ്ത നടപടികൾ തിരുത്തി നമ്മെ വിവരം അറിയിക്കണം. ദൈവം തമ്പുരാൻ നിങ്ങൾക്കേവർക്കും അനുഗ്രഹങ്ങളും സമാധാനവും തിരിച്ചറിവും നല്കി രക്ഷിക്കുമാറാകട്ടെ എന്നു നാം പ്രാർത്ഥിക്കുന്നു. നിങ്ങളുടെ ഏവരുടെയും സമക്ഷത്ത് താഴ്മയുള്ളവനും, എന്നാൽ നമ്മുടെ കർത്താവിന്റെ മുമ്പിൽ ചുമതലാബോധമുള്ളവനും എന്ന നിലയിൽ നാം നിങ്ങളെ ഉൽബോധിപ്പിക്കുന്നു. നിങ്ങളെ സഭയുടെ ഉത്തമ സന്താനങ്ങളും നമ്മുടെ കർത്താവിന്റെ മുന്തിരിത്തോപ്പിൽ ഉത്തമദാസന്മാരും ദൈവരാജ്യത്തിൽ അവകാശികളുമായി കാണുവാൻ നാം കാംക്ഷി

ക്കുന്നു. നിങ്ങൾ തിന്മയെ വെറുക്കുന്നവരും സത്യവിശ്വാസത്തിന്റെ കാവൽഭടന്മാരും ഉത്തമസന്താനങ്ങളും ആയിരിക്കണം. നിങ്ങളെ വിളിച്ചവൻ വിശ്വസ്തൻ, അവൻ സർവ്വവും നിറവേറ്റും.

പരിശുദ്ധനായ പരുമലത്തിരുമേനിയുടെ പ്രാർത്ഥന നിങ്ങൾക്കു കോട്ടയും അഭയസ്ഥാനവുമായിരിക്കട്ടെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആയതു ദൈവമാതാവായ വിശുദ്ധ കന്യകമറിയാമ്മിന്റെയും പരിശുദ്ധനും നമ്മുടെ കാവൽപിതാവുമായ വിശുദ്ധ തോമ്മാശ്ലീഹായുടേയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമീൻ.

ആകാശത്തിലുള്ള ബാവാ..... ഇത്യാദി.

(ഒപ്പ്)

എൽമണ്ടിൽ ഒരു വൻ പ്രതിഷേധം ആളിക്കത്തി

കാരണം കാണിക്കൽ നോട്ടീസിലേക്കും ശിക്ഷണനടപടി ഭീഷണിയിലേക്കും മാർ ബർണബാസ് കടന്നതോടെ പള്ളിക്കാരിൽ വർദ്ധിച്ച വീറോടെ വികാരപ്രകടനങ്ങൾ ആളിക്കത്തിയതാണ് മെത്രാപ്പോലീത്തായ്ക്കു കാണാൻ കഴിഞ്ഞത്.

പുതിയ വികാരി ഇടുക്കുള അച്ചനെ നിയമിച്ച വിവരം അറിഞ്ഞപാടെ അവരുടെ ചിന്താധാരകളോട് യോജിച്ചുപോകുമെന്ന് അവർ വിശ്വസിച്ച ഒരു സി. എം. അലക്സാണ്ടർ അച്ചനെ അവരുടെ ആത്മീയ നേതൃത്വത്തിന് അവർ വികാരി സ്ഥാനത്തേക്ക് സ്വീകരിക്കുകയും ചെയ്തു.

ബ. ഇടുക്കുള കോർഎപ്പിസ്ക്കോപ്പായുടെ നിയമനത്തെ അരക്കിട്ടുറപ്പിക്കുന്നതിനാണ് ആ നിയമന കല്പനയിൽ ഒക്ടോബർ 24 ഞായറാഴ്ച മാർ ബർണബാസ് മെത്രാപ്പോലീത്താ തന്നെ ആ പള്ളിയിൽ കുർബ്ബാന ചൊല്ലുമെന്ന് പള്ളിക്കാരെ അറിയിച്ചത്.

ആ തീരുമാനം അതിലേറെ പ്രതികരണങ്ങളിലേക്ക് പള്ളിക്കാരെ തള്ളിവിട്ടു. അല്പം സാവകാശത്തിൽ കാര്യങ്ങൾ നീക്കാൻ ഉള്ള സംയമനം പാലിച്ചിരുന്നെങ്കിൽ ആ പള്ളിക്കാരെ മെരുക്കി എടുക്കാമായിരുന്നു. ഒന്നുകിൽ ഭീഷണികളും, കല്പനകളും നടപ്പിൽ വരുത്താനുള്ള കെല്പുണ്ടാവണം, അല്ലെങ്കിൽ സമാധാനപാത തെരഞ്ഞെടുക്കണം. എരിതീയിൽ എണ്ണ ഒഴിച്ച് ആളിക്കത്തിച്ച ശേഷം മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് പള്ളി പിടിച്ചെടുക്കാൻ അനുച

രന്മാരൊടൊന്നിച്ച് എൽമണ്ട് പള്ളിയിലേക്ക് ചെന്ന മെത്രാപ്പോലീത്തായെ എതിരേറ്റത് പൂട്ടിയ കവാടങ്ങളും, കറുത്ത കൊടികളും ഗോ ബായ്ക്ക് പ്ലാക്കാർഡുകളും ആയിരുന്നുവെന്നുള്ളത് മലങ്കരസഭയ്ക്കു അഭിമാന മല്ല. ഒന്നുകിൽ ആ തീക്കുണ്ഡത്തിലേക്കുള്ള യാത്ര അദ്ദേഹം ഒഴിവാ ക്കണമായിരുന്നു. അല്ലെങ്കിൽ ഗവൺമെന്റു – പോലീസ് സന്നാഹത്തോടെ പള്ളിയിൽ കടക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണമായിരുന്നു (ഇതേ അവസ്ഥയാണ് ജോയി പൈങ്ങോലി അച്ചന്റെ പള്ളിയിലും അരങ്ങേറി യത്). ഈ നാണംകെട്ട അവസ്ഥയിൽ പരാജയമടഞ്ഞ മെത്രാപ്പോലീത്താ സ്വന്തം കൈപ്പടയിൽ പ. ബാവായ്ക്കും ഭദ്രാസനത്തിലെ അച്ചന്മാർക്കും എഴുതിയ കത്തുകളിതാ:

183/93

To,

H. H. The Catholicos of the East

May it please your Holiness,

ഇന്നലെ (Oct 24) ഞാൻ Elmontലുള്ള ക്യൂൻസ് സെന്റ് ഗ്രീഗോറി യോസ് പള്ളിയിൽ രാവിലെ 9 മണിക്ക് പുതിയ വികാരി ബ. ഇടിക്കുള കോറെപ്പിസ്ക്കോപ്പാ അച്ചനോടുകൂടെ പോയിരുന്നു. പള്ളിക്കാരിൽ കുറെ പ്പേർ ഗേറ്റ് അടച്ച് കാവലായി നിന്നിരുന്നു. കരിങ്കൊടികളും Mar Barnabas go back എന്ന placard ഉം ഉണ്ടായിരുന്നു. ബ. ഇടിക്കുള അച്ചൻ ഗേറ്റിൽ ചെന്ന് അദ്ദേഹത്തിനും എനിക്കും പ്രവേശനം നൽകണമെന്ന് ആവശ്യ പ്പെട്ടു. അവർ സമ്മതിച്ചില്ല. ഞാനും ചെന്ന് ഗേറ്റ് തുറക്കാത്തതെന്താ ണെന്ന് ചോദിച്ചപ്പോൾ അത് അവരുടെ പ്രോപ്പർട്ടി ആണെന്നും, ബാവാ തിരുമേനിയെ അവർ വിവരം ധരിപ്പിച്ചിട്ടുണ്ടെന്നും, അവരുടെ പൊതു യോഗം തീരുമാനിച്ചാലേ എനിക്ക് പ്രവേശനം നൽകുകയുള്ളൂ എന്നും അവർ പറഞ്ഞു. ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ എന്റെ കല്പന നിങ്ങളുടെ തീരുമാനങ്ങളെയെല്ലാം റദ്ദാക്കുന്നതാണെന്നും, കഴിഞ്ഞ ഞായറാഴ്ച എന്റെ വരവിനെക്കുറിച്ച് പള്ളിയിൽ കല്പന മുഖാ ന്തരം അനൗൺസ് ചെയ്തതാണെന്നും വി. കുർബ്ബാന ചൊല്ലാനാണ് ഞാൻ വന്നതെന്നും അവരോട് പറഞ്ഞു. അവർ ഞാൻ പറഞ്ഞതിനെ സ്വീകരിക്കാഞ്ഞതിനാൽ ഞാൻ മടങ്ങിപ്പോന്നു. അപ്പോൾ എന്റെ കൂടെ യുണ്ടായിരുന്ന കൗൺസിൽ മെമ്പർ കെ. റ്റി. ഇടിക്കുളയെയും എന്നെ കൊണ്ടുവന്ന പാപ്പച്ചനെയും അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തുകയു ണ്ടായി. നമ്മുടെ കുറെ ആളുകളും ഇടിക്കുള അച്ചനും ഞാനും അരമന യിൽ വന്ന്, ഇടിക്കുള അച്ചൻ വി. കുർബ്ബാന അർപ്പിച്ചു. തുടർന്ന് ബാവാ തിരുമേനി ക്യൂൻസ് പള്ളിക്ക് അയച്ച കല്പന വായിച്ചു.

ഇന്നലെ (Oct 24) ബ. സി. എം. അലക്സാണ്ടർ അച്ചൻ ക്യൂൻസ് പള്ളിയിൽ വി. കുർബാന ചൊല്ലിയതായി അറിഞ്ഞു. അദ്ദേഹം ആ പള്ളിയിൽ കൂദാശകൾ നടത്തുകയോ പള്ളിക്കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യരുതെന്നും, അതിന് വിപരീതമായി പ്രവർത്തിച്ചാൽ ശിക്ഷണ നടപടി എടുക്കുന്നതാണെന്നും പറഞ്ഞ് ഞാൻ കല്പന അയയ്ക്കുന്നുണ്ട്. ഇന്ന് ഫോണിൽ സംസാരിച്ചപ്പോൾ വിഘടിച്ചു നിൽക്കുന്ന അച്ചന്മാരുടെ മേൽവിലാസം വേണമെന്ന് പറഞ്ഞല്ലോ. അവരുടെ മേൽവിലാസം താഴെ ചേർക്കുന്നു.

1) Rev. Fr. C. Johnson
2) Rev. Fr. Joy Sleeby
3) Rev. Fr. K. C. Mathews
4) Rev. Fr. Yesudasan Pappan
5) Rev. Fr. C. M. Alexander

എതിരായി പ്രവർത്തിക്കുന്നവരിൽ ഒരു പ്രധാനിയാണ് താഴെ പറയുന്ന ശെമ്മാച്ചൻ. മക്കാറിയോസ് തിരുമേനി റിസൈൻ ചെയ്തശേഷം പട്ടംകൊടുത്ത ആളാണ്.

Rev. Dn. George Mathew.

മേൽപറഞ്ഞ അച്ചന്മാരെക്കുറിച്ച് ചില കാര്യങ്ങൾ അറിയിക്കട്ടെ.

1) ജോൺസണച്ചന്റെ പള്ളിയിൽ (St. Mary's O. Church Philadelphia) വി. കുർബാനയിൽ എന്റെ പേര് ഓർക്കുന്നില്ല. മെത്രാസനഭോഗങ്ങൾ തരുന്നില്ല. എന്റെ കല്പനകൾ വായിക്കുന്നില്ല.

2) ജോയി സ്ലീബി അച്ചൻ മക്കാറിയോസ് തിരുമേനിയുടെ കീഴിലാണെന്നും, അതുകൊണ്ട് New Jersy St. Mary's Orthodox Church-ൽ വി. കുർബ്ബാന ചൊല്ലാൻ സാധിക്കയില്ലെന്നും പറഞ്ഞുപോയ ആളാണ്. ഞാൻ കല്പന അയച്ചിട്ട് മറുപടി കിട്ടാത്തതിനാൽ അമേരിക്കൻ മെത്രാസനത്തിൽ നിന്നും ഒഴിവാക്കിയതായി കല്പന കൊടുത്തിരിക്കയാണ്. അദ്ദേഹത്തെ അഭിവന്ദ്യ മക്കാറിയോസ് തിരുമേനി ക്യൂൻസ് പള്ളിയിലേക്കു അയച്ചെന്ന് വരാം. അല്ലെങ്കിൽ പള്ളിക്കാർ നേരിട്ട് അദ്ദേഹത്തെ കൊണ്ടുവന്നെന്നും വരാം. ക്യൂൻസ് പള്ളിയിൽ ഇടപെടരുതെന്ന് അദ്ദേഹത്തോടു ബാവാ തിരുമേനി കല്പിച്ചാൽ നന്നായിരിക്കും.

3) കെ. സി. മാത്യൂസ് അച്ചനെക്കുറിച്ച് (തിരുമേനിയുടെ സഹോദരൻ) പറയേണ്ടതില്ലല്ലോ. ഏതു കാര്യത്തിനും അദ്ദേഹത്തെ ഉപയോഗിച്ചെന്ന് വരാം.

4) യേശുദാസൻ പാപ്പനച്ചൻ സകലത്തിലും മക്കാറിയോസ്

തിരുമേനിക്ക് പിൻതുണ നൽകുന്ന ആളാണ്. പള്ളിക്കാര്യങ്ങളിൽ വിഘ ടിച്ചില്ലെന്ന് മാത്രം. അദ്ദേഹത്തെ ക്യൂൻസ് പള്ളിയുടെ വികാരിയാക്കുന്ന കാര്യം ബാവാ തിരുമേനി ഫോണിൽ പറഞ്ഞല്ലോ. അങ്ങനെ ചെയ്യണ മെന്നുണ്ടെങ്കിൽ ക്യൂൻസ് പള്ളിയുടെ ഇൻകോർപ്പറേഷൻ ശരിപ്പെടുത്തു കയും, എന്നെ ഇടവക മെത്രാപ്പോലീത്താ ആയി സ്വീകരിക്കുകയും ചെയ്തിട്ടു വേണം.

5) സി. എം. അലക്സാണ്ടർ അച്ചനെ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം ഞാൻ Washington St. Thomas പള്ളിയിലെ വികാരി സ്ഥാന ത്തുനിന്നും മാറ്റിയതാണ്. അനന്തരം അദ്ദേഹത്തെ Brooklyn St. Mary's Orthodox Church ലെ officiating priest ആയി നിയമിച്ചിരിക്കയാണ്. ആ ചുമതലയനുസരിച്ച് Oct 24-നു അദ്ദേഹം Brooklyn St. Mary's-ൽ വി. കുർബ്ബാന ചൊല്ലേണ്ടതായിരുന്നു. അതിന് സൗകര്യപ്പെടുന്നതല്ലെന്ന് രണ്ടു ദിവസം മുമ്പു പള്ളിക്കാരോട് പറഞ്ഞാണ് ക്യൂൻസ് പള്ളിയിൽ പോയി എനിക്കെതിരായി വി. കുർബ്ബാന ചൊല്ലിയത്. Brooklyn പള്ളി യിൽ വി. കുർബ്ബാന ചൊല്ലാൻ സാധിക്കയില്ലെന്ന വിവരം എന്നെ അറി യിച്ചിരുന്നില്ല.

ക്യൂൻസ് പള്ളിയിലെ board of trustees ൽ എനിക്ക് എതിരായി പ്രവർ ത്തിക്കുന്നവരുടെ അഡ്രസ്സ് താഴെ ചേർക്കുന്നു. ആകെ 9 പേരുള്ളതിൽ താഴെ പറയുന്ന 6 പേരാണ് incorporation amend ചെയ്യുന്നതിന് പ്രവർത്തി ച്ചത്.

1) Mathew Varghese
2) Baby Mathew
3) Moonuthundil G. John
4) Kalayil Eapen
5) David M. Davidson
6) Anamkottu O. David

ഇവരെ ഞാൻ ക്ഷണിച്ചിട്ട് എന്നെ ഇതുവരെയും സമീപിച്ചിട്ടില്ല. ആവ ശ്യമായ ഉപദേശങ്ങളും ശാസനകളും നല്കി ഇവർക്കും എഴുതുന്നത് കൊള്ളാം.

ബാവാ തിരുമേനി പറഞ്ഞതനുസരിച്ച് ഇന്ന് രാവിലെ 10 മണിക്ക് ഞാൻ മക്കാറിയോസ് തിരുമേനിയോട് സംസാരിച്ചു. പഴയ വൈരാഗ്യ മനോഭാവമാണ് കാണുന്നത്. തിരുമേനിക്ക് ക്ഷേമം തന്നെയെന്നാശി ക്കുന്നു.

(ഒപ്പ്)

220/93

To,

The Priests in the American Diocese.

Blessings to my dear Rev. Achans,

അമേരിക്കൻ മെത്രാസനത്തിലെ കേസിന്റെ സാഹചര്യങ്ങൾ വിശദീകരിക്കുന്നതിനാണ് ഇതെഴുതുന്നത്. ഉചിതമായവിധത്തിൽ ഇക്കാര്യങ്ങൾ ആളുകളെ അറിയിക്കുന്നത് നല്ലതാണ്.

പ. ബാവാ തിരുമേനിയെ അമേരിക്കൻ മെത്രാസനത്തിലെ ഭരണത്തിൽ സഹായിക്കുന്നതിന് 1992 മാർച്ചിൽ എന്നെ അയച്ചു. മെത്രാസന കൗൺസിലിന്റെ കാലാവധി തീർന്നിരുന്നതിനാൽ, ഭിന്നിച്ചിരുന്നവരെയും ചേർത്ത്, മെത്രാസന പൊതുയോഗം കൂടിയപ്പോൾ ചിലർ കോടതിയിൽ നിന്നു നിരോധന ഉത്തരവ് കൊണ്ടുവന്നെങ്കിലും, ദൈവാനുഗ്രഹത്താൽ മീറ്റിംഗ് നടന്നു. അത് 1993 ജനുവരിയിലായിരുന്നു. അടുത്ത മാസം എന്നെ ഈ മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി നിയമിച്ചു.

ഈ സന്ദർഭത്തിൽ ചികിത്സക്കായി ഇവിടെ വന്നെത്തിയിരുന്ന ബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ, അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയുമായി യോജിച്ചുപോകുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ചിന്തിച്ച് "I don't want to be an invited guest" എന്ന് മക്കാറിയോസ് തിരുമേനി പറഞ്ഞതിനാൽ, ചർച്ചകൾ അതോടെ അവസാനിച്ചു.

കുറ്റിക്കണ്ടത്തിൽ ബ. സി. എം. അലക്സാണ്ടറച്ചനാണ് നമുക്കെതിരായി കേസ് കൊടുത്തിരുന്നത്. അദ്ദേഹത്തിന്റെ രണ്ടു കേസും തള്ളിപ്പോയി. കേസിന് പണം ചെലവാക്കേണ്ടതായ ഭാരം എന്നിലുണ്ടായി. കേസിന് ആരും ധനസഹായം നൽകാൻ ഇടയായില്ല. ഇതെല്ലാമായിട്ടും ഞാൻ ബ. അലക്സാണ്ടറച്ചന്റെ മേൽ യാതൊരു ശിക്ഷണ നടപടിയും എടുത്തില്ല. ബ്രൂക്ക്ലിൻ സെന്റ് മേരീസ് പള്ളിയിൽ officiating priest ആയി നിയമിക്കുകയും ചെയ്തു.

അടുത്തതായി സെന്റ് ഗ്രീഗോറിയോസിൽ കേസ് ഉണ്ടാകുവാൻ ഇടയായ സാഹചര്യം വിശദീകരിക്കട്ടെ. 1993 ഫെബ്രുവരിയിൽ പൊതുയോഗത്തിൽ ചിലർ ചില പ്രമേയങ്ങൾ പാസ്സാക്കുന്നതിന് ശ്രമിച്ചു. അത് അജൻഡായിൽ ചേർക്കുകയോ, കമ്മിറ്റിയിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ലായിരുന്നു. ഭരണഘടനയ്ക്ക് അത് വിരുദ്ധവുമായിരുന്നു. അതിനാൽ പൊതുയോഗത്തിൽ വായിക്കുന്നതിന് വികാരിയച്ചൻ സമ്മതിച്ചില്ല. അതിനെ പ്രതിഷേധിച്ച് അച്ചൻ മാറിനിന്നു. പൊതുയോഗം അതു പാസ്സാക്കിയെന്ന് പറഞ്ഞ് ട്രഷറാറും സെക്രട്ടറിയും പ. ബാവാ തിരുമേനിക്ക് എഴുതി. അതിന്റെ കോപ്പി എനിക്കും അയച്ചുതന്നു.

പ്രമേയങ്ങളുടെ ചുരുക്കം താഴെ പറയുന്നതാണ്. ഇടവകയുടെ ഭരണാധികാരം ഇടവകക്കാരിൽ നിക്ഷിപ്തമാണ്. ബാവാതിരുമേനിയുടെ ആത്മീയാധികാരത്തിൻ കീഴിലായിരിക്കും. അഭിവന്ദ്യ മക്കാറിയോസ് തിരുമേനി ആത്മീയ നേതാവായിരിക്കും. ബാവാ തിരുമേനിയും മക്കാറിയോസ് തിരുമേനിയും ഒഴിച്ച് മറ്റേതെങ്കിലും മെത്രാപ്പോലീത്താ പള്ളിയിൽ പ്രവേശിക്കണമെങ്കിൽ, പള്ളിക്കാരുടെ അനുമതി ലഭിച്ചിരിക്കണം.

പൊതുയോഗത്തെയോ കമ്മറ്റിയെയോ വികാരിയച്ചനെയോ അറിയിക്കാതെ, അച്ചൻ ഉൾപ്പെടെ 9 പേരുള്ള ബോർഡ് ഓഫ് ട്രസ്റ്റീസിലെ 6 പേർ ചേർന്ന്, കൗണ്ടിയിൽ ഇൻകോർപ്പറേഷനും ബൈലോസും തിരുത്തി. ഇത് മാർച്ച് മാസത്തിലായിരുന്നു. ഇക്കാര്യത്തെക്കുറിച്ച് കൗണ്ടിയിൽ ചെന്നന്വേഷിച്ചപ്പോഴാണ് വിവരം അറിഞ്ഞത്. പിന്നീട് കേസിൽ വിഘടിത ഗ്രൂപ്പ് ബൈലോസ് കൊണ്ടുവന്നപ്പോഴാണ്, അതിൽ വരുത്തിയ മാറ്റങ്ങൾ അറിയാൻ ഇടയായത്. കമ്മിറ്റിക്കാർ വികാരിയച്ചനെ ധിക്കരിച്ച് പലതും പ്രവർത്തിക്കാൻ തുടങ്ങി. ഗത്യന്തരമില്ലാതെ വന്നപ്പോൾ അദ്ദേഹം സ്ഥലംമാറ്റത്തിന് അപേക്ഷിച്ചു.

ബാവാ തിരുമേനി കല്പന അയയ്ക്കാതിരുന്ന സാഹചര്യത്തിൽ, മേൽപറഞ്ഞ പ്രമേയങ്ങൾ ഭരണഘടനാ വിരുദ്ധമാണെന്നും, അവ പാസ്സാക്കിയെന്ന് പറയുന്നത് അസാധുവാണെന്നും, എന്നെ നേരിൽ കണ്ട് സംസാരിക്കുന്നതിന് വരണമെന്നും, ബോർഡ് ഓഫ് ട്രസ്റ്റീസിലെ 6 പേർക്കും, ഞാൻ ഏപ്രിൽ മാസത്തിൽ എഴുതി. അതിന് മറുപടി അയയ്ക്കുകയോ വന്നു കാണുകയോ ചെയ്തിട്ടില്ല.

ഒക്ടോബർ മാസം വരെ ഞാൻ കാത്തിരുന്നു. ആ മാസത്തിൽ ഞാൻ ബ. ജേക്കബ് ഫിലിപ്പച്ചനെ വികാരി സ്ഥാനത്തുനിന്നും മാറ്റി ബ. ഇടിക്കുള കോറെപ്പിസ്ക്കോപ്പാ അച്ചനെ വികാരിയായി നിയമിച്ചു. ആ കല്പനയിൽ തന്നെ, പിറ്റെ ഞായറാഴ്ച ഞാൻ ആ പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതാണെന്ന് പറഞ്ഞിരുന്നു. എന്നാൽ പിറ്റെ ഞായറാഴ്ച (ഒക്ടോബർ 24-നു) ഞാനും പുതിയ വികാരിയച്ചനും കൂടി പള്ളിയിൽ ചെന്നപ്പോൾ, കരിങ്കൊടികളും "Barnabas go back" എന്നെഴുതിയ പ്ലാക്കാർഡുകളുമാണ് കണ്ടത്. ഗേറ്റ് പൂട്ടിയിരുന്നു. പള്ളി അവരുടെ പ്രൈവറ്റ് പോപ്പർട്ടി ആണെന്നും, എന്നെ കയറ്റുകയില്ലെന്നും ചിലർ പറഞ്ഞു. അതിനാൽ ഞങ്ങൾ പിന്മാറി. അന്ന് ആ പള്ളിയിൽ എന്റെ അറിവോ സമ്മതമോ കൂടാതെ, കുറ്റിക്കണ്ടത്തിൽ ബ. സി. എം. അലക്സാണ്ടറച്ചൻ വി. കുർബ്ബാന ചൊല്ലിയതായി അറിഞ്ഞു.

ബ്രൂക്ക്ലിൻ സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാന ചൊല്ലിയിരുന്ന ഈ അച്ചൻ, മക്കാറിയോസ് തിരുമേനി വിളിച്ചതിനാൽ പോകയാ

ണെന്നും, പിറ്റെ ഞായറാഴ്ച ബ്രൂക്ക്ലിൻ പള്ളിയിൽ വി. കുർബ്ബാനയ്ക്ക് വരുന്നതല്ലെന്നും പറഞ്ഞിരുന്നതായി അറിഞ്ഞു.

ഇടവകക്കാരിൽ സഭയുടെ ശിക്ഷണത്തിൽ മുമ്പോട്ടുപോകണമെന്ന് ആഗ്രഹിക്കുന്നവർ കേസ് കൊടുക്കണമെന്ന് തീരുമാനിച്ചു. മെത്രാസന കൗൺസിൽ അത് അംഗീകരിച്ചു. വക്കീലിന്റെ ഉപദേശപ്രകാരം, ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ എനിക്കും കക്ഷി ചേരേണ്ടി വന്നു. ബാവായുമായി സംസാരിച്ചപ്പോഴെല്ലാം, കേസല്ലാതെ മറ്റൊരു പോംവഴി കണ്ടെത്താൻ സാധിച്ചില്ല.

ബ. അലക്സാണ്ടറച്ചൻ മേൽപറഞ്ഞ പള്ളിയിൽ വി. കുർബ്ബാന ചൊല്ലുകയോ ഏതെങ്കിലുംതരത്തിൽ ആ പള്ളിയുടെ കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യരുതെന്ന് പറഞ്ഞ്, അദ്ദേഹത്തിന് കല്പന അയച്ചിട്ടും അത് ലംഘിച്ച് വി. കുർബ്ബാന ചൊല്ലുക മാത്രമല്ല, പൊതുയോഗം വിളിച്ചുകൂട്ടുകയും ചെയ്തു. ഇത് അനധികൃതമാണെന്ന് പറഞ്ഞ ആളെ മറ്റൊരാൾ മർദ്ദിക്കുന്നതിനും ഇടയായി.

അഭിവന്ദ്യ മക്കാറിയോസ് തിരുമേനി ആ പള്ളിയിൽ ശുശ്രൂഷകൾ നടത്തുകയോ, ഏതെങ്കിലുംവിധത്തിൽ ആ പള്ളിക്കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യരുതെന്നു ബാവാതിരുമേനി കല്പനയിൽ കൂടെ കല്പിച്ചിട്ടും, മക്കാറിയോസ് തിരുമേനി അതിനെ ലംഘിച്ചു പ്രവർത്തിക്കുന്നതിൽ ഖേദിക്കുന്നു.

അഭിവന്ദ്യ മക്കാറിയോസ് തിരുമേനിയും, ബ. സി. എം. അലക്സാണ്ടറച്ചനും, ആ പള്ളിയിൽ പ്രവേശിക്കരുതെന്ന് കോടതി താൽക്കാലികമായി ഉത്തരവിട്ടിരിക്കയാണ്. അപ്പലെറ്റു കോടതി ഇതിനെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കയാണ്. ബ. ഇടിക്കുള അച്ചൻ വി. കുർബ്ബാന ചൊല്ലുന്നു.

സഭയുടെ സ്വാതന്ത്ര്യത്തിനും വ്യവസ്ഥാപിത ഭരണത്തിനും വേണ്ടി കഷ്ടമനുഭവിച്ച വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റും പ്രവർത്തനഫലമായി നാം അനുഭവിക്കുന്ന നന്മ കളഞ്ഞുകുളിക്കാതെ നോക്കേണ്ടത് നമ്മുടെ കർത്തവ്യമല്ലേ? ഇടവക മെത്രാപ്പോലീത്താ എന്ന നിലയിൽ പ. സുന്നഹദോസിന്റെ തീരുമാനങ്ങൾക്കു വിധേയമായി, എല്ലാ പള്ളികളെയും ഭരിക്കേണ്ടത് എന്റെ ചുമതലയല്ലേ?

ഈ കേസിലെ പ്രധാന വിഷയങ്ങൾ താഴെ പറയുന്നവയാണ്. ഒരു ഇടവക മെത്രാപ്പോലീത്തായെ തള്ളി, മറ്റൊരു മെത്രാപ്പോലീത്തായുടെ ഭരണം സ്വീകരിക്കുവാൻ, ഇടവകാംഗങ്ങൾക്കു അധികാരമുണ്ടോ? വി. കുർബ്ബാന ചൊല്ലാൻ വരുന്ന ഇടവക മെത്രാപ്പോലീത്തായെ തടയാൻ,

ഇടവകാംഗങ്ങൾക്ക് അധികാരമുണ്ടോ? ഇടവക മെത്രാപ്പോലീത്താ നിയമിച്ച വികാരിയച്ചനെ നിരസിക്കുവാൻ, ഇടവകാംഗങ്ങൾക്ക് അധികാരമുണ്ടോ? പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനത്തിനെതിരായി പ്രവർത്തിക്കുന്നതിന്, ഒരു മെത്രാപ്പോലീത്തായ്ക്കോ, പട്ടക്കാരനോ, ഇടവകാംഗങ്ങൾക്കോ അധികാരമുണ്ടോ? ഇടവകഭരണം ആത്യന്തികമായി ഇടവക മെത്രാപ്പോലീത്തായിലാണോ, ഇടവകാംഗങ്ങളിലാണോ നിക്ഷിപ്തമായിരിക്കുന്നത്? അനധികൃതമായി ഇൻകോർപ്പറേഷനിലും ബൈലോസിലും വരുത്തിയ മാറ്റങ്ങൾ നിലനിർത്തണമോ?

ഈ ശിക്ഷണരാഹിത്യം മറ്റ് ഇടവകകളിലേക്കും, മറ്റു മെത്രാസനങ്ങളിലേക്കും പടർന്ന് പിടിക്കാതിരിക്കുന്നതിന്, നല്ലൊരു വിധി സമ്പാദിക്കേണ്ടതും, സഭാംഗങ്ങൾ ഒറ്റക്കെട്ടായി ഉണർന്ന് പ്രവർത്തിക്കേണ്ടതും ആവശ്യമാണ്.

സ്വാതന്ത്ര്യത്തിന്റെയും സത്യവിശ്വാസത്തിന്റെയും പേരു പറഞ്ഞ് അരാജകത്വവും അനൈക്യവും സൃഷ്ടിക്കുന്നവരുടെ മനസ്സ് തിരിവിനായും, ഇനിയെങ്കിലും ഈ മെത്രാസനം ഐക്യതയിൽ പുരോഗമിക്കുന്നതിന് വേണ്ടിയും, ഏവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

with prayers & all good wishes

Your's in our Lord

(sd)

പ. ബാവാ കരയുന്നു

എൽമണ്ട് പള്ളിയിലെ സംഭവവികാസങ്ങളിൽ സഭാദ്ധ്യക്ഷന്റെ ഹൃദയവേദന 1993 ഒക്ടോബർ 8-ന് ദേവലോകം അരമനയിൽ നിന്ന് അദ്ദേഹം അയച്ച കല്പനയിൽ വ്യക്തമാക്കി. ആ കല്പനയിലെ നീതിസാരങ്ങൾ വായിച്ചാൽ ആരാണ് ചിന്തിക്കാത്തത്? ആ കല്പന മുഴുവനായി ഇവിടെ ചേർക്കുന്നു.

പക്ഷേ ന്യായമായി ഒരു സംശയവും ചോദ്യവും ഇവിടെ ഉദിച്ചു പോകുന്നു. വിമതശല്യത്തെക്കുറിച്ച് മാർ ബർണബാസ് റിപ്പോർട്ടു ചെയ്തപ്പോൾ അവർക്കു കൊടുത്ത താക്കീതും ഈ നീതിസാരവും, മാർ മക്കാറിയോസിനെതിരായി ഒരു പാരലൽ ഭദ്രാസനത്തോളം വളർന്ന വിമതശല്യത്തിനെതിരായി തിരുമേനി എന്തേ ചെയ്യാതിരുന്നത്? അന്ന് എന്തേ ബാവായുടെ ഹൃദയം നീറാഞ്ഞത്? "നിങ്ങൾ വിനയപൂർവ്വം നമ്മുടെ കർത്താവിനു കീഴ്വഴങ്ങിക്കൊണ്ട് തന്റെ തിരുശരീരമായ സഭയുടെ കല്പനകൾക്കു വിധേയമായി പോകണമെന്നും അല്ലെങ്കിൽ സഭയാകുന്ന മുന്തിരിയിൽ നിന്നും ഛേദിക്കപ്പെടുമെന്നും" എന്തേ ഉപദേശിക്കാഞ്ഞത്?

അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനിയെച്ചൊല്ലി അനർഹമായ രീതിയിൽ നിങ്ങൾ വഴക്കുണ്ടാക്കരുതെന്ന് എന്തേ അന്നു പറയാതിരുന്നത്? നിങ്ങളാൽ കഴിവുള്ളതും അതിനപ്പുറവും സഭയുടെ തീരുമാനമനുസരിച്ച് നിയമിതനായ മക്കാറിയോസ് മെത്രാച്ചന് ചെയ്തുകൊടുക്കണമെന്ന് അന്നത്തെ വിമതന്മാരോടെന്തേ ഉപദേശിക്കാൻ മറന്നുപോയത്? "അമേരിക്കൻ മെത്രാസനത്തിന്റെ ഘടകം എന്ന നിലയ്ക്ക് ഭരണകാര്യങ്ങളിൽ ഭദ്രാസന മെത്രാപ്പോലീത്തായ്ക്കല്ലാതെ മറ്റാർക്കും അധികാരമില്ല. അത് അനിഷേധ്യമായ സഭാനിലപാടാണ്, ആരും അതിനു വിധേയമായി മാത്രമേ പോകാൻ സാദ്ധ്യമാകയുള്ളൂ" എന്ന് അന്നത്തെ വിഘടിത പള്ളികൾക്ക് താക്കീതു നല്കുവാൻ പ. ബാവാ തുനിയാതിരുന്നത് എന്തുകൊണ്ട്? ഈ ചോദ്യങ്ങളോടെ തിരുമേനിയുടെ നീതിസാര കല്പന തുടർന്നു വായിക്കാം.

നമ്പർ: 172/93

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ എൽമണ്ട് സെന്റ് ഗ്രീഗോറിയോസ് (ക്യൂൻസ്) പള്ളിവികാരിയും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ വാത്സല്യമുള്ളവരേ,

നിങ്ങൾക്ക് വേണ്ടി പ്രത്യേകിച്ച് അനുദിനം പ്രാർത്ഥിച്ചുകൊണ്ടും, നിങ്ങൾക്കെല്ലാ ക്ഷേമങ്ങളും ആശംസിച്ചുകൊണ്ടും നിങ്ങളുടെ ആത്മീയ പിതാവും, നിങ്ങളെ പരിചരിപ്പാൻ ബാദ്ധ്യസ്ഥനുമായി ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്ന ബലഹീനനായ നാം അടങ്ങാത്ത ഹൃദയ നീറ്റലോടുകൂടി നിങ്ങളെ അറിയിക്കുന്നത്. നിങ്ങളുടെ ഇടവക, വികാരിയെക്കൂടാതെ പൊതുയോഗം കൂടി ചില തീരുമാനങ്ങൾ എടുത്ത് നിങ്ങളുടെ ഇടവക മെത്രാപ്പോലീത്തായായ അഭി. ബർണബാസ് തിരുമേനിയെ ആ പള്ളിയിൽ പ്രവേശിപ്പിക്കുകയില്ലെന്നും അഭി. മക്കാറിയോസ് തിരുമേനിയെയും, കാതോലിക്കാബാവാ എന്ന നിലയിൽ നമ്മേയും പ്രവേശിപ്പിക്കുന്നതിനും തീരുമാനിച്ചുവെന്നും നാം മനസ്സിലാക്കുന്നു. ശരിയാണോ എന്ന് സൂക്ഷ്മമായി അറിയുവാൻ നമുക്കും ആഗ്രഹമുണ്ട്. സഭ നിയമിച്ചിരിക്കുന്ന ഇടവക മെത്രാപ്പോലീത്തായെ അനുസരിക്കാത്ത നിങ്ങൾ

നമ്മെ അനുസരിക്കുന്നു എന്നു പറയുന്നതിൽ ഒരു അർത്ഥവുമില്ല. പ്രിയപ്പെട്ട നമ്മുടെ ആത്മീയരായ കുഞ്ഞുങ്ങളെ! ഒരു കാര്യം പ്രത്യേകം ഓർക്കണം. നമ്മുടെ ഹൃദയം അഗാധമായ ഒരു ശസ്ത്രക്രിയയ്ക്കു വിധേയമായി, അതിൽനിന്നും നാം രക്ഷപ്പെട്ടു വരുന്നതേയുള്ളൂ. ഇപ്പോഴും നമുക്കു പ്രയാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്നാൽ നിങ്ങളുടെ ഇടവകയിലെ ഈദൃശമായ സഭയ്ക്കു ചേരാത്ത പെരുമാറ്റങ്ങൾ മുഖാന്തരം നിങ്ങൾ ബലഹീനനായ നമ്മുടെ ഹൃദയത്തെ കൂടുതൽ വെട്ടിമുറിക്കുകയാണെന്നുള്ള സംഗതി വ്യസനസമേതം വീണ്ടും അറിയിക്കുന്നു. നിങ്ങൾ നമ്മെ ഇപ്രകാരം തീക്കുണ്ഡത്തിൽ താഴ്ത്തുന്നു എന്നു നാം അറിയിക്കട്ടെ. നിങ്ങൾക്കുവേണ്ടി നാം പ്രാർത്ഥിക്കുന്നു. സർക്കാരിന്റെ അധികാരികൾ സഭയേയും അതിന്റെ കാനോനാകളേയും അതിന്റെ ഘടനയേയും ശരിയായി മനസ്സിലാക്കാതെ മറ്റു പരാതികളില്ലെങ്കിൽ സമർപ്പിക്കുന്ന അപേക്ഷകൾക്ക് അത് ആണു സത്യമെന്നു വിചാരിച്ചും ചിലപ്പോൾ തീരുമാനങ്ങൾ ചെയ്തേക്കാം. എന്നാൽ സത്യം അവരെ ധരിപ്പിച്ചുകഴിഞ്ഞാൽ അവർ ചെയ്ത തീരുമാനം മാറ്റി യാഥാർത്ഥ്യങ്ങൾക്കു വിധേയമായി തീരുമാനമുണ്ടാകുമെന്നും ബലഹീനനായ നാം ന്യായമായി പ്രതീക്ഷിക്കുന്നു. ഏവംവിധമുള്ള നടപടികൾ പ. സഭയ്ക്ക് നിരക്കാത്തതും സഭയ്ക്ക് എതിരായിട്ടുള്ള നടപടികളാണെന്നും നിങ്ങൾക്കും സഭയിലെ എല്ലാ ഇടവകക്കാർക്കും, സഭാ വർക്കിംഗ് കമ്മിറ്റി, സഭയുടെ മാനേജിംഗ് കമ്മിറ്റി, സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് (സിനഡ്) ബലഹീനനായ നമുക്കും വളരെ സത്യസന്ധമായി ബോദ്ധ്യമുണ്ട്. നമ്മുടെ സഭയിലെ ഇടവകകൾ, അമേരിക്കൻ രാജ്യങ്ങളിൽ മാത്രമല്ല അറേബ്യ, ഇംഗ്ലണ്ട്, സിംഗപ്പൂർ, മലേഷ്യ, സ്വിറ്റ്സർലണ്ട്, ജർമ്മനി, ഓസ്ട്രിയ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലെല്ലാം ഉണ്ട്. ഉദ്ദേശം 2000 ഈ ഇടവകകളിൽ ഏതെങ്കിലും ഒരു ഇടവകയിലെങ്കിലും നിങ്ങൾ ചെയ്ത തീരുമാനം നടന്നിട്ടുള്ളതായി നമുക്കറിയില്ല. ഇപ്രകാരം ഒരു രീതിയുണ്ടോ? ഉണ്ടായിട്ടുണ്ടോ? ആ പള്ളിയിലുള്ള അംഗങ്ങൾ തന്നെ നമ്മുടെ നാട്ടിലെ പല ഇടവകകളിൽ നിന്നും നിങ്ങൾക്ക് ദൈവം ചൊരിഞ്ഞുതന്ന അനുഗ്രഹങ്ങൾ നിമിത്തം, അമേരിക്കയിൽ പോയി താമസിക്കുന്നതിനും അവിടെ ജോലി ചെയ്യുന്നതിനും ഇന്നു നിങ്ങൾ ആസ്വദിക്കുന്ന സൗകര്യങ്ങളും സാഹചര്യങ്ങളും അവകാശപ്പെടുവാനും ദൈവം കൃപ ചെയ്തു. നിങ്ങൾ വിനയപൂർവ്വം നമ്മുടെ കർത്താവിന് കീഴ്വഴങ്ങിക്കൊണ്ട് നമ്മുടെ കർത്താവിന്റെ തിരുശരീരമായ (എഫേസ്യർ 1:23) തിരുസഭയുടെ കൽപ്പനകൾക്കു വിധേയമായും പോകുന്നതിനു പകരം കർത്താവിനോടും തിരുസഭയോടും എതിർത്ത് ദുഷ്പ്രവണതയിലേക്ക് നീങ്ങുന്ന ഒരു രംഗമാണ് നിങ്ങൾ പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ കർത്താവ് അരുളിചെയ്യുന്നപ്രകാരം ഞാൻ മുന്തിരിവള്ളിയും നിങ്ങൾ

കൊമ്പുകളുമാകുന്നു (സെന്റ് ജോൺ 15:5). ഫലം കായ്ക്കാത്ത കൊമ്പ് മുന്തിരിയിൽ നിന്ന് ഛേദിക്കപ്പെടും, ഛേദിക്കപ്പെടണം, എന്ന് നമ്മുടെ കർത്താവ് അരുളിചെയ്തിട്ടുണ്ട്. ആകയാൽ നിങ്ങൾ ചെയ്തിട്ടുള്ള അസഹനീയമായ ഈ തെറ്റുകൾ തിരുത്തി മുമ്പേ നിങ്ങൾ ആയിരുന്നതുപോലെ സഭയുടെ ഘടനകൾക്ക് വിധേയമായി പോകണമെന്ന് നാം നിങ്ങളെ നിങ്ങളുടെ ആത്മീയ പിതാവെന്ന നിലയിൽ നിർദ്ദേശിച്ച് നിഷ്കർഷിക്കുന്നു. അഭി. മക്കാറിയോസ് തിരുമേനിയെച്ചൊല്ലി, അനർഹമായ നിലയിൽ നിങ്ങൾ വഴക്കുണ്ടാക്കി പോകുന്നത് തിരുമേനിക്ക് ഇഷ്ടമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹത്തെ ബലഹീനനായ നാം സ്നേഹിക്കുന്നതുപോലെ ആരെങ്കിലും സ്നേഹിക്കുന്നുണ്ടെന്നു നമുക്കു വിശ്വാസമില്ല. അദ്ദേഹം മറ്റേവരെയുംകാൾ നമ്മെ സ്നേഹിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. സഭയുടെ തീരുമാനം അനുസരിച്ച് അദ്ദേഹം പുതിയ മെത്രാസനത്തിന്റെ ചുമതല ഏൽക്കുകയും ചെയ്തു. നിങ്ങളാൽ കഴിവുള്ളതും, അതിനപ്പുറവും അദ്ദേഹത്തിന് സഹായങ്ങൾ നല്കണം, നൽകണമെന്ന് നാം ഗുണദോഷിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് അദ്ദേഹത്തെ നിങ്ങളുടെ പള്ളിയിലേക്കു ക്ഷണിച്ചുവരുത്തുന്നതിനോ, നിങ്ങളുടെ ആത്മീയ കാര്യങ്ങളിൽ സംബന്ധിക്കുന്നതിനോ, സഭാഘടനകൾക്കും, കാനോനാകൾക്കും, വിധേയമായി വ്യവസ്ഥയുണ്ട്. അതു നമുക്കും വളരെ സന്തോഷമുള്ള കാര്യമാണ്. അമേരിക്കൻ മെത്രാസനത്തിന്റെ ഒരു ഘടകം ആയ ഒരു ഇടവക എന്ന നിലയിൽ ഭരണകാര്യങ്ങളിൽ മെത്രാസന മെത്രാപ്പോലീത്തായ്ക്ക് അല്ലാതെ മെത്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ മറ്റാർക്കും അധികാരമില്ല, ഇത് അനിഷേധ്യമായ സഭാനിലപാടാണ്. എല്ലാവരും അതിന് വിധേയമായി മാത്രമേ പോകുവാൻ സാധ്യമുള്ളൂ. അതില്ലായെങ്കിൽ അത് പാടെ തെറ്റും കുറ്റവുമാണ്. അനർഹമായ ഭവിഷ്യത്തുകൾ വരുത്തിക്കൂട്ടുമെന്നും നാം ആരെയും അറിയിക്കുവാൻ മടിക്കുന്നില്ല. അപ്രകാരമുള്ള സാഹസികവും വളരെ വേദനാജനകവുമായ നടപടികളിലേക്കു നീങ്ങാതിരിപ്പാൻ ബലഹീനനായ നമ്മെ നിങ്ങൾ അതിരറ്റു സഹായിക്കണമെന്ന് വളരെ വ്യഥയോടും ആത്മാർത്ഥതയോടും കൂടെ നിങ്ങളെ എല്ലാം അറിയിച്ചുകൊള്ളട്ടെ. സഭ എന്താണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. കർത്താവു തന്നെ അടിസ്ഥാനമിട്ട് വളർത്തിയെടുത്ത സ്വർഗ്ഗീയ മന്ദിരമാണ്. അത് തന്റെ തിരുശരീരമാണെന്നും വി. അപ്പോസ്തോലന്മാരും, നമ്മുടെ പിതാക്കന്മാരും നമ്മെ പഠിപ്പിച്ചിരിക്കുന്നു. സഭയേ കേൾക്കാത്തവൻ നിങ്ങൾക്കു ചുങ്കക്കാരനും പുറജാതിക്കാരനുമായിരിക്കട്ടെ (മത്തായി 18:17). ആകയാൽ സഭയെ കേൾക്കുവാൻ എക്കാലത്തും ഏതു സാഹചര്യത്തിലും നാമേവരും ബാദ്ധ്യസ്ഥരും നിർബന്ധിതരുമാണ്.

വാത്സല്യ കുഞ്ഞുങ്ങളെ! ഇപ്പോൾ പാത്രിയർക്കീസ് വിഭാഗത്തിൽ പെട്ട മലയാളത്തുകാരെ നടത്തുന്നതിനും നയിക്കുന്നതിനും ഒരു മെത്രാപ്പോലീത്താ നിയമിതനായിട്ടുണ്ട്. അതുപോലെ മലയാളത്തു നിന്നുള്ള മാർത്തോമ്മാസഭയിലെ അംഗങ്ങളുടെ കാര്യങ്ങൾ അന്വേഷിച്ച് അവരെ നയിക്കുന്നതിനും ഒരു മെത്രാപ്പോലീത്തായെ അമേരിക്കൻ ഡയോസിസ് പ്രഖ്യാപിച്ചുകൊണ്ട് നിയമിച്ചിട്ടുണ്ട്. ഇപ്രകാരം നമ്മുടെ ഇടതും വലതും, മുമ്പും പുറകും വശങ്ങളിൽ മറ്റുള്ളവർ നല്ലതായും ക്രമീകൃതമായ വ്യവസ്ഥകളിൽ കൂടി പ്രയാണം ചെയ്യുമ്പോൾ നമ്മൾ തമ്മിലടിച്ച് ഓരോരുത്തരുടെ ഇഷ്ടംപോലെ മുമ്പോട്ടു പോയി വാശിയും വൈരാഗ്യവും വർദ്ധിപ്പിച്ചും മുട്ടിയും തട്ടിയും പോകുന്നത് നിങ്ങൾക്കു തന്നെ ഭൂഷണമാണോ? നമ്മുടെ സഭയ്ക്ക് ഭൂഷണമാണോ? നമ്മുടെ അഭ്യുദയകാംക്ഷികൾക്ക് ഭൂഷണമാണോ? എന്നു ചിന്തിച്ചു നോക്കുക.

വാത്സല്യമുള്ളവരെ, ഭക്തിയും വിശുദ്ധിയും സ്വർഗ്ഗീയവും നിറഞ്ഞ ഒരു ജീവിതം കൈവരുത്തുവാൻ വളരെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. പലപ്പോഴും നമ്മുടെ അഹന്തയെ മാറ്റി നീതിക്കും ന്യായത്തിനും, കീഴ്വഴങ്ങേണ്ടി വരും. അത് അത്രേ ദൈവം ആഗ്രഹിക്കുന്നത്. കർത്താവ് തന്നെ ആവർത്തിച്ചു കല്പിക്കാറുണ്ട്. ഞാൻ വന്നിരിക്കുന്നത് എന്റെ ഇഷ്ടം ചെയ്യുവാനല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുവാനാണ്. വലിയ പോരാട്ടം ഗത്ശിമോൻ തോട്ടത്തിലുണ്ടായെങ്കിലും ദൈവ ഇഷ്ടത്തിനു വിധേയമായി. അതുകൊണ്ട് കർത്താവ് കുരിശിന്മേൽ അഭിമാനം എല്ലാം സംത്യജിച്ച് കുരിശിന്മേൽ മരിക്കേണ്ടി വന്നു. ആ യേശുവാണ് നമ്മുടെ കർത്താവ്, അവന്റെ മാർഗ്ഗമാണ് നാം കൈവരിക്കേണ്ടത്. താൻ വഴിയും സത്യവും ജീവനുമാകുന്നു. അവന്റെ പാത തെരഞ്ഞെടുക്കുവീൻ. അതാണ് സത്യമായ മാർഗ്ഗം. അതിലെ പോകുന്നവർ ജീവൻ കണ്ടെത്തും. അത് നിങ്ങൾക്കു ലഭിക്കട്ടെ. ബലഹീനനായ നമുക്കും ലഭിക്കട്ടെ. നിങ്ങളുടെ അറിവിന് ഇതിൽ കൂടുതൽ നാം എഴുതേണ്ടല്ലോ. നിങ്ങളുടെ സ്നേഹപൂർവ്വമായ - ആശ്വാസദായകമായ ഒരു മറുപടി നാം പ്രതീക്ഷിക്കുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

1993 ഒക്ടോബർ 8-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

4

ക്യൂൻസിലെ തീ കത്തിപ്പടരുന്നു

“ഞങ്ങളുടെ ആത്മീയവും ഭരണപരവുമായ കാര്യങ്ങളിൽ മാർ ബർന്നബാസിനേയും അദ്ദേഹം നിയമിച്ച ഫാദർ ഇടിക്കുള കോർഎപ്പിസ്ക്കോപ്പായേയും ആവശ്യമില്ല എന്ന് 36 പേർ ഒപ്പിട്ട് സത്യവാങ്മൂലം നല്കി കോടതി വിലക്കുകൾ അഴിച്ചെടുത്ത് വീണ്ടും ക്യൂൻസ് ഇടവക സജീവമാകുന്നത് കണ്ടുകൊണ്ടാണ് 1993 വിടചൊല്ലിയത്.

അമേരിക്കയിലെ ഭൂകമ്പത്തിനും, ഉരുൾപൊട്ടലിനും കൊടുങ്കാറ്റിനും ഉത്തരവാദിത്വം മാർ മക്കാറിയോസിന്റെ ചുമലിൽ ഇട്ടുകൊണ്ട് ഭദ്രാസന ഭരണകൂടം നൂലാമാലകളിൽ ഒട്ടകപ്പക്ഷിയെപ്പോലെ മണലിൽ തല പൂഴ്ത്തി രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരുന്നു. സകല ഭദ്രാസന കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് സ്വസ്ഥനായി ബഫലോയിൽ താമസിച്ചിരുന്ന മക്കാറിയോസ് തിരുമേനി കൂടെക്കൂടെ തനിക്കെതിരായ ആരോപണങ്ങളെക്കുറിച്ച് അറിവില്ലാതെ കഴിയുകയായിരുന്നു.

അരിയും തിന്ന് ആശാരിച്ചിയെയും കടിച്ചിട്ട് വീണ്ടും മുറുമുറുക്കുന്ന ഭാവമായിരുന്നു ബർന്നബാസ് തിരുമേനിക്കും അനുചരന്മാർക്കും ഉണ്ടായിരുന്നതെന്ന് ബർന്നബാസ് മെത്രാപ്പോലീത്താ, ബാവാ തിരുമേനിക്കയച്ച ചില കത്തുകളിൽ നിന്നും അനുമാനിക്കാം.

ഒരു കഥ:- “ഇപ്പോൾ അമേരിക്കയിലെ ‘ആഭ്യന്തര പറക്കലു’കൾക്കിടയിൽ ഭക്ഷണം കൊടുക്കുന്ന രീതി പല വിമാനകമ്പനിക്കാരും ഉപേക്ഷിച്ചിട്ടുണ്ട്. അതുകൊണ്ട് എല്ലാവരും എയർപോർട്ടിൽ നിന്നു വല്ലതും വാങ്ങി കഴിച്ചിട്ടേ വിമാനത്തിൽ കയറൂ. ഒരിക്കൽ ഒരു സ്ത്രീ ഒരു പായ്ക്കറ്റു ബിസ്ക്കറ്റും വാങ്ങി മുൻവശത്തെ കസേരയിൽ വന്ന് സ്ഥാനം പിടിച്ചു. അല്പം കഴിഞ്ഞ് ഒരു പുരുഷനും അവളിരിക്കുന്ന കസേരയുടെ അടുത്ത കസേരയിൽ വന്നിരുന്നു. അയാൾ ധൈര്യപൂർവ്വം ബിസ്കറ്റ് എടുത്തു തിന്നുന്നത് ആ സ്ത്രീ കണ്ടു. ഒന്നോ രണ്ടോ മാത്രമേ എടുക്കുകയുള്ളു എന്നു വിചാരിച്ച് ആ സ്ത്രീ വിലക്കിയതുമില്ല. അയാൾ കൈയിലെടുത്ത ബിസ്ക്കറ്റുകൾ തിന്നശേഷം അടുത്തിരുന്ന ബിസ്ക്കറ്റു പാക്കറ്റിൽ നിന്നും നാണമില്ലാതെ ഒരക്ഷരവും മിണ്ടാതെ വീണ്ടും ബിസ്ക്കറ്റു എടുത്തു തിന്നു തുടങ്ങി. തന്റെ ബിസ്ക്കറ്റു മുഴുവൻ അയാൾ കൂസലില്ലാതെ തിന്നു തീർക്കുമെന്നുള്ള ആശങ്കയിൽ അവൾ കൈയിൽ കൊള്ളാവുന്നിടത്തോളം ബിസ്ക്കറ്റ് എടുത്ത് അവളും തീറ്റി തുടങ്ങി. ആ തിടുക്കവും തീറ്റിയും ഒരു പുഞ്ചിരിയോടെ ആ മനുഷ്യൻ വീക്ഷിച്ചു

കൊണ്ടിരുന്നു. വിമാനത്തിൽ കയറാനുള്ള വിളി അപ്പോഴാണ് വന്നത്. അപ്പോഴേക്കും ഇരുവരും കൂടി വാശിപിടിച്ച് ഒരു പാക്കറ്റ് ബിസ്ക്കറ്റ് കാലിയാക്കിക്കഴിഞ്ഞിരുന്നു.

ആ സ്ത്രീ ബോർഡിംഗ് പാസ് കാണിക്കാൻ ബാഗു തുറന്നപ്പോഴല്ലേ താൻ വാങ്ങിയ ബിസ്ക്കറ്റ് പാക്കറ്റ് ബാഗിൽ ഇരിക്കുന്നു. തിന്നതെല്ലാം അയാളുടെ പാക്കറ്റിൽ നിന്നായിരുന്നു."

'മാർ മക്കാറിയോസ് കടന്നാക്രമിക്കുന്നു' എന്ന് മാർ ബർന്നബാസ് പരാതിപ്പെടുമ്പോൾ അദ്ദേഹം മാർ മക്കാറിയോസിന്റെ ബാഗിൽ നിന്ന് അപഹരിക്കയായിരുന്നു എന്നുള്ള യാഥാർത്ഥ്യം മറന്നുപോയി. നട്ടതും നനച്ചതും ഒരുവൻ, അധികാരം പറയാൻ അപരൻ. ആ സത്യത്തെക്കുറിച്ച് മാർ ബർന്നബാസ് ബോധവാനാകുന്നതിനു മുമ്പ് മറ്റുള്ളവർ ആ കുറവുകൾ കണ്ടിരിക്കുന്നു.

എൽമണ്ടിലോ, ഫിലാഡൽഫിയായിലോ, ഫ്ളോറിഡായിലോ, ടൊറന്റോയിലോ ഉണ്ടാകുന്ന സകല പ്രശ്നങ്ങളും മാർ മക്കാറിയോസ് ഉണ്ടാക്കുന്നതാണെന്ന് ഉടനടി കോട്ടയത്ത് റിപ്പോർട്ട് ചെയ്യുന്നതിനായിരുന്നു, ആ പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനേക്കാൾ തിടുക്കം. 'എന്റെ ഭദ്രാസനത്തിൽ, എന്റെ അധികാരത്തിൽ മക്കാറിയോസ് അനധികൃതമായി പ്രവേശിക്കുന്നു' എന്ന ഭാവത്തിലായിരുന്നു ബർന്നബാസിന്റെ കത്തുകളെല്ലാം കാണുന്നത്. അപരന്റെ ബിസ്ക്കറ്റു പാക്കറ്റിൽ കൈയിട്ട് എല്ലാം തിന്നുന്ന സ്ത്രീയുടെ പരാതിയും ഇതേവിധമായിരുന്നു.

1994 പിറന്ന ജനുവരി ഫെബ്രുവരി മാസങ്ങൾ അമേരിക്കയിൽ വലിയ മഞ്ഞുവീഴ്ചയുള്ള കാലമായിരുന്നു. പക്ഷേ, കാലാവസ്ഥയെപ്പോലും മറന്ന് മാർ മക്കാറിയോസിന്റെ നേതൃത്വത്തിൽ പ. വട്ടശ്ശേരിൽ തിരുമേനിയുടെ പെരുനാളിൽ കണ്ട ആവേശത്തെക്കുറിച്ച് ഇന്നാട്ടിലെ മാധ്യമങ്ങൾ കണ്ടതും മാർ ബർന്നബാസ് കണ്ടതും വ്യത്യസ്ത കണ്ണുകളിലായിരുന്നു.

ഓർമ്മപ്പെരുന്നാളും പട്ടംകൊടയും

ന്യൂയോർക്ക്: അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തപ്പെട്ട ഒരു ദിവസമായിരുന്നു 1994 ഫെബ്രുവരി 26.

ഇടതോരാതെ ഉതിർന്ന് വീണുകൊണ്ടിരുന്ന മഞ്ഞ്, ഇവിടുത്തെ പ്രധാന രാജവീഥികളിലെ വാഹനഗതാഗതത്തെ മുഴുവൻ നിശ്ചലമാക്കിയെങ്കിലും, മലങ്കര നസ്രാണികളുടെ വാഹനങ്ങൾ ന്യൂയോർക്കിലെ ലോങ്ങ് ഐലന്റിലെ റെഡിമർ ചർച്ചിനെ ലക്ഷ്യമാക്കി മുന്നോട്ട് നീങ്ങി

ഫാ. ഹാച്ചർ, ഫാ. യേശുദാസ്, ഫാ. സി. എം. അലക്സാണ്ടർ, ഫാ. സി. ജെ. ജോൺസൺ എന്നിവരെ കോർഎപ്പിസ്ക്കോപ്പാമാരായും, ഡീക്കൻ അലക്സാണ്ടർ മാത്യു, ഡീക്കൻ ജോർജ്ജ് മാത്യു എന്നിവരെ പുരോഹിതന്മാരായും മാർ മക്കാറിയോസ് വാഴിക്കുന്നു

ക്കൊണ്ടിരുന്നപ്പോൾ, അവർ എന്തോ ലക്ഷ്യത്തിലേയ്ക്കു തന്നെയാണ് നീങ്ങിക്കൊണ്ടിരുന്നതെന്നും, രാജവീഥികളിലെ പ്രതിബന്ധങ്ങളൊന്നും, അവരുടെ മുന്നിൽ പ്രതിബന്ധങ്ങളല്ലെന്നും ആരെയും പറഞ്ഞ് മനസ്സിലാക്കേണ്ടതില്ലായിരുന്നു.

ശത്രുക്കളുടെ നിന്ദയും പരിഹാസവും തടയാനുള്ള വജ്രായുധവും ധരിച്ചുകൊണ്ട് മലങ്കരസഭയുടെ ഉൾഭരണത്തിനുവേണ്ടി ധീരധീരം പോരാടിയ വിശ്വാസവീരനായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിന്റെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നതോടൊപ്പം തന്നെ ആ സ്വാതന്ത്ര്യത്തിന്റെ മുന്നണി പടയാളി കാട്ടിത്തന്ന പാതയിലൂടെ തന്നെ മലങ്കര ഓർത്തഡോക്സ് സഭയെ മുന്നോട്ടു നയിച്ചുകൊണ്ടിരുന്ന മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക്, ഉറച്ച പിൻതുണ പ്രഖ്യാപനം ചെയ്ത ഒരു ചടങ്ങു കൂടിയായിരുന്നു അന്നത്തെ പെരുനാൾ.

ഇടതോരാതെ കോരിയൊലിച്ചുകൊണ്ടിരുന്ന മഞ്ഞിന്റെ നടുവിൽ പ്രതിബന്ധങ്ങൾ നിറഞ്ഞ വഴിത്താരയിലൂടെ ഇത്രയുംദൂരം യാത്രചെയ്ത് ആളുകൾ സംബന്ധിക്കുമോ എന്നുപോലും ഇതിന്റെ സംഘാടകർ ഭയപ്പെട്ടിരുന്നു. പക്ഷേ, വി. കുർബ്ബാന ആരംഭിച്ചപ്പോഴേയ്ക്കും പള്ളിയും, പരിസരവും നിറഞ്ഞു കവിഞ്ഞുകൊണ്ട് ഏതാണ്ട് 750 ആളുകൾ എത്തിച്ചേർന്നു. ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലഡൽഫിയാ, ഹ്യൂസ്റ്റൺ, ഡാള്ളസ്, ചിക്കാഗോ, ഡിട്രോയിറ്റ് എന്നീ സ്ഥലങ്ങളിൽ നിന്നും ആളുകൾ ഈ ചടങ്ങുകളിൽ സംബന്ധിച്ചു. വൈദികരായ വെരി. റവ. കുര്യൻ തോട്ടുപുറം കോർഎപ്പിസ്കോപ്പാ, ഫാ. തോമാ ഒ.ഐ.സി., ഫാ. ഡാനിയേൽ ജോർജ്ജ് (ചിക്കാഗോ), ഫാ. സി. എം. അലക്സാണ്ടർ, ഫാ. ജോയ്

സ്ലീബാ, ഫാ. ഫീലിപ്പോസ് തേവർക്കാട്ടിൽ, ഫാ. യേശുദാസൻ പാപ്പൻ, ഫാ. കെ. സി. മാത്യൂ എന്നീ വൈദികർ ശുശ്രൂഷകളിൽ പങ്കെടുത്തു.

വിശുദ്ധ കുർബ്ബാനമദ്ധ്യേ ഡീക്കൻ ജോർജ്ജ് മാത്യൂ, ഡീക്കൻ മാത്യൂ അലക്സാണ്ടർ എന്നീ ശെമ്മാശന്മാർക്ക് മക്കാറിയോസ് തിരുമേനി കശീശ്ശാപട്ടം നൽകി. മലങ്കരസഭയുടെ ഉൾഭരണ സ്വാതന്ത്ര്യത്തിനുവേണ്ടി പീഡനങ്ങളും പരിഹാസങ്ങളും വഹിച്ച വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ ഓർമ്മപ്പെരുന്നാളിൽ കശ്ശീശ്ശാ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ട നവ വൈദികർ ആ ശ്രേഷ്ഠ മഹാപുരോഹിതന്റെ തത്വങ്ങളും, ആദർശങ്ങളും മുറുകെ പിടിച്ചുകൊണ്ട് ധൈര്യമായി ഈ സഭയ്ക്കുവേണ്ടി സേവനം നടത്തണമെന്ന് അവരെ അനുമോദിച്ചുകൊണ്ട് പ്രസംഗിച്ചവർ അനുസ്മരിപ്പിക്കുകയുണ്ടായി. മക്കാറിയോസ് തിരുമേനി ശെമ്മാശ്ശനായതിന്റെ 43-ാം വാർഷികവും, ഫാ. ഫിലിപ്പോസ് തേവർക്കാട്ടിൽ വൈദികനായതിന്റെ 12-ാം വാർഷികവും ആയിരുന്നു ഇന്നേ ദിവസം.

വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന സമ്മേളനത്തിൽ മക്കാറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഫാ. സി. ജെ. ജോൺസൺ ചെയ്ത സ്വാഗതപ്രസംഗത്തിൽ മക്കാറിയോസ് തിരുമേനി ഒരു സ്വതന്ത്രസഭ സ്ഥാപിക്കുന്നുവെന്നുള്ള കുപ്രചാരണങ്ങളിൽ ആരും കുടുങ്ങിപ്പോകരുതെന്നും, അമേരിക്കയിലെ സഭ എന്നാളും മലങ്കരസഭയുടെ ഭാഗമായിത്തന്നെ നിലകൊള്ളുമെന്നും അതിൽനിന്നും തങ്ങളെ പുറത്താക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അത് നടപ്പാകുകയില്ലെന്നും പറഞ്ഞു.

മക്കാറിയോസ് മെത്രാപ്പോലീത്താ ചെയ്ത പ്രസംഗത്തിൽ, അമേരിക്കയിലെ ഭാവിതലമുറയെ ഓർത്തഡോക്സ് പാരമ്പര്യത്തിൽ ഉറപ്പിച്ച് നിർത്തുവാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്നും കോട്ടയം പാരമ്പര്യത്തിൽ ഉറപ്പിച്ചു നിർത്തുവാനല്ലായെന്നും അമേരിക്കയിലെ വളർന്നു വരുന്ന സ്വപ്നങ്ങളും അറിഞ്ഞുകൂടാത്ത ചിലർ ഈ സഭയെ നിയന്ത്രിക്കാമെന്ന് കരുതുന്നെങ്കിൽ അതിന്റെ കാലം കഴിഞ്ഞുപോയെന്ന് കോട്ടയം മനസ്സിലാക്കണമെന്നും പ്രസ്താവിച്ചു.

ഫാ. യേശുദാസൻ പാപ്പൻ ചെയ്ത പ്രസംഗത്തിൽ കോട്ടയം നേതൃത്വത്തിന്റെ നീക്കത്തെ ശക്തമായി അപലപിച്ചു. സ്നേഹത്തിൽ കൂടി പ്രശ്നങ്ങളും സഭാകാര്യങ്ങളും കൈകാര്യം ചെയ്യണമെന്നും പൗരോഹിത്യത്തിന്റെ പവിത്രതയേയും, സഭയുടെ ഭാവിയേയും നശിപ്പിക്കുന്ന ഇന്നത്തെ ചിന്താഗതി ഉപേക്ഷിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടാണ് ചിക്കാഗോ സെന്റ് മേരീസ് ഇടവക വികാരി ബഹു. കുര്യൻ തോട്ടുപുറം കോർഎപ്പിസ്ക്കോപ്പാ പ്രസംഗം അവസാനിപ്പിച്ചത്.

ഈ സഭയ്ക്കുവേണ്ടി മക്കാറിയോസ് മെത്രാപ്പോലീത്താ ചെയ്ത സേവനങ്ങളെ ഇത്രവേഗം മറന്നുകളഞ്ഞത് നന്ദികേടാണെന്നും തങ്ങൾ ഒറ്റക്കെട്ടായി മക്കാറിയോസ് തിരുമേനിയുടെ പിന്നിൽ നിന്നുകൊണ്ട് അദ്ദേഹത്തിന് പിൻതുണ നൽകുമെന്നും ചിക്കാഗോ സെന്റ് ഗ്രീഗോറിയോസ് ഇടവക വികാരി ഫാദർ ഡാനിയേൽ ജോർജ്ജ് അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു.

ന്യൂയോർക്കിലുള്ള ക്യൂൻസ് സെന്റ് ഗ്രീഗോറിയോസ് ഓർത്ത ഡോക്സ് പള്ളിക്കുവേണ്ടി സെക്രട്ടറി ഈപ്പൻ കാലായിൽ പ്രസംഗിക്കുകയുണ്ടായി. സത്യത്തിനും നീതിക്കുംവേണ്ടി മരണംവരെ സഭാനേതൃത്വത്തിനുനേരെ ശബ്ദമുയർത്തുമെന്നും പറഞ്ഞു. ചിക്കാഗോ സെന്റ് ഗ്രീഗോറിയോസ് പള്ളിയംഗം തോമസ് കുരുവിള, ഫിലാഡൽഫിയ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയെ പ്രതിനിധാനം ചെയ്ത് പോൾ മത്തായി, ക്യൂൻസ് ആൻഡ് ലോങ്ങ് ഐലന്റ് ഓർത്ത ഡോക്സ് മലയാളി കമ്മ്യൂണിറ്റിയെ പ്രതിനിധാനം ചെയ്ത് മാത്യു എന്നിവർ പ്രസംഗിച്ചു.

അമേരിക്കൻ ഭദ്രാസനത്തിൽ സന്ദർശനാർത്ഥം വന്ന സഞ്ചാര മിഷനറി ഫാ. തോമ്മാ ഒ.ഐ.സി. യെ മക്കാറിയോസ് തിരുമേനി സദസ്സിന് പരിചയപ്പെടുത്തിക്കൊടുത്തു.

സഭയ്ക്ക് അമേരിക്കയിൽ ഒരു ആസ്ഥാനം ഉണ്ടാകുന്ന കാര്യത്തെപ്പറ്റി യോഗം പര്യാലോചിച്ചു. ചിക്കാഗോയിൽ നിന്നു നടത്തിയ പണപ്പിരിവിനെപ്പറ്റി മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. പണപ്പിരിവ് നടത്തിയ കൂട്ടത്തിൽ രണ്ടു പെൺകുട്ടികൾ, അവരുടെ കഴുത്തിലും, കാതുകളിലും അണിഞ്ഞിരുന്ന ആഭരണങ്ങൾ അതിന്റെ ആവശ്യത്തിലേക്ക് ഊരിക്കൊടുത്ത വിവരം പ്രസ്താവിച്ചു. ആഭരണങ്ങൾ സദസ്സിന് കാണിച്ചു കൊടുക്കുകയും ചെയ്തു.

1993 ഡിസംബർ 18-ന് എൽമണ്ടിലെ ജനങ്ങൾ നടത്തിയ പ്രഖ്യാപനം: "ഏതെങ്കിലും ആത്മീയവും ഭരണപരവുമായ കർത്തവ്യങ്ങൾ ഞങ്ങളുടെ പള്ളിയിൽ നിർവ്വഹിക്കുവാൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെയോ, അദ്ദേഹത്തിന്റെ പട്ടക്കാരൻ ഫാ. ഇടിക്കുളയെയോ ഞങ്ങൾക്കു വേണ്ടാ" എന്നത് ഒട്ടൊന്നുമല്ല, കേന്ദ്രത്തെ അലോസരപ്പെടുത്തിയത്. മാർ മക്കാറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് എല്ലാം തട്ടിയെടുത്ത് പുറത്താക്കിയാൽ, അമേരിക്കൻ ഭരണം ഏറ്റം സുഗമമാകുമെന്ന് ധരിച്ച ബാവായുടെ കണക്കുകൾ മുഴുവൻ തെറ്റിച്ചുകൊണ്ടാണ് സ്ഥിതിഗതികൾ നീങ്ങിയത്.

1994 ഏപ്രിൽ 16-നു മാർ ബർന്നബാസ് വിളിച്ചുകൂട്ടിയ ഭദ്രാസന

മീറ്റിംഗും കൗൺസിലും തികഞ്ഞ പരാജയമായി പരിണമിച്ചു. കേവലം 12 അച്ചന്മാർ മാത്രം പങ്കെടുത്ത ഒരു മീറ്റിംഗ് ഇതിനു മുമ്പുണ്ടായിട്ടില്ല. ഫാ. പി. എസ്. ശാമുവേലും മറ്റു ചില വൈദികരും തമ്മിൽ നേതൃസ്ഥാനത്തിനുവേണ്ടി നടത്തിയ വടംവലികളായിരുന്നു ആ മീറ്റിംഗിൽ ഉടനീളം കണ്ടത്. മാർ ബർന്നബാസിനു നേരെ പട്ടക്കാരും, അത്മായരും തൊടുത്തുവിട്ട ചോദ്യശരങ്ങൾക്കു മുമ്പിൽ അദ്ദേഹം മൗനിയായി തലയും കുമ്പിട്ടിരുന്നു. പട്ടക്കാരുടെ നിസ്സഹകരണം മൂലം അത്മായരുടെ ശബ്ദത്തിനായിരുന്നു മുൻതൂക്കം. തർക്കങ്ങളും വാഗ്വാദങ്ങളും കൊണ്ട് മുഖരിതമായ സദസ്സിനെ നിലയ്ക്കു നിർത്താൻ പരാജയപ്പെടുന്ന മാർ ബർന്നബാസിന്റെ നേരെ ഒരു വിദ്വാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, "You are a failure, shame for American Diocese." അമേരിക്കൻ ഭദ്രാസനത്തിൽ സുന്നഹദോസ് കൈക്കൊണ്ട നടപടികൾക്കെതിരെയുള്ള സാധാരണക്കാരന്റെ പ്രതികരണമായിരുന്നു അന്നത്തെ മീറ്റിംഗിൽ പ്രകടമായതെന്നെങ്കിലും മനസ്സിലാക്കാൻ ഭദ്രാസനകേന്ദ്രവും സഭാകേന്ദ്രവും പരാജയപ്പെട്ടു.

1994 ഏപ്രിൽ 20-ാം തീയതി പ. ബാവാ എൽമണ്ട് പള്ളിക്കാർക്ക് 71-ാം നമ്പരായി 8 പേജുകളുള്ള ഒരു സുദീർഘമായ കല്പന അയച്ചു. സഭാ ഭരണഘടനയും പാരമ്പര്യങ്ങളും കാനോനുകളും ഉദ്ധരിച്ചുകൊണ്ട് തെറ്റിൽനിന്നും തിരിയുന്നില്ലെങ്കിൽ ശിക്ഷണ നടപടികൾ വിളിച്ചു വരുത്തുകയായിരിക്കും ചെയ്യുന്നതെന്നുള്ള താക്കീതോടുകൂടി ആ കല്പന അവസാനിക്കുന്നു. ഇങ്ങനെ ഒരു കല്പന, മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് എതിരായി മുമ്പ് ഉയർന്ന വിമതന്മാർക്ക് അയച്ചിരുന്നെങ്കിൽ ഇങ്ങനെ ഒരു സ്ഥിതിവിശേഷം അമേരിക്കയിൽ ഉണ്ടാകുമായിരുന്നില്ല. അന്ന് ഒട്ടകപ്പക്ഷിയെപ്പോലെ തല താഴ്ത്തിയിരുന്ന സഭാനേതൃത്വം വിതച്ച കാറ്റ് ഇന്ന് കൊടുങ്കാറ്റായി കൊയ്യുവാൻ ആരംഭിച്ചിരിക്കുന്നു.

അതിനോടകം 'വിശുദ്ധനായ' മാർ ബർന്നബാസ് മെത്രാപ്പോലീത്താ - കേസും കോടതിയും വക്കീലും പാപങ്ങളുടെ പട്ടികയിൽ കാണുന്ന മാർ ബർന്നബാസ് തിരുമേനി - പ്രമുഖനായ ഒരു അഭിഭാഷകനെ സമീപിച്ചു. അമേരിക്കൻ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഏറ്റം എളുപ്പ മാർഗ്ഗം അദ്ദേഹം ഉപദേശിച്ചു. "മാർ മക്കാറിയോസിനെയും അദ്ദേഹത്തെ പിന്തുണയ്ക്കുന്ന അച്ചന്മാരെയും ജനങ്ങളെയും മുടക്കി സഭയിൽ നിന്നു ബഹിഷ്ക്കരിക്കുക." കാര്യം ശുഭം!! വളരെ സിമ്പിൾ!!

ഉടൻതന്നെ ബർന്നബാസ് മെത്രാപ്പോലീത്താ തന്റെ ചെവിയിൽ വക്കീൽ ഓതിക്കൊടുത്ത വിശുദ്ധ ഉപദേശം പരിശുദ്ധ സുന്നഹദോസിലേക്ക് കൈമാറി.

പ. സുന്നഹദോസ് അങ്ങനെ ഒരു കടുത്ത നടപടിക്കു മുതിർന്നില്ല.

അങ്ങനെ വന്നാൽ അമേരിക്കയിൽ കുടിയേറ്റം നടത്തിയ ബഹു ഭൂരിപക്ഷം ആളുകളും മുടക്കപ്പെടേണ്ടി വരുമെന്ന് ഓർത്തുകൊണ്ടോ എന്തോ സഭ ആ സാഹസത്തിനു മുതിർന്നില്ല.

എങ്കിലും പ. ബാവാ, തോമ്മസ് വറുഗീസ്, ഡേവിഡ് ഡേവിഡ്സൺ, ജോജ്ജ് സി. പറമ്പിൽ, മാത്യു കോക്കുറാ, മാത്യു വറുഗീസ് എന്നിവർക്ക് 147/94 നമ്പരായി ഓഗസ്റ്റ് 30-ന് മുമ്പ് സമാധാനം ബോധിപ്പിക്കണമെ ന്നുള്ള താക്കീതു കല്പന ജൂലൈ 16-ാം തീയതി അയച്ചു.

അതെതുടർന്ന് പ. ബാവാ 1994 ജൂലൈ 16-നു 144/94 നമ്പരായി മാർ മക്കാറിയോസിനും ഒരു കല്പന അയച്ചു. ഉയിർത്തെഴുന്നേറ്റവനായ കർത്താവിന്റെ നാമത്തിൽ വന്ദനം ചൊല്ലിക്കൊണ്ടാണ് ആ കല്പന ആരംഭിച്ചിരിക്കുന്നത്.

ഇതിനോടകം മാർ മക്കാറിയോസ് അമേരിക്കയിൽ ചെയ്തുകൂട്ടിയ തായി മറ്റുള്ളവരുടെ റിപ്പോട്ടുകളിൽ നിന്നും, ബാവാ ഊഹിക്കുന്നതു മായ ഏതാനും പാപങ്ങളുടെ പട്ടിക നിരത്തിയിട്ട് അതെപ്പറ്റി തിരുമേനി യിൽനിന്നും കൂടുതലായി അറിവാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു കൊണ്ടു കല്പന അവസാനിപ്പിച്ചിരിക്കുന്നു.

1. നവംബർ 13, 14 എന്നീ തീയതികളിൽ ക്യൂൻസിൽ തിരുമേനി വി. കുർബ്ബാന അർപ്പിച്ചു (ആ ഇടവക അന്നാണ് പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചത്).

2. ജനുവരി 22-നു ഫിലാഡൽഫിയാ പള്ളിയിൽ വി. കുർബ്ബാന അർ പ്പിച്ചു. ഇവയ്ക്കൊന്നും മാർ ബർന്നബാസിൽ നിന്നു അനുവാദം വാങ്ങി യിട്ടില്ല.

3. ജോർജ്ജ് മാത്യു, അലക്സ് മാത്യു എന്നീ രണ്ട് അമേരിക്കൻ ഭദ്രാ സനത്തിലെ ശെമ്മാശന്മാരെ ഓർത്തഡോക്സുകാരുടേതല്ലാത്ത ഒരു ദേവാലയത്തിൽ വച്ചു പട്ടക്കാരാക്കുകയും പിറ്റെ ദിവസം തിരുമേനിയോ ടൊപ്പം വി. കുർബ്ബാനയിൽ സഹകാർമ്മികരായി പങ്കെടുപ്പിക്കുകയും ചെയ്തു.

4. ക്യൂൻസ് പള്ളിക്കാരുടെ അകാനോകിക നിലപാടിന്റെ എല്ലാം പിമ്പിൽ തിരുമേനി ഉണ്ടെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

5. തിരുമേനി അമേരിക്കയിലെ ജനങ്ങളെ മാതൃസഭയിൽ നിന്നും അടർത്തി ഒരു പുതിയ സഭയ്ക്കു രൂപംകൊടുക്കുമെന്ന് പരസ്യമായി പ്രസംഗിച്ചതായി കേൾക്കുന്നു.

വി. കുർബ്ബാന ചൊല്ലിയതും പട്ടം കൊടുത്തതുമെല്ലാം വി. പാപങ്ങ

ളാവാം. അമേരിക്കയിൽ താമസിക്കുന്ന ഒരു മെത്രാപ്പോലീത്താ വി. കുർബ്ബാന ചൊല്ലുവാൻ ഒന്നുകിൽ അനേകം മൈലുകൾ അപ്പുറമുള്ള കാനഡാ എന്ന രാഷ്ട്രത്തിലേക്ക് ആഴ്ചതോറും പൊയ്ക്കൊള്ളണം; അല്ലെങ്കിൽ തന്റെ പിൻഗാമിയായി വന്ന മെത്രാപ്പോലീത്തായിൽ നിന്ന് ആഴ്ചതോറും അനുവാദം വാങ്ങിക്കൊള്ളണം. ഉത്തരവിലെ പ്രായോഗികത അദ്ദേഹം ചിന്തിച്ചിരുന്നോ എന്നറിഞ്ഞുകൂടാ.

ക്യൂൻസ് പള്ളിയിലെ പ്രശ്നങ്ങൾക്കു പിമ്പിൽ മാർ മക്കാറിയോസിന്റെ കരങ്ങളുണ്ടെന്നുള്ള മാർ ബർന്നബാസിന്റെ ഭയം പ. ബാവായും ഈ കല്പനയിൽ ആവർത്തിച്ചിരിക്കുന്നു.

അതുപോലെ മാർ മക്കാറിയോസ് നടത്തിയ പ്രസംഗങ്ങളെ തെറ്റിദ്ധരിച്ച് പുതിയ സഭ ഉണ്ടാക്കുന്നുവെന്ന് നടത്തിയ കുപ്രചരണത്തെ പ. ബാവാ തന്റെ കല്പനയിൽ ആവർത്തിച്ചിരിക്കുന്നു.

ഈ കല്പനയ്ക്ക് മാർ മക്കാറിയോസ് എന്തു മറുപടി കൊടുത്തു എന്നറിഞ്ഞുകൂടാ. എങ്കിലും തിരുമേനി കേട്ടുകേഴ്വികൾക്കും കിംവദന്തികൾക്കും ഉപരിയായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആളായിരുന്നതുകൊണ്ട് സഭയുടെ വളർച്ചയ്ക്കു വേണ്ടിയുള്ള ജീവിതം പതറാതെ അദ്ദേഹം നയിച്ചുപോന്നു. ബാലിശമായ ചിന്തകൾക്കും കിംവദന്തികൾക്കുമെല്ലാം പ്രതികരിച്ച് പാഴാക്കാനുള്ളതല്ല തന്റെ ജീവിതം എന്ന ദ്ദേഹം വിശ്വസിച്ചിരുന്നു.

നാലു കോർഎപ്പിസ്ക്കോപ്പന്മാരെ ഒരുമിച്ചു വാഴിക്കുന്നു

1994 ജൂലൈ 16-നു സ്റ്റാറ്റൻ ഐലൻഡിലുള്ള വാഗ്നർ കോളജു ചാപ്പലിൽ വച്ച് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ തന്റെ മിഷനിൽ പെട്ടതും തിരുമേനി തന്നെ നമ്മുടെ സഭയിൽ ചേർത്ത് പട്ടക്കാരനാക്കിയതുമായ അമേരിക്കൻ ഫാദർ ഹാച്ചർ, തന്റെ സന്തത സഹായികളും അനുചരന്മാരുമായ ഫാദർ യേശുദാസ് പാപ്പൻ, ഫാദർ സി. ജെ.ജോൺസൺ, ഫാദർ സി. എം. അലക്സാണ്ടർ എന്നിവരെ കോർഎപ്പിസ്ക്കോപ്പന്മാരായി വാഴിച്ചു. വാഴ്ചയ്ക്ക് എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ച് ബിഷപ്പ് ആബോ മാർ ഇസഹാക്ക്, വെരി. റവ. ശങ്കരത്തിൽ യോഹന്നാൻ കോർഎപ്പിസ്ക്കോപ്പാ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. ധാരാളം വൈദികരും ജനക്കൂട്ടവും സംബന്ധിച്ച വർണ്ണശബളമായ ചടങ്ങുകളുടെ റിപ്പോർട്ട് "മലയാളം പത്രം" എന്ന പ്രസിദ്ധീകരണത്തിൽ വന്നത് കാണുക:

മാർ മക്കാറിയോസ് നാലു കോർഎപ്പിസ്ക്കോപ്പന്മാരെ വാഴിച്ചു

ന്യൂയോർക്ക്: ജൂലൈ 16 ശനിയാഴ്ച സ്റ്റാറ്റൻ ഐലന്റിലുള്ള വാഗ്നർ

കോളജ് അമേരിക്കൻ മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിലെ ഒരു സുവർണ്ണ മുഹൂർത്തത്തിനു സാക്ഷ്യം വഹിച്ചു. വർണ്ണശബളവും ഭക്തിനിർഭരവുമായ അന്തരീക്ഷത്തിൽ അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ നാലു വൈദികർക്ക് കോർഎപ്പിസ്ക്കോപ്പാ സ്ഥാനം നൽകിയത് അവിടെ വച്ചാണ്.

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പൗരസ്ത്യവും പൗരാണികവുമായ മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാക്രമത്തിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിൽ എത്യോപ്യൻ ഓർത്തഡോക്സ് ആർച്ചുബിഷപ്പ് യിസഹാക്ക് തിരുമേനി, വെരി. റവ. യോഹന്നാൻ ശങ്കരത്തിൽ കോർഎപ്പിസ്ക്കോപ്പാ എന്നിവരുൾപ്പെടെ പല വൈദികരും സംബന്ധിച്ചു.

പ്രഭാത പ്രാർത്ഥന, വിശുദ്ധ കുർബാന എന്നിവയ്ക്കു ശേഷമാണ് കോർഎപ്പിസ്ക്കോപ്പാ സ്ഥാനാരോഹണ കർമ്മം ആരംഭിച്ചത്. അതിനു ശേഷം കോർഎപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കുയർത്തപ്പെട്ട വൈദിക ശ്രേഷ്ഠരെ അനുമോദിക്കുന്നതിനു വേണ്ടിയുള്ള പൊതുസമ്മേളനം നടന്നു. വെരി. റവ. യോഹന്നാൻ ശങ്കരത്തിലിന്റെ അദ്ധ്യക്ഷതയിലാണ് സമ്മേളനം ആരംഭിച്ചത്. പിന്നീട് മക്കാറിയോസ് തിരുമേനി അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തു. അമേരിക്കൻ എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആർച്ചുബിഷപ്പ് യിസഹാക്ക് തിരുമേനിയുമായുള്ള സുദീർഘമായ സൗഹൃദബന്ധത്തെ അനുസ്മരിച്ചു. ഇരു സഭകളും ഒരു ഫെഡറേഷൻ പോലെ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

പുതിയതായി നിയമിക്കപ്പെട്ട കോർഎപ്പിസ്ക്കോപ്പന്മാരെ മാർ മക്കാറിയോസ് പരിചയപ്പെടുത്തുകയും അവർക്ക് അനുഗ്രഹങ്ങളും ആശംസകളും നേരുകയും ചെയ്തു. നവ കോർഎപ്പിസ്ക്കോപ്പാമാരുടെ ധീരവും ഉദാത്തവുമായ സേവനങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. നോർത്തമേരിക്കൻ മലങ്കരസഭയുടെയും സെന്റ് ഗ്രീഗോറിയോസ് മൂവ്മെന്റിന്റെയും വളർച്ചയുടെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഈ സ്ഥാനാരോഹണമെന്ന് തിരുമേനി വിശേഷിപ്പിച്ചു. മലങ്കരസഭ ഇവിടെ വേരുറയ്ക്കണമെങ്കിൽ സാഹചര്യങ്ങൾക്കനുസൃതമായ വ്യതിയാനങ്ങൾ സഭയിലുണ്ടാവണമെന്നും അതിന് വിശ്വാസികൾ സഹകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. കോർഎപ്പിസ്ക്കോപ്പാ വെരി. റവ. യോഹന്നാൻ ശങ്കരത്തിൽ ചെയ്ത അനുമോദന പ്രസംഗത്തിൽ സഭയിൽ ഇന്ന് നിലനിൽക്കുന്ന ഗുരുതരമായ ഭിന്നിപ്പ് അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു. സഭാനേതൃത്വം സമാധാനം കൈവരിക്കുന്നതിന് ഒരു ഒത്തുതീർപ്പ് ശ്രമം ആരംഭിച്ചിട്ടുണ്ടെന്നുള്ള സൂചനകൾ തനിക്ക് ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം വെളിപ്പെടുത്തി.

വിവിധ ഇടവകകളുടെ പ്രതിനിധികൾ പുതിയ കോർഎപ്പിസ്ക്കോപ്പാമാർക്ക് സ്ഥാനചിഹ്നങ്ങളായ സ്വർണ്ണമാലയും കുരിശും സമ്മാനിച്ചു. യുവപ്രതിനിധികൾ ഹാരാർപ്പണം നടത്തി. നവാഭിഷിക്തരായ കോർ എപ്പിസ്ക്കോപ്പാമാർ നാലുപേരും സമുചിതമായ മറുപടി പ്രസംഗങ്ങൾ ചെയ്തു. മക്കാറിയോസ് തിരുമേനിയോടുള്ള അവരുടെ കടപ്പാടും, വിശ്വസ്തതയും, നന്ദിയും, കൂറും അവർ ഉറക്കെ പ്രഖ്യാപിച്ചു. ഇടവകജനങ്ങൾ തങ്ങൾക്ക് നൽകിപ്പോന്നിട്ടുള്ള സഹായസഹകരണങ്ങൾക്കും സ്നേഹവായ്പിനും അവർ നന്ദി രേഖപ്പെടുത്തി. രാജു വർഗീസായിരുന്നു പരിപാടികളുടെ മാസ്റ്റർ ഓഫ് സെറിമണീസ്.

വാഴിച്ചത് നിയമാനുസൃതമല്ല

അമേരിക്കൻ മലങ്കര ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ ബർന്ന ബാസ് തിരുമേനിയുടെ അംഗീകാരം കൂടാതെ സ്റ്റാറ്റൻ ഐലന്റിൽ വച്ച് നാലു വൈദികർക്ക് മക്കാറിയോസ് തിരുമേനി കോർഎപ്പിസ്ക്കോപ്പാ സ്ഥാനം നൽകിയത് അനധികൃതവും സഭാനിയമങ്ങൾക്ക് നിരക്കാത്തതുമാണെന്ന് അമേരിക്കൻ ഓർത്തഡോക്സ് സഭയുടെ പബ്ലിക് റിലേഷൻ ഓഫീസർ വെരി. റവ. സാമുവേൽ കോർഎപ്പിസ്ക്കോപ്പാ മലയാളം പത്രത്തോട് അഭിപ്രായപ്പെട്ടു. നോർത്ത് അമേരിക്കയിൽ രണ്ടു ഭദ്രാസനങ്ങളാണുള്ളത്. യു.എസ്. ഉൾപ്പെടുന്ന അമേരിക്കൻ ഭദ്രാസനവും, കാനഡ ഭദ്രാസനവുമാണവ. അമേരിക്കൻ ഭദ്രാസനാധിപൻ ബർന്ന ബാസും, കാനഡാ ഭദ്രാസനാധിപൻ മക്കാറിയോസും ആണ്. അമേരിക്കൻ ഭദ്രാസനത്തിൽ കോറെപ്പിസ്ക്കോപ്പാമാരെ വാഴിക്കാനുള്ള അധികാരവും അവകാശവും ചുമതലയും മാർ ബർന്നബാസിനാണെന്നും സാമുവേൽ കോർഎപ്പിസ്ക്കോപ്പാ വ്യക്തമാക്കി.

അതോടുകൂടി ഭൂകമ്പം ആരംഭിച്ചു. ഉടൻ മാർ ബർന്നബാസ് ഫാക്സിലൂടെ വാർത്ത ദേവലോകത്ത് എത്തിക്കുന്നു. "അമേരിക്കൻ ഭദ്രാസനത്തിലെ നാലു പുരോഹിതന്മാരെ അനുവാദം വാങ്ങാതെ കാനഡാ ഭദ്രാസനാധിപൻ കോർഎപ്പിസ്ക്കോപ്പാമാരാക്കി." ഉടൻ പ. സുന്നഹദോസിന്റെ സ്പെഷ്യൽ സമ്മേളനം. പിന്നാലെ പ. ബാവായുടെ 27-7-'94-ലെ 162/94 കല്പന വരുന്നു. ഭൂമി ആകപ്പാടെ കുലുങ്ങി. സഭയുടെ അടിസ്ഥാനം ഇളകുന്നുവോ? സഭയുടെ കാനോനാകളിലും ഭരണഘടനയിലും പോലും പരാമർശമില്ലാത്തതും, ഇപ്പോൾ കേവലം ആലങ്കാരിക പദവി മാത്രമായി അവശേഷിച്ചിരിക്കുന്നതുമായ കോർഎപ്പിസ്ക്കോപ്പാസ്ഥാനം നല്കിയതിനെപ്പറ്റി സ്പെഷൽ സുന്നഹദോസ് കൂടി വേവലാതിപ്പെടേണ്ട വല്ല കാര്യവുമുണ്ടോ എന്ന് ആരൊക്കെയോ ബുദ്ധിയുള്ളവർ ചോദിച്ചു പോലും. താമസിയാതെ ആ കൊടുങ്കാറ്റും കെട്ടടങ്ങി.

മറ്റൊരു കിംവദന്തിയും മാർ ബർന്നബാസിനു മുമ്പിൽ സത്യഗ്രഹ ഒരുക്കവും

പ. ബാവാ തിരുമേനി എൽമണ്ട് പള്ളിയുടെ ചുമതല നേരിട്ട് ഏറ്റെടുക്കണമെന്ന ഒരഭിപ്രായം ആരോ സഭാ മാനേജിംഗ് കമ്മിറ്റിയിൽ ഉന്നയിച്ചു. ആ മീറ്റിംഗിൽ മാർ ബർന്നബാസും സംബന്ധിച്ചിരുന്നു. എന്നാൽ ആ നീക്കത്തെ എതിർക്കുവാനോ പ്രതിഷേധിക്കാനോ പോലും തുനിയാതെ മൗനം പാലിച്ച തിരുമേനിയുടെ നേരെ, വാർത്ത അമേരിക്കയിൽ എത്തിയപ്പോഴേക്കും സ്വന്തം അണികൾ തന്നെ രോഷം പ്രകടിപ്പിച്ചു. ആ നിർദ്ദേശം കേവലം ഒരു അഭിപ്രായ പ്രകടനം ആണോ തീരുമാനമാണോ എന്നൊന്നും ചിന്തിക്കാൻ മെനക്കെടാതെ, ഉടൻതന്നെ ആ കിംവദന്തിയിൽ പ്രതികരിക്കാനാണ് മാർ ബർന്നബാസിന്റെ അണികൾ മുതിർന്നത്. അവർ ഉടൻതന്നെ ബാവാ തിരുമേനിക്ക് ഒരു മെമ്മോറാണ്ടം നല്കി. ന്യായമായ പരിഹാരത്തിനു ബാവാ ശ്രമിക്കുന്നില്ലെങ്കിൽ അവർ ഗുരുതരമായി പ്രതികരിക്കുമെന്ന് കോശി ജേക്കബ്, കെ. എസ്. വറുഗീസ് എന്നിവർ ഒപ്പിട്ട മെമ്മോറാണ്ഡത്തിൽ അവർ ഭീഷണിപ്പെടുത്തി. ബാവാ തിരുമേനി ഭരണം നേരിട്ടു ഏറ്റെടുക്കുമെന്ന് പറഞ്ഞിട്ടും ഒന്നും മിണ്ടാതെയിരുന്ന മാർ ബർന്നബാസിന്റെ അരമനയിൽ ഒരാഴ്ചയ്ക്കകം അവർ സത്യഗ്രഹം ആരംഭിക്കുമെന്നും ബാവായ്ക്കയച്ച കത്തിൽ പറഞ്ഞു.

ആബാലവൃദ്ധം ജനങ്ങൾ അനിശ്ചിതകാലത്തേക്ക് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന സത്യഗ്രഹം മൂലം ഉണ്ടാവാൻ സാദ്ധ്യതയുള്ള എല്ലാ ഭവിഷ്യത്തുകളുടെയും ഉത്തരവാദിത്വം പ. ബാവാതിരുമേനിയിലും ബർന്നബാസ് തിരുമേനിയിലും നിക്ഷിപ്തമായിരിക്കുമെന്നും അവർ താക്കീതു ചെയ്തു (മെമ്മോറാണ്ഡം അന്യത്ര).

അതേസമയം മാർ മക്കാറിയോസിനും അദ്ദേഹത്തോടൊപ്പം നില്ക്കുന്ന പട്ടക്കാർക്കും ഭദ്രാസനത്തിലെ ചില ഇടവകകളുടെ മേൽ അധികാരം കൊടുക്കുവാൻ ബാവാ തിരുമേനി 1994 ആഗസ്റ്റ് മാസം അമേരിക്കാ സന്ദർശിച്ചപ്പോൾ തീരുമാനം എടുത്തു എന്ന കിംവദന്തിയും നാടാകെ പരന്നു. അതോടെ ഭദ്രാസന സെക്രട്ടറി ബ. പൗലോസ് ആദായി, ക്ലേർജി ഫെലോഷിപ്പ് സെക്രട്ടറി ബ. കെ. മത്തായി എന്നീ വൈദികർ പേരു വച്ച് ഭദ്രാസനത്തിലെ വൈദികർക്കുവേണ്ടി എന്ന മട്ടിൽ അയച്ച വേറൊരു നിവേദനവും ഇതിൽ ചേർക്കുന്നു.

ന്യൂയോർക്ക്
ജൂലൈ 24, 1994

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. കാതോലി

ക്കാബാവാ തിരുമനസിലെ സമക്ഷം, അമേരിക്കൻ ഭദ്രാസനത്തിലെ സെന്റ് ഗ്രീഗോറിയോസ്, ക്യൂൻസ് (എൽമണ്ട്) പള്ളിയിലെ ഇടവകാംഗങ്ങളും അഭ്യുദയകാംക്ഷികളുമായ ഏകദേശം നാൽപ്പതു കുടുംബാംഗങ്ങൾ സമർപ്പിക്കുന്ന സങ്കടഹർജി.

പരിശുദ്ധ പിതാവേ, ഏകദേശം ഒന്നര വർഷക്കാലമായി സെന്റ് ഗ്രീഗോറിയോസ്, ക്യൂൻസ് പള്ളിയിൽ ഉടലെടുത്തിരിക്കുന്ന സംഭവ വികാസങ്ങൾ അവിടുത്തേക്കു അറിവുള്ളതും, യഥാസമയം രേഖാമൂലം ഞങ്ങൾ അറിയിച്ചിട്ടുള്ളതും ആണല്ലോ?

പരിശുദ്ധ സഭയുടെ കാതലായ വിശ്വാസവും ഭരണഘടനയും, കാനോനാകളും, കാറ്റിൽ പറത്തി ക്യൂൻസ് പള്ളിയുടെ ഭരണം കൈവശമാക്കുവാൻ, മാർ മക്കാറിയോസ് തിരുമേനിയും, പ്രസ്തുത പള്ളിയിലെ ഏതാനും സഭാവിരുദ്ധരും തുനിഞ്ഞപ്പോൾ, സഭാവിശ്വാസികളായ ഞങ്ങൾ കുടുംബ ബന്ധങ്ങളെയും, ആത്മബന്ധങ്ങളെയും ഉപേക്ഷിച്ച് അതിനെ ശക്തമായി എതിർത്തതു മൂലം, ഇന്നു ഞങ്ങൾ ദേവാലയമോ, ആത്മിക ആവശ്യങ്ങൾ നടത്തുവാനുള്ള സൗകര്യമോ ഇല്ലാതെ വലയുകയാണ്.

നീതിക്കുവേണ്ടി പ. സഭയുടെ മുമ്പാകെ സമർപ്പിച്ച ഞങ്ങളുടെ അപേക്ഷക്ക് പ. ബാവാതിരുമേനിയോ, പ. സുന്നഹദോസോ, ഇടവക മെത്രാപ്പോലീത്തായോ പരിഹാരം കണ്ടുപിടിക്കാത്തതിലുള്ള അതിയായ അമർഷവും, ദുഃഖവും ഈ അവസരത്തിൽ അറിയിക്കട്ടെ.

സഭാവിശ്വാസത്തേയും ഞങ്ങളുടെ പിതാക്കന്മാരെയും പുച്ഛിച്ച് പറഞ്ഞ്, നൂറ്റാണ്ടുകളായി വിശ്വസിച്ചുവന്ന വിശ്വാസങ്ങളെ കാറ്റിൽ പറത്തിയതിനെതിരായി ശബ്ദം ഉയർത്തിയ ഞങ്ങൾക്കു ഗത്യന്തരമില്ലാതെ കോടതിയെ സമീപിക്കേണ്ടി വന്നു. കേസു വാദത്തിനു വയ്ക്കുകയാൽ, കോടതിയിൽ നിന്നു ലഭിച്ച 'സ്റ്റേ' പിൻവലിച്ച അവസരം നോക്കി, സഭാവിരുദ്ധർ അനധികൃതമായി പള്ളി കൈവശമാക്കുകയും, നിയമരഹിതമായി പൊതുയോഗം വിളിച്ചുകൂട്ടി, മാർ മക്കാറിയോസ് തിരുമേനിക്കല്ലാതെ, പ. സുന്നഹദോസിനൊ, പ. കാതോലിക്കാബാവായ്ക്കൊ, യാതൊരു അധികാരവും പ്രസ്തുത പള്ളിയിൽ ഇല്ലായെന്ന് കാണിച്ചുകൊണ്ടുള്ള രേഖകൾ ഉണ്ടാക്കി കോടതിയിൽ സമർപ്പിക്കുകയും ചെയ്തതിനാൽ കേസിന്റെ വാദം നീട്ടിവെയ്ക്കേണ്ടതായി വന്നു. ഇത് സംബന്ധിച്ച് കേസ് നടത്തുന്ന വക്കീലന്മാർ പറഞ്ഞത് "If the supreme authorities of the church don't take any action against the rebel group, how do you expect U.S. Court to take action." ഈ വിവരങ്ങൾ പ. ബാവാതിരുമേനിയേയും പ. സുന്നഹദോസിനെയും ഇടവക മെത്രാപ്പോലീത്തായേയും,

മാനേജിംഗ് കമ്മിറ്റി അംഗങ്ങളേയും, മറ്റു ബന്ധപ്പെട്ട കക്ഷികളെയും യഥാസമയം അറിയിച്ചു എങ്കിലും നാളിതുവരെ ഒരു പരിഹാരവും ലഭിച്ചിട്ടില്ല.

സെന്റ് ഗ്രീഗോറിയോസ്, ക്യൂൻസ് പള്ളി ഉൾപ്പെടെ ഏതാനും പള്ളികളുടെ ഭരണം പ. ബാവായുടെ നേരിട്ടുള്ള ഭരണത്തിൽ കൊണ്ടുവരണമെന്ന് ഞങ്ങളുടെ ഇടവക വികാരിയായ ബഹു. ഇടിക്കുള അച്ചൻ സംബന്ധിച്ച മാനേജിംഗ് കമ്മിറ്റിയിലും മറ്റു ചില മീറ്റിംഗുകളിലും ആരൊക്കെയൊ അഭിപ്രായപ്പെട്ടതായി അറിയുന്നു. ആയതിനു, ഞങ്ങളുടെ എല്ലാ പ്രയാസങ്ങളും പ്രശ്നങ്ങളും നിത്യേന മനസ്സിലാക്കിവന്ന, അമേരിക്കൻ ഭദ്രാസനാധിപനായ അഭിവന്ദ്യ ബർന്നബാസ് തിരുമേനി, എതിരുപറയാതെ മൗനസമ്മതം നൽകിയതായും അറിയുവാൻ കഴിഞ്ഞു.

പ്രശ്നങ്ങളുള്ള സെന്റ് ഗ്രീഗോറിയോസ്, ക്യൂൻസ്, സെന്റ് ബസേലിയോസ് ബ്രൂക്കിലിൻ തുടങ്ങിയ ഇടവകകളിലെ പ്രശ്നങ്ങൾ പരിഹരിക്കാതെ "മാറ്റക്കച്ചവടം" നടത്തിയിട്ടായാലും വേണ്ടില്ല, ബാഹ്യമായി ശാന്തിയും സമാധാനവും ഉണ്ടെന്നു തോന്നുന്ന ഇടവകകൾ മാത്രം ഉൾപ്പെടുത്തി ശാന്തിയും സമാധാനവുമുള്ള ഒരു ഭദ്രാസനമാക്കി ഭരിക്കുവാൻ ആഗ്രഹിക്കുന്ന അഭിവന്ദ്യ ബർന്നബാസ് തിരുമേനിയുടെ ആഗ്രഹത്തിൽ ഞങ്ങൾക്കുള്ള പ്രതിഷേധവും ഈ അവസരത്തിൽ അറിയിച്ചുകൊള്ളട്ടെ!

സഭയുടെ നിലനില്പിനുവേണ്ടി പോരാടുന്ന ഞങ്ങളെ "ക്രയവിക്രയ" വസ്തുവാക്കി, അമേരിക്കൻ ഭദ്രാസനത്തിലും, പ. സഭയിലും സമാധാനം കൈവരുത്താൻ ആരു ശ്രമിച്ചാലും, അത് നീതിക്കു നിരക്കാത്തതുമാണ്. അതിനാൽ ആ നീക്കത്തെ ഞങ്ങൾക്കും സ്നേഹത്തോടുകൂടിത്തന്നെ ശക്തമായി എതിർക്കാതെ നിവർത്തിയില്ല. "മരുമകൾക്ക് പ്രസവവേദന, അമ്മായിയമ്മയ്ക്ക് വീണവായന" എന്നതിൽ കവിഞ്ഞ് ഇതിനെ മറ്റൊന്നായി വീക്ഷിക്കുവാൻ ഞങ്ങൾക്കു കഴിയുന്നില്ല. "വേലി തന്നെ വിളവു തിന്നുന്നതു" പോലെ, സഭയുടെ പാരമ്പര്യവും വിശ്വാസവും കാത്തു സൂക്ഷിക്കുകയും, അതു സഭാമക്കളെ പഠിപ്പിക്കുവാൻ ചുമതലപ്പെട്ടവർ തന്നെ, അനീതി കാണിക്കുന്നവരുമായി പങ്കുചേർന്ന് അവരെ പ്രോത്സാഹിപ്പിക്കുന്ന പ്രവണത അല്ലേയെന്നു സംശയിക്കുന്നു. ഇത് നീതിക്ക് ചേരുന്നതാണോ?

സെന്റ് ഗ്രീഗോറിയോസ് ക്യൂൻസ് പള്ളിയോ, മറ്റേതെങ്കിലും പള്ളികളൊ അമേരിക്കൻ ഭദ്രാസനത്തിൽ നിന്ന് അടർത്തിയെടുക്കുകയോ, ബാവാതിരുമേനി നേരിട്ടു ഭരിക്കുകയോ, കാനഡാ ഭദ്രാസനാധിപനായ അഭിവന്ദ്യ മക്കാറിയോസ് തിരുമേനിക്ക് കൊടുക്കുകയോ, ചെയ്താൽ

അത് ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്കും നിർഭാഗ്യകരമായ അനന്ത രഫലങ്ങൾക്കും ഇടനൽകുമെന്നും ഞങ്ങൾ നേരത്തെ തിരുമേനിയെ അറിയിച്ചിട്ടുള്ളത് വീണ്ടും ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുവാൻ ഈ അവ സരം ഉപയോഗിക്കുന്നു. ബാവാ തിരുമേനി ഏതാനും പള്ളികൾ ഏറ്റെ ടുക്കുകയെന്നത് മാർ മക്കാറിയോസ് തിരുമേനിയുടെ വിഹാരരംഗമായി ആ പള്ളികൾ മാറ്റിത്തീർക്കുവാനുള്ള നീക്കമാണെന്ന് നിസംശയം മന സിലാക്കാവുന്നതാണ്. ഇത് ഭദ്രാസന ശിഥിലീകരണത്തിൽ അവസാനി ക്കുകയില്ലേ?

സഭയുടെ പാരമ്പര്യവും, വിശ്വാസവും, ഭരണഘടനയും ലംഘിക്കു ന്നവർ ആരു തന്നെയായാലും, അവരെ സഭയുടെ അംഗങ്ങളായി നില നിർത്തിക്കൊണ്ടുവരാൻ പാടില്ല. അവരെ പ്രത്യക്ഷമായൊ പരോക്ഷ മായൊ സഹായിക്കാതെ, അവർക്കെതിരായി നടപടികൾ എടുക്കണമെന്ന് ഞങ്ങൾ താഴ്മയായി അപേക്ഷിക്കുന്നു. പ. ബാവാ തിരുമനസുകൊണ്ട് അമേരിക്കയിൽ എഴുന്നെള്ളി ഒരാഴ്ചയ്ക്കകം, നീതിക്കുവേണ്ടി നിലകൊ ള്ളുന്ന ഞങ്ങളുടെ അപേക്ഷയ്ക്ക് തക്കതായ പരിഹാരം കാണുന്നില്ലാ യെങ്കിൽ ഞങ്ങൾ ആബാലവൃദ്ധം സഭാവിശ്വാസികളും ഇടവകമെത്രാ പ്പോലീത്തായുടെ അരമനയിൽ അനിശ്ചിതകാലത്തേക്ക് "സത്യഗ്രഹം" അനുഷ്ഠിക്കുവാൻ പൊതുയോഗം കൂടി തീരുമാനിച്ച വിവരം പ. ബാവാ തിരുമേനിയെ അറിയിച്ചുകൊള്ളട്ടെ! പ്രസ്തുത സത്യഗ്രഹം മൂലം ഉണ്ടാ കാൻ സാദ്ധ്യത ഉള്ള എല്ലാ ഭവിഷ്യത്തുകളുടെയും ഉത്തരവാദിത്വം പ. ബാവാതിരുമേനിയിലും, അഭിവന്ദ്യ ബർന്നബാസു തിരുമേനിയിലും നിക്ഷിപ്തമായിരിക്കുമെന്നുള്ളതും ഇതിനാൽ ഞങ്ങൾ അറിയിക്കുന്നു.

പ. ബാവായെ സഭാനൗകയെ വിജയകരമായി, നീതിയിലും സത്യ ത്തിലും ചിരകാലം, ഭരിക്കുവാൻ ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ യെന്ന് പ്രാർത്ഥിച്ചുകൊണ്ടും അനുഗ്രഹങ്ങൾ യാചിച്ചുകൊണ്ടും അവി ടുത്തെ ആത്മീയ മക്കൾ.

കോശി ജേക്കബ്
82-51-232 സ്ട്രീറ്റ്
ബെല്ലറോസ്, ന്യൂയോർക്ക് 11427

കെ. എസ്. വറുഗീസ്
82-41-256 സ്ട്രീറ്റ്
ഫ്ളോറൽ പാർക്ക്,
ന്യൂയോർക്ക്. 11004

Copy to:

1. H. G. Mathews Mar Barnabas
2. All Members of the Holy Episcopal Synod.

പരിശുദ്ധ ബാവാ തിരുമനസ്സിലെ അടിയന്തര ശ്രദ്ധയ്ക്ക് അമേരിക്കാ ഭദ്രാസനത്തിലെ വൈദികർ സമർപ്പിക്കുന്ന നിവേദനം.

പരിശുദ്ധ പിതാവേ,

1. അമേരിക്കൻ ഭദ്രാസനം വിഭജിക്കേണ്ടതാവശ്യമെങ്കിൽ geographical area അനുസരിച്ചും, ഭരണഘടനയ്ക്കു വിധേയമായും ആയിരിക്കണം. 1991 മുതൽ പ. സുന്നഹദോസ് എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പാക്കാതെ പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുന്നതു ഭദ്രാസനത്തിന്റെ സുഗമമായ നടത്തിപ്പിനും ഇവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സഹായകമല്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

2. പ. ബാവാ തിരുമനസ്സുകൊണ്ട് അമേരിക്കൻ ഭദ്രാസനത്തിലെ കുറെ പള്ളികൾ ഏറ്റെടുക്കുന്നതു കൊണ്ടോ അഭിവന്ദ്യ മക്കാറിയോസ് തിരുമേനിക്കു ഇവിടുത്തെ കുറെ പള്ളികൾ കൊടുക്കുന്നതു കൊണ്ടോ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കയില്ലെന്നു മാത്രമല്ല, കൂടുതൽ ഉണ്ടാകുവാൻ വഴി തെളിക്കുകയേ ഉള്ളൂ എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

3. ഭദ്രാസന മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിക്കു ഭദ്രാസന ഭരണം സുഗമമായി നടത്തുവാൻ വേണ്ട സ്വാതന്ത്ര്യവും സഹായവും ഭരണഘടനപ്രകാരം നൽകണം.

4. പ. സുന്നഹദോസ് തീരുമാനങ്ങളും ഭരണഘടനപ്രകാരമുള്ള അച്ചടക്കങ്ങളും പാലിക്കാത്തവരുടെ പേരിൽ ശിക്ഷണ നടപടി എടുക്കണം.

പ. ബാവാ തിരുമനസ്സിലെ ക്ഷേമാന്വേഷണങ്ങൾ ആരാഞ്ഞുകൊണ്ട് നിർത്തട്ടെ, അവിടുത്തെ ആത്മീയ മക്കൾ,

കുറിപ്പ്: താഴെ കൊടുത്തിരിക്കുന്ന വൈദികരുടെ സമ്മതം കത്തു മുഖാന്തരവും ടെലഫോൺ മുഖാന്തരവും ലഭിച്ചിട്ടുള്ളതാണ്.

Copy to: The Members, Holy Episcopal Synod

Members, Malankara Association Working Committee

Members, Malankara Association Managing Committee

Signed:

1. Fr. Paulose Adai, Diocesan Secretary, St. John's New City, NY (718) 648-8172.

2. Fr. K. Mathai, Secr. Clergy Felloship, St. Gregorios, Phil., Pa. (215) 544-2742.

5

തോമസ് മാർ മക്കാറിയോസ് 'അമേരിക്കയുടെ സീനിയർ മെത്രാപ്പോലീത്താ'

പതിനാറാം നൂറ്റാണ്ടു മുതലെങ്കിലും പ്രശ്നങ്ങളുടെ നൂലാമാലകളിൽ മുങ്ങിയും പൊങ്ങിയും മലങ്കരസഭയ്ക്ക് ഒഴുകേണ്ടി വന്നു. അന്നുമുതൽ എങ്കിലും സഭയുടെ നായകസ്ഥാനത്തു വന്നിട്ടുള്ള പിതാക്കന്മാരുടെ ഉറക്കം നഷ്ടപ്പെടുന്ന സംഭവവികാസങ്ങൾ ഒരു പ്രകാരത്തിലല്ലെങ്കിൽ വേറൊരു പ്രകാരത്തിൽ സഭയെ അലട്ടിക്കൊണ്ടിരുന്നു. മാത്യൂസ് ദിതീയൻ ബാവായും ഇക്കാര്യത്തിൽ വിഭിന്നനായിരുന്നില്ല. മാർ മക്കാറിയോസിനെ ചതിവിൽ ഗളഹസ്തം ചെയ്തതോടെ അമേരിക്കയിൽ സുതാര്യമായ ഭരണം സ്വപ്നം കണ്ടിരുന്ന പ. പിതാവിനുണ്ടായ അനുഭവം നേരെ മറിച്ചായിരുന്നു. മാർ മക്കാറിയോസല്ല, അമേരിക്കൻ പ്രശ്നങ്ങളുടെ കാരണക്കാരൻ എന്ന വൈകി ലഭിച്ച തിരിച്ചറിവ് ഇനി എങ്ങനെ തിരുത്തേണ്ടൂ എന്നുള്ള ആകുലചിന്തയിൽ അദ്ദേഹത്തിന്റെ മനസ്സ് വ്യാപൃതമായി. വന്നിടത്തേക്ക് തിരികെ പോകാമെന്നു വച്ചാൽ ഡൽഹി മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസിനെപ്പോലെയുള്ള ശക്തന്മാരുടെ എതിർപ്പിനെ എങ്ങനെ നേരിടും? ഉറക്കം കെടുത്തുന്ന രാവുകളിൽ ജഗന്നിയന്താവിന്റെ സന്നിധിയിലേക്ക് ദയനീയമായി കണ്ണുകൾ ഉയർത്തി സഹായത്തിനു കേണു. മാർ മക്കാറിയോസിനോടു കാണിച്ച അനീതി ആ ലോലഹൃദയത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്നു. കടലിനും പിശാചിനും മദ്ധ്യേ അദ്ദേഹം ഉഴലാൻ തുടങ്ങി.

അവസാനം മുങ്ങിത്താഴും മുമ്പെ ഒരു കച്ചിത്തുരുമ്പിൽ എങ്കിലും കടന്നുപിടിക്കാമെന്ന് അദ്ദേഹം കരുതി. തോമസ് മാർ അത്താനാസ്യോസ്, യാക്കൂബ് മാർ ഐറേനിയസ് എന്നീ പിതാക്കന്മാരെ കമ്മീഷനായി അമേരിക്കയിലേക്കയച്ച് അവരുടെ സന്ദർശനത്തിന്റെ വെളിച്ചത്തിൽ ഉരുത്തിരിയുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എങ്ങനെ എങ്കിലും തന്റെ കൈയിൽ പറ്റിപ്പിടിച്ച നീതിമാന്റെ രക്തത്തിന്റെ കറ അല്പമെങ്കിലും കഴുകി കളയാനാകുമോ എന്ന് ഒരു അന്ത്യശ്രമത്തിന് അദ്ദേഹം മുതിർന്നു. വേണ്ടപ്പെട്ടവരുമായി ആലോചിച്ചശേഷം കമ്മീഷനംഗങ്ങൾക്കും അമേരിക്കയിൽ ബന്ധപ്പെട്ടവർക്കും കല്പനകൾ അയച്ചതോടെ പ. പിതാവിന്റെ മനസ്സ് അല്പം ശാന്തമായി.

വീണ്ടും കമ്മീഷൻ

മാർ അത്താനാസ്യോസ്, മാർ ഐറേനിയോസ് എന്നിവർ അമേരിക്കയിലേക്കു പറന്നു. ക്യൂൻസിലെ എൽമണ്ട് പള്ളിയിൽ മാത്രമല്ല, അമേരിക്കയിൽ തെക്കും വടക്കും എല്ലാ പള്ളികളിലും എരിഞ്ഞടങ്ങുന്ന ജനകീയ രോഷത്തെ മുമ്പിൽ കണ്ടുകൊണ്ടും എൽമണ്ടിൽ പൊട്ടിത്തെറിച്ച അഗ്നിപർവ്വതം പ്രത്യേകമായി കണക്കിലെടുത്തും കൊണ്ടാണ് ആ പിതാക്കന്മാരുടെ അന്വേഷണം പുരോഗമിച്ചത്.

അതിനോടകം ഡിസംബറിലും ജനുവരിയിലുമായി കേരളത്തിൽ നടന്ന സുന്നഹദോസിലും അമേരിക്കൻ ഭദ്രാസനത്തിന്റെ ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യാൻ കേരളത്തിൽ നടന്ന ചർച്ചകളിലും പങ്കെടുക്കുന്നതിനുമായി മാർ മക്കാറിയോസ് കേരളത്തിലേക്കു പോയിരുന്നു.

മാർ മക്കാറിയോസ് കേരളത്തിൽ

തന്റെ കേരള സന്ദർശനത്തിൽ മുമ്പൊരിക്കലും ലഭിച്ചിട്ടില്ലാത്ത സ്വീകരണങ്ങളായിരുന്നു മാർ മക്കാറിയോസിനു തെക്ക് തിരുവനന്തപുരം മുതൽ വടക്കു കുന്നംകുളം വരെ ലഭിച്ചത്. തിരുവനന്തപുരം വിമാനത്താവളത്തിൽ, അനേക ഭദ്രാസനങ്ങളിൽ നിന്നും കാറുകളിൽ എത്തിയ വൈദികരും അവൈദിക പ്രമുഖരും പൂമാലകളും ബൊക്കെകളും സമർപ്പിച്ച് ഒരു വൻ സ്വീകരണമാണ് നല്കിയത്. വൈദികരുടെയും അവൈദിക പ്രമുഖരുടെയും ഈ ആവേശകരമായ മുന്നേറ്റത്തെ സംശയദൃഷ്ട്യാ വീക്ഷിച്ച ചില മെത്രാപ്പോലീത്തന്മാർ പട്ടക്കാരുടെമേൽ ചാരക്കണ്ണുകളുമായി ഏജന്റന്മാരെ നിയോഗിച്ചതും ഇവിടെ ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. മാർ മക്കാറിയോസിനു നല്കിയ ഉജ്ജ്വല വരവേല്പിന്റെ ആഹ്ലാദത്തിരത്തല്ലലിനു മദ്ധ്യേ തിരുവല്ലായിൽ നിന്നു വന്ന ഒരു ബാങ്കു മാനേജരായ ചാരൻ തിരുവനന്തപുരം എയർപോർട്ടിൽ വച്ച് പുരോഹിതന്മാരുടെ മർദ്ദനത്തിൽ നിന്നു കഷ്ടിച്ച് രക്ഷപ്പെട്ട് ഓടിയ സംഭവം ഈ സമയത്ത് ഓർമ്മയിൽ വരുന്നു. കാട്ടൂരും, കോഴഞ്ചേരിയിലും, തിരുവല്ലായിലും എല്ലാം ഒരുപോലെ ആവേശകരമായ സ്വീകരണങ്ങൾ നല്കപ്പെട്ടു. വിവിധ ഭദ്രാസനങ്ങളിലെ വൈദികർ കാട്ടൂർ പള്ളി കേന്ദ്രമാക്കി മക്കാറിയോസ് തിരുമേനിക്കു നല്കാൻ ഒരുക്കിയ സ്വീകരണം പള്ളിക്കാരുടെ നിസ്സഹകരണം മൂലം അതേ പള്ളിക്കാരനായ മാടത്തു പോൾ അച്ചന്റെ വസതിയിലേക്ക് മാറ്റേണ്ടിവന്നത് കാട്ടൂർ പള്ളിയുടെ ചരിത്രത്തിൽ ഇന്നും ഒരു കറുത്ത രേഖയായി അവശേഷിക്കുന്നു. വിവിധ ഭദ്രാസന പ്രതിനിധികളായ പട്ടക്കാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് ആദരം അർപ്പിക്കാനായി അദ്ദേഹം ഇടുക്കിയിലെ പെരിയാർ തടാകത്തിനു സമീപമുള്ള ആരണ്യനിവാസിൽ തന്റെ സ്നേഹിതരായ ചില അമേരിക്കക്കാരുമായി

മക്കാറിയോസ് തിരുമേനിക്കു തിരുവനന്തപുരം (മുകളിൽ), കെന്നഡി എയർപോർട്ടുകളിൽ ലഭിച്ച സ്വീകരണങ്ങൾ.

മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കു കോഴഞ്ചേരിയിൽ ലഭിച്ച സ്വീകരണം.

വരുന്ന വിവരം അറിഞ്ഞ് സ്പെഷൽ ബസ്സുകളിലായി അവിടെ എത്തി തിരുമേനിക്ക് സർവ്വ പിന്തുണയും നല്കി പിരിഞ്ഞ സംഭവവും വിസ്മരിക്കാവുന്നതല്ല.

ഇങ്ങനെ രണ്ടു മാസക്കാലം കേരളത്തിലുടനീളം ലഭിച്ച സ്നേഹനിർഭരമായ സ്വീകരണങ്ങളുടെ ഒളിമങ്ങാത്ത ഓർമ്മകളുമായി അമേരിക്കയിൽ തിരിച്ചെത്തിയ മക്കാറിയോസ് തിരുമേനി ജനുവരിയിൽ, അവിടെ എത്തിയിരുന്ന കമ്മീഷൻ അംഗങ്ങളായ തിരുമേനിമാരുമായി ന്യൂയോർക്കിൽ വച്ച് കൂടിക്കാഴ്ച നടത്തി.

സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സെന്ററിലെ പ്രസംഗം

1995 ജനുവരി 14 ശനിയാഴ്ച സ്റ്റാറ്റൻ ഐലൻഡിലെ സെന്റ് ജോർജ്ജ് ഇൻഡ്യൻ ഓർത്തഡോക്സ് സെന്ററിന്റെ രണ്ടാം വാർഷിക യോഗത്തിൽ അദ്ദേഹത്തിന് അമേരിക്കൻ ജനത ഒരു വമ്പിച്ച സ്വീകരണം നല്കി. അന്ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ അമേരിക്കൻ ഭദ്രാസനത്തിൽ ശാശ്വത സമാധാനം കണ്ടെത്തുക എന്നുള്ളതാണ് ജീവിതത്തിലെ ഇനിയുള്ള ദൗത്യം എന്ന് പ്രസ്താവിച്ചു. അദ്ദേഹത്തെ കമ്മീഷൻ അംഗങ്ങളായ തിരുമേനിമാർ സന്ദർശിച്ച വിവരവും, അവരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അടുത്ത മാസം കൂടുന്ന പ. സുന്നഹദോസിൽ അമേരിക്കൻ ഭദ്രാസന പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച് ചില അന്തിമ തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന കാര്യവും സൂചിപ്പിച്ചു പ്രസംഗിച്ചു. ആ സമ്മേളനത്തെപ്പറ്റി "അമേരിക്കൻ ഭദ്രാസനത്തിൽ സമാധാനത്തിന്റെ ഒലിവു ചില്ലകൾ" എന്ന തലക്കെട്ടോടുകൂടി അമേരിക്കയിൽ നിന്നു പുറപ്പെടുന്ന "കൈരളി" എന്ന പത്രം റിപ്പോർട്ടു ചെയ്തു.

അമേരിക്കൻ ഭദ്രാസനത്തിൽ സമാധാനത്തിന്റെ ഒലിവു ചില്ലകൾ

അമേരിക്കൻ ഭദ്രാസനത്തിൽ ശാശ്വത സമാധാനം കണ്ടെത്തുക എന്നുള്ളതാണ് എന്റെ ജീവിതത്തിലെ ഇനിയുള്ള ദൗത്യം. സ്റ്റാറ്റൻ ഐലൻഡ് സെന്റ് ജോർജ്ജ് ഇൻഡ്യൻ ഓർത്തഡോക്സ് സെന്ററിന്റെ രണ്ടാമതു വാർഷിക സമ്മേളനത്തിൽ വിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ട് അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് അറിയിച്ചു.

ഡിസംബറിലും ജനുവരിയിലുമായി കേരളത്തിൽ നടന്ന സുന്നഹദോസിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ഇന്നത്തെ പ്രതിസന്ധി തരണം ചെയ്യാൻ നടന്ന ചർച്ചകളിൽ പങ്കെടുത്തശേഷം, ചർച്ചകളിലെ സംഭവവികാസങ്ങൾ തന്റെ അനുയായികൾക്കു വിവരിക്കുകയായിരുന്നു തിരുമേനി.

അമേരിക്കൻ ഭദ്രാസന പ്രശ്നപരിഹാരത്തിനായി സീനിയർ ഭദ്രാസന മെത്രാപ്പോലീത്തായായി തോമസ് മാർ മക്കാറിയോസ് തിരുമേനിയെ നിയമിക്കണമെന്നും അദ്ദേഹത്തെ ഭദ്രാസന ഭരണത്തിൽ സഹായിക്കുന്നതിനായി ഒരു ജൂണിയർ മെത്രാപ്പോലീത്തായെക്കൂടി നിയമിക്കണമെന്നുള്ള ധാരണയിലാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച തോമസ് മാർ അത്താനാസിയോസും, യാക്കൂബ് മാർ ഐറേനിയോസും എത്തിച്ചേർന്നിരിക്കുന്നതെന്ന് തനിക്കറിയാൻ കഴിഞ്ഞുവെന്ന് തിരുമേനി അറിയിച്ചു. ഈ ധാരണയെ സുന്നഹദോസിലെ മറ്റു മെത്രാപ്പോലീത്താമാർ പിന്തുണയ്ക്കുകയുണ്ടായെന്നും എന്നാൽ ഫെബ്രുവരിയിൽ കൂടുന്ന പരിശുദ്ധ സുന്നഹദോസിൽ മാത്രമേ ഇതു സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാകുകയുള്ളുവെന്നും തിരുമേനി അറിയിച്ചു.

തന്റെ കേരള സന്ദർശനത്തിൽ മുൻപൊരിക്കലും തനിക്കു ലഭിച്ചിട്ടില്ലാത്ത സ്വീകരണങ്ങളാണ് തെക്കു തിരുവനന്തപുരം മുതൽ വടക്ക് കുന്നംകുളം വരെ ലഭിച്ചതെന്ന് തിരുമേനി നന്ദിയോടെ സ്മരിച്ചു.

1995 ജനുവരി 14 ശനിയാഴ്ച രാവിലെ പ്രഭാത നമസ്ക്കാരത്തെ തുടർന്ന്, നോർത്ത് അമേരിക്ക, യൂറോപ്പ്, ഭദ്രാസനാധിപൻ ഡോ. മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വൈദികരായ സി. കെ. രാജൻ, റവ. സ്ലീബി, റവ. ജോൺ മാത്യു, റവ. ഫീലിപ്പോസ് തേവർകാട്ടിൽ, അലക്സാണ്ടർ കോർഎപ്പിസ്കോപ്പാ, യേശുദാസൻ പാപ്പൻ കോർഎപ്പിസ്കോപ്പാ, സി. ജെ. ജോൺസൺ കോർഎപ്പിസ്കോപ്പാ, ഡീക്കൻ തോമസ്കുട്ടി എന്നിവരുടെ സഹകരണത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയുണ്ടായി.

തുടർന്നു നടന്ന സമ്മേളനത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ ആദ്യ ദേവാലയമായ സെന്റ് തോമസ് ഇടവക രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയ കെ. എ. ചെറിയാൻ, പി. ഐ. ജോൺ, ഫീലിപ്പോസ് വട്ടശ്ശേരി, തോമസ് കുര്യൻ, ജോൺ ചെറിയാൻ തുടങ്ങിയവരെ അഭിനന്ദിക്കുകയും അവരുടെ ആദ്യകാല സേവനങ്ങളുടെ അംഗീകാരമായി അവർക്ക് അഭിവന്ദ്യ തിരുമേനി പ്ലാക് വിതരണം ചെയ്യുകയും ചെയ്തു.

സെന്ററിന്റെ രണ്ടാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീറിന്റെ പ്രകാശനം അഭിവന്ദ്യ തിരുമേനി ഫിലിപ്പ് തൈക്കുടത്തിനു ആദ്യ കോപ്പി നൽകി നിർവ്വഹിക്കുകയുണ്ടായി. സുവനീർ കമ്മറ്റി ചീഫ് എഡിറ്റർ വർഗീസ് മാത്യു സുവനീറിന്റെ പ്രസിദ്ധീകരണത്തിനു സഹായിച്ച എല്ലാ ആളുകൾക്കും നന്ദി രേഖപ്പെടുത്തി.

സമ്മേളനത്തിൽ ദാനിയേൽ ജോർജ്ജ് സ്വാഗതവും സെക്രട്ടറി ബോസ്വെൽ ഡാനിയൽ കൃതജ്ഞതയും രേഖപ്പെടുത്തി.

1995 ജനുവരി 27-ലെ 'കൈരളി' ലക്കം പുറത്തു വന്നതോടെ തുടങ്ങി ഭൂകമ്പം. അമേരിക്കൻ ഭദ്രാസനത്തിൽ വീണ്ടും മക്കാറിയോസിനു അധികാരം നല്കുവാൻ സാദ്ധ്യതയുണ്ടെന്ന് വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്നും അറിഞ്ഞുവെന്നതാണ് ഭൂകമ്പത്തിന്റെ കാരണം. അങ്ങനെ സംഭവിച്ചാൽ ആ തീരുമാനം സ്വീകരിക്കരുതെന്ന് അസംതൃപ്തരായ ചിലർ ഇടവകകളെ അറിയിച്ചു. അങ്ങനെ സുന്നഹദോസ് തീരുമാനിച്ചാൽ എൽമണ്ട് ഇടവക ചെയ്തതുപോലെ ഇടവകകൾ സ്വതന്ത്ര യൂണിറ്റുകളായി ഇൻകോർപ്പറേഷൻ ഉണ്ടാക്കണമെന്നും അവർ ജനങ്ങളെ അറിയിച്ചു.

കമ്മീഷൻ അംഗങ്ങളെ വന്ന നാൾ തുടങ്ങി മക്കാറിയോസ് വിരുദ്ധ ഗ്രൂപ്പിന്റെ തടങ്കൽ പാളയങ്ങളിൽ മാത്രം തളച്ചിടുകയും യഥാർത്ഥ ചിത്രം അവർ മനസ്സിലാക്കാതിരിക്കാൻ ആവതും ശ്രമിക്കയും ചെയ്ത ഗ്രൂപ്പ്, കമ്മീഷൻ അംഗങ്ങളായ തിരുമേനിമാരുടെ പഠനം അപര്യാപ്തമാണെന്നും അവരുടെ റിപ്പോർട്ട് ഏകപക്ഷീയമായിരിക്കുമെന്നും, റിപ്പോർട്ടു സമർപ്പിക്കുന്നതിനു മുമ്പുതന്നെ വിധി എഴുതി. കൂടാതെ സഭാകേന്ദ്രത്തിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുന്നുവെന്നും വിധി പ്രസ്താവിച്ചു.

പ. സുന്നഹദോസ് കൂടുന്നതിനു മുമ്പുതന്നെ, അതിന്റെ തീരുമാനങ്ങളെ എതിർക്കുന്നതായി 38 അച്ചന്മാരുടെയും 4 ശെമ്മാശന്മാരുടെയും പേരു വച്ച് ഒരു മെമ്മോറാണ്ടം ബ. ആദായി, കെ. മത്തായി എന്നീ പട്ടക്കാർ സുന്നഹദോസിനയച്ചു. ഈ മെമ്മോറാണ്ടത്തിൽ പേരു പറയുന്നവരിൽ ബഹുഭൂരിപക്ഷം അച്ചന്മാരും ഈ മെമ്മോറാണ്ടം കാണുകയോ അറിയുകയോ ചെയ്തിട്ടില്ലെന്ന് അവർ തന്നെ പിന്നീടു പറഞ്ഞു. "വരുന്ന വെള്ളിയാഴ്ചയ്ക്കകം ഇതിന് മറുപടി ലഭിച്ചിട്ടില്ലെങ്കിൽ അച്ചൻ ഇതിനെ അനുകൂലിക്കുന്നതായി കരുതും" എന്ന കെ. മത്തായി അച്ചന്റെ കുറിപ്പോടുകൂടിയുള്ള അറിയിപ്പ്, തീയതി കഴിഞ്ഞു കിട്ടത്തക്കവണ്ണം പോസ്റ്റു ചെയ്തതായി പേരു ചേർത്തിരിക്കുന്ന പല പട്ടക്കാരും പരാതിപ്പെട്ടു. ബ. മത്തായി അച്ചന്റെ കുറിപ്പും മെമ്മോറാണ്ഡവും താഴെ ചേർക്കുന്നു.

ബഹു. അച്ചൻ അറിയുന്നതിന്,

ഈ എഴുത്തിന്റെ കൂടെ അയയ്ക്കുന്ന പെറ്റീഷൻ വായിക്കുകയും അച്ചന്റെ അഭിപ്രായം എഴുതി മറുപടി വരുന്ന വെള്ളിയാഴ്ച (2/3/95) യ്ക്കു ലഭിച്ചില്ലായെങ്കിൽ അച്ചൻ ഇതിനെ അനുകൂലിക്കുന്നതായി കരുതുകയും, അച്ചന്റെ പേർ കൂടി ചേർത്ത്, പരിശുദ്ധ സിനഡിനു മുമ്പ് കിട്ടത്തക്കവണ്ണം അയയ്ക്കയും ചെയ്യുന്നതാണ്.

എന്റെ ഫോൺ നമ്പർ: 610-544-2742

സ്നേഹപൂർവ്വം,

കർത്ത്യ സേവനത്തിൽ,
(ഒപ്പ്) ഫാ. കെ. മത്തായി

പരിശുദ്ധ ബാവാ തിരുമേനിയുടെയും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അംഗങ്ങളുടെയും അടിയന്തിര ശ്രദ്ധയ്ക്ക് അമേരിക്കാ ഭദ്രാസനത്തിലെ വൈദികർ സമർപ്പിക്കുന്ന നിവേദനം.

പിതാക്കന്മാരേ,

1994-ൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും മാർ ഐറേനിയോസ് എപ്പിസ്ക്കോപ്പായും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധികളായി നടത്തിയ കമ്മീഷന്റെ പഠനം അപര്യാപ്തമാണെന്നും അവരുടെ റിപ്പോർട്ട് ഏകപക്ഷീയമാണെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാർ മക്കാറിയോസ് തിരുമേനിക്ക് അമേരിക്കൻ ഭദ്രാസനത്തിൽ വീണ്ടും അധികാരം നൽകുവാൻ സാധ്യതയുണ്ടെന്നും വിശ്വസനീയ കേന്ദ്രങ്ങളിൽ നിന്നും അറിയുന്നു.

1. അമേരിക്കൻ ഭദ്രാസനത്തിൽ ഏതെങ്കിലും സ്ഥാനമോ പദവിയോ മക്കാറിയോസ് തിരുമേനിക്കു നൽകിയാൽ ഞങ്ങളും ഞങ്ങളുടെ ഇടവകകളും ആ തീരുമാനം സ്വീകരിക്കയില്ലെന്നും എതിരായി ഞങ്ങൾ പ്രവർത്തിക്കുമെന്നും അറിയിക്കുന്നു.

2. ഇപ്പോഴത്തെ അവസ്ഥയിൽ മുമ്പിലത്തെക്കാൾ ഭംഗിയായി ഈ ഭദ്രാസന ഭരണം നിർവഹിക്കുകയും ചിരകാലാഭിലാഷമായിരുന്ന ഭദ്രാസനകേന്ദ്രം വാങ്ങുകയും ഇടവകകൾക്കു കെട്ടുറപ്പു വരുത്തുകയും ചെയ്ത മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ ഈ ഭദ്രാസനത്തിൽ നിന്നും മാറ്റരുതെന്നും അങ്ങനെ ചെയ്താൽ ഞങ്ങളുടെ ഇടവകകൾ സ്വതന്ത്രമായ ഇൻകോർപ്പറേഷൻ ഉണ്ടാക്കുമെന്നും അറിയിക്കുന്നു.

3. 204/93, 144/94, 145/94 എന്നീ കൽപ്പനകളിൽ കൂടി പരിശുദ്ധ ബാവാ തിരുമേനിയും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസും എടുത്ത നടപടികൾ പൂർണ്ണമായും നടപ്പിലാക്കാത്തതുമൂലം സഭാകേന്ദ്രത്തിന്റെ വിശ്വാസ്യത നഷ്ടപ്പെട്ടതിനാൽ എത്രയുംവേഗം ആ തീരുമാനങ്ങൾ പ്രാവർത്തികമാക്കി സഭയുടെ അന്തസ്സും ശിക്ഷണബോധവും വീണ്ടെടുക്കാൻ സത്വര നടപടികളെടുക്കണമെന്നും അപേക്ഷിക്കുന്നു.

കുറിപ്പ്: താഴെ കൊടുത്തിരിക്കുന്ന വൈദികരുടെ സമ്മതം കത്തു മുഖാന്തരവും ടെലഫോൺ മുഖാന്തരവും ലഭിച്ചിട്ടുള്ളതാണ്.

Signed:

01. Fr. Paulose Adai, Diocesan Secretary, St. John's, New City, NY (718) 648-8172

02. Fr. K. Mathai, Secr. Clergy Fellowship, St. Gregorios, Phil., Pa. (215) 544-2742

Copy to: The Members, Holy Episcopal Synod
Members, Malankara Association Working Committee
Members, Malankara Association Managing Committee

List of other clergy attached.

New York: Saturday, January 28, 1995

03. Fr. Yohannan Panickar, St.Thomas, Los Angelis, Ca.
04. Fr. K. M. Samuel, St. Mary's Philadelphia, Pa.
05. Fr. Alexander Kurian, St. Gregorios,Washington, DC.
06. Fr. M. K.Thomas, St. Gregorios, Evanston, III.
07. Fr. P. M. Zachariah, St. Paul's, Orlando, Florida.
08. Fr. Joy Pyngolil, St.Thomas Indian Orthodox, Fl.
09. Fr. George Paulose, St.Gregorios,Tampa, Florida.
10. Fr. Koshy Poovathur, St.Thomas, Chicago, Illinois.
11. Fr. Koshy P. John, St. Gregorios, New Orieans.
12. Fr. K. G. Philipose, St. Mary's, Boston, Ma.
13. Fr. Varghese Thirumansseril, St. Mary's, St. Louis, Miss.
14. Fr. Jacob Philip, St. Mary's, Bloomfield, N.J.
15. Fr. John Mathew, St. Gregorios,West Orange, NJ.
16. Fr. C. M. John, St.Thomas,W. Orange,NJ.
17. Fr. A. K. Cherian, St. Mary's, Bronx, NY
18. Fr. M. E. Idiculla, St. Gregorios, Elmont, NY
19. Fr. T. M. Zachariah, St. Mary's W. Sayvilla NY
20. Fr. Bijesh Philip, St. Mary's Jackson Heights, NY
21. Fr. Thomas Paul, St. Basil, Garden City, NY
22. Fr. M. K. Kuriakose, St. Peter & Paul Sparkhill, NY
23. Fr. Thomas Mundukuzhy, St. Thomas, Syracuse
24. Fr. P. S. Samuel, Member, MA Managing Com.
25. Fr. G. Ninan, St. Thomas, Baltimore, MD
26. Fr. M. T. Thomas, St. Thomas, Houston, Texas

27. Fr. Raju Varghese, St. Gregorios, Bronx, New York
28. Fr. C. O. Vargis, St. Stephen's, Houston, Texas
29. Fr. P. M. Cherian, St. Thomas, Philadelphia, Pa
30. Fr. Mathew C. Chacko, St. Gregorios, Elmont, NY.
31. Fr. M. M. Zachariah, St. George, Dallas,Texas
32. Fr. Geevarghese Aroopala, St.Thomas, Houston,Texas
33. Fr. John Geevarghese, St. Gregorios, Houston,Texas
34. Fr. K. K. Kuriakose, St. Gregorios, Mt.Vernon, NY

ചരിത്രം തിരുത്തിയ സുന്നഹദോസ്

1995 ഫെബ്രുവരി 22. അന്നും പതിവുപോലെ കിഴക്കേ ദിക്കിൽ വെള്ള പൂശി ആദിത്യഭഗവാൻ പഴയസെമിനാരിയുടെ മുകളിലെ പഴയ കുരിശിനെ പുല്കി നിന്നു. ചരിത്രത്തിനു സാക്ഷ്യം നിന്ന മുത്തശിമാവിൻ കൊമ്പുകൾ ശാന്തമായി വീശുന്ന കുളിർകാറ്റിൽ തുള്ളിക്കളിച്ചു. മീനച്ചിലാറിന്റെ കുഞ്ഞോളങ്ങൾ പഴയ ചരിത്രത്തിന്റെ ഏടുകൾ മറിച്ച് കളകളം ചെവിയിൽ മന്ത്രിച്ച് പടിഞ്ഞാറേക്ക് ഒഴുകിപ്പോയി. സഭാ സ്വാതന്ത്ര്യത്തിന്റെ തേരാളി വട്ടശ്ശേരിൽ തിരുമേനിക്കും അംഗരക്ഷകൻ സഹദാവർക്കി ആശാനും മാർ മക്കാറിയോസിന്റെ ചെവികളിൽ എന്തോ സ്വകാര്യം പറഞ്ഞു.

പോകൂ മുന്നോട്ട് – മുന്നോട്ട് – വലിയവനായ ഉടയതമ്പുരാൻ നിന്നോടുകൂടെ. പതറരുത്, ചഞ്ചലപ്പെടുകയും അരുത്!

കഴിഞ്ഞ മൂന്നു ദിവസമായി മാർ ബർന്നബാസ് ഉന്നയിക്കുന്ന തടസ്സവാദങ്ങളിൽ കുടുങ്ങി എങ്ങുമെങ്ങും എത്താതെ കിടക്കുന്ന അമേരിക്കൻ സമാധാന പ്രക്രിയയ്ക്കു ഇനി ഒരു ദിവസം മാത്രം. തലേദിവസം നടന്ന ചർച്ചകളിൽ വാഴക്കുല കച്ചവടക്കാരന്റെ മട്ടിൽ "മക്കാറിയോസിന് രണ്ടു പള്ളി കൊടുക്കാം, നാലു പള്ളി ആയാലോ." ഇങ്ങനെ വില പേശി പേശി ഇരുന്ന ചില പിതാക്കന്മാരുടെ വില കുറഞ്ഞ ആലോചനകളിൽ ഏറെ മനം നൊന്താണ് മാർ മക്കാറിയോസ് ഉറങ്ങാൻ പോയത്.

പ്രഭാത പ്രാർത്ഥനയും ധ്യാനവും കഴിഞ്ഞ് പ്രഭാത ഭക്ഷണത്തിനു മുമ്പുതന്നെ അദ്ദേഹം തന്റെ ആരാധ്യപുരുഷനായ വട്ടശ്ശേരിൽ തിരുമേനിയുടെ കബറിങ്കൽ ഏറെനേരം കുശലപ്രശ്നം ചെയ്തു. ആ പരിശുദ്ധന്റെ ഉത്തേജന ഉപദേശത്തിൽ നിന്ന് ഊർജ്ജം കൊണ്ടു. ഒരു ദീർഘ നെടുശ്വാസത്തോടെ അദ്ദേഹം മുറിയിലേക്കു തിരികെ പോയി. മനസ്സിനു എന്തോ ഒരു ശാന്തി, ഒരു പുതു ഉന്മേഷം. ശാന്തവും ദൃഢവും ആയ പതറാത്ത ഒരു മനസ്സുമായിട്ടാണ് അന്ന് അദ്ദേഹം സോഫിയാ സെന്ററിലെ സുന്നഹദോസ് ഹാളിലേക്കു പ്രവേശിച്ചത്.

പുതുമടിശീലകളും കൊഴുപ്പുള്ള കീശകളുമായി, മാർ മക്കാറിയോസിനെ ഒരിക്കലും അമേരിക്കയിൽ കാലുകുത്തിക്കാതിരിക്കാനുള്ള പാരിതോഷികങ്ങളുമായി ബ. പി. എസ്. ശമുവേൽ അച്ചനും ഏതാനും ഉപജാപകവൃന്ദവും പിതാക്കന്മാരുടെ മുറികളിൽ കയറി ഇറങ്ങുന്നതു കണ്ട ശേഷമാണ് അന്നത്തെ സുന്നഹദോസ് ആരംഭിച്ചത്.

പെട്ടെന്നാണ് സെമിനാരി മുറ്റത്തേക്ക് കാറുകൾ ഒഴുകിത്തുടങ്ങിയത്, ഒന്നല്ല, പത്തല്ല, നൂറുകണക്കിന്. ബസ്സുകളിലും കാറുകളിലുമായി വിവിധ ഭദ്രാസനങ്ങളിൽ നിന്നും ഓടിക്കൂടിയ പുരോഹിതന്മാരേയും അത്മായ പ്രമുഖരേയും കൊണ്ട് സെമിനാരിമുറ്റം നിറയാൻ അധികസമയം വേണ്ടി വന്നില്ല. അടിപിടി അക്രമങ്ങൾക്കും കുത്തിക്കൊലപാതകങ്ങൾക്കും സാക്ഷി നിന്നിട്ടുള്ള സെമിനാരി പരിസരം ജനനിബിഡമായി. അക്രമത്തിനാണോ? അതോ സങ്കടമുണർത്തിക്കാനോ? ആർക്കും ഒരു എത്തും പിടിയും ഇല്ല.

അതിനോടകം സുന്നഹദോസ് ആരംഭിച്ചു കഴിഞ്ഞിരുന്നു. സുന്നഹദോസിൽ ഇരിക്കുന്ന പിതാക്കന്മാർക്ക് പുറത്ത് പെരുന്നാളിനു വരുന്നതു പോലെയുള്ള ആൾക്കൂട്ടം കണ്ണാടി ജനാലകളിൽ കൂടി കാണാമായിരുന്നു. എന്തോ പന്തികേട് അവരും മണത്തു.

അകത്തു ചർച്ചകളും പുറത്ത് ആരവാരവും. പുറത്തു നില്ക്കുന്ന പുരോഹിതന്മാരുടെ വക്താവായി ബഹു. എം. ടി. ജോസഫച്ചൻ ഒരു കുറിമാനം അകത്തേക്ക് കൊടുത്തയച്ചു.

“ഞങ്ങൾക്കു ചില സങ്കടങ്ങൾ ഉണ്ട്. അത് കേട്ടശേഷം സുന്നഹദോസ് നടത്തിയാൽ മതി.”

ഉടൻ ബാവാ തിരുമേനിയുടെ മറുപടിക്കുറിപ്പ്. ‘സുന്നഹദോസ് നടക്കുന്നതിനാൽ ഇപ്പോൾ കാണുക സാദ്ധ്യമല്ല. ഉച്ച നമസ്ക്കാരത്തിന് പിരിയുമ്പോൾ നിങ്ങളുടെ സങ്കടം കേൾക്കാം. അതുവരെ നിങ്ങൾ കാത്തിരിക്കൂ.”

ജോസഫ് അച്ചൻ ഉറക്കെ അതു വായിച്ചു കേൾപ്പിച്ചു. ഉച്ചവരെ കാത്തു നില്ക്കാൻ എല്ലാവരും സന്നദ്ധരായി.

അതിനിടയിൽ സെമിനാരി മുറ്റത്ത് അരങ്ങേറിയ അല്ലറ ചില്ലറ സംഭവങ്ങളും രസാവഹങ്ങളായിരുന്നു.

സുന്നഹദോസ് നടക്കുന്ന മുറിയുടെ തൊട്ടടുത്ത മുറിയിൽ സുന്നഹദോസ് മുറിയിൽ നടക്കുന്ന ചർച്ചകൾ കേൾക്കത്തക്കവിധത്തിൽ വാതിലിനോട് ചേർന്നു ചെവിയും വച്ച് ഒരച്ചൻ പതുങ്ങിയിരിക്കുന്നു. തലങ്ങും

വിലങ്ങും നടന്നുകൊണ്ടിരുന്ന ചെറുപ്പക്കാരിൽ രണ്ടുപേരുടെ കണ്ണിൽ പതുങ്ങിയിരിക്കുന്ന ആൾ ശ്രദ്ധയിൽപെട്ടു.

ഒരു നീളമുള്ള പട്ടക്കാരൻ. എന്തിനാണ് ഇയാൾ പാത്തിരുന്ന് സുന്ന ഹദോസ് ചർച്ചകൾ ചോർത്തി എടുക്കുന്നത്? ഏതായാലും ചോദിച്ചു കളയാം.

അവർ ചോദിച്ചു, "അച്ചന്റെ പേരെന്താ? എന്തിനാ ഇവിടെ പതുങ്ങി യിരിക്കുന്നത്?"

"എന്റെ പേര് ശാമുവേൽ അച്ചൻ."

"അച്ചനാണോ അമേരിക്കയിലെ പി. എസ്. ശാമുവേൽ അച്ചൻ?"

"അതെ."

യുവാക്കളുടെ സ്വരം കനത്തു.

"എഴുന്നേല്ക്കടോ ഇവിടെ നിന്ന്" യുവാക്കൾ അലറി.

"നിങ്ങളാരാ ഇതു പറയാൻ?" അച്ചനും വിട്ടില്ല.

"ഞങ്ങൾ ആരുമായിക്കൊള്ളട്ടെ. എഴുന്നേല്ക്കടോ ഇവിടെ നിന്നും. അല്ലെങ്കിൽ തന്റെ പാസ്പോർട്ടിന്റെ കൂടെ തന്റെ പോസ്റ്റുമാർട്ടം റിപ്പോ ർട്ടും ഞങ്ങൾ അമേരിക്കയ്ക്കു അയയ്ക്കും. ഉം."

മുഷ്ടി ചുരുട്ടി നില്ക്കുന്ന യുവാക്കളുടെ മുമ്പിൽ തലയും കുമ്പിട്ട് അച്ചൻ എഴുന്നേറ്റു.

ഹൈജാക്കു ചെയ്ത് അച്ചനെ യുവാക്കൾ മുറ്റത്തേക്കു കൊണ്ടുവന്നു. മുറ്റത്തു കിടന്ന അച്ചന്റെ കാറിൽ ഭാര്യ ഇരിക്കുന്നുണ്ടായിരുന്നു. അവിടം വരെയും യുവാക്കൾ ജനമദ്ധ്യത്തിലൂടെ അച്ചനെ ആനയിക്കുന്നത് ജനം കണ്ടു. അച്ചനെ കാറിൽ കയറ്റി ഇരുത്തിയിട്ട് യുവാക്കൾ പറഞ്ഞു.

"സുന്നഹദോസ് കഴിയും വരെ ഇവിടെ ഇരുന്നുകൊള്ളണം. കാറിനു പുറത്തു വന്നാൽ....?"

* * * * * * * * * * * *

അമേരിക്കയിൽ നിന്നും ഡോളർ നിറച്ച പേഴ്സുമായി ജനങ്ങളുടെ ഇടയിലൂടെ ഒരു സുന്ദരക്കുട്ടപ്പൻ ജനസംസാരം മണത്തറിഞ്ഞു നടന്നു കൊണ്ടിരുന്നു.

അവസാനം അയാൾ ഒരു ഗ്രൂപ്പിന്റെ അടുക്കൽ ചെന്നു ചോദിച്ചു, "നിങ്ങൾക്കു ആർക്കും മറ്റു തൊഴിലൊന്നുമില്ലേ, ഈ മക്കാറിയോസിന്റെ പിന്നാലെ നടക്കുന്നത് എന്തിനാ?"

ഒരു ചെറുപ്പക്കാരൻ ആ യുവാവിന്റെ മേൽ ചാടി വീഴുന്നതു കണ്ടു യുവാവ് കുതിച്ചോടി. മണ്ടുന്ന അമേരിക്കക്കാരന്റെ പിന്നാലെ വാണം വിട്ടപോലെ നാടൻ യുവാവും. ഒടുവിൽ അമേരിക്കക്കാരൻ സ്വന്തം കാറിൽ കയറി കോട്ടയം പട്ടണത്തിലെ തിരക്കിൽ മറഞ്ഞു. ജീപ്പിൽ പിന്തുടർന്ന നാടൻ യുവാവിന് അമേരിക്കന്റെ പൊടിപോലും കാണാൻ കഴിഞ്ഞില്ല.

ഉച്ച നമസ്ക്കാരത്തിനുള്ള മണി മുഴങ്ങി. അക്ഷമരായി ജനക്കൂട്ടം ബാവാ തിരുമേനിക്കുവേണ്ടി കാത്തുനിന്നു. തോമസ് അത്താനാസ്യോസ് തിരുമേനിയാൽ അനുഗതനായി ബാവാ പ്രത്യക്ഷപ്പെട്ടു.

പട്ടക്കാരുടെ സംഘം ഈച്ചപോലെ ബാവായെ പൊതിഞ്ഞു. ബാവായുടെ പിന്നാലെ ഇറങ്ങിവന്ന പിതാക്കന്മാരെല്ലാം ആൾക്കൂട്ടം കാണാതെ മറുവഴിയായി എവിടെയോ മറഞ്ഞു.

ബാവാ തിരുമേനി പറഞ്ഞു, "നിങ്ങൾ അച്ചന്മാരെല്ലാം മക്കാറിയോസ് ആബൂനുവേണ്ടി പറയാൻ വന്നതാണെന്ന് എനിക്കറിയാം. നിങ്ങൾ..."

ബാവായുടെ വാക്കു തീരുംമുമ്പെ വക്താവായ അച്ചൻ പറഞ്ഞു. "അല്ല, ഞങ്ങൾ ഒരു മെത്രാച്ചനും വേണ്ടി വാദിക്കാൻ വന്നവരല്ല. എന്നാൽ ഇവിടെ നീതി നടക്കണം. അനീതിയായ തീരുമാനം സുന്നഹദോസ് എടുക്കരുത്. ഒരു മെത്രാച്ചനോടും അനീതി കാണിക്കരുത്. ആ കൂട്ടത്തിൽ മക്കാറിയോസ് മെത്രാച്ചനോടും അനീതി കാണിക്കരുത്."

"ഞാൻ മക്കാറിയോസ് ആബൂനോട് വല്ല അനീതിയും കാണിച്ചിട്ടുണ്ടോ" ബാവാ ശബ്ദമുയർത്തി ചോദിച്ചു. "ഉണ്ട്." "അദ്ദേഹത്തിന്റെ ഭദ്രാസനം കുത്സിതമാർഗ്ഗങ്ങളിലൂടെ തട്ടി എടുത്തതിലും ബർന്നബാസ് തിരുമേനിക്ക് അതു നല്കിയതിലും തിരുമേനിക്കു പങ്കില്ലെന്നു പറയാമോ?"

"നിങ്ങളോടു ഞാൻ വാദിക്കുന്നില്ല. മക്കാറിയോസ് ആബൂനോട് ഒരനീതിയും ഇന്നത്തെ തീരുമാനങ്ങളിൽ ഈ സുന്നഹദോസ് ചെയ്കയില്ലെന്ന് ഞാൻ വാക്കു പറയുന്നു. നിങ്ങൾ പിരിഞ്ഞു പോകണം."

"ഇല്ല, തിരുമേനി, നീതിപൂർവ്വമായ തീരുമാനങ്ങൾ ചെയ്തുവെന്ന് ഞങ്ങൾ അറിയും വരെ, ഈ മുറ്റത്തുനിന്നു ഞങ്ങളിൽ ഒരുവൻ പോലും പിരിഞ്ഞുപോവില്ല."

അത്താനാസ്യോസ് തിരുമേനി അച്ചന്മാരെ സാന്ത്വനപ്പെടുത്തി പറഞ്ഞു, "നോക്ക്, ബാവാ തിരുമേനി വാക്കു തന്നില്ലെ? ഇനി അദ്ദേഹം പോയി ഭക്ഷണം കഴിക്കട്ടെ."

ആളുകൾ ഒഴിഞ്ഞുമാറി; ബാവാ പ്രാർത്ഥനയ്ക്കും ഉച്ചഭക്ഷണത്തിനുമായി പോവുകയും ചെയ്തു.

ഉച്ചകഴിഞ്ഞുള്ള സുന്നഹദോസ്

ഡൽഹിയുടെ മാർ ഗ്രീഗോറിയോസ് മാത്രം തന്ത്രപൂർവ്വം ഈ സുന്ന ഹദോസിൽ നിന്നും വിട്ടു മാറിനിന്നു. മറ്റെല്ലാ തിരുമേനിമാരും സുന്നഹ ദോസിൽ സംബന്ധിച്ചിരുന്നു. പെട്ടെന്നുണ്ടായ ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് ഫിലിപ്പോസ് മാർ തെയോഫിലോസിനെ ഉടൻ കോട്ടയം ചെറി യപള്ളി ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നതുകൊണ്ട് ഉച്ചയ്ക്കു ശേഷമുള്ള മീറ്റിംഗിൽ അദ്ദേഹവും പങ്കെടുത്തില്ല.

മൂന്നു ദിവസമായി നടക്കുന്ന ചർച്ചകൾ എങ്ങുമെങ്ങും എത്തുന്നില്ല. ഇനി അവശേഷിക്കുന്നത് ഏതാനും മണിക്കൂർ മാത്രം. അപ്പോഴും അമേ രിക്കൻ പള്ളികൾക്കു വേണ്ടിയുള്ള ലേലംവിളികൾ നടന്നുകൊണ്ടേയി രുന്നു. സമയം കൊല്ലാനുള്ള ഒരു പ്രക്രിയ.

അപ്പോഴാണ് മക്കാറിയോസ് തിരുമേനി എഴുന്നേറ്റു നിന്നത്. അദ്ദേഹം അക്ഷോഭ്യനായി ദൃഢമായ സ്വരത്തിൽ സംസാരം ആരംഭിച്ചപ്പോൾ പിതാ ക്കന്മാർ അദ്ദേഹത്തിന്റെ ശബ്ദത്തിന് കാതു കൂർപ്പിച്ചു. അദ്ദേഹം പറഞ്ഞു:

"കഴിഞ്ഞ മൂന്നു ദിവസമായി എങ്ങും തീരാതെ അമേരിക്കൻ ഭദ്രാ സന ചർച്ച തുടരുകയാണ്. ഒരു തീരുമാനവും എടുക്കാതെ ചർച്ചകൾ നീട്ടി പിരിയണമെന്ന് ചിലർക്കു നിർബന്ധമുള്ളതുപോലെ തോന്നുന്നു. ഇനി ചർച്ചകൾ അവസാനിപ്പിച്ചു തീരുമാനം എടുത്തേ മതിയാവൂ. നോക്ക്, നിങ്ങൾ എന്നെ അടിച്ചു, ഞാനോടി, നിങ്ങൾ പുറകെ വന്ന് എന്നെ തൊഴിച്ചു. അതു ഏറ്റുകൊണ്ട് ഞാൻ ഓടി. ഇതാ മുന്നിൽ ഭിത്തി. ഇനി എനിക്കോടാൻ സ്ഥലമില്ല. ഇനി ഞാൻ തിരിഞ്ഞു വരികയാണ്. ആർക്കെ ങ്കിലും എന്നെ തടയാമെങ്കിൽ തടഞ്ഞുനോക്കൂ. ഞാൻ ഒരു കൊടുങ്കാ റ്റുപോലെ മലങ്കരയുടെ പള്ളികളിലെല്ലാം കയറി എന്നോടു കാണിച്ച അനീതി ഉറക്കെ ജനത്തെ ബോദ്ധ്യപ്പെടുത്താൻ പോകുന്നു...."

അദ്ദേഹം വികാര വിവശനായിരുന്നു.

പിന്നെ എല്ലാം വളരെ വേഗത്തിലായിരുന്നു. തീരുമാനങ്ങൾ വേഗം എത്തി. അവ അക്കമിട്ടു പറഞ്ഞു.

1. അഭി. തോമസ് മക്കാറിയോസ്, അമേരിക്കയുടെ സീനിയർ മെത്രാ പ്പോലീത്താ ആയിരിക്കും.

2. മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ പദവി മാർ ബർന്നബാസിൽ തന്നെ നിലനിർത്തുന്നു.

3. പൊതുയോഗങ്ങൾ രണ്ടു മെത്രാപ്പോലീത്തന്മാരും ചേർന്നു

വിളിക്കണം. സീനിയർ ഹാജരായാൽ അദ്ധ്യക്ഷത വഹിക്കണം. രേഖകളിൽ മെത്രാപ്പോലീത്താ ഒപ്പിടണം.

4. പട്ടക്കാരുടെ സ്ഥലംമാറ്റം ബർന്നബാസ് നടത്തണം. എന്നാൽ താഴെപ്പറയുന്ന 10 പട്ടക്കാരുടെ സ്ഥലമാറ്റം പ്രത്യേക സാഹചര്യത്തിൽ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി മാത്രം നിർവഹിക്കണം.

5. പള്ളിക്കൂദാശ, പട്ടംകൊട തുടങ്ങിയവ ഇരു മെത്രാപ്പോലീത്തന്മാരും ആലോചിച്ച് നടത്തണം.

6. കേസുകൾ അവസാനിപ്പിക്കുന്നതും മറ്റും ഇരുകൂട്ടരും ഒരുമിച്ചു ആലോചിച്ചു ചെയ്യണം.

7. രണ്ടു മെത്രാപ്പോലീത്തന്മാരുടേയും പേരുകൾ ഉള്ള ലറ്റർപാഡു മാത്രമേ ഉപയോഗിക്കാവൂ. സീനിയർ മെത്രാപ്പോലീത്തായുടെ പേര് മുകളിൽ ചേർക്കേണ്ടതാണ്.

നാടകീയമായി എല്ലാ തീരുമാനങ്ങളും പ്രഖ്യാപിക്കപ്പെട്ടു. പിതാക്കന്മാർ ഏകകണ്ഠമായി കൈയടിച്ചു പാസ്സാക്കി. ആർക്കും ഒരു മുറുമുറുപ്പോ പ്രതിഷേധമോ ഉണ്ടായില്ല.

സീനിയർ മെത്രാപ്പോലീത്തായുടെ പേരു മുകളിലും ബർന്നബാസ് മെത്രാപ്പോലീത്തായുടെ പേര് താഴെയും ചേർത്ത് അടിച്ച സാമ്പിൾ ലെറ്റർപാഡ് ഉടൻതന്നെ രണ്ടു മെത്രാപ്പോലീത്തന്മാർക്കും നല്കി.

സുന്നഹദോസ് നിശ്ചയങ്ങളിൽ ആദ്യം ഒപ്പുവച്ചത് മാർ ബർന്നബാസ് തന്നെ ആയിരുന്നു. എല്ലാവരും ഒപ്പിട്ടശേഷം ചെറിയപള്ളി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട മാർ തെയോഫിലോസിന്റെ അടുക്കൽ നിശ്ചയങ്ങളുടെ ബുക്കു കൊടുത്തയച്ചു ഒപ്പിടുവിച്ചു.

മലങ്കരസഭയുടെ ചരിത്രത്തിൽ ഇങ്ങനെ എല്ലാ മെത്രാപ്പോലീത്തന്മാരും ഒപ്പിട്ട ഏകപക്ഷീയമായ തീരുമാനം ആദ്യമായിട്ടാണുണ്ടായിട്ടുള്ളത്.

സുന്നഹദോസ് പിരിഞ്ഞ് ആദ്യം പുറത്തേക്കു വന്നത് മാർ മക്കാറിയോസ് ആയിരുന്നു. അദ്ദേഹത്തെ പൊതിയുന്ന ജനത്തിന്റെ ചോദ്യങ്ങൾക്കു മറുപടി പറയാതെ അദ്ദേഹം ആദ്യമായി ഓടിപ്പോയത് പരിശുദ്ധനായ വട്ടശ്ശേരിൽ പിതാവിന്റെ കബറിടത്തിലേക്കാണ്. അദ്ദേഹം നിറകണ്ണുകളോടെ അവിടെ പ്രാർത്ഥിച്ചു തിരിയുമ്പോൾ സുന്നഹദോസ് നിശ്ചയങ്ങളറിവാൻ അക്ഷമരായി കാത്തുനിന്ന ജനങ്ങൾ തന്റെ പിന്നിൽ തടിച്ചുകൂടിയിരിക്കുന്നതാണ് കണ്ടത്.

അദ്ദേഹം സുന്നഹദോസ് നിശ്ചയങ്ങളുടെ ചുരുക്കം അവരെ അറിയിച്ചു. സന്തോഷാശ്രുക്കൾ പൊഴിച്ച് ദൈവത്തിനു സ്തോത്രം പാടി പട്ടക്കാരും ജനങ്ങളും പിരിഞ്ഞുപോയി.

അന്നു വൈകിട്ട് മക്കാറിയോസും ബർന്നബാസും ഒരുമിച്ച് സെമിനാരി വിദ്യാർത്ഥികൾക്ക് സന്തോഷസൂചകമായി പായസ സല്ക്കാരം നടത്തുകയും ചെയ്തു.

പ. ബാവാ 84/95 ആയി ഏപ്രിൽ 28-ന് ഈ തീരുമാനം സഭ ആകമാനം അറിയിച്ചു. കല്പന താഴെ ചേർക്കുന്നു.

പ. ബാവായുടെ കല്പനയുടെ പരിഭാഷ

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ
കിഴക്കിന്റെ കാതോലിക്കേറ്റ്
ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് II
വി. തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും

No. 84/95

കാതോലിക്കേറ്റ് അരമന
കോട്ടയം, കേരളം, ഇന്ത്യ

അമേരിക്കൻ ഭദ്രാസനത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന തർക്കങ്ങളും ഭിന്നതകളും നമ്മുടെ ഏറ്റം വലിയ ചിന്താവിഷയമാണ്. നമ്മുടെ മുൻഗാമി ഇത് സംബന്ധമായി എടുത്ത പരിശ്രമങ്ങൾ വേണ്ടത്ര ഫലം നൽകിയില്ല. അടുത്തകാലത്ത് പ. സുന്നഹദോസ് നിർദ്ദേശിച്ചപ്രകാരം രണ്ടു മെത്രാപ്പോലീത്തന്മാർ അമേരിക്കൻ ഭദ്രാസനം സന്ദർശിക്കുകയും മെത്രാപ്പോലീത്താ അഭി. മാത്യൂസ് മാർ ബർന്നബാസിനേയും ഭദ്രാസനത്തിൽ തന്നെ വളരെക്കാലമായി താമസിച്ചുവരുന്ന അഭി. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായേയും മറ്റു ബന്ധപ്പെട്ടവരേയും കണ്ട് വിശദമായ ചർച്ചകൾ നടത്തിയശേഷം ആ കമ്മീഷന്റെ റിപ്പോർട്ട് പ. സുന്നഹദോസിൽ സമർപ്പിച്ചിട്ടുണ്ട്.

1995 ഫെബ്രുവരി 21 മുതൽ 25 വരെ നടന്ന പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ടി കമ്മീഷൻ റിപ്പോർട്ടും ബന്ധപ്പെട്ട മറ്റു കാര്യങ്ങളും പരിഗണിച്ചശേഷം അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ അഭി. മാത്യൂസ് മാർ ബർന്നബാസിന്റെ പരിപൂർണ്ണ സമ്മതത്തോടുകൂടി ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

ഈ തീരുമാനങ്ങൾ 1995 ഏപ്രിൽ 27-ാം തീയതി കൂടിയ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ മാനേജിംഗ് കമ്മിറ്റിയിൽ

അറിയിച്ചതിനെ തുടർന്ന് പ. സുന്നഹദോസ് എടുത്ത ആ തീരുമാനങ്ങൾ അതേ ആത്മാവിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതിന് നമ്മോട് ആവശ്യപ്പെടുകയും ചെയ്തു.

പ. സുന്നഹദോസിന്റെ ശുപാർശയുടെയും മാനേജിംഗ് കമ്മിറ്റിയുടെ അപേക്ഷയുടെയും വെളിച്ചത്തിൽ, അമേരിക്കൻ ഭദ്രാസനത്തിൽ സമാധാനവും ഐക്യവും നിലനിർത്തുന്നതിന് കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിൽ, അമേരിക്കൻ ഭദ്രാസനത്തിന്റെ ഭരണക്രമങ്ങൾക്ക്, ഇനി വേറൊരു തീരുമാനം ഉണ്ടാകുന്നതുവരെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുന്നു.

താഴെപ്പറയുന്ന പ്രത്യേക നിബന്ധനകൾ പാലിച്ചും, ആദരിച്ചും മാത്യൂസ് മാർ ബർന്നബാസ് മെത്രാസന മെത്രാപ്പോലീത്തായായി തുടരുന്നതാണ്.

അഭിവന്ദ്യ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ മേലിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ ആയിരിക്കും.

ഭദ്രാസന പൊതുയോഗത്തിനുള്ള കല്പന രണ്ടു മെത്രാപ്പോലീത്താമാരുടെയും ഒപ്പോടും മുദ്രയോടും കൂടി മാത്രം മേലിൽ അയയ്ക്കേണ്ടതാണ്. അങ്ങനെ വിളിച്ചു കൂട്ടുന്ന പൊതുയോഗങ്ങളിൽ സീനിയർ മെത്രാപ്പോലീത്താ ആഗതനായിരുന്നാൽ അദ്ദേഹം അദ്ധ്യക്ഷത വഹിക്കേണ്ടതും മിനിട്ട്സിലും മറ്റ് ഔദ്യോഗിക രേഖകളിലും മെത്രാസന മെത്രാപ്പോലീത്താ ഒപ്പും മുദ്രയും വയ്ക്കേണ്ടതുമാണ്.

മെത്രാസനപ്പൊതുയോഗം വിളിക്കുന്നതിലോ അതിന്റെ നടത്തിപ്പിലോ എന്തെങ്കിലും തർക്കങ്ങളോ തടസ്സങ്ങളോ ഉണ്ടായാൽ നമ്മുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

പട്ടക്കാരുടെ സ്ഥലംമാറ്റം ഇടവക മെത്രാപ്പോലീത്താ നടത്തേണ്ടതാണ്. എന്നാൽ അവിടത്തെ ഇപ്പോഴത്തെ സാഹചര്യം കണക്കിലെടുത്ത് സി. ജെ. ജോൺസൺ കോർഎപ്പിസ്ക്കോപ്പാ, യേശുദാസ് പാപ്പൻ കോർഎപ്പിസ്ക്കോപ്പാ, കുര്യൻ തോട്ടുപുറം കോർഎപ്പിസ്ക്കോപ്പാ, സി. എം. അലക്സാണ്ടർ കോർഎപ്പിസ്ക്കോപ്പാ, ഫാ. കെ. സി. മാത്യൂ, ഫാ. കെ. ജി. ദാനിയേൽ, ഫാ. മാത്യൂ അലക്സാണ്ടർ, ഫാദർ ജോർജ് മാത്യൂ, ഫാ.ഫിലിപ്പോസ് ഫിലിപ്പ്, ഫാ. ജോജു ജോൺ എന്നീ പട്ടക്കാർ, അവർ അമേരിക്കൻ ഭദ്രാസനത്തിൽ ഉള്ളിടത്തോളം കാലം അവരുടെ സ്ഥലം മാറ്റം അഭി. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ അറിവോടും സമ്മതത്തോടും കൂടി മാത്രം നടപ്പിൽ വരുത്തേണ്ടതും, അക്കാ

ര്യത്തിൽ എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടാൽ നമ്മുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

മേലിൽ ഭദ്രാസനത്തിൽ നടത്തുന്ന പള്ളിക്കൂദാശ, പട്ടംകൊട മുതലായവ അഭി. തോമസ് മാർ മക്കാറിയോസ്, അഭി. മാത്യൂസ് മാർ ബർന്ന ബാസ് എന്നിവർ ഒരുമിച്ച് ആലോചിച്ച് നടത്തേണ്ടതാണ്. ഇക്കാര്യത്തിലും തർക്കങ്ങളോ പ്രയാസങ്ങളോ ഉണ്ടായാൽ നമ്മുടെ തീരുമാനം അന്തിമമായിരിക്കും.

മേല്പറഞ്ഞ കാര്യങ്ങൾ ഒഴിച്ച് സീനിയർ മെത്രാപ്പോലീത്താ അഭി. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കു ഭദ്രാസന ഭരണകാര്യങ്ങളിൽ യാതൊരു അധികാരവുമുണ്ടായിരിക്കുകയില്ല. ഇടവക മെത്രാപ്പോലീത്തായുടെയും അദ്ദേഹത്തിന്റെ സഹായിയുടെയും നിലവിലിരിക്കുന്ന നിയമങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഇത് തടസ്സമായിരിക്കയില്ല.

ഭദ്രാസനത്തിൽ നിലനില്ക്കുന്ന സകല ഭിന്നതകളും തീർക്കുന്നതിനും കോടതികളിൽ നിലവിലിരിക്കുന്ന കേസുകൾ പിൻവലിക്കുന്നതിനും രണ്ടു മെത്രാപ്പോലീത്താമാരും ചേർന്നു പ്രവർത്തിക്കണം. ആയതിന് മെത്രാപ്പോലീത്തന്മാർ സംയുക്ത കല്പനകൾ അയയ്ക്കുകയും പള്ളികളിൽ സംയുക്ത സന്ദർശനങ്ങൾ നടത്തുകയും വേണം. അങ്ങനെ നടപ്പിലാവുന്ന തീർപ്പുകൾ നമുക്ക് റിപ്പോർട്ടു ചെയ്യുകയും വേണം.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ അമേരിക്കൻ ഭദ്രാസനത്തിൽ നിരപ്പും സമാധാനവും കൈവരുത്തുമെന്ന് നാം പ്രതീക്ഷിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ നിർദ്ദേശങ്ങൾക്ക് ബന്ധപ്പെട്ട എല്ലാവരും കീഴ്വഴങ്ങേണ്ടതാണ്.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരുടെമേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ബാവാ ...

(ഒപ്പ്)

ബസ്സേലിയോസ് മാർത്തോമ്മാ II

മലങ്കര സഭ, ജയദ്ധ്വനി, മനോരമ തുടങ്ങിയ മാധ്യമങ്ങളുടെ വാർത്തകൾ കാണുക:

പ. സുന്നഹദോസ് അമേരിക്കൻ ഭദ്രാസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി

ഏതാനും വർഷങ്ങളായി അമേരിക്കാ ഭദ്രാസനത്തിൽ ഉണ്ടായിട്ടുള്ള

പ്രശ്നങ്ങൾക്ക് പ. സുന്നഹദോസ് പരിഹാരം കണ്ടെത്തി. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അമേരിക്കാ ഭദ്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ആയി നിയമിക്കണമെന്നും ബർന്നബാസ് മെത്രാപ്പോലീത്താ തൽസ്ഥാനത്ത് തുടരണമെന്നും തീരുമാനിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ 1995-ലെ ഫെബ്രുവരി സുന്നഹദോസ് ആണ് ഈ തീരുമാനം എടുത്തത്. ഫെബ്രുവരി മാസം 21-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച സുന്നഹദോസ് 25-ാം തീയതി ഉച്ചയ്ക്ക് 1.15-ന് അവസാനിച്ചു. സുന്നഹദോസിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. ഡൽഹി മെത്രാസനത്തിലെ തിരുമേനിമാർ ഒഴികെ മൊത്തം 20 തിരുമേനിമാർ പ. സുന്നഹദോസിൽ സംബന്ധിച്ചിരുന്നു.

അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ നാലു ദിവസവും അഞ്ചാം ദിവസം ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ധ്യാനം നയിച്ചു.

ബി. ഷെഡ്യൂളിൽപ്പെട്ട സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും 1995-96-ലെ വാർഷിക ബജറ്റ് പാസാക്കി.

കഴിഞ്ഞ 15 വർഷമായി അമേരിക്കൻ മെത്രാസനത്തിൽ നിലവിലിരുന്ന എല്ലാ പ്രതിസന്ധികൾക്കും ഭിന്നതകൾക്കും ശാശ്വതമായ ഒരു പരിഹാരം അമേരിക്കയിലുള്ള അഭി. തോമസ് മാർ മക്കാറിയോസ് തിരുമേനിയും, അഭി. മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയും സമ്മതിച്ച് പ. സുന്നഹദോസിന്റെ ഏകാഭിപ്രായമായി ഒരു തീരുമാനം എടുത്തു. അതനുസരിച്ച് ഏപ്രിൽ മാസം 27-നു മുമ്പ് മാർ മക്കാറിയോസ് തിരുമേനിയും, മാർ ബർന്നബാസ് തിരുമേനിയും ചേർന്ന് അമേരിക്കയിലുള്ള പള്ളികൾ സന്ദർശിച്ചും, സംയുക്ത ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചും നിലവിലുള്ള കേസുകളും ഭിന്നതകളും അവസാനിപ്പിക്കും.

അമേരിക്കാ മെത്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ആയി തോമസ് മാർ മക്കാറിയോസ് തിരുമേനിയെ നിയമിക്കുന്നതാണ്. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കാ മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി തുടരുന്നതും മെത്രാസന ഭരണം അദ്ദേഹം മാത്രം നിർവ്വഹിക്കുന്നതും ആയിരിക്കും. പള്ളികൾ സന്ദർശിക്കുന്നതിനും അവിടെ കൂദാശകളും മറ്റ് ആത്മീയാവശ്യങ്ങളും നടത്തുന്നതിനും ഭദ്രാസന പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനും പൊതുയോഗം ബർന്നബാസ് തിരുമേനിയും ഒന്നിച്ചു വിളിച്ചുകൂട്ടുന്നതിനും സീനിയർ മെത്രാപ്പോലീത്തായ്ക്ക് അവകാശം ഉണ്ടായിരിക്കും.

ഭവനദാന പദ്ധതിയുടെയും സമൂഹവിവാഹ പദ്ധതിയുടെയും റിപ്പോർട്ടുകൾ സുന്നഹദോസ് അംഗീകരിച്ചു. ഭവനസഹായ പദ്ധതി അനുസരിച്ച് 704 വീടുകൾക്ക് കേന്ദ്രവിഹിതമായി 2816000 രൂപായും സമൂഹ വിവാഹ പദ്ധതി അനുസരിച്ച് 156 വിവാഹങ്ങൾക്ക് 2264500 രൂപായും നൽകി.

വർദ്ധിച്ചുവരുന്ന പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾ ഓർത്തഡോക്സ് സഭയുടെ വിശ്വാസങ്ങൾക്കും പാരമ്പര്യങ്ങൾക്കും എതിരായതിനാൽ ആ യോഗങ്ങളിൽ സഭാംഗങ്ങളോ വൈദികരോ സംബന്ധിക്കുന്നത് ഉത്തമമല്ലെന്നും, അതിൽനിന്ന് സഭാംഗങ്ങളെ സത്യമാർഗത്തിലേക്ക് നയിക്കുവാൻ ആവശ്യമായ നേതൃത്വം കൊടുക്കുവാൻ വൈദികരെ പ്രത്യേകം പരിശീലിപ്പിക്കണമെന്നും പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അതിനാവശ്യമായ ലഘുലേഖനങ്ങളും പുസ്തകങ്ങളും പ്രിന്റ് ചെയ്ത് ഇടവകകളിൽ എത്തിക്കുക, സ്റ്റഡി ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക മുതലായ കാര്യങ്ങൾക്ക് ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. ഇവയ്ക്കെല്ലാം ഉപയുക്തമാകത്തക്കവിധം ഭദ്രാസന ചുമതലയിൽ ഇടവകതോറും ഇന്റേണൽ മിഷൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും യോഗം തീരുമാനിച്ചു.

കേരളത്തിന് പുറത്തു സഭാശുശ്രൂഷകളും സേവനങ്ങളും നടത്തുവാൻ കഴിവുള്ള വൈദികരേയും, മിഷൻ പ്രവർത്തകരേയും വാർത്തെടുക്കുവാൻ വേണ്ടി ഭിലായിൽ സെമിനാരി കോഴ്സു നടത്തുന്നതിന് തീരുമാനിച്ചു. പ്രസ്തുത സെമിനാരി കോട്ടയം തിയോളജിക്കൽ സെമിനാരിയുടെ ഭാഗമായും സെമിനാരിയുടെ ഒരു ഫാക്കൽറ്റി അദ്ധ്യാപകനെ എങ്കിലും അവിടേക്ക് അയയ്ക്കുന്നതിനും അഭിപ്രായമുണ്ടായി. അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കും സെമിനാരി നടത്തുക.

കേരളത്തിനു പുറത്ത് വടക്കേ ഇന്ത്യയിലും തെക്കേ ഇന്ത്യയിലുമുള്ള ആളുകളുടെ ഇടയിൽ സഭാ ശുശ്രൂഷകളും സേവനങ്ങളും വളരെ അവശ്യമാണെന്ന് യോഗം അഭിപ്രായപ്പെട്ടു. അതിനായി വടക്കേ ഇന്ത്യയിലെ സാധുക്കളായ ആളുകളുടെ വിദ്യാഭ്യാസത്തിനും, ആരോഗ്യസംരക്ഷണത്തിനുമായി ബാലവാടികൾ, സ്കൂളുകൾ, ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങൾ ഇവ സ്ഥാപിക്കുന്നതിനും തമിഴ്നാട്ടിലുള്ള തിരുനൽവേലി, ചെങ്കോട്ട എന്നീ സ്ഥലങ്ങൾ തിരുവനന്തപുരം ഭദ്രാസനത്തോടു ചേർത്ത് മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനും സുന്നഹദോസ് തീരുമാനിച്ചു.

സഭയുടെ പേരിൽ പുതുതായി ആരംഭിക്കുന്നതും ആരംഭിച്ചിട്ടുള്ളതു

മായ എല്ലാ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട നടപടിക്രമങ്ങൾ തീരുമാനിക്കുകയുണ്ടായി. അവയുടെ ഭരണഘടനയ്ക്കും ഭരണസമിതിക്കും കേന്ദ്രത്തിൽനിന്ന് അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്.

മലങ്കര ഓർത്തഡോക്സ് മദ്യവർജ്ജന ധാർമികോന്നമന സമിതിയുടെ കേന്ദ്രസമിതിയും എക്സിക്യൂട്ടീവ് കമ്മറ്റിയും പുനഃസംഘടിപ്പിച്ചു.

പരുമല പള്ളിയിലെത്തുന്ന തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനും അവർക്ക് ആവശ്യമായ നേതൃത്വവും കൗൺസിലിംഗും നൽകുന്നതിനും വേണ്ട സൗകര്യം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചു. അവിടെ ഓരോ മാസവും വെള്ളിയാഴ്ച ആരാധനകളിലും ധ്യാനത്തിലും യഥാക്രമം മാർ അത്താനാസിയോസ്, മാർ പക്കോമിയോസ്, മാർ ഒസ്താത്തിയോസ്, മാർ സേവേറിയോസ് എന്നീ തിരുമേനിമാർ സംബന്ധിക്കുന്നതാണ്.

സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രസിഡണ്ടുമാരുടെ കാലാവധി 3 വർഷം എന്നത് അഞ്ചു വർഷമായി വർദ്ധിപ്പിച്ചു. സ്ത്രീസമാജം, ബാലികാസമാജം ഇവയുടെ പ്രസിഡന്റായി മാർ പക്കോമിയോസ് തിരുമേനിയെ നിയമിച്ചു.

എം.ഒ.സി. പബ്ലിക്കേഷൻസ്, ദിവ്യബോധനം, സെന്റ് തോമസ് വാലി സൊസൈറ്റി, അട്ടപ്പാടി സൊസൈറ്റി ഓഫ് ദി മിഷനറീസ് ഓഫ് സെന്റ് തോമസ് മലബാർ ഭദ്രാസനം, സെന്റ് ജോർജ്ജ് മിഷൻ ട്രസ്റ്റ് എന്നിവകളുടെ ഭരണഘടന അംഗീകരിച്ചു. ഇറ്റാർസിയിലെ ബാലികാമന്ദിരത്തിന്റെ ഭരണഘടന അംഗീകരിക്കുകയും, ഫാ. ഏബ്രഹാം ഉമ്മൻ നാഗപ്പൂർ, വെ. റവ. പി. എം. തോമസ് റമ്പാൻ, വി. സി. ഫിലിപ്പ് ഭോപ്പാൽ എന്നിവരെ കമ്മറ്റി അംഗങ്ങളായി സുന്നഹദോസ് നോമിനേറ്റ് ചെയ്യുകയും ചെയ്തു.

കാതോലിക്കേറ്റ് ആൻഡ് എം. ഡി. കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂളിന്റെ ഇപ്പോൾ നിലവിലിരിക്കുന്ന അഡ്വൈസറി ബോർഡിന് പകരം എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുവാനും കാര്യക്ഷമമാക്കുവാനുമായി ഒരു ഗവേർണിംഗ് ബോർഡിന്റെ ഭരണഘടന കെ.ഇ. ആറിനു വിധേയമായി അംഗീകരിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാസൗകുമാര്യത്തിലും വിശ്വാസത്തിലും ആകൃഷ്ടനായി കുറെ നാളുകളായി വൈദിക സെമിനാരിയിൽ താമസിച്ചു വരികയായിരുന്ന ആന്ധ്രാക്കാരൻ ഫാ. ജോണിനെയും അദ്ദേഹത്തിന്റെ കൂടെയുള്ളവരേയും സഭയോടു ചേർത്ത് ഒരു ഇടവകയായി കൊണ്ടുപോകുവാൻ മദ്രാസ് മെത്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

പള്ളികളിൽ ആരാധനാസമയത്ത് മ്യൂസിക്കൽ ഇൻസ്ട്രമെന്റ്സ് ഉപയോഗിച്ചുള്ള കയർ ഗ്രൂപ്പുകൾ, ആരാധനയുടെ ഭക്തിയും സൗന്ദര്യവും നഷ്ടപ്പെടുത്തുന്നതിനാൽ, അതു പാടില്ലെന്നും എന്നാൽ കയറിൽ ഓർഗൻ/ഹാർമ്മോണിയം മാത്രം ശ്രുതി കൊടുക്കുവാൻ ഉപയോഗിച്ച് ആരാധന എല്ലാവരേയും പങ്കെടുപ്പിക്കത്തക്കവണ്ണമുള്ള ഗാനങ്ങളും ട്യൂണും ഉപയോഗിക്കാം എന്നും തീരുമാനിച്ചു.

അമേരിക്കൻ ഭദ്രാസന പ്രശ്നത്തിന് പ. സുന്നഹദോസ് തീരുമാനമെടുത്തു

മലങ്കര ഓർത്തഡോക്സ് സഭയുടെ പ. സുന്നഹദോസ് പഴയസെമിനാരിയിൽ സോഫിയാ സെന്ററിൽ കൂടുകയുണ്ടായി. പ. കാതോലിക്കാ ബാവായും, സഭയിലെ മറ്റെല്ലാ മെത്രാപ്പോലീത്തന്മാരും പ. സുന്നഹദോസിൽ സന്നിഹിതരായിരുന്നു. അമേരിക്കൻ ഓർത്തഡോക്സ് സഭാംഗങ്ങളിൽ, ഭദ്രാസനത്തിൽ ഏതാനും വർഷങ്ങളായി ഉണ്ടായിരുന്ന പ്രശ്നങ്ങൾക്ക് പ. സുന്നഹദോസ് ശാശ്വത പരിഹാരം കണ്ടെത്തിയതായും സഭയുടെ ബന്ധപ്പെട്ട കമ്മിറ്റിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തതായും ഞങ്ങളുടെ ജെ.എൻ.എസ്. റിപ്പോർട്ടു ചെയ്യുന്നു.

ക്രൈസ്തവസഭ മുഴുവനും ഒന്നായി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പറയുന്ന ഈ കാലഘട്ടത്തിൽ ഓർത്തഡോക്സ് സഭാംഗങ്ങളെ പ്രകോപിതരാക്കാതെ പ. സുന്നഹദോസ് ഒരു തീരുമാനമെടുത്തതിൽ സമാധാനകാംക്ഷികളായ ഓർത്തഡോക്സ് സഭാംഗങ്ങൾ ഒന്നടങ്കം അഭിനന്ദിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യവും, ദേശീയത്വവും അരക്കിട്ടുറപ്പിച്ച 1958-ലെ സുപ്രീംകോടതി വിധിയിലേയ്ക്ക് ഓർത്തഡോക്സ് സഭാകേസ് നടത്തിപ്പിന്റെ ചുക്കാൻ പിടിച്ച കുറ്റിക്കണ്ടത്തിൽ തോമസ് അച്ചനെ ഓർത്തഡോക്സ് സഭാംഗങ്ങൾ ഒരിക്കലും വിസ്മരിക്കുകയില്ല. അമേരിക്കൻ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നല്ലൊരു വിഭാഗം മാർ മക്കാറിയോസിനെ സ്നേഹിക്കുന്നതായി സഭാനേതൃത്വം മനസ്സിലാക്കിയിട്ടാണ് പ. സുന്നഹദോസ് തീരുമാനം കൈക്കൊണ്ടത്. മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളെ മക്കാറിയോസ് തിരുമേനി ഒന്നായി കണ്ടുകൊണ്ട് വിശ്വാസത്തിൽ പതറാതെ നിന്നതാണ് അമേരിക്കൻ ഭദ്രാസനത്തെ പിളർപ്പിൽനിന്നു പ. സുന്നഹദോസ് രക്ഷിക്കാൻ ഇടയാക്കിയത്.

അമേരിക്കൻ ഭദ്രാസനത്തിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനും, റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനും പ. സുന്നഹദോസ് നിയോഗിച്ച തോമസ് മാർ അത്താനാസ്യോസിന്റെയും, യാക്കോബ് മാർ

ഐറേനിയോസിന്റെയും, അമേരിക്കയിൽ ചികിത്സയിൽ കഴിഞ്ഞ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസിന്റെയും ആത്മാർത്ഥമായ വിലപ്പെട്ട റിപ്പോർട്ടുകൾ പ. സുന്നഹദോസ് പരിഗണനയിലെടുത്ത് മാർ മക്കാറിയോസിനോടും, മാത്യൂസ് മാർ ബർന്നബാസിനോടും, അഭിപ്രായങ്ങളും ചർച്ചകളും നടത്തിയശേഷമാണ് പ. സുന്നഹദോസ് അന്തിമ തീരുമാനമെടുത്തത്.

ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അമേരിക്കൻ സീനിയർ മെത്രാപ്പോലീത്തായായും, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായെ തൽസ്ഥാനത്ത് തുടരുന്നതിനും, ഇപ്പോൾ അമേരിക്കൻ ഭദ്രാസനത്തിൽ ഉണ്ടായിരിക്കുന്ന കേസുകൾ കഴിവതും വേഗം പിൻവലിപ്പിക്കുന്നതിനും, പുരോഹിതന്മാരുടെ മാറ്റം രണ്ട് മെത്രാപ്പോലീത്തന്മാരും അറിഞ്ഞു മാത്രമേ ആകാവൂ എന്നും, ഭദ്രാസനത്തിൽ നിന്നും പള്ളികൾക്കുള്ള കല്പനകൾ രണ്ടു പേരുടെയും അറിവോടും, ഒപ്പോടും കൂടി ചെയ്യണമെന്നും പ. സുന്നഹദോസ് സ്നേഹബുദ്ധ്യാ തിരുമേനിമാർക്ക് നിർദ്ദേശം നൽകി.

അമേരിക്കൻ ഭദ്രാസനത്തിൽ പ്രശ്നം തീരുന്നു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിൽ 15 വർഷമായി നിലനിന്ന ഭിന്നതകൾക്കു ശാശ്വത പരിഹാരം വരുത്തുന്ന തീരുമാനം സഭയുടെ സുന്നഹദോസ് ഏകകണ്ഠമായി അംഗീകരിച്ചു.

അതനുസരിച്ചു തോമസ് മാർ മക്കാറിയോസും മാത്യൂസ് മാർ ബർണബാസും ചേർന്ന് ഏപ്രിൽ 27-നു മുമ്പ് അമേരിക്കയിലുള്ള പള്ളികൾ സന്ദർശിച്ച് സംയുക്ത ഇടയലേഖനങ്ങൾ പുറപ്പെടുവിച്ച് നിലവിലിരിക്കുന്ന കോടതി കേസുകളും ഭിന്നതകളും അവസാനിപ്പിക്കും.

അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ആയി തോമസ് മാർ മക്കാറിയോസിനു നിയമനം കൊടുക്കണമെന്നാണു സുന്നഹദോസിന്റെ അഭിപ്രായം. മാത്യൂസ് മാർ ബർന്നബാസ് അമേരിക്കൻ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി തുടരുന്നതും ഭദ്രാസന ഭരണം അദ്ദേഹം മാത്രം നിർവഹിക്കുന്നതുമാണ്.

സുന്നഹദോസിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. അഞ്ചു ദിവസം ദീർഘിച്ച സുന്നഹദോസിൽ ആദ്യത്തെ നാലു ദിവസം മാത്യൂസ് മാർ എപ്പിഫാനിയോസും അഞ്ചാം ദിവസം ഗീവർഗീസ് മാർ ഒസ്താത്തിയോസും ധ്യാനം നയിച്ചു. ഡൽഹി ഭദ്രാസനത്തിലെ മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ് ഒഴികെ 20 മെത്രാപ്പോലീത്താമാർ സംബന്ധിച്ചു.

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് എട്ട് ഇടവകകളുടെ ഭരണചുമതല

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അമേരിക്കൻ ഭദ്രാസനത്തിലെ തർക്കങ്ങൾക്കു പരിഹാരമെന്നവണ്ണം തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്ക് എട്ട് ഇടവകകളുടെ സ്വതന്ത്ര ഭരണച്ചുമതല നൽകാൻ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. അതിനു പുറമേ മാർ ബർന്നബാസ് മെത്രാപ്പോലീത്തായ്ക്ക് സഹായത്തിനായി അസിസ്റ്റന്റ് മെത്രാപ്പോലീത്തായെ നിയമിക്കുന്നതിനും സുന്നഹദോസിന് തീരുമാനമുണ്ട്.

പുതിയ തീരുമാനങ്ങൾ വന്നതോടെ കഴിഞ്ഞ ജനുവരിയിൽ പ്രാബല്യത്തിലാക്കിയ താൽക്കാലിക സംവിധാനം അസാധുവായി (മാത്യൂസ് മാർ ബർന്നബാസിനെ ഭദ്രാസന മെത്രാപ്പോലീത്തായായും തോമസ് മാർ മക്കാറിയോസിനെ, കാനഡ, യൂറോപ്പ് ഭദ്രാസന ചുമതല കൂടാതെ സീനിയർ മെത്രാപ്പോലീത്തായായും നിലനിർത്തുന്നതായിരുന്നു പ്രസ്തുത സംവിധാനം). സുന്നഹദോസ് തീരുമാനങ്ങൾ വിശദീകരിച്ച സുന്നഹദോസ് സെക്രട്ടറിയും, ചെങ്ങന്നൂർ ഭദ്രാസനാധിപനുമായ തോമസ് മാർ അത്താനാസ്യോസ്, ഓതറ ദയറായിൽ വച്ച് ഇക്കാര്യങ്ങൾ മലയാളം പത്രത്തെ അറിയിച്ചു. കോട്ടയം പഴയസെമിനാരിയിലെ സോഫിയാ സെന്ററിൽ ജൂലൈ 29, 30, 31 നായിരുന്നു സുന്നഹദോസ്.

അമേരിക്കൻ ഭദ്രാസനത്തിലെ 64 ഇടവകകളിൽ കീൻസ് (എൽമോണ്ട്) സെന്റ് ഗ്രീഗോറിയോസ്, സഫേൺ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ്, റോക്ക്ലാൻഡ് സെന്റ് പീറ്റേഴ്സ്, ഫിലഡൽഫിയ സെന്റ് മേരീസ്, ഡിട്രോയിറ്റ് സെന്റ് തോമസ്, ഷിക്കാഗോ സെന്റ് ഗ്രീഗോറിയോസ്, ബ്രൂക്ക്ലിൻ സെന്റ് ബസേലിയോസ്, ഫിലഡൽഫിയ സെന്റ് തോമസ് എന്നീ ഇടവകകളാണ് മക്കാറിയോസ് തിരുമേനിയെ ഏൽപ്പിച്ചത്. മക്കാറിയോസ് തിരുമേനിയോട് കൂറുള്ളതും ബർന്നബാസ് തിരുമേനി സന്ദർശിച്ചിട്ടില്ലാത്തതുമായ ഇടവകകളാണിവ. ബർന്നബാസ് തിരുമേനിക്ക് ഒരു അസിസ്റ്റന്റ് മെത്രാപ്പോലീത്തായെ നൽകുന്നതിന് പരിശുദ്ധ ബാവാ തിരുമേനിയോട് ശുപാർശ ചെയ്യാനാണ് സുന്നഹദോസ് തീരുമാനം. മക്കാറിയോസ് തിരുമേനിക്കു പകരം താൽക്കാലിക അടിസ്ഥാനത്തിലായിരിക്കും പുതിയ സംവിധാനം.

സുന്നഹദോസ് തീരുമാനപ്രകാരം അമേരിക്കൻ ഭദ്രാസനത്തിൽ ഇനിമേൽ ഡിവിഷൻ അനുവദിക്കുന്നതല്ല. ഭദ്രാസനാധിപന്റെ അനുമതിയോടുകൂടി മാത്രമേ ഇനിയുള്ള എന്തു കാര്യങ്ങളും നിശ്ചയിക്കൂ. ഭദ്രാസന വൈദികരുടെ സ്ഥലംമാറ്റവും ശമ്പള വിതരണവും ഭദ്രാസന കേന്ദ്ര ഓഫീ

സിലൂടെ മാത്രമേ കൈകാര്യം ചെയ്യാനാവൂ. ഇത് ഉടൻ പ്രാബല്യത്തിൽ വരുത്തേണ്ടതാണെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു.

TIME TO RECONCILE

Cheers to the Holy Synod, which in its meeting of Feb. 1995, was able to come up with a compromising solution regarding our American Diocese. The Holy Synod, this time, took a path of reconciliation and decided that the church has to be inclusive and must not be exclusive. The Holy Synod decided that Barnabas Thirumeni would continue as the Diocesan Metropolitan and Makarios Thirumeni will be appointed as the Diocesan Senior Metropolitan. By placing the future of our church in the forefront, the Holy Synod proved that its delibrations are guided by the Holy Spirit. We should be proud of the fact that when the Roman Catholic Church took 400 years to realize its mistake in the murder of Galileo, our Church took only less than 4 years to steer its course into the right path.

Cheers our Bava Thirumeni and Thimotheos Thirumeni whose prayers and determination led the Holy Synod to its recent decision.While in America recently, both of them were visibly shaken by the sorry plight of our church here and were seen literally crying. Their prayers have been answered.

Cheers to Athanasios Thirumeni and Irenios Thirumeni, who on a fact-finding mission visited America with no pre-conceived notions and encouraged the faithful to come forward and opine openly. Their report on the status of our Diocese was of professional calibre, with full of facts and lacking fictions, and was the catalyst for the present peace-process.

Cheers to Barnabas Thirumeni, who revealed his magnanimity in accepting Makarios Thirumeni as the Diocesan Senior Metropolitan. Barnabas Thirumeni had the vision to realize the unlimited potential of the Diocese and was convinced that by teaming up with Makarios Thirumeni, his task will be attainable. Barnabas Thirumeni deserves our fullest support and co-operation at this time. We hope that Thirumeni will be able to build some bridges with the help of Makarios Thirumeni.

Cheers to Makarios Thirumeni, who single-handedly built this Diocese from scratch and invested most of his time and energy in the process. Troubles began to start even when the Diocese was in its fetal stages. Thirumeni had to face difficulties constantly from within his Diocese and without. He showed his ultimate sacrifice by leaving the administrative powers of his Diocese in the hands of Bava Thirumeni to avoid an inevitable split and even bloodshed. His name will always have a special place in the hearts of our people in America.

Cheers to the American Diocesan Council, which open-handedly welcomed the decesion of the Holy Synod.

Cheers also to the faithful who fought for the notion that the church belongs to the people. The faithful are now more convinced than ever that the church has to be the embodiment of love, truth and justice.

Today, the American Diocese is the most blessed one, with two of our most prominent Bishops to serve us. Let us pray and give our Bishops a chance to function together. As St. Paul reminds us that even if a heavenly angel decends and tries to spread false teachings and thwart the decisions of our Holy Fathers, he has to be considered as cursed in the sight of the church. Emotional integration among our people is not a difficult task to attain, if Barnabas Thirumeni is willing to transfer our priests.

We have more talented and educated people here than any of our other Dioceses. The boundary of out potential is unlimited. This is not a time to assess our lost opportunities, but one to look forward to our vast potentials. We have to isolate the war-mongers who poison us with hate-filled propaganda.

Ours is a great church with a lot to be proud of. The Church works best when it works together, and so let us say

Yes to reconciliation,
Yes to unity,
Yes to co-existence,
No to vengeance,
No to hostility,
No to mistrust, and bring down the curtain on this comic opera.

Peace itself is not the end. Clearly, ours is an unfinished journey. We have mountains and valleys to conquer “and miles to go before we sleep.”

Sincerely,
Baby Varghese

6

പ. സുന്നഹദോസ് തീരുമാനം അട്ടിമറിക്കാൻ സമ്മർദ്ദ തന്ത്രം

സുന്നഹദോസ് തീരുമാനം സന്നിഹിതരായ 20 മെത്രാപ്പോലീത്ത ന്മാരും ഒരുപോലെ സമ്മതിച്ച് ഒപ്പുവച്ചു. ആ തീരുമാനത്തിൽ ആദ്യം ഒപ്പു വച്ചത് മാർ ബർന്നബാസ് ആയിരുന്നു. പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് കോട്ടയം ചെറിയപള്ളി ആശുപത്രിയിൽ വിശ്രമിച്ചിരുന്ന മാർ തെയോഫിലോസ് സുന്നഹദോസ് തീരുമാനങ്ങളിൽ സന്തുഷ്ടനായി ആശുപത്രിയിൽ വച്ച് ഒപ്പിട്ടു കൊടുത്തു. വൈകിട്ട്, സന്തോഷസൂചക മായി സെമിനാരി സ്റ്റാഫിനും, വിദ്യാർത്ഥികൾക്കും പായസത്തോടു കൂടിയ ഡിന്നർ സല്ക്കാരം നൽകി. എല്ലാം ശുഭമായി പര്യവസാനിച്ചതിൽ മല ങ്കരസഭ ആകമാനം സന്തോഷിച്ചു. ഈ വാർത്തയിൽ ഏറ്റം കൂടുതൽ സന്തുഷ്ടരായത് അമേരിക്കൻ ഭദ്രാസനം തന്നെ ആണ്.

തന്റെ ഭദ്രാസന ശിശുവിനെ നാശത്തിൽനിന്നു പ. സുന്നഹദോസ് രക്ഷിച്ചതിലുള്ള സന്തോഷത്തോടുകൂടിയാണ് ഭദ്രാസന സീനിയർ മെത്രാപ്പോലീത്താ ആയിത്തീർന്ന മാർ മക്കാറിയോസ് അമേരിക്കയിലേക്ക് തിരിച്ചുപോയത്. പതിവിലും അധികമായ ആഹ്ലാദ പ്രഹർഷങ്ങളോടെ യാണ് അദ്ദേഹത്തെ ജനങ്ങൾ വരവേറ്റതും. പ. സുന്നഹദോസിന്റെ തീരു മാനങ്ങൾ അദ്ദേഹം ജനങ്ങൾക്ക് വിശദീകരിച്ചു കൊടുത്തതും.

അദ്ദേഹം ചെയ്ത ഹൃദയസ്പർശകമായ പ്രസംഗത്തിൽ സമാധാ നവും ഐക്യവും അമേരിക്കൻ ഭദ്രാസനത്തിലുണ്ടാക്കുവാൻ മാർ ബർന്ന ബാസും താനും ദൃഢപ്രതിജ്ഞരാണെന്നും സഭയെ സ്നേഹിക്കുന്ന എല്ലാവരുടേയും സഹകരണം അതിനാവശ്യമാണെന്നും സ്നേഹോഷ്മ ളമായ സ്വീകരണവേളയിൽ അദ്ദേഹം അനുസ്മരിപ്പിച്ചു.

ആ വാർത്ത അമേരിക്കൻ പത്രങ്ങൾ സസന്തോഷം റിപ്പോർട്ടു ചെയ്തു. 'മക്കാറിയോസാകുന്ന സത്യം മഹത്വത്തോടെ ഉയിർത്തെഴു ന്നേറ്റു' എന്ന് ഡിട്രോയിറ്റിൽ നിന്നു യോഹന്നാൻ ഇറപ്പുഴ എഴുതിയ ചെറു ലേഖനം ഒരു പത്രം പ്രസിദ്ധീകരിച്ചത് താഴെ ചേർക്കുന്നു.

സത്യം മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റു

യോഹന്നാൻ ചെങ്ങന്നൂർ

ത്രിയേക ദൈവത്തിനു മഹത്വം. പ. ബസേലിയോസ് ഗീവർഗീസ്

ദ്വിതീയൻ ബാവാ 1953-ൽ വടക്കെ ഇന്ത്യയിൽ നിന്നു പുറപ്പെടുവിച്ച കല്പനയിലെ വാചകം അടർത്തിയെടുത്ത് ഇതിൽ ചേർക്കുന്നത് സഹൃദയരായ സഭാസ്നേഹികൾ സദയം ക്ഷമിക്കുമല്ലോ.

1951-ൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വട്ടിപ്പണക്കേസിൽ ഹൈക്കോടതി ജഡ്ജ്മെന്റിനെ തുടർന്ന് പ. ബാവാ സഭാമക്കൾക്ക് നൽകിയ സന്ദേശത്തിൽ സത്യത്തെ ആർക്കും മറയ്ക്കാനും ഒളിച്ചു വയ്ക്കാനും സാധിക്കയില്ലെന്നും മഹത്വത്തോടെ ആ സത്യം മൂന്നു വർഷം മൂന്നു മാസം മൂന്നു ദിവസത്തിനുള്ളിൽ ഉയിർത്തെഴുന്നേൽക്കുമെന്നും തന്റെ വാത്സല്യ ശിഷ്യനായ അന്നത്തെ ഫാദർ കെ. സി. തോമസിലൂടെ, ഇന്നത്തെ ഡോ. തോമസ് മാർ മക്കാറിയോസിലൂടെ നടപ്പിലായത് ദൈവഹിതം എന്നു മാത്രമേ നമുക്കു ചിന്തിക്കാനാവൂ.

ഈ തീരുമാനത്തിലൂടെ പ. സുന്നഹദോസിനേയും സഭയേയും നയിക്കുന്നത് ത്രിയേക ദൈവം ആണെന്നും ഡോളർ, ദിനാർ, രൂപയാകുന്ന ത്രിയേക ദൈവം അല്ലെന്നും അമേരിക്കൻ ഭദ്രാസനത്തിലെ ചില കശ്മലരായ വൈദികരും അത്മായശ്രേഷ്ഠരും മനസ്സിലാക്കിയിരുന്നാൽ നന്ന്.

അമേരിക്കൻ ഭദ്രാസനം മാതൃസഭയെ മാതൃകാപരവും അനുഭവയോഗ്യവുമായ പാതയിലേക്കു നയിക്കുവാൻ സർവശക്തനായ ദൈവവും ഇന്ത്യയുടെ കാവൽപിതാവായ മാർതോമാ ശ്ലീഹായുടേയും മലങ്കരയുടെ ഏക പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടേയും മദ്ധ്യസ്ഥതയിൽ പ്രാർത്ഥനകളും ഈ ഭദ്രാസനത്തെ നിത്യ സമാധാനത്തിലേക്കും വൈകാരിക യോജിപ്പിലേക്കും നയിക്കുവാൻ ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അമേരിക്കൻ ഭദ്രാസനത്തിലെ സീനിയർ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസിനു സകല അനുമോദനങ്ങളും അർപ്പിക്കുകയും കർതൃവചനപ്രകാരം ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും തുല്യരീതിയിൽ കണ്ട് നയിക്കുവാൻ തക്ക ദൈവികശക്തി നൽകുവാൻ സർവശക്തനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പഴയസെമിനാരിയിൽ നടന്ന രഹസ്യ കൂടിക്കാഴ്ചയും അട്ടിമറി സംരംഭങ്ങളും

മാർ മക്കാറിയോസ് അമേരിക്കയിലേക്ക് തിരിച്ചു പോയിട്ടും മാർ ബർന്നബാസ് ഏതാനും ദിവസങ്ങൾ കൂടി കോട്ടയത്തു തങ്ങിയത് എന്തിനു വേണ്ടിയോ? ഏതായാലും അതുവരെ അപ്രത്യക്ഷനായി ഒളിച്ചുകളി നടത്തുകയും പ. സുന്നഹദോസിൽ നിന്നു വിട്ടുനില്ക്കുകയും ചെയ്ത ഡൽഹി മെത്രാപ്പോലീത്താ മാർ ഗ്രീഗോറിയോസ്, മാർ മക്കാറിയോസ് തിരികെ പോയി എന്ന് ഉറപ്പു വരുത്തിയതോടെ പുറത്തു പ്രത്യക്ഷപ്പെട്ടു.

മാർ ബർന്നബാസ് അദ്ദേഹവുമായി സുന്നഹദോസ് തീരുമാനങ്ങൾ ചർച്ച ചെയ്തിരിക്കാനിടയുണ്ടെന്നും, പിന്നീട് മാർ ഗ്രീഗോറിയോസ്, മാർ ബർന്ന ബാസ് എന്നിവരിൽ കണ്ട വ്യക്തമായ മനംമാറ്റവും അനന്തര സംഭവ വികാസങ്ങളും ഒരു ഗൂഢാലോചന സെമിനാരിയുടെ ഉള്ളറയിൽ വച്ച് അവർ തമ്മിൽ നടന്നു എന്നും ഉള്ളതിന്റെ പ്രത്യക്ഷമായ തെളിവാണ്.

മാർ മക്കാറിയോസിനു നല്കിയ 'സീനിയർ മെത്രാപ്പോലീത്താ സ്ഥാനം' അട്ടിമറിക്കുന്നതിനുള്ള ഒരു സംയുക്ത സമ്മർദ്ദതന്ത്രം ഇരു വരും കൂടി രൂപപ്പെടുത്തി എടുത്തു.

'സീനിയർ മെത്രാപ്പോലീത്താ' എന്ന സ്ഥാനം ഭരണഘടനയിൽ ഇല്ലെന്നും ഭരണഘടനാ ലംഘനം നടത്തി നല്കിയ സ്ഥാനം സ്വീകാര്യ മല്ലെന്നും, താൻ ഒപ്പിട്ടു നല്കിയ തീരുമാനത്തിന്റെ മഷി ഉണങ്ങും മുമ്പെ മാർ ബർന്നബാസ് പറയണമെങ്കിൽ, അത് അദ്ദേഹത്തിന്റെ മാത്രം അഭി പ്രായമാണോ എന്ന് സന്ദേഹിക്കേണ്ടിയിരിക്കുന്നു. ആ സ്ഥാനം സ്വീകാ ര്യമല്ലെന്ന് അഭിവന്ദ്യ ബർന്നബാസിനെക്കൊണ്ട് ബാവായ്ക്ക് കൂടെക്കൂടെ എഴുതിച്ച് അദ്ദേഹത്തെ സ്വൈരം കെടുത്തുക, അമേരിക്കൻ അച്ചന്മാ രുടെ മെമ്മോറാണ്ടം ഇതു സംബന്ധിച്ചു നല്കുക, 'സീനിയർ' ആര് എന്ന് ലേഖനം എഴുതുക, സുന്നഹദോസ് തീരുമാനം സ്വീകരിക്കാതെ മുന്നോട്ടു പോവുക തുടങ്ങിയ സമ്മർദ്ദ തന്ത്രങ്ങൾ ഉരുത്തിരിഞ്ഞു. ഇതിൽ പ്രതിഷേധിച്ച് ഡൽഹി മെത്രാപ്പോലീത്താ രാജിവെച്ചാൽ അതു സുന്ന ഹദോസിനെ പിടിച്ചു കുലുക്കുമെന്ന് അദ്ദേഹം ചിന്തിച്ച് രാജി വച്ചു.

രാജിക്കത്തിന്റെ പരിഭാഷ

പൗലോസ് ഗ്രീഗോറിയോസ്
ഡൽഹി മെത്രാപ്പോലീത്താ

മാർച്ച് 17, 1995

പരിശുദ്ധ ബാവാ തിരുമേനിക്ക്,

വളരെയധികം പ്രാർത്ഥനാപൂർവ്വം ചിന്തിച്ചശേഷം എത്തിച്ചേർന്ന ഒരു തീരുമാനം താഴ്മയായി തിരുമനസ്സ് അറിയിക്കട്ടെ.

അങ്ങ് അറിയുന്നപ്രകാരം എന്റെ ആരോഗ്യം ഇപ്പോഴും നല്ലതായി ട്ടില്ല. അതിനാൽ കൂടുതൽ ബദ്ധപ്പാടുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും ഞാൻ എന്നെത്തന്നെ കാത്തു സൂക്ഷിക്കേണ്ടിയിരിക്കുന്നു.

എനിക്ക് സഭാനേതൃത്വത്തിലുള്ള വിശ്വാസം ക്രമേണ നഷ്ടപ്പെട്ടു വരുന്നു. അടുത്ത സമയത്തുണ്ടായ നേതൃത്വത്തിന്റെ തീരുമാനങ്ങളിലും അവ നടപ്പിലാക്കുന്ന രീതിയിലും എനിക്ക് സഹകരിക്കാൻ പ്രയാസമുണ്ട്.

അതുകൊണ്ട് ഞാൻ എന്റെ രാജി മേയ് ഒന്നു മുതൽ നടപ്പിൽ വരത്തക്കവണ്ണം സമർപ്പിക്കുന്നു. പ. സുന്നഹദോസിന്റെ എല്ലാ ഔദ്യോഗിക സ്ഥാനങ്ങളിൽ നിന്നും അസ്സോസിയേഷൻ മാനേജിംഗ് കമ്മിറ്റിയിൽ നിന്നും സ്റ്റാൻഡിംഗ് കമ്മിറ്റി തുടങ്ങിയുള്ള ഭരണസമിതികളിൽ നിന്നും ഞാൻ രാജി വെക്കുന്നു. പ. സുന്നഹദോസിന്റെ സെക്രട്ടറി പദം ഞാൻ ഒരിക്കലും സ്വീകരിച്ചിരുന്നില്ലല്ലോ. അതിലെ കുഴപ്പങ്ങൾ ഇന്നും പരിഹൃതമായിട്ടില്ലാത്തതിനാൽ ഞാൻ സെക്രട്ടറി പദവി ഏറ്റെടുത്തിട്ടില്ല. ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനവും ഞാനിതാ രാജി വയ്ക്കുന്നു.

1995 മേയ് ഒന്നു മുതൽ ഇയ്യോബ് മാർ പീലക്സിനോസിനെ ഡൽഹിയുടെ ആക്ടിംഗ് മെത്രാപ്പോലീത്തായായി നിയമിക്കുമെങ്കിൽ എന്റെ എല്ലാ ചുമതലകളും നിയമനം കഴിഞ്ഞാലുടൻ അദ്ദേഹത്തെ ഏല്പിച്ചു കൊള്ളാം.

സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന് ആവശ്യമായ സമയം എനിക്ക് കൊടുക്കാനില്ലാത്തതിനാൽ ഞാൻ അതിന്റെ പ്രസിഡണ്ട് സ്ഥാനവും രാജിവെയ്ക്കുന്നു.

ഒരു പുതിയ പ്രിൻസിപ്പാളിനെ നിയമിക്കുന്നതുവരെയോ എന്റെ ഉത്തരവാദിത്വം ഒഴിയണമെന്ന് ആവശ്യപ്പെടുന്നതുവരെയോ വൈദികസെമിനാരിയുടെ പ്രിൻസിപ്പലായി കഴിയാൻ ഞാൻ ആഗ്രഹിക്കുന്നു. സോഫിയാ സൊസൈറ്റി, നീതിശാന്തികേന്ദ്രം, സർവ്വധർമ്മ നിലയം എന്നിങ്ങനെ ഡൽഹിയിലുള്ള സംഘടനകളുടെ പ്രോഗ്രാം തുടരാൻ ഞാനാഗ്രഹിക്കുന്നു.

എന്റേതായ ഒരു പുതിയ വീട്ടിലേക്കു ഞാൻ മാറുന്നതുവരെ ഡൽഹി ഓർത്തഡോക്സ് സെന്ററിൽ താമസിക്കാൻ എന്നെ അനുവദിക്കണം. സഭ എനിക്ക് ഒരു റിട്ടയർമെന്റ് അലവൻസ് നല്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഞാൻ അതു സ്വീകരിച്ചുകൊള്ളാം.

തലക്കോട്ടുള്ള പരുമല മാർ ഗ്രീഗോറിയോസ് ട്രസ്റ്റ്, അതിനോട് ബന്ധപ്പെട്ട ഗ്രീഗോറിയോസ് ഐ.ടി.ഐ., സെന്റ് മേരീസ് ബോയ്സ് ഹോം എന്നിവയുടെ പ്രസിഡന്റ് സ്ഥാനം ഞാൻ തല്ക്കാലം തുടരുന്നതാണ്.

കോട്ടയത്ത്, എന്റെ പുസ്തകങ്ങൾക്കും ചിന്തകൾക്കും സഹായകരമാകുന്നതിന് സ്ഥാപിക്കപ്പെട്ട മാർ ഗ്രീഗോറിയോസ് ഫൗണ്ടേഷന്റെ ചുമതലയും ഞാൻ തുടരുന്നതാണ്. ഡൽഹിയിലെ മാർ ഗ്രീഗോറിയോസ് ചാരിറ്റബിൾ ഫണ്ടിന്റെ ചെയർമാൻ സ്ഥാനവും ഞാൻ തുടരുന്നതാണ്.

അവ എന്റെ പേരിൽ പിരിച്ചെടുക്കുന്ന തുകയാണ്. മറ്റുള്ളവരെ സഹായിക്കാൻ എനിക്കു ഒരു മാർഗ്ഗം ഉണ്ടായിരിക്കണമല്ലോ.

തന്റെ സേവനത്തിനു എന്നെ വിളിച്ച ദൈവത്തോട് വിശ്വസ്തനായി തുടരാൻ എനിക്കുവേണ്ടിയും പ്രാർത്ഥിക്കണം.

കർത്താവിൽ പ്രിയ സഹോദരൻ

പൗലോസ് മാർ ഗ്രീഗോറിയോസ്

ഈ രാജി സഭയുടെ മർമ്മസ്ഥാനത്തിനു കുത്തിക്കൊണ്ടുള്ളതായിരുന്നതിനാൽ രാജി വാർത്ത മാധ്യമങ്ങൾക്ക് കൊടുത്തശേഷമാണ് പ. ബാവായ്ക്കു തന്നെ ലഭിച്ചത്. രാജിക്ക് ആരോഗ്യപരമായ കാരണങ്ങളാണെന്നു ഭവ്യമായി പുറംപൂച്ചിൽ കാണിച്ചിരിക്കുന്നതെങ്കിലും സഭാനേതൃത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടതിനാലും അടുത്ത കാലത്ത് സഭാനേതൃത്വം എടുത്ത തീരുമാനങ്ങളിൽ സഹകരിക്കാൻ നിവർത്തിയില്ലാത്തതിനാലുമാണ് രാജി സമർപ്പിക്കുന്നതെന്നുള്ള 'പൂച്ച' ഈ കത്തിലൂടെ പുറത്തു ചാടിയിട്ടുണ്ട്.

ഇത് ദൈവനിയോഗമാണോ? മാർ മക്കാറിയോസിനെ ചതിവിൽ പുകച്ചു ചാടിക്കുവാൻ, ശ്രമിച്ച അക്രൈസ്തവമായ അടവുകൾക്ക് നീതിമാനായ ദൈവം കൊടുത്ത ശിക്ഷയാണോ ഈ യഥാർത്ഥ രാജിക്കത്ത്? അതോ ബാവാ തിരുമേനിയേയും നേതൃനിരയേയും ഭയപ്പെടുത്തി, അവർ എടുത്ത തീരുമാനത്തിൽ നിന്നു മാറിയില്ലെങ്കിൽ "ഞാനിപ്പോൾ രാജി വച്ചുകളയും" എന്നൊരു ഭീഷണിയാണോ ഇത്? മാർ ഗ്രീഗോറിയോസ് പോയാൽ സഭ പാതാളക്കുണ്ടിലേക്ക് പോകുമെന്ന് ആ പിതാവ് സ്വയം വിചാരിച്ചിരുന്നോ?

ഏതായാലും സഭാനേതൃത്വത്തിൽ വിശ്വാസം നഷ്ടപ്പെട്ട ഒരു മെത്രാപ്പോലീത്താ ആ സ്ഥാനത്തുനിന്നു മാറുന്നത് തന്നെ നല്ലതെന്ന് പലരും വിശ്വസിച്ചു.

ഇവിടെയാണ് മാർ മക്കാറിയോസിന്റെ വ്യക്തി മാഹാത്മ്യം പ്രകടമാകുന്നത്. തനിക്കെതിരായി പ. സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും നീങ്ങി, തന്നെ പാതാളക്കുണ്ടിലേക്ക് ഇടിച്ചു താഴ്ത്തിയിട്ടും ആ സുന്നഹദോസിന്റെ തീരുമാനങ്ങളെ ആദരിക്കുവാനും ആ സഭയെ വീണ്ടും സ്നേഹിക്കുവാനും കാട്ടിയ ഉദാത്തമായ മാതൃക എത്ര ശ്ലാഘനീയം.

താൻ 'ചക്കിനു വച്ചത് കൊക്കിനു കൊണ്ടു' എന്നു കണ്ട് ക്ഷുഭിതനായി സുന്നഹദോസിനെയും സഭാനേതൃത്വത്തെയും ഒന്നടങ്കം അധിക്ഷേപിച്ച് രാജി വയ്ക്കാൻ കാട്ടിയ ഡൽഹി മെത്രാപ്പോലീത്തായുടെ ഔദ്ധത്യം എവിടെ?

പ. സഭയുടെ ഇരട്ടത്താപ്പു നയം

മാർ ഗ്രീഗോറിയോസ് വച്ച വെടി സഭയ്ക്കു ഏറ്റു എന്നു തന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു. ഒരു കാലത്ത് മലങ്കരസഭയുടെ ഏക എം. എ. ക്കാരൻ അച്ചനും (പിന്നീട് ബഥനിയുടെ മാർ ഈവാനിയോസ്) ഇതേ ഭാവമായിരുന്നു അന്നുണ്ടായിരുന്നത്. "താൻ പോയാൽ പ്രളയം' എന്ന് അദ്ദേഹവും ചിന്തിച്ചു. റോമാസഭയിലേക്ക് മുതലക്കൂപ്പു നടത്തി നോക്കി. ഏതാണ്ട് അതുപോലെ തന്നിൽ കവിഞ്ഞ ഒരു വ്യക്തിത്വം മലങ്കരസഭയിൽ ഇല്ലെന്ന് തലയിലുദിച്ച ഭാവം മാർ ഗ്രീഗോറിയോസിനെ പലവുരു ചതിക്കുഴികളിൽ വീഴ്ത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ബൗദ്ധികവും ദാർശനികവുമായ സിദ്ധികളെ ആരും നിഷേധിക്കയില്ല. എന്നാൽ ദൈവതിരുമുമ്പാകെ അറിവിന്റെ ഭണ്ഡാരം മാത്രം പോരല്ലോ. ദൈവം വിദ്വൽ ജനങ്ങളിൽ നിന്ന് അറിവ് ശിശുക്കളുടെ വായിലേക്ക് മാറ്റുന്നവനാണ്; ജനങ്ങൾ ആർത്തു വിളിച്ചില്ലെങ്കിൽ കല്ലുകളെക്കൊണ്ട് ആർത്തു വിളിപ്പിക്കുന്നവനാണ്.

ഇവിടെ ബാവായുടെ ഇരട്ട മുഖം പ്രത്യക്ഷപ്പെട്ടു എന്ന്, സഭാ മക്കൾക്ക് തോന്നത്തക്കവിധമാണ് കാര്യങ്ങൾ നീങ്ങിയത്. എങ്ങനെ?

മാർ മക്കാറിയോസ് രാജി വയ്ക്കാതിരുന്നിട്ടും , 'രാജി വച്ചു'വെന്നുള്ള 'മാർ ഗ്രീഗോറിയോസ് ഭാഷ്യ'ത്തിന് മുൻതൂക്കം നല്കി അദ്ദേഹത്തിന്റെ ഭദ്രാസനം തട്ടി എടുത്തു.

മാർ ഗ്രീഗോറിയോസ് രാജിവയ്ക്കുകയും അത് പത്രങ്ങൾക്ക് നല്കുകയും ചെയ്തിട്ടും എന്തേ ആ രാജി സ്വീകരിക്കാതെയിരുന്നത്? ഒരാൾ ഒരിക്കലും ഭദ്രാസനം ഉപേക്ഷിക്കാൻ തയ്യാറല്ലാതിരുന്നിട്ടും, അദ്ദേഹത്തെ പുറത്താക്കാൻ തിടുക്കം കാട്ടി.

അപരൻ രാജി വച്ചിട്ടും, ആ രാജി സ്വീകരിച്ചില്ല. ഈ ഇരട്ട മുഖം ഇന്നും തുടരുന്ന സഭയ്ക്കു മൂല്യച്യുതികളല്ലാതെ മറ്റൊന്നും കൈമുതലില്ലാതെ വരുന്നു. സഭയിലുള്ള വിശ്വാസം ജനങ്ങൾക്കു നഷ്ടപ്പെടുത്തുന്നു.

സുന്നഹദോസ് തീരുമാനങ്ങളെക്കുറിച്ചും, മാർ മക്കാറിയോസ് തിരിച്ചെത്തിയശേഷം, മാർ ബർന്നബാസ് ഭദ്രാസന സെക്രട്ടറി ബ. ആദായി കോർഎപ്പിസ്ക്കോപ്പായുടെ പള്ളിയിൽ മക്കാറിയോസിനു നല്കിയ സ്വീകരണത്തെപ്പറ്റിയും മാധ്യമങ്ങളുടെ റിപ്പോർട്ട് താഴെ ചേർക്കുന്നു.

മക്കാറിയോസ് തിരുമേനിക്ക് സ്വീകരണം

ന്യൂയോർക്ക്, അമേരിക്കൻ ഭദ്രാസന ഡയോസിഷൻ സെക്രട്ടറിയും

ന്യൂസിറ്റി സെന്റ് ജോൺസ് ഇൻഡ്യൻ ഓർത്തഡോക്സ് ചർച്ച് വികാരിയുമായ ഫാ. പൗലോസ് ആദായിയുടെ ക്ഷണമനുസരിച്ച് മാർച്ച് 26-ാം തീയതി ഞായറാഴ്ച സെന്റ് ജോൺസ് പള്ളിയിൽ ആഗതനായ അഭിവന്ദ്യ തോമസ് മാർ മക്കാറിയോസിനു ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. തിരുമേനിയുടെ കാർമ്മികത്വത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനയിൽ ധാരാളം വിശ്വാസികൾ സംബന്ധിച്ചു. കുർബാനയോടനുബന്ധിച്ച് തിരുമേനി ചെയ്ത ഹൃദയസ്പർശകമായ പ്രസംഗത്തിൽ സമാധാനവും ഐക്യവും സഭയിലുണ്ടാകുവാൻ ബർന്നബാസ് തിരുമേനിയും താനും ദൃഢപ്രതിജ്ഞരാണെന്നും സഭയെ സ്നേഹിക്കുന്ന എല്ലാവരുടെയും സഹകരണം അതിനാവശ്യമാണെന്നും പ്രസ്താവിച്ചു. തുടർന്നു നടന്ന ഉച്ചഭക്ഷണത്തിലും തിരുമേനി പങ്കെടുത്തു.

25-ാം തീയതി നടന്ന തിരുമേനിമാരുടെ കൂടിക്കാഴ്ചയും സമ്മേളനവും, സെന്റ് ജോൺസ് ചർച്ചിൽ മക്കാറിയോസ് തിരുമേനിക്ക് നൽകപ്പെട്ട സ്വീകരണവും ഭിന്നതകൾ വെടിഞ്ഞ് വിശ്വാസത്തിലൊന്നിക്കുന്ന അമേരിക്കൻ സഭയുടെ വെട്ടിത്തിളങ്ങുന്ന മുഖത്തെയാണ് പ്രകടമാക്കുന്നതെന്നാണ് നിരീക്ഷകർ അഭിപ്രായപ്പെടുന്നത്. സമാധാനത്തിന്റെ കുളിർകാറ്റ് അമേരിക്കൻ ഭദ്രാസനത്തിൽ വീശിയടിക്കാൻ തുടങ്ങിക്കഴിഞ്ഞുവെന്നുവേണം ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടത്.

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും, ഭൂമിയിൽ നിരപ്പും മനുഷ്യമക്കൾക്കു സമാധാനവും വിതച്ച ആ കാലത്ത് മനോരമയുടെ 'ഇന്നത്തെ ചിന്താവിഷയം' എന്ന കോളത്തിൽ "നന്മ മാത്രം വിജയിക്കും" എന്ന ചെറു ലേഖനം മാർ മക്കാറിയോസിനെ മുന്നിൽ കണ്ട് പ്രസിദ്ധപ്പെടുത്തിയതോ എന്നു തോന്നിപ്പോകുന്നു. അതിലെ പ്രസക്ത ഭാഗം ഉദ്ധരിക്കുന്നു:

"..... വെള്ളിയാഴ്ച എന്താണ് സംഭവിച്ചത്? തിന്മയുടെ ശക്തികൾ ക്രിസ്തുവിനെതിരെ ആഞ്ഞടിക്കുകയായിരുന്നു. അത് അദ്ദേഹത്തിന്റെ ക്രൂശുമരണത്തിൽ കലാശിച്ചു. എന്തെല്ലാം ശക്തികളാണ് ക്രിസ്തുവിനെതിരായി വന്നത്. (1) പുരോഹിത മേധാവികളുടെ സ്വാർത്ഥ താല്പര്യം. (2) ഭരണാധിപന്റെ ധാർമ്മിക ഭീരുത്വം, (3) റോമൻ പടയാളികളുടെ കിരാതശക്തി, (4) കാഴ്ചക്കാരായ ജനങ്ങളുടെ നിർവികാരതയും നിസ്സംഗത്വവും.

ഇവയുടെ സമന്വയമാണ് യേശുവിനെ കുരിശിലേറ്റിയത്. ഇന്നും ഇവയൊക്കെ സമൂഹത്തിൽ നടമാടുന്നു. നന്മയെ കുരിശിലേറ്റുന്നു. എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പു പ്രഖ്യാപിക്കുന്നത് ആത്യന്തികമായി നന്മ മാത്രമേ വിജയിക്കയുള്ളു എന്നുള്ളതാണ്. ..."

'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം" എന്ന് കവി പാടിയതുപോലെ അമേരിക്കൻ ഭദ്രാസനത്തിലെ സമാധാനം ഏതാനുംപേരുടെ മുതലെടുപ്പിനു വിരുദ്ധമാണെന്നു കണ്ട് ആ ധനസമൃദ്ധമായ ഭദ്രാസനത്തിന്റെ അകിടിൽ നിന്നു ചോര തന്നെ കുത്തിക്കുടിക്കാനാണവർ ഇഷ്ടപ്പെട്ടത്. ഈ സംരംഭത്തിൽ മാർ ബർന്ന ബാസിനെ ഒരു ബലിയാടാക്കാനാണ് അവർ വീണ്ടും ശ്രമിച്ചത്.

ബർന്നബാസ് തിരിച്ചെത്തി

സുന്നഹദോസിനുശേഷം ഏതാനും നാളുകൾ കൂടി കോട്ടയത്തു താമസിച്ചു മാർ ഗ്രീഗോറിയോസിൽ നിന്ന് ഉപദേശവും, ആവേശവും, അനുഗ്രഹവും വാങ്ങിക്കൊണ്ട്, ഭരണഘടനയിൽ പരാമർശമില്ലാത്ത സീനിയർ മെത്രാപ്പോലീത്താ എന്ന സ്ഥാനത്തെ ഒരിക്കലും സ്വീകരിക്കയില്ലെന്നുള്ള ദൃഢപ്രതിജ്ഞയോടും തയ്യാറെടുപ്പോടും ആണ് മാർ ബർന്ന ബാസ് അമേരിക്കയിൽ തിരിച്ചെത്തിയത്. വന്നപാടെ അദ്ദേഹം പ. ബാവായ്ക്കു എഴുതിയ കത്ത് താഴെ ചേർക്കുന്നു.

OL. 31/1995 April 27

To

H.H. The Catholicos of the East

May it please your Lordship,

ബാവാ തിരുമേനി ജൂലൈ മാസത്തെ സുന്നഹദോസിന് ശേഷം അമേരിക്കൻ മെത്രാസനത്തെ സംബന്ധിച്ചുള്ള കല്പന അയയ്ക്കണമെന്ന് അപേക്ഷിക്കുന്നു. അതിന് മുമ്പ് അയയ്ക്കുന്നെങ്കിൽ ഓണററി സീനിയർ മെത്രാപ്പോലീത്താ എന്ന് എഴുതണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഫോണിൽ സംസാരിച്ചപ്പോൾ അങ്ങനെ ചെയ്യാമെന്ന് ബാവാ തിരുമേനി കല്പിക്കയുണ്ടായല്ലോ.

കല്പന അയയ്ക്കുന്നതിന് മുമ്പ്, ഒന്നാമത്തെ നിർദ്ദേശമനുസരിച്ച് (സുന്നഹദോസിന്റെ) കീൻസ് മുതലായ പള്ളികളുടെ ഇൻകോർപറേഷൻ ശരിപ്പെടുത്തിയിരിക്കണം. ഒന്നാമത്തെ നിർദ്ദേശം ഇങ്ങനെയാണ്. "ഇപ്പോൾ അമേരിക്കാ മെത്രാസനത്തിൽ നിലവിലിരിക്കുന്ന കോടതി കേസുൾപ്പെടെയുള്ള എല്ലാ പ്രശ്നങ്ങളും ഭിന്നതകളും അഭിവന്ദ്യരായ തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായും മാത്യൂസ് മാർ ബർന്ന ബാസ് മെത്രാപ്പോലീത്തായും ചേർന്ന് പള്ളികൾ സന്ദർശിച്ചും സംയുക്ത ഇടയലേഖനങ്ങൾ പുറപ്പെടുവിച്ചും ഏപ്രിൽ 27-ന് വിളിച്ചുകൂട്ടുന്ന മാനേജിംഗ് കമ്മറ്റി യോഗത്തിന് മുമ്പ് പരിഹരിക്കേണ്ടതാണ്.

മെത്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതും അദ്ധ്യക്ഷത വഹിക്കുന്നതും സംബന്ധിച്ച നിർദ്ദേശം ഭരണഘടന അനുസരിച്ച് ഇടവക മെത്രാപ്പോലീത്തായുടെ അധികാരമായി മാറ്റണം.

With Prayers

Yours in Our Lord

Mathews Mar Barnabas

അലസിപ്പോയ ഭദ്രാസനപ്പൊതുയോഗം

സുന്നഹദോസ് തീരുമാനത്തിനു കടകവിരുദ്ധമായി ഇതിനോടകം തിടുക്കത്തിൽ ഭദ്രാസനപ്പൊതുയോഗം വിളിച്ചുകൂട്ടാൻ വിറളി പിടിച്ച് മാർ ബർന്നബാസ് നോട്ടീസുകൾ അയച്ചു. ഒരു ഭദ്രാസനപ്പൊതുയോഗം കൂടുന്നതിനു വേണ്ടി അദ്ദേഹം ഭിന്ന ദിവസങ്ങളും ഭിന്ന സ്ഥലങ്ങളും നിശ്ചയിച്ച് അയച്ച മൂന്നു കല്പനകൾ ഇതു സഹിതം ചേർക്കുന്നു.

ck. 4/95 ആയി ഇറക്കിയ കല്പനയിൽ ഏപ്രിൽ 29-ന് തന്റെ അരമനയിൽ വച്ചെന്നും ck. 5/95 ആയി ഇറക്കിയ കല്പനയിൽ ഏപ്രിൽ 22-നു തന്റെ അരമനയിൽ വച്ചെന്നും. ck. 8/95 ആയി ഇറക്കിയ കല്പനയിൽ ഏപ്രിൽ 22-ന് സെന്റ് പോൾസ് ലൂതറൻ പള്ളിയിൽ വച്ചും ഭദ്രാസനപ്പൊതുയോഗം കൂടുമെന്നും അറിയിപ്പുണ്ടായി. ആദ്യത്തെ രണ്ടു കല്പനകൾ തീയതി മാറ്റിക്കൊണ്ടുള്ളവയും മൂന്നാമത്തേത് സ്ഥലംതന്നെ മാറ്റിക്കൊണ്ടുള്ളതുമാണ്. ന്യൂയോർക്കിൽ ആ സമയത്ത് ഓർത്തഡോക്സ് കാരുടേതായി 14 പള്ളികളോളം ഉണ്ടായിരുന്നു. അതിൽ 6 ഇടവകകൾക്ക് ന്യൂയോർക്ക് പട്ടണത്തിൽ തന്നെ സ്വന്തമായി പള്ളികൾ ഉള്ളവയാണ്. ഈ സാഹചര്യത്തിൽ മാർ ബർന്നബാസിനു ഒരു പൊതുയോഗം കൂടാൻ ലൂതറൻ പള്ളി വാടകയ്ക്ക് എടുക്കേണ്ട ഗതികേട് ഉണ്ടായത് എന്തുകൊണ്ട് എന്നു ചിന്തിക്കുന്നതു കൊള്ളാം.

ഒന്നുകിൽ വാർഷികപ്പൊതുയോഗം നടത്താൻ നമ്മുടെ പള്ളികൾ തിരുമേനിക്കു നല്കാൻ ഇടവകക്കാർ സമ്മതിക്കുന്നില്ല. അല്ലെങ്കിൽ തങ്ങളുടെ പള്ളികൾ തിരുമേനിയുടെ മീറ്റിംഗിന് നല്കാൻ വികാരിമാർ സഹകരിക്കുന്നില്ല എന്നു വേണം കരുതുവാൻ.

അതിലെല്ലാം പ്രധാനപ്പെട്ട ഒരു കാരണമായി ഞങ്ങൾ കാണുന്നത് വേറൊന്നാണ്. ഈ മൂന്നു കല്പനകളും ഇറക്കിയത് 1995 ഫെബ്രുവരി 22-നു കൂടിയ പ. സുന്നഹദോസിനു ശേഷമാണ്. ആദ്യത്തേത് മാർച്ച് 7-നും രണ്ടാമത്തേത് മാർച്ച് 20-നും മൂന്നാമത്തേത് ഏപ്രിൽ 7-നുമാണ്. ഈ മൂന്നു കല്പനകളും ഫെബ്രുവരി 22-ലെ സുന്നഹദോസ് തീരുമാനങ്ങൾക്ക് കടകവിരുദ്ധമാണ്.

സുന്നഹദോസ് നിശ്ചയം കാണുക: "മെത്രാസനത്തിന്റെ പൊതുയോഗ മീറ്റിംഗിനുള്ള ക്ഷണക്കത്ത് സീനിയർ മെത്രാപ്പോലീത്താ തോമസ് മാർ മക്കാറിയോസിന്റെ മുദ്രയോടും ഒപ്പോടും കൂടെ ഇടവക മെത്രാപ്പോലീത്തായുടെ മുദ്രയിലും ഒപ്പിലുമാണ് അയയ്ക്കേണ്ടത്. സീനിയർ മെത്രാപ്പോലീത്താ തോമസ് മാർ മക്കാറിയോസ് സന്നിഹിതനാണെങ്കിൽ അദ്ദേഹം മെത്രാസന പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിക്കണം. എന്നാൽ മിനിട്ട്സും ഔദ്യോഗിക രേഖകളും ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ ബർന്നബാസിന്റെ മുദ്രയിലും ഒപ്പിലും ആധികാരികമാക്കപ്പെടണം. മെത്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതിലോ, യോഗം നടത്തുന്നതിലോ എന്തെങ്കിലും തർക്കമോ ബുദ്ധിമുട്ടോ ഉണ്ടായാൽ പ. ബാവായുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും."

ഈ സുന്നഹദോസ് തീരുമാനത്തിനെതിരെ ബർന്നബാസ് തനിയെ വിളിച്ചുകൂട്ടുന്ന ഭദ്രാസനപ്പൊതുയോഗത്തിലുള്ള എതിർപ്പും പട്ടക്കാരുടെ നിസ്സഹകരണവുമാണ് ന്യൂയോർക്കിലെ ഒറ്റപ്പള്ളിപോലും ബർന്നബാസിനു തുറന്നു കൊടുക്കാതിരുന്നതിന്റെ കാരണം. അതുകൊണ്ടു തന്നെ തിരുമേനിക്കു ലൂഥറൻ സഭക്കാരെ ഒരു മീറ്റിംഗിനു വേണ്ടി ആശ്രയിക്കേണ്ടി വന്നു.

എന്നിട്ടും ആ പൊതുയോഗം നടന്നോ? പ. ബാവായ്ക്കു ആ പൊതുയോഗം നിരോധിച്ച് കല്പന ഇറക്കേണ്ടി വന്നു. ബാവാ തിരുമേനി No 68/95 ആയും No. P-171/95 ആയും അയച്ച കല്പനകൾ വായിച്ച് ബർന്നബാസിന്റെ രക്തത്തിലെ പഞ്ചസാര 334 ആയി. മാനസികമായ പ്രയാസത്തിൽ ഉറക്കം കുറഞ്ഞു. കിടക്കയെ അഭയം പ്രാപിക്കേണ്ടി വന്നു. ഏപ്രിൽ 25-ന് OL 30/95 ആയി അദ്ദേഹം എഴുതിയ കത്ത് അതു സൂചിപ്പിക്കുന്നു.

CK. 4/95 March 8, 1995

Blessings to the Vicar, Office-bearers of all the parishes in the American Diocese.

Dearly beloved,

The Annual Diocesan Assembly (Pothuyogam) is arranged to be held at the Indian Orthodox Church Center, 80-34 Commonwealth Blvd, Bellerose, New York 11426 (Aramana) at 10 A.M. on Saturday, April 29th 1995 under our presidentship, according to the constitution of the Malankara Orthodox Syrian Church.

The Vicar and two representatives elected by the general body are invited to attened the assembly, at the expenditure of the parish. The represen-

tatives have to bring the enclosed certificate of authorization, signed by the vicar and that should be handed over at the registration counter. If not, the Vicar should identify the representatives. The representatives should sign in the register and get the badge for entry in to the general assembly, before the assembly starts.

AGENDA

1. Annual report of 1994.

2. Annual statement of accounts of 1994.

3. Budget for 1995.

4. Election of one Council Member.

5. Family/Youth Conference, 1995.

6. Amendment in the incorporation of the diocese. Clause 5 of the incorporation may be deleted.

"The foregoing clauses shall be construed both as objects and powers, and it is hereby expressly provided that the forgoing enumeration of specific powers shall not be construed or held to limit or restrict in any manner the powers of the corporation."

7. Any other subject allowed by the Chair.

Questions and resolutions, if any, must be received in the diocesan office on or before April 20, 1995.

May the mercies and blessings of God Almighty be showered upon us all.

(sd)

Our Father who art in heaven.....

C. K. No. 5/1995 March 20, 1995

Blessings to the Vicar, office-bearers and members of all the parishes in the American Diocese,

Dearly beloved,

The next meeting of the Malankara Association Managing Committee is decided to be held at Kottayam on April 27, 1995 and I wish to attend it. Hence the Diocesan Assembly, scheduled to be held on April 29, 1995 (C.K. No. 4/1995) is predated to April 22, 1995 at the same venue and with the same agenda.

Questions and resolutions, if any must be received in the diocesan office on or before April 15, 1995.

May the mercies and blessings of God Almighty be with us all.

(sd)

Our Father who art heaven ....

C. K. No. 8/1995 April 7, 1995

Blessings to the Vicar, office-bearers and members of all the parishes in the American Diocese,

Dearly beloved,

Hope that you have received the Circular Kalpana 5/95, regarding the Diocesan Assembly, predated to be held on April 22, 1995.

Now, as the renovation of the Aramana is not completed, it is difficult to conduct the Diocesan Assembly at the Aramana (80-34 Common wealth Blvd, Bellerose, NY 11426). Therefore, the venue is changed to the St. Paul's Lutheran Church, between 262 and 263 Street, Union Turnpike, Gien Oaks, New York, about one mile away from the Aramana.

May the mercies and blessings of God Almighty be showered upon us all.

(sd)

Mathews Mar Barnabas Metropolitan

Our Father who art in heaven...

സുന്നഹദോസ് തീരുമാനം മെത്രാപ്പോലീത്തന്മാർ ഇരുവരും ചേർന്ന് ഭദ്രാസനപ്പൊതുയോഗം വിളിച്ചുകൂട്ടണമെന്ന് വ്യക്തമാക്കിയിട്ടും ആ വ്യവസ്ഥകൾക്ക് ഒപ്പിട്ടു സമ്മതം രേഖപ്പെടുത്തിയ മാർ ബർന്നബാസ്, ആ തീരുമാനങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടാണ് ഭദ്രാസനപ്പൊതുയോഗം വിളിച്ചു കൂട്ടാനുള്ള കല്പന സ്വയമായി ഇറക്കിയത്. ആ പൊതുയോഗം ബാവാതിരുമേനി വിലക്കി. ഭദ്രാസനപ്പൊതുയോഗം ഏകപക്ഷീയമായി വിളിച്ചുകൂട്ടുന്നതിൽ നിന്നു വിലക്കിക്കൊണ്ടും മാർ മക്കാറിയോസുമായി ആലോചിച്ചും ഒരുമിച്ചും കല്പന ഇറക്കുവാൻ ബാവാ കല്പിച്ചു കല്പന നല്കി. അതിൽ ക്ഷുഭിതനായി മാർ ബർന്നബാസ്, ബാവായ്ക്കു അയച്ച കത്ത് കാണുക. അതിൽ, തനിക്കുള്ള മാനസികാവസ്ഥയും വിശ്രമരഹിതമായ ജീവിതത്തിന്റെ ടെൻഷനും തൽഫലമായ രക്തത്തിലെ ഷുഗർ, സമ്മർദ്ദം, ഉറക്കമില്ലായ്മ എന്നീ വിഭ്രാന്തികൾ വിവരിച്ചിട്ടുണ്ട്. പൊതു

യോഗം തടഞ്ഞ ബാവായുടെ കല്പന നീതിപരമല്ലെന്നും അദ്ദേഹം തുടർന്ന് കുറ്റപ്പെടുത്തിയിട്ടുണ്ട്.

OL 30/95

May it please your Lordship, April ..., 1995

ബാവാതിരുമേനിയുടെ No. 68/95 കല്പനയും No. P 171/95 കല്പനയും കിട്ടി. അവ എന്നെ തളർത്തി എന്റെ രോഗം വർദ്ധിച്ചു. ശനിയാഴ്ച എന്റെ blood sugar നോക്കിയപ്പോൾ 334 എന്നു കണ്ടു. ഒരാഴ്ച മുമ്പ് ലബോറട്ടറിയിൽ ബ്ലഡ് ടെസ്റ്റ് നടത്തിയപ്പോൾ മറ്റു ചില കുഴപ്പങ്ങൾ ഉള്ളതായി കാണുകയുണ്ടായി. വിശ്രമിക്കണമെന്ന് ഡോക്ടർ പറഞ്ഞു. മാനസികമായ പ്രയാസങ്ങൾ മൂലമുണ്ടായ ഈ രോഗാവസ്ഥയിൽ നാട്ടിലേയ്ക്ക് പോയാൽ എങ്ങനെ ആകുമെന്ന ഭയമുണ്ട്. നാട്ടിൽ ചെന്നാൽ ഉടൻ മനപ്രയാസം വർദ്ധിപ്പിക്കുന്ന ചർച്ചകളാകും. ഉറക്കത്തിന്റെ സമയം മാറുന്നതിനാൽ അസ്വസ്ഥതകൾ വേറെയും ഉണ്ടാകും. അടങ്ങിയിരിപ്പാൻ കഴിയാതെ പല സന്ദർശനങ്ങളും നടത്താതെ തരമില്ലെന്ന് വരും. മുമ്പ് ഒരിക്കൽ ഷുഗർ വർദ്ധിച്ചു കങ്ങഴ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യേണ്ടി വന്നത് ഓർക്കുന്നുണ്ടായിരിക്കുമല്ലോ. 26-ാം തീയതിയിലെയും 27-ാം തീയതിയിലെയും മീറ്റിംഗിൽ ഞാൻ സംബന്ധിക്കേണ്ടതില്ലെന്നാണ് ദൈവനിശ്ചയമെന്ന് കരുതുന്നു.

മെത്രാസന പൊതുയോഗത്തെ തടഞ്ഞുകൊണ്ടുള്ള ബാവാ തിരുമേനിയുടെ കല്പന നീതിപരമല്ലായിരുന്നെന്ന് ഞാൻ പറയുന്നത് ക്ഷമിക്കണം. മാർച്ച് 8-നു പൊതുയോഗത്തിന്റെ കല്പന ഞാൻ അയച്ചതാണ്. ഏപ്രിൽ 22-നു പൊതുയോഗം കൂടുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ബാവാ തിരുമേനിയുടെ കല്പന കിട്ടിയത്. Non refundable air ticket വാങ്ങിയ പലർക്കും പണം നഷ്ടപ്പെട്ടു. California യിൽ നിന്നും അച്ചൻ നേരത്തേ പോരുകയും ചെയ്തു. ഇങ്ങനെ പലർക്കും വളരെയേറെ പ്രയാസങ്ങൾ ഉണ്ടായി.

തൽക്കാലത്തേക്ക് എന്ന് പറഞ്ഞുണ്ടാക്കിയ നിർദ്ദേശങ്ങളിൽ ഞാനും ഒപ്പിട്ടതാണെന്ന ന്യായേന ബാവാ തിരുമേനി ആ നിർദ്ദേശങ്ങളെ ഞാൻ പാലിച്ചില്ലെന്ന കാരണത്തിൽ പൊതുയോഗം തടഞ്ഞതു ശരിയായില്ല. മക്കാറിയോസ് തിരുമേനിയും കൂടെ ചേർന്ന് പൊതുയോഗം വിളിച്ചു കൂട്ടുന്നതിന്, ബാവാ തിരുമേനി മക്കാറിയോസ് തിരുമേനിയെ സീനിയറായി നിയമിച്ചുകൊണ്ടുള്ള കല്പന അയച്ചിരുന്നെങ്കിൽ അത് എന്നെ ബാധിക്കുമെന്നു പറയാമായിരുന്നു. അങ്ങനെ ഒരു കല്പന ഉണ്ടായിട്ടില്ലല്ലോ. മാത്രവുമല്ല അങ്ങനെ നിയമിക്കുന്നതിനു മുമ്പ് ഇവിടത്തെ പ്രശ്നങ്ങൾ തീർക്കേണ്ടതുമായിരുന്നു. സുന്നഹദോസിന്റെ നിർദ്ദേശങ്ങൾ ഭരണഘ

ടനയ്ക്ക് ചേരുന്നവിധത്തിൽ രൂപാന്തരപ്പെടുത്തേണ്ടതും ആവശ്യമായിരുന്നു. ഭരണം ബർന്നബാസ് മെത്രാച്ചന് മാത്രമായിരിക്കുമെന്ന്. ഇങ്ങനെയെല്ലാമായിരുന്നിട്ടും ബാവാ തിരുമേനി പൊതുയോഗത്തെ തടഞ്ഞത് ശരിയായില്ല. ഭാവിയിലും ബാവാതിരുമേനി ഇങ്ങനെ പെരുമാറുമോ എന്ന് സംശയിക്കുന്നു.

ചുരുങ്ങിയത് കീൻസ് പള്ളിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിശ്രമമെങ്കിലും മക്കാറിയോസ് തിരുമേനി ചെയ്തെങ്കിൽ അനുരഞ്ജന മനോഭാവം അദ്ദേഹത്തിനുണ്ടെന്ന് ചിന്തിക്കാമായിരുന്നു. കീൻസ് പള്ളിക്കാർ incorporation-ൽ വരുത്തിയ മാറ്റങ്ങൾ സുന്നഹദോസിന്റെ ഫോർമാറ്റ് അനുസരിച്ച് ശരിപ്പെടുത്തുകയെന്നത് അത്യന്താപേക്ഷിതമായ ഒന്നാമത്തെ കാര്യമാണ്. പല പ്രാവശ്യം ഇക്കാര്യം ഞാൻ ഓർമ്മിപ്പിച്ചിട്ടും മക്കാറിയോസ് തിരുമേനി ഒന്നും ചെയ്തില്ല. അക്കാര്യത്തിൽ അദ്ദേഹത്തെ നിർബന്ധിക്കരുതെന്നാണ് പറഞ്ഞത്. ആ പള്ളിക്കാരേയും കൂട്ടി ചർച്ച നടത്തണമെന്ന് പറഞ്ഞിട്ട് അതിനു പോലും അദ്ദേഹം ഒന്നും പ്രവർത്തിച്ചില്ല. പ്രശ്നമുള്ള മൂന്നു പള്ളികൾ സന്ദർശിക്കുന്നതിന് ചില തീയതികൾ ഞാൻ കൊടുത്തിട്ട് തിരുമേനി അതു ഗൗനിച്ചില്ല. രണ്ടുപേരും ചേർന്ന് ഇടയലേഖനം എഴുതുന്ന കാര്യം പറഞ്ഞപ്പോൾ, സീനിയറെന്നും കൂടെ എഴുതിയാലേ പറ്റൂ എന്ന് നിർബന്ധിച്ചു. അങ്ങനെ അതും നടന്നില്ല. പ്രശ്നങ്ങൾ തീർത്തതിന് ശേഷമല്ലേ സീനിയർസ്ഥാനം കൊടുക്കുന്നതിന് പറ്റൂ? അതല്ലാതെ നേരത്തെ സീനിയർസ്ഥാനം കൊടുക്കണമെന്നോ അതു ലഭിച്ചു കഴിഞ്ഞു എന്നോ പറയുന്നത്, കുതിരയുടെ മുമ്പിൽ വണ്ടി കെട്ടുന്നതുപോലെയാണ്. ഈ പരിതസ്ഥിതിയിൽ 26-നു തിരുമേനിമാരും 27-നു മാനേജിംഗ് കമ്മിറ്റിയും കൂടി എന്തു തീരുമാനം ചെയ്യാൻ സാധിക്കും? ഭരണഘടനയ്ക്കു ചേരാത്ത വ്യവസ്ഥകൾ സ്വീകരിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. ഭരണം ബർന്നബാസു മെത്രാച്ചനു മാത്രമായിരിക്കുമെന്ന് സുന്നഹദോസ് നിശ്ചയങ്ങളിൽ പറഞ്ഞിരിക്കുന്നതു വിസ്മരിക്കാൻ വയ്യ.

ജൂലൈ മാസത്തിലെ സുന്നഹദോസിന് മുമ്പ് മേൽപറഞ്ഞ വ്യത്യാസങ്ങൾ സുന്നഹദോസ് വരുത്തുകയും, പ്രശ്നങ്ങൾ തീർക്കുന്നതിന് മക്കാറിയോസ് തിരുമേനി വേണ്ടത് പ്രവർത്തിക്കണമെന്ന് ബാവാതിരുമേനി അദ്ദേഹത്തോട് കല്പിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ബാവാതിരുമേനി ന്യായം വിട്ടു പ്രവർത്തിച്ചതിനാലും മക്കാറിയോസ് തിരുമേനി പ്രവർത്തിക്കേണ്ടത് ചെയ്യാതെ ഒഴിഞ്ഞു മാറുന്നതിനാലും ബാവാതിരുമേനിയിലും മക്കാറിയോസ് തിരുമേനിയിലുമുള്ള എന്റെ വിശ്വാസം കുറഞ്ഞുപോയിരിക്കയാണ്.

ഏപ്രിൽ 27-നു അകമായി ചെയ്യേണ്ടതായ കാര്യങ്ങളിൽ ഒന്നുപോലും മക്കാറിയോസ് തിരുമേനി ചെയ്യുവാൻ സന്നദ്ധനാകാതെയിരിക്കുന്നതി നാൽ കഴിഞ്ഞ സുന്നഹദോസിന്റെ നിർദ്ദേശങ്ങൾക്ക് ഏപ്രിൽ 27-നു ശേഷം പ്രസക്തിയില്ല എന്ന എന്റെ അഭിപ്രായം രേഖപ്പെടുത്തുന്നു.

ഭരണഘടനയ്ക്ക് എതിരല്ലാത്തരൂപത്തിൽ പുതിയ വ്യവസ്ഥകൾ വരുന്ന ജൂലൈ സുന്നഹദോസിൽ സമർപ്പിക്കുന്നതിന് ശ്രമിക്കുന്നത് നന്നായിരിക്കും.

ഭരണഘടന 62, 117 വകുപ്പുകളനുസരിച്ച് ബാവാതിരുമേനി വേണ്ടതു ചെയ്തു മെത്രാസന പൊതുയോഗം നടത്തുന്നതിന് അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

ബാവാതിരുമേനിക്ക് ക്ഷേമം തന്നെയെന്ന് ആശിക്കുന്നു. പള്ളികൾക്ക് രണ്ടു മെത്രാന്മാരും കൂടി ഇടയലേഖനങ്ങൾ അയയ്ക്കണമെന്ന് സുന്ന ഹദോസിലെ നിശ്ചയങ്ങളിൽ പറയുമ്പോൾ joint Kalpana (order) എന്ന് ബാവാതിരുമേനിയുടെ കല്പനയിൽ പറയുന്നു. ഇത് ഭരണത്തിലുള്ള ഇടപെടലല്ലേ?

ക്വീൻസ് പള്ളിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുന്നഹദോ സിന്റെ നിർദ്ദേശങ്ങൾക്കായി അപേക്ഷിക്കുന്നു ബ്രൂക്ക്ലിൻ സെന്റ് ബസേലിയോസ് പള്ളിയിലെ കാര്യങ്ങൾക്ക് ഒരു തീരുമാനമുണ്ടാക്കുന്ന തിന് പള്ളിയിൽ നിൽക്കുന്നവരുടെയും പുറത്തുപോയവരുടെയും പൊതു യോഗം രണ്ടു തിരുമേനിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തുന്ന കാര്യം ഞാൻ മക്കാറിയോസ് തിരുമേനിയോടു പറഞ്ഞു. ഇതുവരെ മറുപടി കിട്ടി യില്ലായിരുന്നു. ഇന്ന് ഫോണിൽ ചോദിച്ചപ്പോൾ കമ്മറ്റി കൂടി ആലോചി ക്കണമെന്ന് പള്ളിക്കാർ പറഞ്ഞതായി തിരുമേനി പറഞ്ഞു.

ബ്രൂക്ക്ലിൻ സെന്റ് ബസ്സേലിയോസിൽ നിന്നു പുറത്തു പോയവ രിൽ ഒരു ശെമ്മാച്ചനുണ്ട്; തോമസ് മാത്യു. അദ്ദേഹം ഇവിടെ theological studies നടത്തിയതാണ്. സുന്നഹദോസിനു മുമ്പ് തന്നെ ഞാൻ ശെമ്മാ ച്ചനോടു പറഞ്ഞിരുന്നു, ബഥനിയിൽ പോയി പഠിക്കാൻ. കൂദാശക്രമ ങ്ങളും മറ്റും പഠിച്ച് അദ്ദേഹം മടങ്ങിയെത്തിയിട്ടുണ്ട്. അദ്ദേഹത്തിന് പട്ടം കൊടുക്കുന്ന കാര്യം ഞാൻ തിരുമേനിയോട് പറഞ്ഞപ്പോൾ അതു സംബ ന്ധിച്ച് ഞാൻ എഴുതണമെന്ന് പറഞ്ഞു. പറഞ്ഞാൽ പോരെ എന്ന് ചോദി ച്ചപ്പോൾ ഒരു റിക്കാർഡ് കിടന്നുകൊള്ളട്ടെ എന്നും, എനിക്കും ഒന്നു രണ്ടു പേർക്ക് കോറൂയോപട്ടം കൊടുക്കാനുണ്ട് എന്നും പറഞ്ഞു. തിരു മേനി പലർക്ക് പട്ടം കൊടുത്തിരിക്കയാണല്ലൊ, ഇനി എന്തിനാണെന്ന് ചോദിച്ചപ്പോൾ മറുപടി പറഞ്ഞില്ല. അധികാരം പിടിച്ചെടുക്കുന്നതിനുള്ള പരിശ്രമമാണ് അദ്ദേഹത്തിൽ ഞാൻ കാണുന്നത്.

ഇവിടത്തെ ബഹുഭൂരിപക്ഷം അച്ചന്മാരും ജനങ്ങളും ഉൽക്കണ്ഠാകുലരായിരിക്കയാണ്.

എന്ന്, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

മാർ ഗ്രീഗോറിയോസിനു സഭാനേതൃത്വത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്നു പറഞ്ഞ അതേ അടവ് മാർ ബർന്നബാസും ഇവിടെ ആവർത്തിച്ചിരിക്കുന്നു. ഇരുവരും ഒരേ ദിശയിൽ നീങ്ങാനുള്ള ഗൂഢാലോചനയുടെ ഫലം ഇവിടെ കൂടുതൽ വെളിവാകുന്നു. ഈ കത്തിൽ "ബാവാതിരുമേനി ന്യായം വിട്ടു പ്രവർത്തിച്ചതിനാലും മാർ മക്കാറിയോസ് പ്രവർത്തിക്കേണ്ടതു ചെയ്യാതെ ഒഴിഞ്ഞു മാറുന്നതിനാലും ബാവാതിരുമേനിയിലും മാർ മക്കാറിയോസിലും ഉള്ള എന്റെ വിശ്വാസം കുറഞ്ഞു പോയിരിക്കുന്നു" എന്ന പ്രഖ്യാപനം മാർ ഗ്രീഗോറിയോസിന്റെ പ്രഖ്യാപനത്തിന്റെ ആവർത്തനം മാത്രമാണ്. ഏപ്രിൽ 27-നു ശേഷം സുന്നഹദോസിന്റെ നിർദ്ദേശങ്ങൾക്ക് പ്രസക്തിയില്ലെന്ന് അദ്ദേഹം സ്വയം തീരുമാനം എടുത്തത്, പിമ്പിലുള്ള മാർ ഗ്രീഗോറിയോസ് എന്ന ശക്തികേന്ദ്രത്തിന്റെ സ്വാധീനമാകാം.

വാസ്തവത്തിൽ സംഭവിച്ചതെന്ത്?

മാർ ബർന്നബാസ് തിരിച്ചെത്തിയെന്ന് അറിഞ്ഞതിനെ തുടർന്ന് മക്കാറിയോസ്, ഒരുമിച്ചു ഇടയലേഖനം അയയ്ക്കുന്നതിനെപ്പറ്റിയും ഒരുമിച്ചു പള്ളികൾ സന്ദർശിക്കുന്നതിനെപ്പറ്റിയും ആലോചിക്കുന്നതിനായി മാർ ബർന്നബാസിന്റെ അരമനയിൽ എത്തി. അദ്ദേഹത്തിന്റെ വരവ് അറിഞ്ഞപാടെ മാർ മക്കാറിയോസിനെ എതിർക്കുന്ന ഏതാനും അനുചരന്മാരെ അദ്ദേഹം അരമനയിൽ സജ്ജമാക്കി നിർത്തിയിരുന്നു. സംയുക്ത ഇടയലേഖനം അയയ്ക്കുന്നതിനെപ്പറ്റിയും ഒരുമിച്ചു പള്ളികൾ സന്ദർശിക്കുന്നതിനുള്ള പ്രോഗ്രാം തയ്യാറാക്കുന്നതിനെപ്പറ്റിയും ആലോചിക്കാനാണ് താൻ വന്നതെന്ന് മാർ മക്കാറിയോസ് വെളിപ്പെടുത്തിയപാടെ, യാതൊരു പാരമ്പര്യ മാന്യതയും പാലിക്കാതെ, "തിരുമേനിയെ സീനിയർ മെത്രാപ്പോലീത്താ ആയി ഞാൻ അംഗീകരിക്കുന്നില്ലെന്നും, അതുകൊണ്ട് അമേരിക്കൻ ഭദ്രാസനത്തെപ്പറ്റി യാതൊന്നും തിരുമേനിയുമായി സംസാരിക്കാൻ ഞാനിഷ്ടപ്പെടുന്നില്ല" എന്നും പരുഷമായ ഭാഷയിൽ അദ്ദേഹം സംസാരിച്ചു. ഭദ്രാസനക്കാര്യമല്ലാതെ മറ്റൊന്നും പറയാനല്ല താൻ വന്നത് എന്നു പറഞ്ഞുകൊണ്ട് മാർ മക്കാറിയോസ് നിരാശനായി മടങ്ങിപ്പോയി. അദ്ദേഹം കാറിൽ കയറിയ ഉടനെ ഭദ്രാസന സെക്രട്ടറി ബ. ആദായി അച്ചൻ ഒരു കത്ത് അദ്ദേഹത്തിന്റെ മടിയിലേക്ക് ഇട്ടുകൊടുത്തു. യാത്രയിൽ മക്കാറിയോസ് കത്തു തുറന്നു വായിച്ചു. അതിൽ എഴുതിയിരിക്കുന്നതും മാർ ബർന്നബാസ് പറഞ്ഞതും ഏകദേശം ഒന്നു തന്നെ

ആയിരുന്നു. “മലങ്കരസഭയുടെ ഭരണഘടന ലംഘിച്ചു സുന്നഹദോസ് എടുത്ത തീരുമാനവും, അങ്ങേയ്ക്കു തന്ന സീനിയർ മെത്രാപ്പോലീത്താ സ്ഥാനവും അമേരിക്കൻ ഭദ്രാസനം സ്വീകരിക്കുന്നില്ല” എന്നായിരുന്നു കത്തിന്റെ ഉള്ളടക്കം. ഈ സന്ദർശനം കഴിഞ്ഞ ശേഷമാണ് മക്കാറിയോസ് ഒന്നും ചെയ്യാത്തതിനാൽ സുന്നഹദോസ് നിശ്ചയങ്ങൾ ഇനി സ്വീകാര്യമല്ല എന്ന് ബാവായെ തെറ്റിദ്ധരിപ്പിച്ച് എഴുതിയത്.

എന്നാൽ ഈ കൂടിക്കാഴ്ച സംബന്ധിച്ച് അന്ന് പ്രസിദ്ധീകൃതമായ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ട വാർത്ത താഴെ ചേർക്കുന്നു:

തിരുമേനിമാരുടെ കൂടിക്കാഴ്ച ഐക്യത്തിന് ആക്കം കൂട്ടി

ന്യൂയോർക്ക്: മലങ്കരസഭയുടെ അമേരിക്കൻ ഭദ്രാസനത്തിൽ സമാധാനം കൈവരിക്കുന്നതിനും, വൈകാരികൈക്യം നേടിയെടുക്കുന്നതിനും അഭിവന്ദ്യരായ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടേയും, തോമസ് മാർ മക്കാറിയോസ് തിരുമേനിയുടേയും നേതൃത്വത്തിൽ ബർന്നബാസ് തിരുമേനിയുടെ വസതിയിൽ വച്ച് മാർച്ച് 25-ാം തീയതി ശനിയാഴ്ച ഒരു സുപ്രധാന സമ്മേളനം നടന്നു. സുന്നഹദോസിലെ ചരിത്രപ്രാധാന്യമർഹിക്കുന്ന തീരുമാനത്തിന് ഒപ്പു വച്ചതിനുശേഷം രണ്ടു തിരുമേനിമാരും ആദ്യമായി നടത്തിയ ഈ കൂടിക്കാഴ്ച വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമായാണ് കണക്കാക്കപ്പെട്ടത്.

അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ബർന്നബാസ് തിരുമേനി അമേരിക്കൻ സീനിയർ മെത്രാപ്പോലീത്താ അഭിവന്ദ്യ മക്കാറിയോസ് തിരുമേനിക്ക് സ്നേഹോഷ്മളമായ ഒരു സ്വീകരണമാണ് നൽകിയത്.

ഉച്ചകഴിഞ്ഞ് മൂന്നര മണിയോടുകൂടി ആരംഭിച്ച ചർച്ചകൾ രണ്ടു മണിക്കൂറിലേറെ നീണ്ടുനിന്നു. സുന്നഹദോസ് തീരുമാനങ്ങളും, നിർദ്ദേശങ്ങളും പ്രായോഗികമായി നടപ്പാക്കുന്നതിനെക്കുറിച്ചും ഭദ്രാസന ഭാവികാര്യങ്ങളെക്കുറിച്ചും സൗഹൃദാന്തരീക്ഷത്തിൽ രണ്ടു തിരുമേനിമാരുടേയും സാന്നിദ്ധ്യത്തിൽ ഹൃദയം തുറന്ന് ചർച്ച ചെയ്തു. പ്രസ്തുത മീറ്റിംഗിൽ മലങ്കരസഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെ ഏഴ് അച്ചന്മാരും ഒരു ശെമ്മാശനും രണ്ട് അയ്മേനിമാരും പങ്കുകൊണ്ടു.

മലങ്കരസഭയുടെ അമേരിക്കൻ ഭദ്രാസനത്തിൽ വെട്ടിത്തെളിക്കപ്പെട്ട സമാധാന പാതയിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ഈ സമ്മേളനമെന്നാണ് മലയാളം പത്രത്തിനു ലഭിച്ച റിപ്പോർട്ടുകൾ വ്യക്തമായി സൂചിപ്പിക്കുന്നത്.

തിരുമേനിമാരുടെ കൂടിക്കാഴ്ച ഐക്യത്തിന് ആക്കം കൂട്ടി എന്ന് പത്ര

ങ്ങൾ വിവരിച്ചെങ്കിലും സംഭവിച്ചത് മറിച്ചായിരുന്നുവെന്ന് ആ സന്ദർശക സംഘത്തിലെ ഒരാളായിരുന്ന ബ. ജോയി സ്ലീബി അച്ചന്റെ കത്തും, "മാർ ബർന്നബാസിന്റെ താമസ സ്ഥലത്തെത്തിയവർ നിരാശയിൽ" എന്ന ലേഖനവും ഇതോടൊപ്പം കാണുക.

ST. GEORGE MALANKARA ORTHODOX

CHURCH, TORONTO

Patricia Kemp Community Centre
7894 Dufferin Street, Concord Ontario
Canada

Vicar: Fr. Joy Sleeby
891 Niagara Street
Elmont, New York, 11003
U.S.A.

ഇക്കഴിഞ്ഞ 27-ാം തീയതി കൂടിയ പ. സുന്നഹദോസിന്റെ നിർദ്ദേശാനുസരണം, അമേരിക്കൻ ഭദ്രാസനത്തിൽ നിലവിലിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്ന ഉദ്ദേശ്യത്തോടെ കൂടിയാലോചിക്കുന്നതിനും, സംസാരിക്കുന്നതിനുമായി മാർച്ച് 25-ാം തീയതി ശനിയാഴ്ച അഭി. ബർന്നബാസ് തിരുമേനിയുടെ താമസസ്ഥലത്ത് ഞങ്ങൾ പോയിരുന്നു. അഭി. മക്കാറിയോസ് തിരുമേനിയോടൊപ്പം മുൻ കൗൺസിൽ അംഗങ്ങളായ ഫാ. സി. ജെ. ജോൺസൺ, ഫാ. യേശുദാസൻ, മാനേജിംഗ് കമ്മിറ്റി മെംമ്പർമാരായ രാജു വർഗീസും ഞാനുമാണ് ഉണ്ടായിരുന്നത്.

ഒരു മണിക്കൂറോളം നടന്ന ചർച്ചയിൽ പ. സുന്നഹദോസ് എടുത്ത തീരുമാനങ്ങളും, അഭിവന്ദ്യ തിരുമേനിമാർ ബർന്നബാസ് തിരുമേനി ഉൾപ്പെടെ ഒപ്പിട്ട നിർദ്ദേശങ്ങൾ നിയമപരമായി ശരിയല്ലെന്നും, അതിനാൽ അവയൊന്നും കാര്യമാത്ര പ്രസക്തമല്ലെന്നും ഞങ്ങളെ അവർ ബോധ്യമാക്കി. കൂടാതെ ഞങ്ങൾ തിരികെ പോരാൻ ഇറങ്ങിയപ്പോൾ ബർന്നബാസ് തിരുമേനി, പ. സുന്നഹദോസ് എടുത്ത തീരുമാനങ്ങളെ ഭേദഗതി ചെയ്തുകൊണ്ടും, ഏതെല്ലാം അദ്ദേഹത്തിനു സ്വീകാര്യമാണെന്നും, അല്ലെന്നും നിർദ്ദേശിക്കുന്ന ഒരു കത്തും ഞങ്ങളെ ഏല്പിക്കയുണ്ടായി. അതിന്റെ കോപ്പി സുന്നഹദോസ് അംഗങ്ങൾക്ക് അയയ്ക്കുന്നു എന്നും പറഞ്ഞു.

ഈ നടന്ന ചർച്ചയിൽ ബർന്നബാസ് തിരുമേനിയോടൊപ്പം യാതൊരു ചുമതലയിലും പെടാത്ത ചില വ്യക്തികൾ സംബന്ധിച്ചതിനെതിരെ അവരുടെ കൗൺസിൽ അംഗങ്ങളുടെയിടയിൽത്തന്നെ അഭിപ്രായ വ്യത്യാസമുണ്ട്. മാത്രമല്ല ബർന്നബാസ് തിരുമേനിയുടെയും കൂട്ടരുടെയും ഇത്ത

രത്തിലുള്ള നീക്കം അമേരിക്കൻ ഭദ്രാസനത്തിന്റെ സമാധാനത്തിനെന്നല്ല മലങ്കരസഭയുടെ സമാധാനത്തിനു വളരെയധികം ബാധകമാകും എന്ന് ഇത്തരുണത്തിൽ ബഹുമാന്യരായ സകല മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും വ്യസനസമേതം അറിയിച്ചുകൊള്ളുന്നു.

In His Service

Vicar & Managing Committee Member

Fr. Joy Sleeby

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായോട് സഭ കാണിച്ച അനീതിക്കെതിരെ ലോംഗ് ഐലൻഡിൽ ഉജ്വലമായി പ്രസംഗിച്ച ഫാദർ ജോർജ് കോശിയെക്കൊണ്ട് വൈദികസ്ഥാനികളുടെ സീനിയോറിട്ടി എന്ന ലേഖനം മലങ്കരസഭാ മാസികയിൽ (1996 മെയ് ലക്കം) എഴുതിച്ചു. "പട്ട മേറ്റ തീയതിക്കല്ല പ്രായമൂപ്പാണ് സീനിയോറിട്ടി" എന്ന ലേഖനം വായിക്കുക. അഭിപ്രായങ്ങൾ ഇരുമ്പുലക്കയല്ലല്ലോ, മാറാം, മാറ്റിമറിക്കാം.

വൈദികസ്ഥാനികളുടെ സീനിയോറിട്ടി

നമ്മുടെ സഭയിൽ ഒരേ പദവിയുള്ള ഒന്നിലേറെ പൗരോഹിത്യ സ്ഥാനികൾ ഒരുമിച്ചു സന്നിഹിതരാകുന്ന സദസ്സുകളിൽ അവരുടെ സീനിയോറിട്ടി നിർണ്ണയിക്കുന്നത് പ്രായത്തിന്റെ മൂപ്പുകൊണ്ടാണോ അതോ പട്ട മേറ്റതിന്റെ പഴക്കമനുസരിച്ചാണോ? സമസ്ഥാനികളിൽ പ്രായമാണ് മൂപ്പു സ്ഥാനം ലഭിക്കുന്നതിന് അടിസ്ഥാനമെന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. അജ്ഞത മൂലമോ, സ്ഥാനം ലഭിച്ചതിന്റെ തലക്കനം സൃഷ്ടിക്കുന്ന അല്പമായോ അനന്തമായോ ഉള്ള അഹന്ത മൂലമോ അതോ അനാവശ്യമായ അതിവിനയം മൂലമോ എന്നറിയില്ല ഈ പതിവ് പാരമ്പര്യം വിട്ടും വിസ്മരിച്ചും വിരുദ്ധമായും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർ ചുരുക്കമായി ഉണ്ടെന്നുള്ളത് കേൾക്കുന്നു. സഭയുടെ രീതി അറിഞ്ഞ് അനുസരിക്കുവാനും അനുഗമിക്കുവാനും എല്ലാ നിരയിലുമുള്ള പൗരോഹിത്യസ്ഥാനികൾക്ക് ചുമതലയില്ലേ?

പണ്ടേ പൗരോഹിത്യസ്ഥാനമേറ്റതുകൊണ്ട് ഒരു പുരോഹിതന്റെയോ മഹാപുരോഹിതന്റെയോ പൗരോഹിത്യ നൽവരത്തിനു പിമ്പേ അതേ സ്ഥാനം സ്വീകരിച്ച വ്യക്തിയുടെ പൗരോഹിത്യ നൽവരത്തേക്കാൾ മാറ്റോ മഹിമയോ ലഭിക്കുന്നില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ധനനിക്ഷേപങ്ങൾക്കു കാലപ്പഴക്കത്തിലൂടെ മുതലു കൂട്ടുന്നതുപോലെ പഴക്കമേറിയ പട്ടത്വമുള്ള വ്യക്തിയുടെ ശുശ്രൂഷകൾക്കോ അനുഷ്ഠാനങ്ങൾക്കോ ഉയർച്ചയോ, വളർച്ചയോ, ശക്തിയോ ശുദ്ധിയോ ഏറുമെന്ന് ആരെങ്കിലും ചിന്തിച്ചാൽ അതു വേദവിപരീതത്തിനു മുതലു കൂട്ടുകയേ

യുള്ളു. പഴക്കം കൊണ്ട് ഒരുപക്ഷെ, തഴക്കം കിട്ടുമെന്നു കരുതുന്നവരുണ്ടാകാം. എന്നാൽ പൗരോഹിത്യനൽവരം ലഭിച്ചു പന്തീരാണ്ടു കഴിഞ്ഞാലും സ്ഥാനത്തിനടുത്ത കർമ്മങ്ങളുടെ മർമ്മങ്ങളും ധർമ്മങ്ങളും 'പിടി' കിട്ടാത്തവരും പിടി ഇല്ലാത്തവരും എല്ലാ സ്ഥാനികളിലും ഉണ്ടാകും. സ്ഥാനം ലഭിക്കുന്നതിനു മുമ്പുതന്നെ വരദാനങ്ങളനുസരിച്ചു വ്യക്തമായും കൃത്യമായും കാര്യങ്ങളും കർമ്മങ്ങളും നടത്തുവാൻ പ്രാർത്ഥിച്ചും പഠിച്ചും പരണിതപ്രജ്ഞരായി പൗരോഹിത്യ പദവികൾ പ്രാപിക്കുന്നവരുമുണ്ട്. ചുരുക്കത്തിൽ, "പട്ടപ്പഴക്കം" പൗരോഹിത്യ ശുശ്രൂഷയ്ക്കു പ്രത്യേകമായ പ്രാധാന്യമോ പദവിയോ പകരുന്നില്ല.

മലങ്കരസഭയുടെ നടപടികളുടെയും കാനോനാകളുടെയും രത്നച്ചുരുക്കമാണല്ലോ 'മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ ഭരണഘടന.' അതിൽ മേല്പട്ടക്കാരുടെ സീനിയോറിട്ടി നിർണ്ണയം എങ്ങനെയെന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "അസോസിയേഷൻ യോഗത്തിൽ മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കുന്നതും, അദ്ദേഹത്തിനു സൗകര്യമില്ലാതെ വരുമ്പോൾ അദ്ദേഹത്തിന്റെ നിയോഗമനുസരിച്ചു വൈസ് പ്രസിഡണ്ടുമാരിൽ ഒരാളും അദ്ദേഹം ഇല്ലാതെ വരുന്ന അവസരത്തിൽ വൈസ് പ്രസിഡണ്ടുമാരിൽ സീനിയർ മെത്രാപ്പോലീത്തായും അദ്ധ്യക്ഷത വഹിക്കുന്നതുമാകുന്നു. ഈ ഘടനയിൽ സീനിയർ മെത്രാപ്പോലീത്താ എന്ന പദത്തിന് വൈസ് പ്രസിഡണ്ടന്മാരിൽ ഏറ്റവും പ്രായം കൂടിയ മെത്രാപ്പോലീത്താ എന്ന് അർത്ഥമുള്ളതാകുന്നു" (ഭരണഘടന 4എ). 73). അസോസിയേഷനിലും അതിനോടു ചേർന്ന ചടങ്ങുകളിലും പ്രായമൂപ്പാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെങ്കിൽ അതിൽനിന്നു ഭിന്നമാകയില്ലല്ലോ ആരാധനാ സദസ്സുകളിലെ സീനിയോറിട്ടിയും.

പ്രായത്തിനാണ് പ്രാധാന്യമെന്ന നമ്മുടെ പാരമ്പര്യത്തെക്കുറിച്ചു കണ്ടും കേട്ടുമറിഞ്ഞ ചില കാര്യങ്ങൾ രേഖപ്പെടുത്തുന്നു.

പട്ടംകൊട ശുശ്രൂഷകളിൽ ഒന്നിലേറെ സ്ഥാനികൾ ഉണ്ടെങ്കിൽ അവർ പട്ടത്വ സ്വീകരണത്തിന് നിലകൊള്ളുന്നത് പ്രായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. മേല്പട്ടാഭിഷേകത്തിന്റെ രണ്ടുമൂന്ന് ഉദാഹരണങ്ങൾ മാത്രം കുറിക്കുന്നു.

1953-ൽ പ. ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 5 വൈദികരെ മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തുകയുണ്ടായി. പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ അത്താനാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ്, മാത്യൂസ് മാർ കൂറിലോസ് എന്ന ക്രമത്തിൽ പ്രായമൂപ്പനുസരിച്ചാണ്

അവർ അഭിഷേകം ചെയ്യപ്പെട്ടത്. അഭിവന്ദ്യരായ മാത്യൂസ് മാർ ഈവാനിയോസ് 1920-ലും പത്രോസ് മാർ ഒസ്താത്തിയോസ് 1926-ലും മാത്യൂസ് മാർ കൂറിലോസ് 1938-ലും ദാനിയേൽ മാർ പീലക്സിനോസ് 1944-ലും മാത്യൂസ് മാർ അത്താനാസിയോസ് 1946- ലും വൈദികരായതിനാൽ പട്ടമേറ്റ തീയതിയാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെങ്കിൽ ഇവർ മേല്പട്ടസ്ഥാനമേല്ക്കേണ്ടിയിരുന്നത് മേല്പറഞ്ഞ ക്രമത്തിലായിരുന്നു.

1966-ൽ പ. ഔഗേൻ പ്രഥമൻ ബാവാ മേല്പട്ടക്കാരായുയർത്തിയ അഭിവന്ദ്യ ഫീലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്താ 1944-ലും അഭിവന്ദ്യ യൂഹാനോൻ സേവേറിയോസ് മെത്രാപ്പോലീത്താ 1943-ലുമാണ് കശ്ശീശാ പട്ടമേറ്റത്. എന്നാൽ മേല്പട്ടസ്ഥാനലബ്ധി ശുശ്രൂഷയിൽ നിരയിൽ ഒന്നാമത് ആയതു പ്രായമൂപ്പുള്ള തെയോഫിലോസ് മെത്രാപ്പോലീത്താ ആയിരുന്നു. അവർ ഇരുവരോടും ഒരുമിച്ചു മേല്പട്ടക്കാരനായ അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ അവരേക്കാൾ ഒരു വർഷം മുമ്പു റമ്പാൻ സ്ഥാനം (റമ്പാൻ സ്ഥാനം പദവി പടി കയറ്റമായി സഭ കരുതുന്നില്ലെങ്കിലും) സ്വീകരിച്ചിരുന്നു. പക്ഷേ, പ്രായക്കുറവുമൂലം സ്ഥാനാരോഹണപന്തിയിൽ മൂന്നാം സ്ഥാനത്താണ് അദ്ദേഹം നിലകൊണ്ടത്.

നിരണം വലിയപള്ളിയിൽ വച്ച് 1975 ഫെബ്രുവരി 16-നു മെത്രാൻ സ്ഥാനാഭിഷേകം ലഭിച്ച ഫാദർ കെ. കെ. പുന്നൂസ് (സ്തേഫാനോസ് മാർ തേവോദോസ്യോസ്) 1947-ലും ഫാ. പി. വി. ജോസഫ് (ജോസഫ് മാർ പക്കോമിയോസ്) 1952 ജൂണിലും ഫാ. കെ. സി തോമസ് (തോമസ് മാർ മക്കാറിയോസ്) 1952 സെപ്റ്റംബറിലും ഫാ. എം. വി. ജോർജ് (ഗീവറുഗീസ് മാർ ഒസ്താത്തിയോസ്) 1956-ലും ഫാദർ പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്) 1961-ലും വൈദികരായി. എന്നാൽ അവർ റമ്പാന്മാരായും മെത്രാപ്പോലീത്തന്മാരായും അഭിഷേകം ചെയ്യപ്പെട്ടതും പ്രായത്തിന്റെ സീനിയോറിറ്റി അനുസരിച്ചു ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്, സ്തേഫാനോസ് മാർ തേവോദോസിയോസ്, തോമസ് മാർ മക്കാറിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്ന ക്രമത്തിലായിരുന്നു. ഇന്നുവരെ പട്ടംകൊട ശുശ്രൂഷകളിൽ ഈ രീതിയാണ് തുടരുന്നത്. പട്ടമേൽക്കുമ്പോൾ പ്രായവും പട്ടമേറ്റു കഴിയുമ്പോൾ പട്ടമേറ്റ തീയതിയിലുള്ള പഴക്കവുമായി സീനിയോറിറ്റി ആരോഹണം ചെയ്യുകയില്ലല്ലോ.

1958-ൽ യോജിച്ച മലങ്കരസഭയിൽ അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ്, എബ്രഹാം മാർ ക്ലീമ്മിസ് എന്നീ മെത്രാപ്പോലീത്താമാർ അഭിവന്ദ്യരായ പത്രോസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ അത്താ

നാസിയോസ്, ദാനിയേൽ മാർ പീലക്സീനോസ് എന്നീ മേല്പട്ടക്കാരേക്കാൾ പ്രായക്കുറവുള്ളവരായിരുന്നുവെങ്കിലും മേല്പട്ടസ്ഥാനം മുമ്പേ ലഭിച്ചവരായിരുന്നു. എന്നാൽ മേല്പറഞ്ഞ രണ്ടു മേല്പട്ടക്കാർ ഈ മേല്പട്ടക്കാരുമൊത്ത് ഒറ്റയ്ക്കോ തെറ്റയ്ക്കോ സംബന്ധിക്കുന്ന ആരാധനാ സദസ്സുകളിൽ നേതൃത്വം നൽകിയിരുന്നത് പണ്ടേ പട്ടമേറ്റ പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലീത്തായോ എബ്രഹാം മാർ ക്ലീമ്മിസ് മെത്രാപ്പോലീത്തായോ ആയിരുന്നില്ല. മറിച്ച് പ്രായമൂപ്പുള്ള മേല്പറഞ്ഞ മേല്പട്ടക്കാർ ആയിരുന്നു.

ഒരേ സ്ഥാനമുള്ള ഒട്ടുവളരെ മേല്പട്ടക്കാർ ഒരുമിച്ചു സംബന്ധിച്ചിട്ടുള്ള ആരാധനാ ശുശ്രൂഷകളിലും വി. കൂദാശകളിലും പതിറ്റാണ്ടു മുമ്പു മെത്രാപ്പോലീത്താസ്ഥാനം ലഭിച്ചവർ സന്നിഹിതരാണെങ്കിലും അവയ്ക്കു നേതൃത്വം നൽകിയത് പ്രായമൂപ്പുള്ള മെത്രാപ്പോലീത്താ ആയിരുന്നുവെന്നുള്ളതിന് ഈ ലേഖകൻ ദൃക്സാക്ഷിയാണ്.

ഭാരതത്തിനു പുറത്തുള്ള ഒരു ഇടവകപ്പള്ളിയുടെ ചുമതലയുള്ള രണ്ട് വൈദികർ തമ്മിൽ സീനിയോറിട്ടിയെക്കുറിച്ച് തർക്കമുണ്ടായതും ഇടവകമെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ വൈദികർ ഇരുവരും പ്രശ്നം പ. മാത്യൂസ് പ്രഥമൻ ബാവാ മുമ്പാകെ സമർപ്പിച്ചതും പ്രായമാണ് സീനിയോറിട്ടിയുടെ അടിസ്ഥാനമെന്ന നമ്മുടെ രീതി പ. ബാവാ പറഞ്ഞുകൊടുത്തു പ്രശ്നം പരിഹരിച്ചതും ഓർക്കുന്നു. ഇതിൽ ബന്ധപ്പെട്ട ഇടവകമെത്രാപ്പോലീത്തായും വൈദികരും ഇന്നും ജീവിച്ചിരിക്കുന്നവരാണ്.

വേദപുസ്തക അടിസ്ഥാനം പരതി നടക്കുന്നവർക്കു പാറ പോലുള്ള തെളിവ് പ്രായമൂപ്പിന്റെ സീനിയോറിട്ടിക്കുണ്ട്. അപ്പോസ്തോല പദവിയിലേക്കു ആദ്യമായി വിളിക്കപ്പെട്ടത് അന്ത്രയോസും യോഹന്നാനുമായിരുന്നു (യോഹ. 1:40). ദൈവത്തിന്റെ വിളിയേക്കാൾ വലിയ സ്ഥാനാരോഹണ ശുശ്രൂഷയില്ല. യോഹന്നാൻ ശ്ലീഹാ ശ്ലൈഹിക സമൂഹത്തിലെ ഏറ്റവും ഇളയവനും അന്ത്രയോസ് പത്രോസ് ശ്ലീഹായുടെ ഇളയ സഹോദരനുമായിരുന്നു. പക്ഷേ, പന്തിരുവരിൽ മുമ്പനായതു പ്രായമൂപ്പുള്ള പത്രോസ് ശ്ലീഹാ തന്നെ.

മാർ ബർന്നബാസ് മെത്രാപ്പോലീത്തായും അച്ചന്മാരും തരംപോലെ ചുവടുമാറ്റം നടത്തുകയും തത്വദീക്ഷയില്ലാതെ മറുകണ്ടം ചാടുകയും ചെയ്യുന്നതു കണ്ടതോടെ സുന്നഹദോസ് നിശ്ചയങ്ങൾക്ക് അന്തിമ തീരുമാനം എടുക്കുന്നതിന് മാനേജിംഗ് കമ്മറ്റിയോഗം ബാവാ വിളിച്ചു ചേർത്തു.

മാനേജിംഗ് കമ്മറ്റി കൂടുന്നു

കോട്ടയം: മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ പഴയസെമിനാരിയിൽ സഭയുടെ മാനേജിംഗ് കമ്മറ്റി കൂടുന്നു. 1995-96 ലെ ബഡ്ജറ്റ് സഭാ സെക്രട്ടറി എ. കെ. തോമസ് കമ്മറ്റി യോഗത്തിൽ അവതരിപ്പിക്കുന്നത് പാസാക്കുക, പ. സുന്നഹദോസ് കൈക്കൊണ്ട അമേരിക്കൻ ഭദ്രാസന തീരുമാനത്തിന്റെ അന്തിമ തീരുമാനം എടുക്കുക, എന്നിവ കൂടാതെ സഭയുടെ പുരോഗതിക്കാവശ്യമായ സുപ്രധാനമായ പല തീരുമാനങ്ങളും, ചർച്ചകളും ഇന്നത്തെ മാനേജിംഗ് കമ്മറ്റിയുടെ മുഖ്യ വിഷയമായിരിക്കും.

പ. കാതോലിക്കാ ബാവാ തിരുമേനി, നിയുക്ത കാതോലിക്കാ, സഭയിലെ മറ്റെല്ലാ മെത്രാപ്പോലീത്തന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, പഴയസെമിനാരിയിൽ കൂടുന്ന മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കുന്നതായിരിക്കും. (ജയദ്ധ്വനി വാർത്ത)

പ. സുന്നഹദോസ് തീരുമാനം മാനേജിംഗ് കമ്മറ്റി അംഗീകരിച്ച് ഭദ്രാസനത്തെ രക്ഷിക്കണം

മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനം കെട്ടിപ്പടുക്കുവാൻ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ വഹിച്ച പങ്ക് ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് വിസ്മരിക്കാവുന്ന ഒന്നല്ല. അമേരിക്കൻ ഭദ്രാസനത്തിൽ പതിനഞ്ച് വർഷമായി നിലവിലിരുന്ന എല്ലാ പ്രതിസന്ധികൾക്കും, ഭിന്നതകൾക്കും ശാശ്വത പരിഹാരം കാണുന്നതിനായി സഭാനേതൃത്വം നിയോഗിച്ചിരുന്ന മെത്രാപ്പോലീത്തന്മാരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 1995 ഫെബ്രുവരി മാസത്തിൽ പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ പ. സുന്നഹദോസ് പരിഹാരം കണ്ടെത്തിയതിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളും വിശിഷ്യാ അമേരിക്കൻ ഓർത്തഡോക്സ് സഭാംഗങ്ങളും പ. സുന്നഹദോസിനെയും സഭാനേതൃത്വത്തേയും അഭിനന്ദിക്കുന്നു. ഡൽഹി മെത്രാസനത്തിലെ തിരുമേനിമാർ ഒഴികെ 20 തിരുമേനിമാർ പ. സുന്നഹദോസിൽ സംബന്ധിച്ചിരുന്നു. അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്തായായി മക്കാറിയോസിനെയും, ബർണബാസിനെ ഭരണ ചുമതലയിലും തുടരാൻ സുന്നഹദോസ് ഐകകണ്ഠ്യേന കൈക്കൊണ്ട തീരുമാനം രണ്ടു തിരുമേനിമാരും ഒപ്പുവച്ചപ്പോൾ പ്രശ്നത്തിന് പരിഹാരമുണ്ടായി. ബർന്നബാസ് മെത്രാപ്പോലീത്താ അമേരിക്കയിൽ എത്തികഴിഞ്ഞപ്പോൾ പ. സുന്നഹദോസിന്റെ തീരുമാനം ജലരേഖയായി മാറ്റിയതിന്റെ പിന്നിൽ പ്രവർത്തിച്ച കൈകൾ ആരുടെ? (ജയദ്ധ്വനി വാർത്ത)

പ. സുന്നഹദോസിന്റെ തീരുമാനത്തിനെതിരെ പ്രവർത്തിച്ചാൽ പ്രത്യാഖാതം ഉണ്ടാകും

അമേരിക്കൻ ഭദ്രാസനത്തിൽ ഏതാനും വർഷങ്ങളായി ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾക്ക് 1995 ഫെബ്രുവരി മാസത്തിൽ നടന്ന പ. സുന്നഹദോസ് പരിഹാരം കണ്ടെത്തിയതിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ സമാധാനകാംക്ഷികളായ അംഗങ്ങളും, വിശിഷ്യാ അമേരിക്കൻ സഭാംഗങ്ങളും അഭിനന്ദിക്കുന്നു, ദൈവത്തെ സ്തുതിക്കുന്നു. പ. ബസ്സേലിയോസ് മാർ ത്തോമ്മാ മാത്യൂസ് ദിതീയൻ കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ച സുന്നഹദോസിൽ ഡൽഹി മെത്രാസനത്തിലെ തിരുമേനിമാർ ഒഴികെ 20 തിരുമേനിമാർ സംബന്ധിച്ചിരുന്നു. കഴിഞ്ഞ പതിനഞ്ചു വർഷമായി അമേരിക്കൻ ഭദ്രാസനത്തിൽ നിലവിലിരുന്ന എല്ലാ പ്രതിസന്ധികൾക്കും ഭിന്നതകൾക്കും ശാശ്വതമായ ഒരു പരിഹാരം മക്കാറിയോസ് മെത്രാപ്പോലീത്തായും, ബർന്നബാസ് മെത്രാപ്പോലീത്തായും സമ്മതിച്ച് പ. സുന്നഹദോസിന്റെ ഏകാഭിപ്രായമായ ഒരു തീരുമാനമെടുത്തു. അതനുസരിച്ച് ഏപ്രിൽ 27-നു മുമ്പ് രണ്ടു തിരുമേനിമാരും ചേർന്ന് അമേരിക്കയിലുള്ള പള്ളികൾ സന്ദർശിക്കുവാനും, സംയുക്ത ഇടയ ലേഖനങ്ങൾ പുറപ്പെടുവിക്കുവാനും, നിലവിലുള്ള കേസുകളും ഭിന്നതകളും അവസാനിപ്പിക്കുവാനും തീരുമാനിച്ചു.

പ. സുന്നഹദോസിന്റെ തീരുമാനം നടപ്പിലാക്കാതെ ലക്ഷാധിപന്മാരായ ഏതാനും പുരോഹിതന്മാരുടെ ഹിതത്തിന് ബർന്നബാസ് മെത്രാപ്പോലീത്താ വഴങ്ങി വീണ്ടും പ്രശ്നങ്ങൾക്ക് വഴി തെളിക്കുവാൻ ഇടയാക്കിയിട്ടുള്ളതായി ന്യൂയോർക്ക് ജെ. ഐ. ബി. റിപ്പോർട്ട് ചെയ്യുന്നു. അമേരിക്കയിലെ ഭൂരിഭാഗം ഓർത്തഡോക്സ് അംഗങ്ങളും വൈദികരും മക്കാറിയോസ് മെത്രാപ്പോലീത്തായും പ. സുന്നഹദോസിന്റെ തീരുമാനത്തെ നടപ്പിലാക്കുവാൻ തീർച്ചയാക്കിക്കൊണ്ട് രംഗത്ത് വന്നിരിക്കുന്നു.

അമേരിക്കയിലെ വളർന്നുവരുന്ന യുവതലമുറയെ സഭാകൂറുള്ളവരാക്കിത്തീർക്കുന്നതിനും ആത്മീയ ഉണർവ്വ് ഉണ്ടാക്കുന്നതിനും പ. സുന്നഹദോസിന്റെ തീരുമാനം സഹായമാകുമെന്നുള്ളത് തീർച്ചയാണ്. മക്കാറിയോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിന്റെ തീരുമാനത്തെ നടപ്പിലാക്കി അമേരിക്കയിലെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് സമാധാനം കൈവരിക്കുവാൻ എല്ലാ വഴികളിലും ആത്മസംയമനം പാലിച്ചുകൊണ്ടിരിക്കുന്നു.

പ. സുന്നഹദോസിന്റെ തീരുമാനം നടപ്പിലാക്കാതിരിക്കുവാൻ ഏതാനും സമ്പന്ന പുരോഹിതന്മാരുടെ ഹിതത്തിന് ബർന്നബാസ് മെത്രാപ്പോലീത്താ വഴങ്ങി പ്രവർത്തിച്ചാൽ മലങ്കര ഓർത്തഡോക്സ് സഭാംഗ

ങ്ങൾ ഒന്നടങ്കം ശക്തമായി പ്രതികരിക്കും. പ. കാതോലിക്കാബാവാ സുന്നഹദോസിന്റെ തീരുമാനത്തെ നടപ്പിലാക്കാത്ത മെത്രാപ്പോലീത്ത ന്മാരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും, വേണ്ടിവന്നാൽ അമേരിക്കയിൽനിന്നും മലങ്കരയിലേയ്ക്ക് തിരിച്ചു കൊണ്ടുവരുവാനും കൽപ്പന പുറപ്പെടുവിക്കണം.

പ. സുന്നഹദോസ് എടുത്തിരിക്കുന്ന തീരുമാനം അടുത്തു നടക്കുന്ന മാനേജിംഗ് കമ്മറ്റിയും പരിഗണനയിൽ എടുത്ത് പരിഹാരം കണ്ടെത്തണം. പിതാവിനെ അനുസരിക്കാത്തവർക്ക് മാപ്പ് ലഭിക്കില്ല. (ജയദ്ധ്വനി വാർത്ത)

സംഗതികൾ വീണ്ടും കൂട്ടിക്കുഴച്ച് വികലമാക്കുന്നതിനുള്ള ഒരു വ്യക്തമായ നീക്കമായിരുന്നു അമേരിക്കയിൽ നടമാടിയത്. ഡൽഹിയിൽ ഇരുന്ന് റിമോട്ട് കൺട്രോളിൽ അമേരിക്കൻ കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടേയിരുന്നു. അവിടെ ചരടു വലിക്കുമ്പോൾ ഇവിടെ പാവ നൃത്തം ചെയ്യുന്നതു കണ്ട് പാവ കളിക്കാരൻ പുഞ്ചിരിതൂകി. മാർ ബർന്നബാസ് മേയ് രണ്ടാം തീയതി OL 33/95 ആയും ബാവാതിരുമേനിക്ക് വീണ്ടും, സീനിയറിനെ നിയമിക്കുന്ന കല്പനയിൽ 'ഓണററി' എന്ന വാക്കു ചേർക്കാതിരുന്നാൽ അത് ഭാവിയിൽ ദോഷം ചെയ്യുമെന്ന് താക്കീതു നല്കി. കല്പന തല്ക്കാലം പെൻഡിംഗിൽ വയ്ക്കണമെന്നും ആവശ്യപ്പെട്ടു. താല്ക്കാലിക സമാധാനത്തെപ്രതി ആദ്യ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒപ്പു വച്ചു സ്വീകരിച്ചുവെങ്കിലും ഒന്നാം വ്യവസ്ഥ അനുസരിച്ച് ഒന്നും പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ മറ്റു വ്യവസ്ഥകളനുസരിച്ച് പ്രവർത്തിക്കുന്നതിന് താൻ ബാദ്ധ്യസ്ഥനല്ലെന്ന് ധിക്കാരപരമായി അദ്ദേഹം ബാവായ്ക്കു എഴുതി.

തുടർന്ന് മേയ് 16-ന് C-37/95 ആയും മേയ് 30-ന് SL 38/95 ആയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനയച്ച രണ്ടു സുദീർഘ കത്തുകളിലും ഭയവും ആശങ്കയും നിഴലിക്കുന്ന അസ്വസ്ഥമായ തന്റെ മനസ്സിന്റെ അസ്ഥിര ചാഞ്ചാട്ടങ്ങൾ വ്യക്തമാക്കുന്നു. സ്വതേ ദുർബലനായിരുന്ന ആ പിതാവിന് കൈയിൽ കിട്ടിയ സുഖസാമ്രാജ്യത്തിൽ അതിന്റെ ജനയിതാവും സംഘാടകനുമായ സീനിയർ പിതാവിനെ ഉൾക്കൊള്ളാനുള്ള വിശാലത നഷ്ടപ്പെട്ടിരിക്കുന്നതായി കാണാം. "എന്നെ ബന്ധനസ്ഥനാക്കുന്നതിനുള്ള ഒരു തന്ത്രം സുന്നഹദോസ് നിശ്ചയത്തിലുണ്ടെന്ന് ഞാൻ പിന്നീടാണ് മനസ്സിലാക്കിയത്." മനസ്സിന്റെ ഈ ഭീതിക്ക് ചികിത്സ ആവശ്യമാണ്. രണ്ടാമത്തെ കത്തിലും ഈ ഭീതി അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ".... അനന്തര സംഭവങ്ങൾ കൊണ്ട് മനസ്സിലാക്കുന്നത് എന്നെ ബന്ധനസ്ഥനാക്കുന്നതിനും മാർ മക്കാറിയോസിനു അധികാരം നല്കുന്നതിനുമുള്ള ലക്ഷ്യം ഇതിലുണ്ടെന്നാണ്."

സുന്നഹദോസിനയച്ച രണ്ടു കല്പനകളും താഴെ ചേർക്കുന്നു. വായനക്കാർ തന്നെ വിധി എഴുതട്ടെ.

OL. No. 33/1995 May 2, 1995

To

H.H. The Catholicos of the East.

May it please your Lordship,

ബാവാതിരുമേനി മക്കാറിയോസ് തിരുമേനിയെ സീനിയർ മെത്രാപ്പോലീത്താ ആയി നിയമിച്ച് കല്പന അയച്ചതായി, ഞാൻ ഫോണിൽ ചോദിച്ചപ്പോൾ മറുപടി കല്പിച്ചല്ലൊ. ഓണററി എന്ന് ചേർക്കാമെന്ന് ഫോണിൽ പറഞ്ഞതനുസരിച്ച് ചേർക്കാൻ ഇടയായില്ലെന്നും എന്നെ അറിയിച്ചു. ഇത് ഭാവിയിൽ ദോഷം ചെയ്യുമെന്ന് ഭയപ്പെടുന്നു.

സുന്നഹദോസിന്റെ ഒന്നാം വ്യവസ്ഥയിൽ കേസുൾപ്പെടെയുള്ള പ്രശ്നങ്ങളും ഭിന്നതകളും ഏപ്രിൽ 27-നു മാനേജിംഗ് കമ്മറ്റിക്കു മുമ്പ് പരിഹരിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കെ, അങ്ങനെ യാതൊന്നും ചെയ്യാതിരിക്കുമ്പോൾ രണ്ടാമത്തെ വ്യവസ്ഥയിൽ പറയുന്ന നിയമനം നടത്താൻ പാടുള്ളതല്ല. ഇക്കാര്യം ഞാൻ ഏപ്രിൽ 27-നു ഫാക്സിൽ പ്രത്യേകം പറയുകയും ഫോണിൽ അറിയിക്കയും ചെയ്തതാണ്.

കല്പന ബാവാ അയച്ചു കഴിഞ്ഞതിനാൽ ഇനി ചെയ്യാവുന്നത് ഒന്നാമത്തെ വ്യവസ്ഥയിൽ പറയുന്നതനുസരിച്ച് കീൻസ് പള്ളിയിലെ ഇൻകോർപറേഷൻ ശരിപ്പെടുത്തുകയും, മറ്റു പ്രശ്നങ്ങളും ഭിന്നതകളും പരിഹരിക്കുകയും ചെയ്തതിനു ശേഷമേ, സീനിയർ മെത്രാപ്പോലീത്താ ആയി നിയമിച്ചുകൊണ്ടുള്ള കല്പന പ്രാബല്യത്തിൽ വരികയുള്ളു എന്നൊരു കല്പന ഉടനെ അയയ്ക്കുകയാണ്. അങ്ങനെ ചെയ്യണമെന്ന് വീണ്ടും അപേക്ഷിക്കുന്നു.

കീൻസ് പള്ളിയിലെ ഇൻകോർപറേഷൻ ഇപ്പോൾ തന്നെ ശരിപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ ഈ മെത്രാസനത്തിന് മാത്രമല്ല, സഭയ്ക്കു മുഴുവനും അത് നിയമപരമായി വളരെ ദോഷം ചെയ്യുമെന്നുള്ള കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉടനെ പ്രവർത്തിച്ചില്ലെങ്കിൽ പിന്നെ ദുഃഖിക്കേണ്ടി വരും.

വരുന്ന സുന്നഹദോസ് വരെയെങ്കിലും കല്പന പെൻഡിംഗിൽ നിർത്തുകയും സുന്നഹദോസ് നിയമജ്ഞന്മാരുടെ ആലോചനയോടെ തീരുമാനിക്കയും ചെയ്യേണ്ടതാണ്.

സുന്നഹദോസിലെ ആദ്യത്തെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ്, മറ്റു വ്യവസ്ഥകൾ താൽക്കാലികമായി സമാധാനത്തെപ്രതി, ഞാൻ സ്വീകരിച്ച് ഒപ്പു വച്ചത്. ഒന്നാമത്തെ വ്യവസ്ഥ അനുസരിച്ച് ഒന്നും പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ മറ്റു വ്യവസ്ഥകളനുസരിച്ചു പ്രവർത്തിക്കുന്നതിന് എന്റെ ഒപ്പു മൂലം ഞാൻ ബാദ്ധ്യസ്ഥനാകുന്നതല്ലെന്ന് അറിയിക്കുന്നു. സുന്നഹദോസിന്റെ പുനർ ചിന്തനത്തിന് ശേഷമേ മറ്റു വ്യവസ്ഥകൾ സ്വീകരിക്കുന്നതിനും സീനിയർ മെത്രാപ്പോലീത്താ ആയി മക്കാറിയോസ് തിരുമേനിയെ സ്വീകരിക്കുന്നതിനും എന്നെയും മെത്രാസനത്തെയും നിർബന്ധിക്കാവൂ എന്ന് അപേക്ഷിക്കുന്നു.

With Prayers

Yours in Our Lord

(sd)

C - 37/95 May 16, 1995

To,

The Holy Episcopal Synod

പ. ബാവാതിരുമേനി, അഭിവന്ദ്യ തിരുമേനിമാരേ,

കഴിഞ്ഞ സുന്നഹദോസിൽ ചെയ്ത തീരുമാനങ്ങളിൽ അന്നു സന്നിഹിതരായിരുന്ന എല്ലാവരും ഒപ്പു വച്ചുവല്ലോ. അഭിവന്ദ്യ മക്കാറിയോസ് തിരുമേനിക്ക് ബഹുമാന സൂചകമായി ചില അവകാശങ്ങൾ അതിൽ വച്ചത് സമാധാനത്തെ ലക്ഷ്യമാക്കിയാണ്. കാലക്ലിപ്തത വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും താൽക്കാലികമാണെന്ന് ആ ക്രമീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവ ഭരണഘടനയ്ക്ക് അനുസരണമാക്കേണ്ടതാണെന്നും, ഭരണം ഇടവക മെത്രാപ്പോലീത്തായ്ക്ക് മാത്രമായിരിക്കണമെന്നും ഞാൻ പ്രത്യേകം പറഞ്ഞതാണ്. എന്നാൽ അനന്തര സംഭവങ്ങൾകൊണ്ട് മനസ്സിലാകുന്നത് ആ വ്യവസ്ഥകളിൽ കൂടി എന്നെ ബന്ധനസ്ഥനാക്കണമെന്ന ഉദ്ദേശ്യം മക്കാറിയോസ് തിരുമേനിക്ക് ഉണ്ടെന്നാണ്.

ഏപ്രിൽ മാസത്തിൽ മെത്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതിന് കല്പന അയച്ചപ്പോൾ, ബാവാതിരുമേനി അനുവദിക്കുന്നതുവരെ അത് നീട്ടിവയ്ക്കണമെന്ന് ബാവാതിരുമേനിയുടെ കല്പന വന്നപ്പോഴാണ് എന്നെ ബന്ധനസ്ഥനാക്കുന്നതിനുള്ള ഒരു തന്ത്രം സുന്നഹദോസ് നിശ്ചയത്തിലുണ്ടെന്ന് ഞാൻ മനസ്സിലാക്കിയത്. സുന്നഹദോസിന്റെ നിശ്ചയമനുസരിച്ചു ബാവാതിരുമേനിയുടെ കല്പന അയയ്ക്കുന്നതിന് ശേഷ

മല്ലേ മക്കാറിയോസ് തിരുമേനിയും ചേർന്ന് പൊതുയോഗത്തിൽ ക്ഷണിക്കുന്ന കല്പന അയയ്ക്കേണ്ടതുള്ളൂ. ഇതിൽ മക്കാറിയോസ് തിരുമേനിയോട് ചേർന്ന് ബാവാതിരുമേനി പ്രവർത്തിച്ചത് കഷ്ടമായിപ്പോയി. ഭാവിയിൽ ഒരു പൊതുയോഗം കൂടുന്നതിന് രണ്ടു പേരും ചേർന്ന് കല്പന അയച്ചാൽ മതിയാകുമോ? അതോ അതിൽ മറ്റെന്തെങ്കിലും തടസ്സം മക്കാറിയോസ് തിരുമേനി കൊണ്ടുവരുമോ എന്ന് ഭയപ്പെടുന്നു.

എന്തെങ്കിലും തർക്കമുണ്ടായാൽ ബാവാതിരുമേനിയുടെ തീരുമാനം അന്തിമമായിരിക്കുമെന്ന് കല്പനയിൽ ഉണ്ടല്ലൊ. .... തീരുകയില്ലെ എന്ന് ഭയപ്പെടുന്നു.

പള്ളികൂദാശയിലും പട്ടംകൊടയിലും ഉള്ള നിയന്ത്രണവും എത്രമാത്രമാണുള്ളതെന്ന് നിയമജ്ഞന്മാർ പറഞ്ഞാലേ അറിയാവൂ. എവിടെയെല്ലാം പുതിയ പള്ളികൾ സ്ഥാപിക്കണമെന്നും, ആർക്കെല്ലാം പട്ടം കൊടുക്കണമെന്നും നിശ്ചയിക്കേണ്ടത് ഇടവക മെത്രാപ്പോലീത്തായല്ലേ? സുന്നഹദോസ് നിശ്ചയത്തിൽ കൂദാശ നടത്തുന്നതിനെക്കുറിച്ച് മാത്രം പരസ്പരം ആലോചിക്കണമെന്നല്ലേ പറഞ്ഞിരിക്കുന്നത്? ഇക്കാര്യങ്ങൾ സുന്നഹദോസ് വ്യക്തമാക്കണം.

സുന്നഹദോസ് നിശ്ചയങ്ങളിൽ ആദ്യം പറഞ്ഞിരിക്കുന്നത് ചെയ്തതിന് ശേഷം മറ്റു കാര്യങ്ങൾ നടപ്പിലാക്കണമെന്നല്ലേ അതിൽ ഒപ്പിട്ട തിരുമേനിമാരെല്ലാവരും ഉദ്ദേശിച്ചിരുന്നത്? അതനുസരിച്ച് യാതൊന്നും മക്കാറിയോസ് തിരുമേനി ചെയ്തിട്ടില്ലെന്ന് ബാവാതിരുമേനിയെ പല പ്രാവശ്യം എഴുതി അറിയിച്ചതും, അതിനാൽ മറ്റു വ്യവസ്ഥകൾ നടപ്പാക്കാൻ പാടില്ലെന്നു പറഞ്ഞതുമാണ്. എന്നിട്ടും ബാവാതിരുമേനി മറ്റു വ്യവസ്ഥകളെല്ലാം ചെയ്യത്തക്കവണ്ണം എന്നെ ബന്ധനസ്ഥനാക്കിയിരിക്കയാണ്.

സീനിയർ മെത്രാപ്പോലീത്ത ആയി designate ചെയ്തെന്ന് കല്പനയിൽ പറയുന്നു. Designate ചെയ്കയെന്ന് പറഞ്ഞാൽ nominated but not installed എന്നല്ലേ അർത്ഥം? അങ്ങനെയെങ്കിൽ appoint ചെയ്യുന്നതുവരെ സീനിയർ ആയി പരിഗണിക്കേണ്ടതില്ലല്ലോ? ഭരണഘടനയ്ക്ക് എതിരായി വരുമെന്ന് കണ്ടതുകൊണ്ടല്ലേ ഇങ്ങനെ എഴുതിയത്?

സുന്നഹദോസിലെ നിശ്ചയങ്ങളുടെ സ്പിരിറ്റിൽ പ്രവർത്തിക്കുകയാണെങ്കിൽ കുഴപ്പമില്ല. അവയെ നിയമ പ്രാബല്യത്തിലാക്കിയാൽ എല്ലാം കുഴയും. അതിനാൽ ഈ ബന്ധനത്തിൽ നിന്ന് എന്നെ വിമുക്തമാക്കണമെന്ന് അപേക്ഷിക്കുന്നു.

മക്കാറിയോസ് തിരുമേനിയുടെ ഭരണത്തിലിരിക്കുന്ന പള്ളികൾ യഥാർ

തത്തിൽ എന്റെ ഭരണത്തിൽ ഇരിക്കേണ്ടവയാണ്. അവയെ എന്റെ ഭരണത്തിലാക്കുന്നതിന് മക്കാറിയോസ് തിരുമേനിക്കും അദ്ദേഹത്തെ അനുകൂലിക്കുന്നവർക്കും മനസ്സില്ലെങ്കിൽ, മറ്റു പള്ളികളിലും മെത്രാസന ഭരണത്തിലും തടസ്സമൊന്നും കൂടാതെ ഭരണം നടത്തുന്നതിനുള്ള വ്യവസ്ഥിതി സുന്നഹദോസ് ഉണ്ടാക്കിത്തരണം.

സുന്നഹദോസിനെ അനുസരിക്കേണ്ടത് എന്റെ കടമയാണെന്ന നിലയിലും സമാധാനം ഉണ്ടാക്കുന്നതിന് സാദ്ധ്യതയുണ്ടായേക്കാമെന്ന പ്രത്യാശയിലുമാണ് ഞാൻ ഒപ്പിട്ടത്.

എന്തെങ്കിലും തർക്കമുണ്ടായാൽ മറ്റു മെത്രാസനങ്ങളിലെ പോലെ അമേരിക്കൻ മെത്രാസനത്തിലും ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമ തീരുമാനമായിരിക്കുമെന്ന് തീരുമാനം ചെയ്യണം. ഇങ്ങനെ ചെയ്താൽ ഭരണഘടനയ്ക്ക് എതിരാകാതെ ഭരിക്കാൻ സാധിക്കുമെന്ന് തോന്നുന്നു.

ഭരണഘടനയ്ക്ക് അനുസരണമായി സുന്നഹദോസ് നിശ്ചയങ്ങൾ വ്യത്യാസപ്പെടുത്തണം. അത് സാദ്ധ്യമല്ലെങ്കിൽ നിശ്ചയങ്ങൾ റദ്ദു ചെയ്ത് സുന്നഹദോസ് പുതിയ നിശ്ചയങ്ങൾ പാസ്സാക്കണം.

ബാവാതിരുമേനിയുടെ കല്പനയിലെ ചില കാര്യങ്ങൾ സുന്നഹദോസ് നിശ്ചയങ്ങൾക്കനുസരണമല്ലെന്ന് ചൂണ്ടിക്കാണിക്കട്ടെ. ഞാൻ സസ്പെൻഡ് ചെയ്ത സി. എം. അലക്സാണ്ടർ അച്ചനെ മക്കാറിയോസ് തിരുമേനി, സസ്പെൻഷൻ നിലവിലിരിക്കെ എന്റെ അറിവോ സമ്മതമോ കൂടാതെ കോറെപ്പിസ്ക്കോപ്പായാക്കുകയും സെന്റ് ഗ്രീഗോറിയോസ് കീൻസ് പള്ളി ഭരണം നടത്തുകയും ചെയ്യുന്നു. അദ്ദേഹത്തെയും ട്രാൻസ്ഫർ ചെയ്യുമ്പോൾ മക്കാറിയോസ് തിരുമേനിയുടെ സമ്മതം വേണമെന്ന് പറയുന്നതിന്റെ ന്യായമെന്താണ്?

കാനഡാ, യു.കെ., യൂറോപ്പ് മെത്രാസനത്തിന് വേണ്ടി പട്ടം കൊടുത്ത ജോർജ് മാത്യൂ, മാത്യൂ അലക്സാണ്ടർ എന്നീ അച്ചന്മാർ, എന്റെ അറിവോ സമ്മതമോ കൂടാതെ മക്കാറിയോസ് തിരുമേനി പട്ടം കൊടുത്തവരാണ്. അവരെ ട്രാൻസ്ഫർ ചെയ്യുന്ന കാര്യത്തിലും മക്കാറിയോസ് തിരുമേനിയോട് ചോദിക്കണമെന്ന് പറയുന്നതിന്റെ ന്യായമെന്താണ്?

പള്ളികൾക്ക് രണ്ടു മെത്രാച്ചന്മാരും കൂടി ഇടയലേഖനമയയ്ക്കണമെന്ന് സുന്നഹദോസിലെ നിശ്ചയങ്ങളിൽ പറയുമ്പോൾ joint Kalpana (order) എന്ന് ബാവാതിരുമേനിയുടെ കല്പനയിൽ പറയുന്നു. ഇത് ഭരണത്തിലുള്ള ഇടപെടലല്ലേ?

കീൻസ് പള്ളിയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സുന്നഹദോ

സിന്റെ നിർദ്ദേശങ്ങൾക്കായി അപേക്ഷിക്കുന്നു. ബ്രൂക്ക്ലിൻ സെന്റ് ബസേലിയോസ് പള്ളിയിലെ കാര്യങ്ങൾക്ക് ഒരു തീരുമാനമുണ്ടാക്കുന്നതിന് പള്ളിയിൽ നിൽക്കുന്നവരുടെയും പുറത്തു പോയവരുടെയും പൊതുയോഗം രണ്ടു തിരുമേനിമാരുടെയും സാന്നിദ്ധ്യത്തിൽ നടത്തുന്ന കാര്യം ഞാൻ മക്കാറിയോസ് തിരുമേനിയോട് പറഞ്ഞു. ഇതുവരെ മറുപടി കിട്ടിയില്ലായിരുന്നു. ഇന്ന് ഫോണിൽ ചോദിച്ചപ്പോൾ കമ്മറ്റി കൂടി ആലോചിക്കണമെന്ന് പള്ളിക്കാർ പറഞ്ഞതായി തിരുമേനി പറഞ്ഞു.

ബ്രൂക്ക്ലിൻ സെന്റ് ബസ്സേലിയോസിൽ നിന്നു പുറത്തു പോയവരിൽ ഒരു ശെമ്മാച്ചനുണ്ട്; തോമസ് മാത്യു. അദ്ദേഹം ഇവിടെ theological studies നടത്തിയതാണ്. സുന്നഹദോസിനു മുമ്പ് തന്നെ ഞാൻ ശെമ്മാച്ചനോടു പറഞ്ഞിരുന്നു, ബഥനിയിൽ പോയി പഠിക്കാൻ. കൂദാശക്രമങ്ങളും മറ്റും പഠിച്ച് അദ്ദേഹം മടങ്ങിയെത്തിയിട്ടുണ്ട്. അദ്ദേഹത്തിന് പട്ടം കൊടുക്കുന്ന കാര്യം ഞാൻ തിരുമേനിയോടു പറഞ്ഞപ്പോൾ അതു സംബന്ധിച്ച് ഞാൻ എഴുതണമെന്ന് പറഞ്ഞു. 'പറഞ്ഞാൽ പോരെ' എന്ന് ചോദിച്ചപ്പോൾ ഒരു റിക്കാർഡ് കിടന്നുകൊള്ളട്ടെ എന്നും എനിക്കും ഒന്നു രണ്ടു പേർക്ക് കോറൂയോപട്ടം കൊടുക്കാനുണ്ട് എന്നു പറഞ്ഞു. തിരുമേനി പലർക്ക് പട്ടം കൊടുത്തിരിക്കയാണല്ലോ, ഇനി എന്തിനാണെന്ന് ചോദിച്ചപ്പോൾ മറുപടി പറഞ്ഞില്ല. അധികാരം പിടിച്ചെടുക്കുന്നതിനുള്ള പരിശ്രമമാണ് അദ്ദേഹത്തിൽ ഞാൻ കാണുന്നത്.

ഇവിടത്തെ ബഹുഭൂരിപക്ഷം അച്ചന്മാരും ജനങ്ങളും ഉൽക്കണ്ഠാകുലരായിരിക്കയാണ്.

എന്ന് മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

OL. No. 38/1995 May 30, 1995

To,

The Holy Episcopal Synod

പ. ബാവാതിരുമേനി, അഭിവന്ദ്യ തിരുമേനിമാരേ,

കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന സുന്നഹദോസിൽ ചെയ്ത തീരുമാനങ്ങൾ അതിൽ സംബന്ധിച്ച ഞാൻ ഉൾപ്പെടെ എല്ലാവരും ഒപ്പു വച്ചുവല്ലൊ. അമേരിക്കയിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതുവരെ ഒരു താൽക്കാലിക ക്രമീകരണം മാത്രമാണെന്ന് സുന്നഹദോസ് നിശ്ചയങ്ങളിൽ പറഞ്ഞിട്ടുണ്ട്. സമാധാനത്തെപ്രതി മക്കാറിയോസ് തിരുമേനിക്ക് ചില അവകാശങ്ങൾ ബഹുമാനസൂചകമായി കൊടുക്കുന്നു എന്ന ധാരണയാണ് അവിടെ കണ്ടത്. ഇവ ഭരണഘടനയ്ക്ക് അനുസരണമല്ലെന്ന് ഞാൻ പറഞ്ഞപ്പോൾ, മാനേജിംഗ് കമ്മറ്റി പാസ്സാ

ക്കിയാൽ മതിയെന്ന മറുപടിയാണ് ലഭിച്ചത്. ഏതായാലും legal order വാങ്ങിക്കണമെന്നും ഞാൻ പറഞ്ഞു. ഇടവക ഭരണത്തിന്റെ പൂർണ്ണ അധികാരം ഇടവക മെത്രാപ്പോലീത്തായ്ക്ക് മാത്രമായിരിക്കുമെന്നും, സുന്നഹദോസ് നിശ്ചയങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുമുണ്ട്.

എന്നാൽ അനന്തര സംഭവങ്ങൾ കൊണ്ടു മനസ്സിലാക്കുന്നത് എന്നെ ബന്ധനസ്ഥനാക്കുന്നതിനു മക്കാറിയോസു തിരുമേനിക്ക് അധികാരം നൽകുന്നതിനുമുള്ള ലക്ഷ്യം ഇതിലുണ്ടെന്നാണ്.

പ്രശ്നങ്ങൾ ഉള്ള പള്ളികൾ സന്ദർശിക്കുന്നതിനോ, ക്വീൻസ് പള്ളിയിലെ കേസിന് കാരണമായ ഇൻകോർപറേഷൻ തിരുത്തിയത് ശരിപ്പെടുത്തുന്നതിനോ, ഞാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും മക്കാറിയോസ് തിരുമേനി ഒന്നും ചെയ്തില്ല.

ഏപ്രിൽ ഒടുവിൽ മെത്രാസന പൊതുയോഗം വിളിച്ചു കൂട്ടുന്നതിന് മാർച്ച് ആരംഭത്തിൽ (8-നു) ഞാൻ നോട്ടീസു കല്പന അയച്ചപ്പോൾ, അതിനെ നിരോധിച്ചുകൊണ്ടും, പ. ബാവാ അനുവദിക്കുന്നതുവരെ പൊതുയോഗം കൂടരുതെന്ന് പറഞ്ഞ് ബാവാ തിരുമേനി കല്പന ഫാക്സ് ചെയ്തു. പൊതുയോഗത്തിന് രണ്ടു ദിവസം മുമ്പ് മാത്രമാണ് കല്പന കിട്ടിയത്. എന്നോടു ഒരു വാക്കുപോലും ചോദിക്കാതെയാണ് കല്പന അയച്ചത്. മക്കാറിയോസ് തിരുമേനിയും ചേർന്ന് നോട്ടീസ് കല്പന അയയ്ക്കേണ്ട ആവശ്യം അന്നില്ലായിരുന്നു. കാരണം സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് ബാവാതിരുമേനി നിയമോപദേശം ചോദിച്ച് കല്പന അയച്ചിട്ടില്ലായിരുന്നു. ബാവാതിരുമേനി legal advice ചോദിച്ചോ എന്നും, കല്പന എന്നാണ് അയയ്ക്കുന്നതെന്നും ഞാൻ പല പ്രാവശ്യം ബാവായോട് ചോദിച്ചതാണ്. ഇങ്ങനെയിരിക്കെ ബാവാതിരുമേനി ഇപ്രകാരം ഒരു കല്പന അയച്ചത് കഷ്ടമായിപ്പോയി. രണ്ടുപേരും ചേർന്ന് പൊതുയോഗത്തിന് ക്ഷണിക്കുന്നതും മറ്റും കേവലം ബഹുമാനത്തിനായിട്ടല്ലെന്ന് ഈ സംഭവം വ്യക്തമാക്കുന്നു.

ബാവാതിരുമേനിയുടെ 84/95 നമ്പർ കല്പനയെക്കുറിച്ചുള്ള സങ്കടം പറയട്ടെ.

1. മക്കാറിയോസ് തിരുമേനിക്ക് സീനിയർസ്ഥാനം കൊടുക്കുന്നതിൽ അധികാരം കൊടുക്കുന്നില്ലെന്ന് കാണിക്കുവാൻ, ഓണററി സീനിയർ എന്നെഴുതണമെന്ന് ഞാൻ ഫോണിൽ ബാവായോട് പറഞ്ഞപ്പോൾ, അങ്ങനെ ചെയ്യാമെന്ന് ബാവാ പറഞ്ഞതാണ്. എന്നാൽ കല്പനയിൽ അപ്രകാരം എഴുതിയിട്ടില്ല.

2. കേസ് ഉൾപ്പെടെ എല്ലാ പ്രശ്നങ്ങളും ഏപ്രിൽ 22-നു അകം തീർ

ക്കണമെന്ന സുന്നഹദോസിന്റെ ആദ്യത്തെ വ്യവസ്ഥയനുസരിച്ച്, മക്കാറിയോസ് തിരുമേനി യാതൊന്നും ചെയ്തിട്ടില്ലെന്ന് ഞാൻ ബാവാ തിരുമേനിയെ അറിയിച്ചതാണ്. എന്നിട്ടും മക്കാറിയോസ് തിരുമേനിക്ക് സീനിയർ സ്ഥാനം നൽകുകയും, സീനിയർ സ്ഥാനത്തിനുള്ള അവകാശങ്ങൾ നൽകുകയും ചെയ്തു കല്പന പുറപ്പെടുവിച്ചത് ശരിയായില്ല. തന്മൂലം കേസും പ്രശ്നങ്ങളും തീർക്കുന്നതിനുള്ള തടസ്സങ്ങൾ വർദ്ധിച്ചിരിക്കയാണ്. അതിനാൽ പ്രശ്നങ്ങൾ തീർക്കുന്നതിന് ബാവാ തിരുമേനി തന്നെ പ്രവർത്തിക്കേണ്ടി വന്നിരിക്കുന്നു. ബ്രൂക്ക്ലിൻ സെന്റ് ബസ്സേലിയോസ് പള്ളിയിലെ പ്രശ്നങ്ങളും തീർക്കേണ്ടിയിരിക്കുന്നു.

3. നിയമോപദേശം വാങ്ങി സുന്നഹദോസ് തീരുമാനങ്ങൾ ഭരണഘടനയ്ക്ക് അനുസരണമാക്കണമെന്ന് ഞാൻ പറഞ്ഞത് വെളിപ്പെടുത്താതെ, സുന്നഹദോസ് തീരുമാനങ്ങൾക്ക് എന്റെ പൂർണ്ണ സമ്മതമുണ്ടെന്ന് ബാവാ കല്പനയിൽ പറഞ്ഞിരിക്കുന്നത്, എന്നെക്കുറിച്ച് തെറ്റിദ്ധാരണ ഉളവാക്കുന്നതാണ്.

4. മക്കാറിയോസ് തിരുമേനിയെ സീനിയറായി നിയമിക്കണമെന്ന് സുന്നഹദോസ് നിശ്ചയങ്ങളിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ബാവാതിരുമേനിയുടെ കല്പനയിൽ designated എന്നാണ് പറയുന്നത്. ഇതിന്റെ സാംഗത്യം മനസ്സിലാകുന്നില്ല. Designated എന്ന വാക്കിന് nominated but not installed എന്നാണല്ലോ അർത്ഥം. അങ്ങനെയെങ്കിൽ installation വരാൻ പോകുന്നതേയുള്ളു എന്ന അർത്ഥമാണോ? അതുവരേയ്ക്ക് സീനിയർ ആയി പ്രവർത്തിക്കാൻ പാടില്ലെന്നാണോ അർത്ഥം?

5. അച്ചന്മാരുടെ സ്ഥലംമാറ്റത്തെക്കുറിച്ച് പറയുന്നിടത്ത് സുന്നഹദോസ് നിശ്ചയങ്ങളിൽ ആരുടെയും പേരില്ല. ബാവാതിരുമേനിയുടെ കല്പനയിൽ പേരുകളുടെ ഒരു ലിസ്റ്റ് ഉണ്ട്. സുന്നഹദോസിൽ ചർച്ച ചെയ്യാതെ ലിസ്റ്റ് കല്പനയിൽ വച്ചത് ശരിയായില്ല. ഞാൻ സസ്പെൻഡ് ചെയ്തതും മക്കാറിയോസ് തിരുമേനി കോറെപ്പിസ്ക്കോപ്പാ ആക്കിയതും, ഇൻകോർപറേഷൻ തിരുത്തി അമേരിക്കൻ മെത്രാസനത്തോടുള്ള ബന്ധത്തിൽ നിന്ന് മാറിനിൽക്കുന്ന കീൻസ് പള്ളിയിലെ വിഘടിത ഗ്രൂപ്പിന്റെ അച്ചനായി പ്രവർത്തിക്കുന്ന ആളുമായ അലക്സാണ്ടറച്ചനെ, ഞാൻ സ്ഥലം മാറ്റുന്ന കാര്യം പറയുന്നതിന്റെ ന്യായം മനസ്സിലാകുന്നില്ല. അദ്ദേഹത്തെ അമേരിക്കൻ മെത്രാസനത്തിലെ ഒരച്ചനായി ബാവാതിരുമേനി അംഗീകരിച്ചെന്ന സൂചന ഇതിലില്ലേ?

കാനഡ, യു.കെ., യൂറോപ്പ് മെത്രാസനത്തിനുവേണ്ടി മക്കാറിയോസ് തിരുമേനി കശീശാപട്ടം നൽകിയ ഫാ. ജോർജ് മാത്യു, ഫാ. മാത്യു അലക്സാണ്ടർ എന്നിവരെ ഞാൻ അമേരിക്കൻ മെത്രാസനത്തിലെ ഒരു

പള്ളിയിലും നിയമിച്ചിട്ടില്ല. അവരെ സ്ഥലം മാറ്റുമ്പോൾ മക്കാറിയോസ് തിരുമേനിയോട് ചോദിക്കണമെന്ന് പറയുന്നതിന്റെ യുക്തിയെന്താണ്?

ഇന്നുവരെ എന്നോടു വിശ്വസ്തത പാലിച്ചുവരുന്ന ഫാ. ജോർജ് ജോണിനെ മേൽപറഞ്ഞ ലിസ്റ്റിൽ ചേർത്തിരിക്കുന്നതിനെക്കുറിച്ച്, അദ്ദേഹം അത്ഭുതപ്പെടുന്നതായി ഫോണിൽ എന്നോടു പറഞ്ഞു.

കുറെ പള്ളികൾ മക്കാറിയോസ് തിരുമേനിയുടെ നിയന്ത്രണത്തിൽ നിലനിർത്തുന്നതിന് വേണ്ടിയല്ലേ ഇങ്ങനെ ഒരു ലിസ്റ്റ് ഉണ്ടാക്കിയതെന്ന് സംശയിക്കുന്നു.

6. സമാധാനസ്ഥാപനത്തിനായി സംയുക്ത ഇടയലേഖനങ്ങൾ അയയ്ക്കുന്ന കാര്യമാണ്, സുന്നഹദോസ് നിശ്ചയങ്ങളിൽ പറയുന്നത്. ബാവാ തിരുമേനിയുടെ കല്പനയിൽ സംയുക്ത കല്പന (ഉത്തരവ്) എന്നു പറയുന്നു. തന്മൂലം മക്കാറിയോസ് തിരുമേനിക്ക് ഭരണത്തിൽ പങ്കുണ്ടെന്ന് വരികയില്ലേ?

7. പൊതുയോഗത്തിനുള്ള നോട്ടീസ് കല്പന രണ്ടു മെത്രാന്മാരും ചേർന്ന് അയയ്ക്കണമെന്ന്, സുന്നഹദോസ് നിശ്ചയങ്ങളിൽ പറയുന്നു. എന്നാൽ ബാവായുടെ കല്പനയിൽ രണ്ടു പേരുടെയും മുദ്രയും ഒപ്പും വേണമെന്ന് പറയുന്നു. മുദ്രയും ഒപ്പും വയ്ക്കുമ്പോൾ മക്കാറിയോസ് തിരുമേനിക്ക് ഭരണാധികാരമുണ്ടെന്ന് വരുന്നില്ലേ?

8. പൊതുയോഗം, പള്ളിക്കൂദാശ, പട്ടംകൊട എന്നിവയിൽ തർക്കമുണ്ടായാൽ, ബാവാതിരുമേനിയുടെ തീരുമാനം അന്ത്യതീരുമാനമായിരിക്കുമെന്ന്, ബാവാതിരുമേനിയുടെ കല്പനയിൽ പറയുന്നു. ഇവയിൽ ഇടവക മെത്രാപ്പോലീത്തായുടെ തീരുമാനം അന്ത്യതീരുമാനമായിരിക്കുമെന്ന് പ. സുന്നഹദോസ് തീരുമാനിക്കണമെന്ന് അപേക്ഷിക്കുന്നു. ഭരണഘടനാപരമായ ഇടവക മെത്രാപ്പോലീത്തായുടെ അധികാരം എടുത്തുകളയുന്നത് ശരിയല്ല. ഇങ്ങനെ ഒരു പുതിയ പാരമ്പര്യം ഉണ്ടാക്കാതിരിക്കേണ്ടത്, മറ്റു മെത്രാസനങ്ങളുടെ ഭാവി സംരക്ഷണത്തിനും ആവശ്യമാണ്. ബാവായുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതും ആവശ്യമാണ്.

9. ഇതിന് മുമ്പുണ്ടായിട്ടുള്ള സുന്നഹദോസ് തീരുമാനങ്ങളും ബാവാതിരുമേനിയുടെ കല്പനകളും പരാമർശിക്കാതെ ബാവാതിരുമേനി കല്പന എഴുതിയത് പരിഹരിക്കേണ്ടതാണ്.

10. മക്കാറിയോസ് തിരുമേനി ശിക്ഷണരഹിതമായി പ്രവർത്തിച്ച കാര്യങ്ങളെക്കുറിച്ചും, ബാവാതിരുമേനിയുടെ കല്പനയിൽ ഒന്നും പറഞ്ഞിട്ടില്ല. അതെല്ലാം തീർത്തുകളയുന്നതായി പറയേണ്ടതല്ലേ?

കാര്യങ്ങൾ സുഗമമായി പോകുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1. മക്കാറിയോസ് തിരുമേനിക്ക് ഓണററി സീനിയർ എന്ന സ്ഥാനം നൽകുക.

2. പൊതുയോഗം, പള്ളിക്കൂദാശ, പട്ടംകൊട എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ വിട്ടുകളഞ്ഞ്, ഇടവക മെത്രാപ്പോലീത്തായുടെ പൂർണ്ണ ഭരണത്തിൽ നടക്കണമെന്ന് വ്യവസ്ഥ ചെയ്യുക.

3. ഇടവക മെത്രാപ്പോലീത്തായുടെ ഭരണത്തിലല്ലാതെ യു.എസ്.എ. യിൽ ഏതെങ്കിലും പള്ളികളോ സെന്ററുകളോ ഉണ്ടെങ്കിൽ, അവയുമായി മക്കാറിയോസ് തിരുമേനിക്ക് ഒരു ബന്ധവും ഉണ്ടായിരിക്കരുത്.

4. ഇടവക മെത്രാപ്പോലീത്തായുടെ ഭരണത്തിലല്ലാതെ യു.എസ്.എ. യിൽ ഏതെങ്കിലും പള്ളിയോ സെന്ററോ ആരുണ്ടാക്കിയാലും, അവയു മായി മക്കാറിയോസ് തിരുമേനിക്ക് ഒരു ബന്ധവും ഉണ്ടായിരിക്കരുത്.

5. ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദം കൂടാതെ, മക്കാറിയോസ് തിരുമേനി അമേരിക്കൻ മെത്രാസനത്തിലെ ആർക്കും പട്ടം കൊടുക്കരുത്.

6. അമേരിക്കൻ മെത്രാസനത്തിന് പട്ടക്കാരെ സ്പോൺസർ ചെയ്യു ന്നതിനുള്ള അധികാരം, ഇടവക മെത്രാപ്പോലീത്തായ്ക്ക് മാത്രമായി രിക്കും.

With Prayers

Yours in Our Lord

(sd)

പ. ബാവായുടെ ഒരു ദീർഘകല്പന

പ. സുന്നഹദോസിന്റെയും മാനേജിംഗ് കമ്മറ്റിയുടേയും തീരുമാന പ്രകാരം മാർ മക്കാറിയോസിനെ അമേരിക്കയുടെ സീനിയർ മെത്രാപ്പോ ലീത്താ ആയി നിയമിച്ചതിനെ തുടർന്ന് മാർ ബർന്നബാസും ഏതാനും അനുയായികളും കൂടി ആ തീരുമാനത്തെ അന്നുമുതൽ അട്ടിമറിച്ചും അവഗണിച്ചും അമേരിക്കൻ ഭദ്രാസനത്തിലെ ഐക്യം താറുമാറാക്കി പ്രവർത്തിക്കുന്നത് കണ്ട് ഹൃദയവേദനയോടുകൂടി പ. ബാവാ ഭദ്രാസന ത്തിലേക്കയച്ച സുദീർഘമായ ഒരു കല്പനയോടുകൂടി ഈ അദ്ധ്യായം അവസാനിപ്പിക്കാം. വിഘടിച്ചു നില്ക്കുന്ന ബ. പട്ടക്കാരെ ക്രൈസ്തവ ധർമ്മം ഓർമ്മിപ്പിക്കുന്ന ഈ കത്ത് ഒരു പ്രതികരണവും അവരിൽ ഉള

വാക്കിയില്ലെന്നുള്ളത് വേറൊരു സത്യം.

അടങ്ങാത്ത വേദനയോടും ഒടുങ്ങാത്ത സങ്കടത്തോടും കൂടിയാണ് ഈ കല്പന അച്ചന്മാർക്കയച്ചത്. അദ്ദേഹം ചോദിച്ചു, ഇപ്പോഴത്തെ സീനിയർ മെത്രാപ്പോലീത്താസ്ഥാനം ഭരണഘടന അനുസരിച്ചല്ല എന്ന് ചിന്തിച്ചാൽ അതിനേക്കാൾ എത്രയോ കഠിനമായ ഭരണഘടനാ ലംഘനമായിരുന്നു, സൂന്ത്രോണിസോ നടത്തിയ മാർ മക്കാറിയോസിന്റെ അധീനതയിൽ നിന്നും 26 പള്ളികൾ വേർപെടുത്തി എടുത്തു വച്ചത്. അതു ഭരണഘടന അനുസരിച്ചായിരുന്നോ? നിങ്ങൾ പട്ടം ഏറ്റപ്പോൾ ചൊല്ലിയ അമാലോഗിയാ ഓർക്കുന്നുണ്ടായിരിക്കും. നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ആത്മീയ പിതാക്കന്മാരോടു എതിർക്കുന്ന പ്രവണതയാണ്. ... മെത്രാച്ചന്മാർ നിങ്ങളുടെ ശിരസ്സിൽ കൈ വച്ചില്ലായിരുന്നെങ്കിൽ ഇന്ന് നിങ്ങൾ അർഹിക്കുന്ന പദവി നിങ്ങൾക്കു കിട്ടുമോ?

നട്ടവന്റെ കൈ വെട്ടരുത്

ഗോത്രപിതാവായ യാക്കോബു പറയുന്നതുപോലെ നമ്മുടെ നരയെ സങ്കടത്തോടെ കുഴിയിൽ ഇറക്കരുത്.

കല്പനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു:

നമ്പർ: 273/95

സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും
ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും
മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസ്സേലിയോസ്
മാർ തോമ്മാ മാത്യൂസ് ദ്വിതീയൻ

അമേരിക്കൻ മെത്രാസനത്തിലെ ശ്രേഷ്ഠരും, വാൽസല്യമുള്ളവരുമായ എല്ലാ വൈദികർക്കും, നമ്മുടെ കർത്താവായ യേശുമശിഹായിൽ സമാധാനവും വാഴ്വും.

കർത്താവിൽ പ്രിയരേ,

നിങ്ങൾ ഏവരുടേയും ക്ഷേമം ചോദിച്ചുകൊണ്ട് നിങ്ങളുടെ ശുശ്രൂഷക്കാരനും ബലഹീനനുമായ നാം നിങ്ങളുടെ ആത്മീയ പിതാവ് എന്ന നിലയിൽ അടങ്ങാത്ത വേദനയോടും ഒതുങ്ങാത്ത സങ്കടത്തോടും സ്നേഹപൂർവം നിങ്ങളെ എഴുതി അറിയിക്കുന്നത്.

അമേരിക്കൻ ഭദ്രാസനത്തിന്റെ കാര്യം ബലഹീനനായ നമ്മെ മരണത്തോളം വേദനിപ്പിക്കുന്നതാണ്. നിങ്ങൾ അതിന്റെ ആഴം എത്രയുണ്ടെന്ന് മനസ്സിലാക്കുന്നു എങ്കിൽ ഇപ്പോൾ അനുഷ്ഠിക്കുന്ന പല പദ്ധതിയിൽ നിന്നും നിങ്ങൾ പിന്മാറുമെന്ന് നാം കരുതുന്നു. സഭ ആകമാനം പടവെട്ടി കോടിക്കണക്കിനു രൂപ ചെലവഴിച്ച് കൈകുഴഞ്ഞ് വിഷമിക്കുന്ന സഭാ നേതൃത്വത്തോട് നിർലോപം കഴിവിന്റെ അങ്ങേയറ്റം സഹായിച്ചും സഹകരിച്ചും പോകേണ്ടവരായ നിങ്ങൾ, ആ മാനവധർമ്മത്തിൽനിന്ന് ഒഴിഞ്ഞുമാറി, നിങ്ങളും ഹൃദയം തകർന്ന നമ്മെ കൂടുതൽ വേദനിപ്പിക്കുകയാണല്ലോ ചെയ്യുന്നത്. നിങ്ങൾ നല്ലവരാണ്. നിങ്ങൾ എന്തു ചെയ്താലും നാം നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. എന്റെ ആശംസകളും അനുഗ്രഹങ്ങളും അയച്ചുതരുന്നു.

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ചു. മൃഗലോകത്തിൽനിന്നും നമ്മൾ വളരെ വ്യത്യസ്തരാണ്. നമ്മൾ ദൈവികരാകുവാനും നമ്മെ ദൈവികരാക്കുവാനും ആണ് ഇപ്രകാരം സൃഷ്ടിച്ചത്. മാത്രമല്ല നിങ്ങളേയും ബലഹീനനായ നമ്മേയും ദൈവത്തിന്റെ സ്ഥാനത്ത് ദൈവത്തെപ്പോലെ പ്രവർത്തിക്കുവാൻ ആക്കി വച്ചിരിക്കുന്നു. മെത്രാച്ചന്മാർ അപ്പോസ്തോലന്മാരുടെ പിൻഗാമികളും കർത്താവിന്റെ സ്ഥാനത്ത് കർത്താവിനെപ്പോലെ പ്രവർത്തിക്കുവാൻ വിളിച്ചാക്കപ്പെട്ടവരുമാണ്. വളരെ സമർത്ഥൻ എന്ന് പരക്കെ അറിയപ്പെടുന്ന ഒരു പിതാവും വളരെ നല്ലവൻ എന്ന് അറിയപ്പെടുന്ന മറ്റൊരു പിതാവും അവിടെ ഉണ്ട്. ഈ കഴിവും നന്മയും ഒന്നു ചേർന്ന് പ്രവർത്തിച്ചാൽ ആ ഭദ്രാസനം ഭാഗ്യമുള്ളതായിതീരും. എത്രയോ ഉന്നതി പ്രാപിക്കുകയും ചെയ്യും. എന്നാൽ സാത്താൻ സമ്മതിക്കുകയില്ല. അവൻ കെണികൾ വ്യത്യസ്തമാരിലും കടത്തിവിട്ട് യുദ്ധമുണ്ടാക്കി കൈയും കൊട്ടി ചിരിക്കുന്നു. നമുക്ക് അത് കാണാൻ സാധിക്കുന്നില്ല.

വൈദികരായ നിങ്ങൾ പരിശുദ്ധാത്മാവിൽ അഭിഷിക്തരാണ്. വിശുദ്ധ യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ 20-ാം അദ്ധ്യായത്തിൽ കൽപ്പിച്ചിരിക്കുന്നപ്രകാരം കർത്താവ് ശിഷ്യന്മാരുടെ മദ്ധ്യേ എഴുന്നെള്ളി അവർക്ക് സമാധാനം കൊടുത്ത് അവരോട് അരുളിച്ചെയ്തു. സ്വർഗത്തിലും ഭൂമിയിലും ഉള്ള സർവാധികാരവും എനിക്ക് നൽകിയിരിക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്ന് അരുളിച്ചെയ്തുകൊണ്ട് അവരുടെമേൽ ഊതി പരിശുദ്ധാത്മാവിനെ നിങ്ങൾ കൈക്കൊൾവീൻ, നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ അവ മോചിപ്പിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവ നിർത്തപ്പെട്ടിരിക്കും. നിങ്ങൾ ഒരു കുഞ്ഞിനെ മാമോദീസാമുക്കിയാൽ ആ കുഞ്ഞ് ദൈവത്തിന്റെ മകനോ മകളോ ആയിത്തീരും.

വി. കുർബാനയിൽ 'അമീറ'യും 'വീഞ്ഞും' വാഴ്ത്തുമ്പോൾ അത് കർത്താവിന്റെ തിരുശരീര രക്തമായി രൂപാന്തരപ്പെടും. യാതൊരു ഭൗതിക ശക്തിക്കും, അതീതമായ സ്വർഗീയ അധികാരമല്ലേ നിങ്ങളിൽ ഭരമേൽപ്പിച്ചിരിക്കുന്നത്. ഭൂലോകത്തിന് ആകമാനം ഒരു പ്രസിഡണ്ട് ഉണ്ടായാൽ അദ്ദേഹത്തിന് നിങ്ങളുടെ അധികാരമില്ല, ഇത്രമാത്രം മണ്ണിൽനിന്ന് നിന്ദ്യമായ മൺകട്ടകളായ നമ്മെ പിതാക്കന്മാർ പ്രാർത്ഥിക്കുന്നതുപോലെ ഉന്നതത്തിലേക്ക് തന്റെ അതിപരിശുദ്ധമായ ശ്രേഷ്ഠതയിലേക്ക് ഉയർത്തിയിരിക്കുന്നു. മാലാഖമാരുടെ വൃന്ദത്തിൽ കലർത്തിയിരിക്കുന്നു. ദൈവത്തിനു സ്തുതി. ദൈവത്തിനു സ്തുതി, ഇത് ആര് അറിയുന്നു. ആര് ശ്രദ്ധിക്കുന്നു, ചിന്തിപ്പാൻ എല്ലാവർക്കും അവസരം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സഹോദരങ്ങളെ, ഈ ഉന്നതമായ നിലവാരം നിങ്ങൾ പുലർത്തണമെ എന്ന് നാം ദൈവതിരുനാമത്തിൽ ആവശ്യപ്പെടുന്നു. നിങ്ങൾ ഇപ്പോൾ നിങ്ങളുടെ ആത്മീയ പിതാക്കന്മാരോട് എതിർക്കുന്ന ഒരു പ്രവണതയാണ്, നിർഭാഗ്യവശാൽ കാണുന്നത്. സഭാ നേതൃത്വത്തോട് എതിർത്താൽ അത് ആത്മീയപിതാക്കന്മാരോട് ഉള്ള എതിർപ്പാണ്. നിങ്ങൾ പട്ടം ഏറ്റപ്പോൾ ചൊല്ലിയ അമാലോഗിയ ഓർക്കുന്നുണ്ടായിരിക്കും. നിങ്ങൾ ഇപ്പോൾ പ്രതിപാദിക്കുന്ന വിഷയങ്ങൾ എത്രയെത്രയോ താഴെക്കിടയിലുള്ളതാണ്. മേലുള്ള കാര്യങ്ങൾ മേലുള്ള കാര്യങ്ങളായും താഴെയുള്ള കാര്യങ്ങൾ താഴെയുള്ള കാര്യങ്ങളായും കൈകാര്യം ചെയ്യുവാൻ നിങ്ങൾക്ക് കൃപ ലഭിക്കട്ടെ എന്ന് നാം ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. താഴെയുള്ള കാര്യങ്ങളിൽ ഇടപെട്ട് മേലുള്ള കാര്യങ്ങൾക്ക് വിഘ്നം വരുത്തുന്നത് മഹാപാപമാണ്. ദൈവമേ, ആരും പാപം ചെയ്യുവാൻ ഇടയാകരുതേ. അധികാരം ഒട്ടുംതന്നെ ഇല്ലാതെ പരിമിതമായ ചില അവകാശങ്ങൾ മാത്രം നൽകിക്കൊണ്ട് സീനിയർ മെത്രാപ്പോലീത്താ എന്ന ഒരു ബഹുമതി പ. സുന്നഹദോസ് മക്കാറിയോസ് മെത്രാച്ചന് കൊടുത്തത് വാസ്തവമാണ്. അത് ഭരണഘടനയ്ക്ക് അനുയോജ്യമല്ലെന്ന് നിങ്ങൾ വിധിക്കുമായിരിക്കും. മക്കാറിയോസ് മെത്രാച്ചൻ അമേരിക്കൻ മെത്രാസനത്തിന്റെ മെത്രാച്ചൻ എന്ന നിലയിൽ സൂന്ത്രോണീസോ നടത്തി മെത്രാച്ചന്റെ അധീനതയിൽനിന്ന് സ്വതന്ത്രമാക്കിയ 26 പള്ളികളും കോൺഗ്രിഗേഷനുകളും കൂടി എങ്ങനെ വേർപെടുത്തി വേറെ ഒരു അധീനതയിൽ ആക്കിവച്ചു. അത് ഭരണഘടന അനുസരിച്ചാണോ? ഇപ്പോഴത്തെ സീനിയർ മെത്രാപ്പോലീത്താ സ്ഥാനം ഭരണഘടനയനുസരിച്ചല്ല എന്നു ചിന്തിച്ചാൽ അതിനേക്കാൾ എത്രയോ കഠിനമായ ഭരണഘടനാ ലംഘനമാണ് മറ്റേത്. അദ്ദേഹം അതിനെക്കുറിച്ച് എതിർത്തുവെങ്കിലും ഇന്ന് നിങ്ങൾ കൈക്കൊണ്ടിരിക്കുന്ന പ്രതികൂല നടപടികൾ

കൈക്കൊണ്ടില്ല. അദ്ദേഹത്തിനുണ്ടായിരുന്ന അധികാരങ്ങൾ ഇപ്പോൾ മറുവശത്താണല്ലോ. അദ്ദേഹം ഒന്നുമില്ലാത്തവനായി അവശേഷിച്ചു, ഇങ്ങനെയുള്ള ഒരു പിതാവിനെ ഭരണച്ചുമതല ഇല്ലാതെ ഒരു ബഹുമതി നൽകി ആദരിച്ചതിൽ ഇത്ര കുണ്ഠിതരാകേണ്ട ആവശ്യമുണ്ടോ എന്ന് ചിന്തിക്കുവീൻ. സ്വർഗം കൈവിട്ട് ഒന്നും ഇല്ലാത്തവനെപ്പോലെ എല്ലാ കഷ്ടപ്പാടുകളും സഹിച്ച നമ്മുടെ കർത്താവിന്റെ നാമത്തിൽ ചിന്തിക്കുവിൻ. ആ മെത്രാച്ചനും നമ്മുടെ സഭയുടെ ഒരു തിരുമേനിയാണ്. നാം എല്ലാവരും കർത്താവായ യേശുതമ്പുരാന്റെ തിരുശരീരമായ സഭയുടെ അംഗങ്ങളല്ലേ. ഒരു അംഗത്തിന് കേടുവന്നാൽ മറ്റെ അംഗങ്ങൾ എല്ലാം അവിടെ ഓടി എത്തി സഹായിക്കും. പ. പൗലോസ് ശ്ലീഹാ 1 കോരി 12:12-ൽ പറയുന്നതുപോലെ, 'ശരീരം ഒന്നും, അതിന് അവയവം പലതും ശരീരത്തിന്റെ അവയവം പലതായിരിക്കെ, എല്ലാം ഒരു ശരീരവും ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.' കർത്താവ് കൽപ്പിച്ചതുപോലെ കൊയ്ത്തോളം നമ്മൾ സ്നേഹവും കരുതലും പകർന്നുകൊടുക്കുവാൻ ബാദ്ധ്യസ്ഥരാണ്.

വർഷങ്ങളായി അമേരിക്കയിൽ നിലനിന്നു വരുന്ന വൈഷമ്യങ്ങൾ പരിഹരിക്കുവാൻ അന്നു മുതൽ ശ്രമിക്കുന്നുണ്ട്. നാം അവിടെ വന്നപ്പോൾ കൗൺസിലും വൈദികയോഗവും കൂടി. വൈദികയോഗത്തിൽ കൂടിയ പട്ടക്കാർ ഏകകണ്ഠമായി മക്കാറിയോസ് മെത്രാച്ചന് ആറോ, ഏഴോ പള്ളികൾ വിട്ടുകൊടുക്കുവാൻ സമ്മതിച്ചതാണ്. ആ മീറ്റിംഗിന്റെ മിനിറ്റ്സ്പോലും നമ്മെ ഏൽപ്പിക്കുവാൻ മനസ്സുണ്ടായില്ല. എങ്ങനെ ഇതെല്ലാം നീതീകരിക്കുവാൻ സാധിക്കും, അന്ന് സാധിച്ചിരുന്നെങ്കിൽ ഇന്ന് നിങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തേക്കാൾ തുലോം ചെറിയതായിരിക്കുമായിരുന്നുവല്ലോ. എന്തിന് ഇതിനെക്കുറിച്ച് ദീർഘിച്ച് സംസാരിക്കുന്നു.

കഴിഞ്ഞ ഫെബ്രുവരിയിലെ പ. സുന്നഹദോസിന്റെ രണ്ടു ദിവസം പ്രാർത്ഥനാപൂർവ്വം ചിന്തിച്ചെടുത്ത തീരുമാനമാണ് ഇപ്പോഴത്തെ അമേരിക്കൻ വ്യവസ്ഥിതി. അതിന് ഉപോൽബലകമായി രണ്ട് തിരുമേനിമാർ രണ്ട് മാസം ഏകദേശം അവിടെ ചെലവഴിച്ച് കാര്യങ്ങൾ പരിശോധിച്ചും പഠിച്ചും നൽകിയ റിപ്പോർട്ട് പ. സുന്നഹദോസിൽ ചിന്താവിഷയമായി. അത് ആരും ആരുടെമേലും ഒരു സമ്മർദ്ദവും ചെലുത്തിയിട്ടില്ല. സന്നിഹിതരായിരുന്ന എല്ലാവരും അതിൽ ഒപ്പിട്ടിട്ടുണ്ട്. ചിലർ നോക്കുമ്പോൾ അതിൽ കുറവു കണ്ടിരിക്കാം. പക്ഷേ, ഉണ്ടെങ്കിൽതന്നെ അവയെ അനുസരിച്ചുകൊണ്ട് പരാതിപ്പെടുകയല്ലേ നീതി? ഈ പ. സുന്നഹദോസിലെ ചില പിതാക്കന്മാർ എങ്കിലും നിങ്ങളെക്കാൾ പ്രായമുള്ളവരാണ്. ചിലപ്പോൾ നിങ്ങളുടെ ജഡിക പിതാക്കന്മാർപോലും അവരെക്കാൾ താഴെ പ്രായക്കാരായിരിക്കും. അവരിൽ ചിലർ സഭാഭാസുരൻ വട്ടശ്ശേരിൽ മാർ

ദീവന്നാസ്യോസ് തുടങ്ങിയ പിതാക്കന്മാരുമായി അടുത്ത് ബന്ധവും പരിചയവും ഉള്ളവരാണ്. നശിപ്പിക്കുവാൻ അല്ല നന്നാക്കുവാനാണ് നാം ശ്രമിക്കേണ്ടത്. എപ്പിസ്കൂപ്പുസോയാണ് കാശീസ് സൂസോയെ ജനിപ്പിക്കുന്നത്. മെത്രാച്ചന്മാർ നിങ്ങളുടെ ശിരസ്സിൽ കൈവച്ചില്ലായിരുന്നു എങ്കിൽ ഇന്ന് നിങ്ങൾ അർഹിക്കുന്ന പദവി നിങ്ങൾക്ക് കിട്ടുമോ? നട്ടവന്റെ കൈവെട്ടരുത് എന്ന് കേട്ടിട്ടുണ്ട്. നിങ്ങൾ പട്ടം ഏറ്റപ്പോൾ ചൊല്ലിയ 'അമാലോഗിയ' അർത്ഥമില്ലാത്തതാണോ? പ. സുന്നഹദോസ് അല്ലേ സഭയുടെ പരമാധികാരസ്ഥാപനം! അതിനോട് ആണ് നിങ്ങൾ എതിർക്കുന്നത്. നിങ്ങൾ അനുസരിച്ചുകൊണ്ട് വിനയപൂർവ്വം ആവശ്യപ്പെടുക. അതല്ലേ സാധാരണ ബഹുമാന്യരുടെ രീതി. ശിക്ഷണമാണ് സ്വർഗം, ശിക്ഷണരാഹിത്യമാണ് നരകം. അനുസരണം ബലിയേക്കാൾ നല്ലത് എന്ന് അല്ലേ ദാർശനികനായ ശമുവേൽ അരുളിച്ചെയ്യുന്നത്. നിങ്ങൾ ഇത് പ്രത്യേകം ശ്രദ്ധിക്കണം. വിശേഷിച്ചും മുമ്പ് ഞാൻ ഓർമ്മിപ്പിച്ചതുപോലെ വലിയ ഒരു യുദ്ധം നടക്കുമ്പോൾ ഇങ്ങനെ അകത്തുള്ള ചെറിയ ചെറിയ കാര്യങ്ങൾ വിസ്മരിച്ച് പ. സുന്നഹദോസിനെയും ബലഹീനനായ നമ്മേയും സഹായിച്ചു സഹകരിക്കണമെന്ന് നാം ആവശ്യപ്പെടുന്നു. സ്നേഹിക്കേണ്ട മക്കൾ തമ്മിൽ അഭിപ്രായ വ്യത്യാസമായി കലശൽ കൂടുമ്പോൾ സ്നേഹനിധിയായ ഒരു പിതാവിനുണ്ടാകുന്ന മനഃവേദന നിങ്ങൾക്ക് അറിയില്ല. ആ വേദനയാണ് ബലഹീനനായ നാം അനുഭവിക്കുന്നത്. ദൈവമേ നീ രക്ഷിക്കണമെയെന്ന് പ്രാർത്ഥിക്കുന്നു. നിങ്ങൾക്കും അപ്രകാരം വേദന ഉണ്ടാകരുതെ എന്നു പ്രാർത്ഥിക്കുന്നു. ഞാൻ അറിയുന്നു, ഞാൻ അനുഭവിക്കുന്നു. ഉറങ്ങാത്ത രാത്രികൾ ദൈവം ബലഹീനനായ നമ്മുടെ കണ്ണുനീരു കാണുന്നു. നമ്മുടെ ഹൃദയം അമേരിക്കൻ ഭദ്രാസനത്തെ ഓർത്ത് മരണത്തോളം വേദനിക്കുന്നു. നിങ്ങൾക്കുവേണ്ടി ബലഹീനനായ നാം രാത്രിയും പകലും നമ്മുടെ കർത്താവിന്റെ തൃപ്പാദത്തിൽ വീണ് പ്രാർത്ഥിക്കുന്നു. ദൈവം ഇതെല്ലാം തള്ളിക്കളയുമോയെന്ന് ബലഹീനനെങ്കിലും നാം സന്ദേഹിക്കുന്നില്ല. നമ്മുടെ മനോവേദന നിങ്ങൾക്ക് വെളിപ്പെട്ടു കിട്ടട്ടെ. പ. മാതാവിനെ സംശയിച്ച യൗസേഫിന് ദൈവം വെളിപ്പെടുത്തിക്കൊടുത്തുവല്ലോ. ആ ദൈവം വെളിപ്പെടുത്തി തരുമെന്നും ആവശ്യമായ മാനസാന്തരം തരുമെന്നും നാം വിശ്വസിച്ചും പ്രത്യാശിച്ചും പോരുന്നു. പക്ഷേ, മാതാവിന്റെ വിശുദ്ധിയും പ. യൗസേഫിന്റെ നീതിയും അത്യന്താപേക്ഷിതമാണല്ലോ. അത് ബലഹീനനായ നമുക്ക് ഉണ്ടോയെന്ന് അറിഞ്ഞുകൂടാ. നിങ്ങൾക്ക് ഇല്ലായെന്ന് നാം ഒരിക്കലും പറയുകയില്ല. ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യൗസേഫ് മാതാവിനെ സംശയിച്ചുവെങ്കിലും അവളെ പരസ്യമാക്കുവാൻ ആഗ്രഹിച്ചില്ല. നമ്മളോ എന്തെങ്കിലും ഉണ്ടാകുന്നതിനു മുമ്പു തന്നെ പത്രത്തിൽ ഉദ്ഘോഷിക്കുകയാ

ണല്ലോ നമ്മുടെ Media (മാധ്യമം). സ്വർഗരാജ്യമായ സഭയിൽ ഇതൊക്കെയാണല്ലോ നടക്കുന്നതെന്ന് കാണുമ്പോൾ ഹൃദയം പൊട്ടിത്തകർന്നു പോകുന്നു. സങ്കടപ്പെടുകയല്ലാതെ നിവൃത്തിയില്ലല്ലോ. ഗോത്രപിതാവായ യാക്കോബ് പറയുന്നതുപോലെ നമ്മുടെ നരയെ സങ്കടത്തോടെ കുഴിയിൽ ഇറക്കരുത്.

അവിടെനിന്നും കിട്ടുന്ന റിപ്പോർട്ട് അനുസരിച്ച് അവിടുത്തെ വിശ്വാസികൾ ശാന്തമായിരിക്കുന്നുയെന്നു കേൾക്കുന്നു. ഇതു വെറും കേൾവിയാണ്. വൈദികലോകവും ശാന്തമായി സന്മനസ്സോടെ വിചാരിച്ചാൽ ആ മെത്രാസനം ഒരു മാതൃകാപരമായ മെത്രാസനമായി രൂപാന്തരപ്പെടുത്തുവാൻ കഴിയും. ശത്രുക്കളെ സ്നേഹിപ്പീൻ. പുറംകുപ്പായം ചോദിക്കുന്നവന് അകംകുപ്പായം വിട്ടുകൊടുപ്പീൻ. നമ്മുടെ കർത്താവിന്റെ ഗിരിപ്രഭാഷണം നമ്മളിൽ സാക്ഷാൽകരിക്കട്ടെ. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും. അതിന്റെ അർത്ഥം സമാധാനം ഇല്ലാത്തിടത്ത് സമാധാനം ഉണ്ടാക്കുന്നവരെക്കുറിച്ചാണ് നമ്മുടെ കർത്താവ് വിവക്ഷിക്കുന്നത്. നിങ്ങളുടെ കുഞ്ഞുങ്ങളെ ഓർത്ത് സമാധാനപ്പെടുവിൻ. അവർ നിങ്ങളെ പഴിക്കരുത്.

അവർക്ക് ബഹുമാനം തോന്നുന്ന ക്ഷമയും സഹിഷ്ണുതയും ശാന്തതയും സമാധാനവും കൈവരുത്തുവിൻ. അല്ലെങ്കിൽ അവർ പ്രായം ആകുമ്പോൾ പള്ളിയിലും പട്ടക്കാരനിലും വിശ്വാസമില്ലാതെ വരും; ചിലർ എങ്കിലും ഇവരാണോ ദൈവരാജ്യത്തിന്റെ ആൾക്കാർ എന്ന് ചോദിക്കും. അതിന് ഇടയാക്കരുത്. ഇപ്പോൾ നിങ്ങൾക്ക് ധനമാനാദികൾ വളരെയുണ്ട്. ദൈവത്തെ സ്തുതിക്കുന്നു. പക്ഷേ, ഇവയെല്ലാം ദൈവത്തിന്റെ ദാനമാണ്. ദൈവത്തിന്റെ കൃപയാണ് അത്യാവശ്യം. ഒരു വിശുദ്ധൻ വർണ്ണിച്ചിരിക്കുന്നതുപോലെ "ഒന്നും നിനക്ക് ഇല്ലായെങ്കിലും ദൈവകൃപയുണ്ടെങ്കിൽ എല്ലാം നിനക്ക് ഉണ്ട്. എല്ലാം നിനക്ക് ഉണ്ട് എങ്കിലും ദൈവകൃപയില്ലെങ്കിൽ ഒന്നും നിനക്ക് ഇല്ല." ആ ദൈവകൃപയിൽ ആശ്രയിപ്പീൻ. നിങ്ങളുടെ പിൻതലമുറയെ ഓർത്ത് മാതൃകയായിരിപ്പീൻ. നമ്മളെക്കുറിച്ച് വഴക്കാളികൾ എന്നാണ് കേൾക്കാറുള്ളത്. അത് നമ്മൾ എവിടെ പോയാലും മാറ്റാറില്ല. കുതിരയ്ക്ക് തമ്മിലടിക്കാനും വണ്ടിവലിക്കാനും സാധിക്കുകയില്ല. തമ്മിലടിയും ഇടിയുമാണ് ഇന്ന് നടക്കുന്നത്. ജയിച്ച കേസിനെക്കാൾ തോറ്റ രാജിയാണ് നല്ലതെന്ന് കേട്ടിട്ടുണ്ട്. നമ്മുടെ കർത്താവ് യൂദായോട് പെരുമാറിയത് എങ്ങനെയെന്ന് നമുക്ക് അറിയാമല്ലോ. അവന് വി. കുർബ്ബാനയും കൊടുത്ത് അവന്റെ പാദവും കർത്താവ് തൃക്കരം കൊണ്ട് കഴുകി ചുംബിച്ചു. ശത്രുക്കളെയും സ്നേഹംകൊണ്ട് ജയിക്കാമെങ്കിൽ അതാണ് ശ്രേഷ്ഠം. ദൈവമേ തിരുനാമം മഹത്വപ്പെടേണമേ എന്ന് പ്രാർത്ഥിക്കുന്നു.

പരസ്പരം വിമർശിക്കുന്ന പത്രപ്രസ്താവനകളും അതിനോടു ചേർന്ന പരിപാടികളും അവസാനിപ്പിക്കണം. ഏതു പരിശുദ്ധനും അതി തിന്മയിലും നന്മ കണ്ടെത്തുവാൻ ശ്രമിക്കും. ഒരു അശുദ്ധൻ നന്മയിലും തിന്മ കണ്ടെത്തുവാനേ ശ്രമിക്കൂ. നിങ്ങൾ പരിശുദ്ധരാകുവീൻ. സമാധാനം കണ്ടെത്തുവാൻ സ്നേഹത്തിന്റെ മാർഗം അന്വേഷിപ്പിൻ. കർത്താവിന്റെ പിന്നാലെ പോകുവീൻ. അവൻ നമുക്കുവേണ്ടി എന്തെല്ലാം സഹിച്ചു. യേശുതമ്പുരാൻ തന്റെ ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട് മരിച്ചു. ഒരു നാഴിക പോകുവാൻ ആഗ്രഹിക്കുന്നവനോടു കൂടെ രണ്ട് നാഴിക പോകുവീൻ. ആ യേശുതമ്പുരാൻ ആണ് നമ്മുടെ ദൈവം, അവനാണ് മാർഗം. അവനിൽ ആണ് സത്യം. അവനിൽ ആണ് ജീവൻ. ഈ ചെറിയ ഭിന്നതകളിൽ നിന്ന് അകന്ന് സഭയുടെ ഉന്നതമായ - ശ്രേഷ്ഠമായ കാര്യങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ തിരിപ്പിക്കുവീൻ.

വാത്സല്യ മക്കളെ എന്നു വിളിപ്പാൻ നമുക്ക് അവകാശമുണ്ട്. അപ്രകാരം വിളിക്കുന്നു. നിങ്ങൾ വൈരം വെടിഞ്ഞ് സ്നേഹിച്ചും സഹായിച്ചും സഹകരിച്ചും; നമ്മുടെ അമേരിക്കൻ മെത്രാസനം ഒന്നായി ഉയർത്തുവീൻ. ഇത് ഇന്ന് ഒരു പരിഹാസപാത്രമാണ്. സമർത്ഥർ ഇല്ലാതില്ല; കഴിവുള്ളവരും ഇല്ലാതില്ല; ധനത്തിനും കുറവില്ല; ധാരാളം ഉണ്ട്. ദൈവസ്നേഹത്തിൽ ആകുവീൻ. നിങ്ങളെ എല്ലാം ദൈവസന്നിധിയിൽ സ്മരിക്കുന്നു. പ്രാർത്ഥിക്കുന്നു; നിങ്ങൾ നമ്മോട് എന്തുവേണമെങ്കിലും ചെയ്തുകൊള്ളുവീൻ; വൈരമില്ല; പ്രതിക്രിയയില്ല; പ്രാർത്ഥന മാത്രം.

നിങ്ങളിൽ ചിലർക്ക് വിചാരമുണ്ടായിരിക്കും, ചില ശിക്ഷണ നടപടി നടത്തിയാൽ സമാധാനം ഉണ്ടാകുമെന്ന്. പ്രിയരെ നമുക്ക് വിശ്വസിക്കാൻ പ്രയാസം. മക്കാറിയോസ് മെത്രാച്ചൻ അവിടെ ചില ശിക്ഷണനടപടി എടുത്തതാണല്ലോ, അദ്ദേഹത്തിനോടുള്ള എതിർപ്പിന്റെ ഒരു കാരണം. 1958-ലെ വിധിവച്ച് നമ്മൾ മറുതലിച്ച ചില മെത്രാച്ചന്മാർക്ക് ശിക്ഷണ നടപടി നടത്തി. എന്തുണ്ടായി? ശിക്ഷണ നടപടികൾ കൊണ്ട് കാര്യങ്ങൾ പരിഹൃതമാകുമെന്ന് വിശ്വസിക്കുവാൻ പ്രയാസം. എന്നാൽ ശിക്ഷണ നടപടികൾ വേണ്ട എന്നല്ല. അത് അവസാനം മാത്രമേ ഉപയോഗിക്കുവാൻ നിവൃത്തിയുള്ളു. ആകയാൽ എല്ലാവരും കൂടി സഹകരിച്ച് പോകുവാൻ പദ്ധതി ആവിഷ്കരിക്കുകയാണ് അടിയന്തര ആവശ്യം. അതിന് മുൻകൈ എടുത്ത് കഷ്ടപ്പാടുകൾ സഹിച്ചും വഹിച്ചും കഷ്ടപ്പെട്ടും നഷ്ടപ്പെട്ടും സമാധാനം ഉണ്ടാക്കുവാൻ ശ്രമിക്കണം. അല്ലാതെ വേറെ പോംവഴിയുണ്ടാക്കുവാൻ നമുക്ക് അറിഞ്ഞുകൂടാ. നന്മയാൽ മാത്രമേ തിന്മയെ ജയിക്കുവാൻ സാധിക്കൂ. ആദിമ ക്രൈസ്തവരുടെ പെരുമാറ്റം മുഖാന്തരം പടയാളികൾ ക്രൈസ്തവരായിതീർന്നു. 'നന്മയാൽ തിന്മയെ ജയിക്ക.' ഇതാണ് നമ്മുടെ കർത്താവ് പഠിപ്പിച്ചത്.

നിങ്ങൾ കർത്താവിനെ ഓർത്ത് ക്ഷമിക്കുവീൻ, ക്ഷമിക്കുവീൻ, എന്ന് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധ റൂഹായുടേയും നാമത്തിൽ നാം സ്നേഹത്തോടെ അപേക്ഷിക്കുന്നു. എല്ലാ പിതാക്കന്മാരുടേയും നാമത്തിൽ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഇപ്പോഴത്തെ നിലപാട് നമ്മെ വേദനിപ്പിക്കുന്നു. ഇതുവരേയും യുദ്ധം ചെയ്ത കാതോലിക്കാ-പാത്രിയർക്കീസ് കക്ഷികൾ തമ്മിൽ യോജിച്ചേക്കും. അപ്പോൾ കാതോലിക്കാ കക്ഷിയിൽ ഉള്ളവർ തന്നെ അടിയും തടയുമായി നില്ക്കുന്നത് മോശമല്ലേ? വളരെ ഹൃദയവേദനയോടെ നാം വീണ്ടും അറിയിക്കുന്നു. ക്ഷമാബലം എല്ലാ ബലത്തേക്കാൾ അതിരു കവിഞ്ഞ ബലമാണ്. ആകയാൽ നിങ്ങളുടെ വീക്ഷണം മാറ്റുവീൻ. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹത്തോടെ ശത്രുക്കളോടും മിത്രങ്ങളോടും പെരുമാറുവിൻ. പള്ളിയിൽ നിന്നുള്ള ആദായംകൊണ്ടല്ല നിങ്ങൾ ജീവിക്കുന്നത്. പള്ളി ഇല്ലാതായാലും ഭേദമില്ല. നിങ്ങൾ പള്ളിക്ക് കൊടുക്കുന്നവരാണ്. ആകയാൽ നിങ്ങൾക്ക് ഒരു പുതിയ മനസ്സു കിട്ടട്ടേയെന്ന് പ്രാർത്ഥിക്കുന്നു. ദൈവത്തെ ഓർത്ത് ക്ഷമിക്കുവീൻ. നിങ്ങൾ ശത്രുക്കൾ എന്ന നില മാറ്റി മിത്രങ്ങളേപ്പോലെ അടുത്തുകൂടി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് സംസാരിച്ചാൽ അര മണിക്കൂർകൊണ്ട് പ്രശ്നങ്ങൾ പരിഹൃതമാകുമെന്ന് നമുക്ക് വിശ്വാസമുണ്ട്. നിങ്ങൾ ശത്രുതാ മനോഭാവം പാടെ ഉപേക്ഷിക്കണം. നിങ്ങൾ ഒരു സഭാഗാത്രത്തിന്റെ അവയവങ്ങളാണ്. ഒരേ മാമോദീസാ മുങ്ങിയവരാണ്. ഒരേ അപ്പത്തിന്റെ അംശികളാണ്. ഒരു കർത്താവിനെ ആരാധിക്കുന്നവരാണ്. അവന്റെ സന്നിധിയിൽ ചെല്ലേണ്ടവരാണ്. ഒരു വിശ്വാസത്തിൽ വളരുന്നവരും അത് പാലിക്കുന്നവരുമാണ്. നിങ്ങൾ സഹകരിച്ച് അന്യോന്യം അഭ്യുദയത്തെ കാംക്ഷിച്ച് ക്രിസ്തുഭക്തന്മാരെന്ന നിലയിൽ പ്രവർത്തിച്ചാൽ കാര്യങ്ങൾ തീരുവാൻ ഇടയാകും. പക്ഷേ, നിങ്ങളുടെ വൈരം വിടുവാൻ സാത്താൻ സമ്മതിക്കയില്ല. അവൻ ജയിക്കുവാൻ നിങ്ങൾ സമ്മതിക്കരുത്.

അഭിവന്ദ്യനായ നിയുക്ത കാതോലിക്കാ ബാവാ തോമസ് മാർ തീമോത്തിയോസ് തിരുമേനി അവിടെയുണ്ടല്ലോ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഈ സൽകർമ്മം നടക്കുവാൻ സംഗതിയാകട്ടെ. അതിനുവേണ്ടി ഉത്സാഹിക്കണം. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടുവാനല്ല. ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുവാനുമാണ്. കർത്താവിനെക്കാൾ വലിയവരല്ലല്ലോ നമ്മൾ ആരും. ആകയാൽ മറ്റുള്ളവർക്കു വേണ്ടി ജീവനെ കൊടുക്കുവാൻ സന്നദ്ധരാകണം. ഇത്രയും ത്യാഗം ചെയ്യുവാൻ നാം ആവശ്യപ്പെടുന്നില്ല. കർത്താവ് ചെയ്തതിന്റെ അല്പം ചെയ്താൽ ആ ഭദ്രാസനം അധഃപതനത്തിൽ നിന്നും കരേറുവാൻ ഇടയാകും. ആരാണ് മഹാന്മാർ, അവരേക്കാൾ മറ്റു

ള്ളവരെ മഹാന്മാരാക്കുവാൻ ത്യാഗപൂർവ്വം ശ്രമിക്കുന്നവരാണ്. ആ മാഹാത്മ്യം നിങ്ങൾക്കും ലഭിക്കട്ടെ. ബലഹീനനായ നമ്മൾക്കും ലഭിക്കട്ടെ. നിങ്ങൾ അമേരിക്കയിലെത്തി. നിങ്ങളുടെ ഉദ്യോഗത്തിനിടയിലാണ്, ഇടവകകൾ സ്ഥാപിച്ചത്. ഇത് ഒരു പുണ്യപ്രവൃത്തിയായി എല്ലാവരും കരുതി. എന്നാൽ ഇപ്പോൾ മറിച്ചു ചിന്തിക്കുവാനുള്ള സാഹചര്യമാണ് നിങ്ങൾ സൃഷ്ടിക്കുന്നത്. പ. സുന്നഹദോസ് പറഞ്ഞാലും നിങ്ങൾ അനുസരിക്കുന്നില്ല. നിങ്ങൾ പരിശുദ്ധ സുന്നഹദോസിനേക്കാൾ വലിയവരല്ലല്ലോ. നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ബലഹീനനായ നമ്മുടെ ആത്മാർത്ഥ സ്നേഹം അറിയിക്കുന്നു. നമ്മുടെ കർത്താവ് വരും, അവൻ കണക്ക് ചോദിക്കും. അപ്പോൾ 'നല്ലവനും വിശ്വസ്തനുമായ ദാസാ' എന്ന വിളി കേൾക്കുവാൻ ഇടയാകട്ടെ. ഈ സ്വരം കേൾക്കുവാൻ നിങ്ങൾക്കും നിങ്ങളുടെ എല്ലാവർക്കും ബലഹീനനായ നമുക്കും ദൈവം സംഗതിയാകട്ടെ.

സഹോദരങ്ങളെ, ദൈവം സ്നേഹമാകുന്നു എന്ന് നമ്മൾ കുട്ടിക്കാലം മുതൽ പഠിക്കുന്നുണ്ട്. കർത്താവിനെ ഏറ്റം സ്നേഹിച്ച യോഹന്നാൻ ശ്ലീഹാ തന്റെ ലേഖനം മുഖാന്തരം ദൈവം സ്നേഹമാണെന്ന് പഠിപ്പിക്കുന്നു. എന്നാൽ ദൈവത്തിന്റെ സ്നേഹം ഒരു പ്രത്യേക സ്നേഹമാണ്. ഗ്രീക്കുകാരുടെ ജ്ഞാനത്തിൽ അവർ അതിന് പേർ പറയുന്നത് 'Agape' 'അഗാപ്പേ' എന്നാണ്. 'Eros' 'ഇറോസ്' 'Philo' 'ഫിലോ' എന്നു വേറെ രണ്ടു പേരു കൂടി സ്നേഹത്തിന് പറയുന്നുണ്ട്. ഒന്ന് താല്ക്കാലികവും മറ്റേത് ഇങ്ങോട്ടുള്ളതിന് അങ്ങോട്ടും അങ്ങോട്ടുള്ളതിനും ഇങ്ങോട്ടും ഉള്ള സ്നേഹപ്രകടനമാണ് അതിന് വ്യവസ്ഥയുള്ളത്. മറ്റേത് അങ്ങനെയല്ല അത് സ്നേഹമാണ്. അതാണ് യേശുക്രിസ്തുവിന്റെ സ്നേഹം. തന്നെ ആക്ഷേപിച്ചു, മുഖത്തു തുപ്പി; മുൾക്കിരീടം വച്ച് അടിച്ചു. യേശുവേ ജയ ജയ എന്ന് മുഖത്തു തുപ്പി അപമാനത്തിൽ മുഴുകി, മുക്കിച്ച് മരവും ചുമപ്പിച്ച് ആ മരത്തിന്മേൽ നിഷ്കരുണം കൈകാലുകൾ ചേർത്ത് ഭീകരമായ ആണികൾ കൊണ്ട് തറച്ചുകയറ്റി, ആ മരം ചുമന്ന് കുഴിയിൽ കൊണ്ട് ഇട്ട് തൂങ്ങി കിടന്നു മരിച്ച യേശുവും ഇപ്രകാരം നിഷ്കരുണം ചെയ്തവരോട് 'പിതാവേ ക്ഷമിക്കണമേ' എന്ന് ആത്മാർത്ഥമായി വിളിച്ചു പ്രാർത്ഥിച്ച യേശുവിന്റെ ദിവ്യസ്നേഹമാണ് ബലഹീനനായ എന്നിലും നിങ്ങളിലും ഉണ്ടാകേണ്ടത്. ആ സ്നേഹം ഇല്ലെങ്കിൽ നമ്മൾ ഒരിക്കലും യാതൊരു നിലയിലും ക്രിസ്ത്യാനികൾ അല്ല. ആ സ്നേഹം മെത്രാച്ചന്മാരിലും അച്ചന്മാരിലും കണ്ടില്ലെങ്കിൽ പിന്നെ എവിടെയാണ്, ആരിൽ ആണ് കാണുന്നത്? ക്രിസ്ത്യാനികൾ എന്നുള്ള ഉത്തമവും ബഹുമാന്യവുമായ പേരും അക്രൈസ്തവമായ ജീവിതപരിചയവുംകൊണ്ട് പോയാൽ നമ്മളെ ദൈവം എങ്ങനെ സഹിക്കും? ഇത് ദൈവം നമ്മെ ഓരോരുത്തരുടേയും നേരെ വിരൽ ചൂണ്ടിക്കൊണ്ട് ഒരു സത്യമായ

പ്രശ്നമാണ്. ആകയാൽ സത്യമായ ദൈവസ്നേഹത്തിൽ നിങ്ങൾ മനഃപൂർവ്വം കൂടിആലോചിച്ച് സ്നേഹത്തിൽ പോംവഴി കണ്ടുപിടിക്കണമെന്ന് ദൈവസ്നേഹത്തിൽ അയോഗ്യനെങ്കിലും സ്നേഹത്തോടെ നാം അഭ്യർത്ഥിക്കുന്നു. നമ്മെ കണ്ട് നമ്മുടെ പിൻതലമുറ പഠിക്കുവാൻ ഇടയാകട്ടെ.

നമ്മുടെ കർത്താവ് വളരെ അകലെ ആയിരുന്ന സ്വർഗത്തേയും ഭൂമിയേയും, സ്വർഗീയരേയും ഭൗമികരേയും ദൈവത്തേയും മനുഷ്യനേയും തന്റെ ത്യാഗവും യാഗവും മൂലം ഒന്നാക്കി യോജിപ്പിച്ചവനാണ്. അവന്റെ പിന്നാലെ നമുക്ക് പോകാം. അവൻ നമ്മുടെ മാതൃകയാകട്ടെ. അല്ലെങ്കിൽ നമ്മൾ ക്രൈസ്തവരല്ലെന്നു വരും. അത് സങ്കടമല്ലേ. യേശുക്രിസ്തു നമ്മളിൽ ഉയർന്നു കാണട്ടെ. കർത്താവ് നമ്മളിൽ ഉയർന്നു കാണുമ്പോൾ എല്ലാവരും അവനിലേക്ക് ആകർഷിക്കപ്പെടുമെന്നല്ലേ കർത്താവ് കല്പിച്ചത്. നമ്മുടെ കർത്താവ് സ്വന്തമായതിലേക്ക് വന്നു, സ്വന്തക്കാർ അവനെ കൈക്കൊണ്ടില്ല. അവരുടെ പുറം ഭംഗിയായിരുന്നെങ്കിലും അകം പൊള്ളയായിരുന്നു. അവരെ വെള്ളതേച്ച ശവക്കല്ലറ എന്നു വിളിക്കുകയുണ്ടായി. സഹോദരങ്ങളെ, നാം അങ്ങനെയായി തീരരുത്. ഇത് നാം എഴുതുന്നത് നിങ്ങൾ കൂടുതൽ കൃപയുള്ളവരായിത്തീരുവാനും കർത്താവിന്റെ സാക്ഷികളാകുവാനുമാണ്. ദൈവം സ്നേഹമാണ്. എല്ലാം ക്ഷമിക്കുന്നു. എല്ലാം പൊറുക്കുന്നു. സ്നേഹമില്ലെങ്കിൽ ഒന്നുമില്ല എന്നല്ലേ പ. പൗലോസ് ശ്ലീഹാ കല്പിക്കുന്നത്. നാം ചുരുക്കുന്നു. കർത്താവിൽ വീണ്ടും നമ്മുടെ സ്നേഹം. നിങ്ങൾ എന്നെ പിതാവ് എന്നു വിളിക്കുന്നു. ഞാൻ താണിറങ്ങി അപേക്ഷിക്കുന്നു. ക്ഷമിക്കുവീൻ, ക്ഷമിക്കുവീൻ, ക്ഷമിക്കുവീൻ.

പിതാവായ ദൈവത്തിന്റെ സ്നേഹവും ഏകജാതനായ പുത്രന്റെ കൃപയും പരിശുദ്ധ റൂഹായുടെ സംബന്ധവും സഹവാസവും നിങ്ങളേവരോടും നിങ്ങളുടെ കുടുംബങ്ങളോടും ഇടവകയോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

1995 നവംബർ 10-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്ന്.

7

മാർ മക്കാറിയോസിന്റെ സപ്തതി ആഘോഷം

തൊണ്ണൂറ്റാറിന്റെ തിണ്ണയിൽ തൊണ്ണകാട്ടി ചിരിച്ചുകൊണ്ടിറങ്ങി വന്നു, ആ വൃദ്ധൻ. എഴുപത്തിഅഞ്ചു വർഷക്കാലം കൊല്ലകുഴി ഭവനത്തിന്റെ ചക്രവർത്തിയായി ജീവിച്ച കുഞ്ഞച്ചൻ എന്നു വിളിക്കുന്ന ചാക്കോ - വന്ദ്യ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പിതാവ് - ആരേയും കൂസാത്ത, കുനിയാത്ത തലയെടുപ്പോടെ നടക്കുന്നു - വീട്ടുമുറ്റത്ത്.

ഇതാ ശാലീനസൗന്ദര്യം തുളുമ്പിനില്ക്കുന്ന നിഷ്ക്കളങ്കതയും ഭക്തിയും സമ്മേളിക്കുന്ന 94-ന്റെ പാദത്തിൽ ചവിട്ടി നില്ക്കുന്ന - മക്കാറിയോസ് തിരുമേനിയുടെ പ്രിയങ്കരിയായ അമ്മച്ചി - മറിയമ്മ, എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കുന്ന മറിയാം. നാലു മക്കളേയും സഭയിലൂടെ ദൈവത്തിനു സമർപ്പിച്ച കൃതാർത്ഥതയോടും സംതൃപ്തിയോടും, വാർദ്ധക്യകാല സഹായിയായ ജിജിയുടെ കൈകൾ കവർന്നു പിടിച്ച് പയ്യെ പയ്യെ നടന്നുവരുന്നു.

എഴുപതു തികയുന്ന ആദ്യജാതന്റെ സപ്തതിയാഘോഷങ്ങളുടെ നിർവൃതിയിൽ നാട്ടുകാരോടൊപ്പം, ഓമനപ്പുത്രന്റെ സ്വീകരണത്തിന് കൊല്ലകുഴി ഭവനത്തിന്റെ മുമ്പിൽ കെട്ടിഒരുക്കിയ പൂപ്പന്തലിൽ ഇരുവരും തയ്യാറായി നിന്നു.

സ്വീകരണഘോഷയാത്ര സ്വഭവനത്തിൽ നിന്നാണാരംഭിക്കുക. അതുകൊണ്ടു വീടും പരിസരവും ജനനിബിഡമായിരുന്നു. നൂറുകണക്കിനു കാറുകൾ റോഡിൽ അണിനിരന്നു തുടങ്ങി.

അപ്പോഴാണ് വീട്ടിലെത്തിയ മാധ്യമപ്രവർത്തകരിൽ ഒരാൾ തിരുമേനിയോടു ചോദിച്ചത്, "തിരുമേനിയെ മെത്രാച്ചനാക്കിയത് ആരാണ്." ഉടനടി ഉത്തരവും ലഭിച്ചു: "എന്റെ മാതാപിതാക്കൾ." ആ ഉത്തരം കേവലം ഫലിതമായി പറഞ്ഞതല്ല, മെത്രാപ്പോലീത്താ പദവിയോളം ഉയരുവാൻ തന്റെ സ്വഭാവത്തെ കരുപ്പിടിപ്പിച്ച തന്റെ മാതാപിതാക്കളെ നന്ദിയോടെ ഓർക്കുകയായിരുന്നു തിരുമേനി.

പ്രകൃതിപോലും ഈ മംഗളകരമായ സപ്തതി ആഘോഷങ്ങൾക്കു കൂട്ടുനിന്നു. മൂന്നു ദിവസമായി തോരാതെ പെയ്തുകൊണ്ടിരുന്ന പെരുമഴ കർട്ടനു പിമ്പിൽ തല ഒളിപ്പിച്ചു. മഴ ഓടിമറഞ്ഞെങ്കിലും ശക്തമായ

വെയിൽ വന്നുമില്ല. ഒരു എയർകണ്ടീഷൻ മുറിയുടെ കുളിർമ്മ പ്രകൃതിയുടെ അന്തരീക്ഷത്തിൽ നിറഞ്ഞു നിന്നു. സപ്തതിയിൽ ദേശവാസികളോട് സഹകരിച്ചു പ്രകൃതിയും.

ഒരാഴ്ച മുമ്പ് അയിരൂർ ചെറിയപള്ളിയിൽ നിന്നു വാദ്യമേളങ്ങളോടെ ആഘോഷപൂർവ്വം കൊണ്ടുവന്ന പതാക 'തീയ്യാടിക്കൽ ചത്വരത്തിൽ' ഉയർത്തിയപ്പോഴും പ്രകൃതി ഇതേ കനിവു കാട്ടി. പെരുമഴക്കാലത്ത് ഈ രണ്ടു ദിവസങ്ങളിൽ മാത്രമായി പ്രകൃതി പുഞ്ചിരിച്ചു നിന്നത് 'അത്ഭുത'മായി ആ ഗ്രാമീണവാസികൾ കരുതി.

ജനക്കൂട്ടത്തിന്റെ ശബ്ദായമാനമായ ആഘോഷത്തിമിർപ്പുകൾക്കു മദ്ധ്യേ അന്ന്, മാർത്തോമ്മാ സഭയുടെ വികാരിജനറലും മാർ മക്കാറിയോസിന്റെ കുടുംബ ബന്ധുവും ചിരകാല സുഹൃത്തുമായ റവ. സി. ജി. അലക്സാണ്ടറുടെ ഉറച്ച ശബ്ദം മൈക്കിലൂടെ ഒഴുകിവന്നപ്പോൾ അദ്ദേഹത്തിന്റെ ആഹ്വാനത്തിന് ജനം നിശബ്ദമായി ചെവി കൊടുത്തു. പതാക ഉയർത്തലിനുള്ള അറിയിപ്പായിരുന്നു അത്. മലങ്കര സഭയുടേയും, പകലോമറ്റം താഴമൺ കുടുംബത്തിന്റേയും, സമ്മേളന നഗരിയായ മാത്തൻ മാപ്പിള സ്കൂളിന്റേതുമായ മൂന്നു പതാകകൾ ഒരുമിച്ച് കൊടിമരത്തിലേക്ക് ഉയർന്നപ്പോൾ അയിരൂരിന്റെ മക്കൾ ഔപചാരികമായി അതിനെ അഭിവാദനം ചെയ്തു. ജനക്കൂട്ടത്തിന്റെ ശിരസ്സുകൾക്കു മീതെ ആ പതാകകൾ ചുരുളുകൾ വിടർത്തി പുഷ്പവൃഷ്ടി നടത്തിയപ്പോൾ ജനങ്ങളുടെ കണ്ഠങ്ങളിൽ നിന്ന് അണപൊട്ടിയ ആഹ്ലാദത്തിന്റെ ആരവങ്ങളുയർന്നു. ആ ഉദാത്ത നിമിഷത്തിന്റെ ആനന്ദത്തിൽ ഗ്രാമവാസികളുടെ കുടിപ്പകകൾ എല്ലാം മറന്ന്, ആ മംഗള മുഹൂർത്തത്തിന്റെ നിമിഷങ്ങളിലെങ്കിലും ഉച്ചനീചത്വങ്ങൾ മറന്ന്, ഒന്നായി സംഗമിച്ചു. ആ ഒരു മയ്ക്ക് തിളക്കംകൂട്ടി സപ്തതിയുടെ കൊടിമരത്തിന്റെ അഗ്രം മുട്ടിയ മാനം, മഴക്കാറ് മാറ്റി തെളിഞ്ഞു പ്രകാശിച്ചു.

ജനിച്ചു വളർന്ന കുഗ്രാമത്തിലേക്ക് മക്കാറിയോസ് മെത്രാപ്പോലീത്തായുടെ വർഷങ്ങൾക്കു ശേഷമുള്ള ഒരു തിരിച്ചുവരവായിരുന്നു അത്. അയിരൂരിന്റെ ഓമനപ്പുത്രനെ സ്വീകരിപ്പാൻ നാട് ഉണർന്നു കഴിഞ്ഞു. തീയാടിയ്ക്കലും സമ്മേളന സ്ഥലമായ സെന്റ് തോമസ് നഗറും തങ്ങളുടെ അഭിമാനഭാജനത്തെ സ്വീകരിപ്പാൻ അണിഞ്ഞൊരുങ്ങി നിന്നു. കൊടി തോരണങ്ങളാൽ റോഡുകൾ അലംകൃതമായി. ജന്മഗൃഹത്തിൽ നിന്നു സമ്മേളന സ്ഥലത്തേക്കുള്ള രണ്ടര കിലോമീറ്റർ ദൂരം പതാക വഹിച്ച വാഹനങ്ങൾ അണിനിരന്നു. സഭയുടെ രാജകുമാരനെ വരവേല്ക്കുവാൻ അലംകൃതമായ രഥം തലയും കുമ്പിട്ടു ഗൃഹാങ്കണത്തിൽ ഒതുങ്ങിക്കിടന്നു. ഗൃഹാന്തരീക്ഷം ഇന്ത്യൻ നേവി ബാന്റുമേളക്കൊഴുപ്പിൽ മുങ്ങി നിന്നു.

വീട്ടുമുറ്റത്ത് വിരിച്ചൊരുക്കിയ പന്തൽക്കീഴിൽ വർഷങ്ങൾക്കുശേഷം തിരിച്ചുവരുമ്പോൾ നേരിടുന്ന മുഖങ്ങൾക്ക് അപരിചിതത്വത്തിന്റെ പരിവേഷം. കണ്ടുമുട്ടുന്ന മുഖങ്ങൾക്കും തനിക്കുമിടയിൽ പരിചയത്തിന്റെ കണ്ണികൾ എവിടെ ഒക്കെയോ മെത്രാപ്പോലീത്തായ്ക്ക് തട്ടിയും മുട്ടിയും മുറിഞ്ഞു വീഴുന്നു. സഭാനേതാക്കൾ, രാഷ്ട്രീയാചാര്യന്മാർ, ബാല്യകാല സുഹൃത്തുക്കൾ, സാമൂഹ്യപ്രവർത്തകർ, പരിചയപ്പെടാനും എഴുപതിന്റെ മംഗളങ്ങൾ നേരാനും അണിനിരന്നവരുടെ നീണ്ടനിര അങ്ങനെ പോകുന്നു.

ചെങ്ങന്നൂർ മെത്രാപ്പോലീത്താ തോമസ് മാർ അത്താനാസ്യോസ് നയിച്ച ജന്മദിന പ്രാർത്ഥനയോടെ വാഹനഘോഷയാത്രയ്ക്കുള്ള ഒരുക്കമായി. എക്സ്. എം.എൽ.എ. ചെറുകര സി. എ. മാത്യു നീണ്ടു നീണ്ടു കിടന്ന വാഹനനിരകൾക്ക് നിർദ്ദേശങ്ങൾ നല്കിക്കൊണ്ടിരുന്നു.

ഏറ്റം മുമ്പിൽ റാലിക്കു നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് വോളണ്ടിയർ ക്യാപ്റ്റൻ നയിച്ച പൈലറ്റു ജീപ്പ്, തൊട്ടു പിമ്പിൽ ബാനർ പിടിച്ച് യൂണിഫോമിൽ പെൺകുട്ടികൾ. പിന്നീട് അയിരൂർ ചെറിയപള്ളിയുടെ പതാക വഹിച്ചുകൊണ്ട് വികാരി ഫാ. പി. ജെ. മാത്യൂസും, കുടുംബ പതാകയേന്തിയ കെ. സി. മാത്യുവും, മാത്തൻ മാപ്പിള പബ്ലിക് സ്കൂൾ പതാക പിടിച്ച് സി. പി. ഏബ്രഹാമും കയറിയ ജീപ്പു നീങ്ങി. തുടർന്ന് വാദ്യഘോഷങ്ങളുടെ സംഗീതമുതിർത്തുകൊണ്ട് ബാന്റുസെറ്റുകൾ കടന്നു പോയി. അതിനു പിന്നാലെ മക്കാറിയോസിന്റെ ചിത്രാങ്കിതമായ പതാകകളോടെ വയസ്സിനൊപ്പം 70 കാറുകൾ വീതം ഇരുവശങ്ങളിലായി നീങ്ങി. തിരുമേനിയെ വഹിച്ച രഥത്തിനു മുമ്പിൽ അംഗരക്ഷകരായ ഒരു ഡസൻ മോട്ടോർ സൈക്കിളുകൾ ഇരുവശത്തും നിരന്നു. തൊട്ടുപിന്നാലെ മെത്രാപ്പോലീത്തായിലേക്ക് ജനശ്രദ്ധ തിരിക്കുവാൻ അദ്ദേഹത്തിന്റെ സ്ഥാനമഹത്വത്തേയും ജനസേവനത്തേയും പ്രകീർത്തിച്ചുകൊണ്ട് ഫാ. എം. ടി. ജോസഫ് കോർഎപ്പിസ്ക്കോപ്പായുടെ 'അനൗൺസ്മെന്റ് കാർ' കടന്നു പോയി. അതിനു തൊട്ടുപിന്നാലെ ഇരുപുറവുമായി ഒരാൾ അംശവടിയും അപരൻ മുത്തുക്കുടയും പിടിച്ച രണ്ടു ബഹു. റമ്പാന്മാർ. അവരുടെ മദ്ധ്യേ എഴുന്നേറ്റു നിന്ന് പുഞ്ചിരിതൂകി ജനസമൂഹത്തെ സ്ലീബാ ഉയർത്തി അനുഗ്രഹിച്ചുകൊണ്ടു നിന്ന മക്കാറിയോസ് പിതാവിനെ വഹിച്ച അലംകൃതമായ രഥം മന്ദംമന്ദം കടന്നുപോകുമ്പോൾ ജനം ആവേശത്തിമിർപ്പിൽ "മക്കാറിയോസ് ജയ് ജയ്" എന്ന് ആർത്തുവിളിച്ചുകൊണ്ടിരുന്നു. അതിനു പിന്നാലെ തിരുമേനിയുടെ മാതാപിതാക്കൾ കയറിയ കറുത്ത കാറും നീങ്ങി. അതിനു പിന്നാലെ ആരാധനാവൃന്ദങ്ങളുടെ ബഹുശതം കാറുകളും ഇരുചക്രവാഹനങ്ങളും അങ്ങനെ അയിരൂർ ദേശം കണ്ടിട്ടില്ലാത്തവൻ വരവേല്പ് അയിരൂരിന്റെ പുത്രന് നല്കിക്കൊണ്ട് മന്ദം മന്ദം നീങ്ങി.

ജന്മനാടിന്റെ ഭാവുകങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടുള്ള ഘോഷയാത്ര തീയാടിക്കൽ ചത്വരത്തിൽ ഒരുക്കിയ പൂപ്പന്തലിൽ എത്തിയതോടെ നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ്, മാർത്തോമ്മാ സഭയുടെ അലക്സാണ്ടർ മെത്രാപ്പോലീത്താ, മദ്ധ്യകേരള സി.എസ്. ഐ. ബിഷപ്പ് എം. സി. മാണി, ക്നാനായ മെത്രാപ്പോലീത്താ ഏബ്രഹാം മാർ ക്ലീമ്മിസ്, നിരണം ഇടവകയുടെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ചെന്നൈ ബിഷപ്പ് യാക്കൂബ് മാർ ഐറേനിയസ്, മുൻ കേന്ദ്രമന്ത്രി പി. ജെ. കുര്യൻ, ഉമ്മൻചാണ്ടി, കല്ലൂപ്പാറ എം.എൽ.എ. ജോസഫ് എം. പുതുശ്ശേരി, റിട്ട. ഗവൺമെന്റു സെക്രട്ടറി സി. കെ. കൊച്ചുകോശി എന്നീ വിശിഷ്ടാതിഥികളും വന്ദ്യ റമ്പാന്മാരായ തേയോഫോറസ്, അപ്രേം, സിറിൽ, ഗീവറുഗീസ് എന്നിവരും ഘോഷയാത്രയോട് ചേർന്നു.

ഇതിനോടകം തീയാടിക്കൽ പ്രദേശം മനുഷ്യ മഹാസമുദ്രമായി മാറിക്കഴിഞ്ഞിരുന്നു. കമാനങ്ങളും തോരണങ്ങളും മുത്തുക്കുടകളും കൊണ്ട് കുലകന്യകയെപ്പോലെ അണിഞ്ഞൊരുങ്ങിയ വീഥിയിലൂടെ സഹസ്രങ്ങളുടെ മദ്ധ്യേ ഒഴുകുന്ന രഥത്തിൽ എഴുന്നേറ്റു നിന്ന് അഭിവാദനം ചെയ്ത് അനുഗ്രഹിക്കുന്ന മക്കാറിയോസ് പിതാവിനെ കൺകുളിർക്കെ കണ്ട് ജനം ആനന്ദനിർവൃതിയടഞ്ഞു. ക്രിസ്ത്യാനിയും ഹിന്ദുവും മുസൽമാനും കൈകോർത്തു പിടിച്ചുകൊണ്ടും, ഓർത്തഡോക്സുകാരനും, മാർത്തോമ്മാക്കാരനും, റോമാസഭക്കാരും, സി.എസ്.ഐ. ജനവും തോളോട് തോളുരുമ്മിയും കർഷകനും, വ്യാപാരിയും, മുതലാളിയും തൊഴിലാളിയും ആണും പെണ്ണും, എല്ലാം മറന്ന് ഒന്നായി ആബാലവൃദ്ധം ഒന്നിച്ചുരുകി ഒലിച്ച് ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങി. 'സെന്റ് തോമസ് നഗർ' പൂഴി നുള്ളിയിടാനിടമില്ലാത്തവിധം ജനനിബിഡമായി.

'മറുനാടിന്റെ പ്രേഷിത ചൈതന്യം' എന്ന് അന്നത്തെ 'ദീപിക' പത്രത്തിന്റെ വിശേഷാൽ പതിപ്പിൽ വിശേഷിപ്പിച്ച വ്യക്തിപ്രഭാവത്തിൽ അഹന്തയില്ലാത്ത ആ ആത്മീയാഘോഷം നാട്ടുകാരുടെ ഉത്സവമായി മാറിക്കഴിഞ്ഞിരുന്നു.

സപ്തതിയെ അനുസ്മരിക്കുന്ന 70 കതിനാവെടികളുടെ ഗംഭീര മുഴക്കം പ്രദോഷാന്തരീക്ഷത്തെ ഭേദിച്ചപ്പോൾ ദീപാലംകൃതമായ തീയാടിക്കൽ പ്രദേശം പ്രകമ്പനംകൊണ്ടു. ഇടുങ്ങിയ വീഥികൾ പോലും പച്ചയും ചുവപ്പും വെള്ളയും ഇടകലർന്ന ദീപാലങ്കാരങ്ങളാൽ ശോഭിതമായിരുന്നു. കടകമ്പോളങ്ങളുടെ മുമ്പിൽ വൈദ്യുത ദീപമാലകൾ വിവിധ രൂപരേഖകൾ തീർത്തു. ഉയർന്നുനിന്ന ചെറിയപള്ളി കുരിശിൻ നെറുകയിൽ സഭയുടേയും ഇരുവശങ്ങളിലും കുടുംബത്തിന്റേയും സ്കൂളിന്റേയും പതാകകൾ കാറ്റിന്റെ വേഗമനുസരിച്ചു ആടിക്കളിച്ചു നിന്നു. അയിരൂരിന്റെ സഭാനേതാവിനെ ആദരിക്കാൻ ആത്മാനുമോദനത്തിന്റെ

ഉല്ലാസത്തോടെ നടക്കാനും ഹർഷാരവം മുഴക്കാനും ആടാനും പാടാനുമായി ജനം സൈക്കിളുകളിലും ബസ്സുകളിലും ട്രക്കുകളിലുമായി ജാതിഭേദമില്ലാതെ ഒഴുകി അടുത്തു തുടങ്ങി. ഭോജനശാലകളിലും പാനീയകടകളിലും തിങ്ങിനിറഞ്ഞ ജനം റോഡിലേക്ക് ഞെങ്ങി നീങ്ങിത്തുടങ്ങി. നടപ്പാതകളിൽ ദേശത്തിലെ സമസ്ത ജനങ്ങളും ആഹ്ലാദോന്മത്തരായി തടിച്ചുകൂടി. കൊട്ടാരസദൃശങ്ങളായ മഹാ സൗധങ്ങൾതൊട്ട് അങ്ങകലെ കോളനികളിലെ ചേരികൾ വരെയും ഉത്സവ പ്രതീതിയോടെ ആഹ്ലാദതിമിർപ്പിൽ ആടിത്തകർത്തു. ബാലികാബാലന്മാർ ബലൂണുകൾ പറപ്പിച്ചും മാലപ്പടക്കങ്ങൾ പൊട്ടിച്ചും പൂത്തിരികൾ കത്തിച്ചും അവരുടെ സന്തോഷം പ്രകടിപ്പിച്ചു.

ഭൂമുഖത്തിന്റെ മറുഭാഗത്തു ജീവിക്കുന്ന ഭാരതമക്കളെ അവിടെയിരുന്ന് ആത്മീയ മണ്ഡലത്തിലേക്കു നയിക്കുന്ന മക്കാറിയോസ് പിതാവിനെ, കേരളസമൂഹത്തിനും പരിവർത്തനം വരുത്താനുള്ള ക്ഷണമായിരുന്നു അയിരൂരിന്റെ ഈ സ്വീകരണം സൂചിപ്പിച്ചത്.

വൈതരണികളെ തട്ടിമാറ്റി ഉൾക്കരുത്തിന്റേയും വൈജ്ഞാനികതയുടേയും ശക്തിയിൽ നീങ്ങുന്ന പകലോമറ്റത്തിന്റെ മകനായ മാർ മക്കാറിയോസിനു സഭയുടെയും സമൂഹത്തിന്റെയും വർത്തമാനകാലത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുണ്ടെന്ന് ഇതിനോടകം അദ്ദേഹം തെളിയിച്ചിട്ടുണ്ട്. പ്രാർത്ഥനാ ജീവിതമാണ് അന്തിമവിജയം നേടുന്നതെന്ന് കാട്ടിത്തന്ന പരുമലയിലെ പുണ്യ പരിശുദ്ധന്റെയും ഭക്തിമാർഗ്ഗം കളങ്കമില്ലാതെ കാത്തുസൂക്ഷിക്കാൻ പഠിപ്പിച്ച പ. ഗീവർഗീസ് ബസേലിയോസ് ബാവായും വിശ്വാസ സ്വാതന്ത്ര്യ തത്വങ്ങൾക്കുവേണ്ടി നെഞ്ചുകാട്ടി പോരാടിയ പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയും കടന്നുപോയ പാതകളിലൂടെ എഴുപതിലും യുവത്വം നിലനിർത്തിക്കൊണ്ട് തലയെടുപ്പോടെ നീങ്ങുന്ന മാർ മക്കാറിയോസിനെ ജനം കൺകുളിർക്കെ കണ്ടു നിർവൃതിയടഞ്ഞു.

പൗരാണിക പകലോമറ്റത്തിന്റെ ആസ്ഥാനത്തിനുമേൽ കനകസിന്ദൂര പ്രഭ പരത്തി വിടരുന്ന സായാഹ്നമേ! സ്വാഗതം! മലങ്കരയുടെ ശക്തി ദുർഗ്ഗമായ അയിരൂരിന്റെ ഓമനപ്പുത്രാ അങ്ങേയ്ക്കു സ്വാഗതം! എന്ന് മൈക്കിലൂടെ ഒഴുകിവന്ന സംഗീതം ജനസമൂഹത്തെ ഹരം പിടിപ്പിച്ചു. നിരനിരയായി ഒഴുകുന്ന കാറുകളിലും ലോറികളിലും ഓട്ടോറിക്ഷാകളിലുമായി കവിഞ്ഞൊഴുകിവന്ന ജനം നടന്നും ഓടിയും ഒരേ ലക്ഷ്യത്തിലേക്ക് നീങ്ങുന്നു. സങ്കല്പിക്കാവുന്ന എല്ലാ തരത്തിലും നിറത്തിലും ഉത്സാഹമോടിയിൽ തിളങ്ങുന്ന വസ്ത്രങ്ങൾ ധരിച്ച് പുരുഷന്മാരും തങ്ങൾക്കുള്ള മുഴുവൻ ആഭരണങ്ങളും കൈയിലും കാതിലും വിരലിലും അണിഞ്ഞ സ്ത്രീകളും മുത്തുക്കുടകളുടേയും തോരണവിതാനങ്ങളുടെയും മദ്ധ്യേ തിങ്ങി ഒഴുകിനീങ്ങി.

ഒരു കൊച്ചുനിമിഷ നേരത്തേക്ക് സാഹോദര്യത്തിന്റെ ആ പടയണിയിൽ സ്ഥാനമഹിമയും മതവും ജാതിയും ഒക്കെ അപ്രത്യക്ഷമായിരിക്കുന്നു. ബ്രാഹ്മണരും, തണ്ടാനും, നായരും, പുലയനും, ക്രിസ്ത്യാനിയും, മുസൽമാനും ഒന്നിച്ചു ചിരിച്ച്, ഹർഷാരവം മുഴക്കി, വികാരവായ്പിൽ കരഞ്ഞു.

വിവിധ സഭകളെ പ്രതിനിധാനം ചെയ്ത സഭാപിതാക്കന്മാരും പ്രത്യേക ക്ഷണിതാക്കളും, രാഷ്ട്രീയാചാര്യന്മാരും പ്രത്യേകം തയ്യാർ ചെയ്തിരുന്ന തണ്ണീർപന്തലിൻ കീഴിൽ നാടിന്റെ സ്നേഹം ഏറ്റുവാങ്ങി ജനങ്ങളെ വാഴ്ത്തി അനുഗ്രഹിച്ചു മന്ദംമന്ദം നീങ്ങുന്ന പകലോമറ്റം അർക്കദയാക്കോന്മാരുടെയും മാർത്തോമ്മാമാരുടെയും അനന്തരഗാമിയായ മാർ മക്കാറിയോസിന്റെ വരവേല്പ് ദർശിച്ചുകൊണ്ടു നിന്നു. ആവേശത്തിരത്തള്ളലിൽ മുൻനിരയിൽ ആർത്തുവിളിച്ചു മുന്നേറുന്ന യുവജനങ്ങൾക്ക് ആവേശം പകർന്നു കൊടുത്തുകൊണ്ട് ജയ് വിളികൾക്കു നേതൃത്വം നല്കി നീങ്ങുന്നത് കൈപ്പട്ടൂർ സി. ജോർജ്ജ് സാറും കളമ്പാലെ കൊല്ലകുഴിയിൽ ജോർജ്ജുകുട്ടിയും ആയിരുന്നു.

തീയാടിക്കൽ മുതൽ സെന്റ് തോമസ് നഗർ വരെ അക്ഷരാർത്ഥത്തിൽ തിങ്ങിവിങ്ങി ജനം ഒഴുകി നീങ്ങുകയായിരുന്നു. അവരുടെ മദ്ധ്യത്തിലൂടെ അയിരൂരിന്റെ പ്രശസ്ത പുത്രൻ മാർ മക്കാറിയോസ് വേദിയിലേക്ക് ആനയിക്കപ്പെട്ടപ്പോൾ കോട്ടയം 'ശ്രുതി ഗായകസംഘം' മധുരസംഗീതം ഉതുർക്കുകയായിരുന്നു.

ഹാരാർപ്പണത്തിന്റെയും ഭാവുകാശംസകളുടെയും ഊഴമായി. കൊറ്റനാടു പഞ്ചായത്തിനുവേണ്ടി പ്രസിഡന്റ് ഉണ്ണികൃഷ്ണൻ നായരും, അയിരൂർ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീധരൻനായരും വലിയകുന്നം പൗരസമിതിക്കുവേണ്ടി ഭാസ്ക്കരൻ നായരും ആയിരുന്നു ആദ്യം ഹാരാർപ്പണം നടത്തിയത്. ആ മൂന്നു നായർ പ്രമാണികളും അർപ്പിച്ച പൂമാലകൾ മതമൈത്രിയേയും ഗ്രാമീണ ഒരുമയേയും വിളിച്ചോതിക്കൊണ്ട് മെത്രാപ്പോലീത്തായുടെ ഗളത്തിൽ ശോഭിച്ചു കിടന്നു. തുടർന്ന് അയിരൂർ ചെറിയപള്ളി, കുരിശുമുട്ടം, കൊറ്റനാട്, കുമ്പളന്താനം, അരയുഴം, അയിരൂർ ചായൽ, റാന്നി കുറ്റിയാനി, തോട്ടമൺ, മതാപ്പാറ, കാട്ടൂർ തുടങ്ങി അയിരൂരും പരിസരങ്ങളിലുമുള്ള എല്ലാ ക്രിസ്തീയ ദേവാലയങ്ങളുടേയും വിവിധ സഭാപ്രതിനിധികളും സ്കൂളുകൾ, ബാങ്കുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധികളും, വ്യാപാര വ്യവസായി സംഘടന, പത്രപ്രതിനിധികൾ തുടങ്ങിയവരും മാല്യങ്ങൾ അർപ്പിച്ചു ഭാവുകങ്ങൾ നേർന്നു. മഞ്ഞിനിക്കര ദയറാ, കുണ്ടറ സെമിനാരി, കുന്നംകുളം ബഥനി സ്കൂൾ, മലങ്കര കത്തോലിക്കാ അരമന എന്നിവയുടെ പ്രതിനിധികളും എത്തി സമ്മാനങ്ങൾ നല്കി.

ഹൃദയസ്പർശകമായ ഒരു രംഗം

ആ മഹാസമ്മേളനത്തിൽ ഏറ്റം ഹൃദയസ്പർശിയും ജനങ്ങളുടെ മുഴുവൻ ശ്രദ്ധയും ആകർഷിച്ച ഒരു രംഗം മാർ മക്കാറിയോസിന്റെ വൃദ്ധ മാതാപിതാക്കൾ തങ്ങളുടെ ഓമന മകന് ഉപഹാരങ്ങൾ നല്കിയ രംഗമായിരുന്നു. പൂഞ്ചെണ്ടുമായി വേച്ചുവേച്ച് നടന്നടുക്കുന്ന തന്റെ അമ്മച്ചിയെ കണ്ട് തിരുമേനി വേദിയിൽ നിന്ന് താഴേക്ക് ഇറങ്ങി വന്ന് സ്നേഹമുള്ള മാതൃഹസ്തങ്ങളിൽ നിന്നും ജന്മദിന പൂഞ്ചെണ്ടുകൾ ഏറ്റുവാങ്ങവെ അതൊരു ദൃഢാലിംഗനത്തിൽ അവസാനിച്ചു. ഒരു കൊച്ചു കുഞ്ഞായി മാറി ആ വിശ്വപൗരൻ അപ്പോൾ. അമ്മച്ചിയുടെ തോളിലേക്ക് ചാരി മുത്തം കൊടുത്ത് ആ മാതൃസ്നേഹത്തിന്റെ ഊഷ്മളതയിൽ നിമിഷങ്ങളോളം അദ്ദേഹം ലോകം മുഴുവൻ വിസ്മരിച്ചതുപോലെ നിന്നു. മാതൃസ്നേഹം ഏറ്റുവാങ്ങിയശേഷം പിതാവിന്റെ വിറയാർന്ന കരങ്ങളിൽ നിന്നും പൂഞ്ചെണ്ടു ഏറ്റുവാങ്ങിയ തിരുമേനിയെ കുറ്റിക്കണ്ടത്തിൽ കുടുംബനാഥൻ ഇറുകെ പുല്കി ചുംബനമർപ്പിച്ചു. വൃദ്ധമാതാപിതാക്കളുടെ സ്നേഹത്തിൽ അലിഞ്ഞലിഞ്ഞ് അമേരിക്കൻ ഭദ്രാസനാധിപൻ ഒരു 'കൊച്ചു തങ്കച്ചനായി' മാറിയ രംഗം ജനത്തെ കോരിത്തരിപ്പിച്ചു.

അർദ്ധചന്ദ്രാകൃതിയിൽ തിരുമേനിയെ നടുവിലാക്കി നിന്ന് മാത്തൻ മാപ്പിള സ്കൂളിലെ പിഞ്ചു കുരുന്നുകൾ പാടിയ 'ഹാപ്പി ബർത്ത്ഡേ' ഗാനത്തിന്റെ പശ്ചാത്തലത്തിൽ, എരിയുന്ന വർണ്ണത്തിരികൾ ഊതിക്കെടുത്തി മെത്രാപ്പോലീത്താ ജന്മദിന കേക്കു മുറിച്ചപ്പോൾ നീണ്ട കരഘോഷവും പടക്കവും അന്തരീക്ഷത്തിൽ മാറ്റൊലി കൊണ്ടു. അതോടു ചേർന്ന് ജനം ഒരുമിച്ചു "ഹാപ്പി ബർത്ത്ഡേ" ഗാനം ഏറ്റുപാടി. അപ്പോൾ തിരുമേനിയുടെ ചിത്രം വച്ച പാക്കറ്റുകളിൽ വോളണ്ടറിയന്മാർ തിങ്ങിനിന്ന ആയിരങ്ങളുടെ ഇടയിൽ കേക്ക് വിതരണം നടത്തി.

അതോടെ മഹാസമ്മേളനം ആരംഭിക്കയായി. പരിശുദ്ധ കാതോലിക്കാ ബാവാ അദ്ധ്യക്ഷനാകാമെന്ന് സമ്മതിച്ചിരുന്നെങ്കിലും അപ്രതീക്ഷിതമായുണ്ടായ കൃത്യാന്തര ബഹുലതയാൽ ആ ചുമതല നിയുക്ത കാതോലിക്കായെ ഭരമേല്പിച്ചിരുന്നു. നിയുക്ത ബാവാ മാർ തീമോത്തിയോസിന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം ആരംഭിച്ചു.

തിരുമേനിയുടെ ബാല്യകാല സുഹൃത്തും കുടുംബാംഗവുമായ മാർത്തോമ്മാ സഭയുടെ വികാരി ജനറൽ ബ. സി. ജി. അലക്സാണ്ടർ അച്ചൻ സ്വാഗതം ആശംസിച്ചുകൊണ്ടിരുന്നപ്പോൾ ഓരോ വിശിഷ്ടാതിഥിയേയും പിഞ്ചോമനകൾ റോസാപുഷ്പങ്ങളുടെ ബൊക്കെകൾ നല്കി ആദരിച്ചു.

ഏബ്രഹാം മാർ ക്ലിമിസിന് നേരത്തെ പോകേണ്ടിയിരുന്നതിനാൽ അദ്ദേ

ഹമാണ് ആദ്യം പ്രസംഗിച്ചത്. നർമ്മരസം തുളുമ്പുന്ന ഭാഷയിൽ അദ്ദേഹം നാട്ടുകാരായ റാന്നിക്കാരോടു ഒരു പരിഭവം പറഞ്ഞുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. "എനിക്ക് ഇങ്ങനെ ഒരു സ്വീകരണം 80 കഴിഞ്ഞിട്ടും എന്റെ നാട്ടുകാരോ സമുദായക്കാരോ നല്കിയിട്ടില്ല. ഈ സ്വീകരണം റാന്നിക്കാർ ഒന്നു കണ്ടിരുന്നെങ്കിൽ! മാർ മക്കാറിയോസ് ഭാഗ്യവാനാണ്. സ്വന്തം മാതാപിതാക്കളെ മുന്നിലിരുത്തി സപ്തതി ആഘോഷിക്കുവാൻ ഭാഗ്യം ലഭിച്ചവൻ! മാർ മക്കാറിയോസ് ബുദ്ധിമാനാണ്, ധൈര്യശാലിയാണ്, വിദ്യാവിചക്ഷണനാണ്, ഭരണപടുവാണ്, ശാസ്ത്രീയ ചിന്താഗതിക്കാരനാണ്. 21-ാം നൂറ്റാണ്ടിലേക്ക് മലങ്കരസഭയെ നയിക്കാൻ എന്തുകൊണ്ടും പറ്റിയ ധിഷണാശാലിയാണ്. അനതിവിദൂര ഭാവി അതു കാണും." ക്നാനായ സമുദായത്തിന്റെ ഭാവുകങ്ങൾ അർപ്പിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു.

മാർത്തോമ്മാ മെത്രാപ്പോലീത്തായും പ്രസംഗം ആരംഭിച്ചതു തന്നെ മാർ മക്കാറിയോസിന്റെ മാതാപിതാക്കളെ അനുസ്മരിച്ചു കൊണ്ടാണ്. അദ്ദേഹം ചോദിച്ചു; "നാലു മക്കളെ ദൈവത്തിനു നല്കിയശേഷം മൂത്ത മകന്റെ സപ്തതി ആഘോഷിക്കാൻ മുൻനിരയിലെത്തിയ 95 കഴിഞ്ഞ മാതാപിതാക്കളേക്കാൾ ഭാഗ്യം ആർക്കുണ്ടു? എനിക്ക് ഇങ്ങനെ ഒരു ഭാഗ്യം ലഭിച്ചിട്ടില്ല." മാർത്തോമ്മാ സഭയുടെ ഭാവുകങ്ങൾ അർപ്പിച്ചുകൊണ്ട് മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ഭദ്രദീപം കൊളുത്തി സമ്മേളനം ഉത്ഘാടനം ചെയ്തു.

"അയിരൂരിനെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്. മക്കാറിയോസ് തിരുമേനിക്കു ജന്മം നല്കിയ ഈ നാട് ഒരു പുണ്യഭൂമിയാണ്" എന്നു പറഞ്ഞുകൊണ്ടാണ് അദ്ധ്യക്ഷൻ നിയുക്ത കാതോലിക്കാ ബാവാ മാർ തീമോത്തിയോസ് തന്റെ പ്രസംഗമാരംഭിച്ചത്. അദ്ദേഹം പറഞ്ഞു: "ഒരു നാട് ദൈവികമാകുന്നത്, ഉത്തമ പൗരന്മാർ ഉണ്ടാകുമ്പോഴാണ്. മക്കാറിയോസിന്റെ നാടും ഭവനവും ദൈവികമായിരിക്കുന്നതിനാലാണ് അവയെക്കുറിച്ച് അഭിമാനമുണ്ടെന്ന് ഞാൻ ആദ്യം പറഞ്ഞത്. മലങ്കരസഭയ്ക്കു മറക്കാനാവാത്ത ഒരു വീടാണ് തിരുമേനിയുടേത്. സഭയുടെ ഉന്നത സ്ഥാനങ്ങളിലേക്ക് നാലു പ്രശസ്ത മക്കളെ സംഭാവന ചെയ്ത വീടും മാതാപിതാക്കളും നിത്യ സ്മരണാർഹരാണ്. തിരുമേനിയുടെ ഇവിടുത്തെ ആദ്യകാല ദുഃഖങ്ങൾ പില്ക്കാല സന്തോഷത്തിന്റെ മുന്നോടിയായിരുന്നു. മലങ്കരസഭയ്ക്ക് തിരുമേനിയെക്കുറിച്ച് അഭിമാനിക്കാനേ ഉള്ളു. ദുഃഖത്തോടെ ഇറങ്ങിപ്പോയി നാട്ടിലേക്കു സഭയുടെ അഭിമാനഭാജനമായി തിരിച്ചെത്തിയിരിക്കുന്ന തിരുമേനിക്ക് നാട്ടുകാരോടൊപ്പം മലങ്കരസഭയുടെ ഭാവുകങ്ങൾ."

സി.എസ്.ഐ. യുടെ ബിഷപ്പ് എം. സി. മാണി, നായർ, ഈഴവ സമു

ദായ നേതാക്കൾ, മുൻ കേന്ദ്രമന്ത്രി പി. ജെ. കുര്യൻ, മുൻ സെക്രട്ടറി കൊച്ചുകോശി ഐ.എ.എസ്. തുടങ്ങിയവർ ഹൃദ്യഭാഷയിൽ ഭാവുകങ്ങൾ നേർന്നു പ്രസംഗിച്ചു.

മക്കാറിയോസ് ഫൗണ്ടേഷൻ

സമൂഹനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ രൂപീകൃതമായ 'മക്കാറിയോസ് ഫൗണ്ടേഷ"ന്റെ ഉത്ഘാടനം നിരണം ഇടവകയുടെ മാർ ഒസ്താത്തിയോസും ഫൗണ്ടേഷന്റെ നാമത്തിൽ മക്കാറിയോസ് തിരുമേനിയുടെ എഴുപതു വർഷത്തെ ജീവിതത്തെ അനുസ്മരിച്ച് 70 കുടുംബങ്ങൾക്ക് വീടുകൾ നല്കുന്നതിനും കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനുമുള്ള 'മക്കാറിയോസ് ചാരിറ്റിഫണ്ടി'ന്റെ ഉത്ഘാടനം മാർ ഐറേനിയസും നിർവഹിച്ചു.

താഴെപ്പറയുന്ന നിർദ്ധനരായ ജനങ്ങൾക്ക് കുട്ടികളുടെ പഠനത്തിനും ഭവന നിർമ്മാണത്തിനുമായുള്ള സാമ്പത്തിക സഹായങ്ങൾ സദസ്സിൽ വച്ചു തന്നെ നല്കി.

വി. ജി. ഉമ്മൻ – വടക്കേ നരുവഞ്ചിയിൽ, കോറ്റാത്തൂർ.
രമണി അമ്മാൾ – പറക്കാലായിൽ, ലക്ഷം വീട്, മൂക്കന്നൂർ.
തോമ്മാ – ചിറപ്പുറം, തേക്കുങ്കൽ.
ജോർജ്ജ് മട്ടുമ്മേൽ
സരോജനി. കെ.
ചാക്കോ സൈമൺ.
ചിന്ന പൊടിയൻ.
ശാരദാ ഗോപി.
ജാനകി ശ്രീധരൻ.

തുടർന്ന് നടന്ന മക്കാറിയോസിന്റെ മറുപടി പ്രസംഗം വികാര സാന്ദ്രവും നർമ്മരസം തുളുമ്പുന്നതുമായിരുന്നു. അദ്ദേഹം പ്രസംഗം ആരംഭിച്ചത് ഇപ്രകാരമായിരുന്നു: "നാലു വയസ്സുള്ളപ്പോൾ ഞങ്ങളുടെ പടിക്കലൂടെ കടന്നുപോയ ഒരു കാർ കാണാൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നിടത്തുനിന്ന് ഓടി റോഡുവക്കത്ത് അത്ഭുതത്തോടെ കടന്നു പോയ കാർ കണ്ട ഞാൻ ഇന്ന് അതേ തറവാട്ടിൽനിന്നു നൂറു നൂറു കാറുകളുടെ അകമ്പടിയോടെ ആഘോഷപൂർവ്വം സ്വീകരിക്കപ്പെട്ടത്, ഒരു ദൈവനിയോഗമാണ്.

എന്നെ മെത്രാച്ചനാക്കിയത് ആരെന്നു ചോദിച്ച പത്രക്കാരോട്, "എന്റെ അമ്മച്ചി" ആണെന്നു ഞാൻ മറുപടി പറഞ്ഞു. എന്റെ മുന്നിലിരിക്കുന്ന ഈ അമ്മച്ചിയുടെ തലയിൽ ചൂടിയിരുന്ന പഴന്തുണി, കണികണ്ടാണ്

ഞാൻ എന്റെ ചെറുപ്പകാലത്ത് എന്നും വെളുപ്പിനെ ഉണർന്നിട്ടുള്ളത്. ആ സമയം അമ്മച്ചി എഴുന്നേറ്റിരുന്ന് രഹസ്യ പ്രാർത്ഥന നടത്തുകയായിരിക്കും. അന്ന് കാണിച്ചുതന്ന മാതൃകയുടെയും പഠിപ്പിച്ചുതന്ന പ്രാർത്ഥനയുടെയും ഫലമായിട്ടാണ് അന്ന് അമ്മച്ചിയുടെ തലയിൽ കിടന്ന പഴന്തുണി ഇന്ന് ശ്രേഷ്ഠ മസ്നപ്പ്സാ ആയി എന്റെ തലയിലെത്തിയത്."

അദ്ദേഹം തുടർന്നു, "ഞാൻ ഈ നാടു വിട്ടിട്ട് 43 വർഷങ്ങളായി. അതിൽ പതിനൊന്നു വർഷം ഡൽഹിയിലും മുപ്പത്തിമൂന്നു വർഷം അമേരിക്കയിലും കഴിഞ്ഞു കൂടിയിട്ട് ഒരു മുടിയൻപുത്രന്റെ തിരിച്ചുവരവാണ് ഇന്നു നിങ്ങൾ കണ്ടത്. എന്നാൽ നല്ലവരായ എന്റെ നാട്ടുകാർ ഒരു മുടിയൻ പുത്രനെപ്പോലെയല്ല എന്നെ ഇന്നു സ്വീകരിച്ചത്. എന്റെ എല്ലാ വളർച്ചയുടെയും ആരംഭം കുറിച്ച ആ കൊച്ചു വീട്ടിൽ നിന്ന് ഇന്ന് ഗംഭീരസ്വീകരണം നല്കി എന്നെ എതിരേറ്റു. നിങ്ങൾ എന്നെ എങ്ങനെ കാണുന്നുവെന്ന് എനിക്കറിഞ്ഞു കൂടാ.

'കുറിച്ചിയിലെ വലിയബാവാ' എന്നു കേൾക്കുമ്പോൾ വലിയ നീണ്ട താടിയും വെൺചാമര മീശയുമുള്ള ഒരു പരിശുദ്ധൻ നമ്മുടെ മനസ്സിലേക്കോടിവരും. എന്റെ അരികിലിരിക്കുന്ന മാർ ഒസ്താത്തിയോസിനെ കാണുമ്പോൾ ഒരു വലിയ സുവിശേഷകൻ എന്ന ഓർമ്മ നമ്മുടെ മുന്നിലെത്തും.

എന്നാൽ മക്കാറിയോസ് എന്നു കേൾക്കുമ്പോഴോ? ഞാനോർക്കുന്നു, മുമ്പൊരിക്കൽ ബഥനി സഹോദരികൾ നടത്തിയിരുന്ന പാമ്പാടിയിലെ അഭയഭവൻ സന്ദർശിക്കാൻ ഞാനൊരിക്കൽ അതിന്റെ ആരംഭകാലത്തു പോയി. അന്ന് അന്തേവാസികൾക്കു വേണ്ടത്ര ടോയിലറ്റ് സൗകര്യങ്ങളില്ലെന്ന് കണ്ട് കുറെ കക്കൂസുകൾ പണിയാനുള്ള പണം ഞാൻ സിസ്റ്റർമാരെ ഏല്പിച്ചിട്ടു പോയി. പിന്നീടൊരിക്കൽ ആ സിസ്റ്റേഴ്സ് എന്നെ കാണാൻ കോട്ടയത്തു വന്നപ്പോൾ എന്നോടു പറഞ്ഞത് ഓർക്കുന്നു, "ആ കക്കൂസുകൾ കാണുമ്പോൾ ഞങ്ങൾ തിരുമേനിയെ ഓർക്കും." അതൊക്കെയാണ് ഇന്നാട്ടിൽ എന്നെപ്പറ്റിയുള്ള ഓർമ്മ."

ഇത്രയും പറഞ്ഞപ്പോഴേക്കും സദസ്സ് കൂട്ടച്ചിരിയിൽ മുങ്ങി. അദ്ദേഹം പ്രസംഗത്തിലെ നർമ്മരസത്തിന്റെ മാലപ്പടക്കത്തിന് തിരികൊളുത്തിയതേ ഉള്ളു. അദ്ദേഹം തുടർന്നു, "ഞാൻ സായ്പിന്റെ നാട്ടിൽ എത്തിയിട്ടും എന്റെ നാടിന്റെ സംസ്ക്കാരമോ എന്റെ സഭയുടെ വിശ്വാസമോ നമ്മുടെ സഭ നല്കിയ വേഷമോ ഒന്നും കളഞ്ഞു കുളിക്കാൻ തയ്യാറായില്ല. ഞാൻ ആദ്യം ബഫലോയിൽ താമസിക്കാൻ ചെന്ന കാലത്ത് അയല്ക്കാരനായ ഒരു കൊച്ചുകുട്ടി, എന്നെ കണ്ടു ഭയന്ന് അലറി വിളിച്ച് ഓടി അമ്മയുടെ അടുത്തു ചെന്നു പറഞ്ഞു: "അമ്മേ ഏതാണ്ടു വരുന്നു." തന്നെ പിടി

ക്കാൻ വരുന്ന ഏതോ ഭൂതമാണെന്നു കരുതി അവൻ ഓടിയത് ഇപ്പോൾ ഓർമ്മിക്കുന്നു.

ഞാൻ ആദ്യം 'അൽമാ' കോളജിൽ പഠിപ്പിക്കാൻ ചുവന്നകുപ്പായവും മസ്നപ്പ്സായും ഒക്കെ ഇട്ട് ചെന്നപ്പോൾ കുട്ടികൾ കൂട്ടമായി വന്ന് എന്നോടു "ഈ ബഫൂൺ വേഷം" മാറണമെന്ന് ആവശ്യപ്പെട്ടതും ഓർക്കുന്നു. "ഒരാഴ്ച കഴിഞ്ഞ് വീണ്ടും നിങ്ങൾക്ക് അതുതന്നെ തോന്നുന്നുവെങ്കിൽ വീണ്ടും പറയുക, അപ്പോൾ ചിന്തിക്കാം" എന്നു പറഞ്ഞുവിട്ടു.

ഞാൻ മതങ്ങളെയും സംസ്ക്കാരങ്ങളെയും മറ്റും പറ്റി പഠിപ്പിക്കുന്ന ഡിപ്പാർട്ടുമെന്റിലാണ്. കിഴക്കൻ സഭകളുടെ പാരമ്പര്യങ്ങളെക്കുറിച്ചുള്ള എന്റെ ഒരാഴ്ചത്തെ ക്ലാസ്സ് കഴിഞ്ഞതോടെ "ഈ വേഷം മാറരുതേ" എന്നു പറയാൻ അവർ കൂട്ടമായി വീണ്ടും വന്നതും ഓർക്കുന്നു.

പാരമ്പര്യം നഷ്ടപ്പെടുത്താത്തതിന് എനിക്കവർ ഓണററി ഡോക്ടറേറ്റു നല്കുകയും ചെയ്തു.

'മക്കാറിയോസ്' എന്നാൽ 'ഭാഗ്യവാൻ' 'അനുഗ്രഹിക്കപ്പെട്ടവൻ' എന്നൊക്കെയാണർത്ഥം. ഞാൻ എല്ലാവിധത്തിലും ഭാഗ്യവാൻ തന്നെ."

അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ നനഞ്ഞിരുന്ന കണ്ണുകൾ തുടയ്ക്കുന്നതു കണ്ടു. അത്രയ്ക്ക് അദ്ദേഹം വികാര വിവശനായിരുന്നു അന്ന്.

ജനങ്ങൾ സമർപ്പിച്ച മംഗളപത്രവും പത്രവാർത്തകളും അന്യത്ര ചേർക്കുന്നു. ദീപിക പത്രം ഒരു സ്പെഷൽ പതിപ്പ് തന്നെ ഇറക്കി ആദരിച്ചു. മലയാള മനോരമ നല്ല ഒരു മുഖപ്രസംഗം എഴുതി. ചില വാരികകൾ മക്കാറിയോസ് സപ്തതി സ്പെഷൽ പതിപ്പ് പ്രസിദ്ധീകരിച്ചു.

മംഗളപത്രം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായും കാനഡാ – യൂറോപ്പ് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായുമായ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി ആഘോഷ സുദിനത്തിൽ അയിരൂർ പകലോമറ്റം താഴമൺ കുടുംബാംഗങ്ങൾ ആദരപുരസ്സരം സമർപ്പിക്കുന്ന മംഗളപത്രം.

അഭിവന്ദ്യ പിതാവേ!

70 നീണ്ട വർഷങ്ങൾ പിന്നിട്ട യുവാവായ അങ്ങയോടൊപ്പം ഈ മംഗള ജന്മദിനത്തിൽ അങ്ങയുടെ കുടുംബമായ അയിരൂർ പകലോമറ്റം താഴ

മൺ കുടുംബത്തിലെ ആബാലവൃദ്ധം അംഗങ്ങളും സന്തോഷിക്കുകയും ആശംസയുടെ മലർച്ചെണ്ടുകൾ അങ്ങേയ്ക്ക് അർപ്പിക്കുകയും ചെയ്യുന്നു.

ഇന്ത്യയുടെ അപ്പോസ്തോലനും കാവൽപ്പിതാവുമായ മാർത്തോമ്മാ ശ്ലീഹായാൽ എ.ഡി. 52-ൽ പാലയൂർ വച്ച് സ്നാനവും പൗരോഹിത്യ നൽവരവും നൽകപ്പെട്ട പകലോമറ്റം ഇല്ലത്തെ പുരോഹിത ശ്രേഷ്ഠന്മാർ നൂറ്റാണ്ടുകളായി കേരള ക്രൈസ്തവ ജനതയ്ക്കു നല്കിയ അനിഷേധ്യമായ നേതൃത്വം 20-ാം നൂറ്റാണ്ടിൽ അങ്ങയിൽകൂടിയും വ്യാപരിച്ചിരിക്കുന്നതിൽ ഞങ്ങൾക്കഭിമാനമുണ്ട്. പാലയൂരിൽ ഒന്നാം നൂറ്റാണ്ടിന്റെ ഉത്തരപാദത്തിൽ ആരംഭിച്ച ആ നേതൃത്വം, നൂറ്റാണ്ടുകൾ കടന്ന്, കുറവിലങ്ങാട്ടു ചാണ്ടിമെത്രാനിലൂടെയും തുടർന്ന്, ഒന്നാം മാർത്തോമ്മാ മുതൽ പിൻഗാമികളിലൂടെ കടന്നുവന്ന് മലങ്കരയിലെ മഹാപൗരോഹിത്യ പരമ്പര അയിരൂർ പകലോമറ്റം താഴമൺ കുടുംബത്തിൽ വീണ്ടും പൊട്ടിവിടർന്ന് യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായിലൂടെ ഉജ്ജ്വലത്തായി ഇതാ അങ്ങയിൽ വന്നുചേർന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

ദൈവകൃപയാൽ വർത്തമാനകാലത്ത് ആയിരത്തിൽപരം കുടുംബങ്ങളും അയ്യായിരത്തിഅഞ്ഞൂറിലധികം അംഗങ്ങളും, 48 വൈദികരുമായി കേരളത്തിലും മറ്റു തെന്നിന്ത്യൻ സംസ്ഥാനങ്ങളിലും, ഭാരതത്തിനു വെളിയിലുമായി പടർന്നു പന്തലിച്ച്, പൈതൃകമായി ലഭിച്ച ശ്രേഷ്ഠ കുടുംബ പാരമ്പര്യങ്ങളും, സാംസ്കാരിക സമ്പത്തും ആകുന്ന തളിരും പൂങ്കുലകളും ചാർത്തി സത്ഫലങ്ങൾ പുറപ്പെടുവിച്ചു വിരാജിക്കുന്ന അയിരൂർ പകലോമറ്റം താഴമൺ കുടുംബവും അതിനു നേതൃത്വം നല്കിക്കൊണ്ട് അങ്ങ് ഇടയവടിയുമേന്തി മുൻപന്തിയിൽ തലയെടുപ്പോടെ നടക്കുന്നതും ആയ സുന്ദരരംഗം കണ്ടു നമ്മുടെ കുടുംബസ്ഥാപകനായ പുണ്യപിതാവ് അയിരൂർ താഴമൺ വലിയ മാത്തൻ മാപ്പിളയുടേയും ദിവംഗതരായ ശ്രേഷ്ഠ വൈദികരുടേയും മറ്റു കുടുംബാംഗങ്ങളുടെയും ആത്മാക്കൾ ഇന്ന് ഈ മഹാസമ്മേളനത്തിന്റെ അന്തരീക്ഷത്തിൽ നമ്മോടൊപ്പം ആനന്ദിക്കുന്നുണ്ടാവും.

എല്ലാ മക്കളേയും ദൈവശുശ്രൂഷയ്ക്കു സമർപ്പിക്കുന്ന കുടുംബങ്ങൾ ദുർല്ലഭമായിരിക്കും. ആ മഹനീയ പദവിക്ക് നൂറ്റാണ്ടുകളിൽ ആദ്യമായി ഭാഗ്യം സിദ്ധിച്ച കുറ്റിക്കണ്ടത്തിൽ കൊല്ലകുഴിയിൽ എ. റ്റി. ചാക്കോയുടേയും വൈദിക പാരമ്പര്യമകുടമണിഞ്ഞ പ്രക്കാനത്ത് കൊല്ലന്റേത്തു കുടുംബാംഗമായ മഹിളാരത്നം മറിയാമ്മയുടേയും ആദ്യ ജാതനായി 1926 മെയ് 26-ന് അങ്ങ് ഭൂജാതം ചെയ്ത് കഴിഞ്ഞ 70 വർഷങ്ങളിലൂടെ മലങ്കരസഭയിലെ അത്യുജ്വല താരമായി ഉദിച്ചുയർന്നപ്പോഴേക്കും അങ്ങയുടെ സഹോദരങ്ങളായ റവ. ഫാ. ലാസ്സറസ്സ് ഒ.ഐ. സി. ബഥനി ആശ്ര

മത്തിലും റവ. ഡോ. കെ. സി. മാത്യു അമേരിക്കയിലും റവ. സിസ്റ്റർ മറിയാം എസ്.ഐ.സി. ബഥനി മഠത്തിലും അവരുടെ വ്യക്തിമുദ്ര പതിച്ചു കഴിഞ്ഞിരുന്നു. ഇതര സഹോദരി അന്നമ്മ സ്റ്റീഫൻ കോയമ്പത്തൂരിൽ അദ്ധ്യാപകവൃത്തിയിലും മുൻപന്തിയിലെത്തി. അങ്ങയുടെ ഈ അനുഗൃഹീത കുടുംബത്തെക്കുറിച്ചും ഞങ്ങൾക്ക് അഭിമാനമുണ്ട്.

ഒരു ഉത്തമ ഗുരുനാഥനായി ജീവിതം ആരംഭിച്ച അങ്ങ് ഒരു ഉത്തമനായ വിദ്യാർത്ഥി കൂടി ആയിരുന്നുവെന്ന് അങ്ങ് കയറിയിറങ്ങിയ ആഗോളവ്യാപകമായി കിടക്കുന്ന സരസ്വതീ മന്ദിരങ്ങൾ സാക്ഷിക്കുന്നു. അങ്ങേയ്ക്ക് പ്രൈമറി വിദ്യാഭ്യാസം നല്കിയ കുമ്പളന്താനം സെന്റ് മേരീസ് സ്കൂളും ഹൈസ്കൂൾ വിദ്യാഭ്യാസം നല്കിയ തടിയൂർ എൻ. എസ്.എസ്. സ്കൂളും, ബി.എ. ബിരുദം നല്കിയ പഞ്ചാബ് യൂണിവേഴ്സിറ്റിയും, വൈദിക വിദ്യാഭ്യാസത്തിന്റെ ആദ്യ പാഠങ്ങൾ നല്കിയ കോട്ടയം വൈദികസെമിനാരിയും, ബി.ഡി. ബിരുദം നല്കിയ ഇംഗ്ലണ്ടിലെ ലിങ്കൺ തിയോളജിക്കൽ സെമിനാരിയും, എക്യുമെനിസത്തിൽ ഡിഗ്രി നല്കിയ ജനീവ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും, ക്രിസ്ത്യൻ മിഷനിൽ മാസ്റ്റേഴ്സ് ബിരുദം നല്കിയ അമേരിക്കയിലെ നാഷോട്ടാ ഹൗസും, സഭാചരിത്രത്തിൽ മാസ്റ്റേഴ്സ് ഡിഗ്രി നല്കിയ വെർജീനിയ തിയോളജിക്കൽ സെമിനാരിയും, മതങ്ങൾ, എക്യുമെനിസം എന്നീ വിഷയങ്ങളിൽ ഡോക്ടറേറ്റു നല്കിയ ഹാവാർഡ് യൂണിവേഴ്സിറ്റിയിലെ റിച്ച് മൗണ്ട് യൂണിയൻ സെമിനാരിയും അങ്ങയെ എന്നും സ്നേഹപൂർവ്വം സ്മരിക്കുന്ന വിദ്യാനികേതനങ്ങളാണ്. അങ്ങ് ഗുരുനാഥനായിരുന്ന കുമ്പളന്താനം സെന്റ് മേരീസ് സ്കൂളിലും കോട്ടയം വൈദിക കോളജിലും ശിഷ്യരായിരുന്ന വിദ്യാർത്ഥികൾ അവരുടെ പ്രിയങ്കരനായ ഗുരുവിനെ ഒരു കാലത്തും വിസ്മരിക്കയില്ല.

അങ്ങയുടെ ശിരസ്സിൽ തൃക്കരങ്ങൾ വച്ച് വൈദിക പദവികളിൽ പടിപടിയായി ഉയർത്തിയ ഭാഗ്യസ്മരണാർഹരായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ, ഔഗേൻ മാർ ബസ്സേലിയോസ് എന്നീ കാതോലിക്കാ ബാവാമാരുടെ പുണ്യപാദങ്ങളെ പിന്തുടർന്ന് അങ്ങും സഭയുടെ എല്ലാ നിർണ്ണായക ഘട്ടങ്ങളിലും അടിപതറാത്ത നേതൃത്വം കൊടുത്തത് മലങ്കരസഭ എന്നും നന്ദിയോടെ സ്മരിക്കും.

ഭാരത തലസ്ഥാന നഗരിയായ ഡൽഹിയിൽ സഭാസേവനം ആരംഭിച്ച അങ്ങയെ, ഭാവിയിൽ അവിടെ ഉയരുവാൻ പോകുന്ന ഡൽഹി ഭദ്രാസനത്തിന് അടിത്തറ പാകുവാൻ ദൈവം ആയുധം ആക്കുകയായിരുന്നു എന്ന് അന്ന് അങ്ങ് അറിഞ്ഞിരിക്കയില്ല. ബോംബെ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായും, ബാഹ്യഭാരതത്തിലെ ആദ്യ ഭദ്രാസനമായ അമേരിക്കൻ ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായും, കാതോ

ലിക്കായുടെ അസിസ്റ്റന്റായും ഇപ്പോൾ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്തായായും കാനഡ-യൂറോപ്പ് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും വിവിധ രംഗങ്ങളിൽ അങ്ങ് വ്യക്തിമുദ്ര പതിച്ചു കഴിഞ്ഞു.

പശ്ചിമ ഗോളാർദ്ധത്തിൽ മലങ്കരയുടെ ഭദ്രാസനം രൂപീകരിക്കുന്നതിൽ ദൈവം അങ്ങയെ ഉപയോഗിച്ചതിൽ ഞങ്ങൾ ദൈവത്തോടു കൃതജ്ഞതയുള്ളവരാണ്. അമേരിക്കയിലെ അങ്ങയുടെ സേവനത്തിൽ അവിടെ ജനിച്ചു വളർന്ന ഭാരത അമേരിക്കൻ ജനതയുടെ രണ്ടാം തല മുറയ്ക്ക് വഴികാട്ടിയായി അങ്ങു തീർന്നു. പ്രശ്നങ്ങളുടെ നടുവിൽ വലയുന്നവരും, സംശയങ്ങളുടെ നീർചുഴിയിൽ അലയുന്നവരും ആയ ഇത്രയധികം യുവജനങ്ങൾ സാന്ത്വനങ്ങൾക്കായി സമീപിക്കുകയും സ്നേഹിച്ച് ആരാധിക്കുകയും ചെയ്യുന്ന ഒരു മഹാപുരോഹിതൻ ഇതുവരെയും ഉണ്ടായിരുന്നില്ല.

അഭിവന്ദ്യ പിതാവേ! അവിടുന്ന് എക്യുമെനിസത്തിന്റെ ശക്തനായ ഒരു വക്താവാണ്. ജാതിമതഭേദങ്ങൾക്ക് അതീതനായും ദേശാതിവർത്തിയായും അങ്ങ് ഉയർന്നു കഴിഞ്ഞിരിക്കുന്നു. അമേരിക്കൻ എപ്പിസ്കോപ്പൽ സഭയ്ക്കു നൽകിയ സേവനങ്ങളെ പ്രകീർത്തിച്ച് അങ്ങയെ അവർ ആദരിച്ചത് ഞങ്ങൾ അനുസ്മരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിൽ ഉള്ള എല്ലാ സഭകളുടേയും വേദികളിലും ആഗോള സമ്മേളനങ്ങളിലും അങ്ങയുടെ ശബ്ദം മുഴങ്ങിക്കേൾക്കാറുള്ളതും ഞങ്ങൾ സ്മരിക്കുന്നു.

അങ്ങയുടെ നർമ്മരസപ്രദമായ പ്രസംഗധോരണി ഏതൊരാളെയാണ് ആകർഷിക്കാത്തത്! അമേരിക്കയിൽ വച്ച് നടത്തപ്പെട്ട ആഗോള മലയാള സമ്മേളനത്തിന്റെ മുഖ്യ പ്രഭാഷകനായി "പാശ്ചാത്യ പൗരസ്ത്യ സംഗമ"ത്തെക്കുറിച്ച് അങ്ങ് നടത്തിയ ഗഹനവും എന്നാൽ നർമ്മസുന്ദരവുമായ പ്രസംഗം കുഞ്ഞന്റെ നാട്ടുകാർ ഒരിക്കലും മറക്കുകയില്ല.

അഭിവന്ദ്യ പിതാവേ! അയിരൂർ പകലോമറ്റം താഴമൺ കുടുംബയോഗത്തിന്റെ രക്ഷാധികാരിയായ അങ്ങേയ്ക്ക് ഈ സപ്തതി ആഘോഷവേളയിൽ കുടുംബാംഗങ്ങളായ എല്ലാവരും സ്നേഹത്തിന്റേയും ആദരവിന്റേയും വാടാമലരുകൾ സമർപ്പിച്ചുകൊണ്ട് ആയുസ്സും ആരോഗ്യവും ഉത്തരോത്തരം കർമ്മശേഷിയും നേർന്നുകൊള്ളുന്നു.

ദൈവനാമത്തിന് സ്തുതി അർപ്പിച്ചുകൊണ്ട്

അയിരൂർ പകലോമറ്റം താഴമൺ കുടുംബയോഗത്തിനുവേണ്ടി,

റവ. സി. എം. തോമസ്

അയിരൂർ,
29-4-1995.

സപ്തതി ആഘോഷിക്കുന്ന ശ്രേഷ്ഠ ഇടയൻ

ഫാദർ ഫിലിപ്പോസ് ഫിലിപ്പ് തേവർകാട്ടിൽ, ന്യൂയോർക്ക്

സഭാസേവനത്തിൽ 45 വർഷങ്ങൾ പൂർത്തിയാക്കി സപ്തതി ആഘോഷിക്കുന്ന ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ മലങ്കരസഭാ ചരിത്രത്തിൽ അതുല്യമായ വ്യക്തിമുദ്ര പതിച്ചിട്ടുള്ള മേല്പട്ടക്കാരനാണ്. മലങ്കര ഓർത്തഡോക്സ് സഭയ്ക്കു മാർ മക്കാറിയോസ് നല്കിയിട്ടുള്ള സംഭാവനകളും നേതൃത്വവും അതുല്യമാണ്.

1963-ൽ അന്നത്തെ ഡൽഹി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയായിരുന്ന ബഹു. കെ. സി. തോമസച്ചന്റെ അമേരിക്കയിലേക്കുള്ള വരവ് ഏതോ ദൈവനിശ്ചയം ആയിരുന്നുവെന്ന് പിൽക്കാല സംഭവങ്ങൾ തെളിയിക്കുന്നുണ്ട്. ഡൽഹിയിൽ നടന്ന ലോകസഭാ കൗൺസിൽ മീറ്റിംഗിൽ വച്ചു പരിചയപ്പെട്ട അമേരിക്കൻ എപ്പിസ്കോപ്പൽ സഭയുടെ ബിഷപ്പ് സ്കേഫ് ക്രമീകരിച്ചുകൊടുത്ത ഒരു സ്കോളർഷിപ്പിനെത്തുടർന്ന് ബഹു. തോമസച്ചൻ ഉപരിപഠനാർത്ഥം അമേരിക്കയിലെത്തിച്ചേർന്നു. അദ്ദേഹത്തിന്റെ വരവ് മലങ്കരസഭാചരിത്രത്തിൽ ഒരു വഴിത്തിരിവും നാഴിക കല്ലുമാണ്. പില്ക്കാലത്തു മേല്പട്ടസ്ഥാനം സ്വീകരിക്കുന്നതിനും മലങ്കരസഭയുടെ അതിർത്തി അമേരിക്കൻ ഭൂഖണ്ഡത്തിലേക്കു വ്യാപിപ്പിക്കുന്നതിനും സഭയ്ക്ക് ഒരു ഭദ്രാസനം രൂപീകരിക്കുന്നതിനും പിന്നീട് കാനഡ-യൂറോപ്പ് എന്ന പേരിൽ പുതിയൊരു ഭദ്രാസനത്തിനു തുടക്കം കുറിക്കുവാനും ഇടയാകുമെന്ന് ആരും കരുതിയിരുന്നില്ല. അമേരിക്കയിലെ ആദ്യത്തെ മലയാളി മെത്രാപ്പോലീത്തായാണദ്ദേഹം. തന്മൂലം ഒരു സഭാവിഭാഗത്തിന്റെ മാത്രം മെത്രാപ്പോലീത്തായായിരുന്നില്ല. "എല്ലാ മലയാളികളുടെയും ഇന്ത്യാക്കാരുടെയും ശ്രേഷ്ഠനായ ആത്മീയപിതാവാണ്"

പ. മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പാമ്പാടി സ്വദേശിനിയായ മഞ്ജുവിന് സെന്റ് ഗ്രീഗോറിയോസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ് ഫണ്ടിൽ നിന്നു സഹായം നൽകുന്നു.

മാർ മക്കാറിയോസ് എന്ന് അമേരിക്കാ സന്ദർശിച്ച അവസരത്തിൽ തകഴി ശിവശങ്കരപ്പിള്ള പ്രസ്താവിക്കുകയുണ്ടായി.

അമേരിക്കയിലെ നഷോട്ട ഹൗസിൽ താമസിച്ചു പഠിച്ചു ബി.ഡി. പാസ്സായി. വെർജിനിയ തിയോളജിക്കൽ സെമിനാരി, യൂണിയൻ സെമിനാരി എന്നിവിടങ്ങളിൽ പഠനം നടത്തി. പ്രമുഖ സഭാചരിത്ര പണ്ഡിതനായ ഡോ. മക്കെൻസിയുടെ കീഴിൽ ഗവേഷണം നടത്തി സഭാചരിത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടിയ ഫാദർ കെ. സി. തോമസ് 1972-ൽ കോട്ടയത്തു വൈദികസെമിനാരിയിൽ പ്രൊഫസറായി പ. കാതോലിക്കാ സിംഹാസനവും മലങ്കരസഭാചരിത്രവും പ്രത്യേക പ്രാധാന്യം കൊടുത്തു പഠിപ്പിക്കുവാനാരംഭിച്ചു. അക്കാലത്തു അദ്ദേഹം രചിച്ച ചരിത്ര പുസ്തകമാണ് "മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം ഒരു നവീന സൃഷ്ടിയോ?" എന്നത്.

മാർത്തോമ്മാ ശ്ലീഹായിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച പകലോമറ്റം തറവാട്ടിലെ ഒരു ശാഖയായ അയിരൂർ കുറ്റിക്കണ്ടത്തിൽ ചാക്കോയുടേയും മറിയാമ്മയുടേയും മകനായി 1926 മെയ് 26-ന് തിരുമേനി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തടിയൂർ എൻ.എസ്.എസ്. സ്കൂളിൽ നിന്നും ഇ.എസ്.എസ്.എൽ.സി. പാസ്സായി കുറച്ചുനാൾ കുമ്പളന്താനം സെന്റ് മേരീസ് സ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കി. സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ജീവനാഡിയും സഭയിലെ പ്രമുഖ വൈദികനുമായിരുന്ന ഫാദർ കെ. ഡേവിഡുമായുള്ള പരിചയം സഭാപ്രവർത്തനത്തിലേക്കു തിരിയുവാനുള്ള ആഗ്രഹം ദൃഢതരമാക്കുവാൻ മുഖാന്തരമായി. തുടർന്ന് പരിചയപ്പെട്ട ഓതറ ദയറായിലെ ഫാ. ഇ. മാത്യൂസും (പിന്നീട് പ. കാതോലിക്കാബാവാ) ഈ ചിന്താഗതിക്കു ശക്തമായ പ്രേരണ നല്കി. 1947-ൽ എം.ഡി. സെമിനാരിയിൽ വൈദിക വിദ്യാർത്ഥിയായി ചേർന്ന അദ്ദേഹം 1951 ഫെബ്രുവരി 23-നു വട്ടശ്ശേരിൽ തിരുമേനിയുടെ ഓർമ്മദിവസം പഴയസെമിനാരിയിൽ വച്ചു ശെമ്മാശുപട്ടവും 1952-ൽ മദ്രാസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് കശ്ശീശാപട്ടവും സ്വീകരിച്ചു. 1974-ൽ കൂടിയ മലങ്കര അസ്സോസിയേഷൻ ഫാ. കെ. സി. തോമസിനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തതിനെ തുടർന്ന് 1975 ഫെബ്രുവരി 15-നു പുത്തൻകാവ് പള്ളിയിൽ വച്ച് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽനിന്നും റമ്പാൻ സ്ഥാനവും പിറ്റെ ദിവസം നിരണം പള്ളിയിൽ വച്ച് മാർ ഔഗേൻ ബാവായിൽ നിന്നും മാർ മക്കാറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനവും സ്വീകരിച്ചു.

ശുചിത്വം, ഉയർന്ന ചിന്ത, അന്തസാർന്ന പെരുമാറ്റം, സംസാരം, മെത്രാപ്പോലീത്താ സ്ഥാനമഹിമയ്ക്കനുസരിച്ച പ്രൗഢിയോടുകൂടിയ വേഷവി

ധാനം തുടങ്ങി ആരേയും ആകർഷിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയായ തിരുമേനി, തന്നാലാവുന്ന സഹായങ്ങൾ മറ്റുള്ളവർക്കു ചെയ്യണമെന്നും അവരുടെ ഉയർച്ചയിൽ സന്തോഷിക്കണമെന്നും അതാണ് ക്രിസ്തീയ ദൗത്യമെന്നും ഉറച്ചു വിശ്വസിക്കുന്നു. സഭയിലെ, പ്രത്യേകിച്ച് തന്റെ ഭദ്രാസനത്തിലെ വൈദികർ ഉയർന്ന നിലവാരത്തിൽ ജീവിക്കണമെന്നും അവരുടെ കുടുംബങ്ങൾ സാമ്പത്തികമായി ഉയരണമെന്നും അതോടൊപ്പം സഭാമക്കൾക്ക് ഇടവക ചെറുതായാലും വലുതായാലും അവരുടെ ആത്മീയ കർമ്മാദികൾക്കു മുടക്കം വരാൻ പാടില്ല. വി. കുർബ്ബാനയിൽ പങ്കുകൊള്ളാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയും ഭരണശൈലിയും.

മറ്റുള്ളവർ പുകഴ്ത്തുമ്പോഴും വിമർശിക്കുമ്പോഴും രണ്ടു സന്ദർഭങ്ങളിലും ഒരുപോലെ ദൈവത്തിലാശ്രയിച്ച് ഒരേപോലെ പ്രതികരിക്കുവാൻ സാധിക്കുന്ന ഇദ്ദേഹത്തിന്റെ കഴിവ് ഏവരേയും ചിന്തിപ്പിക്കുന്ന ഒന്നാണ്. ഘനഗംഭീര ശബ്ദത്തോടു കൂടിയ ഇമ്പകരമായ വി. കുർബ്ബാന, ആശയ സംപുഷ്ടമായ പ്രസംഗങ്ങൾ, സന്ദർഭോചിതങ്ങളായ ഫലിതങ്ങൾ, ആരേയും അതിശയിപ്പിക്കുന്ന ബുദ്ധിവൈഭവം, നേതൃത്വപാടവം തുടങ്ങിയ അദ്ദേഹത്തിന്റെ കഴിവുകൾ പ്രസിദ്ധമാണ്. തന്നെ അകമഴിഞ്ഞു സ്നേഹിക്കുന്ന ജനങ്ങളും വൈദികരുമാണ് തന്റെ ശക്തിയുടെ രഹസ്യം എന്നു വിശ്വസിക്കുന്ന തിരുമേനിയുമായി പരിചയപ്പെട്ടു കഴിഞ്ഞാൽ "എന്നെയാണ് തിരുമേനി ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് എന്ന തോന്നലിനേക്കാൾ, ഞാനാണ് തിരുമേനിയെ മറ്റുള്ളവരേക്കാൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്" എന്ന ചിന്താഗതിയാണ് ഉണ്ടാകാറുള്ളത്.

മലങ്കരസഭയുടെ വ്യവസ്ഥാപിതമായ ഭരണഘടനയും അതിന്റെ അംഗീകാരവും ഇന്ത്യയുടെ പരമോന്നത നീതിന്യായ കോടതിയായ സുപ്രീംകോടതിയിൽ കൂടി 1958-ൽ അംഗീകരിച്ചു നേടിയെടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച മാർ മക്കാറിയോസ് മലങ്കരസഭയിലെ കക്ഷിവഴക്കുകൾ അവസാനിപ്പിച്ച് സമാധാനം പുനഃസ്ഥാപിക്കുന്നതിനു വേണ്ടി ദൈവം തെരഞ്ഞെടുത്ത "കുശവന്റെ കൈയിലെ കളിമണ്ണായിരുന്നു." എഴുപതിന്റെ ആരംഭത്തിൽ മലങ്കരസഭ നേരിടേണ്ടിവന്ന പ്രയാസഘട്ടത്തിൽ, പാറപോലെ ഉറച്ചുനിന്ന വിശ്വാസ സംരക്ഷകനും കാവൽഭടനും പോരാളിയും തേരാളിയുമായി ബഹു. കെ. സി. തോമസച്ചൻ ചെയ്ത സേവനം ശ്ലാഘനീയവും മലങ്കരസഭാചരിത്രത്തിൽ സ്വർണ്ണ ലിപികളിൽ രേഖപ്പെടുത്തേണ്ടവയുമാണ്. ഇദ്ദേഹം വികാരിയായി സേവനമനുഷ്ഠിച്ചിട്ടുള്ള എല്ലാ ഇടവകകളും (ബോംബെ, ഡൽഹി, ലണ്ടൻ, അമേരിക്ക)

വളർന്ന് പില്ക്കാലത്തു ഭദ്രാസനങ്ങളായിത്തീർന്നു എന്നത് സന്തോഷത്തോടു കൂടി അദ്ദേഹത്തിനു അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്.

ജാതിമതഭേദമെന്യേ ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ സാധുക്കളായ ആളുകൾക്ക് വൈദ്യസഹായം നല്കുക, ഭവനരഹിതർക്കു വീടു വച്ചു കൊടുക്കുക, നിരാശ്രയരായ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുന്നതിനാവശ്യമായ ധനസഹായം ചെയ്യുക, നിർദ്ധനരായ വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്തുകൊണ്ട് രൂപീകരിച്ചിട്ടുള്ള സംഘടനയാണ് മക്കാറിയോസ് ഫൗണ്ടേഷൻ. തൊഴിൽരഹിതരായവർക്കു ലോൺ കൊടുക്കുകയും നിശ്ചിതസമയത്തിനുശേഷം പലിശകൂടാതെ തുകതിരിച്ചു വാങ്ങി മറ്റുള്ളവർക്കു കൊടുക്കുകയും മാർ മക്കാറിയോസ് ഫൗണ്ടേഷന്റെ പ്രവർത്തനത്തിൽപ്പെട്ടവയാണ്.

കോട്ടയം വൈദിക സെമിനാരി പ്രൊഫസർ, മലങ്കരസഭാ സംരക്ഷണ സമിതി പ്രസിഡണ്ട്, മലങ്കരസഭാ മാസിക എഡിറ്റോറിയൽ ബോർഡ് പ്രസിഡണ്ട്, പ. കാതോലിക്കാബാവായുടെ അസിസ്റ്റന്റ് മുതലായ വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഇപ്പോൾ അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്തായും, കാനഡ-യൂറോപ്പ് ഭദ്രാസന അധിപനും മിഷിഗൺ അൽമ കോളജ് പ്രൊഫസറുമാണ്.

മെത്രാഭിഷേക രജതജൂബിലിയും 75-ാം ജന്മവാർഷികവും

അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്തായും കാനഡ യു. കെ. ഭദ്രാസന മെത്രാപ്പോലീത്തായുമായ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 75-ാം ജന്മദിനവും മെത്രാഭിഷേക രജത ജൂബിലിയും വിവിധ പരിപാടികളോടെ അയിരൂരിൽ വച്ച് നടന്നു. അയിരൂർ കുറ്റിക്കണ്ടത്തിൽ ചാക്കോയുടേയും മറിയാമ്മയുടേയും മകനായി 1926 മെയ് 26-ന് അദ്ദേഹം ജാതനായി. 1952-ൽ വൈദികപട്ടം സ്വീകരിച്ചു. 1975 ഫെബ്രുവരി 16-ാം തീയതി മേല്പട്ടക്കാരൻ ആയി.

ജനീവ എക്യുമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് എക്യുമെനിസത്തിൽ മാസ്റ്റർ ബിരുദവും അമേരിക്കയിലെ നാഷോട്ടാ ഹൗസിൽ നിന്ന് ക്രിസ്ത്യൻ മിഷനറി മാസ്റ്റേഴ്സ് ബിരുദവും വെർജേനിയ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് സഭാചരിത്രത്തിൽ മാസ്റ്റേഴ്സ് ബിരുദവും ഹാവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും നേടി.

1979-ൽ അമേരിക്കൻ ഭദ്രാസനം രൂപീകരിച്ചപ്പോൾ പ്രഥമ മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിതനായി. (മലങ്കരസഭ, 2000 മാർച്ച്)

മെത്രാപ്പോലീത്തായുടെ സപ്തതി ജന്മനാട്ടിൽ ആഘോഷിക്കും

മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസന സീനിയർ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസിന്റെ സപ്തതി (70-ാം ജന്മദിനം) അയിരൂർ തീയാടിക്കൽ മാത്തൻ മാപ്പിള ഇംഗ്ലീഷ് സ്കൂളിൽ വച്ച് ഏപ്രിൽ 29-ാം തീയതി ശനിയാഴ്ച വൈകിട്ട് 3 മണിക്ക് വിപുലമായ പരിപാടികളോടുകൂടി ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. അയിരൂർ നാടിന്റെ ഓമനപുത്രനും, കണ്ണിലുണ്ണിയുമായ തിരുമേനിയുടെ ജന്മദിനം വിവിധ സഭാമേലദ്ധ്യക്ഷന്മാർ, രാഷ്ട്രീയ-സാമുദായിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടായിരിക്കും ജന്മനാട്ടിൽ ആഘോഷിക്കുന്നത്.

പകലോമറ്റം താഴമൺ കുടുംബാംഗങ്ങൾ, മാത്തൻ മാപ്പിള സ്കൂൾ ഭാരവാഹികൾ, അയിരൂർ ചെറിയപള്ളി അംഗങ്ങൾ, വൈദിക സുഹൃത് സംഘടനാംഗങ്ങൾ, അയിരൂർ പൗരാവലി എന്നിവരടങ്ങിയ ഒരു വൻ സുഹൃത് സദസ്സാണ് ഈ തീരുമാനം കൈക്കൊണ്ടിരിക്കുന്നത്. മാർ ത്തോമ്മാ സഭയുടെ വികാരി ജനറൽ റവ. സി. ജി. അലക്സാണ്ടർ, വെരി. റവ. എം. റ്റി. ജോസഫ് കോർഎപ്പിസ്കോപ്പാ എന്നിവർ രക്ഷാധികാരികളായും, റവ. ഫാ. പി. ജി. മാത്യു മാലക്കുന്നിൽ, എക്സ്. എം. എൽ.എ. സി. എ. മാത്യു എന്നിവർ കൺവീനറന്മാരുമായി 101 പേരടങ്ങിയ ഒരു സപ്തതി ആഘോഷക്കമ്മറ്റി ജന്മദിന ആഘോഷങ്ങളുടെ വിജയത്തിനുവേണ്ടി പ്രവർത്തിക്കുന്നു.

കേരളത്തിലും പുറത്തും സാമൂഹ്യ വികസന പ്രവർത്തനങ്ങൾക്കും സാധുജന സംരക്ഷണത്തിനുമായി രൂപംകൊണ്ട 'മാർ മക്കാറിയോസ് ഫൗണ്ടേഷ'ന്റെ ഔദ്യോഗിക ഉത്ഘാടനവും അന്നേ ദിവസം നടത്തപ്പെടുന്നതാണ്.

ബാവായുടെ ഒരു കത്ത്

നമ്പർ പി 197/95 29-4-1995

നമുക്കെത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ കുറ്റിക്കണ്ടത്തിൽ ലാസറസ് കർത്തനാർക്കു (അഭി. മക്കാറിയോസ് തിരുമേനിയുടെ സഹോദരൻ) വാഴ്വ്,

കർത്താവിൽ പ്രിയനെ,

ഈയിടെയുണ്ടായ ഒട്ടും വിശ്രമമില്ലാത്ത ജോലികൊണ്ട് മാനസിക ടെൻഷന്റെ അസഹനീയതകൊണ്ട് മക്കാറിയോസ് തിരുമേനിയോടുതന്നെ

ഞാൻ അപേക്ഷിക്കയുണ്ടായി അയിരൂരെ പ്രോഗ്രാമിൽ നിന്ന് എനിക്കു വിടുതൽ തരണമെന്ന്. അദ്ദേഹം സന്മനസ്സോടെ അതു സമ്മതിക്കുകയും ചെയ്തു. എന്നാലും നമ്മുടെ സി. വി. ജോർജച്ചന്റെ വാർഷിക ദിനമായിരുന്നു. അതിൽ സംബന്ധിക്കുവാൻ പോയതിനാൽ അവിടെത്തന്നെ വിശ്രമിച്ച് അയിരൂരിൽ വരാമെന്നും ഒന്നരയ്ക്കു തിരിക്കാമെന്നും വിചാരിച്ചു. അപ്പോൾ ദേവലോകത്തുനിന്നും കിട്ടിയ മെസേജ് അമേരിക്കയയ്ക്കേണ്ട കല്പന ശരിയായി. അതു ഒപ്പിട്ടാൽ ഇന്നുതന്നെ അയയ്ക്കാമെന്നും അവിടെനിന്നും അറിയിച്ചു. അതിനിടെ ആരോ സ്റ്റേയ്ക്കു ശ്രമിക്കുന്നുണ്ടെന്നു വക്കീൽ നോട്ടീസ് കിട്ടി. ഈ വിവരം മക്കാറിയോസ് തിരുമേനിക്കു അറിയാം. ഇന്നലെ രാത്രി 12 മണിക്കാണ് അദ്ദേഹം ഇവിടെ വന്ന് അദ്ദേഹത്തിന്റെ കല്പന ഒപ്പിട്ടു കൊണ്ടുപോയത്. വല്ല കുഴച്ചിലും വരുകയാണെങ്കിൽ പ്രയാസമാണല്ലോ എന്നു കരുതി അവിടെ വരാനായി കുറെ യാത്ര ചെയ്തു എങ്കിലും ഇതാണല്ലോ അത്യാവശ്യം. തിരിച്ച് ദേവലോകത്തേക്ക് പോരേണ്ടിവന്നു.

അവിടെ സംബന്ധിക്കാൻ സാധിക്കാത്തതിൽ നമുക്ക് അതിയായ ദുഃഖമുണ്ട്. എല്ലാ ആശംസയും അദ്ദേഹത്തിനു ഞാൻ കൊടുത്തതാണ്. ഇപ്പോഴും അയച്ചുതരുന്നു. തിരുമേനിയുടെ അപ്പച്ചനേയും അമ്മച്ചിയേയും വന്നു കാണുവാൻ നമുക്കും കൊതിയുണ്ട്. അവർ നമ്മേയും, മക്കാറിയോസ് തിരുമേനിയെപ്പോലെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്ക് അറിയാം. സൗകര്യംപോലെ വന്നു കണ്ടുകൊള്ളാം. നിങ്ങളെല്ലാവരും ക്ഷമിക്കുമല്ലോ? എല്ലാം ഭംഗിയായി നടന്നുകാണുമെന്നു നാം വിശ്വസിക്കുന്നു. പത്രത്തിൽ ആഘോഷത്തെ സംബന്ധിച്ചു വായിച്ചു, സന്തോഷിക്കുന്നു. എല്ലാവർക്കും കർത്താവിൽ നമ്മുടെ സ്നേഹം. ക്ഷമ കൊണ്ടും, സ്നേഹം കൊണ്ടും, സഹകരണം കൊണ്ടും നമ്മുടെ സഭ പരിശുദ്ധാത്മാവിന്റെ ഒരു പ്രകാശഗോപുരമായി തീരട്ടെ. കേസിന്റെ വിധിയെ ഓർത്ത് പ്രാർത്ഥനാപൂർവ്വം കഴിയുന്നു. നിങ്ങളും പ്രാർത്ഥിപ്പീൻ. ശേഷം പിന്നാലെ.

ദൈവം അനുഗ്രഹിക്കട്ടെ.

1995 ഏപ്രിൽ മാസം 29
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

മാർ മക്കാറിയോസ് – മറുനാടിന്റെ പ്രേഷിത ചൈതന്യം

മലങ്കര ഓർത്തഡോക്സ് സഭയിലെ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ സപ്തതി ഇന്ന്. ഓർത്തഡോക്സ് സഭയുടെ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ, യു.കെ.-കാനഡ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ എന്നീ നിലകളിലാണ് മാർ മക്കാറിയോസിന്റെ ഇപ്പോഴത്തെ പ്രവർത്തനം.

പകലോമറ്റം തറവാട്ടിലുൾപ്പെടുന്ന അയിരൂർ തീയാടിക്കൽ കുറ്റിക്കണ്ടത്തിൽ ചാക്കോയുടേയും മറിയാമ്മയുടേയും ആദ്യപുത്രനായി 1926-ൽ ജനിച്ച അദ്ദേഹം പ്രാഥമിക വിദ്യാഭ്യാസം നടത്തിയത് ജന്മനാട്ടിൽ നിന്നാണെന്നതൊഴിച്ചാൽ വിദ്യാഭ്യാസം കോട്ടയത്തും കേരളത്തിനു പുറത്തും അമേരിക്കയിലുമൊക്കെയായിരുന്നു. അതുകൊണ്ടുതന്നെ ജന്മനാട്ടിലെ സപ്തതി ആഘോഷങ്ങൾ വഴി മെത്രാപ്പോലീത്താ നാട്ടുകാർക്ക് കൂടുതൽ പരിചിതനാകാൻ പോകുന്നതേയുള്ളൂ. 1979-ൽ രൂപീകൃതമായ അമേരിക്കൻ ഭദ്രാസനത്തിന്റെ നേതൃത്വമേറ്റെടുത്ത മെത്രാപ്പോലീത്താ അന്നുമുതൽ അമേരിക്കയിലാണ് താമസം.

മക്കാറിയോസ് മെത്രാപ്പോലീത്താ സഭാസേവകനെന്നതിലുപരി വിദ്യാഭ്യാസ തത്ത്വചിന്തകനാണ്. ... അധ്യാപകൻ എന്ന നിലയിലും മെത്രാപ്പോലീത്താ പ്രസിദ്ധനാണ്. പ്രാഥമിക വിദ്യാഭ്യാസം നേടിയ കുമ്പളന്താനം സ്കൂളിൽ തന്നെ അധ്യാപക ജോലിയാരംഭിച്ചിരുന്നു. പിന്നീട് കോട്ടയം സെമിനാരി അധ്യാപകനായി. പൊതുവെ മടുപ്പുളവാക്കുന്ന 'ചരിത്ര' ക്ലാസുകളെ ആസ്വാദ്യകരമായി അവതരിപ്പിച്ച് മണിക്കൂറുകൾ വിദ്യാർത്ഥികളെ പിടിച്ചിരുത്താൻ മെത്രാപ്പോലീത്തായ്ക്ക് കഴിയും. അമേരിക്കയിലെ അൽമാ കോളജിൽ ഇപ്പോഴും അദ്ദേഹം പ്രൊഫസറാണ്.

വ്യക്തിപ്രഭാവത്തിൽ അഹന്തയില്ലാതെ ഒരു വിദേശ മലയാളിയെപ്പോലെ കഴിയുന്ന ആത്മീയാചാര്യന്റെ സപ്തതി ആഘോഷം നാട്ടുകാരുടെയും വീട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും താത്പര്യാനുസരണം ജന്മനാട്ടിൽ നടത്താൻ അദ്ദേഹം സമ്മതം നല്കുകയായിരുന്നു.

ലോകത്തിന്റെ മറുഭാഗത്തിരുന്ന് കേരളീയ മക്കളെ ആത്മീയ മണ്ഡലത്തിലേക്ക് നയിക്കുന്ന മക്കാറിയോസ് മെത്രാപ്പോലീത്താ സമൂഹത്തിന്റെ എല്ലാ കാര്യങ്ങളിലും നൂതനമായ പരിവർത്തനം വേണമെന്ന ആശയക്കാരനാണ്.

മെത്രാപ്പോലീത്തായുടെ രണ്ട് സഹോദരന്മാരും സഹോദരിയും ആത്മീയ നേതൃരംഗത്ത്. ഫാ. ലാസറസ് ഒ.ഐ.സി. ബഥനി ആശ്രമത്തിലും ഫാ. കെ. സി. മാത്യൂസ് അമേരിക്കയിലും സിസ്റ്റർ മറിയം ബഥനി മഠത്തിലും. മറ്റൊരു സഹോദരി അന്നമ്മ അദ്ധ്യാപികയാണ്.

വൈദികപഠനത്തിന് ശേഷം 1951-ലാണ് ശെമ്മാശനായത്. 1952-ൽ വൈദികനായി. 1976-ൽ എപ്പിസ്കോപ്പാ പദവിയിലേക്കുയർന്നു. പിന്നീട് മെത്രാപ്പോലീത്തായായി.

ബോംബെ, അമേരിക്ക, യു.കെ., ഭദ്രാസനങ്ങളുടെ രൂപീകരണത്തിന്

നേതൃത്വം നൽകിയ മക്കാറിയോസ് അവിടങ്ങളിലെ മെത്രാപ്പോലീത്താ യായിരുന്നു.

നർമരസപ്രദമായ പ്രസംഗധോരണി അമേരിക്കയിലെ മിക്കവാറും എല്ലാ വേദികളിലും മുഴങ്ങിക്കേൾക്കുന്നു. മെത്രാപ്പോലീത്തായുടെ പ്രസംഗം വർഷങ്ങൾക്കു മുമ്പ് സ്വാമി വിവേകാനന്ദൻ ഷിക്കാഗോയിൽ നടത്തിയ പ്രസംഗത്തിന്റെ ഓർമയുണർത്തുന്നു. (ദീപിക വാർത്ത)

8

കുടുംബനാഥൻ ക്ഷീണിതനാകുന്നു

മക്കാറിയോസ് മെത്രാപ്പോലീത്തായുടെ മാതാപിതാക്കൾ 100-ാം വയസ്സു കടക്കുന്നു

നൂറാം ജന്മദിനത്തിൽ പ. കാതോലിക്കാബാവാ അപ്പച്ചന് 'ജന്മദിനം" ആശംസിക്കാൻ വീട്ടിലേക്കു വന്നു. "ഇനി ജീവിച്ചിരിക്കട്ടെ ഏറെനാൾ" മാത്യൂസ് ദ്വിതീയൻ ബാവാ പുഞ്ചിരിയിൽ പൊതിഞ്ഞ മുഖത്തോടെ ജന്മദിനം ആശംസിച്ചു.

"എന്താ തിരുമേനിക്ക് എന്നോടു വിരോധമുണ്ടോ?" അപ്പച്ചന്റെ ചോദ്യം.

"വിരോധമുണ്ടെങ്കിൽ ഞാനിവിടെ വന്നു ജന്മദിനം ആശംസിക്കുമോ?" ബാവാ തിരിച്ചു ചോദിച്ചു.

"അല്ല, ഏറെ ആയാൽ 80. ഞാൻ പിന്നെയും 20 വർഷം പിന്നിട്ടില്ലേ? വാർദ്ധക്യം, ദുഃഖവും പ്രയാസവുമാണെന്നല്ലേ സങ്കീർത്തനക്കാരൻ പറയുന്നത്? ഇനി ഞാൻ ദുഃഖിച്ച് പ്രയാസപ്പെടുന്നതു കാണണോ?" ബാവായും അപ്പച്ചനും ഒരുമിച്ചു ചിരിച്ചു.

"നൂറുകാരനെ" സന്ദർശിക്കാൻ പത്രപ്രതിനിധികൾ വീട്ടിലെത്തി അപ്പച്ചനോടു ചോദിച്ചു, "അപ്പച്ചൻ 19-ാം നൂറ്റാണ്ടിൽ ജനിച്ചു. 20-ാം നൂറ്റാണ്ടു മുഴുവൻ കടന്നു. 21-ാം നൂറ്റാണ്ടിലാണ് ഇപ്പോൾ. മൂന്നു നൂറ്റാണ്ടുകൾക്ക് സാക്ഷ്യം വഹിച്ച അപ്പച്ചന് മംഗളങ്ങൾ അർപ്പിക്കാനാണ് ഞങ്ങൾ വന്നത്." "നന്ദി." അപ്പച്ചൻ പറഞ്ഞു. "തിരുമൂല സ്കൂളിൽ ഒരു മദാമ്മ ഉണ്ടായിരുന്നു. അവർ ആഗതരോട് മലയാളത്തിൽ നന്ദി എന്നു പറയാൻ സഹാദ്ധ്യാപകർ പഠിപ്പിച്ചു. 'കണ്ടതിൽ നന്ദി' എന്നാണവർ പഠിപ്പിച്ചത്. മദാമ്മ വന്നവരോടൊക്കെ 'കണ്ടത്തിൽ നന്ദി' എന്നു പറയുമായിരുന്നു. അതുപോലെ നിങ്ങൾക്കും കണ്ടത്തിൽ നന്ദി." പത്രക്കാർ ചിരിച്ചു, അച്ചന്റെ തമാശ കേട്ട്.

"അപ്പച്ചാ! കഴിഞ്ഞ നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലും ഉണ്ടായിരുന്ന തൊഴിലാളി മുതലാളി ബന്ധത്തെപ്പറ്റി വല്ല വ്യത്യാസവും തോന്നുന്നുണ്ടോ?"

"ഓഹോ..." അപ്പച്ചൻ വാചാലനായി. "കഴിഞ്ഞ നൂറ്റാണ്ടിൽ തലപ്പുലയൻ വന്ന്, 'നമുക്കു കണ്ടം തിങ്കളാഴ്ച അങ്ങു കൊയ്താലോ' എന്നു

മാർ മക്കാറിയോസിന്റെ പിതാവിന്റെ നൂറാം ജന്മദിനത്തിൽ പ. മാത്യൂസ് ദിതീയൻ കാതോലിക്കാബാവാ ഭവനത്തിൽ എത്തിയപ്പോൾ. ഫാ. കെ. സി. മാത്യൂസ് സമീപം.

ചോദിക്കും. ഞാൻ സമ്മതിക്കും. പിന്നെ ഞാനൊന്നും അറിയേണ്ടാ. അവൻ അവന്റെ സംഘത്തെ കൂട്ടി കൊയ്തുമെതിച്ച് കച്ചി തുറുവിലും നെല്ല് അറയിലും ഇട്ടിട്ടു പോകുമായിരുന്നു. ഇന്ന് അവന്റെ കൊച്ചുമോൻ എന്നെ കണ്ടാൽ മുണ്ട് ഒന്നു കയറ്റി മുറുക്കി ഉടുക്കും. എന്തിനെന്നോ? അവന്റെ ചുവന്ന അണ്ടർവെയർ എന്നെ കാട്ടി അവൻ കമ്യൂണിസ്റ്റാണെന്ന് കാണിക്കാൻ. നാലു പ്രാവശ്യം അവന്റെ ഒക്കെ പിന്നാലെ നടന്നാലേ ഒരുത്തനേ കിട്ടൂ." പത്രക്കാർ ഉറക്കെ ചിരിച്ചു.

തൈലാഭിഷേകം

അപ്പച്ചന് വാർദ്ധക്യത്തിന്റെ കെടുതികൾ ആരംഭിച്ചപ്പോഴേക്കും ഫാ. ലാസ്സറസ്സ് ബോംബെ ഭദ്രാസനത്തിലെ ജോലികൾ ഉപേക്ഷിച്ച് മാതാപിതാക്കളോടൊന്നിച്ചു സഹായത്തിനായി വീട്ടിൽ താമസിച്ചു.

അപ്പച്ചന്റെ ക്ഷീണത്തിന് ശമനം ലഭിക്കുവാൻ രോഗികളുടെ തൈലാഭിഷേകം നടത്തി. ബോംബെയുടെ മാർ തേയോഫിലോസ് തിരുമേനിയും ഇടവക മെത്രാപ്പോലീത്തായും ഒരുമിച്ചാണ് തൈലാഭിഷേകം നടത്തിയത്. അപ്പച്ചൻ ക്ഷീണിതനായി വിശ്വാസത്തോടെ ശുശ്രൂഷയിൽ പങ്കു കൊണ്ടു.

തിരുമേനിമാർ ശുശ്രൂഷ കഴിച്ചു. കൂടിനിന്നവരിൽ കുടുംബത്തിൽപെട്ട ഒരു വിധവയും ഉണ്ടായിരുന്നു. അവരുടെ ഭർത്താവായ 'കൊച്ചൂട്ടി' മരിച്ചിട്ട് അധികനാളായിട്ടില്ലായിരുന്നു.

അപ്പച്ചൻ കിടക്കയിൽ കിടന്ന് ആ സ്ത്രീയോടു ചോദിച്ചു: "കുഞ്ഞമ്മേ! ഞാൻ അങ്ങോട്ടു പോവുകയാണ്. നിന്റെ ഭർത്താവായ കൊച്ചൂട്ടിയോട് വല്ലതും പറയണോ?"

കേട്ടവരെല്ലാം പൊട്ടിച്ചിരിച്ചു. മരണകിടക്കയിൽ പോലും ഹാസ്യം നിറഞ്ഞ കുസൃതിയാണ് അപ്പച്ചനിൽ നിന്നും ആളുകൾ കേട്ടത്.

പിറ്റേന്ന് രാവിലെ തന്നെ റബർ തോട്ടത്തിലൂടെ ടാപ്പിംഗ് ശരിക്കു നടക്കുന്നോ എന്ന് പരിശോധിച്ച് നടക്കുന്ന അപ്പച്ചനെ കണ്ട് ജനം അത്ഭുതം കൂറി. "തൈലാഭിഷേകത്തിന്റെ ശക്തി കണ്ടോ?" എന്ന് അപ്പച്ചൻ അവരോടൊക്കെ ചോദിച്ചു.

9

കുറ്റിക്കണ്ടം കുലപതിക്ക് വിട

ഒരിക്കൽ ഒരാൾ അതിരാവിലെ തന്നെ മക്കാറിയോസിന്റെ വസതിയിലെത്തി കോളിംഗ് ബല്ലിൽ വിരലമർത്തി. അടുത്ത നിമിഷം വാതിൽ തുറക്കപ്പെട്ടു. മുന്നിൽ സാക്ഷാൽ മക്കാറിയോസ് മെത്രാപ്പോലീത്താ.

മെത്രാപ്പോലീത്തായ്ക്കടുത്ത മസ്നപ്സായും എന്നും ധരിക്കാറുള്ള നീണ്ട ളോഹയും ചുണ്ടിൽ പുഞ്ചിരിയുമായി. തിരുമേനിയുടെ അമേരിക്കൻ വസതിയിൽ ഫോൺ വിളിച്ച് സന്ദർശനാനുമതി വാങ്ങിയേ ആളുകൾ വരാറുള്ളു. ഒരു പക്ഷേ അതികാലത്തെ, മുന്നറിയിപ്പില്ലാത്ത വരവിനു പ്രത്യേക കാരണം വല്ലതും ആഗതനുണ്ടായിരുന്നിരിക്കാം.

വശ്യ പുഞ്ചിരിയോടെ ആഗതനെ അദ്ദേഹം അകത്തേക്കു ക്ഷണിച്ചു. സ്വീകരണമുറിയിലെ ഭിത്തിയലമാരിയിൽ അദ്ദേഹത്തിനു ലഭിച്ച സ്നേഹോപഹാരങ്ങളും ലോകസമൂഹത്തിനു നല്കിയ സേവനത്തിനുള്ള അവാർഡുകളും നിറഞ്ഞിരിക്കുന്നു.

ഭിത്തിയിൽ പ. പരുമലതിരുമേനി, പ. വട്ടശ്ശേരിൽ തിരുമേനി, പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ എന്നീ മൂന്ന് മുനിശ്രേഷ്ഠപിതാക്കന്മാരുടെയും സ്വന്തം മാതാപിതാക്കളുടെയും ഫോട്ടോകൾ മാത്രം.

അടുത്ത മുറി അദ്ദേഹത്തിന്റെ പ്രാർത്ഥനാ മുറിയാണ്. ഒരു ചെറു ചാപ്പലിന്റെ പ്രതീതി ജനിപ്പിക്കുന്ന ഭക്തിസംവർദ്ധകമായ സംവിധാനങ്ങൾ.

"എല്ലാം ദൈവത്തിന്റെ അനുഗ്രഹം." തിരുമേനി സംസാരിച്ചു തുടങ്ങി. തിരുമേനിക്കു ലോകം നല്കുന്ന അംഗീകരണത്തെക്കുറിച്ചുള്ള ആഗതന്റെ ചോദ്യത്തിന് മതിയായ ഉത്തരം. "സത്യത്തിൽ എനിക്കൊന്നും അറിയില്ല. ഒന്നും ചെയ്യാനും അറിയില്ല. വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ അത് എന്റെ മനസ്സിൽ കുടിയിരിക്കുന്ന എന്റെ ദൈവത്തിന്റെ നിർദ്ദേശ പ്രകാരം മാത്രമാണ്. അദ്ദേഹമാണ് എന്നെക്കൊണ്ട് എല്ലാം ചെയ്യിക്കുന്നത്. ഞാൻ വെറുമൊരു നിമിത്തം മാത്രം."

അളവറ്റ ഭക്തിയോടെ തിരുമേനി വിനായന്വിതനാകുന്നത് ആഗതൻ കണ്ടു. ഒരിക്കൽ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം 87-ാം വാർഷിക കോൺഫ്രൻസിന്റെ സമാപന സമ്മേളനം നടക്കുന്ന രംഗം. നേരം മദ്ധ്യാഹ്നത്തോടടുക്കുന്നു. ഉച്ചവെയിൽ കത്തിക്കയറുന്ന സൂര്യൻ. വേദിയിൽ മലങ്കരസഭയുടെ പതിനൊന്ന് അഭിവന്ദ്യ

തോമസ് മാർ അത്താനാസ്യോസിനൊപ്പം മാർ മക്കാറിയോസിന്റെ മാതാപിതാക്കൾ

മക്കാറിയോസ് മെത്രാപ്പോലീത്ത സഹോദരി അന്നമ്മയുടെ കുടുംബത്തോടൊപ്പം - അന്നമ്മ, മകൾ ജാൻസി, ഭർത്താവ് ജോമോൻ, അവരുടെ മകൾ കുക്കു എന്നിവർ.

മക്കാറിയോസ് തിരുമേനിയുടെ സഹോദരിയുടെ മകൾ ജാൻസിയുടെ വിവാഹം - മാർ തീമോത്തിയോസ് (പിന്നീട് പ. ബാവായുടെ) പ്രധാന കാർമ്മികത്വത്തിൽ.

മൂന്നു തലമുറകൾ അമ്മച്ചിയോടൊപ്പം. ഇളയ മകൻ ഫാ. കെ. സി. മാത്യൂസിന്റെ ഭാര്യ കുഞ്ഞുമോളും, അച്ചന്റെ മകൻ മനോജിന്റെ ഭാര്യ ഡോ. മേരിയും.

മക്കാറിയോസ് തിരുമേനിയുടെ അനുജൻ കെ. സി. മാത്യൂസച്ചന്റെ മകനും ഡോക്ടർ മേരിയും തമ്മിലുള്ള വിവാഹം അയിരൂർ വച്ച് മാത്യൂസ് ദ്വിതീയൻ ബാവായുടെയും 11 മെത്രാപ്പോലീത്തന്മാരുടെയും കാർമ്മികത്വത്തിൽ.

മൂന്നു തലമുറകൾ അപ്പച്ചനോടും അമ്മച്ചിയോടുമൊപ്പം. ഇളയ മകൻ ഫാ. കെ. സി. മാത്യൂസിന്റെ ഭാര്യ കുഞ്ഞുമോളും, അച്ചന്റെ മകൻ മനോജിന്റെ ഭാര്യ ഡോ. മേരിയും.

മാർ മക്കാറിയോസിന്റെ പിതാവിന്റെ തൈലാഭിഷേക ശുശ്രൂഷ ഡോ. ഫിലിപ്പോസ് തേയോഫിലോസ് (ബോംബെ), ഫിലിപ്പോസ് മാർ യൗസേബിയോസ് (തുമ്പമൺ) എന്നിവരുടെ കാർമ്മികത്വത്തിൽ സ്വവസതിയിൽ നടത്തി. ഫാ. ലാസ്സറസ്സിനെയും കാണാം.

തിരുമേനിമാർ ഇരിക്കുന്നു.

മാർ മക്കാറിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കാനെഴുന്നേറ്റു. സമീപകാലത്ത് ഒരു കോൺഫ്രൻസിലും കണ്ടിട്ടില്ലാത്തവിധം ഒട്ടനവധി മേല്പട്ടക്കാരെ കണ്ടിട്ടാവണം നർമ്മോക്തിയിൽ അദ്ദേഹം പ്രസംഗം ആരംഭിച്ചതിങ്ങനെയാണ്: "ഗ്രഹപ്പിഴ വരുമ്പോൾ എല്ലാം ഒരുമിച്ചാണ് വരിക" എന്ന് ഇന്നത്തെ വേദി കണ്ടപ്പോൾ തോന്നുന്നു. ഈ ആമുഖത്തോടെ മാർ മക്കാറിയോസ് ഇടയവൃന്ദത്തിനു നേരെ വിമർശനത്തിന്റെ മുനയുള്ള അമ്പുകൾ തൊടുത്തു. "തിരുമേനിമാർ ബൻസ് കാറുകൾ

ഉപേക്ഷിക്കണം.” അദ്ദേഹം പറഞ്ഞു, “ആഡംബര വസ്തുക്കളെല്ലാം ഉപേക്ഷിച്ച് സാധാരണക്കാരോടൊപ്പം നില്ക്കാൻ മേല്പട്ടക്കാർ തയ്യാറാകണം” എന്നു പറഞ്ഞപ്പോൾ അഞ്ഞൂറിൽപരം പ്രതിനിധികൾ നിറഞ്ഞ സദസ്സ് ഇളകി മറിഞ്ഞു. ആവേശം മൂത്ത് ചിലർ തിരുമേനിക്ക് ‘കീ ജയ്’ വിളിച്ചു. “ഇവിടെ കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുമ്പോൾ തിരുമേനിമാർ അപ്പുറത്തെ മുറിയിലിരുന്ന് പ്രത്യേക വിഭവങ്ങളോടെ ‘മേശ’ കഴിക്കുന്നതു ശരിയല്ല. സാധാരണക്കാരിൽ സാധാരണക്കാരായി അവർ മാറുമ്പോഴേ സഭയ്ക്കു മാറ്റമുണ്ടാകൂ. മാറ്റത്തിന്റെ തുടക്കം മേല്ത്തട്ടിൽ നിന്നാവണം” മാർ മക്കാറിയോസ് പറഞ്ഞു.

സമൂഹത്തിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നായിരുന്നു മക്കാറിയോസിലെ സാമൂഹ്യസ്നേഹിയുടെ മനസ്സ് – സഭാ ഭരണത്തിന്റെ മുന്നിൽ നിന്ന് ഭിക്ഷ യാചിക്കേണ്ടിവരുന്ന വിശ്വാസികളുടെ ദുസ്ഥിതി മാറ്റാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. തന്റെ ജനങ്ങളുടെ അവകാശങ്ങൾക്കു വേണ്ടിയാണ് അദ്ദേഹത്തിലെ പോരാട്ടവീറ് ഉണരുക.

ഈ വാർദ്ധക്യത്തിലും ബ്യൂറോക്രസിയുടെ ശുദ്ധികലശത്തിനും അഴിമതി മുക്തമായ നവ സഭാ സൃഷ്ടിക്കും വ്യതിയാന സിദ്ധാന്തത്തിന്റെ നായകനായ മെത്രാപ്പോലീത്താ പോരാടാനുറച്ചു തന്നെ. ഏതായാലും ചുവന്ന കുപ്പായം പണപ്പിരിവിനുള്ള ലൈസൻസാണെന്ന് ധരിക്കാത്ത ഒരു മെത്രാപ്പോലീത്തായാണ് മാർ മക്കാറിയോസ്.

ഒരിക്കൽ William M. Foidyer എന്ന അമേരിക്കൻ ധ്വര എഴുതിയ വാചകങ്ങൾ ഓർമ്മയിൽ വരുന്നു, “ഇന്ത്യയിലെ കേരളം എന്ന കൊച്ചുരാജ്യത്തുനിന്നു, മഹാപണ്ഡിതനും, വിജ്ഞാനിയും, അദ്ധ്യാപകശ്രേഷ്ഠനും, സാത്വികനുമായ ഒരു മെത്രാപ്പോലീത്തായെ ദൈവം അമേരിക്കക്കാരായ ഞങ്ങൾക്കു നല്കി – അദ്ദേഹമാണ് മാർ മക്കാറിയോസ്.”

അഴിക്കാൻ ആവാത്ത ഊരാക്കുടുക്കുകളിലാണ് കുറെനാളായി ഓരോ ദിവസവും മലങ്കരസഭ വന്നു വീണുകൊണ്ടിരിക്കുന്നത്. ആ ഊരാക്കുടുക്കുകളഴിച്ച് പുറത്തു വന്നിട്ടു വേണ്ടേ സഭയ്ക്ക് ശത്രുവുമായി അങ്കം വെട്ടാൻ?

വാസ്തവത്തിൽ, അന്ത്യോഖ്യൻ കടൽക്കിഴവനെ തോളിൽനിന്നിറക്കിവച്ച് വട്ടശ്ശേരിൽ തിരുമേനി തേരു തെളിച്ച സ്വാതന്ത്ര്യത്തിന്റെ പാതയിൽ തേരു നയിക്കാൻ, കേന്ദ്രം ഒന്നിനു പിറകെ ഒന്നായി പ്രതിസന്ധികളെ നേരിട്ട് കൂടുതൽ കൂടുതൽ ദുർബലമായിക്കൊണ്ടിരിക്കുന്നതിനാൽ നല്ല അവസരങ്ങളെ തക്കത്തിലുപയോഗിക്കാൻ കഴിയാതെ പോകുന്നു.

പ്രതിസന്ധികൾ വരുമ്പോഴെല്ലാം, അമേരിക്കയിലേക്ക് തിരിഞ്ഞ്,

"മക്കാറിയോസിനെ വിളിക്കൂ സഭയെ രക്ഷിക്കൂ" എന്ന് ജനം വിളിച്ചോതുന്നു.

എന്തേ കേരളത്തിൽ മെത്രാപ്പോലീത്തന്മാരില്ലാഞ്ഞിട്ടോ അമേരിക്കയിലേക്കു ജനം നോക്കുന്നത്? നമ്മുടെ ഇരുപത്തിരണ്ടു രൂപതകൾക്കും ഇരുപത്തിരണ്ടു രൂപതാദ്ധ്യക്ഷന്മാരുണ്ട്.

"ഈ രൂപത, രൂപത എന്നു വച്ചാലെന്താണ്" എന്ന് മുൻ വിദ്യാഭ്യാസ മന്ത്രി എം. എ. ബേബി കഴിഞ്ഞയിടെ പ്രതിവചിച്ചു. "രൂപാ താ എന്നു പറയുന്ന രൂപതകളാണ് ഇന്നുള്ളത്. അപ്പോൾ 'അതിരൂപത' എന്നു പറഞ്ഞാലോ? പതിനായിരങ്ങൾ ലക്ഷങ്ങളാകും. ഒരുപാട് രൂപാ കൊടുക്കണം. എന്നർത്ഥം. രൂപയുടെ അതിപ്രസരം. അതാണ് അതി രൂപാ താ."

വീടും കാറും പണവും ചുവന്ന കുപ്പായവുമൊക്കെ കിട്ടി കഴിയുമ്പോൾ പലരും വന്ന വഴി മറക്കും. ഈ മറവി മനുഷ്യസഹജമായിരിക്കാം; ജന്മസിദ്ധമായിരിക്കാം.

കഴിഞ്ഞയിടെ നടന്ന ഒരു മാനേജിംഗ് കമ്മിറ്റി മീറ്റിംഗിൽ വച്ച് മക്കാറിയോസ് മെത്രാപ്പോലീത്താ പല തിരുമേനിമാരുടേയും അസാന്നിദ്ധ്യത്തെ ചൂണ്ടിക്കാട്ടി ഫലിതരൂപത്തിൽ പറഞ്ഞു; "ഇന്നിവിടെ ഹാജരില്ലാത്ത മെത്രാപ്പോലീത്തന്മാരെല്ലാം ഇപ്പോൾ എന്റെ ഭദ്രാസനത്തിലുണ്ട്."

അതൊരു സത്യം മാത്രം! പ്രൊജക്ടുകളുടെ പേരും പറഞ്ഞ് "പണപ്പിരിവ് കുറ്റികളു"മായി ഊരുതെണ്ടുന്ന മെത്രാച്ചന്മാർ പലരും, ആഴ്ചകളും, മാസങ്ങളും, ആണ്ടുകൾതന്നെ അമേരിക്കയിലും ഗൾഫുരാജ്യങ്ങളിലും ചെലവഴിക്കുമ്പോൾ സഭയുടെ കുരുക്കഴിക്കാൻ ആർക്കാണ് നേരം? സഭ ഓട്ടോസിഫാലസായാലും, ഇല്ലെങ്കിലും മാമോദീസായും കല്യാണക്കെട്ടും കിട്ടിയാൽ മതി എന്നു ധരിച്ചുവശായാൽ ജനം പ്രതികരിക്കുന്ന കാലം വിദൂരമല്ല, നിശ്ചയം!

"പണത്തിനു മേലേ പരുന്തും പറക്കില്ല എന്നാണ് ചിലരുടെ കണക്കുകൂട്ടൽ. എന്നാൽ പണത്തിനുമേലേ ജനശക്തി പറക്കും എന്ന് അവർ അറിയാൻ പോകുന്നതേ ഉള്ളൂ." എന്ന് ഒരിക്കൽ മുൻ കേരള മുഖ്യമന്ത്രി അച്യുതാനന്ദൻ പറഞ്ഞ വാക്കുകൾ ഇവിടെ അന്വർത്ഥമായി തോന്നുന്നു.

അഴിമതിവിരുദ്ധമായ പോരാട്ടങ്ങൾക്കും, സഭകളുടെ പരിവർത്തനത്തിനും, കാലാനുസൃതമായ വ്യതിയാനങ്ങൾക്കും തേർ തെളിക്കുന്നമാർ മക്കാറിയോസിനെ "പരിവർത്തനത്തിന്റെ അമരക്കാരൻ" എന്ന നിലയിൽ അന്തർ രാഷ്ട്രീയതലങ്ങൾ ആദരിക്കുമ്പോൾ, അഴിമതിയിൽ മുങ്ങിക്കുളിച്ച് പ്രവർത്തനരഹിതമായി തുടരുന്ന തന്റെ സഭയുടെ ബ്യൂറോക്രസിയെ നേർവഴി നടത്തുന്നതിനുള്ള തന്റെ പോരാട്ടം അംഗീകരിക്കപ്പെ

ടാത്തതിൽ അതിദുഃഖമുണ്ട്. തുരുമ്പിച്ച പാരമ്പര്യവഴികൾ വിട്ട് ചിന്തിക്കാൻ ഇഷ്ടപ്പെടുന്ന പുത്തൻ സിദ്ധാന്തങ്ങളുടെ പ്രയോഗ രീതികളുമായി അദ്ദേഹം തന്റെ ജൈത്രയാത്ര തുടരുന്നു.

1999 ഫെബ്രുവരി മാസത്തിൽ മാർ മക്കാറിയോസും ഏപ്രിലിൽ ഫാ. കെ. സി. മാത്യുവും കേരളത്തിലെത്തി. മാർച്ച് 21-ാം തീയതി കോട്ടയത്തു നടന്ന യുവജന സംഗമത്തിലും 26-ാം തീയതി 40-ാം വെള്ളിയാഴ്ച നടന്ന വി. മൂറോൻ കൂദാശയിലും തിരുമേനി സംബന്ധിച്ചു.

ഈ ഏപ്രിൽ 17-ാം തീയതി ആയിരുന്നു ബി. ജെ. പി. ഗവൺമെന്റിനെ ഒരു വോട്ടിനു പരാജയപ്പെടുത്തിയതിനെ തുടർന്ന് വാജ്പേയ് ഇന്ത്യൻ പ്രധാനമന്ത്രിപദം രാജിവച്ചത്.

ഇക്കാലത്തു തന്നെ കൊല്ലകുഴിയിൽ കുഞ്ഞച്ചൻ എന്ന കുടുംബ പിതാവിന് 95 വയസ്സു പൂർത്തിയായി. അന്നേദിവസം കൊറ്റനാട് സെന്റ് ജോർജ്ജ് പള്ളിയിൽ നടന്ന വി. കുർബ്ബാനയിൽ സംബന്ധിച്ച് വി. കുർബ്ബാനാനുഭവത്തോടുകൂടി മാർ മക്കാറിയോസ് പിതാവിന്റെ ജന്മദിനം ആഘോഷിച്ചു.

അന്നേ ദിവസം തന്നെ ഒരുക്കത്തോടും പ്രാർത്ഥനയോടും കൂടി കുടുംബ വീടിനു മുമ്പിൽ തന്നെ അത്യാധുനിക രീതിയിലുള്ള ഒരു വൻ സൗധത്തിന്റെ തറക്കല്ലിടീൽ നിർവ്വഹിക്കപ്പെട്ടു. കുടുംബനാഥനായ കുഞ്ഞച്ചൻ തന്നെയാണ് ബ. പുരോഹിതരോടൊപ്പം തറക്കല്ലിടുന്നതിന് ഉത്ഘാടനം നിർവ്വഹിച്ചത്.

പക്ഷേ, ആ ശിലാസ്ഥാപനത്തിനും ബഹു. കെ. സി. മാത്യൂസച്ചൻ ഒരു പുതിയ രീതി അവലംബിച്ചു. തന്റെ വീടിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതിനു തൊട്ടു മുമ്പിൽ കൊറ്റനാടു പഞ്ചായത്തിലെ അർഹതയുള്ള ഒരു ദരിദ്രകുടുംബത്തിന് വീടു പണിയുന്നതിനുള്ള ഒരു ചെക്ക് പഞ്ചായത്തു പ്രസിഡന്റിനെ ഏല്പിച്ചശേഷം മാത്രമേ തന്റെ വീടിന്റെ ശിലാസ്ഥാപനം നടത്തിയുള്ളു. തിരുമേനിയുടെ സഹോദരി അമ്മുക്കുട്ടിക്കു വേണ്ടി റാന്നിയിൽ പണികഴിപ്പിക്കുന്ന പുതിയ കെട്ടിടത്തിന്റെ കട്ടിളവയ്പ്, കൂദാശ എന്നീ കർമ്മങ്ങളിലും കുഞ്ഞച്ചൻ പോയി സംബന്ധിച്ചു.

പുതുതായി പണിതീർക്കുന്ന പരുമലപ്പള്ളി കാണാനുള്ള ആഗ്രഹം പ്രകടിപ്പിച്ചതനുസരിച്ച് ഫാദർ ലാസ്സറസ്സ് മാതാപിതാക്കളെ പരുമല കൊണ്ടുപോവുകയും ബൃഹത്തായ ദേവാലയപണി കാണിക്കുകയും പ. പിതാവിന്റെ കബറിങ്കൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി തിരികെ പോരികയും ചെയ്തു.

ആ നവംബറിൽ ലോകജനസംഖ്യ 600 കോടിയായി ഉയർന്നു. അതിൽ

മുൻപന്തിയിൽ നില്ക്കുന്ന ചൈന, ഇന്ത്യ എന്നീ രാഷ്ട്രങ്ങൾക്ക് ജന ശക്തി നേട്ടമായിരുന്നെങ്കിലും സ്ഫോടനാത്മകമായ ഒരു സ്ഥിതി വിശേഷം ഈ ജനസംഖ്യാവർദ്ധന നല്കുകയുണ്ടായി.

മൂവാറ്റുപുഴ കയ്യേറ്റം

നവംബർ രണ്ടാം ആഴ്ചയിൽ കോടതി നിരോധനവും പോലീസ് നിരോധനവും ഉണ്ടായിരുന്നെങ്കിലും അവയെ അവഗണിച്ച് ചെറുവള്ളി മാർ ദീവന്നാസ്യോസ് തന്റെ 'ഗുണ്ടാസംഘ'വുമായി കണ്യാട്ടുനിരപ്പു പള്ളി പിടിച്ചടക്കുന്നതിനുള്ള ഒരു വിഫലശ്രമം നടത്തി. കണ്യാട്ടുനിര പ്പിൽ ഒരു വിപ്ലവം സൃഷ്ടിച്ച് ഒരു സഹദായുടെ പരിവേഷം ഉണ്ടാക്കി എടുക്കുക എന്നതായിരുന്നു മാർ ദീവന്നാസ്യോസിന്റെ ലക്ഷ്യം എന്നു പറയപ്പെടുന്നു. ഏതായാലും കണ്യാട്ടുനിരപ്പിൽ അദ്ദേഹത്തിന്റെ ആഗ മനം സൃഷ്ടിച്ച സംഘർഷാവസ്ഥയിൽ അദ്ദേഹത്തിന്റെ കാർ ആരൊ ക്കെയോ ആക്രമിച്ചു തകർത്തുവെന്നും തന്നെ അപായപ്പെടുത്താൻ ശ്രമി ച്ചുവെന്നും പിന്നീട് അദ്ദേഹം പോലീസിൽ പരാതിപ്പെട്ടു.

ഏതായാലും ജനവികാരത്തെ ഇളക്കിമറിച്ച് കാര്യം നേടുക എന്ന കല ആ പിതാവിനു സ്വന്തമാണ്. അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചതി ലുള്ള പ്രതിഷേധം പ്രകടിപ്പിക്കാൻ അദ്ദേഹം മൂവാറ്റുപുഴ ടൗൺ തന്നെ തെരഞ്ഞെടുത്തു. വളരെ നാളായി മൂവാറ്റുപുഴ അരമന കൈയേറുവാൻ പല ശ്രമങ്ങളും നടത്തിക്കൊണ്ടിരുന്ന മാർ ദീവന്നാസ്യോസ് പ്രതിഷേധ പ്രകടനത്തിലൂടെ ഒരു ബഹുജന മുന്നേറ്റത്തിൽ മൂവാറ്റുപുഴ അരമന യിൽ തള്ളിക്കയറാം എന്ന ഒരു രഹസ്യ അജണ്ടായും മനസ്സിൽ കരുതി യാണ് പ്രതിഷേധ പ്രകടനം മൂവാറ്റുപുഴയിൽ ആക്കിയതെന്ന് പറയപ്പെ ടുന്നു.

നവംബർ 16-ാം തീയതി സ്ഥിതിഗതികൾ നേരിട്ട് അന്വേഷിക്കാനും മൂവാറ്റുപുഴ അരമനയിൽ താമസിക്കുന്ന ഡോ. തോമസ് മാർ അത്താ നാസ്യോസിനു ആത്മബലം നല്കുവാനുമായി ഫാദർ ലാസ്സറസ്സും ഫാ. കെ. സി. മാത്യൂവും മൂവാറ്റുപുഴ അരമന സന്ദർശിച്ചു. അങ്കമാലിയുടെ ഏബ്രഹാം മാർ സേവേറിയോസ് അവരോടു ചേർന്നു. പിറ്റേദിവസം ഉണ്ടാ കാവുന്ന ഒരു ആക്രമണത്തെ ഏതുവിധത്തിൽ ചെറുക്കാൻ കഴിയുമെ ന്നായിരുന്നു ചർച്ചാവിഷയം. മാർ അത്താനാസ്യോസ് അതിനു മുമ്പു തന്നെ പോലീസ് സഹായം തേടുകയും മുൻകൂട്ടി സംരക്ഷണം ഉറപ്പാ ക്കുകയും ചെയ്തിരുന്നു.

നവംബർ 17-ാം തീയതി കോരിച്ചൊരിയുന്ന മഴയിൽ സഭാവിശ്വാസി കളെ മൂവാറ്റുപുഴ റോഡിലൂടെ അസഭ്യപുലഭ്യങ്ങൾ ചൊരിഞ്ഞുകൊ ണ്ടുള്ള ഒരു വലിയ ജാഥ ആയി നടുറോഡിലൂടെ നടത്തിച്ചു. അരമനപ്പ

ടിക്കൽ ആയിരങ്ങൾ ഒന്നിച്ചു തള്ളിക്കയറാനുള്ള ശ്രമത്തെ പോലീസിന്റെ സുശക്തസേന അവസരോചിതമായി തടഞ്ഞതിനാൽ അപകടം ഒന്നും ഉണ്ടായില്ല. ജാഥാ കടന്നുപോയ റോഡിലുടനീളം ചിതറിക്കിടന്ന മദ്യക്കുപ്പികൾ പെറുക്കിയവർ മൂവാറ്റുപുഴയുടെ ചരിത്രത്തിൽ ഇത്രയധികം മദ്യം ഒഴുകിയ ഒരു സമ്മേളനം നടന്നിട്ടില്ലെന്ന് സാക്ഷിച്ചു.

അടുത്തുതന്നെ മലങ്കരസഭ സന്ദർശിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസിന് മൂവാറ്റുപുഴ അരമന സമർപ്പിക്കാമെന്നുള്ള കണക്കുകൂട്ടൽ അങ്ങനെ പാളിപ്പോയി.

ഓമല്ലൂർ സമ്മേളനം

പാത്രിയർക്കീസിന്റെ അനധികൃതമായ മലങ്കര സന്ദർശനത്തെപ്പറ്റി സഭാ മാനേജിംഗ് കമ്മറ്റിയെ ബോധവൽക്കരിക്കത്തക്കവണ്ണം ഒരു ആലോചനാ മീറ്റിംഗ് ഓമല്ലൂർ പള്ളിയിൽ ഫാദർ ലാസ്സറസ്സ് വിളിച്ചുകൂട്ടി. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി പള്ളി ഓഡിറ്റോറിയം നിറഞ്ഞുകവിഞ്ഞ ആൾക്കൂട്ടം ഉണ്ടായി. പാത്രിയർക്കീസ് ബാവായുടെ വരവിനെ ഫലപ്രദമായി തടയുന്നതിനുള്ള ചില കർമ്മപദ്ധതികൾ ആസൂത്രണം ചെയ്കയും പിറ്റേന്ന് കോട്ടയത്തു നടന്ന മാനേജിംഗ് കമ്മറ്റിയിൽ അവ ചർച്ച ചെയ്ത്തക്കവണ്ണം അവതരിപ്പിക്കയും ചെയ്തു. പ. പരുമല തിരുമേനി ജീവിതകാലത്ത് പലപ്പോഴും ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഏകാന്തതയിൽ താമസിച്ചുപോന്ന വെട്ടിക്കൽ ദയറാപ്പള്ളിയിലെ പരുമലപ്പെരുനാളിൽ സംബന്ധിക്കാനും, പ്രസംഗകരായിരിപ്പാനും ഫാദർ ലാസ്സറസ്സും ഫാ. കെ. സി. മാത്യുവും ക്ഷണിക്കപ്പെട്ടിരുന്നു. പ. കാതോലിക്കാ ബാവായും മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും പ്രധാന കാർമ്മികളായിരുന്നു.

ഇടമറുക് പള്ളി ഇരുവിഭാഗങ്ങളായി പിരിഞ്ഞ് വഴക്കും കേസുമായി കലഹിച്ചു കഴിഞ്ഞിരുന്നു. എന്നാൽ തോമസ് മാർ അത്താനാസ്യോസ് കാതോലിക്കാപക്ഷത്തേക്ക് മാറിയതോടെ ഇടമറുകു പള്ളിയിൽപെട്ട പാത്രിയർക്കീസ് പക്ഷക്കാർ അപ്പാടെ കാതോലിക്കേറ്റിന്റെ കീഴിലേക്കു വന്നു. അപ്പോഴും കക്ഷിവഴക്കു കാലത്ത് പരസ്പരം ഏല്പിച്ച മുറിവുകൾ ഉണങ്ങിയിരുന്നില്ല. തൽഫലമായി ഒരു രാത്രിയുടെ മറവിൽ കാതോലിക്കാ പക്ഷക്കാർ പള്ളി പിടിച്ചെടുത്ത് ബഹളം ഉണ്ടാക്കി പള്ളി പൂട്ടിച്ചു എന്ന ആരോപണവുമായി ഒരുപറ്റം പട്ടക്കാരും ജനങ്ങളും പ. ബാവായെ കണ്ട് സങ്കടം ഉണർത്തിക്കാൻ വെട്ടിക്കൽ വന്നിരുന്നു. സന്ധ്യാനമസ്ക്കാരത്തിനുശേഷം ബാവാതിരുമനസ്സിലെ മദ്ധ്യസ്ഥതയിൽ രാത്രി വളരെ വൈകുന്നതുവരെയും സന്ധി സംഭാഷണങ്ങൾ നടത്തിയെങ്കിലും ഫലം കണ്ടില്ല.

മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിൽ നടന്ന പരുമലപ്പെരുനാളിലും ഫാദർ ലാസ്സറസ്സും ഫാദർ കെ. സി. മാത്യുവും പ്രത്യേക ക്ഷണിതാക്കളായിരുന്നു. കാതോലിക്കാപക്ഷത്തു നിലഉറപ്പിച്ചു നിന്ന വടക്കൻ ഭദ്രാസനങ്ങളിലെ വിശ്വാസികളുടെ വീറും ഉറപ്പും നേരിൽ അനുഭവിച്ച് ഊറ്റം കൊള്ളാൻ ഈ അവസരങ്ങൾ പ്രയോജകീഭവിച്ചു. സഭാ സംയോജനത്തിനുള്ള സന്ധി സംഭാഷണങ്ങൾ അക്കാലത്ത് ഏകദേശം ഫലപ്രദമാകുന്ന മട്ടിലേക്കു നീങ്ങിയപ്പോഴാണ് ഫാദർ ലാസ്സറസ്സ് സുൽത്താൻ ബത്തേരി ഭദ്രാസനത്തിലെ സ്ത്രീസമാജ വാർഷിക ക്യാമ്പിനു നേതൃത്വം നൽകാൻ മീനങ്ങാടിയിൽ എത്തിയത്. അവിടെ അദ്ദേഹം പാത്രിയർക്കീസ് വിഭാഗത്തിലെ മാർ പീലക്സിനോസിനെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തി.

ഫാ. ലാസ്സറസ്സിന്റെ ഹൃദയത്തിൽ തങ്ങിനില്ക്കുന്ന ഒരു കൗൺസലിംഗ്

രംഗം അമ്പലവയൽപള്ളി. 2000-ാമാണ്ടു പിറക്കുന്ന രാത്രി ധ്യാനത്തിനും നവയുഗപ്പിറവി ആഘോഷങ്ങൾക്കുമായി ഫാ. ലാസ്സറസ്സ് അമ്പലവയൽ പള്ളിയിൽ എത്തിയതാണ്. സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് നവയുഗജാഗരണവും പാതിരാത്രി കുർബ്ബാനയും നടന്നു. പുതുജീവനോടുകൂടി സഭാംഗങ്ങൾ പള്ളിവിട്ടിറങ്ങിക്കൊണ്ടിരുന്നപ്പോൾ ബഹു. വികാരിയച്ചൻ ഒരു യുവാവിനേയും യുവതിയേയും ഫാ. ലാസ്സറസ്സിന്റെ അരികിലേക്കു വിളിച്ചു കൊണ്ടുവന്നു പറഞ്ഞു;

"ഇവർ കുടുംബ ഛിദ്രത്താൽ വിവാഹമോചനത്തിനു തയ്യാറെടുക്കുകയാണ്. താമസിയാതെ കോടതിയിൽ നിന്നു വിവാഹമോചനം തേടും - എങ്ങനെ അവരെ സഹായിക്കാം?"

സമയം രാത്രി രണ്ടു മണി ആയിക്കഴിഞ്ഞു. ആ സമയത്ത് ഒരു കുടുംബപ്രശ്നം ചർച്ച ചെയ്യുക എളുപ്പമല്ല. പിറ്റെദിവസം അരമനയിൽ എത്തിക്കൊള്ളാമെന്ന് ഇരുവരും സമ്മതിച്ചു.

2000-ാമാണ്ട് ജനുവരി 1-ാം തീയതി രാവിലെ 8 മണിക്ക് അവർ ബത്തേരി അരമനയിലെത്തി. പുറത്തു മുറ്റത്ത് 3 കസേരകളിൽ അവർ ഇരുന്നു. കുടുംബശൈഥില്യത്തിന്റെ ആഴത്തിലേക്ക് ഫാദർ ലാസ്സറസ്സ് മുങ്ങിയിറങ്ങി. പല കുടുംബ ഛിദ്രങ്ങളിലും കേൾക്കാറുള്ളതുപോലെ കാര്യം നിസ്സാരം. വ്യത്യസ്തമായ രണ്ടു പശ്ചാത്തലങ്ങളിൽ നിന്ന് ഒരുമിച്ചു ചേർക്കപ്പെട്ട അവരുടെ അഭിരുചികളിലും കാഴ്ചപ്പാടിലും മാത്രമുണ്ടായിരുന്നതും, അവർതന്നെ വികസിപ്പിച്ചെടുത്തതുമായ ഭിന്നത ഒരു വിവാഹമോചനത്തോളം എത്തിയതു മാത്രമായിരുന്നു. ഒരു മണിക്കൂർ നേരത്തെ കൗൺസലിംഗും ഉപദേശങ്ങളും അവരുടെ കണ്ണുകളെ ഈറ

നണിയിച്ചു. പരസ്പരം കെട്ടിപ്പിടിച്ച് വിവാഹമോചന അപേക്ഷ വലിച്ചു കീറിയ ഇരുവരേയും 'പുതുയുഗത്തിന്റെ ആദ്യസമ്മാനമായി' കുറിയാക്കോസ് മാർ ക്ലിമിസ് മെത്രാപ്പോലീത്തായ്ക്കു സമർപ്പിച്ച സംഭവം എന്നും മനസ്സിൽ തങ്ങിനില്ക്കുന്നു.

അമേരിക്കയിൽ നിന്നു കേരള സന്ദർശനത്തിനെത്തിയ ബിഷപ്പ് ഹാനോക്കിനെ - അദ്ദേഹത്തിന്റെ സുഹൃത്തായ ഫാ. കെ. സി. മാത്യുവിന്റെ അനാരോഗ്യം നിമിത്തം - ഫാ. ലാസ്സറസ്സ് സ്വീകരിച്ച് വെങ്ങോല, കോതമംഗലം, കുന്നംകുളം, തോഴിയൂർ, തൃശൂർ മുതലായ സ്ഥലങ്ങളിലെ പള്ളികളും സ്ഥാപനങ്ങളും സന്ദർശിച്ചശേഷം പത്തനംതിട്ടമാക്കാംകുന്ന് കൺവൻഷനിൽ, മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന അഞ്ചിന്മേൽ കുർബ്ബാനയിലും സംബന്ധിച്ചു. ആ വർഷത്തെ കൺവൻഷൻ പ്രസംഗകരിൽ ബിഷപ്പ് ഹാനോക്കും ഉൾപ്പെട്ടിരുന്നു.

75-ാം ജന്മദിനം

മാർ മക്കാറിയോസിനു 75 വയസ്സു പൂർത്തിയാകുന്നതു പ്രമാണിച്ച് വീണ്ടും സ്വദേശം ഒരു വമ്പിച്ച സ്വീകരണം നൽകി. അഞ്ചു വർഷങ്ങൾക്കു മുമ്പ് 70-ാം ജന്മദിനാഘോഷങ്ങളിൽ വീറോടു പങ്കെടുത്ത അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇരുവരും ഈ സമയം ആശുപത്രിയിൽ ആയിരുന്നു. ഫെബ്രുവരി 13-ാം തീയതി മാർ മക്കാറിയോസ് ആശുപത്രിയിൽ എത്തി അവരെ സന്ദർശിക്കുകയും ജന്മദിനത്തിന്റെ അനുഗ്രഹങ്ങൾ വാങ്ങുകയും ചെയ്തു.

ഫെബ്രുവരി 21-ാം തീയതി ആയിരുന്നു ജന്മദിനാഘോഷങ്ങൾ - ഇത്തവണ കൊറ്റനാട് സെന്റ് ജോർജ്ജ് പള്ളിയിൽ നിന്നായിരുന്നു ജനസഹസ്രങ്ങൾ പങ്കെടുത്ത ഘോഷയാത്ര ആരംഭിച്ചത്. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരും ഈ ഘോഷയാത്രയ്ക്കു ശോഭ വർദ്ധിപ്പിച്ചു. തന്റെ മകന്റെ ജന്മദിനഘോഷയാത്ര കാണാൻ അമ്മയുടെ നിർബന്ധം നിമിത്തം ഡോക്ടർ പ്രത്യേകാനുമതി നൽകി. എന്നാൽ പിതാവിന് അപ്പോഴും കടുത്ത പനി ഉണ്ടായിരുന്നതിനാൽ ഡോക്ടർ അനുമതി നല്കിയതുമില്ല. അമ്മച്ചിയെ ഫാദർ ലാസ്സറസ്സ് കാറിൽ ഘോഷയാത്ര കടന്നുപോകുന്ന കുമ്പളന്താനത്തെ വഴിയോരത്ത് മാറ്റി കാഴ്ചയ്ക്കുള്ള സൗകര്യം ഒരുക്കി നിർത്തി.

ആഘോഷജാഥയുടെ ആദ്യഭാഗം കുമ്പളന്താനത്ത് എത്തിയതോടെ അമ്മച്ചിയുടെ കണ്ണുകൾ നിറയാൻ തുടങ്ങി. ബാലികാബാലന്മാരുടെ തിരക്കും ബാന്റുസെറ്റും, പതാകവാഹകരും, മോട്ടോർസൈക്കിൾ അകമ്പടികളും മന്ദം മന്ദം കടന്നുകൊണ്ടിരുന്നു. തണ്ണീരാംപൊയ്കയിൽ തങ്ക

ച്ചൻ നയിച്ച ഗംഭീര കരിവരനും കടന്നു. ഇതാ മെത്രാപ്പോലീത്തായുടെ രഥം കടന്നുവരുന്നു. കാറിൽനിന്നും തല ആവുംമട്ട് പുറത്തേക്കിട്ട് ആ വൃദ്ധമാതാവ് ഓമന മകനെ കാണാനുള്ള തത്രപ്പാടിലായിരുന്നു. മെത്രാപ്പോലീത്താ ഉപവിഷ്ടനായിരുന്ന മനോഹരരഥം കാഴ്ചയിൽ പെട്ടതോടെ അമ്മ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. എത്ര ആശ്വസിപ്പിച്ചിട്ടും ഒടുങ്ങാത്ത കണ്ണുനീർ പ്രവാഹം. ഒരമ്മയുടെ ഹൃദയത്തുടിപ്പുകൾ ആരറിവൂ.

ഹംസരഥത്തിലെ ഉയർന്ന സുവർണ്ണ സിംഹാസനത്തിൽ ഉപവിഷ്ടനായി സ്ലീബാ ഉയർത്തി ജനസമൂഹത്തെ അനുഗ്രഹിച്ചു നീങ്ങിക്കൊണ്ടിരുന്ന മെത്രാപ്പോലീത്തായുടെ കണ്ണുകൾ എവിടെയോ ഉടക്കി. ഹംസരഥം നിർത്താൻ ആജ്ഞാപിച്ചു. ഉന്നതനായ മഹാചാര്യൻ, ഒരു പിഞ്ചുകുഞ്ഞായി മാറുന്നു. അദ്ദേഹം രഥത്തിൽ നിന്നു ചാടി ഇറങ്ങി. ഓരം ചാരിക്കിടന്ന കാറിന്റെ സമീപത്തേക്ക് അദ്ദേഹം ഓടി. അമ്മയുടെ കരങ്ങളിൽ ഒരു നിമിഷം കെട്ടിപ്പുണർന്നു നിന്നു. വാവിട്ടു നിലവിളിക്കുന്ന അമ്മയുടെ കണ്ണുനീർ മെത്രാപ്പോലീത്താ തുടച്ചു. അദ്ദേഹത്തിന്റെ കണ്ണുകളും നനഞ്ഞിരുന്നു.

മാതൃ-പുത്ര ബന്ധത്തിന്റെ ആഴമേ! തന്റെ ആദ്യജാതനെ കാണുന്ന അവസാന കാഴ്ച അതാണെന്ന് ആ അമ്മ ചിന്തിച്ചിരുന്നോ?

മെത്രാപ്പോലീത്താ രഥത്തിലേക്കു മടങ്ങി. ഈ അപൂർവ്വ സംഗമം കണ്ടു സ്തംഭിച്ചു നിന്ന ഘോഷയാത്ര സമ്മേളന നഗരിയിലേക്കു വീണ്ടും നീങ്ങി.

മക്കാറിയോസ് മെത്രാപ്പോലീത്താ വീണ്ടും അമേരിക്കയിലേക്കു മടങ്ങി. ഫാദർ ലാസ്സറസ്സിനെ കാനഡായിൽ എഡ്മണ്ടൺ ഓർത്ത ഡോക്സ് പള്ളി വികാരിയായി നിയമിച്ച വിവരം ഫോണിലൂടെ മെത്രാപ്പോലീത്താ അച്ചനെ അറിയിച്ചു. മാതാപിതാക്കൾ പ്രായമായിരിക്കുന്ന ഈ ഘട്ടം അവരെ വിട്ട് വിദേശത്തേക്കു പോകുന്നതിനുള്ള വിസമ്മതം അച്ചൻ തിരുമേനിയെ അറിയിച്ചു. ഏതായാലും പള്ളിക്കാർ വിവരം അറിയിക്കുന്നതനുസരിച്ച് വിസായ്ക്കും മറ്റുമുള്ള സാങ്കേതിക നടപടികൾ ചെയ്യുന്നതിന് കല്പിച്ചു.

അപ്പച്ചന്റെ മരണത്തിനുള്ള ഒരുക്കം

പുതിയ വീടിന്റെ പണി എല്ലാം ഏകദേശം അവസാനിച്ചു. കെ. സി. മാത്യൂസച്ചന്റെ മരുമകൾ മേരി അമേരിക്കയിലേക്കു പോകുംമുമ്പെ പുതിയ വീട്ടിൽ പാൽകാച്ചു കർമ്മം നിർവ്വഹിക്കണമെന്ന് തീരുമാനിച്ചു. കെട്ടിടംപണി നടക്കുമ്പോഴെല്ലാം പണിക്കാരുടെ കൂടെയും പണിസ്ഥലത്തും കയറിയും ഇറങ്ങിയും പിതാവായ കുഞ്ഞച്ചൻ നടന്നു.

പാൽകാച്ചൽ ചടങ്ങിൽ പ്രധാന ഗൃഹനാഥന്റെ നിലയിൽ വേണ്ടത്ര നേതൃത്വവും നൽകി. ജൂൺ മാസത്തിലാണ് അദ്ദേഹത്തിന്റെ ജന്മദിനം. ജൂൺ മാസം അടുക്കുന്തോറും എല്ലാ ദിവസവും കലണ്ടറിൽ പോയി ദിവസങ്ങൾ കണക്കുകൂട്ടുക പതിവായിരുന്നു. ജന്മദിനത്തോട് അടുത്തായിരിക്കും മരണവും സംഭവിക്കുക എന്ന നാടൻ വിശ്വാസം അദ്ദേഹത്തെ ഭരിച്ചിരുന്നുവോ എന്തോ? നൂറ്റിനാലാം വയസ്സിലേക്കു പ്രവേശിച്ച നാൾ തുടങ്ങി അദ്ദേഹം മരണത്തിനു വേണ്ടി ഒരുങ്ങിത്തുടങ്ങിയോ എന്ന് തോന്നി. പ്രാർത്ഥനയുടെ സമയദൈർഘ്യം കൂട്ടിത്തുടങ്ങി. കണ്ണിന്റെ കാഴ്ച കുറേശ്ശെ നഷ്ടപ്പെട്ടിരുന്നെങ്കിലും അകക്കണ്ണിന്റെ കാഴ്ച അതുല്യമായിരുന്നു.

ഒരിക്കൽ ഫാ. ലാസ്സറസ്സ് തമാശരൂപത്തിൽ പറഞ്ഞു, "അപ്പച്ചാ, പേരെടുക്കാൻ ഒരു പുതിയ സമ്പ്രദായം ഞാൻ പറഞ്ഞുതരാം."

"അതെന്താ?"

"അപ്പച്ചൻ മരിക്കുമ്പോൾ മണ്ണിനകത്തു കുഴിച്ചു മൂടുന്നതിനു പകരം ഒരു വലിയ കുപ്പിയിൽ 'ഫോർമലിൻ' ഒഴിച്ച് അതിലിറക്കി, നമ്മുടെ ഭിത്തിയിൽ നിത്യമായി പ്രതിഷ്ഠിച്ചു വയ്ക്കാം. അതിൽ ജഡം ചീഞ്ഞു പോവുകയില്ല. വരും തലമുറയ്ക്കു മുഴുവൻ അപ്പച്ചനെ കാണുകയും ചെയ്യാം. ഞങ്ങൾക്ക് ഭിത്തിയിലിരിക്കുന്ന അപ്പച്ചന്റെ മുമ്പിൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്യാം. കുപ്പിയിലുള്ള ഈ പുതിയ ശവസംസ്ക്കാരം വളരെ പ്രശസ്തി നേടും. പത്രക്കാർ വന്ന് പടമെടുത്തു പ്രസിദ്ധീകരിക്കും."

അപ്പച്ചൻ ചിരിച്ചുകൊണ്ട് സമ്മതം മൂളി. നാളുകൾ വീണ്ടും കടന്നപ്പോൾ കുഞ്ഞച്ചൻ ഒരിക്കൽ ചോദിച്ചു, "എന്തായി കുപ്പി?"

"എന്നാണ് അപ്പച്ചൻ മരിക്കുന്നതെന്നു പറഞ്ഞാൽ അതനുസരിച്ച് കുപ്പി ഞാൻ ക്രമീകരിച്ചുകൊള്ളാം."

"ഏതായാലും രണ്ടായിരമാണ്ടു വരെ ഞാൻ ദൈവത്തിന് അപേക്ഷ കൊടുത്തിട്ടുണ്ട്. 2000 ആവട്ടെ, ഞാൻ സമയം അപ്പോൾ പറയാം."

ആ രണ്ടായിരമാണ്ടാണ് ഇപ്പോൾ വന്നു കഴിഞ്ഞത്. പാൽകാച്ചൽ കർമ്മം കഴിഞ്ഞശേഷം ദിവസവും കലണ്ടറിൽ നോക്കിക്കൊണ്ടിരുന്നു. എന്താണ് ആ മനസ്സിൽ എന്ന് ആർക്കും അറിഞ്ഞുകൂടാ.

അതിനോടകം ലാസ്സറച്ചന് ഡൽഹിയിൽ കനേഡിയൻ എമ്പസിയിൽ നിന്ന് ഇന്റർവ്യൂവിനുള്ള അറിയിപ്പു ലഭിച്ചു. കുഞ്ഞച്ചൻ അച്ചനെ പ്രാർത്ഥിച്ച് ഡൽഹിയിലേക്ക് അയച്ചു. ജൂൺ 19-ാം തീയതി ഇന്റർവ്യൂ കഴിഞ്ഞ് അച്ചൻ തിരിച്ചു വീട്ടിലെത്തി.

കൂടിവന്ന പനിയും ശ്വാസതടസ്സവും നിമിത്തം ജൂൺ 20-ന് അപ്പച്ചനെ റാന്നി മേനാംതോട്ടം ആശുപത്രിയിലാക്കി. കടുത്ത പനിയെ തുടർന്ന് ജൂൺ 24-ന് അമ്മച്ചിയേയും റാന്നി ആശുപത്രിയിൽ തന്നെ പ്രവേശിപ്പിച്ചു.

മരണം മുൻകൂട്ടി കണ്ടു

ആശുപത്രിയിലേക്ക് പോരുന്നതിന് ഒരാഴ്ച മുമ്പ് അപ്പച്ചൻ പുത്രനായ കെ. സി. മാത്യു അച്ചന്റെ ഭാര്യ കുഞ്ഞുമോളോടു പറഞ്ഞു; "എന്റെ കൈയ്ക്കു ഒന്നു പിടിച്ച് ഈ പുരയിടത്തിന്റെ അതിർത്തിയിലൂടെ ഒന്നു നടത്തിച്ചേ." പുരയിടത്തിനു ചുറ്റും പുതുതായി പണിത മതിലുകളെല്ലാം നടന്നു കണ്ടു. അവസാനം വീടിനു മുൻവശത്ത് റോഡരികിൽ പുതുതായി പണിതുയർത്തിയ ഗേറ്റിന്റെ അരികിൽ വന്നു നിന്നു തല ഉയർത്തി നില്ക്കുന്ന വൈറ്റ് ഹൗസ് പോലെയുള്ള പുതിയ സൗധത്തിലേക്ക് കണ്ണോടിച്ചു. എന്നിട്ടു പറഞ്ഞു, "കുഞ്ഞുമോളേ! എല്ലാം നന്നായിരിക്കുന്നു! അസ്സലായിട്ടുണ്ട്." പിന്നീട് കുഞ്ഞുമോടെ കൈപിടിച്ചു വീടിന്റെ മുറ്റത്തേക്കു വന്നു. അന്നും അമ്പതോളം ആശാരിമാർ കതക്, അലമാരി തുടങ്ങിയവയുടെ പണികൾ ധൃതഗതിയിൽ നടത്തിക്കൊണ്ടിരുന്നു. പണിസാധനങ്ങൾ നിറഞ്ഞുകിടന്ന മുറ്റത്തു വന്നു നിന്നിട്ട് അപ്പച്ചൻ വീണ്ടും പറഞ്ഞു,

"കുഞ്ഞുമോളേ! ഈ മുറ്റമെല്ലാം എത്രയുംവേഗം ഒന്നു വൃത്തിയാക്കി ഇടണം. അടുത്തയാഴ്ച ഒരുപാടു പേർ വരാനുള്ളതാണ്."

മരണത്തെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള ഒരു പ്രവചനമായിരുന്നോ അത്? അപ്പറഞ്ഞതിന്റെ അർത്ഥമൊന്നും കുഞ്ഞുമോൾക്ക് അന്ന് മനസ്സിലായില്ല. അതൊരു യാഥാർത്ഥ്യമായിത്തീരുകയാണ് ചെയ്തത്.

ജൂൺ 26-ാം തീയതി അപ്പച്ചന്റെ തൈലാഭിഷേക ശുശ്രൂഷ വീണ്ടും നടത്തി. അന്ന് സുബോധത്തോടെ വി. കുർബ്ബാന അനുഭവിച്ച് മരണത്തിനുവേണ്ടി ഒരുങ്ങി. മാസാവസാനമായപ്പോഴേക്കും അപ്പച്ചന്റെ നെഞ്ചിലെ കഫക്കെട്ട് വർദ്ധിക്കയും ശ്വാസതടസ്സം ശക്തമാവുകയും ചെയ്തു. നെഞ്ചിലെ തടസ്സം മാറ്റുന്നതിനു ഡോക്ടറന്മാർ എല്ലാവിധത്തിലും പരിശ്രമിച്ചെങ്കിലും രോഗം മൂർച്ഛിക്കയാണ് ചെയ്തത്.

കുലപതിയുടെ മരണം

2000 ജൂലൈ ഒന്ന്. ആരുടേയും മുമ്പിൽ കുനിഞ്ഞിട്ടില്ലാത്ത കൊല്ല കുഴിയിൽ കുഞ്ഞച്ചൻ മരണത്തിനു മുമ്പിൽ ശിരസ്സു കുനിച്ചു.

ശ്വാസത്തിന്റെയും നാഡിമിടിപ്പിന്റെയും ഗതികൾ വീക്ഷിച്ചുകൊണ്ടി

രുന്ന ഫാ. ലാസ്സറസ്സ് അപ്പച്ചന്റെ അന്ത്യം അടുത്തു എന്നറിഞ്ഞ് കെ. സി. മാത്യു അച്ചനേയും സഹോദരിമാർ ഇരുവരേയും വിളിച്ചു വരുത്തി കിടക്കക്കരികിൽ ഇരുന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അപ്പച്ചൻ കൈ ഉയർത്തി അവ്യക്തമായി ഉറക്കത്തിലെന്നോണം എന്തൊക്കെയോ അംഗ വിക്ഷേപങ്ങൾ കാണിക്കയും അസ്പഷ്ടമായ സ്വരങ്ങൾ പുറപ്പെടുവി ക്കയും ചെയ്തുകൊണ്ടിരുന്നു. തന്റെ മക്കൾക്കുള്ള അന്ത്യസന്ദേശ മാകാം.

അവസാനം എല്ലാം നിലച്ചു. കൈകളുടെ ചലനം നിലച്ചു. കാലുകൾ നിശ്ചലമാകുന്നു. മരണത്തിനു സ്വയം വഴങ്ങിക്കൊടുക്കുന്നു. ശാന്തമായി അന്ത്യശ്വാസവും വലിച്ചു.

അടുത്ത മുറിയിൽ രോഗാതുരയായി കിടന്ന പ്രിയ പത്നി മറിയമ്മയെ കിടക്കയ്ക്കരികിൽ കൊണ്ടുവന്നിരുത്തി. അപ്പോഴും ശരീരത്തിനു ചൂടും തൊണ്ടയിൽ നേരിയ ചലനവും ഉണ്ടായിരുന്നു. അപ്പച്ചൻ മരണത്തെ നേരിടുകയാണെന്ന് മറിയമ്മയ്ക്കു മനസ്സിലായെങ്കിലും മുറിയിലേക്കു വന്ന നേഴ്സ് വെള്ളത്തുണി മുഖത്തേക്ക് വലിച്ചിടുന്നതു കണ്ടപ്പോഴാണ് അപ്പച്ചൻ മരിച്ചു എന്നു മനസ്സിലായത്.

"എന്റെ കൂട്ടുകാരൻ പോയോ" എന്ന് ഒരു നീണ്ട നിലവിളിയോടു ഒരു ചുംബനവും നല്കിയ അമ്മയെ മറ്റുള്ളവർ അടുത്ത മുറിയിലേക്കു മാറ്റി. കുഞ്ഞച്ചന്റെ മൃതദേഹം പ്രാർത്ഥനകൾ കഴിഞ്ഞ് വസ്ത്രങ്ങള ണിയിച്ച് മോർച്ചറിയിലേക്കു മാറ്റി.

മഹാനും ദാർശനികനുമായ സോക്രട്ടീസിന്റെ ജീവിതത്തിന്റെ അന്ത്യ രംഗം ഓർമ്മയിൽ വരുന്നു. സോക്രട്ടീസ് പറഞ്ഞു, "വേർപിരിയാനുള്ള സമയമെത്തി. നമ്മളോരോരുത്തരും അവരവരുടെ വഴിക്കു പോകുന്നു. ഞാൻ മരണത്തിലേക്കും നിങ്ങൾ ജീവിതത്തിലേക്കും. ഏതാണ് ഭേദ മെന്ന് ദൈവത്തിനു മാത്രമേ അറിയൂ." ഉറ്റവരോടും ഉടയവരോടും ഇത്ര മാത്രം പറഞ്ഞ് ഒരു ദിവസത്തിന്റെ പകുതി മാത്രം അവശേഷിക്കുന്ന തന്റെ ജീവിതം വിശ്രമിച്ചു തീർക്കാൻ തടവറയിലേക്കു നടന്നു സോക്ര ട്ടീസ്.

"സകല വിധീശന്റെ മുമ്പിൽ എന്റെ കണക്കെല്ലാം കൊടുപ്പാൻ ഞാനിതാ പോകുന്നു" എന്നു പറഞ്ഞ് ലോകവും അതിന്റെ പ്രതാപവും ലോകക്കാർക്കു വിട്ടുകൊടുത്തുകൊണ്ട് മൂന്നു നൂറ്റാണ്ടുകൾ കണ്ട കൊല്ല കുഴിയിലെ കുഞ്ഞച്ചൻ എന്ന കുലപതി തണുത്തുറഞ്ഞ ശീതീകരണ മുറിയിലേക്കു കയറി.

ജൂലൈ 4-ാം തീയതി മാർ മക്കാറിയോസ് എത്തി ശവസംസ്ക്കാര

ത്തിന്റെ ഒരുക്കങ്ങളുടെ മിനുക്കുപണികൾ പരിശോധിച്ചു. 6-ാം തീയതി നടക്കുന്ന കബറടക്കത്തിൽ ഒരു വമ്പിച്ച ജനസമൂഹത്തെ പ്രതീക്ഷിക്കുന്നതുകൊണ്ട് വീട്ടിലും പള്ളിയിലും വലിയ കൊട്ടിലുകൾ ഇട്ടു വിതാനിച്ച് സർക്യൂട്ടു ടി.വി. കൾ സംഘടിപ്പിച്ചു. ആ സമയം കോട്ടയത്ത് സുന്നഹദോസ് നടക്കുകയായിരുന്നതുകൊണ്ട് 6-ാം തീയതി സുന്നഹദോസ് മാറ്റിവച്ച് എല്ലാ മെത്രാപ്പോലീത്തന്മാരും സംസ്ക്കാരത്തിൽ സംബന്ധിക്കണമെന്ന് പ. ബാവാ ആവശ്യപ്പെട്ടു.

ശവമഞ്ചം മൂന്ന് വശവും ഗ്ലാസ്സുകൾ ഉള്ള സ്ഫടികപ്പെട്ടിയായാണ് ക്രമീകരിച്ചത്. മനോഹരമായ അലങ്കരിച്ച രഥം ഒരുക്കി. മൃതദേഹം വയ്ക്കുന്നതിനുള്ള ഉയർന്ന പീഠവും അതിനുചുറ്റും പുഷ്പാലംകൃതമായ പൂച്ചട്ടികളും ക്രമീകരിച്ചു. മൃതദേഹത്തിൽ സ്പർശിക്കാത്തവിധത്തിൽ പൂച്ചെടികൾ ചുറ്റും വച്ച് ബാലികാ വോളണ്ടിയറന്മാർ നീണ്ട ക്യൂ ക്രമീകരിക്കുന്നതിനും, കാറുകൾ പാർക്കു ചെയ്യുന്നതിനും, യാത്രാബസ്സുകൾ വേറെ വഴിയായി തിരിച്ചുവിടുന്നതിനും മറ്റുമായി നൂറുപേരടങ്ങിയ വോളണ്ടിയറന്മാർ തയ്യാറായി. കുറ്റിക്കണ്ടത്തിൽ കുടുംബത്തിൽ നൂറു വയസ്സു കഴിഞ്ഞ് ആരും ജീവിച്ചിരുന്നിട്ടില്ല. അയിരൂരിന്റെ "സീനിയർ സിറ്റിസണിന്" യാത്രാ മംഗളങ്ങൾ നേരുന്നതിന് അവസരം നല്കത്തക്കവിധം മൃതദേഹം പട്ടണ പ്രദക്ഷിണം നടത്തുന്ന റൂട്ടും പൈലറ്റു ജീപ്പിൽ അനൗൺസറും ശവമഞ്ചത്തിന്റെ മുമ്പിൽ ശോകഗാനം ആലപിക്കുന്നതിനുള്ള ബാന്റുസെറ്റും, ഗീതങ്ങൾക്കു നേതൃത്വം നല്കുന്നതിന് സെമിനാരി 'ശ്രുതി' ഡയറക്ടർ ഫാ. എം. പി. ജോർജ്ജിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം മുതലായവ മുൻകൂട്ടി ക്രമീകരിച്ചു.

പത്തു മണിക്കു മൃതദേഹം ഭവനത്തിൽ എത്തിച്ചപ്പോൾ മുതൽ മൂന്നു മണിക്ക് വിലാപയാത്ര ആരംഭിക്കുന്നതുവരെ ഇടമുറിയാതെ ക്യൂ ഒഴുകികൊണ്ടേയിരുന്നു. റോസാപ്പൂക്കൾ കൊണ്ടുമൂടിയ മൃതദേഹം ആർക്കും ദർശിക്കത്തക്കവിധത്തിൽ ഒരുക്കി വച്ചു.

പ. ബസ്സേലിയോസ് മാത്യൂസ് രണ്ടാമൻ ബാവാ ശുശ്രൂഷകൾക്കു നേതൃത്വം നൽകി. വിവിധ സഭാമേലദ്ധ്യക്ഷന്മാരും, രാഷ്ട്രീയ നേതാക്കളും അന്ത്യോപചാരം അർപ്പിച്ചു. വടക്കേതുണ്ടി പള്ളിയും പരിസരവും ജനനിബിഡമായിരുന്നു. പള്ളിക്കുള്ളിൽ പുരോഹിതർക്കു മാത്രം പ്രവേശിക്കാനേ കഴിഞ്ഞുള്ളു.

സംബന്ധിച്ചവർക്കെല്ലാം മാർ മക്കാറിയോസ് നന്ദി പറഞ്ഞപ്പോൾ ഗദ്ഗദകണ്ഠനായി. "അപ്പച്ചൻ ഞങ്ങൾക്കു അധികമൊന്നും തന്നില്ലെങ്കിലും ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. ഞങ്ങൾ അഞ്ചു മക്കളും അത് അഭംഗം തുടരും" എന്ന് അപ്പച്ചന്റെ മൃതദേഹത്തെ നോക്കി അദ്ദേഹം പറഞ്ഞു.

അങ്ങനെ ഒരു കുലപതി അസ്തമിച്ചു. പശ്ചിമാബ്ധിയിൽ ആ സൂര്യൻ താണു.

അപ്പച്ചന്റെ മരണശേഷമുള്ള അമ്മച്ചി

അപ്പച്ചന്റെ മരണശേഷം മറിയമ്മയിൽ വന്ന മാറ്റം നൊമ്പരപ്പെടുത്തുന്നതാണ്. അപ്പൻ മരിച്ചാലും അമ്മ മോടി കൂടിയ വസ്ത്രങ്ങളും മറ്റും ഉപേക്ഷിക്കയില്ലെന്നായിരുന്നു ധരിച്ചിരുന്നത്. എല്ലാം ഉപേക്ഷിച്ച് സർവ്വ സംഗ പരിത്യാഗിയായി ജീവിക്കേണ്ട കാര്യമൊന്നുമില്ല. എന്നാൽ ആ അമ്മ എല്ലാം ഉപേക്ഷിച്ചു. അപ്പച്ചന്റെ ജഡം മോർച്ചറിയിൽ പ്രവേശിപ്പിച്ചതു മുതൽ വായ് പൊളിക്കുകയോ ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കുകയോ ചെയ്യാതെ എല്ലാം വർജ്ജിച്ചു; ആരോടും പറയാതെ, ചോദിക്കാതെ, സ്വല്പം പാലെങ്കിലും കഴിപ്പിക്കാൻ ശ്രമിച്ചവരോട്, "മരിച്ച വീട്ടിലാണോ ഭക്ഷണം കഴിക്കുക" എന്ന ഒരു മറുചോദ്യമല്ലാതെ പ്രതികരണമൊന്നുമില്ല. ഭക്ഷണം ഉപേക്ഷിച്ച് അതും ക്ഷീണിതയും രോഗിയുമായിരിക്കുമ്പോൾ നോമ്പുനോറ്റു ശരീരത്തെ കൂടുതൽ ദണ്ഡിപ്പിക്കുന്നത് ആത്മഹത്യയ്ക്കു തുല്യമാണെന്നുള്ള വേദശാസ്ത്രമൊന്നും ആ അമ്മയിൽ വ്യതിയാനം സൃഷ്ടിച്ചില്ല.

മാർ മക്കാറിയോസ് വീട്ടിലെത്തിയപ്പോൾ, അമ്മച്ചി ഭക്ഷണം ഉപേക്ഷിച്ച് വ്രതമാചരിക്കുന്ന കാര്യം മറ്റുള്ളവർ തിരുമേനിയെ ധരിപ്പിച്ചു. തിരുമേനി അമ്മ കിടന്നിരുന്ന കട്ടിലിൽ ചെന്നിരുന്നു. കണ്ണു തുറന്ന് ആദ്യ ജാതനെ കണ്ടപ്പോഴേക്കും അമ്മയുടെ മൗനവാസം മാറി. ആദ്യജാതന്റെ മുമ്പിൽ ആദ്യമൊന്ന് പൊട്ടിക്കരഞ്ഞെങ്കിലും പിന്നീട് സംയമനം സ്വയം വരുത്തി.

തിരുമേനി ചോദിച്ചു; "അമ്മച്ചി എന്തു കഴിച്ചു?"

'ങാ പിള്ളേർ എന്തൊക്കെയോ കൊണ്ടുവന്നു തരുന്നുണ്ട്.'

"ഇപ്പോൾ അല്പം പാൽ കുടിച്ചാലോ?"

"കുടിക്കാം."

പതിയെ പിടിച്ചെഴുന്നേല്പിച്ച് തിരുമേനിയോടു അഭിമുഖമായി ലാസ്സറച്ചന്റെ നെഞ്ചിലേക്ക് ചാഞ്ഞിരുന്നു. മകനെ കൺകുളിർക്കെ അമ്മ കാണുകയായിരുന്നു. ആ ആഴ്ച ആരോടും സംസാരിക്കാതെ മൗനിയായിരുന്ന ആ അമ്മ വാചാലയായി മാറി; ഒരു മാസ്മരശക്തിയ്ക്കടിമ എന്നോണം. "മക്കളെ" എല്ലാവരോടുമായിട്ടാണ് അമ്മയുടെ സംസാരം. മക്കൾ അഞ്ചുപേരും അമ്മയുടെ കട്ടിലിനോടടുത്തു നിന്നു.

"മക്കളെ നിങ്ങളെ എല്ലാവരേയും ഒരുമിച്ച് ഒരിക്കൽ കൂടി കാണണ

മെന്നുള്ള എന്റെ ആഗ്രഹം ഇന്നാണ് നിറവേറിയത്. അപ്പച്ചന്റെ മരണമാണ് ഇങ്ങനെ ഒരു സന്ദർഭം ഒരുക്കിയതെന്ന് എനിക്കറിയാം. എങ്കിലും ഞാനിന്ന് സന്തുഷ്ടയാണ്. മക്കൾ എല്ലാവരും ഒന്നിനൊന്നു മെച്ചമായ നേതൃസ്ഥാനങ്ങളിൽ ഇരിക്കുന്നു എന്നറിയുന്നതു തന്നെയാണ് ഈ അമ്മയുടെ സന്തോഷം. നിങ്ങളുടെ കുഞ്ഞുന്നാളിൽ ഞാൻ എന്നും നിങ്ങളെ കാച്ചിയ എണ്ണ പുരട്ടി തലയിലും എണ്ണ ഒഴിച്ചേ കുളിപ്പിക്കുമായിരുന്നുള്ളു. അന്നൊക്കെ അയലത്തെ സ്ത്രീകൾ എല്ലാം 'എന്നും എണ്ണ പുരട്ടുന്നതെന്തിനാണ്' എന്ന് എന്നോടു ചോദിക്കുമായിരുന്നു. അന്ന് ഞാൻ തലയിൽ ഒഴിച്ച എണ്ണയാണ് നിങ്ങൾക്കു തലച്ചോറ് വർദ്ധിപ്പിച്ചത്. നിങ്ങളെല്ലാം ബുദ്ധി ഉള്ളവരായതുകൊണ്ടല്ലേ നിങ്ങൾ നേതൃസ്ഥാനങ്ങളിൽ ചെന്നു പറ്റിയത്. അമ്മച്ചിക്ക് അതിൽ സന്തോഷമേ ഉള്ളു. ഒരു കാര്യം കൂടി എനിക്കു പറയാനുണ്ട്. നമ്മുടെ വീടിന്റെ നായകൻ പോയി എന്നു വിചാരിക്കരുത്. ദൈവമാണ് നമ്മുടെ വീടിന്റെ നായകൻ. നിങ്ങളാരും പ്രാർത്ഥന മുടക്കരുത്. ഇതാണ് അമ്മച്ചിയുടെ ആഗ്രഹം."

അതിനിടെ മക്കാറിയോസ് തിരുമേനി പിടിച്ചുകൊടുത്ത പാൽ മുഴുവൻ സംതൃപ്തിയോടെ കുടിച്ചു.

അപ്പച്ചന്റെ മരണം ആ സ്ത്രീരത്നത്തിൽ നടുക്കമുണ്ടാക്കിയിരിക്കണം. ഭൂതകാല സംഭവങ്ങൾ ഒട്ടേറെ ഓർമ്മിക്കാനുണ്ട്. പ്രാണനു തുല്യം അവസാനഘട്ടങ്ങളിൽ ഭർത്താവു സ്നേഹിച്ചിരുന്നു. ഇടക്കാലത്ത് അപ്പച്ചനുമായി അല്പം അകന്നിരുന്നു. അതു പ്രത്യക്ഷത്തിലുള്ള അകൽച മാത്രം. ഉള്ളുകൊണ്ട് എന്നും സ്നേഹത്തിലായിരുന്നു.

അമ്മച്ചിയുടെ നെറ്റി വിയർത്താൽ അപ്പച്ചൻ പരിഭ്രമിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അമ്മച്ചിയെ എന്നും സുന്ദരിയും യൗവ്വനയുക്തയുമായി കാണാനാണ് അപ്പച്ചൻ ആഗ്രഹിച്ചിരുന്നത്. കല്ലുവെച്ച കമ്മലുകളും മോതിരങ്ങളും എല്ലാം തെളിവുകളായി കിടക്കുന്നു. വീതി കൂടിയ കസവുമുണ്ടുകൾ, കസവു നേര്യതുകൾ, പരിസരം മുഴുവൻ സുഗന്ധം പരത്തുന്ന വാസനദ്രവ്യങ്ങൾ, അലങ്കരിക്കപ്പെട്ട നിലക്കണ്ണാടികൾ, അലമാരികൾ എല്ലാം അമ്മയ്ക്കുവേണ്ടി അപ്പൻ സ്വരൂപിച്ച അലങ്കാര വസ്തുക്കളാണ്. അമ്മച്ചിയെ സന്തോഷിപ്പിക്കുന്ന കാര്യത്തിൽ അപ്പൻ എന്നും വളരെ ഉത്സുകനായിരുന്നു. 'മറിയമ്മേ!' എന്ന നീട്ടി വിളിയിൽ ഒരു കാലത്ത് എല്ലാ മാധുര്യവും നിറഞ്ഞു നിന്നിരുന്നു. എല്ലാം നഷ്ടപ്പെട്ടു. ഓർമ്മകൾ മാത്രം ജീവിക്കുന്നു.

അപ്പച്ചൻ മരിച്ചശേഷം അമ്മച്ചിയിൽ വാർദ്ധക്യത്തിന്റെ ക്ഷീണം അതിവേഗം ആക്രമണം നടത്തി. നിരാശയും ദുഃഖവും നിഴലിക്കുന്ന മുഖം. അമ്മച്ചി എപ്പോഴും എന്തോ വിഷാദചിന്തകളിൽ മുഴുകി. മുറിയിൽ ഒരു

ക്കിയ ടി. വി. യിൽ അമ്മച്ചിക്ക് ഇഷ്ടമുള്ള ചാനലുകൾ ഇട്ടു കാണിച്ച് ശ്രദ്ധ തിരിക്കാൻ മക്കൾ വ്യഥാശ്രമം നടത്തി.

എപ്പോഴും നമസ്ക്കാരവും, ചുണ്ടിൽ പ്രാർത്ഥനയുമായി അമ്മ ദിന രാത്രങ്ങൾ തള്ളി നീക്കിക്കൊണ്ടിരുന്നു.

ഒരിക്കൽ പറഞ്ഞു, "ഇനി എനിക്ക് ഒരു ജോലി കൂടി ചെയ്തു തീർക്കു വാനുണ്ട്."

'അതെന്താ?'

"മരണം. എനിക്ക് എന്റെ അപ്പച്ചന്റെ വീട്ടിലേക്കു പോകണം. അതു മാത്രം."

10

മറിയമ്മയുടെ അന്ത്യദിനങ്ങൾ

കുഞ്ഞച്ചൻ മരിച്ചശേഷമുള്ള മറിയമ്മയുടെ ജീവിതം പ്രത്യേകിച്ച് പരിതാപകരമായിരുന്നില്ല. എന്നാൽ ഏറിയനാളായി സ്വർഗ്ഗീയ പിതാവിന്റെ അടുക്കലേക്കു പോകാനുള്ള തത്രപ്പാട് എപ്പോഴും കാട്ടിയിരുന്നു. "എനിക്ക് ഇനി ഒരു ജോലി കൂടി ചെയ്യാനുണ്ട്" എന്നു കൂടെക്കൂടെ പറയുമ്പോൾ മക്കളിൽ ആരെങ്കിലും, 'അതെന്താ അമ്മച്ചീ?' എന്ന് ചോദിച്ചാൽ ഉടനുത്തരം കിട്ടും. 'മരണം." മരണത്തിനുള്ള സർവ്വദാ ഒരുക്കം ആ വൃദ്ധമാതാവിൽ കടന്നുകൂടിയിരുന്നു. പ്രത്യേകിച്ച് നൂറു കഴിഞ്ഞ ശേഷം. മുമ്പൊക്കെ 'മനോരമ'യും 'മലങ്കരസഭയും' ഒക്കെ ഒറ്റ ഇരിപ്പിൽ വായിച്ചു തീർക്കുന്ന മറിയമ്മ ഇപ്പോൾ വായനയിൽ പിന്നോട്ടായി തുടങ്ങി. മക്കളിൽ ആരെങ്കിലും സഭാമാസികകളിൽ എഴുതുന്ന ലേഖനങ്ങളാണെങ്കിൽ സ്വയം വായിക്കുകയോ വായിച്ചു കേൾക്കാൻ ഇഷ്ടപ്പെടുകയോ ചെയ്യുമായിരുന്നു. ആയിടയ്ക്ക് മാർ മക്കാറിയോസ് തന്നെ തന്റെ ബാല്യകാലത്തെ കരുപ്പിടിപ്പിച്ച അമ്മച്ചിയെക്കുറിച്ച് എഴുതിയ ലേഖനം അമ്മയെ വായിച്ചു കേൾപ്പിച്ചു. അത് ഹൃദ്യമായി കേട്ടിരുന്നു.

അമ്മച്ചി പഠിപ്പിച്ച തിയോളജി

മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

ഞങ്ങളുടെ കുടുംബം ഒരു സഭയായിരുന്നു. സന്ധ്യാപ്രാർത്ഥന, പ്രഭാത പ്രാർത്ഥന, നോമ്പുകൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ മാതാപിതാക്കൾ വളരെ നിഷ്ക്കർഷയുള്ളവരായിരുന്നു. വെളുപ്പിനെ അഞ്ചു മണിക്ക് എഴുന്നേല്ക്കും. പ്രാർത്ഥനയിൽ ദിവസം ആരംഭിക്കും. വൈകിട്ടു പ്രാർത്ഥനയ്ക്കുശേഷമേ ആഹാരം കഴിക്കയുള്ളു. എല്ലാ കാര്യങ്ങൾക്കും ഒരു ചിട്ട ഉണ്ടായിരുന്നു. അതിന്റെ സ്വാധീനം വളരെ വലുതുമായിരുന്നു. ഞങ്ങൾ വെളുപ്പിനെ പ്രാർത്ഥിക്കാൻ എഴുന്നേറ്റു വരുമ്പോഴേക്കും അമ്മ പ്രാർത്ഥന തുടങ്ങിക്കഴിയും.

എല്ലാ ദിവസവും കണ്ണി കാണുന്നത് തലയിൽ തുണി ഇട്ടിരുന്നു പ്രാർത്ഥിക്കുന്ന അമ്മയെയാണ്. അത്രയും സ്വാധീനം മറ്റൊന്നിൽ നിന്നും കിട്ടിയിട്ടില്ല. ഇപ്പോഴും മനസ്സിൽ പൊന്തി നില്ക്കുന്ന ഒരു കാഴ്ചയാണത്.

ഇത്രയും വെളുപ്പിനെ എഴുന്നേല്ക്കുന്നത് എന്തിനാണെന്ന് അമ്മയോട് കുട്ടിയായ ഞാൻ ചോദിച്ചിട്ടുണ്ട്. വലിയ വിദ്യാഭ്യാസം ഒന്നും ഇല്ലെങ്കിലും "ഉള്ളറിവ്" ഉള്ള സ്ത്രീയായിരുന്നു അമ്മച്ചി.

പട്ടിയും പൂച്ചയും ഒക്കെ വെളുപ്പിനെ എഴുന്നേറ്റ് കുരയ്ക്കുകയും കരയുകയും ചെയ്യുന്നത് ദൈവത്തെ വന്ദിക്കുകയാണ്. പക്ഷികൾ പാടുകയും പൂക്കൾ വിരിഞ്ഞ് സൗരഭ്യം പരത്തുകയും ചെയ്യുന്നതൊക്കെ, ദൈവത്തെ സ്തുതിക്കുന്നതാണ്. കോഴി കൂവുന്നതും മേലോട്ടു നോക്കിയാണ്. പൂവ് വിരിയുന്നതും മേല്പോട്ടു നോക്കിതന്നെ. സ്രഷ്ടാവിനെ അംഗീകരിക്കുന്ന കർമ്മങ്ങളാണിവ ഒക്കെ.

മനുഷ്യനാണ് ഇതിന്റെ ഒക്കെ മകുടമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. പ്രകൃതി ഉണർന്ന് മഹത്വപ്പെടുത്തുമ്പോൾ മനുഷ്യൻ കിടന്നുറങ്ങുന്നത് ശരിയല്ല. നമ്മൾ ആദ്യം നമസ്ക്കാരം തുടങ്ങണം. അതു കേട്ടിട്ടു വേണം മറ്റു ജീവജാലങ്ങൾ നമസ്ക്കരിക്കാൻ. അമ്മച്ചിക്ക് ഇങ്ങനെ അമ്മയുടേതായ ഒരു തിയോളജി ഉണ്ടായിരുന്നു. ഇപ്പോൾ ഞാൻ അതു പഠിച്ചു കൊണ്ടിരിക്കുന്നു.

മനുഷ്യൻ പുരോഹിതനാണ്. അവന്റെ ഇടവകയാണ് അവന്റെ ചുറ്റുപാട്. പട്ടിയും പൂച്ചയും പൂവും എല്ലാം ആ ഇടവകയിലെ അംഗങ്ങളാണ്. ഇടവകക്കാർ പ്രാർത്ഥിക്കുന്നത് പുരോഹിതൻ പ്രാർത്ഥന തുടങ്ങിയിട്ടു



മക്കാറിയോസ് തിരുമേനി എഴുതിയ "അമ്മച്ചി പഠിപ്പിച്ച തിയോളജി" എന്ന ലേഖനം സിസ്റ്റർ മറിയാം അമ്മച്ചിയെ വായിച്ചു കേൾപ്പിക്കുന്നു. ഫാദർ ലാസ്സറസ്സ്, ഫാദർ കെ. സി. മാത്യു എന്നിവരും അമ്മച്ചിയോടൊപ്പം കേട്ടുകൊണ്ടിരിക്കുന്നു.

വേണം. അതു നിങ്ങൾ മറക്കരുത്. നിങ്ങൾ പള്ളിയിൽ ചെല്ലുമ്പോൾ അച്ചൻ ഉറങ്ങുകയാണെന്നു കണ്ടാൽ നിങ്ങൾക്ക് എന്തു തോന്നും? യോനായ്ക്കു പറ്റിയ അബദ്ധം അതായിരുന്നുവെന്ന് അമ്മച്ചി പറയുമായിരുന്നു. ആരാധനയ്ക്ക് നേതൃത്വം കൊടുക്കേണ്ടവൻ മറ്റുള്ളവർ ആരാധിക്കുമ്പോൾ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങി. അതു നിങ്ങൾക്കു വരാൻ പാടില്ല.

"ഉറങ്ങുന്നവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ" എന്ന ഉദാഹരണം സങ്കീർത്തനത്തിൽ നിന്ന് അമ്മ പറഞ്ഞു തരുമായിരുന്നു. എന്നിട്ട് ഒരു നീണ്ട ലിസ്റ്റു കൊടുക്കുകയാണ്. ആകാശത്തിലെ നക്ഷത്രങ്ങളുമേ! കർത്താവിനെ സ്തുതിപ്പീൻ എന്നു തുടങ്ങി. ദൂതന്മാരുടെയും പുരോഹിതന്മാരാണ് നമ്മൾ എന്നാണ് അതിൽനിന്നു മനസ്സിലാകുന്നത്. ആഴിയും ആഴവും ആകാശവും എല്ലാം സ്തുതിപ്പിൻ എന്ന് പറയുന്നു. നമ്മൾ അവയ്ക്കെല്ലാം മുമ്പേ എഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

മാതാപിതാക്കളുടെ ഈവിധ പഠിപ്പിക്കലും പെരുമാറ്റവും ചിട്ടയും മെച്ചപ്പെട്ട ഒരു കുടുംബമായിത്തീരുവാൻ ഇടയാക്കി. ഞാൻ മെത്രാനാകുന്നതിനു മുമ്പ് റമ്പാനാകുവാൻ മസ്നപ്സാ എന്റെ തലയിൽ ഇട്ടപ്പോൾ ഞാൻ അടുത്തിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയോടു പറഞ്ഞു, "ഇത് എന്റേതല്ല, പ്രാർത്ഥനാ സമയത്തെ അമ്മയുടെ തലയിലെ ഒരല്പം തുണി ഇപ്പോൾ ഇങ്ങനെ എന്റെ തലയിൽ വന്നുവെന്നേ ഉള്ളൂ. ഇത് എന്റെ യോഗ്യതയല്ല."

ജീവാന്ത്യത്തിലേക്ക് അടുക്കുന്തോറും ആ അമ്മ കൂടുതൽ പ്രാർത്ഥനാനിരതയായി. ബാല്യകാലത്ത് മനഃപാഠമാക്കിയ സങ്കീർത്തനങ്ങൾ എപ്പോഴും ഉരുവിട്ടുകൊണ്ടിരുന്നു. "മാൻ നീർത്തോടുകളിലേക്ക് എന്നപോലെ എന്റെ ആത്മാവ് നിന്നെ കാംക്ഷിക്കുന്നു" എന്ന ആത്മാർത്ഥമായ പ്രാർത്ഥന അമ്മ ഉരുവിട്ടുകൊണ്ടിരുന്നു. "ഞാൻ നിന്റെ ദാസിയും ദാസിയുടെ മകളുമാകുന്നു. എന്റെ നരയെ ദുഃഖത്തോടെ പാതാളത്തിലേക്കിറക്കരുതേ" എന്ന പ്രാർത്ഥന ആ ചുണ്ടുകൾ ആമന്ത്രണം ചെയ്തുകൊണ്ടിരുന്നു.

ഉറക്കം ശരിക്കു വരാത്ത രാവുകളിലും പ്രാർത്ഥനാ മന്ത്രവും സങ്കീർത്തനങ്ങളും എപ്പോഴും ആ വായ്കൾ മന്ത്രിച്ചുകൊണ്ടേയിരുന്നു.

അമ്മയുടെ ആവശ്യങ്ങൾ അപ്പഴപ്പോൾ അറിയത്തക്കവണ്ണം ഫാ. ലാസ്സറസ്സ് തൊട്ടടുത്ത മുറിയിലായിരുന്നു ഉറങ്ങിയിരുന്നത്. അന്നു കേട്ട ഒരു സംസാരം ഇവിടെ കുത്തിക്കുറിക്കുന്നതിനു മുമ്പ് അതിന്റെ പശ്ചാത്തലം കൂടി വിവരിക്കേണ്ടിയിരിക്കുന്നു.

മക്കാറിയോസ് തിരുമേനി അച്ചനായിരുന്നപ്പോഴോ മെത്രാപ്പോലീത്താ ആയ ശേഷമോ ഒരിക്കലും സ്വന്തം വീട്ടിൽ താമസിക്കുകയോ മാതാപിതാക്കൾക്കോ, സഹോദരീ സഹോദരങ്ങൾക്കോ പണമായോ സാധനമായോ യാതൊരു സഹായമോ ചെയ്തിരുന്നില്ല. "സഭയുടെ പണം പൊള്ളുന്നതാണെന്ന്" അദ്ദേഹം വിശ്വസിച്ചിരുന്നു.

ഒരിക്കൽ ഡൽഹിയിൽ നിന്ന് അവധിക്കു നാട്ടിലെത്തിയപ്പോൾ ലഞ്ചിനുവേണ്ടി വീട്ടിൽ തങ്ങി. ഉച്ചനമസ്ക്കാരം കഴിഞ്ഞ് അദ്ദേഹം വാഷ്റൂമിലേക്കു പോയി തിരിച്ചിറങ്ങുമ്പോൾ തോളിൽ ഒരു നീണ്ട ടർക്കിടൗവ്വൽ കിടന്നിരുന്നു. അമ്മച്ചി അനുവാദം ചോദിക്കാതെ അതിൽ പിടിച്ച് എടുത്ത് സ്വന്തമാക്കിയിട്ട് പറഞ്ഞു, "എന്റെ മോന്റെ വക ഒന്നും എന്റെ കൈവശമില്ല. ഒരു ഓർമ്മയ്ക്കായിട്ടെങ്കിലും ഈ ടൗവ്വൽ എനിക്കിരിക്കട്ടെ." കെ. സി. തോമസച്ചൻ ഒന്നൂറിച്ചിരിച്ചതേ ഉള്ളു.

അതുപോലെ ഒരു സംസാരമാണ് വാർദ്ധക്യസമയത്ത് ആ അമ്മയിൽ നിന്നു കേൾക്കാനിടയായത്. സാധനങ്ങളോടോ പണത്തോടോ അമ്മയ്ക്ക് ഒരിക്കലും അഭിനിവേശമോ ആഗ്രഹമോ ഉണ്ടായിരുന്നില്ല. എന്നാൽ പൊന്നുമോന്റെ കൈയിൽ നിന്നും എന്തെങ്കിലും ആഗ്രഹിക്കുക ഒരമ്മയുടെ വെറും ആശ മാത്രമാണ്. അങ്ങനെയുള്ള ഒരു സന്ദർഭം ഓർമ്മയിൽ എത്തിയത് കുത്തിക്കുറിക്കുകയാണ്.

മക്കാറിയോസ് മെത്രാപ്പോലീത്തായെ ബാല്യകാലത്ത് എടുത്തുകൊണ്ടു നടക്കുകയും പരിചരിക്കുകയും ചെയ്ത ഒരു കുഞ്ഞേലിയെക്കുറിച്ച് ഇതിനു മുമ്പും പരാമർശിച്ചിട്ടുണ്ട്. കുഞ്ഞേലിയെ വിവാഹം കഴിച്ചത് തിരുവല്ലാ പാലിയക്കര പള്ളിയുടെ മുൻവശത്തുള്ള ഒരു വീട്ടിലാണ്. നാട്ടിൽ വരുമ്പോഴെല്ലാം തിരുവല്ലാ കടന്നുപോയാൽ കുഞ്ഞേലിയെ സന്ദർശിക്കുക മെത്രാപ്പോലീത്തായുടെ ഒരു പതിവാണ്. അങ്ങനെ ഒരു യാത്രയിൽ ഒരിക്കൽ മെത്രാപ്പോലീത്താ കുഞ്ഞേലിയെ സന്ദർശിക്കാൻ ആ കൊച്ചുവീട്ടിൽ ചെന്നു. കുഞ്ഞേലി വാർദ്ധക്യത്തിന്റെ കെടുതികളിൽ ആയിക്കഴിഞ്ഞിരുന്നു. കുശലപ്രശ്നങ്ങൾക്കുശേഷം കുഞ്ഞേലി അറച്ചറച്ച് ഒരാവശ്യം ഉണർത്തിച്ചു. "എനിക്കു പ്രായമായി കഴിഞ്ഞു. ഞങ്ങളുടെ വീടിന് ഒരടുക്കള ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ബേബിയുടെ പെൺമക്കൾ, പുറത്തു കെട്ടിയിരിക്കുന്ന ചെറിയ ചരിപ്പിലാണ് ഇപ്പോൾ പാചകം ചെയ്യുന്നത്. തിരുമേനി ഒന്നു സഹായിച്ചാൽ ഒരടുക്കള ഞാൻ മരിക്കും മുമ്പെ പണിയാമായിരുന്നു."

"എത്ര വേണ്ടി വരും?" തിരുമേനി ചോദിച്ചു.

"കുറഞ്ഞത് ഒരു ലക്ഷം."

"അതിനു ഞാനിപ്പോൾ പണവുമായിട്ടല്ലല്ലോ വന്നിരിക്കുന്നത്." പാലിയക്കര തന്നെ ഉള്ള ഒരു അമേരിക്കക്കാരന്റെ പേരു പറഞ്ഞിട്ട് തിരുമേനി പറഞ്ഞു. "കുഞ്ഞേലി ചെന്ന് അയാളോട് ഒരു ലക്ഷം രൂപ വാങ്ങിക്കൊള്ളു. ഞാൻ അയാളെ വിളിച്ചു പറഞ്ഞുകൊള്ളാം. അയാൾക്കു അമേരിക്കയിൽ വരുമ്പോൾ പണം കൊടുത്തുകൊള്ളാം."

കുഞ്ഞേലി ആനന്ദംകൊണ്ടു തുള്ളിപ്പോയി. കുമ്പളന്താനത്തു നിന്ന് അന്ന് കുഞ്ഞേലിയെ സന്ദർശിച്ച അനുജത്തിയുടെ മകൻ തങ്കച്ചൻ ഈ സംഭവത്തിന് സാക്ഷിയായിരുന്നു. തങ്കച്ചൻ നിത്യേന ഒരു തവണ എങ്കിലും മറിയമ്മയെ സന്ദർശിച്ച് കുശലം അന്വേഷിക്കുക പതിവാണ്. അന്നു തങ്കച്ചൻ ഈ പുതിയ വാർത്തയുമായിട്ടാണ് മറിയമ്മയെ സന്ദർശിച്ചത്.

"അമ്മച്ചി അറിഞ്ഞോ, നമ്മുടെ തിരുമേനി ഞങ്ങളുടെ 'കുഞ്ഞേലി അമ്മയ്ക്ക്' വലിയ ഒരു സഹായം നല്കിയത്." തങ്കച്ചൻ മറിയമ്മയോടു ആ സംഭാവന കാര്യം പറഞ്ഞു, മറിയമ്മ സന്തോഷചിത്തയായി. പാവപ്പെട്ടവരോടു സഹതാപമുള്ളവനായിരിക്കണമെന്ന് ബാല്യത്തിൽ തന്നെ പഠിപ്പിച്ച പാഠങ്ങൾ ഇതാ മകൻ പ്രാവർത്തികമാക്കുന്നു.

"നല്ല കാര്യം, തങ്കച്ചാ. എന്റെ മോന് അവളെ സഹായിക്കാൻ തോന്നിയല്ലോ. അവളല്ലേ ബാല്യത്തിൽ തിരുമേനിയെ എടുത്തുകൊണ്ടു നടന്നത്." തങ്കച്ചൻ വാർത്ത കൊടുത്തിട്ട് കടന്നുപോയി.

അന്ന് രാവേറെ കഴിഞ്ഞു. മറിയമ്മയുടെ മുറിയിൽ എന്തോ സംസാരം കേട്ട് ഫാദർ ലാസ്സറസ്സ് ഉണർന്നു. ചെവി കൂർപ്പിച്ചു. അമ്മ എന്തൊക്കെയോ പറയുന്നു. 'കുഞ്ഞേലി നീ ഭാഗ്യവതിയാ, നിനക്കു ഒരു ലക്ഷം കിട്ടിയില്ലേ? നീ അതിന് അർഹയാണ്. നിനക്ക് ഒരടുക്കള ഇല്ലായിരുന്നല്ലോ. നീ ഭാഗ്യവതിയാ.' "പക്ഷേ" – അമ്മയുടെ സംസാരം അല്പം മുറിപ്പെട്ടുവോ? – ലാസ്സറസ്സച്ചൻ ചെവിയോർത്തു. മറിയമ്മ തുടരുകയാണ്.

"പക്ഷേ, മക്കാറിയോസേ! നിന്റെ പെറ്റതള്ളയ്ക്ക് എന്തു കൊടുത്തു? ഒരു ചട്ടയുടെ തുണി എങ്കിലും കൊടുത്തോ?"

ലാസ്സറസ്സച്ചൻ പൊട്ടിച്ചിരിച്ചു പോയി. വീണ്ടും മറിയമ്മ അത് ആവർത്തിക്കുന്നു. "കുഞ്ഞേലി നീ ഭാഗ്യവതി! മക്കാറിയോസേ! പെറ്റതള്ളയ്ക്ക് എന്തു കൊടുത്തിട്ടുണ്ട്?"

ഒരമ്മയുടെ ഉള്ളിന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന ഒരാഗ്രഹം വാക്രൂപേണ പുറത്തു ചാടുകയായിരുന്നു. ഒരാവശ്യത്തിനുള്ള ആവേശമോ, സാധനങ്ങൾക്കുവേണ്ടിയുള്ള വ്യഗ്രതയോ അല്ല, ഒരമ്മയുടെ മകനോടുള്ള അടങ്ങാത്ത സ്നേഹബന്ധത്തിന്റെ ഒരു ബഹിർസ്ഫുരണം മാത്രം. ലാസ്സറ

സ്സച്ചൻ എഴുന്നേറ്റ് അമ്മയുടെ കട്ടിലിനരികിലിരുന്നു, എന്നിട്ടു ചോദിച്ചു, "എന്താ അമ്മച്ചി രാത്രിയിൽ സ്വയം പറയുന്നത്?"

"ഓ ഞാൻ ഓരോന്ന് ഓർത്തു കിടന്നു. അപ്പോൾ ഓരോന്നു പറഞ്ഞ ന്നേയുള്ളു." ആ അമ്മ പറഞ്ഞു. വീണ്ടും അച്ചൻ ചോദിച്ചു; "അച്ചാച്ചൻ കുഞ്ഞേലിക്ക് പണം നല്കിയത് അമ്മച്ചിക്ക് ഇഷ്ടമായില്ലേ?" "ഓ ഒരി ക്കലും ഞാൻ അങ്ങനെ ചിന്തിച്ചില്ല. അവൾക്കു ചെയ്തത് നന്നായി. ഈ ചെറിയവരിൽ ഒരുത്തർക്കു ചെയ്യുന്നത് എനിക്കു ചെയ്യുകയാണെന്ന് കല്പിച്ചിട്ടില്ലേ?" ആ അമ്മയിൽ കണ്ട ആത്മസംതൃപ്തി ആ സമയം ഒന്നു പ്രത്യേകമായിരുന്നു. അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കവേ മറി യമ്മയെ ഉറക്കം താങ്ങി തഴുകി.

മറിയമ്മയുടെ മുറിയിൽ കിടക്കക്കരികിൽ ടി.വി. വച്ച് മറിയമ്മയ്ക്ക് ഇഷ്ടപ്പെട്ടതെന്ന് വിചാരിക്കുന്ന ചാനലുകൾ പ്രത്യേകിച്ച് കടൽ, കടൽ മത്സ്യങ്ങൾ, മഞ്ഞണിഞ്ഞ മാമലകൾ ഒക്കെ കാണിച്ചു കൊടുത്തിട്ടും അമ്മയുടെ മനസ്സിനെ സാന്ത്വനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. സദാസമ യവും "ആകെയല്പം നേരം മാത്രം എന്റെ യാത്ര തീരുവാൻ" എന്നു പാടിക്കൊണ്ടേയിരുന്നു. സ്വർഗ്ഗയാത്രയ്ക്കുള്ള മാനസിക ഒരുക്കം പൂർ ത്തീകരിക്കുംവിധമായിരുന്നു മറിയമ്മയുടെ നാളുകൾ. ഭക്ഷണം തീരെ ചുരുക്കി. മത്സ്യമാംസാദികൾ പാടെ വെടിഞ്ഞു. കിളി കൊറിക്കുന്നതു പോലെ നാലഞ്ചു വറ്റു കഴിച്ചാലായി. പോഷകസാധനങ്ങളിട്ട പാൽ നല്കി ആരോഗ്യത്തെ നിലനിർത്താൻ മക്കൾ എല്ലാവരും കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു.

11

ആ കിളിയും കൂടു വിട്ടു

മറിയമ്മയുടെ മുഖത്തേക്കു നോക്കിക്കൊണ്ട് കട്ടിലിനടുത്തേക്ക് ഫാ. ലാസ്സറസ്സ് കസേര വലിച്ചിട്ടിരുന്നു. ഇങ്ങനെ ഒരാൾ അടുത്തിരിക്കുന്നുവെന്ന് അറിയാത്തമട്ടിൽ മറിയമ്മ സുഖനിദ്രയിലാണ്. ഒരാഴ്ചയായി റാന്നി മേനാംതോട്ടം ആശുപത്രിയിലെ പ്രത്യേക പരിചരണത്തിൽ മറിയമ്മയെ പ്രവേശിപ്പിച്ചിട്ട്. സിസ്റ്റർ മറിയമും, ഫാ. കെ. സി. മാത്യുവും അമ്മുക്കുട്ടിയും എല്ലാം ഫാ. ലാസ്സറസ്സിനോട് ചേർന്ന് ആ അമ്മയെ പരിചരിക്കാൻ ചുറ്റിലുമുണ്ട്.

അമ്മയുടെ വിടർന്നിരിക്കുന്ന ചുണ്ടുകൾ കരിഞ്ഞിരിക്കുന്നു. ആ ചുണ്ടുകൾക്കിടയിലൂടെ വശ്യമായി കണ്ടിരുന്ന പല്ലുകൾക്കു നിറഭേദമില്ല. പറ്റ വെട്ടിയ മുടി പാറിപ്പറന്നു കിടക്കുന്നു. ശരീരം കമ്പിളിയിൽ മൂടിപ്പൊതിഞ്ഞിരിക്കുന്നു.

ഞായറാഴ്ച വി. കുർബ്ബാന അനുഭവിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചതോടെ മക്കൾ കുർബ്ബാന ചൊല്ലി അമ്മയ്ക്കു നല്കി. വി. കുർബ്ബാനാനുഭവത്തിനുശേഷം അമ്മയിൽ കണ്ട വ്യക്തമായ മാറ്റം മക്കളെ സന്തോഷിപ്പിക്കുന്നതായിരുന്നില്ല. ഭക്ഷണത്തിനോ മരുന്നു കഴിക്കുന്നതിനോ മറിയമ്മ വായ് പൊളിക്കാൻ വിസമ്മതിച്ചു തുടങ്ങി. ഒരൊറ്റ ന്യായീകരണമേ ആ പുണ്യവതിയായ അമ്മയ്ക്കു പറയാനുണ്ടായിരുന്നുള്ളു.

"എന്റെ കർത്താവിനെ അനുഭവിച്ച എന്റെ വായ് ഇനി വേറൊരു ഭക്ഷണം കൊണ്ടും മരുന്നുകൊണ്ടും അശുദ്ധപ്പെടുത്തരുതേ." അതൊരു അപേക്ഷയായിരുന്നു.

ഡോക്ടർ നിർബന്ധിച്ചു, നേഴ്സുമാർ നിർബന്ധപൂർവ്വം ശ്രമിച്ചു. ഒന്നും കഴിക്കാതെ മരിക്കാൻ ശ്രമിക്കുന്നത് ആത്മഹത്യയ്ക്കു തുല്യമാണെന്ന് മക്കൾ തിയോളജി പറഞ്ഞുനോക്കി.

ഒന്നിനും ആ അമ്മ വഴങ്ങിയില്ല. മരുന്നുകൾ മൂക്കിലൂടെ നല്കാനുള്ള ശ്രമവും പരാജയപ്പെട്ടു. ഞരമ്പുകളിൽ കുത്തിവച്ച് ജീവൻ നിലനിർത്താനുള്ള ശ്രമവും പരാജയമടഞ്ഞു തുടങ്ങി.

നിത്യേന അമ്മ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നുവെന്നുള്ള തിരിച്ചറിവ് മക്കളെ അക്ഷരാർത്ഥത്തിൽ തളർത്തിക്കൊണ്ടിരുന്നു.

ഒരു ദിവസം സന്ധ്യ മങ്ങി. പ്രാർത്ഥന കഴിഞ്ഞ് അമ്മ ഉറങ്ങുന്ന

മട്ടിൽ കിടന്നു. ഫാദർ ലാസ്സറസ്സ് സമീപത്തിരുന്ന് എന്തോ എഴുതിക്കൊണ്ടിരുന്നു.

അപ്പോൾ അമ്മ എന്തോ സംസാരിക്കുന്നു. അച്ചൻ അവിടേക്കു ശ്രദ്ധിച്ചു. അമ്മ കൈ കാട്ടി ആരെയോ വിളിക്കുന്നു.

"എന്റെ മോൻ ഇങ്ങോട്ടു വന്നേ. അമ്മച്ചിയുടെ മടിയിൽ ഒന്നിരുന്നേ. എന്റെ മോൻ ഇങ്ങോട്ടു വന്നേ." "ഞാൻ ഇവിടെ അടുത്തല്ലേ ഇരിക്കുന്നത്. പിന്നെ ഏതു മോനെയാണ് വിളിക്കുന്നത്?"- ഫാദർ ലാസ്സറസ്സ് ചോദിച്ചു. "നിന്നെ ആരു വിളിച്ചു? ഞാൻ എന്റെ ആദ്യജാതനെയാണ് വിളിച്ചത്. നിനക്കെന്താ അസൂയ ഉണ്ടോ?" മക്കാറിയോസ് തിരുമേനിയെ മരണത്തിനു മുമ്പു കാണാനുള്ള അദമ്യമായ ആഗ്രഹമാണ് പ്രകടിപ്പിക്കുന്നതെന്ന് അച്ചന് മനസ്സിലായി. എങ്കിലും അമ്മയോടു തമാശ രൂപത്തിൽ അച്ചൻ പറഞ്ഞു.

"ആദ്യജാതനെയാണ് വിളിക്കുന്നതെങ്കിൽ ഉച്ചത്തിൽ വിളിക്കേണ്ടേ? അങ്ങ് അമേരിക്കയിൽ കേൾക്കേണ്ടേ?" അമ്മ ചോദിച്ചു, "നിങ്ങൾ തിരുമേനിയെ അറിയിച്ചില്ലേ എന്നെ വന്നു കാണാൻ?"

"പിന്നെ! ഒരു കൊച്ചു പനി വന്നാലുടൻ ഞങ്ങൾ തിരുമേനിയെ അറിയിക്കുകയോ?" അച്ചൻ വീണ്ടും പരിഹസിച്ചു. പക്ഷേ, ആ അമ്മയുടെ സ്വരം ദൃഢമുള്ളതായിരുന്നു. അമ്മ പറഞ്ഞു, "നോക്ക് എന്റെ ദിവസ

അമ്മച്ചിയേയും അപ്പച്ചനേയും ചിരിപ്പിക്കാൻ മക്കളേക്കാൾ മിടുക്ക് കൊച്ചുമക്കൾക്കായിരുന്നു (അപ്പച്ചൻ മരിക്കും മുമ്പെ ഉള്ള ഒരു പടം)

ങ്ങൾ തീരുകയായി എന്ന് എനിക്കറിയാം. എപ്പോൾ വേണമെങ്കിലും ആ വിളി വരാം."

അമ്മയുടെ ശബ്ദത്തിനു പതർച്ച ഒട്ടുമില്ല. ഒരുറച്ച സ്വരത്തിലായിരുന്നു സംസാരം. സ്വർഗ്ഗീയ പിതാവിങ്കലേക്കുള്ള ഒരു തീർത്ഥയാത്രയ്ക്കുള്ള ഒരുക്കം ആ സ്വരത്തിൽ ഉണ്ടായിരുന്നു.

അമ്മയെ മരണത്തിനൊരുക്കാനുള്ള നല്ല അവസരമായി എന്ന് കണ്ട് ഫാ. ലാസ്സറസ്സ് അമ്മയുടെ കിടക്കയിൽ ചെന്നിരുന്നു മരണാനന്തര ജീവിതത്തെക്കുറിച്ചു ഒരു നല്ല ദർശനം നല്കാനുള്ള സംസാരം ആരംഭിച്ചു. പക്ഷേ, ആ അമ്മയിൽ നിന്നു മരണാനന്തര ജീവിതത്തെ കുറിച്ചുള്ള പുതിയ ദർശനങ്ങൾ ഫാ. ലാസ്സറസ്സിന് ഏറ്റുവാങ്ങേണ്ടി വന്നു.

മരണാനന്തരമുള്ള ആത്മാവിന്റെ യാത്രയും, ഈ ഭൗമികലോകത്തിൽ നാം ചെയ്ത നന്മകൾ നല്കുന്ന അരണ്ടവെളിച്ചത്തിലൂടെ വഴുവഴുപ്പായ പാതകളിൽ സാത്താന്റെ പിടിയിൽ നിന്നു രക്ഷപ്പെടുന്നതും, മരണശേഷം മൂന്നാം ദിവസവും ഒമ്പതാം ദിവസവും മുപ്പതാം ദിവസവും പരേതർക്കു വേണ്ടി ജീവിച്ചിരിക്കുന്നവർ നടത്തുന്ന ബലികളും, പ്രാർത്ഥനകളും, ധൂപാർപ്പണവും ആത്മാവിനു കൂടുതൽ പ്രകാശം നല്കുന്നതും ഒക്കെ ആയി വിശുദ്ധനായ മാർ മക്കാറിയോസിന്റെ ദർശനങ്ങൾ അമ്മ വിവരിക്കുമ്പോൾ ഫാദർ ലാസ്സറസ്സ്, ഒരു കൊച്ചുകുഞ്ഞിനെപ്പോലെ കേട്ടിരുന്നു. പഠിപ്പിക്കാൻ ചെന്നവൻ ശിഷ്യനായി മാറുന്നു.

അമ്മ മരണത്തിനു വേണ്ടി നന്നായി ഒരുങ്ങിക്കഴിഞ്ഞുവെന്ന് അന്നത്തെ സംസാരം വളരെ വ്യക്തമാക്കി. അതുകൊണ്ട് അന്നു രാത്രി തന്നെ അമ്മയുടെ രോഗവിവരം മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ ഫോണിൽ അറിയിച്ചു. തിരുമേനി കഴിവതും വേഗത്തിൽ എത്തിക്കൊള്ളാമെന്ന് മറുപടിയും നല്കി.

പിറ്റേന്ന് മറിയമ്മയെ കാണാൻ റാന്നി സ്വദേശിയായ ഒരു ടീച്ചർ വന്നു. അവർ റാന്നി ക്നാനായ വലിയപള്ളിക്കാരി ആയിരുന്നെങ്കിലും പിൽക്കാലത്ത് പെന്തിക്കോസ്തു മതവിഭാഗത്തിൽ ചേക്കേറിയവളായിരുന്നു. അവരെ ഫാദർ ലാസ്സറസ്സ് അമ്മച്ചിക്കു പരിചയപ്പെടുത്തി കൊടുത്തു. അവർ ഒരു ടീച്ചർ ആണെന്നും റാന്നിക്കാരി ആണെന്നും ഒക്കെ പറഞ്ഞപ്പോൾ അമ്മ സന്തോഷപുരസ്സരം അവരോട് കുശലം പറഞ്ഞു. "അവരിപ്പോൾ പെന്തിക്കോസ്തിൽ ചേർന്ന ഒരു ക്നാനായക്കാരി ആണെന്ന്" പറഞ്ഞപ്പോഴേക്കും മറിയമ്മയിലെ ഓർത്തഡോക്സ് വീര്യം പതഞ്ഞൊഴുകി.

"എടീ! റാന്നി വലിയപള്ളിയിൽ കാണാത്ത ഒരു ദൈവത്തെ നീ പെന്തി

ക്കോസ്തിൽ കണ്ടെത്തിയോ? നീ പോ എനിക്കു നിന്നെ കാണേണ്ടാ." ആ ടീച്ചർ മൗനിയായി പുറത്തേക്കു കടന്നു. അമ്മയുടെ ഉള്ളിലെ ഓർത്ത ഡോക്സിയാണ് അത്രയധികം രോഷാകുലയാക്കിയതെന്നും, അപമര്യാദയായി തോന്നരുതെന്നും ഫാ. ലാസ്സറസ്സ് അവരോട് പറഞ്ഞ് അവരെ യാത്ര അയച്ചു.

മറിയമ്മ കൂടുതൽ ക്ഷീണിതയായി. രക്തം ഞരമ്പിലൂടെ കുത്തിവച്ച് ആ ജീവൻ രക്ഷിക്കാൻ ശ്രമിച്ചെങ്കിലും അതും പരാജയപ്പെട്ടു.

അമ്മ മരണത്തോട് വളരെ അടുത്തുവെന്നും ഒരു കിഡ്നി പ്രവർത്തനം നിർത്തിക്കഴിഞ്ഞുവെന്നും, വേണ്ട ആളുകൾക്ക് അറിയിപ്പുകൾ നൽകാമെന്നും ഡോക്ടറന്മാർ നിർദ്ദേശം നല്കി.

2000-ാമാണ്ട് കാണുവാൻ അമ്മ കാത്തിരുന്നുവോ എന്തോ? ജനുവരി മാസം പിറന്നു. വലിയ പിതാക്കന്മാരായ ബസ്സേലിയോസിന്റേയും ഗ്രീഗോറിയോസിന്റേയും ഓർമ്മകളിൽ മറിയമ്മ മുഴുകി കിടന്നു.

കർത്താവിന്റെ ദനഹാപ്പെരുനാൾ അടുത്തു വരുന്നു. ആ വെള്ളിയാഴ്ച കർത്താവു മരണത്തെ വരിച്ച മദ്ധ്യാഹനത്തിനായി മറിയമ്മ കാത്തു കിടക്കുകയായിരുന്നോ?

അന്നു രാവിലത്തെ പത്രം, ആ അമ്മ അത്യാസന്ന നിലയിൽ എന്ന വാർത്തയുമായി പ്രസിദ്ധീകൃതമായതോടെ സന്ദർശകരുടെ തിരക്കു വളരെ വർദ്ധിച്ചിരുന്നു.

ഫാ. ലാസ്സറസ്സ് കൂടെക്കൂടെ നാഡിമിടിപ്പുകളും ഹൃദയ സ്പന്ദനങ്ങളും ശ്രദ്ധിച്ചുകൊണ്ടേയിരുന്നു. ഉച്ചയോടുകൂടി നാഡീചലനങ്ങൾ വളരെ മന്ദ ഗതിയായി എന്നറിഞ്ഞ് ഡോക്ടർക്ക് ആളു പോയി. ഓക്സിജൻ സിലണ്ടറുമായി നേഴ്സ് മുറിയിൽ ഇരച്ചു കയറി.

മറിയമ്മ സുഖനിദ്രയിലെന്നോണം കണ്ണടച്ചു കിടന്നു; മുഖത്തെ ദിവ്യ പ്രസരിപ്പോടും പുഞ്ചിരിയോടും. മണി പന്ത്രണ്ട് അടിച്ചപ്പോൾ, നാഡീ സ്പന്ദനം നിലയ്ക്കുന്നു എന്നറിഞ്ഞ ലാസ്സറസ്സ് അച്ചൻ അമ്മയെ ഒന്നു തട്ടി വിളിച്ചു.

അമ്മ ഉറക്കത്തിൽ നിന്നെന്നോണം കണ്ണു തുറന്നു, മുറിയിൽ നിറഞ്ഞു നിന്ന എല്ലാവരേയും ഒന്നു സൂക്ഷിച്ചു നോക്കി.

ഫാ. ലാസ്സറസ്സ് പറഞ്ഞു, "അമ്മച്ചി യാത്രയാവുകയാണ്. ഞങ്ങൾ പ്രാർത്ഥിക്കട്ടെ." അമ്മ പതിയെ തലയാട്ടി. മരണസമയത്തെ പ്രാർത്ഥന മക്കൾ ഒരുമിച്ച് നടത്തി. അതിനിടയിൽ മുറിയിൽ കടന്ന ഡോക്ടർ, "ഇപ്പോഴും ഹൃദയം മിടിക്കുന്നുണ്ട്" എന്നു പറഞ്ഞു. അപ്പോഴേക്കും

പ്രാർത്ഥന തീർന്നു. വിശ്വാസപ്രമാണം എല്ലാവരും ഒന്നിച്ചു ചൊല്ലി. ആ വിശുദ്ധയുടെ തല അല്പം ചരിഞ്ഞു. ഒരു പൂ വാടിത്തളരുംപോലെ ആ ജഡത്തിൽനിന്ന് ആത്മപതംഗം സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു കഴിഞ്ഞു. മനോഹരമായ ഒരു മരണം.

ഫാ. ലാസ്സറസ്സ് ആ മുഖത്തേക്ക് കുനിഞ്ഞു ചുംബിച്ചിട്ട് പറഞ്ഞു, "Ammachi, go in peace" ("അമ്മേ സമാധാനത്താലേ പോയാലും"). എല്ലാവരും ചേർന്നു മരിച്ചവർക്കു വേണ്ടിയുള്ള കുക്കിലിയോൻ ചൊല്ലി.

ചേഷ്ടകളോ വിഭ്രാന്തികളോ ഇല്ലാതെ വാടിക്കൊഴിഞ്ഞ പുഷ്പം പോലെ ആ അമ്മ ഉറങ്ങിക്കിടക്കുന്നു. മുഖശോഭ ഒന്നിനൊന്നു വർദ്ധിച്ചു കൊണ്ടേയിരുന്നു.

ഒരായിരം കാര്യങ്ങൾ പറയാനുള്ള കൊതിയുണ്ടായിരുന്നു. പക്ഷേ, ഒരക്ഷരം ഉരിയാടിയില്ല. ഇളയ മകന് ആ വേർപാട് താങ്ങാവുന്നതിനപ്പുറമായിരുന്നു. കെ. സി. മാത്യൂസച്ചൻ വന്ന് അമ്മയുടെ മൃതദേഹത്തിലേക്ക് മറിഞ്ഞുവീഴുകയായിരുന്നു. മുമ്പും അച്ചൻ അങ്ങനെ തന്നെ ആയിരുന്നു. ബോംബെയിൽ നിന്നോ, കുവൈറ്റിൽ നിന്നോ, അമേരിക്കയിൽ നിന്നോ എവിടെ നിന്നായാലും വന്നാലുടൻ അമ്മച്ചിയുടെ മടിയിലേക്ക് ഒരു കിടപ്പാണ്, കൊച്ചുകുഞ്ഞിനെപ്പോലെ, എല്ലാം മറക്കുന്നത് ആ അമ്മയുടെ മടിത്തട്ടിൽ ആയിരുന്നു. ഇന്നിതാ ചേതനയറ്റ ആ മൃതദേഹത്തിൽ കെട്ടിപ്പിടിച്ച് ആ പൊന്നുമോൻ തേങ്ങിക്കരയുന്നു.

എന്തൊക്കെയോ അമ്മ മോന്റെ ചെവിയിൽ മന്ത്രിച്ചുവോ? "ഓരോ കുഞ്ഞിനും ഞാൻ ചിറകുകൾ സമ്മാനിക്കും. പക്ഷേ, അവരെ സ്വയം പറക്കാൻ അനുവദിക്കും. മരണം വരുന്നത് വാർദ്ധക്യത്തിലല്ല, മറവിയിലൂടെയാണെന്ന് ഞാൻ വയസ്സായവരെ പറഞ്ഞു മനസ്സിലാക്കും."

"ഒരു നവശിശു തന്റെ അച്ഛന്റെ വിരൽത്തുമ്പിൽ ആദ്യം പിടിമുറുക്കുമ്പോൾ അത് എന്നെന്നേക്കുമുള്ള ബന്ധത്തിന്റെ തുടക്കമാകുന്നു. പക്ഷേ അവസാന നോട്ടത്തിൽ അവയൊക്കെ വെറുതെ പാഴായി പോവുകയാണല്ലോ. കാരണം അവരെന്നെ ആ പെട്ടിയിൽ അടയ്ക്കുമ്പോൾ, ഞാൻ മരിച്ചുകൊണ്ടേയിരിക്കുകയായിരിക്കും."

ലാറ്റിനമേരിക്കൻ കവി ഗബ്രിയേൽ ഗാർസിയാ മാർക്കസിന്റെ സുപ്രസിദ്ധമായ 'പാവക്കുട്ടി'യിലെ യാത്രാമൊഴികൾ ആ അമ്മ മകന്റെ ചെവിയിൽ ആമന്ത്രണം ചെയ്യുകയായിരുന്നോ? "ഇനി ഞാൻ കണ്ണടയ്ക്കുന്ന ഓരോ മിനിട്ടിലും അറുപതു നിമിഷത്തിന്റെ വെളിച്ചം നഷ്ടപ്പെടുകയാണല്ലോ നമുക്ക്?" എന്ന് ആ കവി പറയുന്നു. അദ്ദേഹം തുടർന്നു പ്രലപിക്കുന്നു, 'എന്റെ ദൈവമേ! എനിക്കൊരു ഹൃദയമുണ്ടായിരുന്നെങ്കിൽ!

എന്റെ വിദ്വേഷങ്ങളത്രയും മഞ്ഞുകട്ടകളിലെഴുതി അതിന്മേൽ സൂര്യ താപം വീഴാനായി കാത്തിരിക്കും. എന്റെ കണ്ണീരുകൊണ്ട് റോസാച്ചെടി കളെ നനയ്ക്കും ഞാൻ; ആ മുള്ളുകളുടെ വേദന അറിയാനായി, ആ ദലങ്ങളുടെ ചുംബനമറിയാനായ്. ഓരോ ആണിനേയും പെണ്ണിനേയും അവരാണെന്റെ പ്രിയപ്പെട്ടവരെന്ന് ബോദ്ധ്യപ്പെടുത്തി, അങ്ങനെ സ്നേഹത്തെ സ്നേഹിച്ചു ജീവിച്ചേനേ."

സോക്രട്ടീസിനെപ്പോലെ ആ അമ്മ പറഞ്ഞു, "വേർപിരിയാനുള്ള സമ യമെത്തി. നമ്മളോരോരുത്തരും അവരവരുടെ വഴിക്കു പോകുന്നു. ഞാൻ മരണത്തിലേക്കും നിങ്ങൾ ജീവിതത്തിലേക്കും. ഏതാണ് ഭേദമെന്ന് ദൈവത്തിനു മാത്രമേ അറിയൂ."

അന്ന് സോക്രട്ടീസിന് പ്രായം എഴുപത്തിയഞ്ചേ ആയിട്ടുള്ളു. ഉറ്റവ രോടും ഉടയവരോടും മേല്പറഞ്ഞ വാചകം മാത്രം പറഞ്ഞ്, ഒരു ദിവ സത്തിന്റെ പകുതി മാത്രം അവശേഷിക്കുന്ന തന്റെ ജീവിതം വിശ്രമിച്ചു തീർക്കുവാൻ ആ മഹാൻ തടവറയിലേക്കു നടന്നു.

സോക്രട്ടീസിനെപ്പോലെ മരണത്തിന്റെ തലേന്നുപോലും പകൽ മുഴു വൻ മറിയമ്മ സംസാരിക്കയായിരുന്നു. തന്റെ മരണത്തെക്കുറിച്ചുള്ള ഉൽക്കണ്ഠ ആയിരുന്നില്ല തന്റെ സംസാരവിഷയം. വിധേയത്വമോ സന്ധി താല്പര്യങ്ങളോ ഇല്ലാത്ത ഒരു സത്യാന്വേഷിയുടെ അചഞ്ചലമായ നൈതിക വിശ്വാസങ്ങളെക്കുറിച്ചായിരുന്നു ആ അമ്മ സംസാരിച്ചത്.

ആ അമ്മയുടെ ശരിയായ ദർശനങ്ങളെ സംബന്ധിച്ച്, മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള തെളിവാർന്ന പ്രത്യാശയെപ്പറ്റി, കാൽഗറിയിൽ നിന്നു ജോർജ്ജ് വറുഗീസ് ഇപ്രകാരം എഴുതി:

"I think it was about an year back when we touched on this topic and Fr. Lazarus mentioned this. He had asked his mother in Kerala one or two days before her death on what thought she has on death and she told of a journey and significant events on 3rd, 9th and 40th days after death. As it is a long time I can't repeat exactly as she told him and if any one like, they can contact him directly. She explained it so beautifully in her own words. He asked her quite surprised whose vision it is and she told it is the vision of St. Macarius, the great.

It really touched me how some one who has lived her whole life in Kerala who is so clear at her death bed on her hope and faith in asking her son to pray for her after her death and I wanted to go a little beyond that one who is this Macarios, the great that she talked about.

The findings surprised me even more that there really existed a St.

Macarius in A. D 390 around the same time as St. Ephraim the Syrian and there are fifty spiritual homilies ascribed to St. Macarios the Egyptian and he infact had a vision from the angels on the journey of the soul. I got it from the internet and am posting it below.

Hope it would be some help and another help and another suggestion is to go through in our written prayers that we inherited from the Syrian Church. I read also that another of Macarios teaching was that the body and mind must be disciplined to turn to God before the soul itself can even begin to turn to God.

"When on the third day, the body is brought to the temple, the soul of the dead man receiveth from his Guardian Angel, relief from the grief which he feeleth at parting from his body. This he receiveth because of the oblation and praise which are offered for him in God's Church, whence there ariseth in him a blessed hope. For during the space of two days the soul is permitted to wander at will, over the earth, with the Angels which accompany it. Therefore the soul, since it loveth its body, sometimes hovereth around the house in which it parted from the body; sometimes around the coffin in where in to body hath been placed; and thus it passeth those days like a bird which seeketh for itself a nesting-place. But the beneficient soul wandereth through those place where it want to perform deeds of righteousness.

On the third day he who rose again from the dead commandeth that every soul, in imitation of his own Resurrection, shall be brought to heaven, that it may do reverance to the God of all. Wherefore the Church hath the blessed custom of celebrating oblation and prayers on the third day for the soul.

After the soul hath done reverence to God, he ordereth that it shall be shown the varied and fair abodes of the saints and the beauty of paradise. All those things the soul vieweth untitled during six days, marvelling and glorifying God, the creator of all. And when the soul hath beheld all these things, it is changed, and forgetteth all the sorrow which it felt in the body. But if it be guilty of sins, then at the sights of the delights of the saints, it beginneth to wail, and to reproach itself, saying, "Woe is me! How vainly did I pass my time in the world! Engrossed in the satisfaction of my desires, I passed the greater part of my life in headlessness, and obeyed not God as I ought, that I, also, might be vouchasafed these graces and glories. Woe is me poor wretch! After having thus viewed all the joys of the just for the space of six days, the Angel lead the soul again to do reverence to God. Therefore the church doth well, in that she celebrateth service and oblation for the soul on the ninth day.

അമ്മച്ചിയുടെ മൃതദേഹത്തിനരുകിൽ മക്കൾ



ദുഃഖം തളംകെട്ടി നിന്ന വേർപാടിന്റെ അന്തരീക്ഷത്തിൽ അമ്മച്ചിയുടെ മൃതദേഹം സംസ്ക്കരിക്കുന്നതിന്റെ ക്രമീകരണങ്ങളെപ്പറ്റി ജ്യേഷ്ഠാനുജന്മാർ ചർച്ച ചെയ്യുന്നു.

After its second reverence to God, the master of all commandeth that the soul be conducted to hell, and there shown the places of torment, the different divisions of hell; and the divense torments of the ungodly, which cause the souls of sinners that find themselves there in to groan continually and to grash their teeth. Through these various places of torment the soul is borne during thirty days; trembling test it also be condemned to imprisonment there in.

On the fortieth day the soul is again taken to do reverence to God, and then the judge determineth the fitting place of its in carceration, according to its deeds. Thus the Church doth rightly in making mention upon the fortieth day, of the baptized dead."

ഒരാഴ്ചയോളം മറിയമ്മ മോർച്ചറിയിലെ ശീതീകരണ മുറിയിൽ ഫാനില്ലാതെ, ആകുലചിന്തകളില്ലാതെ, ശാരീരിക ക്ലേശങ്ങളില്ലാതെ കിടന്നുറങ്ങി; ആദ്യജാതനായ മക്കാറിയോസ് മെത്രാപ്പോലീത്താ നാട്ടിലെത്തുവോളം. "എന്റെ മോനിങ്ങു വന്നേ അമ്മച്ചിയുടെ മടിയിൽ ഒന്നിരുന്നേ" എന്ന് മരണത്തിനു 3 ദിവസം മുമ്പ് പറഞ്ഞ അമ്മ ഇപ്പോൾ മക്കാറിയോസിനെ മടിയിലിരുത്തി ഓമനിക്കുകയാവാം. പറന്നുപോയ ആത്മാവ് ആ ജഡത്തെ ചുറ്റിപ്പറ്റി നിന്നിരുന്നു. എല്ലാ ദിവസവും പരേതയ്ക്കുവേണ്ടി വടക്കേത്തുണ്ടിപ്പള്ളിയിൽ അർപ്പിച്ചുവന്ന വി. കുർബ്ബാനയിൽ മറിയമ്മയുടെ ആത്മാവ് എന്നും പള്ളിയിൽ വന്നു നില്ക്കുന്ന അതേ സ്ഥാനത്തു നിന്നുകൊണ്ട് ഭക്തിപൂർവ്വം സംബന്ധിച്ചു. ദൈവത്തിങ്കലേക്കാകർഷിക്കുന്നതിന് എത്തുന്ന മാലാഖയ്ക്ക് കൂടുതൽ കൂടുതൽ പ്രകാശിതമായിരിക്കുന്ന മറിയമ്മയുടെ ആത്മാവിനെ കണ്ട് ഏറ്റം സന്തോഷം തോന്നി.

അന്ത്യയാത്രയ്ക്ക് അയിരൂർ ദേശം ഒരുങ്ങി. "അയിരൂരിന്റെ അമ്മയ്ക്ക് അന്ത്യാഭിവാദനങ്ങൾ" എന്നെഴുതിയ ബാനറുകൾ നാടിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം ഉയർന്നു. മറിയമ്മയ്ക്കുവേണ്ടി പ്രത്യേകം തയ്യാർചെയ്ത ഗ്ലാസ് കാസ്ക്കെറ്റു ഒരുങ്ങി. മൃതദേഹത്തിലർപ്പിക്കാൻ കൊട്ടക്കണക്കിന് റോസാപ്പൂക്കൾ വന്നെത്തി. മൃതശരീരത്തിനു ചുറ്റും വേലിക്കെട്ടിനായി പൂച്ചട്ടികൾ നിരന്നുനിന്നു. വോളണ്ടിയർ സേന ക്രമീകരണങ്ങളുടെ ചുക്കാൻ ഏറ്റെടുത്തു. അന്ത്യവിലാപയാത്രയ്ക്കുള്ള മനോഹരമായ രഥം ഒരുങ്ങിനിന്നു. എല്ലാ ക്രമീകരണങ്ങളും ചിട്ടപ്പടി എന്ന് നേരിൽ കണ്ട് ബോദ്ധ്യപ്പെടാൻ മക്കാറിയോസ് തിരുമേനി നാട്ടിലെത്തിയപാടെ വീട്ടിൽ എത്തി, എല്ലാ വിവരങ്ങളും വിശദമായി കേട്ടു, ചർച്ച ചെയ്തു.

കുഞ്ഞച്ചന്റെ കല്ലറയിൽ തന്നെ മറിയമ്മയുടെ മൃതദേഹം സംസ്ക്കരിക്കാനായിരുന്നു തീരുമാനം. മുമ്പു കുഞ്ഞച്ചൻ തന്നെ അടുത്തടുത്ത രണ്ടു കല്ലറകൾ പണിത്, കല്ലറകളിൽ കിടക്കുമ്പോൾ പരസ്പരം സംസാ

രിക്കത്തക്കവണ്ണം ഇടയ്ക്ക് ഒരു തുളയുമിട്ട് സജ്ജീകരിച്ചിരുന്ന കാര്യം മുന്നൊരു അദ്ധ്യായത്തിൽ പ്രതിപാദിച്ചിരുന്നു. എന്നാൽ പില്ക്കാലത്ത് മക്കൾ ആ കല്ലറകൾ കുറെക്കൂടി ആഴത്തിൽ കുഴിച്ച് ഒറ്റകുഴിമാടമാക്കി. അതിൽ അടിത്തട്ടിൽ കുഞ്ഞച്ചൻ തന്നെ ആദ്യം സംസ്ക്കരിക്കപ്പെടുകയും ചെയ്തു. അതിനു മുകളിൽ തന്നെ അടുത്ത പെട്ടി വയ്ക്കത്തക്ക വിധം ഒരു പാരപ്പെറ്റ് കെട്ടിയിരുന്നു.

മറിയമ്മയുടെ മൃതദേഹം അടക്കുമ്പോൾ അടിത്തട്ടിൽ ആറു മാസം മുമ്പ് അന്തരിച്ച കുഞ്ഞച്ചന്റെ മൃതശരീരം ഗ്ലാസ്സു പെട്ടിയിൽ പുറമെ കാണത്തക്കവണ്ണം ആയിരിക്കുമെന്നതിനാൽ നേരത്തെ അതു പരിശോധിച്ച്, ആദ്യപെട്ടിയുടെ പുറമെ ഒരു പട്ടുവസ്ത്രം കൊണ്ട് മൂടി ഇടാൻ മക്കൾ തീരുമാനിച്ചു.

മക്കാറിയോസ് തിരുമേനി തലേ ദിവസം വന്നു ചേർന്നപ്പോൾ മക്കൾ അഞ്ചുപേരും ചേർന്ന് സെമിത്തേരിയിലേക്കു പോയി. തിരുമേനിയുടെ നിർദ്ദേശപ്രകാരം കല്ലറയുടെ മൂടി മാറ്റപ്പെട്ടു. ബഥാന്യയിലെ ലാസ്സറിന്റെ കല്ലറയ്ക്കൽ നിന്ന സഹോദരിമാരുടെ ഉദ്വേഗം നിറഞ്ഞു നിന്ന മക്കൾ.

എന്തൊരത്ഭുതം! ഗ്ലാസ്സ് പെട്ടിയിൽ കുഞ്ഞച്ചൻ ആറു മാസം മുമ്പ് സംസ്ക്കരിച്ച നിലയിൽ യാതൊരു കേടുപാടുകളുമില്ലാതെ ഭാവവ്യത്യാസങ്ങൾ കൂടാതെ പുഞ്ചിരിയോടുകൂടി കിടക്കുന്നു. ആറുമാസങ്ങൾ കൊണ്ട് മൃതദേഹത്തിനു എന്തെല്ലാം ഭാവവ്യത്യാസങ്ങൾ വന്നു ചേരാം! പക്ഷേ, കുഞ്ഞച്ചന്റെ മൃതദേഹത്തിന് വ്യത്യാസങ്ങളില്ല.

മൃതദേഹം നശിക്കത്തക്കവണ്ണം അതിലേക്കു വായു കടത്തിവിടുവാൻ മുകൾമൂടി തിരുമേനിയുടെ നിർദ്ദേശപ്രകാരം മാറ്റിവച്ചു. തുടർന്ന് മക്കൾ ഒരുമിച്ച് തിരുമേനിയുടെ കാർമ്മികത്വത്തിൽ ധൂപപ്രാർത്ഥന നടത്തി. വീണ്ടും പെട്ടിഅടച്ച് അതിന്റെ മുകളിൽ ഒരു ചുവന്ന പട്ടുവസ്ത്രം കൊണ്ട് മൂടിയശേഷം സ്ലാബു മൂടി കല്ലറ അടച്ചിട്ട് മക്കൾ മടങ്ങി.

ജനുവരി 10-ാം തീയതി നാടിനെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് മറിയമ്മയുടെ മൃതദേഹം വഹിച്ച രഥം അനേകം കാറുകളുടെ അകമ്പടിയോടുകൂടി റാന്നി മേനാംതോട്ടം ആശുപത്രിയിലെ മോർച്ചറിയിൽ നിന്നു കൊല്ലകുഴിയിലേക്കു തിരിച്ചു. വീടും പരിസരവും അപ്പോഴേക്കും ജനനിബിഡമായി കഴിഞ്ഞിരുന്നു.

ഉയർന്ന പീഠത്തിൽ പ്രതിഷ്ഠിക്കപ്പെട്ട മറിയമ്മയുടെ മൃതദേഹത്തിൽ ആദ്യ റോസാദലങ്ങൾ വിതറി ചുംബനം നൽകിയത് ആദ്യജാതനായ മക്കാറിയോസ് തന്നെ ആയിരുന്നു. മൃതദേഹം മുഴുവൻ റോസാപൂക്കൾ കൊണ്ടു മൂടി വോളണ്ടിയറന്മാർ നാലു വശത്തും കാവൽ നിന്നു.

നൂറ്റിരണ്ടാമത്തെ വയസ്സിൽ തങ്ങളെ വിട്ടു കടന്നുപോയ അയിരൂരിന്റെ അമ്മയ്ക്ക് അന്ത്യാഭിവാദനങ്ങൾ അർപ്പിക്കാൻ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും ആളുകൾ എത്തിക്കൊണ്ടിരുന്നു. സഭാദ്ധ്യക്ഷന്മാർ, സാംസ്ക്കാരിക നായകന്മാർ, രാഷ്ട്രീയ നേതാക്കൾ, കുടുംബ പ്രമാണികൾ, മറിയമ്മ സ്നേഹിച്ച നാടിന്റെ മക്കൾ, അങ്ങനെ വമ്പിച്ച ജനാവലി, ഒഴുകിഒഴുകി ക്യൂവിൽ മൃതദേഹത്തിന് അന്തിമോപചാരം അർപ്പിച്ചു കൊണ്ടേയിരുന്നു.

മറിയമ്മയുടെ അനുജത്തി അന്നാമ്മയുടെ മകൾ സിസ്റ്റർ സോഫിയ, കൊല്ലന്റേത്ത് അച്ചൻകുഞ്ഞ്, കൊച്ചുപിലാംമൂട്ടിൽ റിട്ട. തഹസീൽദാർ പാപ്പച്ചൻ തുടങ്ങിയവർ കൊല്ലന്റേത്തു കുടുംബം മലങ്കരസഭയ്ക്കു നല്കിയ മാണിക്യരത്നമായി മറിയമ്മയെ വിശേഷിപ്പിച്ചു. കഴിഞ്ഞ കൊല്ലന്റേത്തു കുടുംബയോഗത്തിൽ പോലും തന്റെ വാർദ്ധക്യത്തെ മറന്ന് ചെന്ന് സംബന്ധിച്ച് സ്റ്റേജിൽ കയറിനിന്ന് കൊല്ലന്റേത്തു കുടുംബത്തിന്റെ ശ്രേഷ്ഠതയെ പുത്തൻ തലമുറയ്ക്കു പരിചയപ്പെടുത്തിയ ശേഷം "കുഞ്ഞുങ്ങളെ നിങ്ങൾ തമ്മിൽ സ്നേഹിക്കണമെന്ന്" കൊടുത്ത അന്ത്യ സന്ദേശം അവർ അനുസ്മരിച്ചു.

സഭാ സെക്രട്ടറി അലക്സാണ്ടർ കാരയ്ക്കൽ, മനോരമയിലെ ശങ്കരത്തിൽ കെ. എം. മാത്യു (കുമ്പഴ) തുടങ്ങിയവരുടെ പ്രസംഗങ്ങൾ ഹൃദയസ്പർശിയായിരുന്നു.

സർവ്വോപരി മുൻ സഭാ സെക്രട്ടറിയും സി. എം. സ്റ്റീഫന്റെ സഹോദരനുമായ പോൾ മത്തായി നടത്തിയ ഹൃദ്യമായ അന്ത്യവചനങ്ങൾ കേൾവിക്കാരുടെ നയനങ്ങളെ ഈറനണിയിച്ചു.

അദ്ദേഹം ആ അമ്മയ്ക്ക് യാത്രാമൊഴിയിൽ പറഞ്ഞത് ഏതാണ്ടു താഴെ കാണുന്നപ്രകാരമാണ്, "അമ്മച്ചി! നാലു മക്കളെ വി. സഭയ്ക്കു സംഭാവന ചെയ്ത അമ്മച്ചി! സമാധാനത്താലെ പോയാലും, എന്നാൽ അമ്മച്ചി ഇവിടെ നിന്നു കൺമറയുന്നതിനു മുമ്പ് മലങ്കരസഭയ്ക്കു വേണ്ടി ഞാൻ അമ്മച്ചിയോട് ഒരു പരസ്യ ക്ഷമാപണം നടത്തട്ടെ. അമ്മച്ചി നല്കിയ ആദ്യ പുത്രൻ, ഞങ്ങളുടെ അഭിമാനഭാജനമായ പൊന്നു മക്കാറിയോസ് തിരുമേനിയോട് ഈ സഭ അതിനീചവും കുടിലവുമായി പ്രവർത്തിച്ച്, അമ്മച്ചിയുടെ ഹൃദയത്തെ വ്രണപ്പെടുത്തിയതിന് അന്ന് സഭയുടെ നേതൃത്വത്തിൽ നിന്ന ഞാൻ ആത്മാർത്ഥമായി മാപ്പു പറയട്ടെ. തിരുമേനിയോട് ഈ സഭ കാട്ടിയ നന്ദികേട് ആദിമുതൽ അന്ത്യം വരെ എനിക്കറിയാമെങ്കിലും ഒരു കുമ്പസാര രഹസ്യംപോലെ ഞാനതു കാത്തു സൂക്ഷിക്കും. അമ്മച്ചി! ഞങ്ങളോടും ഈ സഭയോടും പൊറുക്കണം. അമ്മച്ചി ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കയും ചെയ്യണം."

പ. ബാവാ തിരുമേനിയും മറ്റു തിരുമേനിമാരിൽ പലരും അതിനോടകം പള്ളിയിൽ എത്തിക്കഴിഞ്ഞിരുന്നു. ഓർത്തഡോക്സ് സെമിനാരി വിദ്യാർത്ഥികൾ ബഹു. എം. പി. ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ നടത്തിയ ഗാനാലാപം ശുശ്രൂഷകളെ ധന്യമാക്കി.

രണ്ടു മണിയോടെ ആരംഭിച്ച വിലാപയാത്ര ആയിരം കാറുകളുടെ അകമ്പടിയോടെ വടക്കേത്തുണ്ടി പള്ളിയിൽ എത്തിയതോടെ അവിടം മനുഷ്യസമുദ്രമായി മാറി. അന്ത്യചുംബനം അർപ്പിച്ച മക്കാറിയോസ് തിരുമേനി വിതുമ്പുന്നതും കണ്ണു തുടയ്ക്കുന്നതും ആദ്യമായി കണ്ടു. പ്രാർത്ഥനാവേളകളിൽ പോലും അദ്ദേഹം ഗദ്ഗദകണ്ഠനായിരുന്നു. തന്റെ പ്രസംഗങ്ങളിലെല്ലാം ധ്വനിപ്പിച്ചു ലോകം ശ്രവിച്ചിട്ടുള്ള അമ്മച്ചി തിരുമേനിയുടെ കൺമുമ്പിൽ നിന്നു മറയുകയായി.

"വത്സലരേ ദൂരത്തെന്തിനു നില്ക്കുന്നെ
എന്നരികിൽ വരുവീൻ ശ്ലോമോ തരുവീൻ പ്രാർത്ഥിച്ചീടുവീൻ" എന്ന് അമ്മ സ്വന്ത ജനത്തോടു പറഞ്ഞു.

വീണ്ടും മറിയമ്മ പറഞ്ഞു,

"മരണത്തിൻ ദൂതൻ പിറകെ വന്നപ്പോൾ
ചുറ്റുംപാർത്തെൻ തുണചെയ്വാൻ വന്നില്ലാരും."

എന്നിട്ടു മക്കളോടായി പറഞ്ഞു,

"പോകുന്നേൻ നല്കാൻ എന്റെ കണക്കെല്ലാം
സർവ്വ വിധീശ വിധീശൻ തൻ തിരുസന്നിധിയിൽ."

"എന്റെ സ്നേഹിതരും വാത്സല്യവാന്മാരുമേ! മരണത്തിന്റെ കാസാ എത്ര കയ്പു നിറഞ്ഞതാകുന്നു! അതിനാൽ മാതാക്കൾ മക്കളേയും മക്കൾ സ്വന്ത മാതാവിനേയും വേർപിരിയുന്നു. ലോകവും അതിന്റെ പ്രതാപവുമേ! അതു ലോകക്കാർക്കുവേണ്ടി വിട്ടിട്ട് ഞാനിതാ എന്റെ കണക്കു ബോധിപ്പിക്കാൻ സർവ്വാധീശനായ ന്യായാധിപന്റെ സന്നിധിയിലേക്കു ഇതാ കടന്നുപോകുന്നു."

മെക്സിക്കൻ കവി ഗാർസിയാ പറഞ്ഞതുപോലെ, "ഞാനൊരു പഴന്തുണിപ്പാവയാണെന്നതു മറന്ന് ദൈവം എനിക്ക് ഒരു നിമിഷത്തേക്കെങ്കിലും ഒരു ജീവിതം തന്നിരുന്നെങ്കിൽ! ഞാൻ ചിന്തിക്കുന്നതത്രയും പറഞ്ഞേക്കില്ല, പക്ഷേ പറയുന്നതത്രയും എന്തെന്ന് ചിന്തിക്കുമായിരുന്നു. ഇനി ഞാൻ കാര്യങ്ങളെ അളക്കുക, അവയുടെ ഗുണത്തേക്കാൾ പൊരുൾ വച്ചാകും. കുറച്ചുറങ്ങി, ഒരുപാടു സ്വപ്നങ്ങൾ കാണുകയാവും."

അതേ ജീവിച്ചിരുന്ന ആദ്യ ജീവിതത്തിലും മറിയമ്മ അങ്ങനെ തന്നെ

ആയിരുന്നു. കുറച്ചുറങ്ങി, ഏറെ സമയം മക്കൾക്കുവേണ്ടി അദ്ധ്വാനിച്ചു. തന്റെ വിശ്വാസ സംഹിത തന്റെ പൊന്നോമനകളുടെ സ്വഭാവ സംസ്ക്കരണത്തിനായി കഴിയുംവിധം വിനിയോഗിച്ചു. ഒന്നും പാഴായില്ല. വിതയ്ക്കാൻ പുറപ്പെട്ടവൻ നല്ല നിലത്തെറിഞ്ഞ വിത്തുപോലെ മുപ്പതും അറുപതും നൂറും മേനി മക്കളെല്ലാവരും കൊയ്തു. ആ അമ്മയുടെ ജീവിതം ധന്യമായി.

ഭൂതലം വായ് പിളർന്ന് പ്രിയപ്പെട്ട മറിയമ്മയേയും ഏറ്റുവാങ്ങി. എല്ലാ തലമുറകളുംപോലെ പിതാക്കന്മാരുടെ മദ്ധ്യേ മനോഹരമായ കല്ലറയിൽ രണ്ടാം വരവിനു നോക്കിപ്പാർക്കുന്ന വിശുദ്ധരോടൊപ്പം മറിയമ്മയും കാത്തിരിപ്പിൻ കാലത്തേയ്ക്കു പ്രവേശിച്ചു.

എല്ലാവരും പിരിയുമ്പോൾ മാർ മക്കാറിയോസും സഹോദരങ്ങൾ നാലു പേരും ആ കുഴിമാടത്തിൽ നിന്നു മടങ്ങിയില്ല. അവർ മൗനഭാഷയിൽ അവരുടെ അമ്മച്ചിയുമായി സംസാരിക്കയായിരുന്നു. ഏറ്റവും അവസാനം സെമിത്തേരി വിട്ടിറങ്ങിയതും മക്കൾ തന്നെ. "ഇഷ്ടന്മാർ പിരിയോരിവിടമാണ് ആദ്ധ്യാത്മ വിദ്യാലയം."

മറിയമ്മ കബറിൽ കിടന്ന് മേരി ജോൺ തോട്ടത്തിന്റെ വരികൾ ഉരുവിട്ടു. "ജനിച്ച നാൾ തുടങ്ങി എന്നെ ഓമനിച്ചു തുഷ്ടിയോടെനിക്കു വേണ്ടതൊക്കെ നല്കി എന്നെ ആദരിച്ച ലോകമേ! നിനക്കു വന്ദനം. പിരിഞ്ഞു പോയിടട്ടെ ഞാനിനി ശനിക്കുഴപ്പമേശിടാത്ത ഭാവിയെ വരിക്കുവാൻ."

മാർ മക്കാറിയോസ് കോട്ടയത്തേക്കും സഹോദരന്മാർ കൊല്ലകുഴിയിലേക്കും മടങ്ങി. ദുഃഖം തളംകെട്ടി നിന്ന വീട്ടിൽ അന്ന് ആരും ഉറങ്ങിയില്ല. എവിടെ നോക്കിയാലും പ്രിയപ്പെട്ട അമ്മച്ചിയുടെ മുഖം മാത്രം. പുരയിടത്തിലെ തെങ്ങിൻതോപ്പിൽ, റബർ തോട്ടത്തിൽ, വീട്ടുമുറ്റത്തെ ഉദ്യാനത്തിൽ, കിണറ്റിനരികിൽ, അടുക്കളയിൽ, തീൻമേശയിൽ, പ്രാർത്ഥനാ മുറിയിൽ, അതിഥി മുറിയിൽ, വരാന്തയിൽ, പശുക്കൂട്ടിൽ, അയൽവീടുകളിൽ, പള്ളിയിൽ, എങ്ങും എല്ലായിടവും ആ അമ്മയുടെ പുഞ്ചിരി തൂവുന്ന മുഖം മാത്രം. ആ ചുണ്ടുകളിൽ വിരിഞ്ഞ പ്രാർത്ഥനാ മന്ത്രങ്ങളും, സൂക്തങ്ങളും മാത്രം. എല്ലായിടത്തും നിറഞ്ഞു നില്ക്കുന്ന അമ്മച്ചി.

അമ്മച്ചി! സമാധാനത്തോടെ പോയാലും! അന്നു മുതൽ നാല്പതു ദിവസങ്ങളും മുടങ്ങാതെ പള്ളിയിൽ, വി. കുർബ്ബാനയും കബറിങ്കലും, സ്വന്തം മുറിയിലും ധൂപപ്രാർത്ഥനയും നടത്തുന്നതിൽ ഇളയ പുത്രൻ ഫാ. കെ. സി. മാത്യു പ്രത്യേകം ശുഷ്കാന്തി പ്രദർശിപ്പിച്ചിരുന്നു.

12

മാർ മക്കാറിയോസും പരുമല അസ്സോസിയേഷനും

മലങ്കരസഭ ഏറ്റവുമധികം ഭീഷണികളെ നേരിട്ട ഒരു കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയായിരുന്നു 2002-ൽ. വിമത സംഘടനയുടെ തീവ്രവാദിയായ തോമസ് മാർ ദീവന്നാസ്യോസ് കാട്ടിക്കൂട്ടിയ കോപ്രായങ്ങളും അതിക്രമങ്ങളും മലങ്കരസഭയ്ക്ക് മാത്രമല്ല ഇന്ത്യൻ ക്രൈസ്തവ സമൂഹത്തിന് മുഴുവനും അപമാനം വരുത്തിവച്ചു. ഒരു സഭാനേതാവിനു യോജിക്കാത്ത തീവ്ര പ്രസ്താവനകളും കൈയേറ്റങ്ങളും നിമിത്തം സഭാന്തരീക്ഷത്തെ മലീമസമാക്കുകയും സഭാനാഥനായ ക്രിസ്തുവിന്റെ നാമത്തിന് അപമാനം വരുത്തി വയ്ക്കുകയും ചെയ്ത ഒരു കാലഘട്ടത്തെയാണ് ലോകം കണ്ടത്. തീവ്രവാദത്തെ ചുവന്ന കുപ്പായത്തിന്റേയും പൊന്നിൻകുരിശിന്റേയും മറവിൽ ഒളിപ്പിച്ചുവച്ചു. വിദ്യാഭ്യാസത്തിന്റെയും സംസ്ക്കാരത്തിന്റെയും അഭാവം തീവ്രവാദങ്ങളുടെ മറവിൽ, 'കേഫാ സംഘടന' തുടങ്ങിയ മാഫിയാസംഘങ്ങളുടെയും വികാരജീവികളായ യുവാക്കളുടേയും തലപ്പത്ത് അദ്ദേഹത്തെ എത്തിച്ചത് ഈ കാലത്തിലാണ്. ഇടവകതോറും യുവജനങ്ങളുടെ വികാരങ്ങൾക്ക് വളം ഇട്ടു വളർത്തി പള്ളിപ്പടകൾ സൃഷ്ടിക്കുന്നതിന് ആ മെത്രാപ്പോലീത്താ നേതൃത്വം നല്കി.

മലങ്കരസഭയുടെ രണ്ടു പട്ടക്കാരെ ദമസ്ക്കോസിലേക്കയച്ചു. ആർ. വി. മർക്കോസച്ചനെ മാർ കൂറിലോസ് എന്ന പേരിലും, മാത്യൂസ് അച്ചനെ മാർ ഈവാനിയോസ് എന്ന പേരിലും വാഴിച്ച് മലങ്കരയിലേക്ക് ഇറക്കിവിട്ടു.

മലങ്കരസഭ സുപ്രീംകോടതി വിധിയനുസരിച്ച് മുന്നോട്ടു തന്നെ പോകുമെന്ന് മനസ്സിലാക്കി പാത്രിയർക്കീസ് ബാവാ സമാധാന ചർച്ചകൾക്കായി മലങ്കരയിലെ സുന്നഹദോസിനെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞ് യാക്കോബായ മെത്രാപ്പോലീത്തന്മാരായ മാർ പീലക്സിനോസ്, മാർ ഗ്രീഗോറിയോസ്, മാർ തീമോത്തിയോസ് എന്നിവർ ചേർന്ന് ഒരു പത്രപ്രസ്താവന ഇറക്കി. തിരിച്ചും മറിച്ചുമുള്ള പത്രപ്രസ്താവനകൾ കൊണ്ട് ആ കാലത്ത് പത്രപേജുകൾ നിത്യേന നിറഞ്ഞുകൊണ്ടിരുന്നു.

ജനുവരി മാസത്തിൽ മാർ ദീവന്നാസ്യോസ് പ്രസ്താവിച്ചു. "കാതോ

ലിക്കായ്ക്ക് അസ്സോസിയേഷൻ വിളിച്ചുകൂട്ടാൻ അവകാശമില്ല. അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട മലങ്കരമെത്രാനല്ല." അതേസമയം ഓർത്തഡോക്സ് സഭയുടെ ഒരു വൈദിക അത്മായ സമ്മേളനം "മലങ്കരസഭാ തർക്കത്തിൽ സർക്കാർ കർക്കശമാകണമെന്ന്" കേരള സർക്കാരിനെ ഓർപ്പിച്ചു.

മറുഭാഗത്ത് യാക്കോബായ വിഭാഗത്തിന്റെ ഐക്യസമിതി "ഇടവക പ്പള്ളികളിൽ ജനാധിപത്യാവകാശം വിനിയോഗിക്കണമെന്ന്" ആവശ്യ പ്പെട്ടപ്പോൾ ആക്ഷൻ ഫ്രണ്ട് എന്ന സംഘടന വിശ്വാസങ്ങൾ ബലികഴിച്ച് ഒത്തുതീർപ്പിനില്ലെന്ന് തറപ്പിച്ചു പറഞ്ഞു. അധികം താമസിയാതെ മാർ ദീവന്നാസ്യോസ് ഒരു പുതിയ കേസുമായി സുപ്രീംകോടതിയെ സമീ പിച്ചു. "കൂടാനിരിക്കുന്ന മലങ്കര അസോസിയേഷൻ നീട്ടിവയ്ക്കണമെന്നും മലങ്കരമെത്രാന് അസോസിയേഷൻ വിളിക്കാനധികാരമില്ലെന്നു"മായി രുന്നു അദ്ദേഹം നല്കിയ കേസിലെ പുതിയ വാദം.

വീണ്ടും മാർ മക്കാറിയോസ് സജീവനായി. അതുകൊണ്ട് നാളുകൾ നീളാതെ തന്നെ സുപ്രീംകോടതിയിൽ നിന്നു വിധിയും വന്നു. ജസ്റ്റീസ മ്മാരായ കൃപാൽ, ദമാപാൽ, ബ്രിജേഷ് എന്നിവരടങ്ങിയ ബഞ്ച് പാത്രി യർക്കീസ് വിഭാഗം നല്കിയ ഹർജി അപ്പാടെ തള്ളിക്കൊണ്ട് വിധിച്ചു. പിറ്റേന്നു തന്നെ "അസോസിയേഷൻ ഉടൻ വിളിക്കും" എന്ന് ബാവാ യുടെ പ്രസ്താവന പത്രങ്ങൾ പ്രസിദ്ധീകരിച്ചു. "നീതിയുക്തമായ തെര ഞ്ഞെടുപ്പ് പ്രതീക്ഷിക്കുന്നില്ലെന്നും കൈവശമുള്ള പള്ളികളുമായി ഇരു വിഭാഗവും പിരിയുകയാണ് വേണ്ടതെന്നും' നെടുമ്പാശ്ശേരിയിൽ ചേർന്ന യാക്കോബായ അസോസിയേഷൻ തീരുമാനം അറിഞ്ഞ ഉടൻതന്നെ "നീതിപൂർവ്വകമായ തെരഞ്ഞെടുപ്പിന് തയ്യാറാണെന്ന്" പ. ബാവാ മറു പടി നല്കി. "കൈവശമുള്ള പള്ളികളുമായി ഭാഗം വച്ചു പിരിയണ" മെന്നുള്ള യാക്കോബായ അസോസിയേഷന്റെ തീരുമാനം തള്ളിക്കൊണ്ട് "മലങ്കരസഭയെ ഭാഗം വയ്ക്കാൻ അനുവദിക്കുകയില്ലെ"ന്ന് ഓർത്ത ഡോക്സ് പള്ളിപ്രതിപുരുഷന്മാരുടെ യോഗം തീരുമാനിച്ചു.

ഇങ്ങനെ 2002 ജനുവരി മാസം വാദപ്രതിവാദങ്ങൾക്കും പത്രപ്രസ്താ വനകൾ വഴിയുമുള്ള ദന്തയുദ്ധങ്ങൾക്കും വേണ്ടി ചെലവഴിച്ചു കഴിഞ്ഞ പ്പോൾ മാർ ദീവന്നാസ്യോസ് വാക്സമരത്തിനു പകരം മറ്റു ചില ഭീഷണി മാർഗ്ഗങ്ങൾ പ്രയോഗിക്കാൻ തീരുമാനിച്ചു. അദ്ദേഹം ഫെബ്രുവരി മാസം തന്റെ മാർഗ്ഗം വെളിപ്പെടുത്തി. "പരുമല അസോസിയേഷൻ കൂടിയ ശേഷം പള്ളികൾ പിടിച്ചടക്കാൻ കാതോലിക്കായും കൂട്ടരും വന്നാൽ ആത്മഹത്യ ചെയ്യുവാൻ സ്ക്വാഡുകൾ" അദ്ദേഹം രൂപവൽക്കരിക്കാൻ നിശ്ചയിച്ചു. ആത്മഹത്യ ചെയ്യുവാൻ തയ്യാറെടുക്കണമെന്ന് അദ്ദേഹം ജനങ്ങളെ ആഹ്വാനം ചെയ്തു. പള്ളിതോറും 'സൂയിസൈഡിംഗ് സ്ക്വാഡുകൾ' രൂപവൽക്കരിക്കാൻ അദ്ദേഹം കോട്ടയം ഇടവകയുടെ മാർ തീമോത്തിയോസിനെ ചുമതലപ്പെടുത്തി അയയ്ക്കുകയും ചെയ്തു.

എത്രയുംവേഗം അസോസിയേഷൻ കൂടാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് മക്കാറിയോസ് മെത്രാപ്പോലീത്താ പ. ബാവായെ അറിയിച്ചു. അതനുസരിച്ച് അസോസിയേഷൻ അറിയിപ്പ് ബാവാ പ്രധാന മലയാള പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും മാർച്ച് 20-ന് പരുമല വച്ച് കൂടുന്ന മലങ്കര അസോസിയേഷൻ യോഗത്തിൽ പ്രതിനിധികളെ അയയ്ക്കണമെന്ന് പള്ളികൾക്കു കല്പന അയയ്ക്കുകയും ചെയ്തു.

"സഭാകേസ് മദ്ധ്യസ്ഥ തീരുമാനത്തിനു വിടണമെന്നും പാത്രിയർക്കീസ് പക്ഷത്തിന്റെ കൈവശമിരിക്കുന്ന പള്ളികൾ അവർക്കു വിട്ടുകൊടുത്ത് സന്ധി ചെയ്യണമെന്നും" മാർ ദീവന്നാസ്യോസ് പല സ്ഥലങ്ങളിലും പ്രസംഗിച്ചു നടന്നു. "മദ്ധ്യസ്ഥ തീരുമാനവും പള്ളികളുടെ വിഭജനവും സാദ്ധ്യമല്ല" എന്ന നിലപാടിൽ ഓർത്തഡോക്സ് വിഭാഗവും ഉറച്ചു നിന്നു. സഭാകേസുകൾ രൂക്ഷമാവുകയും പള്ളികളിൽ സംഘർഷങ്ങൾ നടക്കുകയും ചെയ്തു. സഭാകേസ് സുപ്രീംകോടതി വരെ എത്തിയിട്ടും മദ്ധ്യസ്ഥതയ്ക്ക് എത്താതിരുന്ന റോമൻ കത്തോലിക്കാ, മാർത്തോമ്മാ മുതലായ സഭകളിലെ മദ്ധ്യസ്ഥന്മാർ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി സുപ്രീംകോടതി വിധി വന്നിട്ടും സഭയുടെ സുഗമമായ നടത്തിപ്പിന് പരുമല വച്ച് അസോസിയേഷൻ കൂടാനിരിക്കുന്ന ഈ സന്ദർഭത്തിൽ പള്ളികൾ വിഭജിച്ച് സമാധാനം സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കണം എന്ന എതിർ നിലപാടിനെ ഓർത്തഡോക്സ് വിഭാഗം സംശയദൃഷ്ടിയോടുകൂടി മാത്രമെ കണ്ടുള്ളൂ. തല്പരകക്ഷികളായ മദ്ധ്യസ്ഥന്മാരുടെ ആത്മാർത്ഥതയെ സഭാനേതാക്കൾ ചോദ്യം ചെയ്തു.

ഗവൺമെന്റിനെ അഭയം തേടുന്നു

2001 ഫെബ്രുവരി 15-ന്, "പള്ളികൾ അതാതു കൈവശക്കാർക്ക് വിഭജിച്ചു നല്കണമെന്ന്" മാർ ദീവന്നാസ്യോസ് കേരള ഗവൺമെന്റിനോടും അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണിയോടും സഹായാഭ്യർത്ഥന നടത്തി. പക്ഷേ, ആ അപേക്ഷ ആന്റണി തള്ളിക്കളഞ്ഞു. "കോടതി വിധി പാലിക്കാൻ മാത്രമേ ഒരു ഗവൺമെന്റിന് കഴിയുകയുള്ളൂ" എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. അതിൽ ക്ഷുഭിതനായി "അടുത്ത തെരഞ്ഞെടുപ്പിന് തന്നെ കണ്ടോളാം" എന്ന് പരസ്യമായി പ്രസംഗിച്ചു.

പരുമല അസോസിയേഷൻ നടത്താതിരിക്കാൻ എന്തെല്ലാം ചെയ്യാമോ അതു ചെയ്യുക എന്നതായിരുന്നു മാർ ദീവന്നാസ്യോസിന്റെ അടുത്ത തന്ത്രം. തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് പള്ളിയിൽ നടത്തിയ പ്രകോപനപരമായ പ്രസംഗത്തിൽ "വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് പരുമല അസോസിയേഷൻ ബഹിഷ്ക്കരിക്കണമെന്ന്" വിശ്വാസികളെ ആഹ്വാനം ചെയ്തു. സഭയുടെ ഐക്യം സാദ്ധ്യമാക്കാവുന്ന പരുമല

അസോസിയേഷൻ ബഹിഷ്ക്കരിക്കുവാൻ അദ്ദേഹം പള്ളികൾക്ക് കല്പന അയച്ചു. പരുമല അസ്സോസിയേഷന്റെ യോജിച്ചുള്ള സുഗമമായ നടത്തിപ്പിനെപ്പറ്റി ആലോചിക്കുന്നതിന് പ. ബാവാ വിളിച്ചുചേർത്ത ബിഷപ്പന്മാരുടെ സമ്മേളനം മാർ ദീവന്നാസ്യോസും ആ ഭാഗത്തെ മെത്രാന്മാരും ബഹിഷ്ക്കരിച്ച് മലങ്കരയിലെ യോജിച്ച തെരഞ്ഞെടുപ്പിന് തിരിച്ചടി നല്കി.

തുടർന്ന് ആട്ടിൻകുന്ന് സെന്റ് മേരീസ് പള്ളിയിൽ അനധികൃതമായി പ്രവേശിച്ച് സംഘർഷം ഉണ്ടാക്കാൻ ശ്രമിച്ച പാത്രിയർക്കീസ് പക്ഷത്തെ മാത്യൂസ് മാർ ഈവാനിയോസിനെ പള്ളിക്കാർ തടഞ്ഞുവച്ചു. അതെ തുടർന്ന് പോലീസ് 24 വിശ്വാസികളെ അറസ്റ്റു ചെയ്തു. മനഃപൂർവ്വം സഭാന്തരീക്ഷം കലുഷിതമാക്കി പരുമല അസോസിയേഷന് കോട്ടം തട്ടിക്കുന്നതിനുള്ള ബോധപൂർവ്വമായ ഒരു ശ്രമമായിരുന്നു ആട്ടിൻകുന്ന് പള്ളിയിൽ നടന്നത്. അതേ തുടർന്ന് യാക്കോബായ വിഭാഗത്തിന്റെ മാനേജിംഗ് കമ്മിറ്റി അടിയന്തിരമായി കോലഞ്ചേരിയിൽ വിളിച്ചു കൂട്ടി "പള്ളികളുടെ അവകാശം കാത്തുസൂക്ഷിക്കു"മെന്ന് പ്രഖ്യാപിച്ചു. അതോടൊപ്പം പ. ബാവായുടെ കല്പന ബഹിഷ്ക്കരിക്കാൻ മാനേജിംഗ് കമ്മറ്റി യാക്കോബായക്കാരെ ആഹ്വാനം ചെയ്കയും ചെയ്തു. പരുമല അസോസിയേഷൻ തകർക്കുക എന്ന ഏക ലക്ഷ്യമായിരുന്നു ഇതിനെല്ലാം പിന്നിൽ. "തെരഞ്ഞെടുപ്പിൽ പാത്രിയർക്കീസ് പക്ഷം ഭൂരിപക്ഷം നേടുമെന്നും അതിനു മുമ്പ് മദ്ധ്യസ്ഥ തീരുമാനത്തിനു വിടുന്നതാണ് ഭംഗി"യെന്നും മാർ ദീവന്നാസ്യോസ് താക്കീതു നല്കി.

1500-ഓളം പള്ളികൾക്കു ബാവാ തിരുമേനി ഇതിനോടകം കല്പന അയച്ചു കഴിഞ്ഞിരുന്നു. പരുമല അസോസിയേഷൻ യോഗത്തെപ്പറ്റി വിലയിരുത്താനും തെരഞ്ഞെടുപ്പ് ഇരുപക്ഷത്തിന്റേയും സഹകരണത്തോടെ സുതാര്യമാക്കാനുമായി സുപ്രീംകോടതിയിൽ നിന്നും പ്രത്യേക പ്രതിനിധിയായി നിയമിക്കപ്പെട്ട നിരീക്ഷകൻ ജസ്റ്റിസ് മളീമഠ് കോട്ടയം ഗസ്റ്റ്ഹൗസിൽ വിളിച്ചുകൂട്ടിയ യോഗത്തിൽ പാത്രിയർക്കീസ് പക്ഷം സുപ്രീംകോടതി നിയോഗിച്ച നിരീക്ഷകനെ സ്വീകരിക്കുവാൻ വിമുഖത പ്രദർശിപ്പിക്കുകയും സുപ്രീംകോടതി നിരീക്ഷകന്റെ യോഗത്തിൽ നിന്നു ഇറങ്ങിപ്പോകുകയും അദ്ദേഹത്തെ അധിക്ഷേപിക്കുകയും ചെയ്തു. ഈ അന്തസ്സു കുറഞ്ഞ നടപടി നിമിത്തം സുപ്രീംകോടതി പാത്രിയർക്കീസ് വിഭാഗത്തെ നിശിതമായി വിമർശിച്ചു. പാത്രിയർക്കീസ് വിഭാഗത്തിനു നേരെ കോടതിയലക്ഷ്യ നടപടികൾ സ്വീകരിക്കണമെന്ന് അങ്കമാലി, കൊച്ചി, തൃശൂർ, കുന്നംകുളം, കണ്ടനാടു ഭദ്രാസനങ്ങളുടെ സെക്രട്ടറിമാരുടെ സംയുക്തയോഗം ആവശ്യപ്പെട്ടു.

ഈ കാലഘട്ടത്തിലാണ് മാർ നിക്കോളാവോസിനെ യാക്കോബായ വിഭാഗത്തിന്റെ മെത്രാപ്പോലീത്താ സ്ഥാനത്തു നിന്നും മുടക്കിക്കൊണ്ട് സഭയിൽ നിന്നു ബഹിഷ്ക്കരിച്ചുവെന്നുള്ള പാത്രിയർക്കീസിന്റെ മുടക്കു കല്പന ഫാക്സായി ലഭിച്ചത്. അദ്ദേഹത്തിന്റെ പേരിൽ ഉന്നയിക്കപ്പെട്ട ഗുരുതരമായ ആരോപണങ്ങളെപ്പറ്റി അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട കമ്മീഷൻ അംഗങ്ങളായ മെത്രാന്മാർ പാത്രീയർക്കീസിനു നല്കിയ തെളിവെടുപ്പു റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് മുടക്കിയത്.

എന്നാൽ "പാത്രിയർക്കീസിൽ നിന്നു വന്ന ഫാക്സ് സന്ദേശം താൻ വിശ്വസിക്കുന്നില്ലെന്നും താൻ ഇപ്പോഴും പാത്രിയർക്കീസിന്റെ സഭ വിട്ടു പോകാൻ ഉദ്ദേശിക്കുന്നില്ലെന്നും" പരസ്യ പ്രഖ്യാപനം നടത്തി. നിക്കോളവോസിന്റെ ഒഴിവിൽ ദമാസ്ക്കസ് അരമനയിൽ പാത്രിയർക്കീസിന്റെ സെക്രട്ടറിയായി താമസിച്ചിരുന്ന മലയാളി ആയ യൂലിയോസ് മാർ കൂറിയാക്കോസിന് പാത്രിയർക്കീസ് അമേരിക്കയിലുള്ള യാക്കോബായ ഭദ്രാസനത്തിന്റെ ചുമതല താൽക്കാലികമായി നല്കി ഉത്തരവു പുറപ്പെടുവിച്ചു.

വീണ്ടും മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ പുത്തൻകുരിശിൽ കൂടിയ യാക്കോബായ വിഭാഗത്തിന്റെ ഒരു യോഗം പരുമല വച്ചു കൂടാൻ നിശ്ചയിച്ചിരിക്കുന്ന അസോസിയേഷനിൽ സംബന്ധിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. സഭാന്തരീക്ഷത്തിൽ കൂടുതൽ സംഘർഷം വിതയ്ക്കാൻ പുതുതായി വാഴിക്കപ്പെട്ട മാർ ഈവാനിയോസ് കണ്ടനാട്ടു മർത്തമറിയം പള്ളിയിൽ കയറി പുന്നച്ചാലിൽ കോർഎപ്പിസ്ക്കോപ്പായുടെ മകന് അനധികൃതമായി പട്ടം നല്കി.

അതേസമയം മാർ ദീവന്നാസ്യോസ് സമാധാനശ്രമങ്ങൾ, ഭാഗിച്ചു പിരിയൽ, ഓർത്തഡോക്സ് വിഭാഗം സുപ്രീംകോടതി വിധി പാലിക്കുന്നില്ല എന്നൊക്കെ പരസ്യപ്രസ്താവനകൾ ഇറക്കി ജനങ്ങളെയും സമൂഹത്തേയും തെറ്റിദ്ധരിപ്പിച്ചുകൊണ്ടേയിരുന്നു.

കൊച്ചി ഭദ്രാസന കൗൺസിൽ

പരുമല അസോസിയേഷനിൽ സംബന്ധിക്കുന്നതിനെപ്പറ്റി ആലോചിക്കാൻ യാക്കോബായ വിഭാഗത്തിന്റെ കൊച്ചി ഭദ്രാസന കൗൺസിൽ മൂന്നാംതവണ തിരുവാംകുളം ക്യംതാ അരമനയിൽ ചേർന്നു. തുറന്ന ചർച്ചകൾക്ക് മാർ ഗ്രീഗോറിയോസ് അനുവദിച്ചു. അതുകൊണ്ട് ധൈര്യപൂർവ്വം തുറന്ന ചർച്ചകൾ നടത്തിയ കൗൺസിലിൽ ഭൂരിപക്ഷവും പരുമല അസോസിയേഷനിൽ സംബന്ധിക്കണമെന്നായിരുന്നു അഭിപ്രായപ്പെട്ടത്.

ദീവന്നാസ്യോസിനേയും അദ്ദേഹത്തിന്റെ മാഫിയായേയും ഭയന്നാണ് ഇത്രയുംനാൾ മാനേജിംഗ് കമ്മറ്റിയിൽ തങ്ങളുടെ അഭിപ്രായം തുറന്നു പറയാതിരുന്നതെന്ന് പലരും വ്യക്തമാക്കി. അതുപോലെ മാർ ദീവന്നാസ്യോസിനെ ആരും നിയുക്ത കാതോലിക്കായായി തെരഞ്ഞെടുത്തിട്ടില്ലാത്തതിനാൽ അദ്ദേഹത്തെ 'നിയുക്ത കാതോലിക്കാ' എന്നു വിളിക്കുന്നതിലുള്ള അതൃപ്തി പലരും തുറന്നു പ്രകടിപ്പിച്ചു. തുടർന്ന് അദ്ധ്യക്ഷനായിരുന്ന കൊച്ചി ഇടവകയുടെ മാർ ഗ്രീഗോറിയോസ് ഇപ്രകാരം പ്രസ്താവിച്ചു: "ഞാൻ നിസ്സഹായനാണ്. കക്ഷിവഴക്ക് നിലനില്ക്കുന്ന പള്ളികളിൽ ഭാവിയിലുണ്ടാകാവുന്ന യാതൊരു കാര്യത്തിലും ഞാൻ ഇടപെടുകയില്ല" (ഇതിനു മുമ്പ് 1934-ലെ ഭരണഘടന ഒപ്പിട്ട് പ. ബാവായ്ക്കു കൊടുക്കാൻ തയ്യാറെടുത്ത തിരുമേനിയെ കോതമംഗലത്തു നിന്ന് എത്തിയ ഒരു മാഫിയാ സംഘം "ഒപ്പിടുന്ന കൈകൾ ഞങ്ങൾ വെട്ടി എടുക്കും" എന്നു പറഞ്ഞ് ഭീഷണിപ്പെടുത്തിയതായി കേട്ടിട്ടുണ്ട്. അത് ഓർത്താവണം, 'ഞാൻ നിസ്സഹായനാണ്' എന്നദ്ദേഹം പ്രസ്താവിച്ചത്).

ഏതായാലും പരുമല അസോസിയേഷനിൽ സംബന്ധിക്കാൻ ഒരുങ്ങിയ മാർ ഗ്രീഗോറിയോസിന്റെ അരമന വളഞ്ഞ് പരുമല യാത്ര തടസ്സപ്പെടുത്തി എന്ന് പിൽക്കാലത്ത് കേട്ടു. അതിനിടെ മാർ ദീവന്നാസ്യോസ് കട്ടിളപൂവ്വും എന്ന തൃശൂർ ജില്ലയിലെ ഒരു പള്ളിയിൽ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "സഭാകേസ് എന്റെ തെറ്റുകൊണ്ട് ഉണ്ടായതല്ല, ഇപ്പോൾതന്നെ ഞാൻ പ്രതിയായി 342 കേസുകൾ നിലവിലുണ്ട്. അതിനു ഞാൻ ചെയ്ത തെറ്റ് എന്ത്? ഞാൻ ഒരു കേസു പോലും കൊടുത്തിട്ടില്ല." ഇത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിന് കൂടെക്കൂടെ പറയുന്ന അവാസ്തവ പ്രസ്താവനകളിൽ ഒന്നു മാത്രമാണ്.

അതേസമയം കൊച്ചിയ്ക്കടുത്ത് കാഞ്ഞിരമറ്റം പള്ളിയിലെ പെരുനാൾ അലങ്കോലപ്പെടുത്താൻ മധു ജോസഫ്, ഡേവിഡ് കൊളുത്തക്കോടൻ എന്നിവരുടെ നേതൃത്വത്തിൽ ഏതാനും റൗഡികൾ പള്ളിയിൽ ഉന്തും തള്ളും സൃഷ്ടിച്ച് ഒരു ഭീകരാവസ്ഥ ഉണ്ടാക്കി. എന്നാൽ പോലീസിന്റെ സമയോചിതമായ ഇടപെടൽ നിമിത്തം പ്രകടനക്കാരെ പുറത്താക്കുകയാൽ അനിഷ്ട സംഭവങ്ങൾ ഒഴിവായി.

മാർച്ച് മാസത്തിൽ യാക്കോബായ വിഭാഗത്തിന്റെ ഔദ്യോഗിക വക്താവ് ഫാദർ വറുഗീസ് കല്ലാപ്പാറ നടത്തിയ ഒരു പത്രസമ്മേളനത്തിൽ "പള്ളികൾ പിടിച്ചെടുക്കാൻ ഓർത്തഡോക്സ് വിഭാഗം വന്നാൽ ഞങ്ങൾ രക്തസാക്ഷികളാകാൻ മടിക്കില്ല. അറുപതു ശതമാനം പേർ നില്ക്കുന്ന വിഭാഗത്തിന് ഇടവകഭരണച്ചുമതല വിട്ടുകൊടുക്കണം. പണത്തിനും പ്രതാപത്തിനും ഞങ്ങൾ അടിയറവയ്ക്കില്ല" എന്നിങ്ങനെ പ്രസ്താവിച്ചു.

പരുമല അസോസിയേഷനും മാർ മക്കാറിയോസും

പ. ബാവായുടെ നിർദ്ദേശപ്രകാരം പരുമല അസോസിയേഷന്റെ നടത്തിപ്പിനു നേതൃത്വം കൊടുക്കുവാൻ മാർച്ച് ആദ്യം തന്നെ മാർ മക്കാറിയോസ് അമേരിക്കയിൽ നിന്ന് എത്തി.

പരുമല അസോസിയേഷൻ ഒരുക്കങ്ങൾ ഏതാണ്ടു പൂർത്തിയായി. പരുമല ദീപിനെ കാത്തുസൂക്ഷിക്കാൻ പോലീസ് സേനയെ വിന്യസിച്ചു. മാർച്ച് 20-നു അസോസിയേഷൻ നടക്കുന്ന പരുമലയിൽ ജനത്തിന് എത്തിച്ചേരാൻ കഴിയാതെവണ്ണം തിരുവല്ല, ചെങ്ങന്നൂർ മേഖലകളിൽ ഒരു ബന്ദു പ്രഖ്യാപിക്കാൻ പാത്രിയർക്കീസ് പക്ഷം രാഷ്ട്രീയ പാർട്ടികളുമായി ഗൂഢാലോചന നടത്തുന്നതായി വാർത്ത പരന്നു. പക്ഷേ, ആ ആലോചന പാളിപ്പോയി.

അതിനിടെ കേരള മന്ത്രി ടി. എം. ജേക്കബ്, കെ.പി.സി.സി. പ്രസിഡന്റ് പി. പി. തങ്കച്ചൻ എന്നീ രണ്ടു യാക്കോബായ നേതാക്കളെ ദൂതന്മാരായി മാർ ദീവന്നാസ്യോസ് ദേവലോകത്തേക്ക് അയച്ചു. മാർ ദീവന്നാസ്യോസിനെ 'നിയുക്ത കാതോലിക്കാ' ആയി സഭ അംഗീകരിക്കുമെങ്കിൽ ഏകോപിച്ച അസോസിയേഷൻ നടക്കുമെന്ന് അവർ ബാവായെ അറിയിച്ചു. എന്നാൽ കാതോലിക്കാബാവാ, മക്കാറിയോസ് തള്ളിക്കളഞ്ഞതുപോലെ ആ അപേക്ഷ നിരസിച്ചു.

വീണ്ടും ഒരന്ത്യശ്രമം കൂടി മാർ ദീവന്നാസ്യോസ് നടത്തി. രണ്ടു ദൂതന്മാർ വീണ്ടും പ. ബാവായെ സമീപിച്ച് മാർ ദീവന്നാസ്യോസിനെ 'സീനിയർ മെത്രാപ്പോലീത്താ പദവി' നല്കി സ്വീകരിക്കാമോ എന്നു ചോദിച്ചു. "സഹോദരമെത്രാപ്പോലീത്തന്മാരുമായി ആലോചിച്ച് അറിയിക്കാം" എന്നു ബാവാ മറുപടി നല്കി മടക്കി അയച്ചു.

പിന്നീട് മെത്രാപ്പോലീത്തന്മാരുമായി ബാവാ ആലോചിക്കാതിരുന്നില്ല. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും എതിരായി അന്ത്യോക്യൻ പാത്രിയർക്കീസിനെ തലയിലേറ്റി നടന്ന് സഭയ്ക്ക് ആകമാനം അപമാനം വരുത്തിവച്ച ഒരു വ്യക്തിയെ എന്തെങ്കിലും സ്ഥാനമാനങ്ങൾ നല്കി അദ്ദേഹം വയ്ക്കുന്ന വ്യവസ്ഥകൾക്കു വഴങ്ങി, യോജിപ്പിനു സന്നദ്ധമാകുന്നതിലെ അപാകതകൾ പലരും നിരത്തിവച്ചു. വ്യവസ്ഥകളുടെ കടിഞ്ഞാണില്ലാതെ കാതോലിക്കേറ്റിന്റെ കീഴിലേക്ക് സ്വീകരിക്കയല്ലാതെ, സ്ഥാനങ്ങൾക്കു വേണ്ടി പൊയ്മുഖം അണിഞ്ഞുവരുന്ന ഒരു ഇരട്ടത്താപ്പുകാരനെയും സ്വീകരിപ്പാൻ മലങ്കരസഭയ്ക്കു കഴിയുമായിരുന്നില്ല. "സമാധാനശ്രമങ്ങൾ എന്നു പറഞ്ഞ് അദ്ദേഹം പുറകെ വരുന്നത് അസ്സോസിയേഷനെ മുടക്കാനാണെന്ന്" ആക്ഷൻ ഫ്രണ്ട് പരസ്യമായി പ്രസ്താവിക്കുകയും ചെയ്തു. "ഭരണഘടനയും സുപ്രീംകോടതി

വിധിയും അടിസ്ഥാനമാക്കി മാത്രമേ സമാധാനം സാദ്ധ്യമാകയുള്ളൂ" എന്ന് പ. ബാവായും പ്രസ്താവിച്ചു.

പരുമല അസ്സോസിയേഷന് ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കിയ ശേഷം പ. ബാവാ, മെത്രാപ്പോലീത്തന്മാരോടൊപ്പം ഒരു പത്രസമ്മേളനം നടത്തി. പാത്രിയർക്കീസ് വിഭാഗം വിട്ട് കാതോലിക്കാ ഭാഗത്തേക്കു വന്ന മെത്രാപ്പോലീത്തന്മാരും ആ സമ്മേളനത്തിൽ പങ്കെടുത്തു. 1244 പള്ളികളിൽ നിന്നായി 1316 വൈദികരും 2723 അവൈദികരുമായി ആകെ 4039 പേർ പരുമല അസ്സോസിയേഷനിൽ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്ന് പ. ബാവാ പ്രഖ്യാപിച്ചു.

രക്ഷാമാർഗ്ഗങ്ങളെല്ലാം അടഞ്ഞുവെന്നും, തന്റെ പൊയ്മുഖങ്ങൾ ഉടഞ്ഞുപോകുന്നുവെന്നും കണ്ട മാർ ദീവന്നാസ്യോസ് വളയമില്ലാതെ ഒരു ചാട്ടത്തിനു സന്നദ്ധനായി. മർമ്മം അറിഞ്ഞുകൂടാത്ത ആ പിതാവ് എവിടെയും അടിക്കുന്നതിന് സമർത്ഥനാണെന്ന് വീണ്ടും തെളിയിച്ചു. മാർച്ച് 20-ന് പരുമല അസ്സോസിയേഷൻ നടക്കുന്ന അതേസമയം തന്റെ ജന്മനാടായ പുത്തൻകുരിശിൽ ഒരു ബദൽ സമ്മേളനം നടക്കുമെന്നും ഒരു ലക്ഷം പേർ പങ്കെടുക്കുന്ന ആ സമ്മേളനത്തിലെ വിശ്വാസ പ്രഖ്യാപനം കൂനൻകുരിശു സത്യത്തിന്റെ ആവർത്തനമായിരിക്കുമെന്നും മാർ ദീവന്നാസ്യോസും ഒരു പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചു.

പരുമല അസോസിയേഷൻ

2002 മാർച്ച് 20 ബുധനാഴ്ച മലങ്കര അസോസിയേഷൻ പരുമല മാർ ഗ്രീഗോറിയോസ് നഗറിൽ സമ്മേളിച്ചു. ബാവാ തിരുമേനി നേരത്തെ പ്രഖ്യാപിച്ചിരുന്ന പ്രകാരം 1244 പള്ളികളിൽ നിന്നായി 4039 പേർ അതിൽ പങ്കെടുത്തു.

ഈ മഹാസമ്മേളനം നിയന്ത്രിച്ചത് മാർ മക്കാറിയോസ് ആയിരുന്നു. പ. ബാവായേയും മെത്രാപ്പോലീത്തന്മാരെയും ആനയിച്ചുകൊണ്ടുള്ള ഘോഷയാത്ര ഹാളിൽ പ്രവേശിച്ചപ്പോൾ "മാർ ബസേലിയോസ് നല്ല ജപാലാ" എന്ന സ്വാഗതഗാനം വൈദിക സെമിനാരി ഗായകർ പാടി.

പ. കാതോലിക്കാബാവായേയും മെത്രാപ്പോലീത്തന്മാരേയും പേര് വിളിച്ച് അവരെ വേദിയിലേക്ക് സ്വാഗതം ചെയ്ത് സിംഹാസനങ്ങളിൽ ഇരുത്തിയത് മാർ മക്കാറിയോസ് തന്നെ ആയിരുന്നു.

ഗായകസംഘം 'വെളിവു നിറഞ്ഞോരീശോ' എന്ന ഗാനം ആലപിച്ച ശേഷം വൈദിക ട്രസ്റ്റി ഫാദർ മത്തായി നൂറനാൽ വി. വേദപുസ്തകം വായിച്ചു. പ. ബാവായുടെ പ്രാർത്ഥനയോടു കൂടി സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനയ്ക്കു ശേഷം പ. ബാവായുടെ ഉപക്രമപ്രസംഗം

അദ്ദേഹം ഇംഗ്ലീഷിലും അതിന്റെ തർജ്ജമ മാർ മക്കാറിയോസ് മലയാളത്തിലും നടത്തി.

പ്രസംഗശേഷം ബാവായുടെയും കമ്മറ്റി അംഗങ്ങളുടെയും തെരഞ്ഞെടുപ്പ് രഹസ്യ ബാലറ്റിലൂടെ നടത്തി. 40 കൗണ്ടറുകളിലായി ആരംഭിച്ച വോട്ടെടുപ്പ് ഏകദേശം ഒരു മണിക്കൂർ കൊണ്ടാണ് അവസാനിച്ചത്. കാതോലിക്കേറ്റ് കോളജിന്റെ മുൻ പ്രിൻസിപ്പൽ ഡോ. ടി. എ. ജോർജ്ജായിരുന്നു ചീഫ് റിട്ടേണിംഗ് ഓഫീസർ. വോട്ടുകൾ എണ്ണുന്ന ഇടവേളയിൽ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നീ പിതാക്കന്മാർ സഭാമക്കളെ അഭിസംബോധന ചെയ്തു പ്രസംഗിച്ചു. അതിനുശേഷം വോട്ടെണ്ണലിന്റെ ഫലം നിരീക്ഷകനായി എത്തിയ സുപ്രീംകോടതി ജഡ്ജി മളീമഠ് തന്നെയാണ് പ്രഖ്യാപിച്ചത്. "പ. കാതോലിക്കാബാവാ മലങ്കരമെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു" എന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം കേട്ടപാടെ ഹർഷാരവങ്ങളോടും കരഘോഷത്തോടും കൂടെ മലങ്കരസഭ സ്വീകരിച്ചു. "കാതോലിക്കാബാവാ നീണാൾ വാഴട്ടെ മാർ ത്തോമ്മാ സിംഹാസനം നീണാൾ ജയിക്കട്ടെ" എന്നു ജനങ്ങൾ വിളിച്ചു പറഞ്ഞു.

ആകെ പോൾ ചെയ്ത 3483 വോട്ടുകളിൽ 9 എണ്ണം അസാധുവായി. രജിസ്റ്റർ ചെയ്തവരിൽ 16 പേർ വോട്ടു ചെയ്തില്ല. 29 പേർ നോമിനേറ്റഡ് ആയിരുന്നതിനാൽ വോട്ടവകാശമില്ലായിരുന്നു. 3464 വോട്ടുകൾ ബാവായ്ക്ക് അനുകൂലമായി ലഭിച്ചു.

ഇതോടൊപ്പം മാനേജിംഗ് കമ്മിറ്റിയിലേക്ക് 37 പട്ടക്കാരേയും 74 അത്മേനികളെയും തെരഞ്ഞെടുത്തു.

കാനഡാ – യു. കെ. – യൂറോപ്പ് ഭദ്രാസനത്തിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായി ഫാദർ ലാസ്സറസ്സ് ഒ.ഐ.സി. (എഡ്മൺടൺ), മാറ്റ് മാത്യൂസ് (ടൊറന്റോ), ഡോ. എം. എസ്. അലക്സാണ്ടർ (ഇംഗ്ലണ്ട്) എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

പുത്തൻകുരിശിൽ ഒരു പുത്തൻസഭ

സകല അടവുകളും പയറ്റി സഭയ്ക്കുള്ളിൽ നുഴഞ്ഞുകയറാൻ ശ്രമിച്ചു പരാജയപ്പെട്ട മാർ ദീവന്നാസ്യോസ് വളയമില്ലാതെ ചാടി പരുമല സമ്മേളനത്തിന് ബദലായി അന്നേദിവസം അദ്ദേഹം തീവ്രവാദികളടങ്ങിയ ഒരു സമ്മേളനം പുത്തൻകുരിശിൽ വിളിച്ചുചേർത്തു. നൂറുകണക്കിനു വൈദികരും 4462 പള്ളിപ്രതിപുരുഷന്മാരും പങ്കെടുത്തുവെന്ന് ഒരു പെരുപ്പിച്ച കണക്ക് പത്രങ്ങൾക്ക് നൽകി.

"രണ്ടാം കൂനൻകുരിശു സത്യം" എന്ന് വിമതർ വിശേഷിപ്പിച്ച ഒരു സത്യപ്രതിജ്ഞാവാചകം മലബാറിന്റെ യൂഹാനോൻ മാർ പീലക്സിനോസ് ചൊല്ലിക്കൊടുത്തത് ജനം കൈകോർത്തുപിടിച്ച് ഏറ്റുപാടി. എന്നാളും വിദേശാധിപത്യത്തിന് അടിമകളായിരുന്നുകൊള്ളാമെന്ന് ജനത്തെക്കൊണ്ട് പറയിച്ചവരും പറഞ്ഞവരും നൂറ്റാണ്ടുകളായി മലങ്കരസഭ കാത്തുസൂക്ഷിച്ച സ്വാതന്ത്ര്യ ചിന്താധാരയ്ക്ക് ഏറ്റ കനത്ത പ്രഹരമായിരുന്നു. ആ നാണംകെട്ട സത്യപ്രതിജ്ഞ താഴെപ്പറയുന്ന വിധമായിരുന്നു. "പൗരോഹിത്യനൽവരത്തിന്റെ ഉറവിടവും, നിഖ്യാ, എഫേസൂസ്, കുസ്തന്തീനോസ്പോലീസ് സുന്നഹദോസുകൾ ലോകത്തിന്റെ നാലു ദിക്കുകൾക്കായി പ്രഖ്യാപിച്ച നാലു സിംഹാസനങ്ങളുടെ റാണിയുമായ പ. അന്ത്യോക്യാ സിംഹാസനത്തോടും, ആ സിംഹാസനത്തിൽ കാലാകാലങ്ങളായി വാഴുന്ന പരിശുദ്ധ പാത്രിയർക്കീസന്മാരെയും മലങ്കര - അന്ത്യോക്യാ ബന്ധവും തങ്ങളും സന്തതിപരമ്പരകളും ഉള്ളോരു കാലത്തോളം ദൈവനിയോഗമായി കാത്തുസൂക്ഷിച്ചു പാലിക്കുമെന്ന് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തുകൊണ്ട് പുത്തൻകുരിശുസത്യത്തെ രണ്ടാം കൂനൻകുരിശു സത്യമായി പ്രഖ്യാപിക്കുന്നു."

അനേകം വൈരുധ്യങ്ങളും അബദ്ധങ്ങളും നിറഞ്ഞ ഈ സത്യപ്രതിജ്ഞ എട്ടുംപൊട്ടും അറിയാത്ത വിശ്വാസികളെക്കൊണ്ട് ചൊല്ലിച്ച യാക്കോബായ നേതൃനിര എന്നാളും ചരിത്രത്തിന്റെ കോടതിയിൽ കുറ്റക്കാരായി പിടിക്കപ്പെടും. പൗരോഹിത്യ നൽവരത്തിന്റെ ഉറവ അന്ത്യോഖ്യാ ആണു പോലും! പൗരോഹിത്യപദവി നല്കി 12 ശ്ലീഹന്മാരെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കയച്ച സഭാനാഥന്റെ പൗരോഹിത്യ ഉറവിടങ്ങൾ പന്ത്രണ്ടു ശ്ലീഹന്മാരിലും കൂടി ഒഴുകുന്നില്ല എന്നു പറഞ്ഞാൽ അതു വേദവിപരീതമല്ലേ? നാലു സിംഹാസനങ്ങളുടെയും റാണി അന്ത്യോക്യാ ആണെന്നു പറഞ്ഞാൽ 4 ലക്ഷത്തിന്റെ സഭാനായകനെ ജനകോടികളുടെ നായകനായ റോമിലെ സിംഹാസനത്തിലിരിക്കുന്ന ആൾ പുച്ഛിക്കയില്ലേ? സന്തതിപരമ്പരകളെപ്പോലും അന്ത്യോക്യൻ അടിമനുകത്തിൻകീഴിൽ നിലനിർത്തുമെന്നു പ്രഖ്യാപിച്ച അധർമ്മത്തിനു ചരിത്രം മാപ്പു നല്കുമോ?

ഇതോ കൂനൻകുരിശ്? കൂനൻകുരിശു സത്യത്തിന്റെ അന്തഃസത്ത പോലും ഉൾക്കൊള്ളാൻ കഴിയാതെപോയ സത്യപ്രതിജ്ഞയെ 'രണ്ടാം കൂനൻകുരിശ്' എന്നു പേരു വിളിച്ചത് കേവലം വൈരുദ്ധ്യം തന്നെ. കൂനൻകുരിശിൽ ആലാത്തുകെട്ടി ആയിരമായിരം നസ്രാണി സിംഹങ്ങൾ വിദേശിയെ പുറത്താക്കുന്ന സത്യപ്രതിജ്ഞയാണെടുത്തത്. ഞങ്ങളും ഞങ്ങളുടെ സന്തതിപരമ്പരകളും റോമിലെ പാപ്പായ്ക്കു അടിമകളായിരിക്കയില്ലെന്നാണ് ആ സിംഹങ്ങൾ ഗർജ്ജിച്ചത്.

ഇവിടെയോ ജംബുകന്മാർ ഓലിയിട്ടത് ഞങ്ങളും ഞങ്ങളുടെ സന്താനപരമ്പരകളും പരദേശിയായ അറബി പാത്രിയർക്കീസിന്റെ കീഴിൽ അടിമകളായിരുന്നുകൊള്ളാമെന്ന്. ഇന്ത്യാ ചരിത്രത്തിന്റെ ഏടുകളിൽ വീരനായ പോറസിനെ തോല്പിക്കാൻ ഭീരുവായ ആംദി എന്ന നാണംകെട്ട ഭാരതീയൻ യവന ചക്രവർത്തിയായ അലക്സാണ്ടറിനെ തലയിലേറ്റിയതിന് തുല്യമായിരുന്നു പുത്തൻകുരിശിൽ നടന്ന പ്രഹസനം.

അന്ത്യോക്യാ പാത്രിയർക്കീസിന്റെ അനുഗ്രഹ കല്പന സിംഹാസനപ്പള്ളികളുടെ ബന്യാമിൻ മാർ ഒസ്താത്തിയോസ് വായിച്ചശേഷം നടത്തിയ പ്രസംഗത്തിൽ "സത്യവിശ്വാസ സംരക്ഷണത്തിനു വേണ്ടി താനുൾപ്പെടെ എല്ലാവരും ചാവേറുകളായിട്ടായിരിക്കും ഇനി പ്രവർത്തിക്കുക" എന്നു പറഞ്ഞു. "ജീവൻ ബലികഴിക്കാൻ തയ്യാറുള്ള ചാവേറുകളെപ്പോലെ എല്ലാവരും അതിൽ അംഗങ്ങളാവണം" എന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഏതായാലും ഒരു ചാവേറായി മരിക്കുന്നതിനു മുമ്പു തന്നെ, ഉടയവൻ ആ പിതാവിനെ ലോകത്തിൽ നിന്നു വിളിച്ചുമാറ്റി.

പുത്തൻകുരിശിൽ നടന്ന പള്ളിപ്രതിപുരുഷയോഗം എന്ന ബദൽ മീറ്റിംഗിൽ മാർ ദീവന്നാസ്യോസ് ഇപ്രകാരം പ്രസ്താവിച്ചു. "മറുപക്ഷത്തിന്റെ ഏതെങ്കിലും പള്ളിയോ സ്ഥാപനമോ നമ്മൾക്കാവശ്യമില്ല. അതേസമയം നമ്മുടെ പള്ളികളോ സ്ഥാപനങ്ങളോ വിട്ടുകൊടുക്കുന്ന പ്രശ്നവുമില്ല. പാത്രിയർക്കീസിനു വിധേയമായാൽ മാത്രമേ പരുമലയോഗത്തിനുശേഷം രൂപംകൊള്ളുന്ന പുതിയ സഭയെ അംഗീകരിക്കുകയുള്ളൂ. പരുമല അസോസിയേഷൻ തീരുമാനങ്ങളും നടപടിക്രമങ്ങളും തുടർന്ന് സുപ്രീംകോടതിയിൽ ചോദ്യം ചെയ്യും. പള്ളി സ്വത്തുക്കൾ അംഗങ്ങളുടെ അനുപാതത്തിൽ വീതിക്കാൻ യാക്കോബായ വിഭാഗം സന്നദ്ധമാണ്." പരുമലയോഗം മുടക്കപ്പെട്ടവരുടെ കൂട്ടായ്മയാണെന്നാണ് ബന്യാമിൻ ഒസ്താത്തിയോസ് പരിഹസിച്ചത്.

മാർ ദീവന്നാസ്യോസിനെ കാതോലിക്കായായി വാഴിക്കണമെന്ന ഒരു പ്രമേയം അണികളെക്കൊണ്ട് അംഗീകരിപ്പിക്കാനും അദ്ദേഹത്തിന് അന്ന് കഴിഞ്ഞു. അതുപോലെതന്നെ ഓർത്തഡോക്സ് സഭയുടെ ഭരണഘടന ഇനിമേൽ യാക്കോബായ സഭയ്ക്കു സ്വീകാര്യമല്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചുകൊണ്ട് ഒരു "പുത്തൻകുരിശു ഭരണഘടന" അവിടെ വച്ച് അംഗീകരിപ്പിച്ചു. കാതോലിക്കാ വിഭാഗം സ്വയം പിരിഞ്ഞുപോയ പരിതസ്ഥിതിയിലാണ് ഇങ്ങനെ ഒരു പുതിയ ഭരണഘടനയ്ക്ക് രൂപം നല്കിയതെന്നും മാർ ദീവന്നാസ്യോസ് വിശദീകരിച്ചു.

പുതിയതായി പുത്തൻകുരിശ് അസോസിയേഷന്റെ പ്രഥമയോഗത്തിൽ അംഗീകരിച്ചു നിലവിൽവന്ന ഭരണഘടനയനുസരിച്ച് കാതോലിക്കാ

ആയും മലങ്കരമെത്രാപ്പോലീത്താ ട്രസ്റ്റിയുമായി മാർ ദിവന്നാസ്യോസിനെ തെരഞ്ഞെടുത്തതായുള്ള പ്രമേയവും അവിടെവച്ച് പാസ്സാക്കി എടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

അദ്ദേഹം ഒരു പുത്തൻ, 'പുത്തൻകുരിശു സഭയ്ക്ക്' രൂപം നല്കാനുള്ള തത്രപ്പാടിലായിരുന്നു. സകല കാനോനകളെയും പാരമ്പര്യങ്ങളെയും തകിടം മറിച്ചും കാറ്റിൽ പറത്തിയും വളയമില്ലാതെ അദ്ദേഹം ചാടി. "യോജിപ്പിനു തടസ്സമായത് കാതോലിക്കാ വിഭാഗമാണെന്നും പരുമല അസോസിയേഷൻ യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടികയിൽ ക്രമക്കേടുണ്ടെന്നും" ഒക്കെ അദ്ദേഹം നാടുനീളെ പ്രസംഗിച്ചു തുടങ്ങി. കാതോലിക്കാ വിഭാഗം ഭീഷണിപ്പെടുത്തുന്നുവെന്നും വിശ്വാസികൾക്കും സ്വത്തിനും സംരക്ഷണം നല്കണമെന്നും യാക്കോബായ വിഭാഗത്തിന്റെ ഇടവക സ്വത്തുക്കൾ നൂതന മാർത്തോമ്മാ സിംഹാസനവാദികൾക്ക് കൈയടക്കാനുള്ളതല്ലെന്നും അദ്ദേഹം സർക്കാറിനെ അറിയിച്ചു.

ഏപ്രിൽ മാസത്തിൽ പരുമല അസോസിയേഷനെക്കുറിച്ച് റിപ്പോർട്ട് നിരീക്ഷകനായ ജസ്റ്റിസ് മളീമഠ് സുപ്രീംകോടതിക്കു സമർപ്പിച്ചു. സഭാ കേസിനെ സംബന്ധിച്ച് നിർണ്ണായകമായ ആ റിപ്പോർട്ട് ലഭിച്ചശേഷം കേസ് കോടതി എപ്രിൽ 29-ലേക്കു മാറ്റിവച്ചു. വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെയും സുപ്രീംകോടതിയുടെ നിരീക്ഷണത്തിലും മലങ്കര മെത്രാപ്പോലീത്തായുടെ തെരഞ്ഞെടുപ്പു നടക്കുകയും സഭ മുന്നോട്ടു കുതിക്കുകയും ചെയ്യുന്നതു കണ്ടതോടെ മാർ ദീവന്നാസ്യോസ് കൂടുതൽ പ്രകോപനപരമായ പ്രസംഗങ്ങൾ കൊണ്ടും ധിക്കാരപരമായ നടപടികൾ കൊണ്ടും സഭാന്തരീക്ഷം കൂടുതൽ സംഘർഷഭരിതമാക്കാനാണ് ശ്രമിച്ചത്. പരുമല അസോസിയേഷൻ നിരീക്ഷകനായി നിയമിച്ച ജസ്റ്റീസ് മളീമഠിന് എതിരെ കോടതിയെ സമീപിക്കുമെന്ന് മാർ ദീവന്നാസ്യോസ് പ്രഖ്യാപിച്ചു. കാതോലിക്കാബാവായുടെ പത്രപ്പരസ്യം കോടതി വിധിക്കെതിരാണെന്ന് യാക്കോബായ സുന്നഹദോസ് വിലയിരുത്തി. വിശ്വാസം രക്ഷിക്കാൻ രക്തസാക്ഷിത്വത്തിനും തയ്യാറാണെന്ന് യാക്കോബായ വിഭാഗം വിളിച്ചു കൂവാൻ തുടങ്ങി.

തുടർന്ന് മനുഷ്യാവകാശ കമ്മീഷന് അവർ പരാതി സമർപ്പിച്ചു. അടച്ചുപൂട്ടിയ പള്ളികൾ തുറന്നുതരണമെന്ന് കെ.പി.സി.സി. വൈസ് പ്രസിഡന്റും പാത്രിയർക്കീസ് പക്ഷക്കാരനുമായ പി. പി. തങ്കച്ചനും യു. ഡി. എഫ്. കൺവീനർക്കും അവർ നിവേദനം സമർപ്പിച്ചു. മംഗലം ഡാം, എരിക്കിൻചിറ സെന്റ് മേരീസ് എന്നീ പള്ളികൾ സംഘർഷത്തെ തുടർന്ന് ആർ.ഡി.ഒ. ഏറ്റെടുത്തതിൽ പ്രതിഷേധിച്ച് പാലക്കാട് കളക്ട്രേറ്റിനു മുമ്പിൽ യാക്കോബായ നേതാക്കൾ ഒരു ധർണ നടത്തി. സംസ്ഥാന

വ്യാപകമായി പ്രാർത്ഥനായജ്ഞം സംഘടിപ്പിക്കുമെന്ന് മാർ ദീവന്നാസ്യോസ് പ്രഖ്യാപിച്ചു.

ഏപ്രിൽ മാസത്തിൽ നടന്ന സംഭവവികാസങ്ങളിൽ ഏറ്റം പ്രധാനപ്പെട്ടത് വളരെ സമാധാനപരമായി ഇരു കക്ഷികളും സൗഹാർദ്ദപൂർവ്വം ആരാധന നടത്തിക്കൊണ്ടിരുന്ന പിറവം പള്ളിയിൽ സംഘർഷം സൃഷ്ടിച്ചതായിരുന്നു. വികാരിയായ സ്കറിയാ വട്ടക്കാട്ടിൽ അച്ചന്റേയും സഹവികാരിയായ ഫാദർ സൈമൺ ചെത്തിക്കാട്ടിലിന്റെയും നേതൃത്വത്തിൽ ആ ഇടവക സമാധാനപരമായി ഭരിക്കപ്പെട്ടുകൊണ്ടിരിക്കെയാണ് മാർ ദീവന്നാസ്യോസിന്റെ പാദസേവകനായ ഫാ. ഏലിയാസ് കരോട്ടുമംഗലത്തിനെ ഒരു ഞായറാഴ്ച മനഃപൂർവ്വം സംഘർഷം സൃഷ്ടിക്കാനായി ദീവന്നാസ്യോസ് പിറവത്തേക്കയച്ചത്. പള്ളിയിൽ കുർബ്ബാന അർപ്പണത്തെ ചൊല്ലി തർക്കം ആയി. വികാരി തന്നെ പ്രധാന ത്രോണോസിൽ വി. കുർബ്ബാന ആരംഭിച്ചപ്പോഴേക്കും സംഘർഷം സൃഷ്ടിക്കാൻ വന്ന ഏലിയാസ് അച്ചൻ പള്ളിമദ്ധ്യേ ഒരു മേശ പിടിച്ചിട്ട് അതിൽ കുർബ്ബാനാർപ്പണം നടത്തി. അങ്ങനെ ഒരു പള്ളിയിൽ ഒരേ സമയം രണ്ട് കുർബ്ബാനകൾ നടത്തി പിറവത്തെ കലാപഭൂമിയാക്കി. ഡിവൈ.എസ്.പി. എൻ. സി. ചാക്കോയുടെ നേതൃത്വത്തിലുള്ള പോലീസ് സേനയുടെ സന്ദർഭോചിതമായ പെരുമാറ്റം നിമിത്തം, ഗുരുതരമാകാമായിരുന്ന സംഘട്ടനം ഒഴിവാക്കാൻ കഴിഞ്ഞു.

"പള്ളികളോ സ്ഥാപനങ്ങളോ കൈയേറാൻ വന്നാൽ നോക്കി നില്ക്കില്ലെന്നു" മാർ ദീവന്നാസ്യോസ് പ്രകോപന പ്രഖ്യാപനം നടത്തി. സഭാ കേസിൽ സർക്കാർ കക്ഷി ചേരുകയില്ലെന്ന സർക്കാർനയം മുഖ്യമന്ത്രി എ. കെ. ആന്റണി വ്യക്തമാക്കി. "ഒരു പള്ളി പോലും വിട്ടുകൊടുക്കില്ലെന്നു" യാക്കോബായ വിഭാഗത്തിന്റെ കൊച്ചി സോണൽ സെന്ററിൽ കൂടിയ നേതൃയോഗവും പ്രസ്താവിച്ചു.

പുത്തൻസഭ സ്ഥാപിക്കുന്നു

സഭാചരിത്രത്തിലെ ഒരു പുതിയ നാടകത്തിന് 2002 മേയ് മാസം സാക്ഷിയായി. മാർ ദീവന്നാസ്യോസ് കോതമംഗലത്തു വിളിച്ചുകൂട്ടിയ യാക്കോബായ സുന്നഹദോസ് ഒരു പുതിയ സഭ സ്ഥാപിച്ചുകൊണ്ട് ഓർത്തഡോക്സ് സഭയിൽ നിന്നു മാറിനില്ക്കാൻ തീരുമാനിച്ചു. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കരയിലെ പുരാതന അപ്പോസ്തോലിക സഭയിൽ നിന്നു വിഛേദിക്കപ്പെടുന്നതിന് ചരിത്രാവഗാഹമില്ലാത്ത ആ പാത്രിയർക്കാ ഭക്തന്മാർക്കു ഒരു വിഷമവും ഉണ്ടായില്ല. കൈവശമുള്ള പള്ളികളുടെ അധികാരം നിലനിർത്തിക്കൊണ്ട് അന്ത്യോക്യായുമായി ബന്ധം പുലർത്തുന്ന ഒരു പുതിയ സഭ സ്ഥാപിക്കാനാണ് ആ സുന്നഹദോസ്

തീരുമാനിച്ചത് – അഥവാ മാർ ദീവന്നാസ്യോസ് ആ സുന്നഹദോസിനെ ക്കൊണ്ട് തീരുമാനിപ്പിച്ചത്. കോട്ടയത്ത് സഭയുടെ പുതിയ ആസ്ഥാനം നിർമ്മിക്കാനും തീരുമാനമെടുത്തു. തങ്ങളുടെ കൈവശമുണ്ടെന്നവകാ ശപ്പെടുന്ന 420 പള്ളികളുടെ ഒരു യോഗം, പുത്തൻ സഭാരൂപീകരണ ത്തിന്റെ മുന്നോടിയായി വിളിക്കാനും തീരുമാനിച്ചു.

ഇതിനോടകം കാതോലിക്കേറ്റിന്റെ ശീതളഛായയിലേക്കു തിരിഞ്ഞ മെത്രാപ്പോലീത്തന്മാരെയും പള്ളികളെയും സംബന്ധിച്ച് ആ സുന്നഹ ദോസിൽ മാർ ദീവന്നാസ്യോസ് പ്രഖ്യാപിച്ചത് – നിലവിൽ 27 പള്ളികൾ യോഗം ചേർന്നും, 3 മെത്രാന്മാർ തലതൊട്ടപ്പനെ മറന്നും പിരിഞ്ഞു പോയി" എന്നാണ്.

സുപ്രീംകോടതിയുടെ മാനസാന്തരത്തിനുവേണ്ടി നാടുനീളെ പ്രാർത്ഥ നായജ്ഞം സംഘടിപ്പിക്കുമെന്നും മാർ ദീവന്നാസ്യോസ് പ്രഖ്യാപിച്ചു. "ഇന്ത്യൻ പ്രസിഡന്റ് പദത്തിലേക്കുള്ള സ്ഥാനാർത്ഥിയായ ഓർത്തഡോ ക്സുകാരനായ പി. സി. അലക്സാണ്ടറെ രാഷ്ട്രപതിയാക്കരു"തെന്നും പാത്രിയർക്കാ വിഭാഗം അഭ്യർത്ഥിച്ചു. കോതമംഗലം ചെറിയപള്ളിയിൽ മാർ ദീവന്നാസ്യോസ് ആരംഭിച്ച അഖണ്ഡപ്രാർത്ഥനായജ്ഞം റോമാ സഭയുടെ കോതമംഗലം ബിഷപ്പ് ജോർജ്ജ് പുന്നക്കോട്ടിലാണ് ഉദ്ഘാ ടനം ചെയ്തത്.

മംഗലം ഡാം പള്ളിയിൽ മാർ ദീവന്നാസ്യോസ് ആരംഭിച്ച അഖണ്ഡ പ്രാർത്ഥനായജ്ഞം പള്ളികൾ പൂട്ടിയിടില്ലെന്നുള്ള ഉറപ്പിൽ അവസാനി പ്പിച്ചു.

പരുമല അസോസിയേഷനെ ചോദ്യം ചെയ്തും നിരീക്ഷകനായ ജഡ്ജിക്ക് എതിരായും മാർ ദീവന്നാസ്യോസ് സമർപ്പിച്ച ഒരു പരാതി യിൽ സുപ്രീംകോടതി മേയ് 7-നു വിധി പ്രസ്താവിച്ചു. അതിൽ പരുമല അസോസിയേഷൻ കുറ്റമറ്റതായി നടന്നതാണെന്നും, അവിടെ എടുത്ത എല്ലാ തീരുമാനങ്ങളും ശരിയാണെന്നും സുപ്രീംകോടതി അർത്ഥശ ങ്കയ്ക്കു ഇടയാവാത്തവിധം പ്രസ്താവിച്ചു.

എന്നാൽ സഭാകേസ് സംബന്ധിച്ച അന്ത്യതീരുമാനത്തിന്റെ വിധി, പുതിയ ചീഫ് ജസ്റ്റീസിന്റെ സ്ഥാനാരോഹണം പ്രമാണിച്ച് അടുത്ത ജൂലൈയിലേക്കു മാറ്റിവച്ചു.

സഭയിലെ സംഘർഷഭരിതമായ സ്ഥിതിവിശേഷങ്ങളും സഭയിൽ നിന്നു വേർപെട്ടു നില്ക്കാനുള്ള മാർ ദീവന്നാസ്യോസിന്റെ തീരുമാന ങ്ങളും കോടതിയുടെ ശ്രദ്ധയിൽ പെട്ടതുകൊണ്ട് "സഭ രണ്ടായി നില്ക്കു ന്നതായിരിക്കും നന്ന്" എന്നൊരു പരാമർശം സുപ്രീംകോടതിയുടെ ഭാഗ ത്തുനിന്ന് ഉണ്ടായി.

സുപ്രീംകോടതിയുടെ വിധിയും പരാമർശനവും കേട്ട മാർ ദീവന്നാസ്യോസ് "പ്രത്യേക സഭ രൂപവൽക്കരിച്ച നിലയ്ക്ക് ഇനി ഒരു റിവ്യൂ ഹർജി നല്കാൻ ഉദ്ദേശിക്കുന്നില്ലെന്ന്" പരസ്യമായി പ്രഖ്യാപിച്ചു. എങ്കിലും സുപ്രീംകോടതിയുടെ മാനസാന്തരത്തിനുവേണ്ടി തന്റെ പ്രാർത്ഥന തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു സാമന്ത ബദൽ കാതോലിക്കാ

അങ്കമാലിയുടെ മാർ ദീവന്നാസ്യോസ് ഗൾഫ് രാജ്യങ്ങളിലും അമേരിക്കയിലും പര്യടനം നടത്തിയശേഷം പിരിച്ചെടുത്ത വൻ തുകയുമായി സിറിയായിലെ ദമാസ്ക്കസിൽ എത്തി സിറിയൻ പാത്രിയർക്കീസ് സാഖാ പ്രഥമൻ ബാവായെ കണ്ടു. "ഒരു തീവ്രവാദിയെ സഭാദ്ധ്യക്ഷ പദവിയിൽ വാഴിക്കുകയില്ല" എന്ന് മുമ്പു പറഞ്ഞ പാത്രിയർക്കീസ് ഇത്തവണ അതിനു വഴങ്ങി മാർ ദീവന്നാസ്യോസിനെ 'ബസ്സേലിയോസ് തോമസ് പ്രഥമൻ' എന്ന പേരിൽ തന്റെ കീഴിൽ ഒരു സാമന്ത മഫ്രിയാനയായി വാഴിച്ചു. കാതോലിക്കാ ആക്കുന്നില്ലെങ്കിൽ മരണം വരെ നിരാഹാര സത്യഗ്രഹം നടത്തുമെന്ന് പറഞ്ഞ് മാർ ദീവന്നാസ്യോസ് ദമാസ്ക്കസിലെ അരമനയിൽ ഒരു മുറിയിൽ കുത്തിയിരുപ്പ് തുടങ്ങിയെന്നും ആ സമ്മർദ്ദതന്ത്രത്തിൽ പാത്രിയർക്കീസ് വീഴാൻ നിർബന്ധിതനായതാണെന്നും അക്കാലത്തു നാട്ടിൽ വാർത്ത പരന്നതിന്റെ സത്യാവസ്ഥ ദൈവത്തിനു മാത്രമറിയാം. ഒരു പക്ഷേ, ആ വാർത്ത അദ്ദേഹത്തിന്റെ ശത്രുക്കൾ പരത്തിയ കിംവദന്തിയാവാം. എന്നാൽ മാർ ദീവന്നാസ്യോസിന്റെ സ്വഭാവം അറിയാവുന്നവർക്ക് ഈ വാർത്ത അസ്വാഭാവികമാണെന്നു തോന്നുകയുമില്ല. അങ്ങനെ ഒരാൾ സാമന്ത കാതോലിക്കാ ആയി എന്നു തന്നെ കരുതിയാൽ ദൈവം അദ്ദേഹത്തോടു ക്ഷമിക്കട്ടെ എന്നേ പറയാനാവൂ. എന്നാൽ പാത്രിയർക്കീസിന്റേതായി പുറത്തുവന്ന ഒരു പ്രസ്താവന മേല്പറഞ്ഞ കിംവദന്തികൾക്കു ഒരു മറുപടിയാവാം. പാത്രിയർക്കീസിന്റെ പ്രസംഗത്തിന്റെ നിജസ്ഥിതി അറിഞ്ഞുകൂടാ. പത്രദ്വാരാ അറിഞ്ഞതു മാത്രമാണിത്. പ. ബാവാ തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞുവത്രെ.

"മറുപക്ഷം അന്ത്യോഖ്യായിലേക്കു വരുമെന്ന് നാം പ്രതീക്ഷിച്ചു. കഴിഞ്ഞ ബാവായുടെ കാലശേഷം 6 വർഷക്കാലം നാം കാത്തിരുന്നു. എന്നാൽ അവർ സഹകരിച്ചില്ല. എനിക്കിപ്പോൾ ഇന്ത്യയിലെ സഭയുടെ കാര്യം നോക്കുകയല്ലാതെ വേറെ വഴിയില്ല. എന്തു വില കൊടുത്തും നാം അതു നിർവ്വഹിക്കും."

ഇങ്ങനെ ബാവാ പ്രസംഗിച്ചു എന്നത് സത്യമാണെങ്കിൽ മറ്റു കിംവദന്തികൾക്കു പ്രസക്തി നഷ്ടപ്പെടുന്നു. അപഖ്യാതി എന്നു തള്ളിക്കളയാം.

"മരണം വരെ താൻ അന്ത്യോഖ്യായോടൊപ്പം നില്ക്കും" എന്ന് സാമന്ത കാതോലിക്കാ മറുപടിയും പറഞ്ഞു.

അദ്ദേഹത്തെ കുപ്പയിൽനിന്നും സിംഹാസനത്തിലേക്കുയർത്തി. ഒരു കാലത്ത് മാടക്കടക്കാരനും അഞ്ചലോട്ടക്കാരനുമായി, ജീവിതം ആരംഭിച്ച ആ നാലാം ക്ലാസുകാരൻ തോമസ്, പൗലോസ് മാർ പീലക്സിനോസിന്റെ ആശ്രിതജീവിതത്തിൽ നിന്നു ശെമ്മാശനായും, അച്ചനായും ഉയർന്ന് കോലഞ്ചേരി മെഡിക്കൽകോളജ് ആശുപത്രിയുടെ സ്ഥാപനത്തോടെ അവിടെ ഓർഗനൈസിംഗ് സെക്രട്ടറി, ചാപ്ലെയിൻ എന്നീ നിലകളിലായി വളർന്നു. അവിടെ വച്ച് കരിപുരണ്ട കുപ്പായവുമായി വട്ടക്കുന്നേൽ മാത്യൂസ് അത്താനാസ്യോസിന്റെ കരുണയിൽ കൽക്കട്ടാ ഓർത്തഡോക്സ് ഇടവകയിൽ എത്തി. പിന്നീട് പൗലോസ് മാർ പീലക്സിനോസിന്റെ വിഘടന സമയത്ത് തീവ്രവാദത്തിന്റെ വക്താവായി രൂപംപൂണ്ട് മെത്രാപ്പോലീത്തായും ഒക്കെ ആയിത്തീർന്ന ആൾ ഇന്ന് പാത്രിയർക്കീസിന്റെ കീഴിലുള്ള സാമന്തൻ ആയിട്ടാണെങ്കിലും 'കാതോലിക്കാ' വേഷധാരിയും നാമധാരിയുമായിത്തീർന്നത് സഭാചരിത്രത്തിലെ ഒരു പ്രഹസനമായിപ്പോയി എന്നും മറ്റു സഭകളുടെ മുമ്പിൽ പുച്ഛത്തിനു കാരണമായിത്തീർന്നുവെന്നും ചരിത്രകാരന്മാർ വിലയിരുത്തി എങ്കിലും അദ്ദേഹത്തെ സംബന്ധിച്ച് വലിയ ഒരു നേട്ടം തന്നെ ആയിരുന്നു.

അനധികൃതമായും കാനോൻ വിരുദ്ധമായും പാരമ്പര്യങ്ങൾ ലംഘിച്ചുമുള്ള പട്ടംകൊടകൾക്കും, സഭാസ്ഥാപനങ്ങൾക്കും കേരളത്തിൽ ആരംഭം കുറിച്ച ആൾ എന്ന് ചരിത്രത്തിൽ അദ്ദേഹം സ്ഥാനം പിടിച്ചു. ഈവിധ അനധികൃത സഭാസ്ഥാപനങ്ങൾ കേരളസഭയിൽ പുത്തരിയല്ലാതായിത്തീർന്നു. തിരുവല്ലായിൽ ഒരു ബിലീവേഴ്സ് ചർച്ച് സൃഷ്ടിക്കപ്പെട്ട് ഉപദേശിയായിരുന്ന ഒരാൾ ശെമ്മാശനും അച്ചനും ആകാതെ തന്നെ നേരിട്ടു ബിഷപ്പായതും, അദ്ദേഹം ഒറ്റയടിക്ക് ആറു ബിഷപ്പന്മാരെ ഒരുമിച്ചു സൃഷ്ടിച്ചതും ഒക്കെ കേരളത്തിൽ നടന്ന സഭാനാടകങ്ങളാണ്. "പണത്തിനു മീതെ പരുന്തും പറക്കില്ല." പക്ഷേ സഭാസ്ഥാപകനും രക്ഷിതാവുമായ യേശുക്രിസ്തുവും സകലത്തേയും പൂർണ്ണമാക്കുന്ന പരിശുദ്ധ റൂഹായും ഇതിൽ എത്രമാത്രം സഹകരിക്കും എന്നതിലേ തർക്കമുള്ളൂ.

അങ്ങനെ മലങ്കരസഭയുടെ തല താലത്തിൽ അറുത്തുവച്ച് അന്ത്യോക്യാ പാത്രിയർക്കീസിന്റെ തൃച്ചേവടികളിൽ 2002 ജൂലൈ മാസം 26-നു ഇരട്ടമാല ധരിച്ച് ഒരു സാമന്തൻ 27-നു തന്നെ വേഷപ്രകടനത്തിനായി നെടുമ്പാശ്ശേരിയിൽ വിമാനമിറങ്ങി. പ. അന്ത്യോക്യാ സിംഹാസനത്തിനു കീഴിൽ, ഹിസ് ഹോളിനസ്സ് എന്ന് വയ്ക്കാൻ അധികാരമില്ലാത്ത ഒരു സാമന്തനാണ് എഴുന്നെള്ളുന്നതെന്ന് വിവരദോഷികളായ ഇവിടുത്തെ

അന്ത്യോക്യൻ പ്രേമികൾ മനസ്സിലാക്കിയതുമില്ല. പേരിനു പൗരസ്ത്യ കാതോലിക്കായുടെ വേഷവിധാനങ്ങൾ, പേരിൽ ബസ്സേലിയോസ്, ടൈറ്റിൽ കാതോലിക്കാ – പിന്നെന്തു വേണം? "മുതലാളി എന്ന പേരും ഉള്ളിയും ജീരകവും കച്ചവടവും."

നെടുമ്പാശ്ശേരിയിലെ വമ്പിച്ച സ്വീകരണവും, വരവേല്പോടെ കോട്ടയം വരെയുള്ള ജൈത്രയാത്രയും തിരുനക്കര മൈതാനത്തെ പൗരസ്വീകരണവും എല്ലാം യഥാർത്ഥ പൗരസ്ത്യ കാതോലിക്കായുടെ മൂക്കിനു കീഴിൽ തന്നെ നടത്തുന്നത് സ്വപ്നം കണ്ടുകൊണ്ടും സ്വീകരണ സൽക്കാരങ്ങളുടെ പഞ്ചാരപ്പായസം നുണഞ്ഞും അദ്ദേഹം വിമാനത്തിൽ ഏതാനും മണിക്കൂറുകൾ അസ്വസ്ഥനായി കഴിഞ്ഞുകൂടി. വിമാനത്താവളത്തിൽ നിന്നും കാലടി, പെരുമ്പാവൂർ, കോതമംഗലം, മുവാറ്റുപുഴ, മലേക്കുരിശു വഴി ജയ് വിളികളുടെ മദ്ധ്യേ ഹംസരഥത്തിൽ സ്വപ്നത്തിലൂടെ എഴുന്നെള്ളുകയായിരുന്നു അപ്പോൾ പിതാവ്. കടൽ താണ്ടി വിമാനം കേരളത്തിൽ പ്രവേശിച്ചതൊന്നും അദ്ദേഹം അറിഞ്ഞതേയില്ല. "ഏതാനും നിമിഷങ്ങൾക്കുള്ളിൽ നെടുമ്പാശ്ശേരിയിൽ ഇറങ്ങു"മെന്നുള്ള അറിയിപ്പാണ് ദിവാസ്വപ്നത്തിൽ നിന്ന് അദ്ദേഹത്തെ തട്ടി ഉണർത്തിയത്.

"ദൈവത്തിൻ മനമാരു കണ്ടു, പിഴുതാൻ ദന്തീന്ദ്രനപത്മനിയും" എന്നു കവി വർണ്ണിച്ചതുപോലെയായി നെടുമ്പാശ്ശേരിയിലെ സ്വീകരണം. അവിടെ നടന്ന കൂട്ടത്തല്ലിലും പോലീസ് ലാത്തിച്ചാർജ്ജിലും വരവേല്പ് ചീറ്റിപ്പോയി. പത്രക്കാർ എന്ന വ്യാജേന ഉള്ളിൽ കടക്കാൻ ശ്രമിച്ച 'പള്ളിപ്പട'യേയും നുഴഞ്ഞുകയറ്റക്കാരേയും എയർപോർട്ട് പോലീസ് തടഞ്ഞതിനെ തുടർന്നു നടന്ന ലാത്തിച്ചാർജ്ജിൽ വൈദികരടക്കം അനേകം പേർക്ക് ലാത്തിയടി ഏറ്റതിനെ തുടർന്ന് ജനം ചിതറി ഓടി. രക്തപ്പുഴയുടെ മദ്ധ്യത്തിലാണ് വന്ദ്യപിതാവു വന്നിറങ്ങിയത്. കഴുത്തിൽ വീഴുന്ന മാലകൾ സ്വപ്നം കണ്ട പിതാവിന് ലാത്തിയടിയേറ്റു ചിതറി ഓടുന്ന വൈദികരേയും വിശ്വാസികളേയുമാണ് കാണാൻ കഴിഞ്ഞത്.

ഇനി കോട്ടയത്തിനുള്ള ജൈത്രയാത്രയും തിരുനക്കര മീറ്റിംഗും എങ്കിലുമായിരുന്നു അടുത്ത സ്വപ്നം – അതും പ്രതികാരത്തിന്റെ ദൈവം ചീറ്റിച്ചു കളഞ്ഞു. ഇന്ത്യൻ വൈസ്പ്രസിഡന്റിന്റെ യാദൃച്ഛിക മരണവും അന്നേ ദിവസം കുമരകത്തുണ്ടായ ബോട്ടപകടവും നാടിനെ നടുക്കിയതിനാൽ കോട്ടയം കറുത്ത കൊടികളാൽ മൂടപ്പെടുകയും അന്ന് നടത്താനിരുന്ന എല്ലാ കോട്ടയം പരിപാടികളും റദ്ദാക്കുകയും ചെയ്തതായി മുനിസിപ്പൽ അധികൃതർ അറിയിക്കുകയും ചെയ്തു.

അങ്ങനെ ബദൽ കാതോലിക്കായുടെ ആദ്യദിവസം നല്ല തുടക്കം

കുറിച്ചു. ഉപ്പു തിന്നുന്നവൻ വെള്ളം കുടിച്ചേ തീരൂ. അതേ സമയം ബദൽ കാതോലിക്കായെ വാഴിച്ച പാത്രിയർക്കീസിന്റെ നടപടിയിൽ ഉത്ക്കണ്ഠയും പ്രതിഷേധവും മലങ്കരസഭാ മാനേജിംഗ് കമ്മറ്റി പ്രകടിപ്പിച്ചു. സഭാകേസിൽ കോടതിവിധി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഓർത്ത ഡോക്സ് വിശ്വാസികളുടെ ഒരു പ്രാർത്ഥനായജ്ഞം കോട്ടയം ഏലിയാ കത്തീഡ്രലിൽ പ. ബാവാതിരുമേനി ഉദ്ഘാടനം ചെയ്തു. തുടർന്ന് ബദൽ കാതോലിക്കായുടെ അനധികൃത കൈയേറ്റങ്ങളെ തടയുന്നതിനും ചെറുക്കുന്നതിനും ഒരു ഏഴിന പരിപാടിക്ക് സഭാ മാനേജിംഗ് കമ്മറ്റിയുടെ ഒരു അടിയന്തിരയോഗം രൂപംനൽകി. സിറിയൻ പാത്രിയർക്കീസിന്റെ നടപടിയെ "നീതിപീഠത്തെ കരിതേക്കുന്ന നടപടി" എന്ന് പ. ബാവാ കോലഞ്ചേരിയിൽ വിശേഷിപ്പിച്ചു. "പിരിഞ്ഞുപോകുന്നതിനു മുമ്പ് മലങ്കരസഭയുടെ പള്ളികളുടെ താക്കോൽ ഏല്പിച്ചിട്ടു പിരിയുന്നതാണുചിതം" എന്നും ബാവാ കൂട്ടിച്ചേർത്തു. കൂടാതെ ഓർത്തഡോക്സ് സുന്നഹദോസ് അംഗങ്ങൾ മുഖ്യമന്ത്രിയെ കണ്ട് ബദൽ കാതോലിക്കായുടെ അനധികൃതമായ പള്ളികൈയേറ്റങ്ങൾ തടയണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

അതേസമയം പൊതുജനങ്ങളുടെ മദ്ധ്യേ തീവ്രവാദിയായ കാതോലിക്കാ, പരിശുദ്ധന്റെ പരിവേഷമണിയാൻ വിഫലശ്രമങ്ങൾ തുടങ്ങി. "വേശ്യയുടെ വേദമോതൽ" കണക്കെ ജൂലൈ 29-ന് മഞ്ഞിനിക്കര സന്ദർശിച്ച ബദൽ ബാവാ, സമാധാനത്തിനുള്ള ആഹ്വാനം മുഴക്കി പ്രസംഗിച്ചു. ആരു കേട്ടാലും അദ്ദേഹം സമാധാനപ്രിയൻ. പോരാ, ജൂലൈ 30-ന് കോതമംഗലത്തു നടത്തിയ സുന്ത്രോണീസോ സമയത്ത് "വിശ്വാസികളെ ഇനി കലാപത്തിനു പ്രേരിപ്പിക്കയില്ല" എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. കാലം ഏറെ ചെല്ലുന്നതിനു മുമ്പുതന്നെ ആ സമാധാനപ്രേമി തന്റെ പ്രഖ്യാപനം പാടെ മറക്കുകയും രക്തപ്പുഴ ഒഴുക്കുന്നതിന് അണികൾക്ക് ആഹ്വാനം നല്കുകയും ചെയ്തു. "തല ഇല്ലാതെ മുന്നോട്ടു പോകാൻ വയ്യാത്തതുകൊണ്ടാണ് ഓർത്തഡോക്സ് പക്ഷം പാത്രിയർക്കീസിനെ തള്ളാഞ്ഞതെന്നും ഒന്നാം തുബ്ദേനിൽ അദ്ദേഹത്തെ സ്മരിക്കുന്നതെന്നും" വേറൊരു തീവ്രവാദിയായ ബന്യാമിൻ ഒസ്താത്തിയോസ് മഞ്ഞിനിക്കരയിൽ പ്രസ്താവിച്ചു.

പ. കാതോലിക്കാബാവാ കോലഞ്ചേരിൽ മീറ്റിംഗ് നടത്തിക്കൊണ്ടിരുന്ന ഹാളിന്റെ മുന്നിലൂടെത്തന്നെ ബദൽ കാതോലിക്കായെ ശബ്ദമുഖരിതമായ ആർപ്പുകളോടുകൂടി എഴുന്നെള്ളിച്ചുകൊണ്ടു പോയത് മനപ്പൂർവ്വം സംഘർഷം സൃഷ്ടിക്കുന്നതിനായിരുന്നു. അതു പോലീസിന്റെ വിലക്കിനെ അവഗണിച്ചുകൊണ്ടു തന്നെയായിരുന്നു. ആ എഴുന്നെള്ളത്തിനെ നിരുത്സാഹപ്പെടുത്താൻ സമാധാനപ്രേമിയായ ബദൽ ബാവാ

ശ്രമിച്ചില്ലെന്നു മാത്രമല്ല, കൂടുതൽ സംഘർഷം സൃഷ്ടിക്കുന്നതിനായി പൗരസ്ത്യ കാതോലിക്കാ നടത്തിക്കൊണ്ടിരുന്ന മീറ്റിംഗിന്റെ മദ്ധ്യത്തിലേക്ക് തുരുതുരാ കല്ലുകൾ വലിച്ചെറിയുന്നതിനെ ബദൽ ബാവാ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജൂലൈ 9-ന് സമാധാനത്തിന് ആഹ്വാനം മുഴക്കുകയും 31-ന് വിശ്വാസികളെ കലാപത്തിനു പ്രേരിപ്പിക്കയില്ലെന്ന് കോതമംഗലത്തു പ്രസ്താവിക്കുകയും ചെയ്ത പിതാവാണ് ഒരു ദിവസം കഴിഞ്ഞ് തന്റെ പിതാവും വയോവൃദ്ധനുമായ പൗരസ്ത്യ കാതോലിക്കാ മാത്യൂസ് ദ്വിതീയൻ ബാവായ്ക്കു നേരെ കല്ലേറു നടത്തുവാൻ പ്രേരണ നല്കിയത്. കോലഞ്ചേരി ടൗൺ കലാപഭൂമിയായി മാറി.

തീർന്നില്ല, തിരുവല്ലായിൽ ബദൽ കാതോലിക്കായ്ക്കു നല്കിയ സ്വീകരണവേളയിൽ പാലിയേക്കര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ പാത്രിയർക്കാ പതാക നാട്ടാനുള്ള ശ്രമം വിഫലമായതിനെ തുടർന്ന് പള്ളിയുടെ കുരിശിൻതൊട്ടി തകർത്ത ബദൽ കാതോലിക്കായുടെ അണികൾ എം.ജി.എം. സ്കൂൾ, മനോരമ ബ്യൂറോ എന്നിവയ്ക്കു നേരെയും വിപുലമായ തോതിൽ കല്ലേറു നടത്തി വൻ നാശനഷ്ടങ്ങൾക്കിടവരുത്തി.

13

മാർ മക്കാറിയോസിനെ ബാവാ വീണ്ടും വിളിക്കുന്നു

സഭാന്തരീക്ഷം കാർമേഘാവൃതമാകുകയും ആവശ്യത്തിലധികം തല വേദന സൃഷ്ടിക്കുകയും ചെയ്യാവുന്ന ഒരു മാനേജിംഗ് കമ്മറ്റി ആസന്ന മാവുകയും ചെയ്ത സാഹചര്യത്തിൽ പ. ബാവായുടെ അടിയന്തിര സന്ദേശം ലഭിച്ചതിനെ തുടർന്ന് മാർ മക്കാറിയോസ് അമേരിക്കയിൽ നിന്നു പറന്നെത്തി.

തുടർന്ന് എറണാകുളം അഡീഷണൽ ഡിസ്ട്രിക്റ്റ് കോടതിയിൽ നിന്നും അനധികൃതമായി സഭയുടെ പള്ളികളിൽ കയറുന്നതിന് വിലക്കു കല്പിച്ച് ഉത്തരവുണ്ടായി. തുടർന്നു നടന്ന മാനേജിംഗ് കമ്മറ്റി ഓഗസ്റ്റ് 9-10 എന്നീ രണ്ടു ദിവസങ്ങളിലാണ് സമ്മേളിച്ചത്.

പ്രധാനമായി നാലു കാര്യങ്ങളാണ് ആ മാനേജിംഗ് കമ്മറ്റിയിൽ തീരുമാനമായത്.

(1) സഭാസെക്രട്ടറിയായി, സ്ഥാനാർത്ഥിയായ ടൈറ്റസ് വർക്കിയെക്കാൾ കൂടുതൽ വോട്ടു ലഭിച്ച മുൻ കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. അലക്സാണ്ടർ കാരയ്ക്കലിനെ സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

(2) ബദൽ കാതോലിക്കാ ആയി രംഗപ്രവേശം ചെയ്തിരിക്കുന്ന മാർ ദീവന്നാസ്യോസ് അടക്കം 10 യാക്കോബായ മേല്പട്ടക്കാരെ മലങ്കരസഭ അംഗീകാരം നല്കാതെ സഭയിൽ നിന്നു പുറത്താക്കുവാൻ തീരുമാനിച്ചു. അവർ മലങ്കര ഓർത്തഡോക്സ് സഭയെ പ്രതിനിധാനം ചെയ്യുന്നവരല്ല എന്ന് മാനേജിംഗ് കമ്മറ്റി പ്രഖ്യാപിക്കുകയും ചെയ്തു.

(3) സഭയെ 25 ഭദ്രാസനങ്ങളായി തിരിച്ച് കാതോലിക്കേറ്റിൽ പുതുതായി ചേർത്ത 4 മുൻ യാക്കോബായ മെത്രാന്മാർക്കു ഭദ്രാസനങ്ങൾ അനുവദിക്കുകയും ചെയ്യുന്ന സുപ്രധാന തീരുമാനം കൈക്കൊണ്ടു.

(4) ഭദ്രാസനങ്ങളുടെ പുനർ വിഭജനത്തിനായി സുന്നഹദോസ് സെക്രട്ടറി മാർ അത്താനാസ്യോസിന്റെ നേതൃത്വത്തിൽ ഒരു പന്ത്രണ്ടംഗ കമ്മറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

മാർ മക്കാറിയോസും മാവേലിക്കര ഭദ്രാസനത്തിന്റെ ജനനവും

വളരെ ഭംഗിയായി നടത്തപ്പെട്ട മാനേജിംഗ് കമ്മറ്റിയുടെ അവസാനത്തിൽ അല്പം കല്ലുകടി ഉണ്ടായി. പുതുതായി കാതോലിക്കേറ്റിലേക്കു വന്ന 4 മെത്രാപ്പോലീത്തന്മാർക്കു ഭദ്രാസനം നല്കുന്നതിലാണ് അഭിപ്രായ ഭിന്നത മുളപൊട്ടിയത്. മുൻ പാത്രിയർക്കാ മെത്രാന്മാർക്ക് കണ്ട നാട്, അങ്കമാലി ഭദ്രാസനങ്ങൾ മുഴുവനായി വിട്ടുകൊടുക്കണമെന്നുള്ള നിർദ്ദേശത്തെ ഓർത്തഡോക്സ് വിഭാഗത്തിലെ മാർ സേവേറിയോസ്, മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ സ്വീകരിച്ചില്ല. തങ്ങൾക്കു ലഭിച്ചിരിക്കുന്ന കണ്ടനാട്, അങ്കമാലി ഭദ്രാസനങ്ങൾ വിട്ടുകൊടുക്കുന്നതിൽ വിസമ്മതിക്കയും ബാവാ തിരുമേനിയുടെ അപേക്ഷ പോലും തള്ളിക്കളഞ്ഞ് ആ നീക്കത്തെ അവർ നഖശിഖാന്തം എതിർക്കുകയും ചെയ്തു. അതോടുകൂടി അവഗണിക്കപ്പെടുന്നുവെന്നു തോന്നിയ പുതിയ നാലു മെത്രാപ്പോലീത്തന്മാർ പ്രതിഷേധിച്ച് "തങ്ങൾക്കു ഭദ്രാസനം വേണ്ട" എന്നു പറഞ്ഞ് മീറ്റിംഗ് വിട്ട് ഇറങ്ങിപ്പോവുകയും ചെയ്തു. ഉണ്ടായിരുന്ന സഭ വിട്ടിറങ്ങി കാതോലിക്കേറ്റിൽ വന്ന അവർക്ക് "ഇല്ലത്തു നിന്നിറങ്ങുകയും അമ്മാത്ത് എത്തുകയും ചെയ്യാത്ത" 'ത്രിശങ്കു സ്വർഗ്ഗത്തി'ന്റെ അനുഭവമാണ് ഉണ്ടായത്. അവരുടെ ഇറങ്ങിപ്പോക്കോടെ മാനേജിംഗ് കമ്മറ്റി സ്തംഭിച്ചു. നിശ്ചലമായിത്തീർന്ന മാനേജിംഗ് കമ്മറ്റി തുടർന്നു നടത്താനാവാതെ പ. ബാവാ, മാർ മക്കാറിയോസിന്റെ കണ്ണുകളിലേക്കു നോക്കി. എന്നും നിശ്ചലാവസ്ഥയിൽ മാസ്മരശക്തിയോടെ ചലിക്കുന്ന മാർ മക്കാറിയോസിന്റെ കണ്ണുകളിലേക്ക് ജനങ്ങളും ഉറ്റുനോക്കി. ഇനി അദ്ദേഹത്തിന്റെ മാന്ത്രികദണ്ഡ് ചലിക്കാതെ പോംവഴിയില്ല. അവസാനം പരിശുദ്ധ ബാവായുടേയും മാനേജിംഗ് കമ്മറ്റിയുടേയും അപേക്ഷപ്രകാരം, പിണങ്ങിപ്പോയ നാലു പുതിയ മെത്രാപ്പോലീത്തന്മാരുമായി ഒരു അനുരഞ്ജന സംഭാഷണത്തിന് മാർ മക്കാറിയോസിനെ ഭരമേല്പിച്ചുകൊണ്ടാണ് ആദ്യ ദിവസത്തെ മാനേജിംഗ് കമ്മറ്റി പിരിഞ്ഞത്. വിട്ടുപോയവരെ പിറ്റേദിവസത്തെ മീറ്റിംഗിൽ കൂട്ടിച്ചേർത്തു വരുന്ന മക്കാറിയോസിൽ അവർക്ക് ശുഭാപ്തി വിശ്വാസമുണ്ടായിരുന്നു.

മുൻ യാക്കോബായ മെത്രാപ്പോലീത്തന്മാരെയും, കടുംപിടുത്തത്തിൽ നിന്ന ഓർത്തഡോക്സ് മെത്രാപ്പോലീത്തന്മാരെയും കണ്ടുപിടിച്ച് കോട്ടയത്ത് ഒരേ മുറിയിൽ എത്തിക്കുന്നതിനു തന്നെ മണിക്കൂറുകൾ വേണ്ടിവന്നു. രാവേറെ ചെല്ലുവോളം വാദങ്ങളും പ്രതിവാദങ്ങളും കൊണ്ടു മുഖരിതമായ മുറിയിൽ ശാന്തത കൈവന്നത് പാതിരാവിന്റെ രണ്ടാം പാദത്തിൽ മാത്രമായിരുന്നു. ഇരുവിഭാഗത്തിന്റെയും വാദങ്ങളിൽ സത്യം ഇല്ലാതില്ല. പക്ഷേ, ക്രിസ്തീയജീവിതത്തിൽ വിട്ടുവീഴ്ചകൾക്കും അനുരഞ്ജനത്തിനും സ്ഥാനം ഉണ്ട്. ത്യജിക്കുവാനും സഹോദരനെ ഉൾക്കൊള്ളു

വാനും കഴിയണം. എല്ലാ വാദങ്ങളും കേട്ട ശേഷം മാർ മക്കാറിയോസ് സമർപ്പിച്ച ഫോർമുല 6 പേരും സമ്മതിച്ച് സൗഹാർദ്ദപൂർവ്വമാണ് രാത്രി മുറിവിട്ടിറങ്ങിയത്.

പിറ്റേന്നു കൂടിയ മാനേജിംഗ് കമ്മറ്റിയിൽ പുഞ്ചിരിക്കുന്ന മുഖങ്ങളു മായിട്ടാണ് മാർ മക്കാറിയോസിനോടൊപ്പം ആറു മെത്രാന്മാരും ആഗത രായത്. രാത്രിയിൽ നടന്ന അനുരഞ്ജന തീരുമാനം മക്കാറിയോസ് തന്നെ വായിച്ചു കേൾപ്പിക്കുകയും മാനേജിംഗ് കമ്മറ്റി ഈ തീരുമാനത്തെ അംഗീകരിച്ച് പ്രശ്നം പരിഹരിക്കുകയും ചെയ്തു.

തീരുമാനങ്ങൾ

1. അങ്കമാലി, കണ്ടനാട് എന്നീ ഭദ്രാസനങ്ങളെ കിഴക്ക്, പടിഞ്ഞാറ് എന്നീ പേരുകളിൽ രണ്ടായി വിഭജിക്കയും അങ്കമാലി വെസ്റ്റ് മാർ പക്കോ മിയോസിനും, ഈസ്റ്റ് ഏബ്രഹാം മാർ സേവേറിയോസിനും നൽകാനും കണ്ടനാട് വെസ്റ്റ് മാത്യൂസ് മാർ സേവേറിയോസിനും ഈസ്റ്റ് ഡോ. തോമസ് മാർ അത്താനാസ്യോസിന് അദ്ദേഹം മുമ്പു ഭരിച്ചിരുന്ന പള്ളി കളോടൊപ്പം നല്കാനും തീരുമാനമായി.

2. കൊല്ലം, നിരണം ഭദ്രാസനങ്ങളിൽ നിന്നും ഏതാനും പള്ളികൾ എടുത്ത് 'മാവേലിക്കര ഭദ്രാസനം' എന്ന ഒരു പുതിയ ഭദ്രാസനം രൂപ വൽക്കരിച്ച് അങ്കമാലി വെസ്റ്റിനോടു ചേർന്ന് മാർ പക്കോമിയോസിനു പൂർണ്ണമായി നല്കാനും ഇടുക്കി ഭദ്രാസനം മുഴുവനായും അങ്കമാലി യുടെ കിഴക്കൻ മേഖലയും ഏബ്രഹാം മാർ സേവേറിയോസിന് നൽകാനും തീരുമാനമായി (പക്ഷേ, ഏബ്രഹാം മാർ സേവേറിയോസിന് അങ്കമാലി ഭദ്രാസനാസ്ഥാനമായ തൃക്കുന്നത്തു സെമിനാരിയിലായിരുന്നു കണ്ണ് എന്ന് പിന്നീടു തെളിയിക്കപ്പെട്ടു). പുതിയ മാവേലിക്കര ഭദ്രാസന ത്തിൽ 42 പള്ളികളും 10 ചാപ്പലുകളും ഉൾപ്പെടുത്തിയിരുന്നു.

3. തൃശൂർ ഭദ്രാസനം മുഴുവനും യൂഹാനോൻ മാർ മിലിത്തിയോ സിനു നൽകി. മാർ നിക്കോളവോസ് അമേരിക്കയുടെ സഹായ മെത്രാ പ്പോലീത്താ സ്ഥാനത്തു തുടരുവാനും തീരുമാനമായി.

ഈ തീരുമാനങ്ങൾ "ഭദ്രാസന പുനർവിഭജനം" നടക്കുന്നതു വരെ യുള്ള താല്ക്കാലിക സംവിധാനമാണെന്നും വ്യക്തമാക്കിയിരുന്നു. മാർ മക്കാറിയോസിന്റെ ഈ അനുരഞ്ജന തീരുമാനങ്ങൾ ഹർഷാരവങ്ങ ളോടെയാണ് മാനേജിംഗ് കമ്മറ്റി അംഗീകരിച്ചത്.

14

ഫാദർ ജോസഫ് വെണ്ടറപ്പള്ളിയുടെ വിയോഗവും സംഘർഷവും

ആഗസ്റ്റ് 24-നു, വടക്കൻ പ്രദേശത്തെ കാതോലിക്കേറ്റിന്റെ മുന്നണി പോരാളിയായിരുന്ന വടവുകോട് ഫാദർ ജോസഫ് വെണ്ടറപ്പള്ളി അന്ത രിച്ചു. ആ ധീരനേതാവിന്റെ ശവസംസ്ക്കാരം സ്വന്തം ഇടവകപ്പള്ളിയായ വടവുകോടു പള്ളിയിൽ നടത്തുന്നതിനെ സംബന്ധിച്ച് പാത്രിയർക്കീസ് പക്ഷം മനഃപൂർവ്വം ഒരു സംഘർഷാവസ്ഥ സൃഷ്ടിച്ചു. പള്ളിയുടെ സമീ പത്തുള്ള ഒരു വീട്ടിൽ വന്നിരുന്നുകൊണ്ട് സംഘർഷത്തിനു ചുക്കാൻ പിടിച്ചത് സാമന്ത ബദൽ ബാവാ തന്നെ ആയിരുന്നു. ബഹുമാനപ്പെട്ട വെണ്ടറപ്പള്ളി അച്ചന്റെ ആ പള്ളിയിലുള്ള അവകാശങ്ങളെപ്പറ്റി ബോദ്ധ്യ പ്പെട്ട പോലീസ് ഓഫീസറന്മാർ അച്ചനെ ആ പള്ളിയിൽതന്നെ അടക്കു ന്നതിനുള്ള സമ്മതം നല്കിയതിനെ തുടർന്ന് ഇളിഭ്യനായി ബദൽ ബാവായ്ക്കു മടങ്ങിപ്പോകേണ്ടി വന്നു.

യാക്കോബായ പക്ഷത്തെ കൊച്ചി ഭദ്രാസനപ്പൊതുയോഗം ക്യംതാ പള്ളിയിൽ കൂടി പള്ളി പൂട്ടേണ്ടിവന്നാൽ തങ്ങൾ ഒന്നടങ്കം ഓർത്ത ഡോക്സ് പക്ഷത്തേക്ക് മാറുമെന്ന് പ്രഖ്യാപിച്ചു. മാർ ഗ്രീഗോറിയോ സിന്റെ അദ്ധ്യക്ഷതയിലായിരുന്നു ഈ പ്രഖ്യാപനം നടത്തിയത്.

വിമത ബാവാ 'ഗീബൽസിന്റെ' കോളജിൽ ഡോക്ടർ ബിരുദം സമ്പാ ദിച്ച ആളായിരുന്നുവെന്നും നുണ പ്രചരണമായിരുന്നു ഐഛിക വിഷ യമായി എടുത്തതെന്നും തോന്നും അദ്ദേഹത്തിന്റെ പ്രസ്താവനകൾ കേട്ടാൽ. കോട്ടയത്തു വച്ച് നാലു പുസ്തകങ്ങളുടെ പ്രകാശനം നിർവ്വ ഹിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു; "നെടുമ്പാശ്ശേരി എയർപോർട്ടിലും, കോലഞ്ചേരിയിലും, തിരുവല്ലായിലും ഒക്കെ സംഘർഷം സൃഷ്ടിച്ചത് ഓർത്തഡോക്സ് പക്ഷമാണ്. കാതോലിക്കാ ബാവായ്ക്ക് കോലഞ്ചേരിയിൽ ജാഥയ്ക്ക് ആളെ കിട്ടാഞ്ഞിട്ടാണ് അക്രമം അഴിച്ചുവിട്ടത്." സത്യവുമായി പുലബന്ധമില്ലാത്ത ഈവിധ പരസ്യ പ്രസ്താവനകൾക്ക് അദ്ദേഹത്തിന് പ്രത്യേക വൈദഗ്ധ്യം ഉണ്ട്.

അടൂർ വടക്കേടത്തുകാവു പള്ളിയിൽ ബദൽ കാതോലിക്കാ കയറു മെന്നുള്ള ഭീഷണി അറിഞ്ഞ് വികാരി ഫാ. കെ. ടി. കുര്യൻ ഒരു താല്ക്കാ ലിക സ്റ്റേ വാങ്ങി പള്ളിയുടെ സുരക്ഷിതത്വം ഉറപ്പു വരുത്തി.

വിശ്വാസ പ്രഖ്യാപനറാലിയിൽ മാർ മക്കാറിയോസ് മെത്രാപ്പോലീത്താ

കോട്ടയത്തിനു തെക്കുള്ള ഇടവകകളുടെ ആഭിമുഖ്യത്തിൽ നസ്രാണി സിംഹമായ വട്ടശ്ശേരിൽ തിരുമേനിയുടെ ജന്മസ്ഥലമായ മല്ലപ്പള്ളിയിൽ ആഗസ്റ്റ് 18-നു നടന്ന വിശ്വാസപ്രഖ്യാപന റാലിയിൽ പതിനായിരങ്ങൾ പങ്കെടുത്തു. മാർ മക്കാറിയോസ് റാലിയെ അഭിസംബോധന ചെയ്ത് വിശ്വാസ വീരന്മാരുടെ സിരകളിൽ സഭാ സ്വാതന്ത്ര്യ പ്രേമത്തിന്റെ രക്തം അടിച്ചുകയറ്റുന്ന ഉജ്ജ്വലമായ ഒരു പ്രസംഗമാണ് കാഴ്ചവച്ചത്. "മലങ്കരസഭയെ ഒരു ശക്തിക്കു മുമ്പിലും പണയം വയ്ക്കാനുള്ളതല്ലെന്ന്" അദ്ദേഹം പ്രഖ്യാപിച്ചു. കിഴക്കിന്റെ കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസന്മാരെ വാഴിക്കണമെന്നും അദ്ദേഹം ഒരു പുതിയ നിർദ്ദേശവും വച്ചു.

ഇതിനോടകം റോമൻ കർദ്ദിനാൾ വർക്കി വിതയത്തിൽ, മലങ്കര റീത്തിന്റെ സിറിൽ ബസ്സേലിയോസ്, റോമാസഭയുടെ ബിഷപ്പ് ആച്ചാരുപറമ്പിൽ, സി.എസ്.ഐ. ബിഷപ്പ് കെ. ജെ. ശമുവേൽ എന്നീ അന്യസഭാദ്ധ്യക്ഷന്മാർ സഭാതർക്കത്തിൽ മദ്ധ്യസ്ഥത വഹിക്കാമെന്ന് അറിയിച്ചു. "മദ്ധ്യസ്ഥ തീരുമാനത്തിനു വിടണം" എന്നുള്ള ബദൽ കാതോലിക്കായുടെ പ്രേരണയിലാണ് അവർ രംഗത്ത് എത്തിയതെന്ന് വ്യക്തമാണ്. "വൈകിപ്പോയ പ്രതികരണം" എന്ന് സഭാ സെക്രട്ടറി ഡോ. കാരയ്ക്കൽ മറുപടി നല്കി ആ മദ്ധ്യസ്ഥ പൊയ്മുഖം തള്ളിക്കളഞ്ഞു.

2002 ആഗസ്റ്റു 21 ബുധനാഴ്ച "തർക്കത്തിലിരിക്കുന്ന മണർകാടു പള്ളിയിൽ പ്രവർത്തന സംവിധാനം ഉണ്ടാക്കണ'മെന്ന് കേരള ഹൈക്കോടതി വാക്കാൽ അഭിപ്രായപ്പെട്ടു.

"മലങ്കരസഭാ പ്രശ്നത്തിൽ സർക്കാർ കക്ഷിയല്ലെന്ന്" മുഖ്യമന്ത്രി ആന്റണി പ്രസ്താവിച്ചുകൊണ്ട് വീണ്ടും കൈകഴുകി. സുപ്രീം കോടതി വിധി കണ്ടില്ലെന്ന് നടിക്കുന്ന നിലപാട് ഖേദകരമെന്ന് ബാവാ മറുപടി പറയുകയും നിഷ്ക്രിയത്വവും സമദൂര നിഷ്പക്ഷ നയവും ഒരു സർക്കാരിനും ഭൂഷണമല്ലെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു. എന്നാൽ രാഷ്ട്രീയ നേതാവായ ചെറിയാൻ ഫിലിപ്പ് ഒരുപടി കൂടി കടന്നു കയറിപ്പറഞ്ഞു; "ശിവഗിരി പ്രശ്നത്തിൽ 96-ൽ തിടുക്കം കാട്ടിയ ആന്റണി മലങ്കരസഭാ പ്രശ്നത്തിൽ മൗനം പാലിക്കുന്നതു ശരിയല്ല."

മൂന്നു ദിവസത്തിനകം ഒരു ലക്ഷം രൂപാ സുപ്രീം കോടതിയിൽ അടയ്ക്കണമെന്ന്, അതുവരെ തുക അടയ്ക്കാതിരുന്ന പാത്രിയർക്കീസ് കക്ഷിക്കു സുപ്രീംകോടതി ജഡ്ജിമാരായ കൃപാൽ, ബാലകൃഷ്ണൻ, പസ്സായത് എന്നിവർ താക്കീതു നല്കി.

മുളന്തുരുത്തി മാർത്തോമ്മൻ പള്ളിക്കു സമീപമുള്ള ഇഗ്നാത്തിയോസ് നഗറിൽ യാക്കോബായ വിഭാഗം നടത്തിയ വിശ്വാസ പ്രഖ്യാപന റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് ബദൽ കാതോലിക്കാ ഒരു തീവ്ര പ്രസംഗത്തിലൂടെ വിശ്വാസികളെ ഭീകരതയ്ക്കു ആഹ്വാനം ചെയ്തു. "പള്ളികൾ കൈയേറാൻ വന്നാൽ നോക്കി നില്ക്കരുതെ"ന്നായിരുന്നു ആഹ്വാനം.

ആ പിതാവിന്റെ തീവ്ര പ്രസ്താവനകളിൽ മനം നൊന്ത് ഇതുവരെ അദ്ദേഹത്തിന്റെ വലംകൈയായി പ്രവർത്തിച്ചുകൊണ്ടിരുന്ന തൃശൂർ ഭദ്രാസന സെക്രട്ടറി ഫാ. എ. വി. തോമ്മസ് എടാട്ടുകുടിയിൽ തൽസ്ഥാനം രാജിവച്ച് റീത്തിൽ ചേരുകയുണ്ടായി.

അതിനോടകം ഓർത്തഡോക്സ് സഭയിലെ ഏഴു മെത്രാപ്പോലീത്തന്മാർ ഒരുമിച്ചു സമർപ്പിച്ച ഒരു കേസിന്റെ വിധിയിൽ ഹൈക്കോടതി ജഡ്ജിമാരായ ചീഫ് ജസ്റ്റീസ് ബി. എൻ. കൃഷ്ണൻ, ജ. സ്വരാജൻ എന്നിവർ നല്കിയ ഉത്തരവിൽ സഭാതർക്കം ക്രമസമാധാന പ്രശ്നമാകാതെ നോക്കണമെന്ന് പോലീസിനു നിർദ്ദേശം നല്കി. സഭാതർക്കം സുപ്രീംകോടതി പരിഗണിച്ചു നല്കിയിട്ടുള്ളതാകയാൽ ഇരുവിഭാഗങ്ങൾ തമ്മിൽതല്ലി തല കീറാൻ അനുവദിക്കാനാവില്ലെന്നും തോമസ് പ്രഥമനും അദ്ദേഹത്തിന്റെ എട്ടു മെത്രാന്മാരും പള്ളികളിൽ കയറി കാണിക്കുന്ന അതിക്രമങ്ങൾ നിമിത്തം വിശ്വാസികൾക്ക് ആരാധന നടത്താനാവാത്ത സാഹചര്യം മാറ്റി പോലീസ് സംരക്ഷണം നല്കണമെന്നും ആ വിധിയിൽ അവർ എടുത്തു പറഞ്ഞു.

തുടർന്ന് വിമത കാതോലിക്കാ പള്ളികളിൽ പ്രവേശിക്കുന്നതു കോടതി തടയുകയും ചെയ്തു. മാർ തോമസ് അത്താനാസ്യോസ്, മാർ അന്തോണിയോസ്, ഫാ. കെ. റ്റി. ഏലിയാസ് എന്നിവർ നല്കിയ വേറൊരു കേസിൽ എറണാകുളം അഡീഷണൽ ജഡ്ജ് ഹരിപ്രസാദാണ് 1934-ലെ ഭരണഘടനയനുസരിച്ചു ഭരിക്കപ്പെടുന്ന ഇടവകപ്പള്ളിയിൽ ബദൽ കാതോലിക്കായും കൂട്ടരും പ്രവേശിക്കരുതെന്ന് ഉത്തരവായത്. സുപ്രീംകോടതി വിധി ഇരു കൂട്ടർക്കും ബാധകമാണെന്ന് വിധി വ്യക്തമാക്കി. സഭയിൽ ഇനി രണ്ടു ഗ്രൂപ്പുകളുണ്ടെന്ന് തർക്കം ഉന്നയിക്കാൻ ആരേയും അനുവദിക്കാനാവില്ല. ഈ കാര്യത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ആരെയെങ്കിലും അനുവദിക്കുന്നതും സുപ്രീംകോടതിയുടെ അന്തിമവിധിക്കു വിരുദ്ധമാകുമെന്ന് കോടതി ചൂണ്ടിക്കാട്ടി.

സിറിയൻ സഭ മരിച്ചു, സിറിയക് സഭ ഉയിർക്കുന്നു

"സിറിയൻ ഓർത്തഡോക്സ് സഭ ഇനി മുതൽ സിറിയക് ഓർത്തഡോക്സ് സഭ എന്നറിയപ്പെടും" എന്ന് സാഖാ പ്രഥമൻ പാത്രിയർക്കീ

സിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സുന്നഹദോസ് തീരുമാനിച്ചു. 'സിറിയൻ' എന്ന പദം സിറിയാ രാജ്യത്തേയും പ്രധാനമായും അറബി മുസ്ലീങ്ങളേയും ഉദ്ദേശിച്ചാണ് ആധുനിക ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്നത്. ഇതിന്റെ പശ്ചാത്തലത്തിൽ ഇനിമേൽ 'സിറിയക് ഓർത്തഡോക്സ് ചർച്ച് ഓഫ് അന്ത്യോഖ്യാ' എന്നായിരിക്കണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു.

അടൂർ വടക്കേടത്തുകാവു പള്ളിയിൽ പ്രതീക്ഷിച്ചിരുന്ന പ്രകാരം സംഘർഷമുണ്ടായി. ഓർത്തഡോക്സ് വികാരി പാണവേലിൽ ഫാ. കെ. കുര്യനെയും മറ്റു പലരേയും ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നു. ഫാ. കുര്യനെ അറസ്റ്റു ചെയ്തു കൊണ്ടുപോയതിൽ പ്രതിഷേധിച്ച് നൂറു കണക്കിന് ഓർത്തഡോക്സ് വിശ്വാസികൾ പോലീസ് സ്റ്റേഷൻ പ്രതിരോധിച്ചു.

സുപ്രീംകോടതി വിധി നടപ്പാക്കാൻ സർക്കാർ കൂട്ടാക്കാത്തതിൽ കായംകുളത്ത് വമ്പിച്ച പ്രതിഷേധം ഇരമ്പി. ബദൽ കാതോലിക്കായെ വാഴിച്ച പാത്രിയർക്കീസിന്റെ നടപടി അനീതിയാണെന്ന് പത്തനംതിട്ട ബേസിൽ ദയറായിൽ ഒരു പത്രസമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

നാടാകെ സംഘർഷം അഴിച്ചുവിടുന്നതിനും പള്ളികളിലെല്ലാം അസമാധാനം വിതയ്ക്കുന്നതിനും ബദൽ ബാവാ അഴിഞ്ഞാടി നടന്നു. തൽഫലമായി അനേകം പള്ളികളിൽ കൈയേറ്റങ്ങളും സംഘർഷങ്ങളും നിമിത്തം ജനജീവിതം അസഹ്യമായിത്തുടങ്ങി. പള്ളികൾ കലാപഭൂമികളായി മാറി. പലയിടത്തും ആരാധനകൾ തടസ്സപ്പെട്ടു. പുരോഹിതന്മാർ മർദ്ദനത്തിനും അറസ്റ്റിനും ഇരയായിത്തീർന്നു. താമരച്ചാൽ സെന്റ് മേരീസ് പള്ളിയിൽ ഉണ്ടായ സംഘർഷത്തിൽ പരിക്കേറ്റ കരിമ്പനയ്ക്കൽ കെ. കെ. വറുഗീസ് അച്ചനേയും മറ്റും ആശുപത്രിയിലാക്കി.

മഞ്ഞിനിക്കരയിൽ ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടി. സെപ്റ്റംബർ 15-ന് പത്തനംതിട്ട നടത്തുന്ന ഓർത്തഡോക്സ് യുവജനപ്രസ്ഥാന റാലിക്കു മുന്നോടിയായി നടത്തിയ വിളംബരയാത്ര മഞ്ഞിനിക്കര ദയറായുടെ മുന്നിൽകൂടി കടന്നുപോകവെ ദയറാ പരിസരത്തിൽ നിന്നു ജാഥയിലേക്കു നടത്തിയ കല്ലേറാണ് സംഘർഷത്തിനു വഴിതെളിച്ചത്. പയ്യനാമൺ തൊടിയിൽ ലിജു മാത്യുവിനെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിളംബര ജാഥയിലുണ്ടായിരുന്ന അനേകം വാഹനങ്ങൾക്കു കേടു വരുത്തി. പിന്നീട് പോലീസ് അകമ്പടിയോടുകൂടിയാണ് ജാഥ നീങ്ങിയത്.

മാരാങ്കോട് സെന്റ് ജോർജ്ജ് പള്ളിയിൽ ഒരു ശവസംസ്ക്കാരത്തെ

ചൊല്ലിയാണ് തർക്കം ഉണ്ടായത്. വൈദികർക്കും നാല്പതിൽപരം ആളുകൾക്കും പരുക്കേറ്റു. മാരാങ്കോട് സെന്റ് ജോർജ്ജ് പള്ളി ഓർത്ത ഡോക്സ് വിഭാഗത്തിന്റെ കൈവശമുള്ള പള്ളിയാണ്. സമീപമുള്ള വെള്ളിക്കുളങ്ങര സെന്റ് മേരീസ് ചാപ്പലാണ് യാക്കോബായ വിഭാഗം ഉപയോഗിച്ചു വന്നിരുന്നത്. എന്നാൽ വെള്ളിക്കുളങ്ങരയുള്ള മാഞ്ഞൂരാൻ വീട്ടിൽ ഇട്ടൂപ്പിന്റെ മൃതദേഹം ഓർത്തഡോക്സ് സെമിത്തേരിയിൽ അടക്കം ചെയ്യാൻ ബദൽ കാതോലിക്കായുടെ കീഴിലുള്ള 12 അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തിയ കൈയേറ്റശ്രമമാണ് പോലീസ് ലാത്തിചാർജിൽ അവസാനിച്ചത്. തുടർന്നുണ്ടായ കല്ലേറിലും ലാത്തിച്ചാർജ്ജിലുമാണ് വൈദികരടക്കം പലർക്കും പരുക്കേറ്റത്.

കൂത്താട്ടുകുളത്തിനു സമീപമുള്ള അറൂർ മേരിഗിരി സെന്റ് മേരീസ് പള്ളി വികാരി ഏലിയാസ് ചെറുകാടിനെ പുലർച്ചെ പള്ളിമേടയിൽ എത്തി കതകിനു മുട്ടി തുറപ്പിച്ച് ബലമുള്ള വടികൊണ്ട് തലയ്ക്കടിച്ചു പരുക്കേല്പിച്ചു. പോലീസ് എത്തിയാണ് അച്ചനെ ആശുപത്രിയിലാക്കിയത്. നാലു വർഷമായി അറൂർ പള്ളി വികാരി ആയിരുന്ന അച്ചൻ ഓർത്തഡോക്സ് മാനേജിംഗ് കമ്മറ്റി അംഗം കൂടിയാണ്.

ഇപ്രകാരം നാടാകെ സംഘർഷാവസ്ഥ സൃഷ്ടിച്ച ശേഷം "ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണ" എന്നവിധം ആ വിമത ബാവാ കൂടെക്കൂടെ വെള്ളപൂശി സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുന്ന പ്രസംഗങ്ങളും പത്രപ്രസ്താവനകളും നടത്തിക്കൊണ്ടേയിരുന്നു. "പള്ളികൾ അപഹരിക്കുന്നത് ദൈവവിരോധമാണെന്ന്" അദ്ദേഹം മൂവാറ്റുപുഴ സ്വീകരണ സമ്മേളനത്തിൽ പ്രസംഗിച്ചപ്പോൾ ഓർത്തഡോക്സ് പക്ഷമാണ് പള്ളികൾ അപഹരിക്കുന്നതെന്ന് സമൂഹത്തിന് തോന്നും. ഈ വിധ പ്രചരണോപാധികളിലൂടെ ജനശ്രദ്ധ തിരിച്ചുവിടാൻ കഴിവുള്ള തന്ത്രശാലിയായിരുന്നു അദ്ദേഹം.

മണർകാട്ടു പള്ളിയിൽ വച്ച് അദ്ദേഹം പറഞ്ഞു, "ഇതര സഭാദ്ധ്യക്ഷന്മാർ മദ്ധ്യസ്ഥത വഹിക്കുന്നതിന് യാക്കോബായ വിഭാഗം തയ്യാറാണ്. സർക്കാർ സഭാതർക്കത്തിനു ഒരു കമ്മീഷനെ നിയമിക്കണം. വേർപിരിഞ്ഞുപോയവർ പുരാതനസഭയിലേക്കു തിരിച്ചു വരണം. ഓർത്തഡോക്സുകാർ കൈവശമാക്കിയ സഭയുടെ സ്വത്തുക്കൾ തിരികെ കിട്ടണം."

എ.ഡി. 52-ൽ കേരളക്കരയിൽ സ്ഥാപിതമായ മലങ്കര ഓർത്ത ഡോക്സ് സഭയെയാണ് അദ്ദേഹം 'വേർപിരിഞ്ഞു പോയവർ' എന്നു വിളിച്ചത്. 2002-ൽ പുത്തൻകുരിശിൽ അദ്ദേഹം തന്നെ പടച്ച പുത്തൻ ഗ്രൂപ്പിനെയാണ് അദ്ദേഹം 'പുരാതന സഭ' എന്നു വിശേഷിപ്പിച്ചത്. സഭയെപ്പറ്റി അറിയാവുന്നവർക്ക് മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായി

ഒന്നാം നൂറ്റാണ്ടു മുതൽ നിലനിന്ന ശ്ലൈഹികസഭ 2002-ൽ ചെറുവള്ളി മാർ ദീവന്നാസ്യോസ് സൃഷ്ടിച്ച വിമത ഗ്രൂപ്പിലേക്ക് തിരികെ വരണ മെന്ന് വിളിച്ചു കൂവുന്നത് ആ പിതാവിന്റെ തലയ്ക്കേറ്റ ക്ഷതങ്ങളുടെ ഫലമായുണ്ടായ മാനസിക താളംതെറ്റലുകളുടെ ജല്പനങ്ങളായിട്ടോ, അല്ലെങ്കിൽ അനർഹമായി ലഭിച്ച കസേരയുടെ ഉന്മാദത്തള്ളലിൽ നിന്നും പുറത്തുവന്ന അഹങ്കാര വാക്കുകളായിട്ടോ മാത്രമേ കാണാൻ കഴി ഞ്ഞുള്ളു. എന്നാൽ സഭയെപ്പറ്റി ഒന്നുമറിഞ്ഞു കൂടാത്ത പുത്തൻ തല മുറയെയോ, അന്യമതസ്ഥരെയോ, സമൂഹത്തിലെ താഴെകിടയിലുള്ള വികാരജീവികളെയോ ഒക്കെ തെറ്റിദ്ധരിപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ ഈ പ്രസംഗത്തിനും അതിന് മാധ്യമങ്ങൾ നല്കിയ വെണ്ടയ്ക്കാ തല ക്കെട്ടുകൾക്കും ഒരു പരിധി വരെ സാധിച്ചു. ഏതാണ് പുരാതന സഭ എന്നു ചോദിച്ചാൽ 'പുത്തൻകുരിശു സഭ' എന്ന് വിളിച്ചു പറയുവാൻ സണ്ടേസ്കൂൾ വിദ്യാർത്ഥികളിൽ പോലും അസത്യം കുത്തിവച്ചു തുടങ്ങി.

അദ്ദേഹത്തിന്റെ പ്രസ്താവന കേട്ട് മലങ്കരസഭയെക്കുറിച്ച് വേണ്ട വണ്ണം മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഡോ. സുകുമാർ അഴീക്കോട്, സുഗതകുമാരി, പി. കെ. ഷംസുദീൻ, ഡോ. സിറിയക് തോമസ് തുട ങ്ങിയവർ 'പിരിഞ്ഞു പോയവരായ' ഓർത്തഡോക്സുകാരെ ചങ്ങലയിൽ കെട്ടി പുരാതന സഭയായ 'പുത്തൻകുരിശിൽ' കെട്ടി കൊടുക്കാനായി ഒരുങ്ങി പുറപ്പെട്ടു. ഇന്ത്യയുടെ അത്യുന്നത ന്യായപീഠമായ സുപ്രീം കോടതി മാസങ്ങളോളം ചർച്ച ചെയ്ത് വിധി പ്രസ്താവിച്ചിട്ട് വർഷങ്ങ ളോളം ആയിട്ടും ആ വിധി നടപ്പിലാക്കണമെന്ന് സർക്കാരിനോട് ആവ ശ്യപ്പെടാനോ, ആ വിധിക്ക് വഴങ്ങി ന്യായമാർഗ്ഗം സ്വീകരിക്കണമെന്ന് വിമത ബാവായോട് പറയാനോ ഈ മദ്ധ്യസ്ഥന്മാരിൽ ആരേയും കണ്ടി ല്ലല്ലോ എന്ന് പൊതുജനം ചോദിച്ചു. അവർ ചെറുവള്ളി ബാവായുടെ ഏജന്റന്മാരായി അന്നു പ്രത്യക്ഷപ്പെട്ടതിൽ പലർക്കും അമർഷം തോന്നി.

ക്നാനായ സമുദായത്തിന്റെ ഏബ്രഹാം മാർ ക്ലിമിസ് മെത്രാപ്പോ ലീത്താ ഈ സമയത്ത് കാലം ചെയ്തു. 50 വർഷം മെത്രാപ്പോലീത്താ ആയി ക്നാനായ വിഭാഗത്തെ നയിച്ച അദ്ദേഹം എറണാകുളം ലിസി ആശുപത്രിയിലാണ് അന്ത്യശ്വാസം വലിച്ചത്. ചിറയിൽ കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ ആ വിഭാഗത്തിന്റെ താല്ക്കാലിക ഭരണച്ചുമതല ഏറ്റെടുത്തു. ഒരു കാലത്ത് മലങ്കര ഓർത്തഡോക്സ് സഭയുടെ അവി ഭാജ്യ ഘടകമായിത്തീർന്ന് സഭാസുന്നഹദോസിൽ പങ്കെടുത്തുകൊണ്ടി രുന്ന ആ പിതാവ് ഒരു സുപ്രഭാതത്തിൽ പൗലോസ് പീലക്സിനോസി നോടൊപ്പം മലങ്കരസഭയിൽ നിന്നും വിഘടിച്ച് യാക്കോബായ വിഭാഗ ത്തിന്റെ മലങ്കര മെത്രാപ്പോലീത്താ ആവുകയും വീണ്ടും അടുത്ത മലക്കം

മറിച്ചിലിൽ ക്നാനായ സമുദായത്തെ ഒരു സ്വതന്ത്ര സഭയായി അടർത്തി എടുത്ത് സിറിയൻ പാത്രിയർക്കീസിന്റെ നേരിട്ടുള്ള കീഴിൽ ആക്കുകയും പകരം സമ്മാനമായി 'കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ' എന്ന പദവി നേടുകയും ചെയ്തു. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്താ സ്ഥാനം ഒരു സിറിയൻ പാത്രിയർക്കീസിന് ഇഷ്ടപ്പെട്ടവർക്ക് പാരിതോഷികമായി നല്കാനുള്ള ഒരു സ്ഥാനമല്ലെന്ന് ചരിത്രകാരന്മാർ അന്ന് വിധി എഴുതിയിരുന്നു.

അതിനിടെ അല്ലപ്ര പള്ളി പിടിച്ചെടുക്കാനുള്ള വിമത ബാവായുടെ ശ്രമം ഹൈക്കോടതി പരാജയപ്പെടുത്തി. അല്ലപ്ര പള്ളിയിൽ അദ്ദേഹത്തിന്റെ പ്രവേശനത്തിനു കോടതി വിലക്കു കല്പിക്കുകയും പോലീസിന് നിർദ്ദേശം നല്കുകയും ചെയ്തു.

അതേസമയം പള്ളികൾക്ക് സഭയിൽ നിന്നു പിരിഞ്ഞു പോവാനോ വിട്ടുനില്ക്കാനോ കഴിയുകയില്ലെന്ന് ഓർത്തഡോക്സ് സഭ വ്യക്തമാക്കി. സഭാകേസിൽ മദ്ധ്യസ്ഥതയ്ക്കു ഇപ്പോഴത്തെ സാഹചര്യത്തിൽ ഇനി പ്രസക്തിയില്ലെന്നും സഭ വ്യക്തമാക്കി. ബദൽ കാതോലിക്കായുടെ വ്യാജ പ്രചരണങ്ങൾ നിർത്തണമെന്നും പ്രശ്നങ്ങൾക്കു കാരണക്കാരൻ അദ്ദേഹമാണെന്നും ഓർത്തഡോക്സ് സത്യവിശ്വാസ സംരക്ഷണ സമിതി പ്രസ്താവിച്ചു.

2002 ഒക്ടോബർ 15-നു സമ്മേളിച്ച മലങ്കരസഭാ മാനേജിംഗ് കമ്മറ്റിയുടെ ബജറ്റു സമ്മേളനം ബജറ്റു പാസാക്കുകയും സഭാകേസ് കാര്യങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. സഭാസ്കൂളുകൾ, പരുമല സെമിനാരി, പാറേട്ട് ഹോസ്പിറ്റൽ, കാര്യമ്പാടി ഹോസ്പിറ്റൽ, സഭാ വികസനഫണ്ട് എന്നിവകൾക്ക് മാനേജിംഗ് കമ്മറ്റി പ്രതിനിധികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

ക്രിസ്ത്യൻ - മുസ്ലീം ഡയലോഗിന് ബഹറിനിൽ

ഗൾഫ് രാജ്യമായ ബഹറിനിൽ നടന്ന അന്തർദേശീയ ക്രിസ്ത്യൻ-മുസ്ലീം ഡയലോഗിൽ നേതൃത്വം നൽകുന്നതിനും ആ അന്തർദേശീയ മഹാസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനുമായി ബഹറിൻ രാജാവും മുസ്ലീം പണ്ഡിതരും തെരഞ്ഞെടുത്തത് ചരിത്രപണ്ഡിതനായി ഇതിനോടകം സാർവ്വദേശീയ പ്രശസ്തി നേടിയ മാർ മക്കാറിയോസിനെ ആയിരുന്നു. ബഹറിൻ രാജ്യത്തിന്റെ സ്റ്റേറ്റ് ഗസ്റ്റായും ഷേക്കിന്റെ അതിഥിയായും മക്കാറിയോസിനെ ആ രാഷ്ട്രം സ്വീകരിച്ച് ആദരിച്ചു. വിവിധ രാഷ്ട്രങ്ങളിൽ നിന്നെത്തിയ ഇസ്ലാം പണ്ഡിതന്മാരും ക്രിസ്ത്യൻ ദൈവശാസ്ത്രജ്ഞരും സമ്മേളനത്തിൽ പങ്കെടുത്തു.

15

ജാർഖണ്ട് മോഡലിൽ ഒരു ഭദ്രാസന പൊതുയോഗം

നാം വീണ്ടും അല്പനേരത്തേക്ക് അമേരിക്കൻ ഭദ്രാസനത്തിലേക്ക് മടങ്ങിപ്പോകുന്നു. ലോകത്തിൽ എവിടെയും, അതു കുടുംബത്തിലായാലും രാഷ്ട്രത്തിലായാലും പൊതുശത്രു വാതിലിൽ എത്തി നില്ക്കുമ്പോൾ ആന്തരിക ഭിന്നതകൾ മറന്നു പൊതുശത്രുവിനെ നേരിടുവാൻ തോളോടുതോൾ ചേർന്നു പ്രവർത്തിക്കുകയാണ് പതിവ്. എന്നാൽ അമേരിക്കൻ ഭദ്രാസനത്തിൽ ആ ഒരു വിശാല മനോഭാവം ഭദ്രാസനാധികൃതരിൽ നിന്നുമുണ്ടായില്ല എന്ന് പറയേണ്ടി വന്നതിൽ ദുഃഖമുണ്ട്.

ബദൽ കാതോലിക്കാ തീവ്രപ്രവൃത്തികളാൽ മലങ്കരസഭയെ ചുട്ടുകരിക്കുമ്പോഴും ഇതൊന്നും തങ്ങളെ ബാധിക്കുന്നതല്ലെന്നുള്ള മട്ടിൽ അമേരിക്കൻ ഭദ്രാസനാധിപനും കൂട്ടരും അപ്പോഴും മാർ മക്കാറിയോസിനെ എങ്ങനെ തുച്ഛീകരിക്കാൻ കഴിയുമെന്ന് ചിന്തിക്കുകയായിരുന്നു. പ. ബാവാ മാത്യൂസ് മാർ ബർന്നബാസിനു അയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതി: "ബലഹീനനായ നാം ഓരോ ദിനവും ഇളവില്ലാതെ പുതിയതായി നിയമിതനായിയെന്നു പറയപ്പെടുന്ന തോമസ് മാർ ദീവന്നാസ്യോസ് മുഖാന്തരം സഭയിൽ ഉണ്ടാക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിച്ചുകൊണ്ട് അലഞ്ഞും ഉലഞ്ഞും ഒരുപാട് അഗ്നികനലുകളിലൂടെ കുത്തേറ്റ് പ്രയാസങ്ങളിലൂടെയിരിക്കുന്ന സന്ദർഭമാണ്." വികാരം മുറ്റിനില്ക്കുന്ന ഈ വാക്കുകൾ അമേരിക്കൻ ഹൃദയത്തെ സ്പർശിച്ചോ എന്നറിയുന്നില്ല. പ. ബാവായുടെ കല്പനയിൽ തുടർന്നു പറഞ്ഞു, "മക്കാറിയോസ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് മെത്രാസന പൊതുയോഗം കൂടുമ്പോൾ അദ്ദേഹത്തെ അറിയിക്കാതെ കൂടുന്നതിൽ അദ്ദേഹം വിഷമിതനായി നിൽക്കുകയാണ്." ഈ വാക്കുകളും ശ്രദ്ധിക്കാതെ ബർന്നബാസ് തനിയെ മെത്രാസനപ്പൊതുയോഗം കൂടുന്നതിനും, ഭദ്രാസന സമിതിയോടു പോലും കൂടിയാലോചിക്കാതെ ന്യൂയോർക്കിൽ ഏറ്റം മലീമസവും ഗവൺമെന്റ് ഉപേക്ഷിച്ചു കളഞ്ഞതുമായ നാലര ഏക്കർ കുന്നും കുഴിയും നിറഞ്ഞ സ്ഥലം വാങ്ങിക്കുന്നതിനും ദുരുപദേശത്താൽ പ്രേരിതനായി തീരുമാനിച്ചു. ബാവാ തിരുമേനിയോടോ മക്കാറിയോസ് തിരുമേനിയോടോ ഒരഭിപ്രായം പോലും ചോദിക്കാൻ മുതിരാതെയാണ് അദ്ദേഹം എടുത്തു ചാടിയത്. ഭദ്രാസനത്തിൽ പലർക്കും അതിൽ പ്രതിഷേധം ഉണ്ടെന്ന് അറിഞ്ഞിട്ടും, അറി

ഞ്ഞുകൊണ്ട് അപകടത്തിലേക്ക് മുതലക്കൂപ്പ് നടത്തുന്ന മെത്രാപ്പോലീത്തായെ തിരുത്താമെന്ന് മോഹിച്ച് മാർ മക്കാറിയോസ് താഴെക്കാണുന്ന കത്ത് 2002 ഒക്ടോബർ 7-ാം തീയതി മാർ ബർന്നബാസിനയച്ചു.

ഒക്ടോബർ 7, 2002

അഭിവന്ദ്യ തിരുമേനി,

ഭദ്രാസന പുനർ വിഭജന കമ്മറ്റി പ്രവർത്തനം ആരംഭിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ഭാവി ഭദ്രതയെ കരുതി താഴെപ്പറയുന്ന കാര്യങ്ങൾ തിരുമേനിയെ അറിയിക്കുന്നു.

I. അമേരിക്കൻ ഭദ്രാസനം വിഭാഗിക്കപ്പെടാതെ ഒന്നായി പോകണമെന്നുള്ള എന്റെ ആഗ്രഹം ഞാൻ ആവർത്തിച്ച് പ്രഖ്യാപനം ചെയ്യുന്നു. ഭദ്രാസനത്തിന്റെ ഭരണപരമായ കാര്യങ്ങൾ ബാവാതിരുമേനിയെ ഏല്പിച്ചതും ബാവാതിരുമേനിക്കു വേണ്ടി ഞാൻ ഭരണകാര്യങ്ങൾ നിർവഹിച്ചുകൊള്ളാമെന്നു സമ്മതിച്ചതും ഭദ്രാസനം വിഭാഗിക്കപ്പെടാതെ ഒന്നായി പോകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടി മാത്രമായിരുന്നു.

II. ഭദ്രാസനം വിഭാഗിക്കപ്പെടാതെ ഒന്നായി പോകുന്നതിന് 1995-ലെ പ. സുന്നഹദോസിന്റെ തീരുമാനങ്ങൾ അനുസരിച്ച് ഭദ്രാസന കാര്യങ്ങൾ നടത്തുന്നതിന് വേണ്ട നടപടികൾ നമ്മൾ ഒരുമിച്ചു ചേർന്ന് ചെയ്യേണ്ടതാണ്. 1995-ലെ സുന്നഹദോസ് തീരുമാനങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുന്നു.

1. ബർന്നബാസ് മെത്രാപ്പോലീത്താ ഭദ്രാസന മെത്രാപ്പോലീത്താ ആയിരിക്കുന്നതും ഭരണപരമായ കാര്യങ്ങൾ അദ്ദേഹത്തിന്റെ ചുമതലയിൽ ആയിരിക്കേണ്ടതുമാണ്.

2. മക്കാറിയോസ് മെത്രാപ്പോലീത്താ അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ ആയിരിക്കുന്നതാണ്.

3. ഭദ്രാസനയോഗം രണ്ടു മെത്രാപ്പോലീത്തന്മാരും ഒരുമിച്ചു ചേർന്ന് വിളിച്ചു കൂട്ടേണ്ടതും ഭദ്രാസനയോഗത്തിൽ സീനിയർ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിക്കേണ്ടതുമാണ് (അദ്ധ്യക്ഷത വഹിക്കുന്നതു സംബന്ധിച്ച് തിരുമേനിക്കു കൂടി തൃപ്തികരമായ ക്രമീകരണം ചെയ്യാമെന്ന് ഒന്നിലധികം പ്രാവശ്യം ഞാൻ തിരുമേനിയെ അറിയിച്ചിട്ടുള്ളതാണ്).

4. പട്ടം കൊടുക്കൽ, പള്ളി കൂദാശ മുതലായ കാര്യങ്ങൾ രണ്ടു മെത്രാപ്പോലീത്തന്മാരും ഒരുമിച്ച് ആലോചിച്ചു ചെയ്യേണ്ടതാണ്.

(മേല്പറഞ്ഞ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ഭാവികല്പനകൾ അയ

യ്ക്കുന്നതിന് സുന്നഹദോസ് ഔദ്യോഗികമായി അംഗീകരിച്ച് ദേവലോകത്ത് പ്രിന്റ് ചെയ്ത് അന്നു തന്നെ നമ്മളെ ഏല്പിച്ച ലെറ്റർഹെഡിൽ ആണ് ഇതെഴുതുന്നത്).

III. മേല്പറഞ്ഞ സുന്നഹദോസ് തീരുമാനങ്ങൾ അനുസരിച്ച് ഭദ്രാസനയോഗം വിളിച്ചു കൂട്ടുന്നതിന് നമ്മൾ രണ്ടുപേരും ചേർന്ന് വേണ്ട നടപടികൾ എടുക്കണമെന്ന് പല പ്രാവശ്യം ഞാൻ തിരുമേനിയോട് ആവശ്യപ്പെട്ടിട്ടും അങ്ങനെ ചെയ്യുന്നതിന് തിരുമേനി അശേഷം കൂട്ടാക്കിയില്ല.

IV. ഈ വൈകിയ വേളയിലെങ്കിലും അങ്ങനെ ചെയ്യുന്നതിന് തിരുമേനി കൂട്ടാക്കിയില്ലെങ്കിൽ ഭദ്രാസനം വിഭാഗിക്കപ്പെട്ടുപോകും. അങ്ങനെ സംഭവിക്കുന്നതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം തിരുമേനിക്ക് മാത്രമായിരിക്കുകയും ചെയ്യും.

V. ഒരു ഭദ്രാസനകേന്ദ്രം വാങ്ങുവാൻ തീരുമാനിച്ചതായി ഇന്ന് ഒരു വാർത്ത ഇന്റർനെറ്റിൽ കാണുകയുണ്ടായി. യാതൊരു ഔദ്യോഗിക അംഗീകാരവുമില്ലാത്ത ഒരു മീറ്റിംഗിലാണ് അങ്ങനെയൊരു തീരുമാനമെടുത്തതെന്നും അതു വാങ്ങുന്നത് ഏതോ ഒരു സംഘടന പുതുതായി ഇൻകോർപറേറ്റ് ചെയ്ത് അതിന്റെ പേരിലാണെന്നും, അടുത്ത ഇരുപത്തിഅഞ്ചു വർഷത്തേക്ക് അതിന് ഭദ്രാസനവുമായോ സഭയുമായോ യാതൊരു ബന്ധവുമില്ലായിരിക്കുമെന്നും മറ്റും പ്രസ്തുത വാർത്തയിൽ ഉണ്ടായിരുന്നു. ഞാൻ ഒരു മിഷൻ സെന്റർ (ഭദ്രാസന സെന്റർ അല്ല) വാങ്ങിയപ്പോൾ അത് സഭയുടെയും സഭാംഗങ്ങളുടെയും മാത്രമാണെന്ന് രേഖ ഉണ്ടാക്കിയിട്ടും അതിനെതിരായി പറയുന്നതിനും, പ്രവർത്തിക്കുന്നതിനും കല്പന അയയ്ക്കുന്നതിനും അയപ്പിക്കുന്നതിനും തിരുമേനിക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല. ഇപ്പോൾ തിരുമേനി ഈ കാട്ടിക്കൂട്ടുന്നത് ശുഭകരമായി പര്യവസാനിക്കാതെ പോയാൽ അതിന്റെയും ഉത്തരവാദിത്വം തിരുമേനിക്കു മാത്രമായിരിക്കും. തിരുമേനിയുടെ കൂടെ നിൽക്കുന്നവരെന്ന് കരുതുന്ന പലരും ഈ നീക്കത്തിൽ അസന്തുഷ്ടരാണെന്നും, അവരിൽ ചിലരെങ്കിലും നിയമപരമായും അല്ലാതെയും ഉള്ള നടപടികളെപ്പറ്റി ചിന്തിക്കുന്നുവെന്നും കേൾക്കുന്നത് ശരിയാണോ എന്നറിഞ്ഞുകൂടാ.

VI. ഭദ്രാസനകേന്ദ്രം വാങ്ങുക മുതലായി സഭയ്ക്ക് പൊതുവായ താല്പര്യമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ അത് എന്നേക്കൂടി അറിയിക്കുന്നതിനും എന്നോടുകൂടി ആലോചിക്കുന്നതിനുമുള്ള ഒരു ധാർമ്മിക ബാദ്ധ്യതയെങ്കിലും തിരുമേനിക്ക് ഉണ്ടായിരുന്നു. ആ സാമാന്യ മര്യാദ പോലും കാണിക്കുന്നതിനുള്ള ക്രിസ്തീയ മനോഭാവം പോലും തിരുമേനിക്ക് ഇല്ലാതെ പോയത് തികച്ചും നിർഭാഗ്യകരമായിപ്പോയി. ഇനി

മേലിൽ അങ്ങനെ സംഭവിക്കയില്ലെന്ന് കരുതുന്നു. എന്നെ ഒഴിച്ചുനിർത്തിക്കൊണ്ട് മുമ്പോട്ടുപോകാനുള്ള വ്യഗ്രതയ്ക്ക് മാറ്റമുണ്ടാകുന്നത് ഭദ്രാസനത്തിന്റെ ഭാവിക്ക് നല്ലതായിരിക്കും.

VII. മേല്പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ഭദ്രാസനയോഗം നമ്മൾ ഒരുമിച്ചു വിളിച്ചുകൂട്ടി, ഭദ്രാസനം വിഭാഗിക്കപ്പെടാതിരിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുകയും ഭദ്രാസനകേന്ദ്രം വാങ്ങുക മുതലായ സൃഷ്ടിപരമായ കാര്യങ്ങൾ എല്ലാവരും ഒരുമിച്ചു, തോളോടുതോൾ ചേർന്ന് നിന്നുകൊണ്ടു ചെയ്യുന്നതിന് വേണ്ട തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

ഇക്കാര്യങ്ങളുടെ വിശദാംശങ്ങളെപ്പറ്റി പ്രാർത്ഥനാപൂർവ്വം ചിന്തിക്കുന്നതിന് നമുക്കു രണ്ടുപേർക്കും സൗകര്യമായ സമയത്തും സ്ഥലത്തും ഒരുമിച്ചു കൂടാവുന്നതാണ്.

എന്നെ ഒഴിച്ചു നിർത്തിക്കൊണ്ട് ഭദ്രാസനയോഗം കൂടുവാൻ നീക്കങ്ങൾ നടക്കുന്നതായി അറിയുന്നത് ശരിയെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ എപ്പോഴും സന്തോഷപ്രദമായിരിക്കണമെന്നില്ല എന്ന് ഗ്രഹിക്കുവാനുള്ള സൽബുദ്ധി അവിടുത്തേക്ക് ദൈവം തരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനയോടെ,

തോമസ് മാർ മക്കാറിയോസ്

സുന്നഹദോസ് തീരുമാനങ്ങളനുസരിച്ച് ഭദ്രാസനയോഗം വിളിച്ചു കൂട്ടുന്നതിന് രണ്ടുപേരും ചേർന്ന് വേണ്ട നടപടികൾ എടുക്കണമെന്ന് പല പ്രാവശ്യം ബർന്നബാസ് തിരുമേനിയോടാവശ്യപ്പെട്ടിട്ടും അങ്ങനെ ചെയ്യുന്നതിന് കൂട്ടാക്കാതിരുന്ന തിരുമേനിയോട് ഈ വൈകിയ വേളയിലെങ്കിലും സുന്നഹദോസ് നിശ്ചയപ്രകാരം ചെയ്യണമെന്ന് മക്കാറിയോസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. മക്കാറിയോസ് ന്യൂയോർക്കിൽ സഭയ്ക്കും സഭാമക്കൾക്കും വേണ്ടി വാങ്ങിയ 5 ഏക്കർ മിഷൻ സെന്ററിനെതിരായി പറയുന്നതിനും പ്രവർത്തിക്കുന്നതിനും കല്പന അയയ്ക്കുന്നതിനും അയപ്പിക്കുന്നതിനും മടി കാണിക്കാതിരുന്ന മാർ ബർന്നബാസ് ഇപ്പോൾ ഭദ്രാസനവുമായോ സഭയുമായോ ബന്ധമില്ലാതെ ഏതോ സംഘടനയുടെ പേരിൽ സഭാമക്കളിൽ നിന്നും പിരിച്ച തുക കൊണ്ട് ഒരു സ്ഥലം വാങ്ങുന്നതിലെ അപാകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. പക്ഷേ ഉപജാപകവൃന്ദത്തിന്റെ നീരാളിപ്പിടുത്തത്തിൽ ഇതിനോടകം മുങ്ങിപ്പോയ ബർന്നബാസിന് അതിൽനിന്നും സ്വയം കരകയറാൻ കഴിയാതെ പോയി.

"ഇപ്പോൾ തിരുമേനി ഈ കാട്ടിക്കൂട്ടുന്നത് ശുഭകരമായി പര്യവസാനിക്കാതെ പോയാൽ അതിന്റേയും ഉത്തരവാദിത്വം തിരുമേനിക്കു മാത്രമായിരിക്കും" എന്ന് മക്കാറിയോസ് തിരുമേനി പറഞ്ഞത് ഒരു പ്രവാചകശബ്ദമായി പരിണമിച്ചു. നിയമതടസ്സങ്ങളാലും ഭദ്രാസന ഭാരവാഹികളുടെ പരസ്പര മത്സരങ്ങളാലും ഇന്നും ആ സ്ഥലം എഴുതിക്കുവാനോ ഒരു ഭദ്രാസന ആസ്ഥാനം ഉണ്ടാക്കുവാനോ മാർ ബർന്നബാസിനു കഴിഞ്ഞിട്ടില്ല. "ഭദ്രാസന ആസ്ഥാനം വാങ്ങിക്കുന്നു, വാങ്ങിച്ചു" എന്നൊക്കെ അന്യരെക്കൊണ്ട് 'മലങ്കരസഭ', 'ദീപം' മുതലായ പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതിച്ചതല്ലാതെ ഇന്നുവരെ ആ സ്ഥലമോ മറ്റു സ്ഥലങ്ങളോ സ്വായത്തമാക്കിയിട്ടില്ല.

മക്കാറിയോസിനെ അവഗണിച്ചും എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തെ മാനിക്കാതെയും ഭദ്രാസനപ്പൊതുയോഗം കൂടാൻ ബർന്നബാസ് മെത്രാപ്പോലീത്താ ഒരുങ്ങുന്നു എന്നറിഞ്ഞ് ബാവാ അദ്ദേഹത്തെ ഫോണിൽ വിളിച്ച് താൻ വരുന്നതുവരെ ഭദ്രാസനപ്പൊതുയോഗം കൂടരുതെന്ന് കല്പിച്ചു. പൊതുയോഗം കൂടരുതെന്നുള്ള കല്പന ഇതാ ഫാക്സിൽ ഇപ്പോൾ തന്നെ അയയ്ക്കുന്നു എന്നു പറഞ്ഞു തീർന്നപ്പോഴേക്കും മാർ ബർന്നബാസ് ഫാക്സ് ബന്ധം വിഛേദിച്ചു. ബാവാ തിരുമേനിയുടെ പ്രസ്തുത കല്പന ചുവടെ ചേർക്കുന്നു.

നമ്പർ പി 289/2002

കർത്താവിൽ നമ്മുടെ സഹോദരൻ അമേരിക്കൻ മെത്രാസനത്തിന്റെ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായ്ക്ക് പ്രത്യേകമായും മെത്രാസനത്തിന്റെ കൗൺസിൽ അംഗങ്ങൾക്കും യഥാക്രമം സമാധാനവും വാഴ്വും ഉണ്ടായിരിക്കട്ടെ.

ബലഹീനനായ നാം ഒരോ ദിനവും ഇളവില്ലാതെ പുതിയതായി നിയമിതനായിയെന്നു പറയപ്പെടുന്ന തോമസ് മാർ ദീവന്നാസിയോസ് പ്രഥമൻ മുഖാന്തരം സഭയിൽ ഉണ്ടാകുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും അഭിമുഖീകരിച്ചുകൊണ്ട് അലഞ്ഞും ഉലഞ്ഞും ഒരുപാട് അഗ്നികനലുകളിലൂടെ കുത്തേറ്റ് പ്രയാസങ്ങളിലൂടെയിരിക്കുന്ന സന്ദർഭമാണ്. എങ്കിലും മക്കാറിയോസ് തിരുമേനി എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് മെത്രാസനപൊതുയോഗം കൂടുമ്പോൾ അദ്ദേഹത്തെ അറിയിക്കാതെ കൂടുന്നതിൽ അദ്ദേഹം വിഷമിതനായി നിൽക്കുകയാണ്. ചില ദൗർഭാഗ്യകരമായ സാഹചര്യങ്ങൾ ഭാവിയിലും ഉളവാകുമെന്നു ബലഹീനനായ നാം കരുതുന്നു. ഇത് ശാന്തമായി തീർക്കുവാനും ഇടവകയിൽ ആബൂൻ ആഗ്രഹിക്കുന്നതുപോലെ വസ്തു വാങ്ങാനുള്ള ആഗ്രഹത്തിനോ തുടർന്നുള്ള കാര്യങ്ങൾക്കോ വിഘാതം വരാതെ സൗഹാർദ

പരമായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാനും ഭാവി വൈഷമ്യങ്ങൾ വരാതിരിക്കുവാനും മലങ്കര മെത്രാപ്പോലീത്തായെന്ന നിലയിൽ നാം അവിടെയെത്തി അതിന്റെ അദ്ധ്യക്ഷത വഹിച്ച് പൊതുയോഗം നടത്തിയാൽ ആർക്കും പരാതിപ്പെടാനില്ലല്ലോ. എന്നാൽ നാം അവിടെ ഒന്നോ, രണ്ടോ പ്രാവശ്യം വന്നിരുന്നു. അന്ന് ആ പൊതുയോഗം കൂടാമായിരുന്നല്ലോയെന്ന ചോദ്യങ്ങൾ ഉന്നയിക്കുവാൻ നിങ്ങൾ തന്നെ സൗഹാർദ്ദമായി കാര്യങ്ങൾ നടത്തുമെന്നുള്ള ബോധംകൊണ്ടു തന്നെ തുനിഞ്ഞില്ലെന്നു മാത്രമേയുള്ളൂ. അത് തെറ്റായിപ്പോയെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അവരോടു ക്ഷമിക്കണമെന്നു പറയുവാനും നാം സന്നദ്ധനാണ്.

നിങ്ങളും കൂടെ സഹകരിക്കുന്നുവെങ്കിൽ നമുക്ക് ബദ്ധപ്പാടാണെങ്കിലും സഭയ്ക്കുവേണ്ടി ജീവൻപോലും കളയുവാൻ സന്നദ്ധനായ നമുക്ക് അത് പ്രത്യേകതയല്ല. നിങ്ങൾ സഹകരിച്ചാൽ അതിനുള്ള ക്രമീകരണങ്ങൾ നാം ചെയ്യാം. ഒന്നോ രണ്ടോ ആഴ്ചകൾ പൊതുയോഗം മാറ്റി വയ്ക്കേണ്ടതായി വരും. അത് പത്രദ്വാര അറിയിച്ചാൽ വൈഷമ്യം ഉണ്ടാകുകയില്ല.

അതല്ല നാം കൂടെ കല്പന അയയ്ക്കണമെങ്കിൽ അതിന് നാം സന്നദ്ധനാണ്.

മെത്രാസനത്തിന് വസ്തുക്കൾ വാങ്ങുമ്പോൾ ഭരണഘടന അനുസരിച്ച് മലങ്കര മെത്രാപ്പോലീത്തായുടെ അനുവാദം ആവശ്യമാണ് (അദ്ധ്യായം 3:54). നാം കൂടെ വന്ന് പൊതുയോഗം കൂടി കഴിഞ്ഞാൽ ആ പ്രശ്നം ഉണ്ടാകുന്നില്ല.

മറുപടി ഫാക്സ് ചെയ്യുന്നതായിരിക്കും നല്ലത്. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

കർത്താവിൽ നമ്മുടെ സ്നേഹം

ശേഷം പിന്നാലെ

ആബൂന്റെ ബലഹീനനായ

(ഒപ്പ്)

2002 നവംബർ മാസം 20-ാം തീയതി
കോട്ടയം ദേവലോകം അരമനയിൽ നിന്നും.

ഒരു രഹസ്യ പൊതുയോഗം

ബാവാ തിരുമേനി "ഭദ്രാസനപ്പൊതുയോഗം അനധികൃതമായി കൂടരുതെന്നും താമസിയാതെ അമേരിക്കാ സന്ദർശിക്കുന്ന തന്റെ അദ്ധ്യക്ഷ

തയിൽ മാത്രമേ കൂടാവൂ" എന്നുമുള്ള കല്പന ഫാക്സ് ചെയ്തിട്ടും ചെയ്തിട്ടും ഫാക്സ് പോകുന്നില്ല. ബർന്നബാസിന്റെ മുറിയിൽ ഫാക്സ് ബന്ധം വിഛേദിച്ചിട്ടിരിക്കുന്ന വിവരം കോട്ടയത്ത് എങ്ങനെ മനസ്സിലാക്കാം? ബാവാ തിരുമേനി അമേരിക്കയിൽ വേറൊരാളിന്റെ പേർക്ക് ഫാക്സ് അയച്ചുകൊടുത്ത ശേഷം അത് എത്രയുംവേഗം ബർന്നബാസിനു എത്തിച്ചു കൊടുക്കണമെന്ന് നിർദ്ദേശിക്കയും ചെയ്തു.

അയാൾ ബർന്നബാസിന്റെ വാസസ്ഥലത്തേക്ക് ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു. ഫോണിൽ ഒരു പ്രതികരണവും കിട്ടുന്നില്ലെന്നു കണ്ട് അയാൾ കാറിൽ തിരുമേനിയുടെ താമസസ്ഥലത്തേക്കു പോയി. കഷ്ടം! അവിടം വിജനമായി കിടക്കുന്നു. ബാവായുടെ കല്പന ആരെ ഏല്പിക്കാൻ? ബെല്ലടിച്ചു നോക്കി, മുട്ടി വിളിച്ചു, ചുറ്റും നടന്നു നോക്കി. മനുഷ്യശബ്ദമേ ഇല്ല. മാർ ബർന്നബാസും അന്തേവാസികളും ഫോൺ ബന്ധങ്ങൾ പോലും വിഛേദിച്ചിട്ട് കൂട്ടത്തോടെ അജ്ഞാതമായ സ്ഥലത്തേക്കു കടന്നു കളഞ്ഞിരിക്കുന്നു.

കല്പന ആരെ ഏല്പിക്കാൻ? ബുദ്ധിമാനായ ദൗത്യവാഹകൻ കല്പനയുടെ ഏതാനും കോപ്പികൾ എടുത്ത് ഒന്ന് ബർന്നബാസിന്റെ വീടിന്റെ വാതിലിൽ ഒട്ടിച്ചു വച്ചു. വേറൊന്ന് പുറത്തു വച്ചിരുന്ന അദ്ദേഹത്തിന്റെ എഴുത്തുപെട്ടിയിൽ നിക്ഷേപിച്ചു. മൂന്നാമത്തേത് കതകിന്റെ ചുവട്ടിലുള്ള വിടവിലൂടെ മുറിയിലും ഇട്ടു. വിവരം പ. ബാവായെ വിളിച്ചറിയിക്കയും ചെയ്തു.

മാർ ബർന്നബാസിനെ ഏതോ അജ്ഞാതകേന്ദ്രത്തിലേക്ക് മാറ്റി ഒളിപ്പിക്കുന്നതിലും സഭാതല ഫോൺകോളുകൾ പോലും ലഭിക്കാതിരിക്കുന്നതിന് ബന്ധങ്ങൾ വിഛേദിക്കുന്നതിലും സൂത്രധാരകന്മാർ വിജയിച്ചു.

ഇതിനു തത്തുല്യമായ ഏതാനും നാടകങ്ങൾ ഇന്ത്യയിലെ രാഷ്ട്രീയ മേഖലകളിൽ മാത്രമേ കണ്ടിട്ടുള്ളു. ആ രാഷ്ട്രീയ അടവുകൾ സഭാതലത്തിലേക്കു പരീക്ഷിച്ചു വിജയിച്ചതിന്റെ ക്രെഡിറ്റ് അമേരിക്കൻ ഭദ്രാസന സൂത്രധാരകന്മാരായ ചാണക്യന്മാർക്കുള്ളതാണ്. കുതിരക്കച്ചവടത്തിലൂടെ എം.എൽ.എ. മാരെ വിലയ്ക്കുവാങ്ങി മറുഭാഗം ഭരണം തട്ടിയെടുക്കുമെന്ന് ഭയന്ന് അവരെ അജ്ഞാതകേന്ദ്രത്തിലേക്ക് ഒളിപ്പിച്ചുകൊണ്ടുപോവുക ആന്ധ്രായിലും കർണ്ണാടകത്തിലും ബീഹാറിലും ഒക്കെ അരങ്ങേറിയത് കേട്ടിട്ടുണ്ട്.

പക്ഷേ, പരിശുദ്ധ റൂഹാ നയിക്കുന്ന സഭയിലും, അതിന്റെ ഒരു മെത്രാപ്പോലീത്തായെ മോഷ്ടിച്ചുകൊണ്ട് പോയി ഒളിപ്പിക്കുന്നതും സഭാ ചരിത്രത്തിൽ ഇത് ആദ്യമാണെന്ന് തോന്നുന്നു. മാർ ബർന്നബാസിനു കരിമ്പൂച്ചകളുടെ തടവറയിൽ നിസ്സഹായനായി കഴിയേണ്ടി വന്നു. സഭാതല

വന്റെ പോലും അറിവിനപ്പുറം അജ്ഞാത തടവറയിൽ.

പിറ്റേന്ന് ഭദ്രാസനപ്പൊതുയോഗത്തിന് പള്ളിപ്രതിനിധികളും പട്ടക്കാരും എത്തി. ബാവാ തിരുമേനിയുടെ വിലക്ക് കല്പന അവരാരും അറിഞ്ഞതുമില്ല. മെത്രാപ്പോലീത്താ കൃത്യസമയത്ത് അംഗരക്ഷകരുടെ സംരക്ഷണയിൽ സമ്മേളനഹാളിൽ എത്തി. മലങ്കരസഭയുടെ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനങ്ങളെ കാറ്റിൽ പറത്തിയും ഫോണിലൂടെ രണ്ടു ദിവസം മുമ്പ് സഭാതലവൻ കൊടുത്ത നിരോധനം അവഗണിച്ചും ഭദ്രാസനപ്പൊതുയോഗം നടത്തി മാർ ബർന്നബാസും ചാണകൃന്മാരും വിജയശ്രീലാളിതരായി. പക്ഷേ, സഭയുടെ ധാർമ്മികതയ്ക്കു ഏറ്റ ക്ഷതം എങ്ങനെ തീരും?

"ചൊവ്വയിൽ ഒരു ഓർത്തഡോക്സ് ഭദ്രാസനം. അവിടെ ബിഷപ്പായി ഞാനും": മാർ മക്കാറിയോസ്

അമേരിക്കൻ എപ്പിസ്കോപ്പൽ സഭയുടെ ചരിത്രത്തിൽ ആദ്യമായി ഏഷ്യൻ വംശജരിൽ നിന്നു ബിഷപ്പ് സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പു ലഭിക്കാൻ ഭാഗ്യം സിദ്ധിച്ചത് ഒരു മലയാളിയായ കാനൻ ഡോ. ജോൺസി ഇട്ടിക്കായിരുന്നു. കേരളത്തിലെ സി.എസ്.ഐ. യിൽ ജനിച്ച അദ്ദേഹം വളരെ ചെറുപ്പത്തിലെ അമേരിക്കയിലേക്കു കുടിയേറിപ്പാർത്ത ഒരു കുടുംബത്തിലെ അംഗമായിരുന്നു. അദ്ദേഹം പഠിച്ചും വളർന്നും എപ്പിസ്കോപ്പൽ സഭയുടെ കാനൻ സ്ഥാനത്തോളം ഉയർന്നു. ഒടുവിൽ അദ്ദേഹത്തെ ഓറിഗോൺ ഭദ്രാസന ബിഷപ്പായി പട്ടംകെട്ടി. അദ്ദേഹത്തിന്റെ ഭാര്യ, മക്കാറിയോസ് തിരുമേനിയുടെ മാവിയുടെ കൊച്ചുമകൾ ആണ്. റൈറ്റ് റവ. ജോൺസി ഇട്ടിക്കു നല്കപ്പെട്ട ഒരു സ്വീകരണത്തിന്റെ റിപ്പോർട്ട് കാണുക.

"ചൊവ്വയിൽ ഒരു ഓർത്തഡോക്സ് ഭദ്രാസനം, അവിടെ ബിഷപ്പായി ഞാനും": മാർ മക്കാറിയോസ്

ന്യൂയോർക്ക്: ചൊവ്വാ ഗ്രഹത്തിൽ ഒരു ഓർത്തഡോക്സ് ഭദ്രാസനം വന്നാൽ ബിഷപ്പായി പോകാൻ താൻ റെഡിയെന്ന് ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ. ഒറിഗൺ എപ്പിസ്കോപ്പൽ ബിഷപ്പ് റൈറ്റ് റവ. ഡോ. ജോൺസി ഇട്ടിക്ക് നൽകിയ അനുമോദന സമ്മേളനത്തിൽ പ്രസംഗിക്കവേയാണ് മാർ മക്കാറിയോസ് തന്റെ സ്വതസിദ്ധമായ നർമ്മ പ്രയോഗത്താൽ ശ്രോതാക്കൾക്ക് ചിരി പകർന്നത്.

നമ്മൾ മലയാളികൾ മുൻകൂട്ടി കാര്യങ്ങൾ പ്ലാൻ ചെയ്യുന്നതിൽ ഏറെ പിറകിലാണെന്നു പറഞ്ഞാണ് മാർ മക്കാറിയോസ് ചൊവ്വാ ഗ്രഹത്തെക്കുറിച്ച് പരാമർശം നടത്തിയത്. ചൊവ്വയിൽ എന്നെങ്കിലും മനുഷ്യൻ

ഉണ്ടെന്നു കണ്ടുപിടിക്കപ്പെട്ടാൽ അവരുടെ ആത്മീയ കാര്യങ്ങൾ എങ്ങനെ ചിട്ടപ്പെടുത്തണമെന്ന് വത്തിക്കാൻ ചർച്ച ആരംഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും ഡോ. തോമസ് മാർ മക്കാറിയോസ് പറഞ്ഞു. എന്നാൽ നമ്മൾക്കാകട്ടെ ഇന്നുള്ള കാര്യങ്ങളിലാണു ശ്രദ്ധ. വത്തിക്കാന്റെ ദീർഘ വീക്ഷണത്തിൽ താൽപ്പര്യം തോന്നിയ താൻ നാസായിലെ ഒരു സുഹൃത്തിന് അയച്ച കത്തിലാണ് അവിടെ ഒരു ഓർത്തഡോക്സ് ഭദ്രാസനം വന്നാൽ ബിഷപ്പായി പോകാൻ താൻ തയാറാണെന്ന് വാഗ്ദാനം ചെയ്തത്. തന്റെ ഈ കത്തിനെക്കുറിച്ചറിഞ്ഞ പലരും ഇക്കാര്യത്തിൽ പൂർണ പിന്തുണയാണ് നൽകിയതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അവർ തന്നിലർപ്പിച്ച വിശ്വാസമല്ല കാരണം. മറിച്ച് 'തിരുമേനി ഇവിടന്നങ്ങു പൊയ്ക്കൊള്ളുമല്ലോ' എന്ന ആശ്വാസമാണ് പലരും പ്രകടിപ്പിച്ചത്, കൂട്ടച്ചിരിക്കിടയിൽ മാർ മക്കാറിയോസ് പറഞ്ഞു.

അവരുടെ ആഗ്രഹത്തെ കുറ്റപ്പെടുത്തിയിട്ടും കാര്യമില്ലെന്ന് മാർ മക്കാറിയോസ് ചൂണ്ടിക്കാട്ടി. കാരണം 42 വർഷങ്ങൾക്കു മുമ്പ് അമേരിക്കയിലെത്തിയ താൻ അന്ന് രണ്ടു വർഷങ്ങൾക്കു ശേഷം നാട്ടിലേക്കു മടങ്ങുന്നു എന്നാണ് പറഞ്ഞു നടന്നിരുന്നത്. എന്നിട്ട് 42 വർഷം കഴിഞ്ഞിട്ടും താൻ അമേരിക്കയിൽ തന്നെ. ഇനിയും ഒരു 42 വർഷം കൂടി ഞാൻ ഇവിടുണ്ടാകും, അദ്ദേഹം കൂട്ടിച്ചേർത്തു.

മലയാളികളുടെ ബിഷപ്പാവുന്നതു മുതൽ തലവേദനയും ആരംഭിക്കാറുണ്ടെന്ന് ആർച്ച് ബിഷപ്പ് യൽദോ മാർ തീത്തോസ് മെത്രാപ്പോലീത്താ പറഞ്ഞു. 'അമേരിക്കൻ സഭയുടെ ബിഷപ്പാവുമ്പോൾ എന്താണാവോ ഉണ്ടാവുക,' റൈറ്റ് റവ. ജോൺസി ഇട്ടിയോട് അദ്ദേഹം ചോദിച്ചപ്പോൾ വേദിയിലിരുന്ന വൈദികർക്കു പോലും ചിരിയടക്കാനായില്ല.

ബോംബെ ഭദ്രാസനത്തിലും അമേരിക്കൻ ഭദ്രാസനത്തിലും കാനഡാ, യു.കെ. ഭദ്രാസനത്തിലും ആദ്യ ബിഷപ്പായി സഭ തന്നെ ഉപയോഗപ്പെടുത്തിയത് മക്കാറിയോസ് തിരുമേനി ഓർത്തു കാണും. സഭ എവിടെ ആവശ്യപ്പെടുന്നോ അവിടെയെല്ലാം പോകാനുള്ള സന്നദ്ധത ആ വാക്കുകളിൽ അടങ്ങിയിരിക്കുന്നു.

ബിഷപ്പ് പോൾ വാക്കർ, ഇന്ത്യൻ അമ്പാസഡർ വിജയൻ നമ്പ്യാർ, ഡോ. സൂരിന്ദർ മൽഹോത്ര തുടങ്ങിയ നേതൃമാന്യന്മാരടങ്ങിയ സദസ്സിലാണ് നർമ്മരസം തുളുമ്പുന്ന ഈ പ്രസംഗം തിരുമേനി പറഞ്ഞത്.

2002 നവംബർ പരിശുദ്ധനായ പരുമല തിരുമേനിയുടെ ചരമ ശതാബ്ദി വർഷമായിരുന്നതിനാൽ പരുമലയിൽ പൂർവ്വാധികം വമ്പിച്ച ജനാവലിയാണ് പെരുനാളിനു സംബന്ധിച്ചത്.

ജനശ്രദ്ധയെ പരുമല നിന്നും പുത്തൻകുരിശിലേക്ക് ആകർഷിക്കുവാൻ 101 വൈദികർ പങ്കെടുത്ത ഒരു "കുർബ്ബാന പ്രഹസനം" പരുമല ത്തിരുമേനിയുടെ ശതാബ്ദിയുടെ പേരിൽ വിമത കാതോലിക്കാ പുത്തൻ കുരിശിൽ നടത്തി. അഞ്ചു നിലകളിൽ തീർത്ത മദ്ബഹായും 101 വൈദികരുമടങ്ങിയ സമൂഹ കുർബ്ബാനയും ഒക്കെ ജനത്തെ ആകർഷിക്കുന്നവയായിരുന്നു. ജനക്കൂട്ടത്തെ അദ്ദേഹം ആകർഷിച്ചത് തെറ്റിദ്ധാരണയും പ്രകോപനവും ഉണ്ടാക്കുന്ന പ്രചരണം നടത്തുന്നതിനായിരുന്നു.

ഓർത്തഡോക്സ് സഭയുടെ വൈദിക ട്രസ്റ്റിയായിരുന്ന ഫാ. മത്തായി നൂറനാൽ അന്തരിച്ചു.

കുന്നംകുളത്തിനടുത്ത് പെങ്ങാമുക്കു പള്ളിയിൽ സംഘർഷം സൃഷ്ടിച്ചത് വേറൊരു തീവ്രവാദി ബിഷപ്പായ കുന്നംകുളത്തുകാരൻ ബന്യാമിൻ ഒസ്താത്തിയോസ് ആയിരുന്നു. അദ്ദേഹം പാത്രിയർക്കീസ് വിഭാഗത്തിൽപെട്ടവരുമായി പെങ്ങാമുക്കു പള്ളിയിൽ അതിക്രമിച്ചു കടന്നു കയറിയതാണ് സംഘർഷത്തിന് കാരണമായിത്തീർന്നത്. കാവൽ നിന്ന പോലീസിനെ തള്ളിമാറ്റിക്കൊണ്ടാണ് ആ ബിഷപ്പും അനുയായികളും പള്ളിക്കുള്ളിലേക്കു കടന്ന് ആരാധിച്ചുകൊണ്ടു നിന്ന ഓർത്തഡോക്സ് വിശ്വാസികളെ ആക്രമിച്ചത്. തീവ്രവാദിയായ ചാവേർപടയുടെ നായകൻ മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ കൊട്ടും കുരവയും കൊടിയും കുറുവടിയും വടിവാളുകളുമായി ഇരച്ചു കയറിയാണ് ഓർത്തഡോക്സുകാരെ യാതൊരു പ്രകോപനവും കൂടാതെ ആക്രമിച്ചത്. ഇതിനു മുമ്പ് ചെറുതോണി, മാന്ദാമംഗലം, കാഞ്ഞിരമറ്റം മുതലായ പള്ളികളിൽ നടന്ന ആക്രമണങ്ങൾക്കു നേതൃത്വം നല്കിയതും ഇദ്ദേഹം തന്നെയായിരുന്നു. സൃഷ്ടികളുടെ ഉടയവൻ താമസിയാതെ അദ്ദേഹത്തെ തിരികെ വിളിച്ചില്ലായിരുന്നെങ്കിൽ മലങ്കരസഭയിൽ കൂടുതൽ രക്തപ്പുഴ ഒഴുകുമായിരുന്നു.

കണ്യാട്ടുനിരപ്പുപള്ളിയിൽ ലാത്തിച്ചാർജ്ജ്

കണ്യാട്ടുനിരപ്പുപള്ളി എന്നും യുദ്ധഭൂമിയായിരുന്നു. വികാരങ്ങൾ ഇളക്കി വിട്ടാൽ അതിവേഗം പൊട്ടിത്തെറിക്കുന്ന സ്വഭാവമാണ് ആ പള്ളിയിലെ ഇരുവിഭാഗങ്ങൾക്കുമുള്ളത്. ഇത്തവണ ഒരു നിസ്സാര കാര്യത്തെ ചൊല്ലിയാണ് അവിടെ സംഘർഷമുണ്ടായത്. ഓർത്തഡോക്സ് വികാരി ഫാദർ ജോൺ മൂലമറ്റത്തിന്റെ കൂടെ സഹായിയായി ജീപ്പിൽ വന്ന ഒരാളെ പള്ളിയിൽ പ്രവേശിപ്പിച്ചതിനെ പാത്രിയർക്കീസ് കക്ഷി അനുവദിക്കാതിരുന്നതിനെ തുടർന്നാണ് തർക്കമുണ്ടായത്. അത് മനഃപൂർവ്വം സംഘർഷം ഉണ്ടാക്കുന്നതിനായി ഉണ്ടാക്കിയ തർക്കമായിരുന്നു. തർക്കം മൂത്ത് കയ്യാങ്കളിയിലേക്കു പ്രവേശിച്ചു. ഇരുവിഭാഗവും തമ്മിലുള്ള സംഘ

ർഷം അത്യുഗ്രമായതോടെ പോലീസിന് പള്ളിക്കുള്ളിൽ പ്രവേശിക്കേണ്ടി വന്നു. കടിച്ചുകീറുന്ന ഇരുവിഭാഗത്തേയും പിരിച്ചുവിടുന്നതിന് പോലീസിനു ലാത്തിച്ചാർജ്ജു നടത്തേണ്ടി വന്നു.

ആകമാന സുറിയാനിസഭയുടെ മുഴുവൻ തലവൻ താനാണെന്ന് സ്വയം പ്രഖ്യാപിക്കുന്ന ദൂരെ എവിടെയോ മുസ്ലീം രാജ്യത്തു വസിക്കുന്ന ഒരു അറബി പാത്രിയർക്കീസിന് ഇവിടെ ആരു തമ്മിൽ തല്ലി തലകീറിയാലും ഒരു നഷ്ടവും വരാനില്ല. ഒരിറ്റു കണ്ണുനീരുപോലും അദ്ദേഹം ഇന്ത്യാക്കാരെ ഓർത്തു പൊഴിക്കാറുമില്ല. ആ പാത്രിയർക്കീസിന്റെ സിംഹാസനത്തിന്റെ കാൽ ഭാരതമണ്ണിലുറപ്പിക്കാനാണ് ഈ പാവപ്പെട്ട ജനം ഇവിടെ തലതല്ലിക്കീറുന്നത്. ആകമാന സുറിയാനിസഭ എന്നതു ഒരു സങ്കല്പം മാത്രമാണെന്നും ലോകത്ത് ആകമാനം 'സുറിയാനി' ആരാധനാ ഭാഷയായി അംഗീകരിച്ചിരിക്കുന്ന 10 സുറിയാനി സഭകൾ ഇന്ന് നിലവിലുണ്ടെന്നും അവയിൽ അഞ്ചെണ്ണം കത്തോലിക്കാസഭയുടെ റീത്തുകളാണെന്നും ബാക്കിയുള്ളവ മാർത്തോമ്മാ, തൊഴിയൂർ തുടങ്ങിയ ഇന്ത്യയിലെ സഭകളുമാണെന്നും ഈ പത്തു സഭാ വിഭാഗങ്ങളെ ഒരുമിച്ച് ഒരു കുടുംബമായി സങ്കല്പിച്ചാണ് ആകമാന സുറിയാനിസഭ എന്നു വിവക്ഷിക്കുന്നതെന്നും അതിൽ എല്ലാറ്റിന്റേയും പ്രധാന അദ്ധ്യക്ഷൻ അന്ത്യോഖ്യാ പാത്രിയർക്കീസല്ലെന്നും ഈ പാവപ്പെട്ട ജനത്തെ പറഞ്ഞു മനസ്സിലാക്കിയിരുന്നെങ്കിൽ!

16

നിണമണിഞ്ഞ സഭ

മലങ്കരസഭാ ചരിത്രത്തിലെ ഏറ്റം സംഘർഷഭരിതമായ പള്ളി കൈയേറ്റങ്ങളുടെയും കൈയാങ്കളികളുടെയും കൊലപാതകങ്ങളുടെയും രംഗങ്ങൾ നടമാടിക്കൊണ്ടാണ് 2002-ന്റെ അവസാന മാസങ്ങൾ കടന്നു പോയത്.

ഒക്ടോബർ അവസാനപാദത്തിൽ കണ്ടനാട് ഭദ്രാസനത്തിൽപെട്ട ചെറുതോണി പള്ളി കൈയേറാൻ പാത്രിയർക്കീസ് കക്ഷിയിലെ ബന്യാവിൻ മാർ ഒസ്താത്തിയോസിന്റെ നേതൃത്വത്തിൽ നടത്തിയ ശ്രമത്തോടുകൂടിയാണ് പ്രശ്നങ്ങൾക്കു തുടക്കം കുറിച്ചത്. ബലമായി പള്ളി കൈയേറി പാത്രിയർക്കാ ഭക്തന്മാർ പള്ളിക്കുള്ളിലും അവർക്കു നിർദ്ദേശങ്ങൾ അപ്പഴപ്പോൾ നല്കിക്കൊണ്ടു മാർ ഒസ്താത്തിയോസ് പള്ളിയുടെ പ്രാന്തത്തിലും തമ്പടിച്ചു. ഇതറിഞ്ഞ് കണ്ടനാട് മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസ് പള്ളി പൂട്ടി താക്കോൽ വികാരി ബിനോയ് ജോണിനെ എല്പിക്കണമെന്ന് പോലീസിനോട് അഭ്യർത്ഥിച്ചു. പോലീസിൽ നിന്നു വേണ്ട പ്രതികരണം ഉണ്ടാകാഞ്ഞതിനെ തുടർന്ന് അത്താനാസ്യോസ് മെത്രാപ്പോലീത്താ പള്ളി കൈയേറിയവരെ പുറത്താക്കുംവരെ പള്ളിയകത്ത് ഉപവാസം ആരംഭിച്ചു. അനേകം ഭക്തജനങ്ങൾ മെത്രാപ്പോലീത്തായ്ക്കു പിന്തുണ നൽകാൻ തെക്കൻ ഭദ്രാസനങ്ങളിൽ നിന്നും എത്തിക്കൊണ്ടിരുന്നു. സംഘർഷം ഏറിയ സാഹചര്യത്തിൽ എറണാകുളം കലക്ടർ ഇടപെട്ടു. കലക്ടറുടെ മദ്ധ്യസ്ഥതയിൽ നടന്ന അനുരഞ്ജന ചർച്ചകൾ അലസിപ്പോയതിനെ തുടർന്ന് തിരുമേനിയുടെ സത്യഗ്രഹം തുടർന്നു. മൂന്നാം ദിവസം ബുധനാഴ്ചയോടെ ഒത്തുതീർപ്പു വ്യവസ്ഥകൾ ഇരുഭാഗവും സമ്മതിച്ചതിനെ തുടർന്ന് സത്യഗ്രഹം നിർത്തി.

ഇടുക്കി പള്ളിയിൽ സംഘർഷം

ഇവിടെയും മാർ ബന്യാമിൻ ആണ് സംഘർഷത്തിനു പിന്നിൽ പ്രവർത്തിച്ചത്. മെത്രാപ്പോലീത്തായുടെ സമരപ്പന്തൽ പൊളിച്ചുകളഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ നിരാഹാരം കുരിശിൻതൊട്ടിയിലേക്കും കാറിലേക്കും മാറ്റേണ്ടിവന്നു.

ഇടുക്കിപ്പള്ളിയുടെ നിയന്ത്രണം സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. കൂടെക്കൂടെ ഉണ്ടാവുന്ന സംഘർഷങ്ങൾ നിമിത്തം ഓർത്തഡോക്സ് സഭയിലെ വടക്കൻ ഭദ്രാസനങ്ങളിലെ ഏഴു മെത്രാപ്പോലീത്തന്മാരും ഏകോപിച്ച് സഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നതിനു തീരുമാനം

എടുത്തു. സാമന്തബാവാ പുത്തൻകുരിശിൽ നടത്തിയ പ്രകോപനപര മായ പത്രസമ്മേളനത്തിനെതിരായി ഫാ. ഉലഹന്നൻ സമർപ്പിച്ച ഹർജി വാദം കേട്ടശേഷം, ആ പത്രസമ്മേളനം അനാവശ്യമാണെങ്കിലും കോർട്ട ലക്ഷ്യമല്ലെന്നു പറഞ്ഞ് കോടതി തള്ളിക്കളഞ്ഞു.

യാക്കോബായ വിഭാഗത്തിനു വേണ്ടി റമ്പാന്മാരായ കുര്യൻ ജോൺ, കരിമ്പിൽ ഗീവറുഗീസ്, ഈരാളിൽ ഗീവറുഗീസ് എന്നിവരേയും ഇലവി നാമണ്ണിൽ ജോൺ അച്ചനേയും പുതിയ മെത്രാന്മാരായി വാഴിച്ചു.

ഉമ്മൻ ചാണ്ടി

അതേസമയം ഉമ്മൻചാണ്ടിക്കെതിരായി ആരോപണങ്ങളുമായി സ്വന്തം സഭയായ ഓർത്തഡോക്സ് സഭയിലെ യൂത്തുലീഗ് ചാടിപ്പുറ പ്പെട്ടു. സഭാതർക്കത്തിൽ പാത്രിയർക്കീസ് പക്ഷക്കാരും ഉമ്മൻചാണ്ടി യുടെ സഹചാരികളായ രാഷ്ട്രീയ നേതാക്കളുമായ പി. പി. തങ്കച്ചൻ, ടി. എം. ജേക്കബ് എന്നിവർ പാത്രിയർക്കീസ് പക്ഷത്തിനു വേണ്ടി പട പൊരുതുമ്പോൾ ഓർത്തഡോക്സുകാരനും കോൺഗ്രസിലെ അനി ഷേധ്യ നേതാവുമായ ഉമ്മൻചാണ്ടി ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി ഒരു ചെറുവിരൽപോലും ഉയർത്താൻ സന്നദ്ധനാവുന്നില്ലെന്നും പാത്രി യർക്കീസ് നേതാക്കളോടൊപ്പം സഭയെ വഞ്ചിക്കുന്ന നിലപാട് എടുത്തു വെന്നും ആരോപിച്ച് യൂത്തു കൾച്ചറൽ ഫോറം നോട്ടീസുകളുമായി രംഗത്ത് എത്തി. എല്ലാകാലത്തും ഓർത്തഡോക്സ് സഭയോടൊപ്പം ചെറുപ്പം മുതൽ പ്രവർത്തിച്ചിരുന്ന ഉമ്മൻചാണ്ടിയെ ഈ വിമർശനം വല്ലാതെ ദുഃഖിപ്പിച്ചു.

സെപ്റ്റംബറിലെ എട്ടുനോമ്പു കാലത്ത് പ. ബാവാ മണർകാടു പള്ളി യിൽ പ്രവേശിക്കുമെന്ന് ഒരു വാർത്ത പരന്നതിനെ തുടർന്ന് മണർകാടും പരിസരവും ഉണർന്ന് ഏതു സാഹചര്യത്തിലും ബാവായുടെ പ്രവേശനം തടയുമെന്ന് യാക്കോബായപക്ഷം ശക്തമായി തിരിച്ചടിച്ചതിനോടെ ബാവാ തന്റെ തീരുമാനത്തിൽ നിന്നും പിന്നോട്ടുപോയി. കടന്നൽകൂട്ടിൽ ബാവായെ കൈ ഇടീക്കുന്നതിന്റെ പിന്നിൽ ഏതോ ഉപജാപകവൃന്ദമു ണ്ടായിരുന്നുവെന്നു പറയപ്പെടുന്നു. പ്രാധാന്യം നല്കി പത്രവാർത്തക ളിൽ പ്രത്യക്ഷപ്പെട്ട മണർകാടു പ്രവേശനത്തിൽ നിന്നു പിന്മാറാൻ ഇട യാക്കി സഭയ്ക്കു ആകമാനം നാണക്കേട് വരുത്തിവച്ചതിനെ പരാമർശി ച്ചുകൊണ്ട് പാമ്പാടിയിൽ നടന്ന ഒരു യോഗത്തിൽ "മണർകാട്ടുപള്ളി യിൽ കയറുമെന്നു പറഞ്ഞത് എടുത്തുചാട്ടമായി പോയി" എന്ന് ഉമ്മൻ ചാണ്ടി പ്രസംഗിച്ചുവെന്നതായിരുന്നു അദ്ദേഹത്തിന്റെ പേരിൽ ഉന്നയിച്ച വേറൊരു ആരോപണം. മലങ്കരസഭയുടെ മടിത്തട്ടിൽ ജനിച്ച്, പുതുപ്പ ള്ളിയിലെ സഭാവീര്യത്തിൽ വളർന്ന്, രാഷ്ട്രീയ രംഗത്ത് അത്യുജ്വല

താരമായി ഉയർന്നു വിളങ്ങിയ ഉമ്മൻചാണ്ടിയെ സംബന്ധിച്ച് അഭിമാനം കൊള്ളുകയും ആ പ്രതിഭയെ ആവുംമട്ട് ഉയർത്തിപ്പിടിക്കയും ചെയ്യേണ്ട സഭ പുറംതിരിഞ്ഞു നില്ക്കുകയും മെത്രാപ്പോലീത്തന്മാർ പോലും അദ്ദേഹത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്തത് ആ സഭാസ്നേഹിയുടെ ഹൃദയത്തെ എത്ര വ്രണിതമാക്കിയിരിക്കും? മാർ മക്കാറിയോസ് മെത്രാപ്പോലീത്തായെ അന്നും ഇന്നും ഉമ്മൻചാണ്ടി സ്നേഹിച്ചിരുന്നു, തിരുമേനി തിരിച്ചും. അദ്ദേഹം നാട്ടിലെത്തിയ സമയം ഉമ്മൻചാണ്ടിയ്ക്കെതിരായി പ്രചണ്ഡകോലാഹലം നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ മാർ മക്കാറിയോസ് ഉമ്മൻചാണ്ടിയുടെ സഭാസ്നേഹത്തെയും സേവനങ്ങളെയും കലവറയില്ലാതെ ശ്ലാഘിച്ച് ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചു. പാമ്പാടിയിലെ പി. സി. യോഹന്നാൻ റമ്പാച്ചൻ തുടങ്ങി ഏതാനും വൈദികശ്രേഷ്ഠരിലും, ചുരുക്കം സഭാനേതാക്കളിലും മാത്രമായി ഉമ്മൻചാണ്ടിയുടെ സഭാബന്ധം ഒതുങ്ങേണ്ടിവന്നത് മലങ്കരസഭയിൽ അതു ഒരു കറുത്ത ചരിത്രരേഖയായി തീർന്നു. ഉമ്മൻചാണ്ടി സഭയ്ക്കുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഒരു എം.എൽ.എ. യോ സഭയാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു നേതാവോ ആയിരുന്നില്ല എന്ന് സഭാനേതൃത്വം മറന്നുപോയതുപോലെ തോന്നി. സഭയ്ക്കായാലും സുഹൃത്തുക്കൾക്കായാലും വീട്ടുകാർക്കായാലും വഴിവിട്ട, നിയമലംഘനങ്ങൾക്കോ, ആനുകൂല്യങ്ങൾക്കോ അദ്ദേഹത്തിന്റെ സ്ഥാനത്തെ ദുരുപയോഗപ്പെടുത്തുവാൻ കറപുരളാത്ത അദ്ദേഹം സമ്മതിച്ചിരുന്നുമില്ല.

അദ്ദേഹം വീണ്ടും വളർന്നു. കേരളത്തിന്റെ മുഖ്യ ഭരണസാരഥ്യം അദ്ദേഹത്തിന്റെ കരങ്ങളിലേക്കു ദൈവം വച്ചുനീട്ടി. കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനത്തിരുന്നുകൊണ്ട് അനേകമനേകം വികസനപ്രവർത്തനങ്ങൾ കേരളത്തിനു നല്കുവാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു. അതേസമയം ആ പ്രതിഭയെയും അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തെയും വേണ്ടവണ്ണം ഉപയോഗപ്പെടുത്തുന്നതിൽ മലങ്കരസഭ പരാജയപ്പെട്ടു.

മലയാളമനോരമ

ഉമ്മൻചാണ്ടിയോടു കാട്ടിയ അതേ നയം ക്രൂരമായ വിമർശനങ്ങളിലൂടെ ഇന്ത്യൻ പത്രത്തറവാട്ടിലെ മുത്തശ്ശിയായ മലയാള മനോരമയുടെ നേരെയും ചില മെത്രാപ്പോലീത്തന്മാരും അവർ നിയന്ത്രിക്കുന്ന യൂത്തു ലീഗും കാണിക്കുവാൻ തുനിഞ്ഞത് മലങ്കരസഭാചരിത്രം വേണ്ടത്ര മനസ്സിലാക്കാത്ത ഒരു ബാലിശ പ്രവൃത്തിയാണെന്നേ കരുതാനാവൂ. മനോരമ ഓർത്തഡോക്സ് പക്ഷത്തിനുവേണ്ടി ഒന്നും എഴുതുന്നില്ലെന്നും മറുഭാഗത്തെ പ്രീണിപ്പിക്കാൻ ശ്രമിക്കുന്നുവെന്നും മറ്റും ചിലർ യുവജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു.

മലയാള മനോരമ ഓർത്തഡോക്സുസഭ നടത്തുന്ന പത്രമല്ല, കണ്ടത്തിൽ കുടുംബക്കാരും മനോരമക്കമ്പനിയും നടത്തുന്ന ആ പത്രം എക്കാലവും സമൂഹത്തിലെ അനീതിക്കും അക്രമത്തിനും അടിച്ചമർത്തലുകൾക്കും എതിരായി ശബ്ദം ഉയർത്തിയിട്ടുള്ള പത്രമാണ്. അതിക്രൂരന്മാരായ സ്വേഛാധിപന്മാർ പോലും ആ പത്രത്തിന്റെ മുമ്പിൽ വിറച്ചിട്ടുണ്ട്. സ്വേഛാധിപതിയായ സർ സി. പി. രാമസ്വാമി അയ്യർ കോട്ടയത്തു നിന്നു പുറപ്പെടുന്ന ആ പത്രം മുദ്രവച്ച് അടച്ചുപൂട്ടിയപ്പോൾ പിറ്റേന്ന് കൊച്ചിസംസ്ഥാനത്തെ കുന്നംകുളത്തു നിന്നു പതിവുപോലെ മനോരമ പ്രസിദ്ധീകരിക്കുവാൻ ചങ്കൂറ്റം കാട്ടിയവരാണ് മനോരമയുടെ സാരഥികൾ. കണ്ടത്തിൽ കുടുംബം ഓർത്തഡോക്സ് സഭയിൽ പെട്ടതാണെന്നുവച്ച് സമൂഹത്തോടും ഇതര സഭകളോടുമുള്ള പ്രതിബദ്ധത അവഗണിക്കണമെന്ന് പറയുന്നത് ക്രൂരമാണ്. അതേസമയം മലങ്കരസഭയുടെ ദുർഘട ഘട്ടങ്ങളിലെല്ലാം കെ. സി. മാമ്മൻ മാപ്പിളയുടെ തൂലിക സഭയ്ക്ക് ഒരു പടവാളായിരുന്നു. അദ്ദേഹം മനോരമയിലൂടെ എഴുതിയിട്ടുള്ള ലേഖനങ്ങൾ തളർന്ന സഭാമക്കളിൽ എത്ര അധികം ഊർജ്ജവും വീര്യവും കുത്തിവച്ചിട്ടുണ്ടെന്ന് അനുഭവസ്ഥർക്ക് അറിയാം. മലയാള മനോരമയും അതിനെ നയിച്ച മഹാരഥന്മാരും മലങ്കരസഭയ്ക്കു നൽകിയ സേവനങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത നൂതന സഭാനേതൃത്വമാണ് ഓർത്തഡോക്സ് യുവജനങ്ങളെ വഴിതെറ്റിച്ചതെന്നു തോന്നുന്നു. മുമ്പ് തിരുവിതാംകൂറിലെ ഒരു സ്വേഛാധിപതി കോട്ടയത്തു കണ്ടുകെട്ടിയ ആ ദിനപത്രം ഇന്ന് കേരളത്തിൽ 9 സ്ഥലങ്ങളിൽ നിന്നും, ഇന്ത്യയിലെ നാല് വൻ നഗരങ്ങളിൽ നിന്നും ഗൾഫ് മേഖലയിലെ രണ്ടു സംസ്ഥാനങ്ങളിൽ നിന്നും ദിനംതോറും പുറപ്പെടുവിക്കുന്ന ഒരു വൻ പത്ര ശൃംഖലയായി വളർന്നു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയിൽ ഏറ്റം പ്രചാരത്തിലിരിക്കുന്ന ദിനപത്രവും മനോരമ തന്നെ.

മനോരമ ഓർത്തഡോക്സ് സഭയുടെ പത്രമല്ലെങ്കിലും ഓർത്തഡോക്സുകാരന് ലോകത്തെമ്പാടും ബഡ്കോഹിയോടൊപ്പം അതികാലത്തെ മനോരമ വായനയും നിർബന്ധമായിരിക്കുന്നു. അത്രമാത്രം ഓർത്തഡോക്സുകാരനും മനോരമയും തമ്മിൽ രക്തബന്ധമുണ്ടെന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ആ മനോരമ പത്രമാണ് മറ്റു സഭകളെ പ്രീണിപ്പിക്കുന്ന പത്രമാണെന്ന് താറടിക്കപ്പെട്ടത്. ചില പ്രാദേശിക പത്രങ്ങൾ, ജാതിസ്പർദ്ധയ്ക്കും നേതൃപ്രീണനത്തിനും വേണ്ടി എഴുതുന്നതുപോലെ മനോരമയും ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി തരംതാഴണമെന്നായിരിക്കാം വിമർശകർ വിചാരിച്ചതെന്നു തോന്നുന്നു. പത്രധർമ്മവും സാമൂഹ്യപ്രതിബദ്ധതയും മറന്ന് ഒന്നും എഴുതാൻ ഒരു പക്ഷേ മനോരമ തുനിഞ്ഞില്ലെന്ന് വരാം.

17

ഫാ. ലാസ്സറസ്സ്, റമ്പാൻ കോർഎപ്പിസ്കോപ്പാ പദവികളിലേക്ക്

അമേരിക്കൻ ഓർത്തഡോക്സ് സഭാതലത്തിൽ ഒരു പുത്തനദ്ധ്യായം എഴുതിച്ചേർത്തുകൊണ്ടാണ് കാനഡായിലെ എഡ്മൺടൺ പള്ളിവികാരിയായിരുന്ന ഫാ. ലാസ്സറസ്സ് ഒ.ഐ.സി. യെ റമ്പാനും കോർഎപ്പിസ്ക്കോപ്പായുമായി ഒരേസമയം ഉയർത്തിയത്. അമേരിക്കയിൽ അതിനു മുമ്പ് കോർഎപ്പിസ്കോപ്പാ വാഴ്ച പലതും നടന്നിട്ടുണ്ടായിരുന്നു. എന്നാൽ അമേരിക്കൻ ജനത ഒരു റമ്പാൻ വാഴ്ച അതിനു മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാതിരുന്നതുകൊണ്ട് വാഴ്ച നടന്ന ന്യൂയോർക്കിലെ മാർ ഗ്രീഗോറിയോസ് സെന്ററും പരിസരവും 2002 ഒക്ടോബർ 16 ശനിയാഴ്ച രാവിലെ തന്നെ ജനനിബിഡമായി കഴിഞ്ഞിരുന്നു. തെക്ക് ഫ്ളോറിഡാ തുടങ്ങി വടക്ക് കാനഡായിലെ ആർട്ടിക് മേഖല വരെയുള്ള പട്ടണങ്ങളിൽ നിന്നും റമ്പാൻ വാഴ്ചയിൽ പങ്കെടുക്കാൻ ജനം ഒഴുകിയിരുന്നു. തൃശൂർ ഭദ്രാസന മെത്രാപ്പോലീത്താ യൂഹാനോൻ മാർ മിലിത്തിയോസ് ആയിരുന്നു രണ്ടു വാഴ്ചകൾക്കും നേതൃത്വം നല്കിയത്. അമേരിക്കയുടെ സീനിയർ മെത്രാപ്പോലീത്താ മാർ മക്കാറിയോസും അനേകം കോർഎപ്പിസ്കോപ്പാമാരും ബ. പട്ടക്കാരും ശെമ്മാശന്മാരും സഹകാർമ്മികരുമായിരുന്നു. അർമീനിയാ, കോപ്ടിക്, എത്യോപ്യാ, റോമൻ കത്തോലിക്കാ, മാർത്തോമ്മാ, സി.എസ്.ഐ. എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധികൾ ശുശ്രൂഷകളിൽ പങ്കെടുക്കുകയും അനുമോദന സമ്മേളനത്തിൽ ഭാവുകങ്ങൾ ആശംസിക്കയും ചെയ്തു.

മലങ്കരസഭയിൽ ആദ്യമായി റമ്പാനും കോർഎപ്പിസ്കോപ്പായും ആയി വാഴിക്കപ്പെട്ടത് പുണ്യവാനായ പരുമലത്തിരുമേനി ആയിരുന്നു. അതിനു നൂറു വർഷങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ ചരമജൂബിലി വർഷം തന്നെ ആ നിയോഗം ഏറ്റുവാങ്ങുവാൻ ദൈവം തെരഞ്ഞെടുത്തത് ഫാ. ലാസ്സറസ്സിനെ ആണെന്ന് മെത്രാപ്പോലീത്തന്മാർ അനുസ്മരിപ്പിച്ചു. അഭിനവാഭിഷിക്തന്റെ പാദങ്ങൾ മെത്രാപ്പോലീത്തന്മാരും പുരോഹിതരും കഴുകി ചുംബിച്ചപ്പോൾ റമ്പാച്ചന്റെ കണ്ണുകളിലൂടെ ചുടുനീർ ഒഴുകിക്കൊണ്ടിരുന്നു. ക്യൂൻസ് പള്ളിയിൽ നിന്നെത്തിയ ഗായകസംഘം ആരാധനയ്ക്കും ബാലികാബാലന്മാർ സമ്മേളനത്തിനും കൊഴുപ്പുകൂട്ടി. റമ്പാൻ ലാസ്സറസ്സ് എല്ലാറ്റിനും വിനയാന്വിതനായി നന്ദി പറഞ്ഞു. മൃഷ്ടാന്നമായ ലഞ്ചു സൽക്കാരവും ഒരുക്കിയിരുന്നു. മാർ മക്കാറിയോസ് മെത്രാ

പ്പോലീത്തായും ഇരുവശവുമായി സഹോദരങ്ങളായ റമ്പാനും ഡോ. റവ. കെ. സി. മാത്യൂവും നില്ക്കുന്ന ഫോട്ടോ അമേരിക്കൻ പത്രങ്ങൾ പ്രസിദ്ധം ചെയ്തു.

കേരളത്തിൽ നവംബർ 29-നു കൂടിയ ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയിൽ സഭാപ്രശ്നങ്ങളെപ്പറ്റി വിശദമായ ചർച്ചകൾ നടന്നു. വിഘടിത ഗ്രൂപ്പിന്റെ പള്ളികൈയേറ്റങ്ങൾ, പൊളിറ്റിക്കൽ അഫയേഴ്സ്, ക്രൈസിസ് മാനേജ്മെന്റ് എന്നിവയ്ക്കു കമ്മറ്റികളെ തെരഞ്ഞെടുത്തു. സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. കെ. എം. ജോർജ്ജ് സഭാസെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കൽ എന്നിവരെ സഭയുടെ ഔദ്യോഗിക വക്താക്കളായി തെരഞ്ഞെടുത്തു. ഈ സമയം സഭ വകയായി കോലഞ്ചേരി മെഡിക്കൽ മിഷനോട് ചേർന്ന് ഒരു മെഡിക്കൽ കോളജിനുള്ള അനുമതി സർക്കാർ നല്കി.

മലങ്കര വറുഗീസ് വധം

2002-ലെ ക്രിസ്തുമസ്സ് മാസം പിറന്നത് ഒരു ഞെട്ടിക്കുന്ന കൊലപാതക വാർത്തയോടു കൂടിയായിരുന്നു. വേറൊരു ആനപ്പാപ്പി വധം.

പെരുമ്പാവൂർ സൂലോക്കോ പള്ളിയംഗവും വടക്കൻ മേഖലയിലെ

കാർമ്മികരായ തൃശൂരിന്റെ മാർ മിലിത്തിയോസ്, അമേരിക്കയുടെ മാർ മക്കാറിയോസ് എന്നീ പിതാക്കന്മാരുടെ മുമ്പിൽ, തലയിൽ ശോശപ്പാമൂടി ഫാദർ ലാസ്സറസ്സ്, റമ്പാൻ, കോർഎപ്പിസ്കോപ്പാ എന്നീ പദവികളിൽ ന്യൂയോർക്കിലെ മിഷൻ സെന്റർ ചാപ്പലിൽ വച്ച് അഭിഷിക്തനാകുന്നു.

ഓർത്തഡോക്സ് സഭയുടെ അനിഷേധ്യ നേതാവും ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അംഗവുമായ മലങ്കര ടി. എം. വറുഗീസിനെ സ്വദേശമായ പെരുമ്പാവൂരിൽ വച്ച് പട്ടാപ്പകൽ വാടകഗുണ്ടകൾ ദാരുണമായി വെട്ടിക്കൊന്നു. പാത്രിയർക്കീസ് കക്ഷിക്ക് വറുഗീസ് പിടിച്ചടക്കാൻ കഴിയാത്ത ഒരുറച്ച ദുർഗ്ഗമായിരുന്നു. അദ്ദേഹത്തെ ഇല്ലാതാക്കുന്നതിന് തോമസ് പ്രഥമൻ ബാവായുടെ 'കേഫാ' പള്ളിപ്പട നോട്ടമിട്ടിരുന്നു. ഈ വധത്തിനു പിമ്പിൽ ബദൽ കാതോലിക്കായുടെ കൈയുണ്ടെന്ന് വ്യക്തമായ തെളിവുകളുള്ളതായി കോട്ടയത്തു നിന്ന് ആക്ഷൻ ഫ്രണ്ട് പ്രസ്താവിച്ചു.

ഡിസംബർ അഞ്ചിനു നടന്ന കൊലപാതകം നടത്തിയവരെ താമസം വിനാ റാഞ്ചി എടുത്തു. താഴെപ്പറയുന്ന ഏഴു പ്രതികളെയാണു പോലീസ് അറസ്റ്റു ചെയ്തത്. യാക്കോബായ യൂത്ത് അസോസിയേഷൻ മേഖല സെക്രട്ടറി അല്ലപ്ര അറക്കാവിൽ തമ്പി (33), അന്ത്യോക്യാ വിശ്വാസ സംരക്ഷണ സമിതി ചെയർമാൻ അല്ലപ്ര തടത്തിൽ യൽദോ (30), ടി സംരക്ഷണ സമിതിയുടെ കൺവീനർ പെരുമ്പാവൂർ കുഞ്ഞിട്ടിക്കുട്ടി ഏലിയാസ് (30), ഞെളിയൻപറമ്പിൽ യൽദോ (38), പട്ടിമറ്റം കൈതക്കാട്ട് കുപ്പക്കാട്ട് ഏലിയാസ് (31), വാടക കൊലയാളികളുടെ കാറിന് വഴികാട്ടിയായി സ്കൂട്ടർ ഓടിച്ച അല്ലപ്ര പാറപ്പുറം സജിൻ (24), കാറിടിച്ചു മരിച്ച ബിനുവിന്റെ സഹോദരീഭർത്താവ് ഐമുറി കാരിപ്ര വറുഗീസ് (49). എല്ലാവരും ബദൽ ബാവായുടെ കേഫാ സംഘടനയിലെ സജീവ പ്രവർത്തകർ തന്നെ. യൗവ്വനത്തിന്റെ തിരുമുറ്റത്ത് വികസിച്ചു നിന്ന ഈ യുവാക്കളെ സഭാനാഥനായ ക്രിസ്തുവിലേക്ക് ആകർഷിക്കുന്നതിനു പകരം തീവ്രവാദത്തിലേക്കും, കൊള്ളയും കൊലയും കൊള്ളിവയ്പ്പിലേക്കും നയിച്ച് അവസാനം കൽതുറുങ്കിൽ ക്രിമിനലുകളായി അസ്തമിക്കുന്നതിന് ആ ജീവിതങ്ങളെ തള്ളിവിട്ട ഉന്നതവ്യക്തി നീതിമാനായ ദൈവത്തിന്റെ കോടതിയിൽ എങ്ങനെ ഉത്തരം നല്കും?

കൈനറ്റിക് ഹോണ്ടയിൽ വറുഗീസിന്റെ കാറിനെ പിന്തുടർന്ന സംഘം കമ്പിപ്പാര, വടിവാൾ, ഇടിക്കട്ട എന്നിവ ഉപയോഗിച്ചാണ് വറുഗീസിനെ കൊല ചെയ്തത്. കൊല്ലപ്പെടുന്ന ദിവസം രാവിലെ മുതൽ വറുഗീസിന്റെ ചലനങ്ങൾ വീക്ഷിച്ചിരുന്ന പ്രതികൾ മൊബൈൽ ഫോണിലൂടെ വിവരങ്ങൾ കൈമാറിക്കൊണ്ടിരുന്നുവെന്ന് അറസ്റ്റു ചെയ്യപ്പെട്ട പ്രതികൾ പോലീസിനോടു സമ്മതിച്ചു.

ടി. എം. വറുഗീസ് വധത്തിനു പിമ്പിൽ യഥാർത്ഥ പ്രതികളായ ബാവാ തുടങ്ങിയവരെ അറസ്റ്റുചെയ്തു കേസെടുക്കണമെന്ന് ആക്ഷൻ ഫ്രണ്ട് സർക്കാരിനോട് ആവശ്യപ്പെട്ടു. 1993-ൽ വട്ടയ്ക്കാട്ടുപടി തോട്ടപ്പാട്ടു ഉതുപ്പു കുറിയാക്കോസ് വധിക്കപ്പെട്ട കേസിലെ പ്രതികൾ തന്നെയാണ് ഇതി

ലെയും പ്രതികൾ. പി. ഡി. പി. യോഗത്തിലെ ഒറ്റ പ്രസംഗത്തിന്റെ പേരിൽ നടപടി എടുത്ത സർക്കാർ നൂറുകണക്കിന് പ്രകോപന പ്രസംഗങ്ങൾ നടത്തി കൊലയ്ക്കു നേതൃത്വം നല്കുന്ന ബദൽ കാതോലിക്കായുടെ നേരെ കണ്ണടയ്ക്കുന്നുവെന്ന് അവർ കുറ്റപ്പെടുത്തി.

കോലഞ്ചേരി ആശുപത്രിയിൽ ഇക്കാലത്തു തന്നെ ബോംബിട്ടു. ബോംബു സ്ഫോടനത്തിൽ യാക്കോബായ സഭയ്ക്കു പങ്കില്ലെന്ന് തോമസ് ബാവാ പ്രസ്താവിച്ചു.

പാത്രിയർക്കീസ് വിഭാഗത്തിന്റെ ഭീകര പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നും രഹസ്യ സംഘടനയായ 'കേഫാ'യെ 'പോട്ട' നിയമ പ്രകാരം നിരോധിക്കണമെന്നും തിരുവനന്തപുരത്തു ചേർന്ന ഓർത്ത ഡോക്സ് വിശ്വാസ സംഗമം ആവശ്യപ്പെട്ടു.

പള്ളിത്തർക്കങ്ങൾ സഭയാകമാനം പള്ളികൾക്കുള്ളിലും പുറത്തും രക്തരൂഷിതമായി അരങ്ങേറാൻ തുടങ്ങി. കോടതി വിധികൾ നടപ്പാക്കാതിരിക്കാൻ പാത്രിയർക്കീസ് പക്ഷം കണ്ടുപിടിച്ച സൂത്രമായിരുന്നു ഈ സംഘർഷ അരങ്ങേറ്റങ്ങൾ.

സിറിയൻ പാത്രിയർക്കീസിന്റെ അധികാരമോഹം അവസാനിപ്പിച്ചാലേ മലങ്കരസഭയിൽ സമാധാനം ഉണ്ടാവുകയുള്ളു എന്ന് കണ്ടനാട് മർത്ത മറിയാം പള്ളിയിൽ കൂടിയ ഇടവക മീറ്റിംഗ് വിലയിരുത്തി.

അതേസമയം "പാത്രിയർക്കീസിന്റെ മുമ്പിൽ ഒന്നു തലകുനിച്ചാൽ യോജിക്കാൻ തയ്യാറാണെന്ന്" ബദൽ ബാവാ പ്രഖ്യാപിച്ചു. പോരാ പൗരസ്ത്യ കാതോലിക്കാ അനുതപിച്ചു കുറ്റം ഏറ്റുപറയുകയും പാത്രിയർക്കീസിന്റെ ആത്മീയ മേലദ്ധ്യക്ഷത അംഗീകരിക്കയും വേണമെന്ന് അദ്ദേഹം ശങ്കയില്ലാതെ ആവശ്യപ്പെട്ടു.

പൊറുതിമുട്ടിയ സർക്കാർ വയലാർ രവി, പി. പി. തങ്കച്ചൻ, ഉമ്മൻ ചാണ്ടി എന്നിവരെ മദ്ധ്യസ്ഥന്മാരായി നിയമിച്ചെങ്കിലും ഇരുവിഭാഗവും അവരുടെ മദ്ധ്യസ്ഥത അംഗീകരിക്കാൻ തയ്യാറായില്ല.

ആറൂർ പള്ളിയിൽ വീണ്ടും പ്രശ്നങ്ങൾ തലപൊക്കി. ഇരു വിഭാഗവും പോലീസ് കാവലിൽ തിരുബലി അർപ്പിച്ചു. പള്ളിമുറ്റത്തു മേശ ഇട്ട് പാത്രിയർക്കീസ് വിഭാഗത്തിലെ ഫാ. സഖറിയാ വറുഗീസ് കുർബ്ബാന അർപ്പിച്ചപ്പോൾ ഫാ. ഏലിയാസ് ചെറുകാട് കൊല്ലനുമായി വന്ന് പൂട്ടിക്കിടന്ന പള്ളി തുറപ്പിച്ചാണ് കുർബ്ബാന അർപ്പിച്ചത്.

ഈ ഘട്ടത്തിൽ ഓർത്തഡോക്സ് സഭയുടെ ഒരു ഉന്നതാധികാര സംഘം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരത്തിനു സർക്കാർ സഹായം തേടി. പ്രശ്നം ഉടൻ പരിഹരിക്കാമെന്നും ഒരാഴ്ചത്തെ

സമയം മുഖ്യമന്ത്രിക്കു സഭാനേതൃത്വം നല്കാമെന്നും പരസ്പരധാര ണയിൽ പിരിഞ്ഞു. ആത്മീയ കാര്യങ്ങളിൽ സർക്കാരും പോലീസും ഇട പെടരുതെന്ന് തോമസ് ബാവാ താക്കീതു നല്കി.

ആത്മത്യാഗത്തിന്റെ വക്കോളമെത്തിയ ഒരു ഉപവാസം

ബദൽ ബാവായുടെയും കേഫാ സംഘടനയുടെയും അതിക്രമങ്ങ ളാൽ വടക്കൻ പ്രദേശങ്ങൾ കലാപഭൂമിയായി രൂപാന്തരപ്പെടുന്നതു കണ്ട് മനംനൊന്ത ഓർത്തഡോക്സ് പിതാക്കന്മാരിൽ വടക്കൻ ഭദ്രാസനങ്ങ ളിലെ യാതനകൾക്കിരയായി തീർന്നിട്ടുള്ള മാത്യൂസ് മാർ സേവേറി യോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, ഡോ. ഏബ്രഹാം മാർ സേവേറിയോസ് എന്നീ പിതാക്കന്മാർ സുപ്രീംകോടതി വിധി നടപ്പിലാ ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോലഞ്ചേരി കാതോലിക്കേറ്റ് സെന്റ റിൽ നിരാഹാര സത്യഗ്രഹം ആരംഭിച്ചു. അവരോടൊപ്പം 501 സന്നദ്ധ സേനാംഗങ്ങളും പങ്കുചേർന്നു.

മാത്യൂസ് മാർ സേവേറിയോസിന്റെ ആരോഗ്യനില വഷളായതിനെ തുടർന്ന് പോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്ത് ആശുപത്രിയിലേക്കു മാറ്റിയപ്പോൾ ഏബ്രഹാം മാർ സേവേറിയോസ് അതേ വേദിയിൽ റിലേ സത്യഗ്രഹം തുടങ്ങി. സർക്കാർ മൂന്നംഗ മന്ത്രിസഭാ ഉപസമിതിയെ ചർച്ച കൾക്കായി അയച്ചു. ഡിസംബർ 16-നു ഡോ. തോമസ് മാർ അത്താ നാസ്യോസിനെ അറസ്റ്റു ചെയ്യുന്നുവെന്ന് കേട്ട് നൂറുകണക്കിന് ആളു കളും വൈദികരും തടിച്ചുകൂടി പള്ളിക്കു ചുറ്റും നിരന്നുനിന്നു. സത്യ ഗ്രഹം ആരംഭിക്കാനിടയാക്കിയ കാര്യങ്ങളിൽ തീർപ്പുണ്ടാകാതെ അറസ്റ്റോ മാറ്റമോ നടക്കില്ല എന്ന് അവർ ശഠിച്ചു.

ഉപവാസം അനുഷ്ഠിച്ച മെത്രാപ്പോലീത്തന്മാർക്ക് ഡിസംബർ 17-ന് പ. ബാവാ തൈലാഭിഷേകം നടത്തി. തിരുമേനിമാരുടെ ജീവൻ രക്ഷി ക്കണമെന്നാവശ്യപ്പെട്ട് വിശ്വാസികൾ ടൗണിൽ പ്രകടനം നടത്തി. വികാ രത്തള്ളലിൽ അവർ മുഖ്യമന്ത്രിയുടെ കോലം കത്തിച്ചു.

അതോടുകൂടി അന്യ ഭദ്രാസനങ്ങളിൽ നിന്നും ധാരാളം വിശ്വാസി കൾ കോലഞ്ചേരിക്ക് നീങ്ങിത്തുടങ്ങി. അവസാനം മൂവാറ്റുപുഴ അരമന യിൽ എട്ടര മണിക്കൂർ മന്ത്രിമാർ നടത്തിയ ചർച്ചകളുടെ അന്ത്യത്തിൽ സമാധാനക്കരാർ മന്ത്രി ബാബു ദിവാകരൻ പ്രഖ്യാപിച്ചതോടെ പ. ബാവാ തിരുമേനിയിൽ നിന്നു വി. കുർബ്ബാന സ്വീകരിച്ച് സത്യഗ്രഹം അവസാ നിപ്പിച്ചു.

സഭാതർക്കം ഏതാനും നാളുകളായി കേരളത്തിലുടനീളം എല്ലാ വിഭാഗം ജനങ്ങളിലും ആശങ്ക പരത്തിയ സാഹചര്യത്തിൽ തർക്കം ശാശ്വ

തമായി പരിഹരിക്കാൻ മന്ത്രിമാരായ മുനീർ, ബാബു ദിവാകരൻ, കെ. ശങ്കരനാരായണൻ എന്നിവരടങ്ങുന്ന ഉപസമിതിയെ മന്ത്രിസഭായോഗം തീരുമാനിച്ചയച്ചു.

"ഗവണ്മെന്റ് വേദപുസ്തകം പഠിച്ച് നീതി നടത്തണം" എന്നായിരുന്നു ബദൽ ബാവാ ഇതിനു പ്രതികരിച്ചത്. ഈ ഉപസമിതി മൂന്നു മാസത്തേക്കുള്ള താല്ക്കാലിക നിർദ്ദേശങ്ങൾ നല്കി. എന്നാൽ അന്നുണ്ടാക്കിയ ധാരണ പ്രസിദ്ധീകരിക്കുകയും വ്യവസ്ഥകൾ പാലിക്കുമെന്ന് ഉറപ്പു വരുത്തുകയും ചെയ്യാത്തപക്ഷം ധാരണയെപ്പറ്റി പുനർ ചിന്തനം ചെയ്യേണ്ടിവരുമെന്ന് ഓർത്തഡോക്സ് വർക്കിംഗ് കമ്മറ്റി, മന്ത്രിസഭാ ഉപസമിതിയെ അറിയിച്ചു. വ്യവസ്ഥകൾ ഉണ്ടാക്കുകയും അതു പാലിക്കാതെ വരികയും ചെയ്യുന്ന ഇരട്ടത്താപ്പു നയം ഉപസമിതി പിന്തുടരുകയും ചെയ്യുന്നതു കണ്ട് പിന്നീട് ഓർത്തഡോക്സ് സഭ ഉപസമിതിയുമായുണ്ടാക്കിയ വ്യവസ്ഥകളിൽ നിന്നു പിൻമാറുന്നതായി അറിയിച്ചു.

ഇക്കാലത്ത് നാട്ടു പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ട മുഖപ്രസംഗങ്ങൾ മലങ്കരസഭയെപ്പറ്റിയുള്ള ആ കാലത്തെ യഥാർത്ഥ ചിത്രം വെളിപ്പെടുത്തുന്നവയാണ്. അവയിൽ ഏതാനും തലക്കെട്ടുകൾ മാത്രം ഇവിടെ കുറിക്കട്ടെ:

ജന്മഭൂമി – സഭാതർക്കത്തിൽ മുഖ്യമന്ത്രി ഇടപെടണം.

മാതൃഭൂമി – വേണ്ടത് തർക്കമല്ല, ഐക്യം.

ദീപിക – ആത്മസംയമനത്തിലൂടെ സമാധാനം കൈവരട്ടെ.

മറ്റു ചില പ്രഖ്യാപനങ്ങൾ:

വിഭജിച്ചു പിരിയുന്നതാണ് അഭികാമ്യം – പാത്രിയർക്കീസ് മെത്രാപ്പോലീത്താമാർ.

പള്ളികളിൽ കയറുവാൻ ഞങ്ങൾക്കു പോലീസു വേണ്ടാ. ഇടവക ജനങ്ങൾക്ക് ഇടയന്മാരെ തിരിച്ചറിയാം – പുതുതായി വാഴിക്കപ്പെട്ട പാത്രിയർക്കീസ് കക്ഷിയിലെ മെത്രാന്മാർ.

സുപ്രീംകോടതി വിധി സർക്കാർ നടപ്പാക്കണം – ആർ. ബാലകൃഷ്ണപിള്ള.

തോമസ് പ്രഥമൻ ബാവായും കൂട്ടരും വീണ്ടും വീണ്ടും പള്ളികളിലെല്ലാം ഏതെങ്കിലും നിസ്സാര പ്രശ്നങ്ങളെചൊല്ലി പ്രശ്നങ്ങൾ പെരുപ്പിച്ച് അടിപിടിയിലും സംഘർഷത്തിലും പോലീസ് ഇടപെടലിലും കൊണ്ടുചെന്നെത്തിക്കുക ഒരു പതിവു സംഭവമായി.

കണ്ടനാടു പള്ളിയിൽ ഒരു ശവസംസ്ക്കാരം അലങ്കോലപ്പെടുത്തുകയും ഇടവകാംഗങ്ങളായ ഓർത്തഡോക്സ് പുരോഹിതരായ ഫാ. ജോർജ്ജ് മട്ടുമ്മേൽ, ഫാ. ഐസക് മട്ടുമ്മേൽ എന്നിവരെ കഠിനമായി മർദ്ദിക്കയും ചെയ്തു. ഈ മർദ്ദനത്തിൽ ഓർത്തഡോക്സ് പക്ഷം വമ്പിച്ച പ്രതിഷേധപ്രകടനം നടത്തി.

തൃശൂർ മാന്ദാമംഗലം പള്ളിയിലും ഒരു ശവസംസ്ക്കാരത്തെ ചൊല്ലി പ്രശ്നങ്ങൾ ഉണ്ടാക്കി. ഓർത്തഡോക്സ് പക്ഷക്കാരനായ ചെണായിപ്പാറ ചാമക്കാല ജോസഫിന്റെ ശവസംസ്കാരച്ചടങ്ങിൽ സംബന്ധിക്കാൻ വന്ന ഓർത്തഡോക്സ് വികാരി ഫാ. പൗലോസിനെ സംസ്കാരം നടത്താൻ യാക്കോബായ വിഭാഗം അനുവദിക്കാഞ്ഞതിനെ തുടർന്ന് പള്ളിക്കുള്ളിൽ ഉന്തും തള്ളും അടിപിടിയും നടന്നു. ഫാ. പൗലോസ് പള്ളിക്കുള്ളിൽ കുത്തിയിരുന്നു. അവസാനം നാലു മണിക്കൂർ ചർച്ചകൾക്കു ശേഷം പോലീസ് സാന്നിദ്ധ്യത്തിൽ സംസ്കാരം നടത്തി.

അതേസമയം മോറക്കാല സെന്റ് മേരീസ് പള്ളിയിൽ ചെറുവള്ളി ബാവാ വിളിച്ചുകൂട്ടിയ അടിയന്തിര "പുത്തൻകുരിശു സഭാ സുന്നഹദോസ്" "ആത്മീയ കാര്യങ്ങളിൽ പോലീസ് ഇടപെടലുകൾ തുടർന്നാൽ അതിനെ ഗൗരവമായി നേരിടേണ്ടി വരു"മെന്ന് ഒരു താക്കീത് സർക്കാരിനു നല്കി. കാരണം സമാധാന ലംഘനം നടത്തുന്ന സ്ഥലങ്ങളിൽ പോലീസ് ഇടപെട്ട് മുഖം നോക്കാതെ നീതി നടപ്പാക്കുകയും, സമാധാനം ഉറപ്പാക്കുകയും ചെയ്യുന്നത് വിധ്വംസക പ്രവർത്തകരായ പുത്തൻ സഭാ പ്രവർത്തകർക്കും കേഫാ പോലെയുള്ള തീവ്രവാദ സംഘടനകൾക്കും ഒരു വിലങ്ങുതടിയായി തീർന്നു എന്നതു തന്നെ.

അതിനോടകം കൊച്ചി - കണ്ടനാട് ഭദ്രാസനങ്ങളിലെ പള്ളികളിൽ പ്രവേശിക്കുന്നതിൽ നിന്നും ബദൽ ബാവായെ വിലക്കിക്കൊണ്ടുള്ള ഒരു വിധി ഓർത്തഡോക്സ് പക്ഷം നേടിയിരുന്നു. ആ ഉത്തരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ബദൽ ബാവാ അപ്പീൽ നല്കിയിരുന്നു. ആ അപ്പീൽ തള്ളിക്കൊണ്ട് ഡിവിഷൻ ബഞ്ച് ഉത്തരവാകുകയും ബാവായുടെ മേലുള്ള വിലക്ക് ശരിവച്ച് വിധി പ്രസ്താവിക്കുകയും ചെയ്തു.

അതിനിടയിൽ വില്ലൻ വേഷം കെട്ടി, മാർ തോമസ് ബാവായോടു ചേർന്ന് പരോക്ഷമായി സഹായം എത്തിക്കാൻ ഒരു രാഷ്ട്രീയ വൃദ്ധൻ മുൻപന്തിയിലെത്തി. ഓർത്തഡോക്സ് - യാക്കോബായ ദ്വന്ദയുദ്ധത്തെ ചൊറിഞ്ഞു വർദ്ധിപ്പിക്കുകയും അതിലൂടെ രാഷ്ട്രീയ മുതലെടുപ്പു നടത്തുകയും ചെയ്യുകയായിരുന്നു ആ ചാണക്യബുദ്ധി ചെയ്തത്. അദ്ദേഹം കോൺഗ്രസ് മന്ത്രിസഭയേയും മുഖ്യമന്ത്രി എ. കെ. ആന്റണിയേയും കാലത്തും അകാലത്തും വിമർശിച്ചുകൊണ്ടിരുന്ന അക്കാലത്ത് ഓർത്ത

ഡോക്സ് – യാക്കോബായ സഭാ പ്രശ്നം അദ്ദേഹത്തിന് നല്ല അവസരങ്ങൾ കൊടുത്തു. "സഭാതർക്കത്തിൽ മന്ത്രിസഭ ഇടപെട്ടത് കസേര ഇളകുമെന്ന് കണ്ടപ്പോഴാണെ"ന്ന് അദ്ദേഹം വിമർശിച്ചു. അതു മറ്റാരുമല്ല, സാക്ഷാൽ ലീഡർ കെ. കരുണാകരൻ തന്നെ.

കണ്യാട്ടുനിരപ്പു പള്ളിയിൽ വീണ്ടും സംഘർഷങ്ങൾ അരങ്ങേറി. പാത്രിയർക്കീസ് പക്ഷക്കാരനായ ഫാ. തോമസ് മുരിക്കൻ വേഷപ്രഛന്നനായി വിലക്കുണ്ടായിരുന്ന പള്ളിയിൽ പ്രവേശിക്കയും ആരാധന നടത്തുകയും ചെയ്തതാണ് സംഘർഷത്തിനു കാരണമായി തീർന്നത്. സമീപത്തുള്ള ഒരു വീട്ടിൽ തമ്പടിച്ചിരുന്ന ബന്യാമിൻ മാർ ഒസ്താത്തിയോസിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചാണ് അച്ചൻ വേഷം ഇല്ലാതെ പള്ളിക്കുള്ളിൽ കടന്നു കയറിയത്. അനധികൃതമായി കടന്നുകയറിയത് അച്ചനാണെന്ന് പോലീസിനു മനസ്സിലായതിനെ തുടർന്ന് പോലീസ് അദ്ദേഹത്തെ തടഞ്ഞു. അച്ചന്റെ സഹായത്തിനു എത്തിയ പാത്രിയർക്കീസുകാരും പോലീസും തമ്മിലാണ് ഇത്തവണ ഏറ്റുമുട്ടൽ നടന്നത്. പലർക്കും മർദ്ദനമേറ്റു.

ആറൂർ മേരിഗിരി പള്ളിയിലേക്കു പ്രവേശിക്കുന്നതിൽ നിന്നു പള്ളിവികാരിയായ ഓർത്തഡോക്സ് വിഭാഗത്തിലെ ഫാ. ഏലിയാസ് ചെറുകാടിനെ തടയണമെന്നുള്ള നിർദ്ദേശവുമായി ഒരു ഞായറാഴ്ച പെരുമ്പള്ളി പള്ളിയിൽ തവണ നടത്തേണ്ടിയിരുന്ന ഫാ. സഖറിയാ ഓണാശ്ശേരിയെ ഏതാനും ഗുണ്ടകളുമായി പാത്രിയർക്കീസു കക്ഷിയിലെ മാർ ഈവാനിയോസ് മേരിഗിരി പള്ളിയിലേക്കു അയച്ചു. പക്ഷേ, പള്ളിക്കുള്ളിൽ പ്രവേശിക്കാൻ കഴിയാതെപോയ ആ പുരോഹിതൻ പള്ളിമുറ്റത്ത് ഒരു മേശമേൽ കുർബ്ബാന ചൊല്ലി വാശിപൂർവ്വം പകരം വീട്ടുകയും തന്മൂലം കർത്താവിനെ അവഹേളിക്കയും ചെയ്തു.

പിറവം വലിയപള്ളിയിൽ വികാരി സഖറിയാ വട്ടയ്ക്കാട്ടിലിനെ പാത്രിയർക്കീസുകാർ മർദ്ദിച്ചതിന്റെ പിറ്റെ ആഴ്ചയിൽ പിറവം പള്ളിയിലെ 19 ഔദ്യോഗിക ഭാരവാഹികളുടെ സ്ഥാനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ വർഷങ്ങളായി യാക്കോബായ ഭരണത്തിലിരുന്ന ആ പത്തൊൻപതിലും ഓർത്തഡോക്സ് വിഭാഗം ജയിക്കയും ഭരണം അവരുടെ കൈവശത്താവുകയും ചെയ്തു.

ഈ സമയത്താണ് പാത്രിയർക്കീസ് പക്ഷത്തിന്റെ വൈദിക സെമിനാരിയായ വെട്ടിക്കൽ ഉദയഗിരി സെമിനാരിയിൽ വിദ്യാർത്ഥികൾ സമരം ആരംഭിച്ചത്. ഭാവിയിൽ സഭയുടെ ചുക്കാൻ പിടിക്കേണ്ട, പരിശീലനം നടത്തുന്ന വൈദിക വിദ്യാർത്ഥികൾ യുദ്ധമുറയും സമരമുറയും പഠനപദ്ധതിയിൽ ഉണ്ടായിരുന്നത് പരിശീലിക്കുകയായിരുന്നിരിക്കാം. ഏതാ

യാലും വൈദിക വിദ്യാർത്ഥി സമരത്തെ തുടർന്ന് സെമിനാരി പൂട്ടേണ്ടി വന്നു. വിദ്യാർത്ഥി സമരത്തിനു കാരണമെന്തായാലും, ആ സെമിനാരി ഏറെ നാളായി അധോഗതിയിലേക്കു മുതലക്കൂപ്പു നടത്തുകയായിരുന്നു. ഡോക്ടറേറ്റ് ബിരുദധാരികളായ മൂന്നു മെത്രാപ്പോലീത്തന്മാർ സെമിനാരി അദ്ധ്യാപകരായിരുന്നു. അവർ മൂവരും യാക്കോബായ വിഭാഗം വിട്ട് ഓർത്തഡോക്സ് സഭയിലേക്കു പോയതോടുകൂടി സെമിനാരിക്ക് യോഗ്യതയുള്ള അദ്ധ്യാപകരുടെ ദാരിദ്ര്യം നന്നായി അനുഭവിക്കേണ്ടി വന്നു. പിന്നീട് അവശേഷിച്ച അദ്ധ്യാപകരെ അന്നത്തെ അങ്കമാലി മെത്രാപ്പോലീത്തായായ മാർ ദീവന്നാസ്യോസിന്റെ ചൊൽപ്പടിയിൽ ഒതുക്കാനുള്ള ശ്രമത്തിൽ മറ്റു ചിലർക്കും പുറത്തു പോകേണ്ടി വന്നു. സെമിനാരി പ്രിൻസിപ്പൽ ആയ ബ. ആദായി അച്ചനെ പുകച്ചു ചാടിച്ചിട്ട് ആ പദവി കൂടി തിരുമേനി കൈയടക്കാനുള്ള ശ്രമം വിഫലമായി എന്നു കേട്ടിരുന്നു. കാരണം ആ സെമിനാരിയുടെ ഊടും പാവും ഇട്ട് അതിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കു വഹിച്ച ആദായി അച്ചനെ വലിച്ചെറിയാൻ അത്ര എളുപ്പമല്ലായിരുന്നു. അദ്ധ്യാപക ദാരിദ്ര്യം നിമിത്തം മാർത്തോമ്മാ സഭക്കാരനെ വരെ കടമെടുത്തതായി വാർത്ത ഉണ്ടായിരുന്നു (പ്രിൻസിപ്പൽ ആദായി അച്ചനെ ഒതുക്കി എടുക്കുന്നതിന് മറ്റു മാർഗ്ഗമൊന്നും കാണാഞ്ഞിട്ടാണ് ബാവാ ആയി കഴിഞ്ഞയുടൻ മാർ ദീവന്നാസ്യോസ് ഒരു ജൂണിയർ അച്ചനെ ബിഷപ്പാക്കി 'സെമിനാരി റസിഡന്റ് ബിഷപ്പ്' എന്ന പുതിയ തസ്തികയിൽ ആദായി അച്ചന്റെ മുകളിൽ പ്രതിഷ്ഠിച്ചതെന്നു പറയപ്പെടുന്നു). ഏതായാലും കുതികാൽവെട്ടും പാരവെപ്പും നടമാടിയിരുന്ന ഉദയഗിരി സെമിനാരിയിൽ വിദ്യാർത്ഥികൾ സമരം പ്രഖ്യാപിച്ചില്ലെങ്കിലേ അത്ഭുതമുള്ളു!

അതേസമയം കോട്ടയം പഴയസെമിനാരിയുടെ സോഫിയാ സെന്ററിനോടു ചേർന്ന് 150 ലക്ഷം മുടക്കിയ 'സ്മൃതി' സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ബസേലിയോസ് മാത്യൂസ് പ്രഥമൻ ഓഡിറ്റോറിയം, മാർ തെയോഫിലോസ് റിസേർച്ച് സെന്റർ, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ലൈബ്രറി, ദിവ്യബോധനം സെന്റർ, പ്രത്യാശാ കൗൺസിലിംഗ് സെന്റർ എന്നിവ അടങ്ങിയതാണ് പുതുതായി ഉത്ഘാടനം ചെയ്യപ്പെട്ട സ്മൃതി സമുച്ചയം.

ഈ സമയത്ത് ആദിച്ചനല്ലൂർ ഓർത്തഡോക്സ് ഇടവകയിൽ നിന്നും 40 തീർത്ഥാടകർ ബ. ഫാ. സി. കോശി, ഫാ. കെ. കെ. തോമസ് എന്നിവരുടെ നേതൃത്വത്തിൽ പ്രധാന തീർത്ഥാടകകേന്ദ്രങ്ങൾ സന്ദർശിച്ച കൂട്ടത്തിൽ മണർകാട് സെന്റ് മേരീസ് പള്ളിയും സന്ദർശിച്ചു. അവർ ഓർത്തഡോക്സുകാരാണെന്ന് തിരിച്ചറിഞ്ഞ് ബ. പട്ടക്കാരേയും തീർത്ഥാടകരേയും മണർകാട്ടു പള്ളിക്കാർ മർദ്ദിച്ചു വിട്ടു.

ഡിസംബർ മാസം ക്രിസ്തുമസ് സീസണാകയാൽ ഇക്കാലത്ത് പള്ളികളിൽ സമാധാനപൂർവ്വം ആരാധന നടക്കത്തക്കവണ്ണം പോലീസ് സംരക്ഷണം നല്കണമെന്ന് ആവശ്യപ്പെട്ട് ഓർത്തഡോക്സ് സഭ നല്കിയ കേസ് കോടതി തള്ളിക്കളഞ്ഞു. മന്ത്രിസഭാ ഉപസമിതി പ്രശ്നപരിഹാരത്തിനു ശ്രമിക്കുന്ന സാഹചര്യത്തിൽ ഒരു വിഭാഗത്തിനു മാത്രം പോലീസ് സംരക്ഷണം അനുവദിക്കാനാവില്ലെന്ന് കോടതി വിശദീകരിച്ചു.

അതേസമയം ജസ്റ്റീസ് കൃഷ്ണയ്യർ, ജസ്റ്റീസ് ഷംസുദീൻ, ഡോ. സിറിയക് തോമസ്, സുഗതകുമാരി, ടി. കെ. ഹസ്സൻ, വി. പി. മാരാർ എന്നീ സാംസ്കാരിക നായകന്മാർ സഭാതർക്കത്തിൽ ഇരുകൂട്ടരും വിട്ടുവീഴ്ച ചെയ്യണമെന്ന് ഒരു പരസ്യ പ്രസ്താവന പത്രങ്ങൾക്കു നല്കി.

ഇതെല്ലാം ആയിട്ടും പള്ളികളിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നതിൽ നിന്നും ബദൽ ബാവായും രഹസ്യ സംഘടനകളും പിന്മാറാൻ തയ്യാറായില്ല. മുളക്കുളം പള്ളിയിൽ ഇക്കാലത്തു നടന്ന സംഘട്ടനത്തിൽ 16 പേർക്കാണ് പരുക്കേറ്റത്. പള്ളിയുടെ വാതിലും വാഹനങ്ങളും തകർത്തു. കോടതിവിധിപ്രകാരം റിസീവർ ഓർത്തഡോക്സ് വികാരിയായ ഫാ. പി. യു. കുറിയാക്കോസ് പോത്താറയ്ക്ക് പള്ളിയുടെ താക്കോൽ കൈമാറാൻ വന്നപ്പോഴാണ് അതിൽ അരിശംപൂണ്ട എതിർപക്ഷം കല്ലും കുറുവടികളുമായി പള്ളിക്കുള്ളിൽ വന്ന് സംഹാര താണ്ഡവമാടിയത്.

ഇങ്ങനെ കൊലയും കൊള്ളിവയ്പും അടിപിടി അക്രമങ്ങളും നിറഞ്ഞുനിന്ന 2002 യാത്ര പറയുമ്പോൾ സഭാന്തരീക്ഷം ഒഴിഞ്ഞ യുദ്ധഭൂമിപോലെ കരിയും പുകയും നിറഞ്ഞ് മലീമസമായിരുന്നു. നന്നായി റോഡു നിയമങ്ങൾ പാലിച്ച് ഓടിക്കുന്ന വാഹനത്തിനു പിമ്പിൽ മദ്യപൻ ലക്കില്ലാതെ വണ്ടി ഇടിപ്പിച്ചാലും അപകടത്തിന് ഇരുകൂട്ടരും ഇരയാകും. അതുപോലെയുള്ള ഒരവസ്ഥയിലായിരുന്നു വിശുദ്ധ സഭയും. നിയമവാഴ്ചയോടും സമാധാനത്തോടും പ്രതിബദ്ധത ഉള്ള ഓർത്തഡോക്സ് സഭയുടെ പള്ളികളിലെല്ലാം നിയമലംഘകർ വണ്ടിയിടിപ്പിച്ചു അപകടം സൃഷ്ടിച്ചുവന്നു.

18

ചോരയിൽ ഒരു പരിശുദ്ധൻ കൂടി ജനിക്കുന്നു

പുതുവർഷമെങ്കിലും രക്തപ്പുഴ ഒഴുകാത്ത ഒരു സഭാന്തരീക്ഷം കാണാമെന്നുള്ള പ്രത്യാശയോടും പ്രാർത്ഥനയോടും കൂടിയാണ് സഭാമക്കൾ 2003-നെ വരവേറ്റത്. പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ നീങ്ങിയത്. നിർദ്ദോഷികളുടെ രക്തം വീണ് പള്ളികൾ കുതിർന്നു. വാക്സമരങ്ങൾ മുമ്പിലത്തേതിലും രൂക്ഷമായി. ഉദ്ധതന്മാരാം രണ്ടു മേഷങ്ങൾ - ആരു തോല്ക്കും? അവസാനം ദൈവം തോറ്റു എന്നു പറയുന്നതാവും ശരി. മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു, മതങ്ങൾ ഈശ്വരനെ സൃഷ്ടിച്ചു - മതവും ഈശ്വരനും കൂടി മനുഷ്യനെ വഴിയിലിറക്കിയ ദാരുണമായ ചിത്രം വയലാറിന്റെ ഈരടികളിൽ കേട്ടിട്ടും സഭാപിതാക്കളിൽ അതു ലേശവും ഏശിയില്ല. അക്കൊല്ലത്തെ മാരാമൺ കൺവൻഷനിൽ മാർ ത്തോമ്മാ സഭയിലെ ഗീവറുഗീസ് മാർ അത്താനാസ്യോസ് പറഞ്ഞ വാക്കുകൾ ഹൃദയത്തിൽ തട്ടേണ്ടതായിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "പള്ളികൾ പിടിച്ചെടുത്ത് ആരാധന നടത്താനാണ് ഇന്ന് വെമ്പൽ. പിടിച്ചെടുത്ത പള്ളിയിൽ ദൈവമില്ലെന്ന് നാം ഓർക്കണം, തോല്ക്കുവാൻ മനസ്സില്ലാത്തവർക്ക് മതം വെറും ആഘോഷമാണ്." എത്ര സത്യം!

തൃശൂർ മിഷൻ ആശുപത്രി ജൂബിലിയിൽ പ്രസംഗിക്കവെ റോമൻ കത്തോലിക്കാ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ ഇപ്രകാരം പറഞ്ഞു, "സഭാ സമാധാനം പ്രസംഗിക്കുന്നവർ പ്രവർത്തിച്ചു കാണിക്കണം."

ഈ പ്രസംഗങ്ങളൊന്നും ബദൽ ബാവായിൽ ഒരു ചലനവും സൃഷ്ടിച്ചില്ല. ഫറഓന്റെ ഹൃദയത്തെപ്പോലെ ആ ഹൃദയം വീണ്ടും കഠിനപ്പെട്ടുകൊണ്ടിരുന്നു. പുണ്യവാനെപ്പോലെ വേദമോതുകയും ബിൻ ലാദനെപ്പോലെ അടിച്ചു നശിപ്പിക്കുകയും ചെയ്യുവാൻ ആ പിതാവിനു ഒരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല എന്നാണ് 2003-ൽ അരങ്ങേറിയ അനന്തര സംഭവങ്ങൾ തെളിയിച്ചത്. "ചെന്താമരപ്പൂന്തേൻ കുടിക്കുന്ന വണ്ടേ! നീ ചാണകമുരുട്ടുന്നതു ഞമ്മളു കണ്ടേ" എന്ന മാപ്പിളപ്പാട്ട് ഇത്തരുണത്തിൽ ഓർമ്മയിൽ വരുന്നു.

മലങ്കരസഭയിലെ സീനിയർ മെത്രാപ്പോലീത്താ ആയ നിരണത്തിന്റെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് ഇപ്രകാരം പറഞ്ഞു, "1934-ലെ

ഭരണഘടന അംഗീകരിക്കാത്തവർ സഭയ്ക്കു പുറത്തു പോകണം. പുതിയ ഭരണഘടന ഉണ്ടാക്കിയവർക്ക് മാതൃസഭയിൽ നിയമപരമായ യാതൊരവകാശവുമില്ല. ഒരു ട്രസ്റ്റിന്റേയോ സഭയുടേയോ സ്വത്തുക്കൾ വേറൊരു സഭയ്ക്കോ സംഘടനയ്ക്കോ കൈമാറുവാൻ പൊതുയോഗത്തിനവകാശമില്ല."

കാതോലിക്കേറ്റിലേക്കു മാറിയ ഏബ്രഹാം മാർ സേവേറിയോസ്, ഡോ. മാർ അത്താനാസ്യോസ്, മാർ യൂഹാനോൻ മിലിത്തിയോസ്, മാർ നിക്കളാവോസ് എന്നിവരുടെ ഒരു സംയുക്ത പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞു: "സഭാ പ്രശ്നങ്ങളുടെ യഥാർത്ഥ കാരണക്കാരൻ ആരാണെന്ന് വിഘടിത ബദൽ കാതോലിക്കാ സ്വയം ചിന്തിക്കണം. പാത്രിയർക്കീസിന്റെ രേഖാമൂലവും നേരിട്ടു കണ്ടപ്പോൾ പറഞ്ഞതുമായ വാക്കുകൾ അനുസരിച്ചുമാണ് ഞങ്ങൾ കാതോലിക്കാ ബാവായേയും ഭരണഘടനയെയും അംഗീകരിച്ചത്. നിയമലംഘനവും അക്രമവും മാത്രം കൈമുതലാക്കിയ വിഘടിത കാതോലിക്കായുടെ നിലപാടുകളോട് ക്രൈസ്തവ ധാർമ്മികതയുടെ അടിസ്ഥാനത്തിൽ യോജിക്കാനാവില്ല. 1995-ലെ വിധിക്കുശേഷം പാത്രിയർക്കീസ് കക്ഷിയിലെ അന്നുണ്ടായിരുന്ന എല്ലാ മെത്രാപ്പോലീത്തന്മാരും എടുത്ത അതേ നിലപാടു മാത്രമാണ് ഞങ്ങളും എടുത്തത്. ചിലർ പിൻമാറി!"

2003 ജനുവരി 9-ന് കൂടിയ മലങ്കരസഭയുടെ മാനേജിംഗ് കമ്മറ്റി "സഭ ഒന്നേ ഉള്ളു. അതുകൊണ്ട് അതിലെ പള്ളികൾ വിഭജിക്കാനാവില്ല" എന്ന് വ്യക്തമാക്കി. അതുപോലെ മന്ത്രിസഭ വാക്കു പാലിക്കുമെങ്കിൽ മാത്രം കാബിനറ്റു കമ്മറ്റിയുമായി ചർച്ച തുടരുമെന്നും തീരുമാനിച്ചു.

വധിക്കപ്പെട്ട മലങ്കര വറുഗീസിന്റെ 40-ാം ചരമദിനം ജനുവരി 12-ാം തീയതി സഭ ഒന്നടങ്കം ആചരിച്ചതു കൂടാതെ അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസനങ്ങളുടെ ആഭിമുഖ്യത്തിൽ പെരുമ്പാവൂരിൽ ഒരു അനുശോചന മഹായോഗവും പ്രതിഷേധ പ്രകടനവും നടത്തി. കോടതിവിധികൾ ഒന്നുംതന്നെ വിഘടിത വിഭാഗത്തിനു അനുകൂലമാകുന്നില്ലെന്നു കണ്ട് വിമത കാതോലിക്കാ കുമരകം ആറ്റാമംഗലം പള്ളിയിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു, "സഭാ തർക്കങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയ നേതാക്കൾ എടുക്കുന്ന തീരുമാനത്തോട് യാക്കോബായ വിഭാഗം സഹകരിക്കും." ഇരുവശവും പറയാൻ വശമുള്ള രാഷ്ട്രീയക്കാരെ ശരണപ്പെടാനുള്ള ഭാവമാണ് ആ പ്രസംഗം ധ്വനിപ്പിക്കുന്നത്. കോൺഗ്രസ്സിലെ വിഘടിത വിഭാഗത്തിലെ കെ. കരുണാകരനേയും മകനേയും ഇതിനോടകം വിഘടിത സഭാനേതാവ് പാട്ടിലാക്കിക്കഴിഞ്ഞിരുന്നു.

ഒരു മെത്രാപ്പോലീത്താ ലാത്തിയടിക്കുള്ളിൽ

ചോരയുടെ ഗന്ധവും രുചിയും ഒരിക്കൽ രുചിച്ചു കഴിഞ്ഞാൽ പിന്നെ അതു കിട്ടാതെ നിണമോഹികൾ അടങ്ങുകയില്ല. വീണ്ടും അങ്ങനെ ഒരു രക്തപ്പുഴയാണ് എന്നും യുദ്ധഭൂമിയായ കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ് പള്ളിയിൽ ഒഴുകിയത്. സാധാരണയായി യുദ്ധക്കളത്തിൽ പാവപ്പെട്ട പൊതുജനങ്ങളുടെ രക്തമാണ് ഒഴുകുക. എന്നാൽ ഇത്തവണ യാക്കോബായ വിഭാഗത്തിൽ പുതുതായി അഭിഷിക്തനായ ഒരു യുവ തീവ്രവാദിയായ മെത്രാപ്പോലീത്തായുടെ ചുടുചോരയാണ് ഒഴുകിയത്. ഓർത്തഡോക്സുകാർ ആരുമല്ല ആ പാപത്തിനു കൂട്ടുനിന്നത്. നിയമലംഘനം നടത്തി പിൻവാതിലിൽ കൂടി നുഴഞ്ഞു കയറിയ ആ പിതാവിന്റെ തലയിൽ പോലീസുകാരുടെ മാർദ്ദവരഹിത ലാത്തിയാണ് പതിച്ചത്. മാർ കുറിയാക്കോസ് ദീയസ്കോറോസ് മർദ്ദനത്തിനിരയായി.

അദ്ദേഹം കണ്യാട്ടുനിരപ്പു പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കാനാണ് മുൻവാതിലിലൂടെ ആദ്യം എത്തിയത്. വിഘടിത വിഭാഗത്തിലെ മെത്രാപ്പോലീത്താമാർക്കോ വൈദികർക്കോ കോടതിവിധിയനുസരിച്ച് പള്ളിയിൽ പ്രവേശിക്കാൻ അനുവാദമില്ലെന്ന് മെത്രാപ്പോലീത്തായെ പോലീസ് വിനയപുരസ്സരം അറിയിച്ചു. അതുകേട്ട് മെത്രാപ്പോലീത്താ മടങ്ങിപ്പോവുന്നതായി ഭാവിച്ചെങ്കിലും പിൻവാതിലിലൂടെ നുഴഞ്ഞു കയറ്റം നടത്തുകയാണ് ചെയ്തത്. "പുത്തൻ അച്ചി പുരപ്പുറവും അടിക്കു"മല്ലോ. തങ്ങളുടെ നേതാവായ വിമത ബാവായുടെ കാലടികളെ പിന്തുടരുകയോ ഒരു പടി മുന്നിൽ നില്ക്കുകയോ ചെയ്താലേ ഭാവിയിൽ ആ വിഭാഗത്തിൽ സ്ഥാനം കിട്ടുകയുള്ളുവെന്നറിയാവുന്ന ആ കൊച്ചു മെത്രാച്ചൻ തന്റെ തീവ്രത മുഴുവൻ കാട്ടി. പോലീസിന്റെ മർദ്ദനമേറ്റാൽ ഒരു സഹദായുടെ പരിവേഷവും ലഭിക്കുവാനുള്ള ഈ അവസരം തക്കത്തിൽ ഉപയോഗിക്കാനുറച്ചുകൊണ്ടാണ് പിൻവാതിലിലൂടെ നുഴഞ്ഞുകയറ്റം നടത്തിയത്.

സഭയെന്നോ സഹദാ എന്നോ അന്തവും കുന്തവുമില്ലാത്ത കേരള പോലീസിന് അവർ പോലീസ് അക്കാദമിയിൽ പഠിച്ച ലാത്തിച്ചാർജ്ജും ഉരുട്ടുമൊക്കെ ഒന്ന് പ്രയോഗിക്കാൻ കിട്ടിയ നല്ല അവസരത്തെ അവരും തക്കത്തിലുപയോഗിച്ചു.

മെത്രാച്ചന്റെ നുഴഞ്ഞു കയറ്റവും മറ്റുള്ളവരുടെ തള്ളിക്കയറ്റവും മനസ്സിലാക്കിയ പോലീസ് പള്ളിക്കകത്തു ചെന്ന് മെത്രാച്ചനുമായി രമ്യമായ ചർച്ച ചെയ്യാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. "മന്ത്രിമാരോ കളക്ടറോ വന്നു തന്നോട് സംസാരിക്കട്ടെ" എന്ന ധിക്കാരമായ മറുപടിയിൽ പ്രകോപിതരായിട്ടാണ് പോലീസ് ലാത്തിച്ചാർജ്ജ് ആരംഭിച്ചത്. രമ്യ ഭാഷയ്ക്കും മധുര സംസാരത്തിനും എന്നും ലോകം ചെവി ഓർക്കും. പക്ഷേ, 'പോത്തിനോട് വേദം ഓതാൻ' പോലീസും പിന്നീടു തയ്യാറായില്ല.

ലാത്തിച്ചാർജ്ജിൽ ദീയസ്കോറോസ്, ഫാദർ തോമസ് മുരിക്കൻ ഉൾപ്പെടെ സ്ത്രീകളടക്കം ഇരുപതോളം പേർക്ക് പരുക്കേറ്റു. പോലീസ് നിയന്ത്രണത്തിലുള്ള പള്ളിയിൽ യാക്കോബായ വിഭാഗം അനധികൃത മായി പ്രവേശിച്ചതാണ് സംഘർഷത്തിനു കാരണമായതെന്ന് ഡിവൈ. എസ്.പി. പറഞ്ഞു. കല്ലേറിലും മർദ്ദനത്തിലും ഡിവൈ.എസ്.പി., സർ ക്കിൾ ഇൻസ്പെക്ടർ തുടങ്ങി ഉന്നത ഉദ്യോഗസ്ഥന്മാരടക്കം എട്ടു പോലീ സുകാർക്ക് സാരമായ പരുക്കുകളേറ്റു.

പുറത്തേക്ക് ഓടിയ ജനം റോഡിൽ പാർക്കു ചെയ്തിരുന്ന പോലീസു വാഹനങ്ങൾ നശിപ്പിച്ചു പക വീട്ടി. വാഹനങ്ങൾ ആക്രമിച്ച് നശിപ്പിച്ച നാലു പേരെ പോലീസ് കൈയോടെ പിടികൂടി അറസ്റ്റു ചെയ്കയും ചെയ്തു.

പ്രശ്നം നടുറോഡിലേക്ക്

മലങ്കരസഭാ പ്രശ്നത്തിൽ വിഘടിത ഗ്രൂപ്പിനെ കൂടെക്കൂടെ നടുറോ ഡിലിറക്കി നാടകം കളിക്കുന്ന ഒരു 'റോഡു മാനിയാ' വിമത കാതോ ലിക്കായ്ക്കുണ്ട്. നടുറോഡു പ്രകടനത്തിലും പോലീസു മർദ്ദനത്തിലും കിട്ടുന്ന ഒരു സുഖം അദ്ദേഹത്തിനു വേറൊന്നിലും കിട്ടാറില്ല എന്നു തോന്നുംവിധമാണ് അദ്ദേഹം യുദ്ധം നടുറോഡിലെത്തിച്ച് ജനജീവിതം സ്തംഭിപ്പിക്കുന്നത്.

കണ്യാട്ടുനിരപ്പു പള്ളിയിൽ നടന്ന പോലീസ് മർദ്ദനത്തിൽ പ്രതിഷേ ധിക്കാൻ യാക്കോബായ വിഭാഗം പുത്തൻകുരിശു പോലീസ് സ്റ്റേഷനി ലേക്കു ഒരു മാർച്ച് നടത്തി. അന്ന് ഭാരതം റിപ്പബ്ലിക് ദിനം ആഘോ ഷിച്ചു സന്തോഷിക്കുന്ന ദിവസമായിരുന്നു. ശക്തിപ്രകടനം നടുറോഡിനെ ബാധിച്ചു. സാധാരണ പ്രകടനങ്ങൾക്ക് മുമ്പിലിറങ്ങാറുള്ള ബദൽ ബാവാ ഇത്തവണ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ നിന്നു പ്രകടന ക്കാരെ വാഴ്ത്തി ആശീർവദിച്ച് റോഡ് ഉപരോധിക്കാനും ബസ്സുകൾ തല്ലി പ്പൊളിക്കാനും മറ്റുമുള്ള ശ്ലൈഹിക വാഴ്വു നല്കി അയച്ചതേയുള്ളു. "പള്ളിയിൽ പോലീസ് കയറരുതായിരുന്നുവെന്ന്" ബദൽ ബാവാ തന്റെ പ്രകോപന – ആശീർവാദ പ്രസംഗത്തിൽ പറഞ്ഞു. ആ പ്രസംഗത്തിൽ, ആവേശംകൊണ്ട് പുത്തൻകുരിശു പോലീസ് സ്റ്റേഷൻ ഉപരോധിക്കാൻ നടുറോഡിലേക്കു ചാടിയ ജാഥയ്ക്ക് മാർ ഗ്രീഗോറിയോസ്, മാർ അത്താ നാസ്യോസ് എന്നിവർ നേതൃത്വം നല്കി.

പക്ഷേ മാർച്ച് വഴിമദ്ധ്യേ ഡിവൈ.എസ്.പി. എൻ. സി. ചാക്കോ തട ഞ്ഞതിനാൽ അവർ നടുറോഡിൽ കുത്തിയിരുന്നു. ആ സമയം ആ വഴി കടന്നുപോയ സർക്കാർ ബസ്സുകൾ ശ്ലൈഹിക വാഴ്വുകളോടു കൂടി ത്തന്നെ ജാഥാംഗങ്ങൾ കല്ലെറിഞ്ഞു തകർത്തു. പുത്തൻകുരിശു മുഴു

വനായി ഹർത്താൽ ആചരിക്കാൻ ബദൽ ബാവായുടെ ആഹ്വാനം വന്നതോടെ കടകളും സ്കൂളുകളും അടയ്ക്കപ്പെട്ടു. ജനജീവിതം സ്തംഭിപ്പിച്ചു. പോലീസ് സ്റ്റേഷനിലേക്കു മാർച്ചു നീങ്ങാൻ ഒരു പ്രകാരത്തിലും പോലീസ് സേന സമ്മതിക്കാതെ വന്നതിനാൽ പ്രതിഷേധ മീറ്റിംഗ് നടുറോഡിൽ തന്നെ അരങ്ങേറി, "ഒത്തുതീർപ്പു വ്യവസ്ഥകളിൽ നിന്ന് ഓർത്തഡോക്സ് സഭ പിന്നോക്കം പോയതിനാൽ യാക്കോബായ വിഭാഗം സമരത്തിൽ നിന്നു പിൻമാറുകയില്ലെന്ന് ഗീവറുഗീസ് അത്താനാസ്യോസ് മീറ്റിംഗിൽ പ്രസംഗിച്ചു. വൈദിക സെക്രട്ടറി ഫാ. ഈ. സി. വറുഗീസ്, ഡോ. കെ. സി. രാജൻ എന്നിവരും പ്രസംഗിച്ചു. ഈ റോഡു സമരത്തിനു സഭാ സെക്രട്ടറി തമ്പു ജോർജ് തുകലനും, പുതിയ ഷെവലിയർ ആദായി ജയിംസും മോൻസി വാവച്ചനും നേതൃത്വം നൽകി.

കേരള ഗവർണറുടെ പ്രസംഗം

അന്നേ ദിവസം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന 54-ാമതു റിപ്പബ്ലിക്ദിന പരേഡ് സ്വീകരിച്ചുകൊണ്ട് കേരള ഗവർണർ സിക്കന്ദർ ഭക്ത് ഇപ്രകാരം പറഞ്ഞു, "പള്ളികളിലെ തമ്മിലടിയും മാറാടും കേരളത്തിനു കളങ്കം ചാർത്തിയിരിക്കയാണ്. ഇക്കാര്യത്തിൽ സംഭവിച്ച തെറ്റുകൾ തിരുത്തി സമാധാനം നിലനിർത്തുവാൻ എല്ലാവരും ശ്രമിക്കുമെന്ന്" അദ്ദേഹം പ്രത്യാശിച്ചു. മതസൗഹാർദ്ദത്തിനും സമാധാനത്തിനും പുകഴ്പെറ്റ കേരളത്തിന്റെ യശസ്സിന് പള്ളികളിലെ തർക്കം കളങ്കം വരുത്തി എന്ന് അദ്ദേഹം പറഞ്ഞു.

"ഉമ്മൻചാണ്ടിപ്രശ്നം" കൊഴുപ്പിക്കുന്നു

ഉമ്മൻചാണ്ടിയേയും മനോരമയേയും വിമർശിച്ചുകൊണ്ട് യൂത്തു ലീഗിനെ ഉപയോഗിച്ച നേതൃത്വത്തെപ്പറ്റിയും മറ്റും ചില പരാമർശനങ്ങൾ അടങ്ങിയ ഒരു കത്ത് ഒരു മെത്രാപ്പോലീത്താ എഴുതുകയും അതിന്റെ കോപ്പികൾ മാനേജിംഗ് കമ്മറ്റിയംഗങ്ങൾക്ക് അയച്ചുകൊടുക്കുകയും പത്രത്തിൽ പ്രസിദ്ധീകരണത്തിനു നല്കുകയും ചെയ്ത പാമ്പാടി ദയറായിലെ ബ. പി. സി. യോഹന്നാൻ റമ്പാച്ചന്റെ വിവാദ കത്തിന്റെ പേരിൽ ആ തിരുമേനി പ. ബാവായോടു പരാതിപ്പെടുകയും ബാവാ റമ്പാന് കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു. റമ്പാച്ചൻ സഭയുടെ അച്ചടക്കം ലംഘിച്ചുവെന്നും അഞ്ചു ദിവസത്തിനകം കാരണമുണ്ടെങ്കിൽ കാണിക്കണമെന്നും ബാവാ നോട്ടീസിൽ കാണിച്ചിരുന്നു. റമ്പാച്ചൻ കത്തിനു വിശദീകരണം നല്കി ഖേദം പ്രകടിപ്പിച്ച് എഴുതിയത് സ്വീകരിച്ച് ശിക്ഷണ നടപടികൾ റദ്ദാക്കി.

ഉമ്മൻചാണ്ടി സ്വന്തം നിലപാട് ന്യായീകരിച്ചു

ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിന്റെ പക്ഷപാതമില്ലാത്ത നിലപാടാണ് സഭാതർക്കം രൂക്ഷമായി തുടരാൻ ഇടയാക്കിയതെന്ന് ഉമ്മൻ ചാണ്ടി വിശദീകരിച്ചു.

മലങ്കര വറുഗീസ് വധക്കേസിലെ പ്രതികൾക്കു ജാമ്യം

വറുഗീസ് വധക്കേസിലെ പ്രതികളായ എൽദോ പെരുമ്പാവൂർ, ഏലിയാസ് പട്ടിമറ്റം, വറുഗീസ് ഐമുറി, മധുരചുന്നു, വിത്സൻ ചിക്കിക്കുളം, തമ്പി അല്ലപ്ര, ഏബ്രഹാം, സജിമോൻ, ഏലിയാസ് പെരുമ്പാവൂർ, വഹാബ് വെങ്ങോല, പ്രതീഷ്, പ്രസാദ് എന്നീ പതിനൊന്നു പ്രതികൾക്കും ഉപാധികളോടു കൂടി ജാമ്യം അനുവദിച്ചു. ഒന്നിടവിട്ട ദിവസം കേസന്വേഷക ഉദ്യോഗസ്ഥന്റെ മുമ്പിൽ ഹാജരാകുക, 7500 രൂപായുടെ സ്വന്തം ബോണ്ട്, രണ്ട് ആൾജാമ്യം വീതം എന്നീ ഉപാധികളാണ് ജാമ്യത്തിനു ആവശ്യപ്പെട്ടത്.

ഓർത്തഡോക്സ് സഭ നല്കിയ കേസ് തള്ളി

1150 പള്ളികളിൽ ആരാധനയ്ക്കു പോലീസ് സംരക്ഷണം തേടിയും പാത്രിയർക്കീസ് ഭാഗത്തെ മെത്രാച്ചന്മാരുടെ പള്ളിപ്രവേശനം തടയണമെന്നും ആവശ്യപ്പെട്ട് ഓർത്തഡോക്സ് പക്ഷം നല്കിയ ഹർജി താഴെപ്പറയുന്ന കാരണങ്ങളാൽ തള്ളിക്കളഞ്ഞു.

1. അത്യാവശ്യ സാഹചര്യങ്ങളിലല്ലാതെ പോലീസ് സംരക്ഷണം അനുചിതമാണ്.

2. ഇടവകപ്പള്ളികളുടെ അവകാശം സംബന്ധിച്ച് 95-ലെ സുപ്രീം കോടതി വിധി തീർപ്പു കല്പിച്ചിട്ടില്ല. ഓർത്തഡോക്സ് കക്ഷിക്ക് പള്ളികളിൽ അവകാശമുണ്ടെന്നോ മറ്റവർക്ക് ഇല്ലെന്നോ ഇതു മൂലം പറയാനാവില്ല.

3. കേസിൽ കക്ഷികളല്ലാത്ത പള്ളികളെ സംബന്ധിച്ചുള്ള അവകാശതർക്കങ്ങൾ തീരുമാനിക്കാനാവില്ല.

4. ഭരണഘടനയുടെ 19, 23, 26 ഇവ അനുസരിച്ച് അസോസിയേഷനിൽ നിന്ന് വിട്ടുനില്ക്കാനോ പ്രത്യേക അസോസിയേഷൻ രൂപവൽക്കരിക്കാനോ ഇടവകപ്പള്ളികൾക്ക് അനുവാദമുള്ളതിനാൽ പാത്രിയർക്കീസ് വിഭാഗത്തിന്റെ തീരുമാനം അതിൽ തന്നെ നിയമവിരുദ്ധമല്ല.

5. സുപ്രീംകോടതിവിധി നടപ്പാക്കാനുള്ള സാദ്ധ്യതകൾ സിവിൾ നടപടിച്ചട്ടങ്ങളിലുണ്ട്. സിവിൾ കോടതികളെ സമീപിക്കാവുന്നതാണ്.

ചീഫ് ജസ്റ്റിസ് സി. എൻ. ഗുപ്ത, എം. രാമചന്ദ്രൻ എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് ഈ വിധി പ്രസ്താവിച്ചത്.

ഭരണഘടന അംഗീകരിക്കാത്ത ബിഷപ്പന്മാർക്ക് വടക്കൻ ഭദ്രാസനങ്ങളിലെ ഇരുനൂറിൽപരം പള്ളികളിൽ പ്രവേശനമില്ലെന്നുള്ള കോടതി വിധി ഇപ്പോഴും നിലനില്ക്കുന്നുവെന്ന് സഭാസെക്രട്ടറി ഡോ. കാരയ്ക്കൽ പ്രസ്താവിച്ചു.

മേല്പറഞ്ഞ വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ പോകുമെന്ന് കാതോലിക്കാ ബാവായും പറഞ്ഞു. സഭ ഇതുപോലെ അനേക വിഷമഘട്ടങ്ങളിൽ കൂടി കടന്നുപോയിട്ടുണ്ട്. ഭാരതത്തിലെ ദേശീയസഭ അതിന്റെ സ്വാതന്ത്ര്യവും ഐക്യവും ക്രിസ്തീയ സാക്ഷ്യവും നിലനിർത്താൻ പ്രതിജ്ഞാബദ്ധമാണെന്നും ബാവാ പ്രസ്താവിച്ചു.

അതേസമയം "പള്ളികളുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് യാക്കോബായ വിഭാഗം ഉയർത്തിപ്പിടിച്ച വാദമുഖങ്ങൾ കോടതി അംഗീകരിച്ചിരിക്കയാണ്" എന്നാണ് ബദൽ ബാവാ പ്രതികരിച്ചത്.

അമേരിക്കയിലെ ഫിലാഡൽഫിയാ സെന്റ് മേരീസ് പള്ളിയെ അമേരിക്കയിലെ ആദ്യത്തെ കത്തീഡ്രലായി ഉയർത്തിക്കൊണ്ട് സീനിയർ മെത്രാപ്പോലീത്താ മാർ മക്കാറിയോസ് കല്പന ഇറക്കി. പള്ളിയുടെ ജൂബിലിയോടനുബന്ധിച്ചാണ് ഈ പ്രഖ്യാപനം അദ്ദേഹം നടത്തിയത്.

പാത്രിയർക്കീസ് ആക്കണം

മാർ മക്കാറിയോസിനെ പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിൽ പാശ്ചാത്യ പാത്രിയർക്കീസാക്കണമെന്ന് യൂറോപ്പ് – കാനഡാ ഭദ്രാസനത്തിലെ വൈദികർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ തുടങ്ങിയവരുടെ അടിയന്തിരയോഗം ആവശ്യപ്പെട്ടു.

കണ്യാട്ടുനിരപ്പ് പള്ളിയിലെ പോലീസ് മർദ്ദനത്തെ ചൊല്ലി ഒരു പ്രതിഷേധ മീറ്റിംഗ് കോട്ടയം രാജീവ്ഗാന്ധി ഷോപ്പിംഗ് സെന്ററിൽ ബന്യാമിൻ ഒസ്താത്തിയോസ് ഉത്ഘാടനം ചെയ്യുകയും ഒരു ഉപവാസ ധർണ സംഘടിപ്പിക്കുകയും ചെയ്തു.

പെരിങ്ങാല ജോർജിന്റെ ശവസംസ്ക്കാരത്തെ ചൊല്ലി കായംകുളം കാദീശാ പള്ളിയിൽ തർക്കമുന്നയിക്കയും സംഘർഷം സൃഷ്ടിക്കയും ചെയ്തെങ്കിലും പോലീസിന്റെ സമയോചിതമായ ഇടപെടൽ നിമിത്തം അനിഷ്ട സംഭവങ്ങൾ ഒഴിവായി.

സഭാതർക്കത്തിൽ വയലാർ രവിയുടെ സന്ധിചർച്ചകൾ

മുമ്പ് താല്ക്കാലികമായ ചർച്ചകൾ വയലാർ രവി പുനരാരംഭിച്ചു. കോടതിവിധികൾ പരിഗണിച്ചുകൊണ്ടുതന്നെ തർക്കം പരിഹരിക്കാനാണദ്ദേഹം ശ്രമിച്ചത്. ആലുവാ പാലസിൽ വച്ച്, ഓർത്തഡോക്സ് പ്രതിനിധികളായ ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. തോമസ് മാർ അത്താനാസ്യോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, ജോൺ സഖറിയാ എന്നിവരുമായി അദ്ദേഹം ചർച്ച നടത്തി.

പിറ്റേന്ന് അദ്ദേഹം യാക്കോബായക്കാരുമായി ചർച്ച നടത്തി. സഭയ്ക്ക് ഭൂരിപക്ഷമുള്ള പള്ളികളിലെ പ്രശ്നം ഒന്നൊന്നായി ചർച്ച ചെയ്തു തീരുമാനിക്കണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു. എട്ടു പള്ളികളുടെ തർക്കമാണ് ആദ്യം പരിഹരിക്കേണ്ടത്. ഇരു കക്ഷികളും അവകാശപ്പെടുന്ന പള്ളികളുടെ ലിസ്റ്റ് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് തയ്യാറാക്കണം. ഹൈക്കോടതി വിധിക്ക് എതിരെ അപ്പീൽ നല്കുന്നതിനു മുമ്പെ തർക്കം കോടതിക്കു പുറത്ത് സൗഹാർദ്ദപരമായി തീർക്കാൻ ശ്രമിക്കണമെന്ന് മാർ ഗ്രീഗോറിയോസ് അഭിപ്രായപ്പെട്ടു. വയലാർ രവി ഡൽഹിക്കു പോയി മടങ്ങിവന്ന ശേഷം ഫെബ്രുവരി 2-ന് ഉപസമിതിയംഗം ശങ്കരനാരായണനുമായി ചർച്ച ചെയ്യുമെന്ന് രവി ഉറപ്പു നൽകി. മാർ ഗ്രീഗോറിയോസ്, ഫാ. ആദായി, തമ്പു തുകലൻ, ജോർജ്ജ് മാത്യു എന്നിവർ പങ്കെടുത്തു.

പ. ബാവായുടെ 89-ാം ജന്മദിനത്തിൽ പുതിയകാവു കത്തീഡ്രലിൽ നടന്ന സമ്മേളനത്തിൽ ബിഷപ്പ് പൗവ്വത്തിൽ പറഞ്ഞു, "ആത്മീയതയുടെ നിറവിൽ അജപാലനമാതൃകയാകുന്ന മഹത് വ്യക്തിയാണ് ബാവാ." ലാളിത്യവും ആത്മാർത്ഥതയും കൊണ്ട് ജനമനസ്സുകളെ സ്വാധീനിച്ച ആചാര്യ ശ്രേഷ്ഠനാണ് കാതോലിക്കാ ബാവാ എന്ന് എൻ. എസ്. എസ്. ജനറൽ സെക്രട്ടറി പി. കെ. നാരായണപ്പണിക്കർ പറഞ്ഞു. മാർത്തോമ്മാ മെത്രാപ്പോലീത്താ മാർ ക്രിസോസ്റ്റം "സേവന മേഖലയിൽ നിറഞ്ഞുനില്ക്കുന്ന ആദ്ധ്യാത്മിക ജ്യോതിസ്സ്" എന്നാണ് പ. ബാവായെ വിശേഷിപ്പിച്ചത്.

അതേസമയം ബദൽ കാതോലിക്കാ തോമസ് ബാവാ മീനങ്ങാടിപ്പള്ളിയിൽ വീണ്ടും പ്രകോപന പ്രസംഗങ്ങളാൽ ജനവികാരത്തെ ഇളക്കിവിടാനാണ് ശ്രമിച്ചത്. അദ്ദേഹം പറഞ്ഞു: "കോടതി പോലും എനിക്കു നീതി തരുന്നില്ല. ന്യായാധിപന്മാരും ശരിയായ രീതിയിലല്ല പ്രവർത്തിക്കുന്നത്. ക്ഷമയുടെ പാതയാണ് തന്റേതെന്നും എന്നാൽ ഇനിയും താൻ ക്ഷമിക്കുമെന്ന് കരുതരുതെന്നും, സഭയുടെ സ്ഥാപനങ്ങൾ തിരിച്ചു പിടിക്കുമെന്നും" അദ്ദേഹം പറഞ്ഞു.

വീണ്ടും ഫെബ്രുവരി 19-ാം തീയതി തിരുവൻമണ്ടൂർ സെന്റ് മേരീസ്

ക്നാനായ പള്ളി ജൂബിലിയിൽ "പൗരസ്ത്യ കാതോലിക്കാ മനുഷ്യനല്ല" എന്നു വിശേഷിപ്പിച്ചു കൈയടി വാങ്ങി. "ആത്മീയതയുടെ നിറവിൽ അജപാലന മാതൃകയുടെ മഹത് വ്യക്തി" എന്ന് കാർഡിനലും ജനമനസ്സുകളെ ആത്മാർത്ഥതയാൽ സ്വാധീനിച്ച ആചാര്യശ്രേഷ്ഠനെന്ന്" നായർ നേതാവും "സേവന മേഖലയിലെ ആത്മിക ജ്യോതിസ്സ്" എന്ന് മാർ ത്തോമ്മാ മെത്രാപ്പോലീത്തായും വിശേഷിപ്പിച്ച മഹാചാര്യനെ 'മനുഷ്യനല്ല' എന്ന് പറയുവാൻ ബദൽ ബാവായ്ക്ക് ഒരു ഉളുപ്പും ഉണ്ടായിരുന്നില്ല. "മനുഷ്യനല്ല" എന്ന പ്രയോഗംകൊണ്ട് അദ്ദേഹം മൃഗമാണെന്നോ അഥവാ പിശാചാണെന്നോ ഒക്കെ വ്യംഗ്യം എന്ന് വ്യാഖ്യാനിക്കാം. അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ഉദ്ധരിക്കട്ടെ. "സഭാതർക്കത്തിൽ എന്നെ 346 കേസുകളിൽ പ്രതിയാക്കിയ ആൾ മനുഷ്യനല്ല. ഇങ്ങനെ പറയേണ്ടി വന്നതിൽ എനിക്കു ഖേദമുണ്ട്."

ഫെബ്രുവരി മൂന്നിനു കൊച്ചി ഭദ്രാസനത്തിന്റെ 125-ാം വാർഷിക സമ്മേളനത്തിൽ പ. കാതോലിക്കാബാവാ സഭയുടെ നിലപാടിനെ വ്യക്തമാക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "മലങ്കരസഭ ഒരുനാളും ഒരു വിദേശ സഭയുടെയും കീഴിലായിരുന്നില്ല. സഭയെ നട്ടത് കർത്താവും ആ സുവിശേഷം നമ്മെ അറിയിച്ച് ഭാരതസഭയ്ക്ക് ഭരണത്തിനേല്പിച്ചതു കാവൽ പിതാവ് തോമ്മാശ്ലീഹായുമാണ്. ഇവിടെ ശാന്തിയും സമാധാനവും കൈവരാനാണ് നാം പൊരുതുന്നത്. ആദിമസഭയിലെ വിശ്വാസത്തിനുവേണ്ടിയുള്ള പീഡനം ഇന്നു നാം ഏറ്റെടുത്തു അനുഭവിക്കുന്നു. പാത്രിയർക്കീസിന്റെ അധികാരം വ്യക്തമായി ഭരണഘടനയിലുണ്ട്. ഇവിടെ മെത്രാന്മാരെ വാഴിക്കുന്നതു കാതോലിക്കായുടെ അനുമതിയോടുകൂടി മാത്രമേ ആകാവൂ എന്ന് സുപ്രീംകോടതി വ്യക്തമായി വിധിച്ചിരിക്കെ ഏതു വിധി അനുസരിച്ചാണ് അദ്ദേഹം കാതോലിക്കായേയും മെത്രാന്മാരെയും ഇവിടേക്ക് വാഴിച്ചത്?"

ബദൽ ബാവായുടെ ഏജന്റായ കെ. കരുണാകരൻ ആയിടെ ഒരു പത്രപ്രസ്താവനയുമായി പുറപ്പെട്ടു. അത് ഒരേ സമയം കോൺഗ്രസ് സർക്കാരിനെ കുറ്റപ്പെടുത്താനും തോമസ് ബാവായ്ക്കു വേണ്ടി പള്ളികൾ തുറന്നു കൊടുക്കാനുമായുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരുന്നു. "പള്ളികളിൽ ഇരുവിഭാഗത്തിനും അവസരം നല്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. നിയമപാലനം നടത്തേണ്ടവർ കോടതിവിധി എന്ന പേരിൽ കൈയും കെട്ടി നിൽക്കുന്നതു മൂലം സംസ്ഥാനത്ത് സൗഹൃദാന്തരീക്ഷം തകരുകയാണ്" എന്ന് ഫെബ്രുവരി നാലാം തീയതി ഒരു പ്രസ്താവനയിൽ പറഞ്ഞു.

വട്ടശ്ശേരിൽ തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപിക്കാൻ ദീർഘകാല ആലോചനയ്ക്കും വ്യാപകമായ പഠനത്തിനും ശേഷം ഫെബ്രുവരി ആദ്യ

ആഴ്ചയിൽ ചേർന്ന പ. സുന്നഹദോസ് തീരുമാനിക്കുകയും തദനുസരണമായ കല്പന പള്ളികൾക്ക് ബാവാ അയയ്ക്കുകയും ചെയ്തു.

കേരളത്തിലെ വടക്കൻ ഭദ്രാസനങ്ങൾ കലാപകലുഷിതമായിരിക്കുന്നുവെന്ന് കണ്ട് ആ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാം എന്ന ദുരുദ്ദേശ്യത്തിൽ മൂവാറ്റുപുഴ ആസ്ഥാനമാക്കി മലങ്കര റീത്തിന്റെ ഒരു രൂപത ഉണ്ടാക്കി. സഭകൾ ഒന്നാകണമെന്നുള്ള ആഗ്രഹം ശക്തിമത്തായിരിക്കയാണെന്ന് പ്രസംഗകർ ആ ഭാഗത്തുള്ള യാക്കോബായക്കാരുടെ നേരെ ചൂണ്ട എറിഞ്ഞുകൊണ്ട് പറഞ്ഞു.

കടമറ്റത്ത് സംഘർഷവും ബ. പൂവത്തുംവീട്ടിൽ എം. വി. ഏബ്രഹാം അച്ചനും

സുപ്രസിദ്ധമായ കടമറ്റം പള്ളിയിൽ ഇരുവിഭാഗങ്ങളും ആരാധന നടത്തുന്ന പതിവ് വളരെക്കാലമായി നിലനിന്നിരുന്നു. സഭാ സമാധാനം ഉണ്ടായ 1958 മുതൽ കക്ഷിവ്യത്യാസം മറന്ന് ഇരുഭാഗക്കാരും യോജിച്ചു പ്രവർത്തിച്ചിരുന്നെങ്കിലും ബദൽ ബാവായുടെ ആഗമനത്തോടൊപ്പം ചേരിതിരിവ് വീണ്ടും അവിടെ രൂക്ഷമായിത്തുടങ്ങി. വടക്കൻ പ്രദേശത്ത് പുറജാതികൾക്കുപോലും ആശ്വാസകേന്ദ്രമായിരുന്ന കടമറ്റത്ത് കത്തനാരും കടമറ്റത്തു പള്ളിയും നിന്ദാപാത്രമായി പരിണമിക്കാൻ അധികകാലം വേണ്ടിവന്നില്ല. നിസാരകാര്യങ്ങൾക്കു പോലും മസിൽയുദ്ധം അവിടെ പതിവായി. ബുദ്ധിക്കു മീതെ വികാരം അവിടെ കൊടികുത്തിവാണു.

2003 ഫെബ്രുവരി മാസം കടമറ്റം ഗ്രാമത്തിൽ കൊച്ചി-മധുര ദേശീയപാതയിൽ ഓർത്തഡോക്സ് പാത്രിയർക്കീസ് വിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടി. പള്ളിക്കു പുറത്ത് നടുറോഡിലായിരുന്നതുകൊണ്ട് ഏറ്റുമുട്ടലിന് ഒരു തെരുവുയുദ്ധത്തിന്റെ ഭാവമായിരുന്നു കൈവന്നത്. യാക്കോബായ വിഭാഗത്തിലെ ഫാ. പൗലോസ് പുതിയമഠം തുടങ്ങി എട്ടു പേർക്ക് പരുക്കേറ്റു.

ഓർത്തഡോക്സ് പക്ഷത്തിന്റെ വടക്കൻ മേഖലയിൽ തല എടുപ്പുള്ള ഒരു പട്ടക്കാരനായിരുന്നു ബ. ഏബ്രഹാം പൂവത്തുംവീട്ടിലച്ചൻ. അദ്ദേഹം ശാന്തപ്രകൃതിയും സമാധാനപ്രിയനും ആയിരുന്നു. കോലഞ്ചേരി പള്ളി വികാരി ആയിരുന്ന അദ്ദേഹം ആ പള്ളിയിലെ കക്ഷിവഴക്കുകളിൽ എന്നും മദ്ധ്യസ്ഥനായി സമാധാനത്തിനു ശ്രമിച്ചു വന്ന നേതാവും കോലഞ്ചേരി ആശുപത്രി സ്ഥാപനം മുതൽ അത് മെഡിക്കൽ കോളജായി ഉയരുവോളം അതിന്റെ വളർച്ചയിൽ നിർണ്ണായകപങ്കു വഹിച്ച ആളും കോലഞ്ചേരി-കടമറ്റം പ്രദേശങ്ങളിൽ അറിയപ്പെട്ട ഒരു സാമൂഹ്യ പ്രവർത്തകനുമായിരുന്നു.

അന്നു പകൽ കടമറ്റം ദേശീയപാതയിൽ നടന്ന സംഘട്ടനം അദ്ദേഹം അറിഞ്ഞിരുന്നില്ല. എങ്കിലും വൈകുന്നേരം കടമറ്റം പള്ളിക്ക് ഏറ്റം അടുത്ത് ദേശീയപാതയുടെ ഓരത്തുള്ള അദ്ദേഹത്തിന്റെ വസതി ആക്രമിച്ചുകൊണ്ടാണ് യാക്കോബായപക്ഷത്തെ റൗഡികൾ പകരം വീട്ടിയത്. പൂവത്തുംവീട്ടിൽ ഭവനം ആക്രമണത്തിന് ഇരയായി. വീടിന്റെ ജനൽ ചില്ലകളും മുറ്റത്തു കിടന്ന കാറും അക്രമികൾ അടിച്ചുതകർത്തു. ബ. ഏബ്രഹാം അച്ചൻ അന്ന് വീട്ടിലുണ്ടായിരുന്നില്ല. അച്ചന്റെ ഭാര്യയും കുഞ്ഞുകുട്ടികളും ഭയവിഹ്വലരായി. വീട് ആക്രമിച്ച് കലിപൂണ്ട റൗഡി സംഘം വീടിനുള്ളിലേക്കു കടന്ന് അച്ചന്റെ ഇളയ സഹോദരൻ യോപ്പി, മുണ്ടിയാട്ടു രജി, പള്ളിത്താഴത്ത് ജോർജ്ജുകുട്ടി എന്നിവരെ മാരകമായി മർദ്ദിച്ചു. കഠിനമായ പരുക്കുകളുമായി അവരെ പിന്നീട് കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ബ. ഏബ്രഹാം അച്ചൻ സ്ഥലത്തുണ്ടായിരുന്നെങ്കിൽ ഒരു രക്ത സാക്ഷി കൂടി സഭയ്ക്ക് അന്ന് ലഭിക്കുമായിരുന്നു. യാതൊരു പ്രകോപനവുമില്ലാതെയാണ് അച്ചന്റെ വീട് ആക്രമിച്ചത്. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി നെഞ്ചു വിരിച്ചുനിന്ന ആ മലങ്കരസഭയുടെ അഭിമാനപുത്രനെ, വകവരുത്താനായിരുന്നു അവർ വീടാക്രമിച്ചത്.

വശ്യസുന്ദരമായ പുഞ്ചിരികൊണ്ടും സ്നേഹമസൃണമായ പെരുമാറ്റംകൊണ്ടും ജാതിമത കക്ഷിഭേദമെന്യേ സകലരുടേയും ഹൃദയം കവർന്ന ബ. എം. വി. ഏബ്രഹാം അച്ചന്റെ വീടിനു നേരെ ഉണ്ടായ ഈ ആക്രമണത്തിൽ പ്രതിഷേധിച്ച് കണ്ടനാടു ഭദ്രാസന വൈദികസംഘം അന്നുതന്നെ ഭദ്രാസന മെത്രാപ്പോലീത്താ മാർ സേവേറിയോസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പ്രതിഷേധം അറിയിച്ചു. ബ. അച്ചന്റെ സേവനങ്ങളെ മലങ്കരസഭയ്ക്കു മറക്കാനാവില്ല.

19

മലങ്കരയ്ക്ക് രണ്ടാമത്തെ പരിശുദ്ധൻ

ഫെബ്രുവരി 20-നു കൂടിയ മാനേജിംഗ് കമ്മറ്റിയിൽ വട്ടശ്ശേരിൽ തിരുമേനിയുടെ വിശുദ്ധനാമകരണച്ചടങ്ങിനു പഴയസെമിനാരിയിലെ ക്രമീകരണങ്ങളെപ്പറ്റി വിശദ ചർച്ചകൾ നടത്തി. പ. ബാവായുടെ മേല്പട്ട സ്ഥാനത്തിന്റെ 50-ാം ജൂബിലി മെയ് 15-ന് കൊണ്ടാടാനും തീരുമാനിച്ചു.

ഒരു പരിശുദ്ധൻ കൂടി ജനിക്കുന്നു.

24, ഫെബ്രുവരി 2003. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി ഇന്നു പ്രഖ്യാപിച്ചു. പതിനായിരങ്ങൾ പങ്കെടുത്ത ഭക്തിനിർഭരമായ ചടങ്ങ്.

പ. ബാവായുടെ ഇതു സംബന്ധിച്ചുള്ള കല്പനയിലെ പ്രസക്തഭാഗം:

"പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ അരുമശിഷ്യഗണത്തിൽ പ്രഥമ ഗണനീയനും മലങ്കരമെത്രാപ്പോലീത്തായും ആയിരുന്ന വട്ടശ്ശേരിൽ മാർ ദീവാന്നാസ്യോസ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കണമെന്ന് നമ്മുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഫെബ്രുവരി, ജൂലൈ എന്നീ സെഷനുകളിൽ തീരുമാനം ചെയ്തിട്ടുള്ളതാകുന്നു. ഈ തീരുമാനം പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷനും മലങ്കരയിലെ പൗരസ്ത്യ ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷനുമെന്ന നിലയിൽ സഭാമക്കളെ അറിയിക്കുവാനുള്ള ചുമതല നമുക്കുള്ളതിനാൽ ആയതു ഈ കല്പന മുഖാന്തരം നിങ്ങളെ അറിയിക്കുന്നു. ആയതിനാൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധ പദവിയിലേക്കുയർത്തുന്നതിനായി അദ്ദേഹത്തിന്റെ 69-ാമത് ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന ഫെബ്രുവരി 24-ാം തീയതി അദ്ദേഹം കബറടങ്ങിയിരിക്കുന്ന കോട്ടയം പഴയസെമിനാരിയിൽ രാവിലെ വി. കുർബ്ബാനയ്ക്കു ശേഷം പ്രത്യേക ശുശ്രൂഷകളോടു കൂടി പ്രഖ്യാപനം നടത്തുന്നതാണ്. പ്രസ്തുത ശുശ്രൂഷകളിലും പെരുനാളിലും നമ്മുടെ എല്ലാ സഭാമക്കളും വന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് നാം അറിയിക്കുന്നു.

ഓരോ പള്ളിയിൽ നിന്നും എത്രമാത്രം ആളുകൾ വന്നുചേരാമോ അത്രയും ആളുകൾ ആവശ്യമെങ്കിൽ വാഹനങ്ങൾ ക്രമീകരിച്ചു വരണം."

ഫെബ്രുവരി 24-ാം തീയതി രാവിലെ പഴയസെമിനാരി ചാപ്പലിന്റെ അങ്കണത്തിൽ തടിച്ചുകൂടിയ പതിനായിരങ്ങളെ സാക്ഷിനിർത്തി വി. മൂന്നി

ന്മേൽ കുർബ്ബാനമദ്ധ്യേയാണ് പ. ബാവാ പരിശുദ്ധ പ്രഖ്യാപനം നടത്തിയത്. വി. മൂന്നിന്മേൽ കുർബ്ബാനയിൽ മാർ യൗസേബിയോസ്, പൗലോസ് മാർ മിലിത്തിയോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു. സഭയിലെ എല്ലാ തിരുമേനിമാരും നൂറുകണക്കിനു വൈദികരും കന്യാസ്ത്രീകളും ശുശ്രൂഷയിൽ പങ്കെടുത്തു.

പ്രത്യേക ശുശ്രൂഷാമദ്ധ്യേ ബാവാതിരുമേനിയുടെ കല്പന ചെങ്ങന്നൂരിന്റെ മാർ അത്താനാസ്യോസ് വായിച്ചു.

പ്രഖ്യാപനം

പ. ബാവാ പരിശുദ്ധ പദവി പ്രഖ്യാപിച്ചു. "പൗരസ്ത്യ ഓർത്ത ഡോക്സ് സുറിയാനിസഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ നിശ്ചയപ്രകാരം മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ സഭയിലെ ഒരു പരിശുദ്ധനായി പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും തിരുനാമത്തിൽ നാം പ്രഖ്യാപിക്കുന്നു."

തടിച്ചുകൂടിയ ആയിരങ്ങൾ ഈ പ്രഖ്യാപനത്തിനു പ്രതിവാക്യമായി ഓരോ പ്രാവശ്യവും "അപ്രകാരം ഞങ്ങൾ സ്വീകരിച്ച് ഏറ്റുപറയുന്നു" എന്നു ഏറ്റുപറഞ്ഞപ്പോൾ അതു മലങ്കരയുടെ ചരിത്രത്താളിലെ ഒരു അപൂർവ്വ ചാരുതയായി. ആ സമയം 69 ആചാരവെടികൾ മുഴങ്ങി.

വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ വി. സഭയുടെ രണ്ടാമത്തെ വിശുദ്ധനായി പ. സുന്നഹദോസ് പ്രഖ്യാപിക്കുന്നു.

തുടർന്നു നടന്ന പൊതുസമ്മേളനം റോമൻ ആർച്ചുബിഷപ്പ് ജോസഫ് പൗവ്വത്തിൽ തിരുമേനി ഉദ്ഘാടനം ചെയ്തു. എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് പ്രസംഗിച്ചു.

മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ ചരിത്ര പ്രസിദ്ധമായ പ്രസംഗം. തദവസരത്തിൽ അഞ്ചു പ്രാവശ്യം ജനസമൂഹത്തിന്റെ കൈയടി വാങ്ങിയ പ്രസംഗത്തിന്റെ രത്നച്ചുരുക്കം:

"മലങ്കരയെ ദംശിച്ച ശീമസർപ്പത്തിന്റെ തല തകർത്ത ആധുനിക ഗീവറുഗീസ് സഹദാ ആയിരുന്നു വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ. നിഷ്ക്കപടതയുടെ ഉത്തുംഗ നിദർശനമായിരുന്ന ആ പിതാവിന്റെ സമരവീര്യം പ്രാർത്ഥനയുടേതായിരുന്നു. വട്ടശ്ശേരിൽ തിരുമേനി എന്ന തനി തങ്കത്തിന്റെ മാറ്ററിയുവാൻ മലങ്കര നസ്രാണികളെ സഹായിച്ച അബ്ദുള്ളാ പാത്രിയർക്കീസിനോടുള്ള നന്ദി അറിയിക്കുന്നതിനോടൊപ്പം ഇനിയും ഒട്ടേറെ മുടക്കുകളെ ഇതിലേക്കായി പ്രതീക്ഷിക്കയും ചെയ്യുന്നു."

വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതം രത്നച്ചുരുക്കത്തിൽ

ഗാർഹികം – മാതാപിതാക്കൾ, ജനനം.

വട്ടശ്ശേരിൽ ജോസഫ് – ഏലിയാമ്മ ദമ്പതികളുടെ ഇളയ മകൻ വറുഗീസ് ഒക്ടോബർ 31-ന് മല്ലപ്പള്ളിയിൽ ജനിച്ചു.

സഹോദരങ്ങൾ – 4 സഹോദരന്മാരും, 4 സഹോദരിമാരും ഉണ്ടായിരുന്നു.

വിദ്യാഭ്യാസം – ആദ്യഗുരു വലിയവീട്ടിൽ കൊച്ചിക്കാ ആശാൻ.

പ്രാഥമിക വിദ്യാഭ്യാസം – മുട്ടത്തുമണ്ണിലെ സി.എം.എസ്. സ്കൂളിൽ.

ഹൈസ്കൂൾ – കോട്ടയം സി.എം.എസ്. സ്കൂളിൽ.

വൈദികവിദ്യാഭ്യാസം – 4 വർഷം കോട്ടയം പഴയസെമിനാരിയിൽ.

പൗരോഹിത്യം – 1876 ഒക്ടോബർ 12 – പത്രോസ് പാത്രിയർക്കീസിൽ നിന്നും സബറോനോ.

1879 ഒക്ടോബർ 16 – പരുമലത്തിരുമേനിയിൽ നിന്നും പൂർണ്ണ ശെമ്മാശുപട്ടം.

1880 ജനുവരി 18 – കശ്ശീശാ ആയി.

1903 നവംബർ 25 – പുലിക്കോട്ടിൽ തിരുമേനിയാൽ റമ്പാൻ സ്ഥാനം (പഴയസെമിനാരിയിൽ വച്ച്).

1908 ഫെബ്രുവരി 14 – പഴയസെമിനാരി അസ്സോസിയേഷൻ മലങ്കര മെത്രാപ്പോലീത്തായുടെ പിൻഗാമിയായി തെരഞ്ഞെടുത്തു.

1908 മെയ് 31 – അബ്ദുള്ളാ പാത്രിയർക്കീസിൽ നിന്നും യേരുശലേമിൽ വച്ച് മെത്രാൻപട്ടം.

1909 ജൂലൈ 12 – മലങ്കര മെത്രാപ്പോലീത്താ ആയി.

1912 – മലങ്കരയിൽ കാതോലിക്കാ സിംഹാസന സ്ഥാപനത്തിന് സുധീരനേതൃത്വം നൽകി.

1934 വരെ മലങ്കര മെത്രാപ്പോലീത്താ ആയി ഭരണം നടത്തി.

1934 ഫെബ്രുവരി 23-നു കാലം ചെയ്തു പഴയസെമിനാരിയിൽ കബറടങ്ങി. ജീവിതകാലത്തുതന്നെ 'മലങ്കരസഭാഭാസുരൻ' പദവി നല്കി സഭാമക്കൾ ആദരിച്ചു.

2003 ഫെബ്രുവരി 24-ന് സഭ പരിശുദ്ധനായി പ്രഖ്യാപിച്ചു.

അപാരമായ ബുദ്ധികൂർമ്മതയും അഗാധമായ ഭക്തിയും ഒരുമിച്ചു വിളങ്ങിയിരുന്ന ഒരു അതിമാനുഷനായിരുന്നു പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി.

മാർ മക്കാറിയോസ് വീണ്ടും പരിശുദ്ധനെപ്പറ്റി

വേറൊരു യോഗത്തിൽ മക്കാറിയോസ് തിരുമേനി ഈ കാര്യം അനുസ്മരിച്ചുകൊണ്ടു പറഞ്ഞു, "ബുദ്ധി മറച്ചുവയ്ക്കാനാവില്ല, ഭക്തി പുറമെ കാണുകയുമില്ല. മലങ്കരസഭയിൽ ജീവിച്ചിരുന്ന അളക്കപ്പെടുവാനും വ്യാഖ്യാനിക്കപ്പെടുവാനും സാദ്ധ്യമല്ലാതിരുന്ന അതുല്യ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു വട്ടശ്ശേരിൽ തിരുമേനി എന്ന് പുത്തൻകാവിൽ മാർ പീലക്സിനോസ്, പ്രിൻസിപ്പൽ എ. എം. വർക്കി എന്നിവരുടെ പ്രസ്താവനകൾ ഉദ്ധരിച്ചുകൊണ്ട് തിരുമേനി പറഞ്ഞു. മലങ്കരയുടെ ഏറ്റം പ്രശ്നകലുഷിതമായ ഒരു കാലഘട്ടത്തിലാണ് വട്ടശ്ശേരിൽ തിരുമേനി ജീവിച്ചിരുന്നത്. സഭയിൽ വഴക്കും കേസും ഒക്കെ ഉണ്ടായിരുന്നിട്ടും സൃഷ്ടിപരമായ കാര്യങ്ങൾ നിർവ്വഹിച്ച് സഭയെ അദ്ദേഹം നയിച്ചു. കാതോലിക്കേറ്റ് സ്ഥാപിച്ചത് കേസിനു കാരണമായെങ്കിലും ആ വിവാദപരമായ കാതോലിക്കേറ്റ് പില്ക്കാലത്ത് സഭയുടെ രക്ഷാകവചമായിത്തീർന്നു. തിരുമേനിയെ സെമിനാരിയിൽ നിന്നിറക്കി വിടുവാൻ പാത്രിയർക്കീസും കൂട്ടു ട്രസ്റ്റികളും ആവുന്നത്ര ശ്രമിച്ചെങ്കിലും സെമിനാരിയിലെ ശെമ്മാശന്മാർ അതിനെതിരായി ശക്തമായ സമരം ചെയ്തതുകൊണ്ട് എതിരാളികൾക്ക് ഒന്നും ചെയ്യാൻ സാധിച്ചില്ല. പരാജയങ്ങളെ തിരുമേനി ശക്തമായി അഭിമുഖീകരിച്ചത് പാതിരാത്രിയിൽ അദ്ദേഹം ദൈവസന്നി

ധിയിൽ ഒഴുക്കിയ കണ്ണുനീരുകൊണ്ടായിരുന്നു. ആ പ്രാർത്ഥനയുടെ ശക്തി മലങ്കരസഭയെ ആത്മീയമായും ലൗകികവുമായി വളർത്തി. ഈ സഭയെ നേരായ ദിശയിൽ നയിക്കുന്നതിനു പിതാക്കന്മാർക്കു ശക്തി ലഭിക്കുവാൻ വിശ്വാസികൾ കണ്ണീരൊഴുക്കണമെന്ന് തിരുമേനി ആഹ്വാനം ചെയ്തു.

മലങ്കരസഭ അങ്ങനെ സഭാനാഥന്റെ ദൗത്യം ഭാരതത്തിൽ അന്യൂന മായി നിർവ്വഹിച്ചുകൊണ്ട് മുന്നേറുമ്പോൾ ബദൽ കാതോലിക്കാ വിഷം തുപ്പുന്ന ചടുലഭാഷയിൽ പ്രസംഗങ്ങളുമായി "തന്റെ യാഗാശ്വത്തെ പിടി ച്ചുകെട്ടാൻ ആരുണ്ടിവിടെ കാണട്ടെ" എന്ന ഭാവത്തിൽ കേരളത്തിലുട നീളം ചുറ്റിയടിച്ചുകൊണ്ടിരുന്നു. കോടതിവിധികളെ ധിക്കരിക്കാനും അദ്ദേഹം മടിച്ചില്ല. "മർമ്മം അറിയാത്തവന് എവിടെയും തല്ലാം" എന്ന് ജനം പിറുപിറുക്കാൻ തുടങ്ങി.

പാത്രിയർക്കീസ് കക്ഷിയുടെ ഒരു വലിയ തീർത്ഥാടനകേന്ദ്രമാണ് മഞ്ഞിനിക്കര. മലങ്കരസഭയുടെ യോജിപ്പിനുവേണ്ടി ഇവിടെ എത്തിയ ഏലിയാസ് പാത്രിയർക്കീസ് ബാവായ്ക്ക് ആ ദൗത്യം നിർവ്വഹിക്കാനുള്ള അനുവാദം നിയതി കൊടുത്തില്ല. മലങ്കരയിലെ ഹൃസ്വകാല ജീവിത ത്തിനിടയിൽ അദ്ദേഹത്തെ ദൈവം തിരികെ വിളിച്ചു. അദ്ദേഹത്തിന്റെ മരണത്തോടനുബന്ധിച്ച് അക്കാലത്ത് ഓമല്ലൂരും പത്തനംതിട്ടയിലും ഒക്കെ പ്രചരിച്ച ഒരു വാർത്ത എത്രമാത്രം ശരിയാണെന്നറിഞ്ഞു കൂടാ. എങ്കിലും രസകരമായ ആ കഥ വായനക്കാർക്കു വേണ്ടി രേഖപ്പെടുത്തട്ടെ.

ബാവാ കാലം ചെയ്ത വാർത്ത കേട്ടയുടൻ പത്തനംതിട്ട ഉണ്ടായി രുന്ന തുമ്പമണ്ണിന്റെ പുത്തൻകാവിൽ മാർ പീലക്സിനോസ് തിരുമേനി യാണ് ആദ്യം മഞ്ഞിനിക്കര ഓടിയെത്തിയത്. അദ്ദേഹമാണ് മൃതദേഹം കുളിപ്പിച്ച് അംശവസ്ത്രങ്ങൾ അണിയിച്ച് കസേരയിൽ ഇരുത്തുന്നതിനു മുൻകൈ എടുത്തത് എന്നു കേട്ടിട്ടുണ്ട്.

മഞ്ഞിനിക്കരയിൽ വളരെ നാളായി ശീമക്കാരനായ മാർ യൂലിയോസ് മെത്രാപ്പോലീത്തായും ബാവായുടെ സെക്രട്ടറി ശെമ്മാശനും ദയറായിലെ അന്തേവാസികളും ഒക്കെ അവിടെ ഉണ്ടായിട്ടും അവരാരും ബാവായുടെ മൃതദേഹം ഒരുക്കുന്നതിൽ എന്തേ മുൻകൈ എടുക്കാഞ്ഞത്?

പുത്തൻകാവിൽ തിരുമേനി മരണവാർത്ത അറിഞ്ഞപാടെ പത്തനം തിട്ട നിന്ന് ഓമല്ലൂർ ഓടിയെത്തിയപ്പോൾ കാണാനിടയായ കാഴ്ച വിശ്വ സനീയമായിരുന്നില്ലത്രേ. ബാവായുടെ മൃതദേഹത്തെപ്പറ്റി ചിന്തിക്കുന്ന തിനു പകരം അദ്ദേഹത്തിന്റെ സ്വർണ്ണപ്പണ്ടങ്ങളിന്മേലായിരുന്നു അവ രുടെ ശ്രദ്ധ. എപ്പോഴും അവയുടെ സൂക്ഷിപ്പുകാരനായി ബന്ധുവായ ഒരാളെ അദ്ദേഹം യാത്രകളിൽ കൊണ്ടുപോകുമായിരുന്നത്രേ. ബാവാ

കാലം ചെയ്ത ഉടനെ പണ്ടങ്ങളിൽ കണ്ണുവച്ച ശീമക്കാരൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ, തഹലൂപ്പായായ താനാണ് ഇനി അവയുടെ അധികാരി എന്ന മട്ടിൽ സ്വർണ്ണപ്പണ്ടങ്ങളുടെ പെട്ടി കൈവശമാക്കാൻ ശ്രമിച്ചു. പിടിയും വലിയുമായപ്പോൾ ബാവായുടെ ബന്ധു ആ പെട്ടിയുടെ പുറത്തു കയറിയിരുപ്പായി. മാർ യൂലിയോസ് അയാളുടെ മടിയിലും. സഭാനേതാക്കളൊക്കെ വന്നശേഷം ഈ "ശീമക്കളി" ഭക്തജനങ്ങൾ കാണാതിരിക്കത്തക്കവണ്ണം ആ പെട്ടി, ദീർഘനാളായി കേരളത്തിൽ വന്നു താമസിച്ച് ഇവിടെനിന്നു തന്നെ വിവാഹം കഴിച്ച ശീമക്കാരനായ ഒരു ഗബ്രിയേൽ ശെമ്മാശന്റെ കൈവശം കോട്ടയത്തേയ്ക്ക് കൊടുത്തയയ്ക്കും വരെ നല്ല പോര് മരണവീട്ടിൽ നടന്നുവെന്നാണ് നാട്ടുകഥ.

അതെങ്ങനെയുമാവട്ടെ, ആ ബാവായുടെ കബറിടം ഇന്ന് പാത്രിയർക്കീസ് കക്ഷിക്കാരുടെ ഒരു തീർത്ഥാടനകേന്ദ്രമാണ്. മഹാപരിശുദ്ധനായ പരുമലത്തിരുമേനിയെ സ്വന്തമാക്കാൻ കഴിയാതെ പോയതിലുള്ള കുണ്ഠിതം, മഞ്ഞിനിക്കര തീർത്ഥാടനകേന്ദ്രമാക്കി, കുറെ ശീമ മെത്രാന്മാരെ എഴുന്നെള്ളിച്ച് പദയാത്ര നടത്തി, പരിഹരിക്കാൻ ശ്രമിക്കുകയാണ് യാക്കോബായ വിഭാഗം. ഓർത്തഡോക്സ് സഭയിൽ പരിശുദ്ധന്മാർ ജനിക്കുകയാണ്. വിഘടിത വിഭാഗം പരിശുദ്ധന്മാരെ ദുഷ്ടലാക്കോടുകൂടി ജനിപ്പിക്കയാണ്. കഴിഞ്ഞയിടെ പാത്രിയർക്കീസു ബാവാ ജനിപ്പിച്ച ചില വിശുദ്ധന്മാരെ തുബ്ദേനിൽ ഓർക്കരുതെന്ന് നിർദ്ദേശിച്ചതായി വാർത്ത കണ്ടു. എന്നാൽ കബറിങ്കലെ പണപ്പെട്ടി വിലക്കിയിട്ടുമില്ല. അങ്ങനെയൊരു മഞ്ഞിനിക്കരപ്പെരുനാളിൽ മഞ്ഞിനിക്കര ബാവായുടെ 2003-ലെ ശ്രാദ്ധപ്പെരുനാളിൽ വിശ്വാസികളെ അഭിസംബോധന ചെയ്തുകൊണ്ട് ബദൽ കാതോലിക്കാ പ്രസംഗിച്ചപ്പോൾ പറഞ്ഞ ഒരു വാചകം വളരെ ശ്രദ്ധേയമാണ്.

"മഞ്ഞിനിക്കരപ്പെരുന്നാൾ ആഘോഷങ്ങളിൽ ഞാൻ പങ്കെടുക്കുമ്പോഴും കോടതി സമൻസുകൾ ഒപ്പിട്ടു നല്കുകയാണ് എന്റെ പ്രധാന ജോലി." പ്രാർത്ഥിക്കുമ്പോഴും കുർബ്ബാന ചൊല്ലുമ്പോഴും ശ്രദ്ധ കോടതിയിലും കേസിലുമാണെന്നുള്ള വസ്തുത ആ പിതാവ് അറിയാതെ പറഞ്ഞുപോയ സത്യമാണ്. 'വിശ്വാസി'കളുടെ അനുകമ്പ പിടിച്ചുപറ്റാനായി അദ്ദേഹം തുടർന്നു പറഞ്ഞു: "സഭയെ നയിക്കാൻ രാവും പകലും ഞാൻ നടത്തുന്ന അദ്ധ്വാനത്തിന് ക്രിസ്തുവിന്റെ രണ്ടാം വരവിൽ എനിക്ക് അധികമായി പ്രതിഫലം കിട്ടുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു."

പ്രതിഫലം കിട്ടാതെ എവിടെ പോകാൻ? പള്ളിയായ പള്ളികളിലെല്ലാം തല്ലും രക്തച്ചൊരിച്ചിലുമുണ്ടാക്കി പള്ളികൾ പൂട്ടിക്കയും റോഡായ റോഡുകളിലൊക്കെ കുത്തിയിരുന്ന് ജനജീവിതം സ്തംഭിപ്പി

ക്കുകയും ചെയ്ത് നീതിന്യായക്കോടതികളെ ധിക്കരിച്ചും പോലീസ് ഓഫീസറന്മാരെ കടിച്ചും ഒക്കെ വിഘടിത ഗ്രൂപ്പിനെ പുത്തൻകുരിശു സഭയാക്കി വളർത്തി എടുക്കാൻ ത്യാഗങ്ങൾ ചെയ്ത ആ പിതാവിന്റെ പേര് ദൈവത്തിന്റെ അതാതു ദിവസത്തെ ഡയറക്ടറിയിൽ കയറിപ്പറ്റാതിരിക്കുമോ? നീതിമാനായ ദൈവം അധികമായി പ്രതിഫലം നല്കുമെന്നുള്ളത് നിശ്ചയമാണ്.

അതുകൊണ്ടാവണം മഞ്ഞിനിക്കരപ്പെരുന്നാളിന്റെ ചൂട് ആറുംമുമ്പേ മാർ ഗ്രീഗോറിയോസ്, മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരെയും തമ്പു തുകലൻ, ജോർജ്ജ് മാത്യു തുടങ്ങിയവരെയും ചേർത്ത് ആ പിതാവ് മുഖ്യമന്ത്രിയെ മുഖംകാണിക്കാൻ തിരുവനന്തപുരത്തേക്കു പോയത്. "പോലീസ് വിശ്വാസികളെ പീഡിപ്പിക്കുന്നതിനാൽ പോലീസ് സാന്നിദ്ധ്യം ആരാധനയ്ക്കു തടസ്സമാവരുതെന്നും ജനുവരി 28-ലെ കോടതിവിധി നടപ്പാക്കിത്തരണമെന്നും" അദ്ദേഹം മുഖ്യനോടഭ്യർത്ഥിച്ചു. "പാർക്കലാം" എന്ന പതിവ് പല്ലവി പറഞ്ഞ് അദ്ദേഹം ശ്രേഷ്ഠബാവായെ മടക്കി അയച്ചു.

ഏതായാലും ഫെബ്രുവരി അവസാനം മാന്ദാമംഗലം പള്ളിയിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടു. സഭാകേസിന്റെ വിവിധ ഘട്ടങ്ങളിൽ പ്രതിസന്ധിയില്ലാതെ നടന്ന പള്ളിയിൽ കഴിഞ്ഞ ഡിസംബറിൽ സഭയറിയാതെ കൂടിയ ഒരു യോഗം അവിടത്തെ തെരഞ്ഞെടുപ്പു നടന്നതായി പാത്രിയർക്കീസ് വിഭാഗം പ്രഖ്യാപിച്ചു. ആർ.ഡി.ഒ. പള്ളിയുടെ താക്കോൽ വാങ്ങി വികാരിയെ ആരാധനയിൽ തടസ്സപ്പെടുത്തിയതോടെയാണ് അവിടെ പ്രശ്നം രൂക്ഷമായത്. മന്ത്രിസഭാ ഉപസമിതി സമയം അനുവദിച്ചെങ്കിലും അതും ലംഘിക്കപ്പെട്ടുവെന്ന് പള്ളിവികാരി ഫാ. പൌലോസ് വാക്കനാപ്പാടത്തിൽ പരാതിപ്പെട്ടു. വിശ്വാസികൾ യോഗം ചേർന്ന് ഭാവിപരിപാടികൾ തീരുമാനിക്കുമെന്നും അച്ചൻ പറഞ്ഞു.

സഭാതർക്കത്തെക്കുറിച്ച് മന്ത്രി ബാബു ദിവാകരനും, വയലാർ രവി എന്നിവർ ഓർത്തഡോക്സ് പക്ഷവുമായി ചർച്ചകൾ നടത്തി. വരിക്കോലി സെന്റ് മേരീസ്, ഊരമന താബോർ, ആറൂർ മേരിഗിരി, മണ്ണത്തൂർ സെന്റ് ജോർജ്ജ് എന്നീ ഇടവക പള്ളികളെക്കുറിച്ചും തൃക്കുന്നത്ത് സെമിനാരിയെക്കുറിച്ചും ഉള്ള തർക്കങ്ങളെപ്പറ്റിയാണ് അവർ സംഭാഷണങ്ങൾ നടത്തിയത്.

ഒരുവശത്ത് സന്ധിസംഭാഷണങ്ങളും മറുവശത്ത് നിയമലംഘനങ്ങളുമായി അങ്ങനെ സന്ധിസംഭാഷണങ്ങൾ കേവലം പ്രഹസനങ്ങളായി മാറി. സന്ധികളിൽ സമ്മതിച്ച് ഒപ്പിട്ട വ്യവസ്ഥകൾപോലും പാത്രിയർക്കീസ് പക്ഷം ലംഘിച്ചിട്ടും അതിനെതിരായി ശബ്ദിക്കാതെ കണ്ണടച്ചു കളയുന്ന നയമാണ് രാഷ്ട്രീയ നേതൃത്വം കൈക്കൊണ്ടത്.

20

സഭയും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നു

എല്ലാ യാക്കോബായക്കാരും തീവ്രവാദികളാണെന്ന് ഞങ്ങൾക്കു വിശ്വാസമില്ല. അനേകം സമാധാനപ്രേമികളും നല്ലവരും ആ വിഘടിത ഗ്രൂപ്പിന്റെ നീരാളിപ്പിടുത്തത്തിൽ ചെന്നുപെട്ടിട്ടുണ്ട്. എന്നാൽ പള്ളികളിൽ അരങ്ങേറുന്ന എല്ലാ തീവ്രവാദപ്രവർത്തനങ്ങളും നടത്തുന്നത് യാക്കോബായക്കാർ ആണെന്നുള്ളതിൽ സംശയമില്ലെന്ന് തോന്നത്തക്ക വിധത്തിലാണ് സംഭവങ്ങൾ അരങ്ങേറിയത്. കൊതുകിനെ അരിക്കുകയും ഒട്ടകത്തെ വിഴുങ്ങുകയും ചെയ്യുന്നവരും, കടലും കരയും ചുറ്റി ആളുകളെ പുത്തൻസഭയിൽ ചേർത്ത് നിത്യനരകത്തിലേക്കു നയിക്കുന്ന പരീശന്മാരും ശാസ്ത്രികളുമായ നേതാക്കന്മാരാണ് സാധുജനങ്ങളെ വഴിതെറ്റിക്കുന്നത്. "നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകും നാട്ടാരെ" എന്നുള്ള സമരാഹ്വാനം കേട്ടാണ് പള്ളിപിടിച്ചടക്കാനും കൈയേറ്റങ്ങൾ നടത്താനും അവർ പ്രേരിപ്പിക്കുന്നത്.

ഭാരതമണ്ണിൽ ഒരിഞ്ചുസ്ഥലം പോലും വിദേശിക്ക് അവകാശപ്പെടാനില്ല. തോമ്മാശ്ലീഹായുടെ ചുടുനിണത്തിൽ കുതിർന്ന മലങ്കരമണ്ണിന്റെ ഒരു പിടി പോലും ഒരു സിറിയാക്കാരന്റെയോ അറബിയുടെയോ ആകാൻ ഒക്കുകയില്ല. അത് ഈ ഭാരതത്തിന്റെ ദേശീയസഭയ്ക്കും അതിന്റെ പരമാദ്ധ്യക്ഷനായ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ഭാഗ്യമോടെ വാഴുന്ന പൗരസ്ത്യ കാതോലിക്കായ്ക്കും മാത്രം അവകാശപ്പെട്ടതാണ്. ആ പൈതൃകത്തെ ഒരു കീറ് ചുവന്ന ളോഹയ്ക്കും ഇരുവശത്തേക്കും വകഞ്ഞിടുന്ന ഇരട്ടമാലയ്ക്കും വേണ്ടി ഒരു പരദേശിക്ക് കാഴ്ചകൊടുക്കാമെന്ന് ആരെങ്കിലും വ്യാമോഹിച്ചാൽ അതു നടപ്പിലാവില്ല. ദേശീയസഭയ്ക്കെതിരായുള്ള ഏതു നീക്കത്തേയും ഭാരതസർക്കാരിനും, കേരളാ ഗവൺമെന്റിനും പിന്തുണയ്ക്കാനാവില്ല. ഇന്ത്യയിലെ നീതിന്യായപീഠങ്ങൾക്കും വിജ്ഞരായ ന്യായാധിപന്മാർക്കും അതിനെ താങ്ങാനാവില്ല. ഒരു നൈമഷിക മുന്നേറ്റത്തിനുശേഷം ആ പുത്തൻ സഭ അസ്തമിക്കാതെ നിവർത്തിയില്ല. തീവ്രവാദത്തിനു സ്ഥായീഭാവമില്ല. തീവ്രവാദിമണ്ണിനടിയിൽ ആകുന്നതോടൊപ്പം അദ്ദേഹം നേതൃത്വം നല്കിയ സംഘടനയും വിഭാഗവും സമാധാനത്തിലേക്കു പിൻമടങ്ങാൻ ആഗ്രഹിക്കുമെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. യൂറോപ്പിനെ വിറപ്പിച്ച ഹിറ്റ്ലറിന്റെ ജർമ്മനി വൻമതിലിടിച്ച് ഒന്നായി. മുസ്സോളിനിയുടെ ഇറ്റാലിയൻ നാടുകളും തീവ്രത

ഉപേക്ഷിച്ചു. അടുത്തയിടെ അഫ്ഗാനിസ്ഥാനിലെ പാറത്തട്ടുകളിൽ ഒളിത്താവളങ്ങൾ ഉറപ്പിച്ച് ക്രൂരതയ്ക്കും നശീകരണത്തിനും ആഹ്വാനം നടത്തിയ ബിൻ ലാദൻ വിഹരിച്ച അഫ്ഗാനിസ്ഥാനിൽ ജനാധിപത്യം നിലവിൽ വന്നു. ആധുനിക ലോകത്തിന്റെ തലവേദനയായി മാറിയ ഇറാഖിലെ ഏകചത്രാധിപതി ജനവിധിക്കു വഴിമാറി. 'അൽക്വയിദായും' 'ഹമാസും' ലോകത്തിന്റെ മുമ്പിൽ നിഷ്പ്രഭമായിക്കൊണ്ടിരിക്കുന്നു.

സ്ഥാനമാനങ്ങൾക്കുവേണ്ടി മലങ്കരസഭയെ ചുട്ടുകരിച്ച പുത്തൻകുരിശിലെ സഭയ്ക്കും കേഫാ എന്ന പള്ളിപ്പടയ്ക്കും ചാവേറുകൾക്കും ദ്രുതസേനയ്ക്കും ചരിത്രത്തിൽ നിന്നു മാഞ്ഞു മറയേണ്ടി വരുന്ന കാലം വരുന്നു. ചിന്താശീലരായ മെത്രാപ്പോലീത്തന്മാരും സമാധാനപ്രിയരായ നേതാക്കന്മാരും ഓർത്തഡോക്സ് സഭയുടെ കരുത്തുറ്റ കരങ്ങളിലും കാതോലിക്കേറ്റിന്റെ കൊടിക്കീഴിലും അഭയം തേടിക്കൊണ്ടിരിക്കുന്ന കാഴ്ച എങ്കിലും ആ വിഘടിത വിഭാഗത്തിന്റെ കണ്ണുതുറപ്പിക്കട്ടെ. ഉള്ള ഭദ്രാസനങ്ങളെല്ലാം വലിച്ചുകീറി ഭദ്രാസനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും ചുവന്ന കുപ്പായ മോഹികളെയെല്ലാം മസ്നപ്സായും മാലയും അണിയിച്ചും, അർഹതയില്ലാത്തവർക്കെല്ലാം, കൊടുക്കാനർഹതയില്ലാത്തവനിൽ നിന്നു ഷെവലിയർ, കമാൻഡർ സ്ഥാനങ്ങൾ വിലയ്ക്കു വാങ്ങിക്കൊടുത്തും വിള്ളലുകളുണ്ടായി, വെള്ളം കയറി മുങ്ങാൻ തുടങ്ങുന്ന ആ പുത്തൻകുരിശ് സഭയുടെ അടിത്തട്ടു ശരിപ്പെടുത്തി മുങ്ങാൻ തുടങ്ങുന്ന കപ്പലിനെ രക്ഷിക്കാനാണ് ശ്രേഷ്ഠബാവാ കൊണ്ടു ശ്രമിക്കുന്നത്. മുങ്ങുന്ന കപ്പലിൽ അധികനാൾ കഴിയാൻ ഇനി ആവില്ലെന്ന് ഗ്രഹിച്ച് ബുദ്ധിശാലികളും സമാധാനപ്രിയരും കർത്താവിന്റെയും തന്റെ അരുമശിഷ്യനായ മാർത്തോമ്മായുടെയും സഭയിലേക്കു വരുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

2004 ജനുവരി മാസം, പാത്തിക്കൽ യൽദോ റമ്പാനെ, തീത്തോസ് എന്ന പേരിൽ അമേരിക്കൻ ഭദ്രാസനത്തിലേക്കും ഇടവഴിക്കൽ കുറിയാക്കോസച്ചനെ സേവേറിയോസ് എന്ന പേരിൽ ക്നാനായ ഇടവകയ്ക്കും മെത്രാന്മാരായി, സിറിയയിലെ യാക്കോബായ പാത്രിയർക്കീസ് ബാവാ വാഴിച്ചു. രണ്ടു പട്ടംകൊടകളും മലങ്കരസഭയുടെ മേലുള്ള കടന്ന കൈയേറ്റങ്ങളായിരുന്നു. ഈ പട്ടക്കാർ ഇരുവരും മലങ്കരസഭയുടെ അവിഭാജ്യ ഘടകങ്ങളായ രണ്ടു വിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. ആ പട്ടക്കാരെ മെത്രാന്മാരാക്കുന്നതിനു മുമ്പേ കിഴക്കിന്റെ കാതോലിക്കായുടെ അനുവാദം വാങ്ങേണ്ടതായിരുന്നു.

ഫെബ്രുവരി മൂന്നിനു ഇടുക്കി സെന്റ് മേരീസ് പള്ളിയെ സംബന്ധിച്ചുണ്ടായിരുന്ന ഒരു കേസിൽ നിർണ്ണായകമായ ഒരു വിധി ഇടുക്കി സബ് കോടതിയിൽ നിന്നുമുണ്ടായി. "സഭാഭരണഘടനപ്രകാരം പള്ളി ഭരിക്ക

പ്പെടണമെന്നും ഇടവക മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരി മാത്രം വികാരിയായി തുടരണമെന്നു"മാണ് ആ വിധിയിൽ പ്രസ്താവിച്ചത്.

"നോമ്പുകാലത്ത് പള്ളികൾ തുറന്നുകൊടുക്കണം, ആരാധന യ്ക്കാണ് പള്ളികൾ നിർമ്മിച്ചത്, പൂട്ടിയിട്ടാൽ സ്ഥാപനോദ്ദേശ്യം നടപ്പാ വുന്നില്ലാത്തതിനാൽ അക്കാര്യം അനുവദിക്കാനാവില്ല. 17 പള്ളികളാണ് പൂട്ടിക്കിടക്കുന്നത്. യാക്കോബായ സഭയിൽ നിന്നു മറുഭാഗത്ത് എത്തിയ മൂന്ന് മെത്രാന്മാരാണ് പള്ളികൾ കൈയേറാൻ നേതൃത്വം നല്കുന്നത്. അത് സഭാനേതൃത്വത്തിന്റെ അറിവോടെയാണോ എന്നു വ്യക്തമാക്കണം. ഇവർ അന്തിയുറങ്ങുന്ന അരമനകൾ യാക്കോബായ വിശ്വാസികൾ പട്ടിണി കിടന്ന് നിർമ്മിച്ചവയാണ്" എന്നൊക്കെ പരസ്യ പ്രഖ്യാപനം നടത്തിയ വിഘടിത ബാവാ അതുപറഞ്ഞ് അധികം കഴിയും മുമ്പെ രണ്ടു സ്ഥലങ്ങളിൽ കൈയേറ്റങ്ങൾ നടത്തി.

ദനഹാ പെരുനാളിലുണ്ടാക്കിയ സംഘർഷത്തെ തുടർന്ന് ആറൂർ മേരി ഗിരി പള്ളി ആർ.ഡി.ഒ. യെക്കൊണ്ട് പൂട്ടിച്ചതാണ് ആദ്യം അദ്ദേഹം ചെയ്തത്. തുടർന്ന് മേപ്രാൽ പള്ളിയോട് ചേർന്നു കിടന്ന പള്ളിക്കെ ട്ടിടം കുറിയാക്കോസ് കൂറിലോസ് മെത്രാപ്പോലീത്താ സ്വന്തം പണം കൊണ്ട് നിർമ്മിച്ചതാകയാൽ അദ്ദേഹത്തിന്റെ കാലശേഷം തന്റെ വക യാണെന്നാണ് ശ്രേഷ്ഠബാവായുടെ ഭാഷ്യം. ഇത് സമാധാന ചർച്ചക ളിൽ നിന്നു വിട്ടുനില്ക്കാൻ വേണ്ടി ഓർത്തഡോക്സ് സഭ വകഞ്ഞു ണ്ടാക്കിയ വെറും ആരോപണമാണെന്നുമാണ് അദ്ദേഹം പത്രസമ്മേള നത്തിൽ വിശദീകരിച്ചത്.

എസ്.എൻ.ഡി.പി. വനിതാസംഘം യൂണിയൻ ഉദ്ഘാടനം ചെയ്തു കൊണ്ട് വെള്ളാപ്പള്ളി നടേശൻ തുറന്നടിച്ചത് "യാക്കോബായ സഭ സമ്മർദ്ദത്തിലൂടെയും വിലപേശലിലൂടെയും ലോക്സഭാ സീറ്റ് നേടുന്ന തിനുള്ള നീക്കങ്ങൾ നടത്തുന്നത് അപലനീയമാണെന്നാണ്.'

പാത്രിയർക്കീസ് വിഭാഗം മെത്രാപ്പോലീത്തായുടെ അരമനയിൽ കവർച്ച

ഭാരതത്തിലെ മെത്രാപ്പോലീത്താമാർ എന്നും ഋഷിപുംഗവന്മാരായി രുന്നു. ലോകം പരിത്യജിക്കുന്ന സന്യാസിമാരാണവർ. അതുകൊണ്ടാണ് സന്യാസിമാരുടെ ശിരോവസ്ത്രമായ മസ്നപ്സാ അവർ ധരിക്കുന്നത്. അവർ ലോകത്തെയും കുടുംബത്തെയും ദൈവസ്നേഹത്തെപ്രതി ഉപേ ക്ഷിച്ചവരാണ്. എപ്പോഴും അനുതാപത്തിന്റെയും സങ്കടത്തിന്റെയും അട യാളമായ കറുപ്പുളോഹ അണിഞ്ഞാണവർ നടക്കുക. അവർ ലൗകിക ആഡംബരങ്ങളെ വെടിഞ്ഞ് പർണ്ണശാലകളിൽ പ്രാർത്ഥനകളിലും സങ്കീർത്തനങ്ങളിലും മുഴുകി ജീവിതം കഴിക്കേണ്ടവരാണ്.

പാത്രിയർക്കീസ് കക്ഷിയുടെ സീനിയർ മെത്രാപ്പോലീത്തായും ഒരു കാലത്ത് ആ കക്ഷിയുടെ മലങ്കരമെത്രാപ്പോലീത്തായും ആയിരുന്ന ആളാണ് മലബാർ ഭദ്രാസനത്തിന്റെ മാർ പീലക്സീനോസ്. തിരുമേനി കോട്ടയം പഴയസെമിനാരിയിൽ ഓർത്തഡോക്സ് ഗുരുക്കളുടെ കീഴിൽ പഠനം നടത്തിയാണ് വൈദികനായത്. പില്ക്കാലത്ത് അദ്ദേഹം അമേരിക്കയിൽ വന്ന് ചില ഇടവകകളുടെ ചുമതലയിൽ ഇരുന്ന ശേഷമാണ് പാത്രിയർക്കീസ് ഭാഗത്തെ മെത്രാപ്പോലീത്താ ആയത്. സഭയുടെ വിഘടന ഘട്ടത്തിൽ അദ്ദേഹം മീനങ്ങാടി അരമനയിൽ താമസിച്ചുകൊണ്ട് മുൻഗാമിയായ മാർ ശമുവേൽ പീലക്സിനോസ് ഭരിച്ചുകൊണ്ടിരുന്ന മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ അരമനയിലാണ് ഒരു കവർച്ചയും മോഷണവും അരങ്ങേറിയത്. അദ്ദേഹത്തിന്റെ മീനങ്ങാടി അരമനയിൽ നിന്നും 32 പവന്റെ ആഭരണവും നാലു ലക്ഷം രൂപായും കവർച്ച ചെയ്യപ്പെട്ടു എന്ന വാർത്ത പത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ആ വലിയ സന്യാസിയുടെ സ്വർണ്ണപണ്ടങ്ങളെക്കുറിച്ചും അരമനയിൽ സൂക്ഷിച്ചുവരുന്ന ലക്ഷങ്ങളെപ്പറ്റിയും കൃത്യമായി അറിവുണ്ടായിരുന്ന അന്തേവാസികളിൽ ആരുടെയോ പേരിലാണ് പോലീസ് അന്വേഷണം ചെന്നെത്തിയതെന്നും റിപ്പോർട്ടുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ ഭദ്രാസനത്തിൽ രണ്ടു പള്ളികളിൽ ആ കാലഘട്ടത്തിൽ കൈയേറ്റങ്ങളും സംഘർഷങ്ങളും നടന്നു.

സുൽത്താൻ ബത്തേരി പള്ളി

ശാമുവേൽ പീലക്സീനോസ് തിരുമേനിയുടെ കാലത്ത് സുൽത്താൻ ബത്തേരി പള്ളി കൈയേറാൻ നടത്തിയ ശ്രമങ്ങൾ പരാജയമടഞ്ഞതിനെ തുടർന്ന് തലപ്പള്ളി ഉപേക്ഷിച്ച് പാത്രിയർക്കീസ് കക്ഷിക്കു മാത്യ ഇടവകയുടെ അടുത്തുതന്നെ വേറൊരു പള്ളി വച്ച് പിരിഞ്ഞുപോകേണ്ടി വന്നു. പിരിഞ്ഞുപോയ പാത്രിയർക്കീസു വിഭാഗത്തിനു പിരിഞ്ഞതിനു ശേഷവും ഓർത്തഡോക്സ് പള്ളി സെമിത്തേരി ഉപയോഗിക്കുന്നതിനുള്ള സൗകര്യം ഔദാര്യപൂർവ്വം ഓർത്തഡോക്സ് വിഭാഗം അനുവദിച്ചിരുന്നു. ആ സെമിത്തേരിയുടെ മതിൽ രാത്രിയിൽ പാത്രിയർക്കീസ് വിഭാഗം ഇടിച്ചുകളഞ്ഞു. മതിൽ ഇടിച്ചും സെമിത്തേരിയിൽ പ്രശ്നമുണ്ടാക്കിയും അവകാശങ്ങൾ നേടാൻ പല അടവുകളും നോക്കിയ പാത്രിയർക്കീസു വിഭാഗം രാത്രിയിലാണ് മതിലിടിച്ചു നിരത്തിയത്. അധികൃതർ വിളിച്ചുകൂട്ടിയ യോഗത്തിൽ ബത്തേരി സ്വത്തുക്കൾ ഭാഗിച്ചുകിട്ടണമെന്ന് പാത്രിയർക്കീസു കക്ഷിക്കാർ വാദിച്ചു. കൈയേറ്റങ്ങൾ തുടർന്നാൽ ഔദാര്യപൂർവ്വം കൊടുത്ത അവകാശങ്ങൾപോലും പിൻവലിക്കേണ്ടി വരുമെന്ന്

ഓർത്തഡോക്സ് പക്ഷം താക്കീതു നല്കിയതിനെ തുടർന്നാണ് അവർ പിന്മടങ്ങിയത്.

താളൂർ സെന്റ് മേരീസ് പള്ളിയിലും സംഘർഷം

ഇവിടെയും ശവസംസ്ക്കാരത്തിന് ഓർത്തഡോക്സ് ശവക്കോട്ട പാത്രിയർക്കീസ് കക്ഷിക്ക് ഔദാര്യപൂർവ്വം അനുവദിച്ചു കൊടുത്തിരുന്നു. അവിടെ മനഃപൂർവ്വം സംഘർഷം സൃഷ്ടിക്കുവാൻ വേണ്ടി പാത്രിയർക്കീസ് കക്ഷിക്കാർ ഒരു ശവം പള്ളിമുറ്റത്ത് അടക്കാൻ ശ്രമിച്ചു. ഒടുവിൽ എതിർപ്പിനെ തുടർന്ന് ആ ശ്രമം പാത്രിയർക്കീസുകാർക്ക് ഉപേക്ഷിക്കേണ്ടിവന്നു.

പരുമല ആശുപത്രി വളർച്ചയുടെ പാതയിൽ

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രി വികസനത്തിന്റെ പാതയിൽ ഒരു കുതിച്ചുകയറ്റം നടത്തുകയുണ്ടായി. പുതിയ ഹൃദയ ശസ്ത്രക്രിയാകേന്ദ്രത്തിന്റെ ഉദ്ഘാടനം കേരളാ മുഖ്യമന്ത്രി നിർവഹിച്ചു. ഡോ. കെ. എം. ചെറിയാന്റെ നേതൃത്വത്തിലാണ് ഈ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. പരുമലയിലെ കാർഡിയോവാസ്കുലർ സെന്ററിനോട് ചേർന്ന്, ഉയർന്ന സാങ്കേതിക നിലവാരമുള്ള ഒരു മെഡിക്കൽ കോളജ് ആരംഭിക്കണമെന്നും അതിനു വേണ്ട എല്ലാ സഹായങ്ങളും താൻ ചെയ്തുകൊടുക്കുന്നതാണെന്നും തദവസരത്തിൽ മുഖ്യമന്ത്രി പ്രസ്താവിച്ചു.

പ. ബാവായുടെ നവതി ആഘോഷങ്ങൾ ജസ്റ്റീസ് ഫാത്തിമാബീവിയും 'കളർ ഡോപ്ളർ സ്കാനർ' ഉമ്മൻ ചാണ്ടിയും 'ഹാർട്ട് കെയർ' ഫൗണ്ടേഷൻ ഡോ. സിറിയക് തോമസും ഉദ്ഘാടനം ചെയ്തു.

സഭാ അനുരഞ്ജന ചർച്ച പ്രഹസനമായി മാറി

മുഖ്യമന്ത്രി, മന്ത്രി മാണി എന്നിവരുമായി ഓർത്തഡോക്സ് – പാത്രിയർക്കീസ് വിഭാഗങ്ങൾ നടത്തിയ ചർച്ചകൾ വെറും പ്രഹസനമായി മാറി. ഡോ. അത്താനാസ്യോസ്, യൂഹാനോൻ മിലിത്തിയോസ്, മാർ നിക്കോളാവോസ് എന്നിവർ ഓർത്തഡോക്സ് ഭാഗത്തിനും പാത്രിയർക്കീസ് കക്ഷിയിലെ ഗ്രീഗോറിയോസ്, ഗീവറുഗീസ് അത്താനാസ്യോസ് എന്നിവരും ചേർന്നാണ് മന്ത്രിമാരുമായി ചർച്ച നടത്തിയത്. മന്ത്രി മാണിയുടെ മകനെ മുവാറ്റുപുഴ മത്സരിപ്പിക്കുന്നതിന് നടത്തിയ രാഷ്ട്രീയ കരുനീക്കങ്ങളുടെ ഭാഗമായിരുന്നു ചർച്ച. അല്ലാതെ സഭാകാര്യങ്ങൾക്ക് അവർക്ക് താല്പര്യമുണ്ടായിരുന്നില്ല.

സഭയിലെ ഒരു സമിതിയിലും ആലോചിക്കാതെ തിടുക്കത്തിൽ

ഇങ്ങനെ അനുരഞ്ജനത്തിന് ആര് അവരെ അധികാരപ്പെടുത്തിയെന്നു പലരും ചോദിക്കുന്നു. രണ്ടു കൂട്ടരും ഇനി ചർച്ചയ്ക്കില്ലെന്നു പറഞ്ഞ് പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ നടത്തി സഭാചർച്ച പര്യവസാനിപ്പിച്ചു. സൗഹൃദസമിതികൾ ഉണ്ടാക്കി പ്രശ്നങ്ങൾ തീർക്കുവാനുള്ള തീരുമാനമായി ഇരു വിഭാഗത്തിന്റെയും സെക്രട്ടറിമാരായ ഡോ. കാരയ്ക്കലും തമ്പു തുകലനും ഒപ്പു വച്ചതായും പറയപ്പെടുന്നു.

ഇനി വീണ്ടും വഞ്ചിക്കപ്പെടാൻ താല്പര്യമില്ലാത്തതിനാൽ ഇനി സഭാചർച്ചയ്ക്കു തയ്യാറല്ലെന്ന് ഓർത്തഡോക്സ് മെത്രാന്മാരും ഡോ. കാരയ്ക്കലും ഒരു പത്രസമ്മേളനത്തിൽ പറഞ്ഞു. അതിനു മറുപടി എന്നോണം, "സർക്കാർ മദ്ധ്യസ്ഥതയിലുണ്ടാക്കിയ ധാരണയിൽ നിന്നു പിൻമാറാനുള്ള ഓർത്തഡോക്സ് സഭയുടെ തീരുമാനം ജനാധിപത്യ വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയാണെന്ന്" തമ്പു തുകലൻ പ്രസ്താവിച്ചു.

"സഭാതർക്കത്തിൽ താൻ പക്ഷപാതപരമായി പെരുമാറിയിട്ടില്ലെന്ന്" മന്ത്രി മാണി പ്രസ്താവിച്ചു. മറിച്ച് യാക്കോബായ വിഭാഗത്തിന്റെ കുറിയാക്കോസ് മാർ ദീയസ്ക്കോറോസിന്റേതായി വന്ന പ്രസ്താവന ഖേദകരമാണ്. ഇരുപക്ഷത്തേയും ഒന്നിച്ചിരുത്തി രമ്യമായി പ്രശ്നപരിഹാരത്തിനു ശ്രമിച്ചതു തന്നെ സർക്കാരിനോ തനിക്കോ പക്ഷപാതമില്ലെന്നുള്ളതിന്റെ തെളിവാണ്. ഇടുക്കി, പെരിയാപ്ര പള്ളികളുടേതോ മറ്റേതെങ്കിലും പള്ളികളുടെയോ കാര്യത്തിൽ മന്ത്രിയുടെ ഓഫീസിൽ നിന്നും യാതൊരു ഇടപെടലും ഉണ്ടായിട്ടില്ല. കളക്ടറും ആർ.ഡി.ഒ. യും അവരിൽ നിക്ഷിപ്തമായ അധികാരമുപയോഗിക്കുമ്പോൾ അവർ റവന്യൂവകുപ്പിന്റെ നിയന്ത്രണത്തിലല്ല. വസ്തുത ഇതായിരിക്കെ സഭയുമായി ആത്മബന്ധമുള്ള തനിക്ക് എതിരെ ഇപ്രകാരം തെറ്റിദ്ധാരണാജനകമായ പ്രസ്താവന പുറപ്പെടുവിച്ചത് നിർഭാഗ്യകരമാണെന്ന്" അദ്ദേഹം പറഞ്ഞു.

നാഗ്പൂർ സെമിനാരി ചാപ്പൽ കൂദാശ

പുതുതായി പണിത നാഗ്പൂർ സെമിനാരി ചാപ്പലിന്റെ കൂദാശയും സെമിനാരിയിലെ ഒന്നാം ബാച്ചിന്റെ കോൺവൊക്കേഷനും, 'പ്രേരണാ' കോംപ്ലക്സിന്റെ ഉദ്ഘാടനവും, സെമിനാരി വെബ്സൈറ്റിന്റെ ഉദ്ഘാടനവും 2004 ഫെബ്രുവരി 17–19 തീയതികളിൽ നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ നടന്നു. കോട്ടയം തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. കെ. എം. ജോർജ്ജ് പ്രധാന പ്രസംഗകനായിരുന്നു. സെമിനാരി പൂർവ്വ വിദ്യാർത്ഥി സംഘടനയായ STOTS സംഘടനയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. പ്രേരണാ കോംപ്ലെക്സിന്റെ ഉദ്ഘാ

ടനം മഹാരാഷ്ട്രാ മുൻ മുഖ്യമന്ത്രി ഡോ. ശ്രീകാന്തും, കോൺവൊക്കേഷൻ പരിപാടി ജർമ്മൻകാരനായ പ്രൊഫ. ഡോ. കാരി ക്രിസ്ത്യൻ ഫെവിയും നിർവ്വഹിച്ചു. ചാപ്പലിന്റെ കൂദാശയ്ക്കും പ്രതിഷ്ഠയ്ക്കും പ. ബാവാ മുഖ്യകാർമ്മികനും മാർ ഒസ്താത്തിയോസ്, മാർ തേവോദോസ്യോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ്, മാർ ഐറേനിയോസ് എന്നിവർ സഹകാർമ്മികരുമായിരുന്നു.

ഗ്രാൻഡിയാ 50 – പരിവർത്തനത്തിന്റെ ജൂബിലി: മാർ മക്കാറിയോസ്

മലബാർ ഭദ്രാസനത്തിന്റെ കനകജൂബിലി ആഘോഷങ്ങളുടെ സമാപനമായി നടത്തിയ ഗ്രാൻഡിയ 50 സംഗമം നന്ദിപ്രകടനത്തിന്റെയും കൂട്ടായ്മയുടേയും വേദിയായി. പ. ബാവാ ഉദ്ഘാടനം നിർവ്വഹിച്ചു. "ഒരു ഭദ്രാസനത്തിന്റേയോ സഭയുടെയോ ജൂബിലിയല്ല, പരിവർത്തനത്തിന്റെ ജൂബിലിയാണ് ഇപ്പോൾ ആഘോഷിക്കുന്നതെന്ന്" അന്നു കൂടിയ മഹാസമ്മേളനത്തിൽ തോമസ് മാർ മക്കാറിയോസ് നടത്തിയ പ്രധാന പ്രഭാഷണത്തിൽ പറഞ്ഞു.

മാർ യൗസേബിയോസ്, മാർ കൂറിലോസ്, മാത്യൂസ് മാർ സേവേറിയോസ്, മാർ നിക്കോളാവോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, പൗലോസ് മാർ മിലിത്തിയോസ് എന്നിവർ ചേർന്നു നടത്തിയ ഒമ്പതിൻ മേൽ കുർബ്ബാനയോടു കൂടിയാണ് സമാപന മീറ്റിംഗ് നടത്തിയത്. മന്ത്രിമാരായ ഹസ്സൻ, സുജനപാൽ എന്നിവരും സഭാ സെക്രട്ടറി ഡോ. അലക്സാണ്ടർ കാരയ്ക്കലും പ്രസംഗിച്ചു.

ആ സമയത്ത് യാക്കോബായ വിഭാഗത്തിന്റെ രാഷ്ട്രീയകാര്യ സമിതി, പ്രസിഡന്റ് മാർ ദീയസ്ക്കോറോസിന്റെ അദ്ധ്യക്ഷതയിൽ കൂടി വിഘടിത വിഭാഗത്തിന്റെ താല്പര്യങ്ങളും ഇടവകപ്പള്ളികളുടെ നിലനില്പും സംരക്ഷിക്കുന്ന പാർട്ടികളെ മാത്രം പിന്തുണയ്ക്കുന്ന ഒരു രാഷ്ട്രീയ നയത്തിനു രൂപംകൊടുത്തു.

ഫെബ്രുവരി 24-നു കൂടിയ ഓർത്തഡോക്സ് സുന്നഹദോസ് ബിഷപ്പ് തെരഞ്ഞെടുപ്പിന് 1985-ലെ സിനഡ് എടുത്ത മാർഗ്ഗനിർദ്ദേശങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്ത് അംഗീകരിച്ചു. മാർ ഐറേനിയോസ് തയ്യാറാക്കിയ ആരാധനക്രമങ്ങളുടെ ഇംഗ്ലീഷ് പരിഭാഷ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മാത്യൂസ് മാർ സേവേറിയോസ്, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ബി. വറുഗീസ് എന്നിവരെ ചുമതലപ്പെടുത്തി. പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി ഉപയോഗിച്ചിരുന്ന പഴയ സെമിനാരിയിലെ മുറി ഒരു മ്യൂസിയം ആയി സൂക്ഷിക്കാനും സുന്നഹദോസ് തീരുമാനിച്ചു. നാല്പതു വർഷങ്ങളോളം പരുമല സെമിനാരി മാനേജരായിരുന്ന കെ. ബി. മാത്യൂസച്ചന്റെ ദേഹവിയോഗത്തിൽ അനുശോചനം അറിയിക്കയും ചെയ്തു.

ആലായിൽ കുളമ്പ് സെന്റ് മേരീസ് പള്ളിയിൽ സത്യഗ്രഹാഭാസം

യൂഹാനോൻ മാർ മിലിത്തിയോസിനോടൊപ്പം കാതോലിക്കാഭാഗത്തേക്ക് വന്ന പള്ളിയാണ് ആലായിൽ കുളമ്പു പള്ളി. തൃശൂർ ജില്ലയിൽ ചേലക്കരയ്ക്കു സമീപമുള്ള ഈ പള്ളിയിലേക്കു പ. ബാവായ്ക്കും യൂഹാനോൻ മാർ മിലിത്തിയോസ്, മാർ അന്തോണിയോസ് എന്നിവർക്കും ഒരു സ്വീകരണം നല്കാൻ പള്ളിക്കാർ തീരുമാനിച്ചു. പിതാക്കന്മാർക്ക് ചേലക്കരയിൽ വച്ച് ഒരു ഗംഭീര സ്വീകരണം നല്കി ആലായിൽക്കുളമ്പിലേക്ക് ആനയിച്ചു. ആ വിവരം മനസ്സിലാക്കിയിരുന്ന വിഘടിതഗ്രൂപ്പിലെ മൂന്നു പട്ടക്കാരുടെ നേതൃത്വത്തിൽ സ്ത്രീകളും കുട്ടികളുമടക്കം ഇരുപതുപേർ രാവിലെ മുതൽ കുരിശിൻതൊട്ടിയിൽ സത്യഗ്രഹം ഇരുന്നു. എങ്കിലും പിതാക്കന്മാരെ സ്വീകരിക്കാൻ എത്തിച്ചേർന്ന വൈദികരേയും ബഹുസഹസ്രം ജനങ്ങളെയും കണ്ട് അമ്പരന്ന് സത്യഗ്രഹികൾക്ക് നാണംകെട്ട് എഴുന്നേറ്റു പോകാനേ കഴിഞ്ഞുള്ളൂ.

സഭയും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നു

യാക്കോബായ വിഭാഗം എപ്പോഴും കാര്യസാദ്ധ്യത്തിനായി കേരള രാഷ്ട്രീയത്തെ കഴിവുള്ളിടത്തോളം ദുരുപയോഗപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. സഭ ദൈവത്തിന്റേതാണെങ്കിലും രാഷ്ട്രീയ നേതാക്കളെ ഭീഷണിപ്പെടുത്തിയും ജനജീവിതം സ്തംഭിപ്പിച്ചും കാര്യം നേടാൻ ശ്രമിക്കുന്ന ഒരു സംഘടനയായി സഭയെ തരംതാഴ്ത്തുക ആ വിഘടിത വിഭാഗത്തിന്റെ പതിവായിക്കഴിഞ്ഞു. എത്രത്തോളം തരം താഴുന്നുവോ അത്രത്തോളം സമൂഹത്തിന്റെ അവഹേളനത്തിന് ആ വിഭാഗം ഇരയായി.

അങ്ങനെ ഒരു രാഷ്ട്രീയ പ്രഖ്യാപനം മാർച്ച് 14-ന് വിഘടിത മെത്രാപ്പോലീത്താ ആയ കണ്ടനാടിന്റെ കുറിയാക്കോസ് ദിയസ്ക്കോറോസ് നടത്തി. അത് ഇപ്രകാരമായിരുന്നു: "യാക്കോബായക്കാരുടെ പള്ളി പിടിച്ചെടുക്കാൻ ഓർത്തഡോക്സ് സഭയ്ക്കു സൗകര്യം ചെയ്തു കൊടുക്കുകയും ആർ.ഡി.ഒ. യേയും പോലീസിനെയും ഉപയോഗിച്ച് ശവസംസ്ക്കാരചടങ്ങുകൾ അലങ്കോലപ്പെടുത്തുകയും ചെയ്യുന്ന മന്ത്രി മാണിയുടെ മകനെ മുവാറ്റുപുഴയിൽ എന്തു വില കൊടുത്തും തോല്പിക്കും. വാഹനാപകടത്തിൽ മരിച്ച ജോർജ്ജിന്റെ സംസ്ക്കാരചടങ്ങ് 14-നു തൊടുപുഴ പെരിയാന്ത്ര പള്ളിയിൽ ആർ.ഡി.ഒ. യേയും പോലീസിനെയും കൊണ്ട് അലങ്കോലപ്പെടുത്തുകയും സംഘർഷം സൃഷ്ടിക്കയും ചെയ്തത് മാണിയുടെ നിർദ്ദേശപ്രകാരമാണെന്ന് ഓർക്കണം."

"ഈ പ്രസ്താവന വേദനാജനകമാണെന്നും ഈ കാര്യത്തിൽ ഗവൺമെന്റിനോ തനിക്കോ പക്ഷപാതമില്ല" എന്നും മന്ത്രി മാണി വ്യക്തമാക്കി.

ഉമ്മൻചാണ്ടി കേരള മുഖ്യമന്ത്രിയാകുന്നു

മലങ്കരസഭയുടെ മക്കളിൽ ഒരു സംസ്ഥാന മുഖ്യമന്ത്രി പദത്തിലേക്ക് ആദ്യമായി ഉയർത്തപ്പെടുവാനുള്ള നിയോഗം ഉമ്മൻചാണ്ടിക്കാണ് ലഭിച്ചത്. കേരളസഭയിൽ നിന്നു എം.പി. മാരും, കേന്ദ്രമന്ത്രിമാരും, എം.എൽ. എ. മാരും ഒക്കെ ഉണ്ടായിട്ടുണ്ടെങ്കിലും കേരള സംസ്ഥാനത്തിന്റെ ഏറ്റം ഉന്നതമായ എക്സിക്യൂട്ടീവ് പദത്തിലേക്ക് 2004 ആഗസ്റ്റിൽ ഉമ്മൻചാണ്ടി ഉയർത്തപ്പെട്ടപ്പോൾ അതിൽ ഏറ്റം ആഹ്ലാദിച്ചതും ഓർത്തഡോക്സ് സഭ തന്നെയാണ്.

അദ്ദേഹം മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ട ഉടനെ ഗവർണറെ കണ്ടശേഷം രാത്രിതന്നെ പുതുപ്പള്ളിയിലെത്തി തന്റെ 84 വയസ്സുള്ള അമ്മയുടെ അനുഗ്രഹം വാങ്ങി. അതേതുടർന്ന് അദ്ദേഹം സ്വന്തം ഇടവകയായ പുതുപ്പള്ളി സെന്റ് ജോർജ്ജ് വലിയപള്ളി, മണർകാട് സെന്റ് ജോർജ്ജ് പള്ളി, പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ കബറിടം ഇവിടങ്ങളിൽ നിന്ന് അനുഗ്രഹം വാങ്ങിയശേഷം വീണ്ടും നേരം

മുഖ്യമന്ത്രി ഉമ്മൻചാണ്ടി മാർ മക്കാറിയോസിനെ സ്വീകരിച്ചപ്പോൾ.

വെളുത്തപ്പോഴേക്കും തിരിച്ച് തിരുവനന്തപുരത്ത് എത്തി സത്യപ്രതിജ്ഞ ചെയ്യുകയാണ് ഉണ്ടായത്.

മുഖ്യമന്ത്രിയായി ചുമതലയേറ്റ ഉമ്മൻചാണ്ടിയെ ശ്രേഷ്ഠ വിഘടിത ബാവാ അനുമോദിച്ചു. ഉത്തമ ഭരണാധികാരി എന്ന നിലയിലും പൊതു പ്രവർത്തകനെന്ന നിലയിലും കറകളഞ്ഞ വ്യക്തിത്വത്തിനുടമയായ അദ്ദേഹത്തിന് പുതിയ പദവിയിലും തിളങ്ങാനാവുമെന്ന് ബാവാ പറഞ്ഞു. പ്രതിസന്ധികളിൽ ഉമ്മൻചാണ്ടി യാക്കോബായ വിഭാഗത്തിനു ചെയ്ത സേവനങ്ങൾ മറക്കാനാവില്ല. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്ക് അദ്ദേഹം എന്നും പിന്തുണ നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ പ്രവർത്തനങ്ങൾക്ക് തന്റെ എല്ലാവിധ പിന്തുണയും നൽകുമെന്ന് അദ്ദേഹം പറഞ്ഞു. യാക്കോബായ വിഭാഗവും ഉമ്മൻചാണ്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചില മാധ്യമങ്ങളിൽ വന്ന പരാമർശങ്ങൾ നേതൃത്വത്തിന്റെ അറിവോടെയല്ലെന്ന് പറഞ്ഞ ബാവാ യാക്കോബായക്കാരനായ ടി. എം. ജേക്കബിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തണമെന്നും ആശ്യപ്പെട്ടു.

തന്നെ മന്ത്രിസഭയിൽ ഉൾപ്പെടുത്തണമെന്ന് ചില സാമുദായിക നേതാക്കൾ ആവശ്യപ്പെട്ടതിൽ അപാകതയില്ലെന്ന് ടി. എം. ജേക്കബും പറഞ്ഞു. അദ്ദേഹം തുടർന്നു, "ഞാൻ യാക്കോബായക്കാരനാണെന്നതിൽ അഭി

മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും മാർ മക്കാറിയോസും തമ്മിലുള്ള സംഭാഷണം.

മാനമുണ്ട്. കാതോലിക്കാബാവായും എന്നെ മന്ത്രിസഭയിൽ എടുക്കണമെന്നാവശ്യപ്പെട്ടിരുന്നു. യാക്കോബായക്കാരൻ ആണെന്നത് അയോഗ്യതയാണെന്ന് മുഖ്യമന്ത്രി സമ്മതിച്ചാൽ പ്രശ്നമില്ല."

അതേസമയം മാർച്ച് 30-ന് ബദൽ ബാവാ പറഞ്ഞത് "യാക്കോബായ വിഭാഗത്തിന് രാഷ്ട്രീയ താല്പര്യങ്ങളില്ലെ"ന്നാണ്. അദ്ദേഹം വർക്കിംഗ് കമ്മറ്റിയിൽ തുടർന്നു പറഞ്ഞു, "തങ്ങളെ അത്യാവശ്യഘട്ടത്തിൽ സഹായിച്ചിട്ടുള്ള പാർട്ടികളെയും വ്യക്തികളെയും വിശ്വാസികൾക്ക് തിരിച്ചറിയാവുന്നതേയുള്ളൂ."

അദ്ദേഹത്തിലെ ഏകാധിപത്യം ഉറഞ്ഞുതുള്ളിക്കൊണ്ട് അദ്ദേഹം പ്രഖ്യാപിച്ചു. "യാക്കോബായ വിഭാഗത്തിന്റെ ഔദ്യോഗിക തീരുമാനങ്ങൾ പ്രഖ്യാപിക്കേണ്ടത് ശ്രേഷ്ഠബാവാ ആയ തനിക്കു മാത്രമുള്ളതാണ്." ബ. കല്ലാപ്പാറ അച്ചനെ യാക്കോബായ വിഭാഗത്തിന്റെ ഔദ്യോഗിക വക്താവാക്കിയ ബാവായുടെ പ്രഖ്യാപനം കേട്ട് വർക്കിംഗ് കമ്മറ്റി സ്തംഭിച്ചിരുന്നു.

ബി.എഡ്. കോളജിന്റെ പേരിൽ അഭിപ്രായവ്യത്യാസങ്ങൾ പ്രകടിപ്പിച്ചിട്ടുള്ള യാക്കോബായവിഭാഗം യു.ഡി.എഫി. നെതിരായി തീരുമാനം എടുക്കുമെന്ന് കരുതുന്നില്ല എന്ന് കെ.പി.സി.സി. യുടെ താല്ക്കാലിക പ്രസിഡണ്ടും വിഘടിത ഗ്രൂപ്പിന്റെ അനിഷേധ്യ നേതാവുമായ പി. പി. തങ്കച്ചൻ കല്പറ്റയിൽ പ്രഖ്യാപിച്ചു.

അതേസമയം ബാഹ്യകേരളത്തിനു വേണ്ടി ഒരു പുതിയ ബിഷപ്പ് സ്ഥാനാർത്ഥിയെ വിഘടിത വിഭാഗത്തിന്റെ ഹൈദ്രബാദിൽ കൂടിയ ഒരു വൈദികസമ്മേളനം തെരഞ്ഞെടുത്തു. മെത്രാൻ സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള അവകാശം ആ ഗ്രൂപ്പിൽ, പ്രാദേശിക ഘടകങ്ങളിലേക്കു വഴുതിപ്പോവുകയാണെന്നുള്ളതിന്റെ സൂചനയാണ് ഹൈദ്രാബാദ് മീറ്റിംഗ് ചൂണ്ടിക്കാട്ടിയത്.